032:3M763:11
F8

63:11 F8
.O.M.).
vara.

MUL
066805

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:3M763:11 F8

Accession Number 66805

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 5 JUN 1945 | 27 SEP 1950 | | |
| 1 - DEC 1946 | 24 MAY 1951 | | |
| 24 DEC 1948 | 27 MAY 1959 | | |
| -9 JAN 1949 | 18 | | |
| 24 JAN 1949 | 17 APR 1961 | | |
| 30 APR | 13 JUL 1963 | | |
| -8 APR 1950 | | | |
| 17 JUN 1950 | | | |
| 17 JUL 1950 | | | |
| 23 JUL 1950 | | | |
| 23 DEC. | | | |
| 18 AUG 1950 | | | |
| 18 AUG 1950 | | | |

O61

UNIVERSITY LIBRARY
8 MAR 1932
MADRAS

# മുഖവുര.

---

കാലന്റെ കൊലയറ എന്ന ഈ പുസ്തകം എഴുതിത്തീൎന്നിട്ട് ഇപ്പോൾ പത്തു വൎഷത്തിലധികമായിരിക്കുമെന്നു തോന്നുന്നു. ഒരു ഇംഗ്ലീഷുകഥയെ അനുകരിച്ചും, മലയാളത്തിൽ ഉണ്ടായിട്ടുള്ളതിലേക്കു സംഭ്രമജനകമായിരിക്കണമെന്ന് ഉദ്ദേശിച്ചും, ആണ് ഇതു ഞാൻ എഴുതിയതു്. എന്റെ ഉദ്ദേശം എത്രകണ്ടു് ഫലിച്ചിട്ടുണ്ടു് എന്നുള്ളതു്, പുസ്തകപാരായണപരന്മാർ തീൎച്ചയാക്കേണ്ടതാണു്.

തിരുവനന്തപുരം,
൨൧—൭—൧൧൦൬. } ഒ. എം. ചെറിയാൻ.

# കാലന്റെ കൊലയറ.

---

## അദ്ധ്യായം ൧

### ഒരു ചെപ്പടിക്കാരൻ.



എന്റെ പേര് ജാൺ നീവ് എന്നാണ്. ഏഷ്യായുടെ തെക്കേ തീരങ്ങളും ഏതാനും ദ്വീപുകളും സന്ദർശിക്കുവാനായി കല്യാണി എന്ന ഒരു ചെറിയ കപ്പലിൽ ഞാൻ ബോംബായി പട്ടണത്തിന്റെ പ്രസിദ്ധമായ അപ്പോളോബന്തറിൽ തെക്കരി കടേന്നു വിശ്രമിക്കുകയായിരുന്നു. സമുദ്രം കേവലം ശാന്തതന്നെ; പച്ചപ്പട്ടു വിരിച്ചതുപോലെ, ജലം വിസ്താരത്തിൽ, നിശ്ശബ്ദമായി കാണാമായിരുന്നു. നേരം സന്ധ്യയാകാറായിരുന്നു. പടിഞ്ഞാറുനിന്ന്, സൂര്യകിരണങ്ങൾ കിഴക്കോട്ട്, അസ്ത്രങ്ങൾ പോലെ, കടന്നുവന്നതിനാൽ, കടൽത്തീരത്തുണ്ടായിരുന്ന മുളകൾ, തെങ്ങുകൾ മുതലായ വൃക്ഷങ്ങളുടെ, വിശറിപോലെ വിടർന്നിന്ന ഇലകൾ തീ പിടിച്ചതുപോലെ ശോഭിച്ചു. ഊക്കന്മാരായ അനേകം പലനില മാളികകൾ വരിയായി നിന്ന ഒരു തെരുവ് തങ്കവേല ചെയ്തിരുന്ന ഒരു നിര പതക്കംപോലെ, മനോഹരമായിരുന്നു. വിശ്വകലാശാലാഗൃഹം, പാർസിപ്പള്ളി, മുതലായ അനേകം കെട്ടിടങ്ങൾ, ദൂരെ കിഴക്കുമാറി കണ്ണെത്തുന്ന ദിക്കിലെല്ലാം കാണ്മാനുണ്ടായിരുന്നു. അനേകം ചെ

റിയ കപ്പലുകൾ, വള്ളങ്ങൾ, പത്തേമാരികൾ, എന്നിവ ഓടിയും കളിച്ചും, നങ്കൂരം അടിച്ചുകിടക്കുന്ന വലിയ കപ്പലുകളുടെ ഇടയിൽ ഇളകിയാടിയും, ബൊംബായി പട്ടണത്തിൻെറ വലിപ്പത്തെയും വ്യവസായവിസ്താരത്തെയും ലക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു പതിനഞ്ചുമിനിട്ട് ഇടയിട്ട്, 'ഭൂം' എന്ന് ഒരു വലിയ ശബ്ദം പട്ടണത്തിൻെറ വടക്കെഭാഗത്തു എവിടെയോ നിന്നു കേട്ടുകൊണ്ടിരുന്നു. പട്ടാളക്കാർ വെടി പരിചയിക്കുകയായിരുന്നിരിക്കണം. ആ ശബ്ദവും, കൂലിക്കാർ വള്ളങ്ങളിലും, വെള്ളം കപ്പൽച്ചാണിയുടെ വശങ്ങളിലും, പുറപ്പെടുവിച്ച ഒരു നേരിയ ആരവവും ഒഴിച്ചാൽ, പ്രകൃതി, കേവലം നിശ്ശബ്ദമായിരുന്നു

ഉച്ചമുഴുവൻ ഞാൻ എൻെറ ചാരുകസാലയിൽ ഉണർന്നും ഉറങ്ങിയും കഴിച്ചുകൂട്ടിയിരുന്നു. ഉഗ്രമായ വെയിൽ നാലുപാടും ചുട്ടുപൊട്ടിക്കവെ, മനോഹരമായ എൻെറ മുറിയിൽ മന്ദമായി ആടിക്കൊണ്ടിരുന്ന ഒരു പങ്കായുടെ കീഴിൽ, പുകവലിച്ചുകൊണ്ടും, സർവ്വത്തുകുടിച്ചുകൊണ്ടും, "സിസാലിൻെറ കപ്പലോട്ടം" എന്ന പുസ്തകത്തെ വായിക്കുവാൻ ശ്രമിച്ചുകൊണ്ടും, അതിൽ വിവരിക്കപ്പെട്ടിരിക്കുന്ന പൈശാചികകഥകളുടെ കേളീരംഗമായിരിക്കത്തക്ക ... ല പുരാണങ്ങളെയും സൃഷ്ടിച്ചു സംരക്ഷിച്ചുവരിക്കുന്ന ഭാരതഭൂമിയുടെ രഹസ്യങ്ങളെ സങ്കല്പിച്ചുകണ്ട് ആനന്ദിച്ചുകൊണ്ടും — ഉറങ്ങാനും ഉണരാനും ശ്രമിച്ചുകൊണ്ടാണ് ഞാൻ നേരം വൈകിച്ചത്. ഭാരതഭൂമിയിൽ ഉണ്ടെന്ന് പുരാണങ്ങൾ പ്രഖ്യാപിക്കുന്ന കനകഗോപുരങ്ങളും, ദേവതാരാധനാരീതികളും, വെള്ളിമലകളും, തങ്കനദികളും, ഋഷികളും, മനുഷ്യരും, ഗന്ധർവ്വന്മാരും:— എല്ലാം ഓരോന്നായി ഭംഗക്രമമായി എൻെറ സ്വപ്നത്തിൽ നൃത്തം വെച്ചുകൊണ്ടിരുന്നു.

നാലരമണിയോടുകൂടെ ചൊക്രാ, ചായയുംകൊണ്ടു വന്നു; അപ്പോഴും എഴീററില്ലെങ്കിലും, പിന്നെ ഞാൻ മയങ്ങിയില്ല. സ്വപ്നങ്ങളും അകന്നുനിന്നു. കിടന്നുകൊണ്ടുതന്നെ ഞാൻ നോക്കിയപ്പോൾ, ഒരു അര മയിൽ ദൂരെ ഒന്നോ രണ്ടോ വലിയ കപ്പൽ യൂറോപ്പിലേക്കു തിരിക്കുന്ന ഘോഷം കാണാമായിരുന്നു, ഒരു പത്തിരുപതു വള്ളങ്ങളും, തീബോട്ടുകളും കപ്പലിൻെറ ചുററും കിടപ്പുണ്ട്. കപ്പലിൻെറ എല്ലാഭാഗങ്ങളിലും യാത്രക്കാരും, കപ്പൽക്കാരും, യാത്ര അയയ്ക്കുവാൻ വന്നവരും, കൂലിക്കാരും — അവിടെ സാമാന്യം ഒരു നല്ല തിരക്കായിരുന്നു.

ഈ കാഴ്ചനിമിത്തം ഇംഗ്ലണ്ടിനെയും എൻെറ ഗൃഹത്തെയും കുറിച്ചുള്ള ഓമ്മ, എൻെറ മനസ്സിൽ ബലമായി ഉണ്ടായി; എൻെറ വിചാരം ഇൻഡ്യയിൽനിന്ന് ഇംഗ്ലണ്ടിലേക്കു തിരിക്കുന്ന മട്ടായി. ഇതിനിടയ്ക്ക്, ഒരു ചെറുവള്ളം എൻെറ കപ്പലിനെ വന്നു പററിയതു ഞാൻ കണ്ടില്ല. ഡിൻ, ഡിൻ, ഡിൻ എന്ന ഒരു കൊട്ടും, കാള അമറുന്നതുപോലെ ഒരു വാദ്യധ്വനിയും, പെട്ടെന്ന് എൻെറ ശ്രദ്ധയെ ആകർഷിച്ചു. കോപം സഹിക്കവയ്യാതെ ഞാൻ ആ ഭാഗത്തേക്കു നോക്കി, ഉടനെ ആ വള്ളത്തിൽ ഉണ്ടായിരുന്ന ... പ്രായംകൂടിയ ആൾ — തലയിൽക്കെട്ടും ചുരക്കുടുക്കുകുഴലും 'കരിമ്പടപ്പുതപ്പും കെട്ടുതാടിയും മററു വേഷവിശേഷങ്ങളുംകൊണ്ട് ആയാൾ ഒരു പാമ്പുപിടിത്തക്കാരനാണെന്നു ഞാൻ തീർച്ചയാക്കി—പ്രായം കൂടിയ ആൾ എഴീററ്, ചെറുപ്പക്കാരനായ നാഗസ്വരക്കാരനോടു പാട്ടുനിറുത്താൻ കൈകൊണ്ട് ആജ്ഞാപിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. "ഇന്ദ്രജാലം; ഭൂലോകൈകകൗതുക: പ്രകരമില്ലാത്ത ഇന്ദ്രജാലം; കീരിയും പാമ്പുമായുള്ള യുദ്ധം. കുറച്ചു കാണേണം. മഹാരാജ്"



ആ വേഷക്കാരൻ ഹിന്തുസ്ഥാനിയാണു ഉപയോഗിച്ചതു്. എൻെറ ഹിന്തുസ്ഥാനി ഉപായമായിരുന്നെങ്കിലും, കാൎയ്യം ഏകദേശം എനിക്കു മനസ്സിലായി. ഇൻഡ്യയിലെ കൈയടക്കവും കൺകെട്ടുവിദ്യയും പലപ്പോഴും അത്ഭുതകരങ്ങൾതന്നെ. ഒരു ററിക്കററിന് ഒന്നും രണ്ടും പവൻവീതം വിലവച്ചു്, പത്തും രണ്ടായിരവും വീതം ആളുകളെക്കയററി, യൂറോപ്പിലെ പ്രധാന പട്ടണങ്ങളിൽ കാണിച്ചുപോരുന്ന ചെപ്പടിവിദ്യ, ഇൻഡ്യയിൽ നാലണ വാങ്ങിച്ചുകൊണ്ടു് നാട്ടുവഴികളിൽ പലയിടങ്ങളിലും കാണിച്ചുപോരുന്ന കളികളോടു് ഒ[illegible]ച്ചാൽ, കേവലം, [illegible]യാണെന്നുതന്നെ പറയാം. വിസ്മയകരങ്ങളായ പല ചെപ്പടികൾ ഞാൻ കണ്ടിട്ടുണ്ടെങ്കിലും, എനിക്കു അതിൽ മ[illegible]ിൽ തോന്നിയിട്ടില്ല. സന്ധ്യവരെയും മററു പണികൾ യാതൊന്നും ഇല്ലായിരുന്നതിനാൽ, ഞാൻ വിരോധം ഒന്നും ഭാവിച്ചില്ല. "വരാം" എന്നു അഭിപ്രായം കാണിക്കുന്നതിനു മുമ്പേതന്നെ, ആയാളും കൂട്ടുകാരനും കയറി വന്നു്, എൻെറ മുമ്പിൽ സാമാനങ്ങൾ നിരത്തിത്തുടങ്ങി.

അടുത്തു കണ്ടപ്പോൾ ആ ചെപ്പടിക്കാരൻ ഒരു അസാമാന്യനായി എനിക്കു തോന്നി. വെളുത്തനിറവും, ഒന്നാന്തരം ദേഹബലവും, ഉളികൊണ്ടു പണിതീൎത്തതുപോലെ ഉറച്ച മുഖവും, ഉരുണ്ടു് ഇളകു

ന്ന കണ്ണുകളും, വലിയ കസവിട്ട തലപ്പാവും, മാറുമറയ്ക്കുന്നതാടിയും,-എല്ലാം കൌതുകാവഹങ്ങളായിരുന്നു. സാമാനങ്ങൾ ഒക്കെ നിരത്തിയശേഷം കളി ആരംഭിക്കുന്നതിനു് അനുവാദം കിട്ടാനായി ആയാൾ എന്റെ മുഖത്തുനോക്കിക്കൊണ്ടു ചലനമില്ലാതെ ഇരിക്കുന്നതു് കണ്ടപ്പോൾ ആ സ്വരൂപം ബലവാനായ ഒരു മനുഷ്യന്റെ ഒരു ഓട്ടുപ്രതിമയാണു് എന്നു തോന്നി.

കളികൾ തുടങ്ങി. നാനാവിധത്തിലുള്ള വിദ്യകൾ അസാമാന്യമായ സാമർത്ഥ്യത്തോടെ ആയാൾ പ്രദർശിപ്പിച്ചു. കീരിയും പാമ്പുമായുള്ള യുദ്ധം, മുമ്പു പലപ്രാവശ്യം കണ്ടിരുന്നതുകൊണ്ടും, ഒരു ക്രൂരമായ വിനോദമായിരുന്നതുകൊണ്ടും, ഞാൻ വിരോധിച്ചു. ഒരു പത്തുപതിനഞ്ചു പന്തുകൾ, ഒന്നെങ്കിലും നിലത്തു പോകാതെ, വായുവിൽ നൃത്തം വയ്ക്കത്തക്കവണ്ണം അമ്മാനം ആടുന്നതു വളരെ വിനോദകരമായിരുന്നു. അതുപോലെതന്നെ ഒരു കളി വാളുകളെക്കൊണ്ടും ആയാൾ നടത്തി—സാധാരണ കളിക്കാർ കൊണ്ടുനടക്കാറുള്ള വാളുകളെക്കാൾ ഉറപ്പും മൂർച്ചയും ഉള്ളവയായി തോന്നിയ ആ വാളുകളെ ഇത്ര കൈപ്പഴക്കത്തോടുകൂടെ തുള്ളിക്കുന്ന തടിയനായ ഈ ഹിന്ദുസ്ഥാനിക്കാരൻ—ഛേ! മയക്കംനിമിത്തം എനിക്കു പിടിച്ചിരുന്ന മന്ദത മാറാഞ്ഞതിനാൽ ഓരോ ഉൽക്കണ്ഠകൾ എന്റെ ഹൃദയത്തിൽ മുളച്ചതുകൊണ്ടു്, ഞാൻ എന്നെത്തന്നെ ഒന്നു കുടഞ്ഞു് ഉണർത്തി എഴീററു് ഇരുന്നു. പിന്നെ ആയാൾ കാണിച്ച വിദ്യ ഞാൻ മുമ്പു കണ്ടിട്ടുള്ള ഒന്നല്ലായിരുന്നതിനാൽ എല്ലാററിലും രസപ്രദമായി തോന്നി. ഒരു ചെറിയ മുണ്ടു് എടുത്തു ആയാൾ തറയിൽ വിരിച്ചു. അതിന്റെ കീഴിൽ ഒന്നും ഇല്ലെന്നു തെളിയാനായി, ആ മുണ്ടിന്റെ മേൽ ആയാൾ പല പ്രാവശ്യം കൈ അമർത്തി തുടച്ചു കാണിച്ചു. സ്വല്പം കഴിഞ്ഞു ആ മുണ്ടിന്റെ നാലു കോണുകളിൽ ഓരോന്നിനേയും ആയാൾ മന്ദമായി മടക്കി നടുവിലേക്കു വലിച്ചു. ഉടനെ എങ്ങനെയെന്നു് അറിഞ്ഞുകൂടാ, ആ മുണ്ടിന്റെ നടുഭാഗം കുറേശ്ശ ഇളകി, പൊങ്ങിത്തുടങ്ങി—മുണ്ടു് ഒരു അരയടി ഉയർന്നതിനോടുകൂടെ ആയാൾ കർണ്ണകഠോരമായ ഒരു കൊട്ടും കൂട്ടുകാരന്റെ സംഗീതയന്ത്രം ഹൃദയഭേദകമായ ഒരു അമർച്ചയും—ആയാൾ മുണ്ടു തറയിൽനിന്നു എടുത്തു. അവിടെ ഒരു പിരുത്തിച്ചക്ക പഴുത്തു പാകമായതു് ഇരിക്കുന്നു. സഞ്ചിയിൽനിന്നു ഒരു വാൾ എടുത്തു്, ഫലത്തെ ആയാൾ ചെത്തി മുറിച്ചു, ആ വാളിന്റെ അററത്തുതന്നെ വച്ചു്, എനിക്കു നീട്ടിത്തന്നു. അടുത്തു്, ഒരു പേശയിൽ പായകെട്ടിച്ചവകയിൽ ശേഷിച്ചിരുന്ന സാമാനങ്ങളോടുകൂടെ അതു വയ്ക്കാമെന്നു ഞാൻ അനുവദിച്ചതനുസരിച്ചു്, ആയാൾ എഴീററു മുഖവും കൈയും അങ്ങോട്ടു തിരിച്ചു. ഉത്തരക്ഷണത്തിൽ ഒരു വിനാഴികനേരത്തേക്കു—ആയാളുടെ കണ്ണുകൾ ഇരകണ്ട കടുവായുടെ കണ്ണുകൾപോലെ ജ്വലിക്കുന്നതും മുഖത്തിനു ഒരു രൌദ്രതാപം വരുന്നതും ഞാൻ കണ്ടു. എന്നാൽ അടുത്ത ക്ഷണത്തിൽ ആയാളുടെ മുഖം പൂർവ്വസ്ഥിതിയെ പ്രാപിച്ചു. പക്ഷെ ക്ഷണം പിന്തൊണത്തിൽ വച്ചു മുമ്പേ ഇരുന്ന സ്ഥാനത്തു വന്നു്, കളി അവസാനിച്ചു എന്ന മട്ടിൽ, ആയാൾ സാമാനങ്ങൾ പെറുക്കി കെട്ടിത്തുടങ്ങി. ആയാളുടെ കണ്ണിന്റെ ഗതി പോയവഴിക്കു ഞാൻ നോക്കി. എന്റെ വേലക്കാരൻ ലാൽജിയെ മാത്രമാണു് അവിടെ കണ്ടതു്. എന്നാൽ വളരെ അസാധാരണമായ ഒരു ഭാവപ്പകർച്ച അവനു പററിയിരുന്നു. സാമാന്യത്തിൽക്കവിഞ്ഞു കറുത്ത ആയാളുടെ മുഖം വിളറിയും, അശേഷം രക്തമയമില്ലാതെ ഭയംകൊണ്ടു പരവശപ്പെട്ടവനെപ്പോലെ ജീവശവമായും, ആണു ഞാൻ ലാൽജിയെ അപ്പോൾ കണ്ടതു്. എന്റെ മുഖം കണ്ട ഉടനെ അവൻ ബദ്ധപ്പെട്ടു കപ്പലിന്റെ അടിത്തട്ടിലേക്കു പാഞ്ഞുകളഞ്ഞു.

ചെപ്പടിക്കാരൻ ഭാണ്ഡം മുറുക്കി; എന്റെ ജിജ്ഞാസ വൎദ്ധിച്ചതിനാൽ അയാൾക്കു ലാൽജിയെ മുമ്പു പരിചയമുണ്ടോ എന്നു ഞാൻ ചോദിച്ചു. എന്നാൽ എന്റെ അൎത്ഥം മനസ്സിലായില്ല എന്ന മട്ടിൽ, ആയാൾ തലകുലുക്കിക്കാണിക്കുകയാണു ചെയ്തതു്. അതു പിന്നെയും സംശയത്തിനു കാരണമായിരുന്നു. എന്റെ ഹിന്തുസ്ഥാനിയിൽ അബദ്ധം ഉണ്ടായിരുന്നിരിക്കാമെങ്കിലും, സന്ദൎഭവിശേഷംകൊണ്ടും മററും എന്റെ അൎത്ഥം തീൎച്ചയായും ആയാൾ ഗ്രഹിച്ചിരുന്നിരിക്കണം. എന്നാൽ ഞാൻ മൂന്നുനാലുപ്രാവശ്യം വീണ്ടും വീണ്ടും ചോദിച്ചിട്ടും, എന്റെ അന്വേഷണത്തിന്റെ സാരം ആയാൾക്കു അശേഷം മനസ്സിലായില്ല. പിന്നെ ഞാനും ആ സംഗതി വിട്ടുകളഞ്ഞു. പിറുത്തിച്ചക്കയെ സൃഷ്ടിച്ചതുകണ്ടു അമ്പരന്നു നിന്ന ലാൽജിയുടെ മുഖത്തുണ്ടായ ഭാവപ്പകൎച്ച, മടികൊണ്ടു മന്ദിച്ചിരുന്ന എന്റെ തലയ്ക്കകത്തു മറെറാരു പ്രകാരത്തിൽ തോന്നിയതായിരിക്കാം എന്നു ഞാൻ സമാധാനപ്പെട്ടു. ചെപ്പടിക്കാരനും, കൂട്ടുകാരനും ആ വകക്കാരുടെ പതിവുപോലെ വളരെ കുനിഞ്ഞു പല പ്രാവശ്യം സലാംവെച്ചു വള്ളത്തിലേക്കു മടങ്ങി.

ആയാളുടെ വള്ളം കാഴ്ചയിൽനിന്നും മറഞ്ഞു മററു വള്ളങ്ങളുടെകൂടെ ഇടകലൎന്നപ്പോൾ ചെപ്പടിക്കാരന്റെ സംഗതിയിൽ, പിന്നെയും എനിക്കു ഒരു ഓൎമ്മവന്നു. കളി കാണിച്ചവകയ്ക്കു പ്രതിഫലം ഒന്നും ചോദിക്കാതെയും, ഞാൻ കൊടുക്കാതെയും, ആണു ആയാൾ മടങ്ങിയതു്. അതു് അറിയാനുള്ള ഒരു കാൎയ്യമാണെന്നു എനിക്കു തോന്നി. എന്തുതന്നെ കൊടുത്താലും, പിന്നെയും സമ്മാനം ചോദിക്കുകയും, മുമ്പു ഓരോ നവാബന്മാരും ലക്ഷപ്രഭുക്കന്മാരും കൊടുത്തും കൊടുക്കാതെയും ഉള്ള സമ്മാനങ്ങളുടെ ലിസ്തു വിവരിക്കുകയും, ആണു് ആ വകക്കാരുടെ പതിവു്. പ്രസ്തുത വിദ്വാൻ ഇങ്ങനെ മടങ്ങാൻ എന്താണു്? ഒരുവേള രാത്രി കൊള്ളചെയ്യാൻ തക്കംനോക്കാൻ വന്നവനായിരിക്കുമോ? ലാൽജി അയാളുടെ ഒരു പരിചയക്കാരനാണെന്നുള്ളതിനു സംശയമില്ല. അവൻ ഒരു വിശ്വസ്തൻതന്നെ. എന്നാൽ ഒരു പട്ടാണിയുടെ മനസ്സറിവാൻ ഒരു പുരുഷായുസ്സു കഴിഞ്ഞാലും പ്രയാസമാണു്. ഇവർ രണ്ടുപേരും കൂട്ടുകാരായിരിക്കുമോ? ഛെ! അങ്ങനെയല്ല. സാധു ലാൽജി ചെപ്പടിക്കാരനെക്കണ്ടപ്പോൾ ഭയന്നതെന്തിനാണു്? ചെപ്പടിക്കാരനായ കള്ളനെ ഭയപ്പെടത്തക്കവണ്ണം ലാൽജിയോ അവനുള്ളവരോ, ആയാളുടെ അധീനത്തിൽനിന്നു മാറാൻവയ്യാത്തവണ്ണം വല്ലതുംസംഭവിച്ചിരിക്കുമോ? നാനാവിധ വേഷക്കാരും ഭാഷക്കാരും മതങ്ങളും സമുദായങ്ങളുംകൂടി ഇടകലൎന്നു കഴിയുന്ന ഈ ഇൻഡ്യയിലെ രഹസ്യങ്ങൾ ആൎക്കാണു് അറിയാവുന്നതു്? എന്റെ ജിജ്ഞാസ അതിരില്ലാതെ വൎദ്ധിച്ചു്— ലാൽജിയെ വിളിച്ചുകൊണ്ടുവരാൻ ഞാൻ ഉടനെ പങ്കാക്കാരനെ പറഞ്ഞയച്ചു.

ലാൽജി വന്നു. വരാൻ താമസിക്കുന്നതു് എന്താണെന്നു ഞാൻ സംശയിച്ചുതുടങ്ങിയശേഷമാണു് അവൻ വന്നതു്. ഹോ! എന്തൊരു ഭാവപ്പകൎച്ചയാണു ഞാൻ അവന്റെ മുഖത്തു കണ്ടതു്? ഉണങ്ങി നീണ്ട മുഖവും, ഭയംകൊണ്ടു വലിഞ്ഞു നീണ്ട കണ്ണുകളും, വെളുത്തു വെളുവെളെ വിളറിയ മുഖവും—ശിവശിവ! മനുഷ്യാകൃതിക്കു ക്ഷണകാലംകൊണ്ടു എന്തു ഭേദമാണു വരാൻ പാടില്ലാത്തതു്? എന്നാൽ അയാളുടെ നടപ്പിലാവട്ടെ മുഖത്താവട്ടെ ഒരു തെററുചെയ്തവന്റെമാതിരി ധൈൎയ്യക്കുറവോ ഭീരുതയോ അശേഷം ഉണ്ടായിരുന്നില്ല. അവൻ അടുത്തുവന്നു വിശേഷവിധിയായി ഒന്നും ഉ

ല്ലാത്തതുപോലെ നടിപ്പാനായി ശ്രമിച്ചുകൊണ്ടു പതിവുപോലെ "ധാരേ" എന്നു പറഞ്ഞു. "ഞാൻ ഇവിടെയുണ്ടു്, എന്തിനാണു് എന്നെ വിളിച്ചതു്?" എന്നതിന്റെ പര്യായമായി, എന്റെ അടുക്കൽ വന്നാൽ "ധാരെ" എന്നു പറകയാണു് ലാൽജിയുടെ പതിവു്.

ഈ ലാൽജി എന്റെ ശമ്പളത്തിലായിട്ടു് ഏകദേശം ഒരുവർഷം കഴിഞ്ഞിരുന്നു. കല്യാണിയിൽ ഇൻഡ്യയുടെ പടിഞ്ഞാറെത്തീരം ലക്ഷദ്വീപുകൾ, മാലദ്വീപുകൾ, സിലോൺ മുതലായ സ്ഥലങ്ങൾ ഞാൻ സന്ദർശിച്ചു കഴിച്ച കാലമെല്ലാം, ഇവൻ എന്നോടുകൂടെയുണ്ടു്. ഇംഗ്ലീഷ് അശേഷം തടവുകൂടാതെ സംസാരിപ്പാൻ അവനു കഴിയുമായിരുന്നു. ഈ ഒരു വിശേഷംകൊണ്ടാണു ഞാൻ അവനെ ഈ സ്ഥലങ്ങളിലെല്ലാം കൊണ്ടുനടന്നതു്. എനിക്കു് ഒരു ചൊക്രാ ആയും എനിക്കു ഹിന്തുസ്ഥാനി പരിചയക്കുറവാകയാൽ ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം പരിഭാഷകനായും, ഇവൻ വളരെ ഉപയോഗപ്പെട്ടിരുന്നു. ഇതൊന്നും കൂടാതെ പല സംഗതികളിലും പരിചയമുള്ളവനായിരുന്നതിനാൽ, ഇവൻ സർക്യൂട്ടിൽ എനിക്കു ഒഴിച്ചുകൂടാതായി. ഇൻഡ്യവിട്ടു യൂറോപ്പിലേയ്ക്കു മടങ്ങുന്ന അവസരത്തിൽ അവനെക്കൂടെ കൊണ്ടുപോകണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടുള്ള വിവരം അവനും അറിഞ്ഞിരുന്നു.

ഞാൻ:—"പ്രതിഫലം കൂടാതെ ഇവിടെ കളിനടത്തിപ്പോയ ആ ചെപ്പടിക്കാരനെ നീ അറിയുമോ?"

ലാൽജി:—കരഞ്ഞുകൊണ്ടു, കൈകെട്ടിനിന്നുകൊണ്ടു്, "ധാരെ പൊന്നുധാരെ, ആ മനുഷ്യൻ എന്നെക്കൊല്ലും, എന്റെ സമയം ആയിരിക്കുന്നു."

എനിക്കുണ്ടായ വിസ്മയം ഊഹിച്ചുകൊള്ളുകയാണു നല്ലതു്. സംഗതി വിസ്തരിച്ചു പറയുവാൻ ഞാൻ പല പ്രാവശ്യം നിർബന്ധിച്ചതു് അനുസരിച്ചു്, അവൻ പറഞ്ഞുതുടങ്ങി. ഭൂമിയിൽ ഒരു മനുഷ്യനെങ്കിലും വിശ്വസിക്കാത്ത ഒരു കഥയാണു് അവൻ എന്നെ പറഞ്ഞുകേൾപ്പിച്ചതു് എന്നാൽ അതു വിസ്തരിക്കുന്ന സന്ദർഭത്തിൽ അവന്റെ മുഖത്തു വിളങ്ങിയ സത്യാർത്ഥതയും അവന്റെ ദേഹം ആസകലം വിളങ്ങിയ വ്യസനവും നിമിത്തം അവൻ പരിപൂർണ്ണമായി വിശ്വസിച്ച ഒരു കഥയാണു് അവൻ വിസ്തരിച്ചതു് എന്നു പ്രത്യക്ഷമായിരുന്നു. അവൻ പറഞ്ഞ വിവരണത്തിന്റെ പല അംശങ്ങൾ ഈ ഗ്രന്ഥത്തിൽ പിറകെ വെളിപ്പെടുന്നതാണു്. കാര്യമുഖങ്ങൾ മാത്രം ഈ സന്ദർഭത്തിൽ പ്രസ്താവിക്കാം.

---

## അദ്ധ്യായം ൨.

---

### ലാൽജിയുടെ ചരിത്രം.

തെക്കെ ഇൻഡ്യയിലുള്ള ഏതോ ഒരു നാട്ടുരാജ്യത്തിലെ ദിവാനെ ആശ്രയിച്ചു ലാൽജി മുമ്പു കുറേക്കാലം താമസിച്ചിരുന്നു. ഒരു വലിയ കോടീശ്വരനും വളരെ സ്വാധീനബലമുള്ളവനും ആയ ആ ദിവാനു ലാൽജി ഒരു വിശ്വസ്തഭൃത്യനും, കണക്കെഴുത്തുകാരനും ആയിരുന്നു. ആ ദിവാന്റെ അരമനയുടെ കീഴിൽ ഗുഹകളായി പണിയപ്പെട്ടി

ട്ടുള്ള ഭണ്ഡാരമുറികളിൽ, ഇവൻ പലപ്രാവശ്യം കയറുകയും, പൊന്നുകളും രത്നങ്ങളും ആഭരണങ്ങളും നിറച്ച അനേക ഇരുമ്പുപെട്ടികളെ കാണുകയും ചെയ്തിട്ടുണ്ടു്. ഒരു അവസരത്തിൽ ഘനം കൂടിയ ഒരു ചുമടു എടുക്കുവാൻ ദിവാൻ ഇവനെ ആ അറയ്ക്കകത്തു വച്ചു് ആജ്ഞാപിച്ചു. ആഭരണപ്പെട്ടികൾ എടുത്തു അങ്ങട്ടും ഇങ്ങട്ടും മാററുക മുമ്പും, ഇവൻതന്നെ പലപ്രാവശ്യം ചെയ്തിട്ടുള്ളതിനാൻ സംശയിക്കാതെ എടുത്തു. എന്നാൽ മുമ്പു പ്രവേശിച്ചിട്ടില്ലായിരുന്ന ഒരു ഇടുങ്ങിയ മാർഗ്ഗത്തുകൂടെയാണ ദിവാൻ ഈ പ്രാവശ്യം ഇവനു വഴി കാണിച്ചതു്. ആ മാർഗ്ഗത്തിന്റെ ഒരു അററത്തു സ്വാഭാവികമായ ഒരു ശിലാഖണ്ഡം എന്നു തോന്നുമാറു ചായം പിടിപ്പിച്ചിട്ടുള്ള ഒരു കപടദ്വാരം, ദിവാൻ തുറന്നു്, ലാൽജി മുമ്പിലും ആയാൾ പിന്നിലും ആയി നടന്നു. ഇത്രയും ആയപ്പോഴേക്കു ലാൽജിക്കു് അസാരം ഭയം തുടങ്ങി. ഏതാനും കൽപ്പടികൾ ഇറങ്ങിയശേഷം ദിവാൻ അവിടെ ഒരു കോണിൽനിന്നു് ഒരു ചെറിയ ഓട്ടുവിളക്കെടുത്തു കത്തിച്ചു്, കൈയിലിരുന്ന മെഴുകുതിരി അവിടെ വച്ചു. ഭൂമിക്കടിയിൽക്കൂടെ വളഞ്ഞുപിരിഞ്ഞുകിടന്ന ആ മാർഗ്ഗത്തിൽക്കൂടെ, പിന്നെ അവർ ഏതാനും നാഴിക നടന്നു എന്നാണു ലാൽജിക്കു തോന്നിയതു്. ദിവാന്റെ മൌനവും, പതിവില്ലാത്ത സമ്പ്രദായവും ഇരുട്ടുനിറഞ്ഞ ഗുഹാമാർഗ്ഗങ്ങളും, എല്ലാം കണ്ടവാറു ലാൽജിയുടെ മനസ്സിൽ അനേക വികാരങ്ങൾ ഉണ്ടായി. രത്നം പതിച്ചു വിലയേറിയ ഒരു ഉറയ്ക്കകത്തു നീണ്ട ഒരു വാൾ, ദിവാന്റെ അരയിൽ പാദവിന്യാസം അനുസരിച്ചു ഝലം, ഝലം, എന്നു ശബ്ദിച്ചുകൊണ്ടിരുന്നതു്, ഇരുട്ടു നിറഞ്ഞ പാതിരായ്ക്കു വനാന്തരത്തിൽ ഒററയായി സഞ്ചരിക്കുന്ന വഴിക്കാരനു മൂങ്ങയുടെ കരച്ചിൽപോലെ, പ്രത്യേകം ഭയപ്രദമായിരുന്നു. ഖഡ്ഗം ഊരുന്നതിനു ദിവാന്റെ കൈകൾ ഇളകുന്നോ എന്നു പുറകോട്ടു നോട്ടം തെററാതെയാണു ലാൽജി മുന്നോട്ടു നടക്കുന്നതു്. ഇങ്ങനെ കുറേനേരം നടന്നു്, അവർ രണ്ടുപേരും ഒരു വശത്തേക്കു തിരിഞ്ഞു ഒരു നൂതനമാർഗ്ഗത്തിലേക്കു കടന്നു. അപ്പോൾമുതൽ വെള്ളത്തിന്റെ ഇരച്ചിൽ കേട്ടുതുടങ്ങി. മങ്ങിയ ആ വിളക്കത്തു വിശേഷവിധിയായി ഒന്നും കാണാനില്ലായിരുന്നു; എങ്കിലും, സാമാന്യം വലിയ ഒരു നദി ആ ഗുഹാമാർഗ്ഗത്തിന്റെ അടിയിൽക്കൂടെ കല്ലുകളിലും പാറക്കെട്ടുകളിലും അടിച്ചും തല്ലിയും വളഞ്ഞുപിരിഞ്ഞു ഒഴുകിക്കൊണ്ടിരുന്നു എന്നുള്ളതു പ്രത്യക്ഷമായിരുന്നു.

കുറെ നടന്നു ഒന്നുകൂടെത്തിരിഞ്ഞു്, അവർ വേറൊരു ഗുഹയിലേക്കുകടന്നു. അവിടെ നില്ക്കുന്നതിനും, ചുമടുതാഴെ വയ്ക്കുന്നതിനും ദിവാൻ ആജ്ഞാപിച്ചതനുസരിച്ചു്, കുനിഞ്ഞ അവസരത്തിൽ, വിളക്കിന്റെ പ്രകാശം വീണസ്ഥലത്തു് തറയിൽ രക്തം വഴിഞ്ഞു കിടക്കുന്നതു കണ്ടു ലാൽജി ഞെട്ടിപ്പോയി. പെട്ടെന്നു അവൻ നിവന്നു; അതിനോടുകൂടെ ദിവാന്റെ കൈ വാളിന്മേൽ മുറുകുന്നതു അവൻ കണ്ടു.

മിന്നൽപിണറിന്റെ വേഗത്തിൽ ചുമടു് താഴെക്കളഞ്ഞു്, ആ വളഞ്ഞ ഗുഹയിൽക്കൂടെ ചുവരിൽ മുട്ടി കാലും മുഖവും ദേഹവും മുറിഞ്ഞും, രക്തം അണിഞ്ഞും, ലാൽജിഓടി വിളക്കുംകൊണ്ടു ഓടിവന്ന ദിവാൻ ക്ഷണം കൂടെ എത്തിയില്ല. ഏകദേശം ഒരു നൂറു് അടി ഓടിയപ്പോഴേക്കു ലാൽജി, തേങ്ങപോലെയുള്ള ഏതാനും ഉരുളൻ കല്ലുകളിൽ തട്ടി, വീണു് സ്വല്പം ഒന്നു് മന്ദിച്ചുപോയി. അപ്പോഴേക്കു ദിവാൻ എത്തിക്കഴിഞ്ഞു. രണ്ടുപേരും മൽപിടിത്തമായി. ദിവാന്റെ വിളക്കു താഴെവീണു. തറയിൽ ഉരുളൻ കല്ലുകളായി തോന്നിയവ മനുഷ്യശിരസ്സുകളാണെന്നുള്ള ഭയങ്കരവാസ്തവം ഉടനെ

ലാൽജിക്കു മനസ്സിലായി. എന്നുമാത്രമല്ല അവിടെക്കണ്ട പല തലകളിൽ ഒന്നു്, തനിക്കു നല്ല പരിചയമുള്ള ഒരു കുതിരക്കാരന്റേതു് ആണെന്നും, തന്റെ അനുജൻ ഒരു മാസമായി കാണാതായിരിക്കുന്നു എന്നും, ലാൽജിക്കു ആ മല്ലിടിത്തത്തിനിടയിൽ ഓർമ്മവന്നു. നാരായണ! മല്ലിടിത്തം ആ അന്ധകാരത്തിൽ—വിളക്കുകെട്ടുപോയി—പൈശാചികമായി നടന്നു. ദിവാനെ മറിച്ചിട്ടു ലാൽജി പിന്നെയും ഓടി; നദീശബ്ദം കേട്ടവഴിയെ നില്ക്കാതെ ഓടി, ഗുഹയിൽ വിസ്താരമുള്ള ഒരു സ്ഥലത്തു എത്തി. മുകളിൽ ഒരു പാറയുടെ വിടവിൽ കൂടെ അല്പസൂര്യപ്രകാശം അവിടെ തറയിൽ കാണാമായിരുന്നു. ആ ഗുഹയെ വിലങ്ങെക്കടന്നു് എതിർവശത്തു ചുവരിന്മേൽ കുറെ മുകളിലായിക്കണ്ട ഒരു പാറക്കഷണത്തിന്മേൽ അവൻ ചാടിക്കയറി. ആ പാറക്കഷണം തറയിൽ നിന്നു വളരെ ഉയർന്നായിരുന്നു. പ്രാണഭയം നിമിത്തം പിടികിട്ടിയെന്നു മാത്രമാണു്. ഏറ്റവും ക്ഷീണിച്ചു നിശ്ചേഷ്ടനായി ലാൽജി അതിന്റെ മറവിൽ കിടന്നു.

അപ്പോഴേക്കു ദിവാൻ വാൾ ഊരിപ്പിടിച്ചുകൊണ്ടു് പാഞ്ഞെത്തിക്കഴിഞ്ഞു. നാലുപാടും നോക്കിക്കൊണ്ടും, അസഭ്യങ്ങൾ പറഞ്ഞുകൊണ്ടും മദയാനപോലെ ആയാൾ അങ്ങട്ടും ഇങ്ങട്ടും ഉളകി. ലാൽജിയെ കാണാഞ്ഞു ക്രോധം പെരുകി, പെട്ടെന്നു തല ഉയർത്തിയതും, ലാൽജിയുടെ കണ്ണുകളിന്മേൽ ദൃഷ്ടിപതിഞ്ഞതും, ഒരുമിച്ചുകഴിഞ്ഞു. "അഹ്ഹാ" എന്നു് അലറിക്കൊണ്ടു ആയാൾ അങ്ങോട്ടു ഓടിഎത്തി; വെട്ടി; കൊണ്ടില്ല. വാളിന്റെ തുമ്പിനേക്കാൾ ആ കല്ലു ഉയർന്നിരുന്നു. എന്നാൽ അതുകൊണ്ടു് ആയാൾ അടങ്ങിയില്ല. ദ്വേഷ്യം സഹിക്കവഹിയാതെ വാൾ എറിഞ്ഞു കളഞ്ഞു. ആ ക്ഷുബ്ധൻ, ഉരുളൻ കല്ലുകൾ പെറുക്കി ലാൽജിയെ ലക്ഷ്യം വച്ചു, എറിഞ്ഞു തുടങ്ങി. രണ്ടിഞ്ചു മാറിക്കൊണ്ടിരുന്നു എങ്കിൽ, ഒന്നാമത്തെ കല്ലുകൊണ്ടുതന്നെ ലാൽജിയുടെ കഥകഴിഞ്ഞേനെ. നിവൃത്തിമാർഗ്ഗം ഇല്ലാ എന്നു് ഒരു ആശങ്ക ദിവാനെ പിടിച്ചു തുടങ്ങി. ലാൽജി എഴുന്നീറ്റു മേല്പോട്ടു നോക്കിയതിൽ, വേറൊരു പാറക്കഷണം ചുവരിൽ നിന്നു തള്ളി നില്ക്കുന്നതുകണ്ടു ഒരു ചാട്ടം; പിടികിട്ടി. അവിടെനിന്നു മേല്പോട്ടേക്കു, ഒരു വഴിപോലെ പാറയിൽ ഒരു വിടവു അവൻകണ്ടു. വളരെ ഇടുങ്ങിയതാണെങ്കിലും പരിക്ഷിച്ചുനോക്കുകയല്ലാതെ നിവൃത്തിയില്ലാതായി. ഉണ്ടക്കല്ലുകൾ താഴെനിന്നു രാമബാണം പോലെ വർഷിക്കുന്നുണ്ടു്. മേല്പോട്ടേക്കു അവൻ വലിഞ്ഞുതുടങ്ങി. അങ്ങനെ കുറേക്കഴിഞ്ഞപ്പോഴേക്കു ദിവാൻ എറിയുന്ന കല്ലുകൾ എത്താതെയായി. കല്ലുകൾ ലാൽജിയെ സമീപിക്കുന്നില്ല എന്നു കണ്ടപ്പോഴേക്കു് ദിവാൻ കേവലം ഭ്രാന്തനെന്നവണ്ണം തുടരെത്തുടരെ എറിയുകയും അസഭ്യം പറകയും ഉണ്ടായി. ഭൂമി മുഴുവനും തന്റെ കൈക്കകത്താണെന്നു ആയാൾ പറയുന്ന കേട്ടു്, ലാൽജി ഞടുങ്ങി. ഗുഹയ്ക്കകത്തുനിന്നു വെളിക്കിറങ്ങാൻ സാധിച്ചാലും ദിവാന്റെ പട്ടാളക്കാർ തന്നെ കഷണങ്ങളായി നുറുക്കിക്കളയുമെന്നു അവൻ അമ്പരന്നുപോയി.

നേരം സന്ധ്യയോടു സമീപിച്ചിരിക്കുന്നു എന്നു സംശയം തോന്നിയതുകൊണ്ടും, ലാൽജി ബദ്ധപ്പെട്ടു മേല്പോട്ടു വലിഞ്ഞു. സന്ധ്യയ്ക്കു മുമ്പു മുകളിൽചെന്നു പറ്റിയില്ലെങ്കിൽ സ്ഥലം അറിയാതെ അപകടം പറ്റാൻ ഇടയുള്ളതാണല്ലോ. പെട്ടെന്നു വായു സഞ്ചാരം ഉണ്ടായതുപോലെ തോന്നി. അവൻ തല പൊക്കി; അവൻ ഒരു മലയുടെ ഒരു വശത്തു ഒരു പാറപ്പുറത്തു് എത്തിയിരുന്നു. ചുറ്റും കാടു മാത്രമായിരുന്നതുകൊണ്ടു താൻ എവിടെയാണെന്നു അവനു മനസ്സിലായില്ല. മേല്പോട്ടു നോക്കിയാറെ, നേരേ മുകളിലായി ഒരു പാറയും അതിന്മേൽ അവനു് അറിഞ്ഞുകൂടാത്ത ഏതോ ഒരു

ഭാഷയിൽ ഏതാനും അക്ഷരങ്ങളും അവൻ കണ്ടു. നോക്കിയ സന്ദർഭത്തിൽ സൂര്യപ്രകാശം നിമിത്തം ആ അക്ഷരങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു എങ്കിലും, അടുത്ത ക്ഷണത്തിൽ, പെട്ടെന്നു്, നേരം വൈകി, ആ പ്രദേശമെല്ലാം അന്ധകാരത്തിലായി. എവിടെയാണെന്നു സ്ഥലനിശ്ചയം അശേഷം ഇല്ലായിരുന്നു എങ്കിലും, അവൻ ഒരു വിനാഴിക കളയാതെ അവിടെനിന്നു ഓടി. വീണും മുറിഞ്ഞും രക്തം വടിഞ്ഞും, കാട്ടുമൃഗങ്ങളെ ഭയന്നും, പ്രഭാതംവരെ അവൻ ഓടി. പകൽ മുഴുവനും ഒരു താഴ്‌വാരത്തിൽ ഒരു പാറക്കെട്ടിൽ കഴിച്ചുകൂട്ടി. ഏതാനും ഫലങ്ങൾ മാത്രമായിരുന്നു അന്നു ഭക്ഷണം. അങ്ങനെ രാത്രിയിൽ സഞ്ചരിച്ചും പകലിൽ ഒളിച്ചിരുന്നും, ഒരാഴ്ച കഴിഞ്ഞപ്പോഴേക്കു അവൻ ഒരു ഗ്രാമത്തിൽ എത്തി. അതു് എവിടമാണെന്നു അവനു അറിഞ്ഞുകൂട. ഒരു മോതിരം ഉണ്ടായിരുന്നതു വിററു് അവിടെനിന്നു് ഒരു വള്ളത്തിൽ കയറി കടൽതീരത്തിൽ എത്തി കപ്പൽ മാർഗ്ഗം അവൻ കൽക്കത്തയിൽ എത്തി.

കല്യാണിക്കപ്പലിൽവച്ചു് ലാൽജി എന്നോടു ഈ കഥ വിവരിക്കുന്നതിനു മൂന്നു വർഷങ്ങൾക്കു മുമ്പാണു് ആ സംഭവം നടന്നതു്. ഒരു ധാരയുടെ കൂടെ പതിനെട്ടു മാസം അവൻ കൽക്കത്തയിൽ താമസിച്ചു. അപ്പോഴാണു അവൻ ഇംഗ്ലീഷു സംസാരിക്കാൻ വശമാക്കിയതു്. ദിവാന്റെ ആളുകൾക്കു കൽക്കത്തയും അതിദൂരമാണെന്നു കരുതാഞ്ഞതിനാൽ, അവൻ തന്റെ പൂർവ്വകഥ ആരെയും ഗ്രഹിപ്പിച്ചില്ല. ലാൽജി തന്റെ വാസത്തെ കഴിയുന്നതും രഹസ്യമായിത്തന്നെ വച്ചിരുന്നു. അങ്ങനെയിരിക്കെ, ഒരു ദിവസം ഒരു പട്ടു കച്ചവടക്കാരൻ കച്ചവടം പ്രമാണിച്ചു ലാൽജിയുടെ യജമാനനെക്കാണ്മാൻ വരുകയുണ്ടായി. ലാൽജി ആയാളെക്കണ്ടു. പട്ടു കച്ചവടക്കാരൻ, ദിവാന്റെ ഒരു ആശ്രിതനും ധീരനും ഒരു വലിയ വിശ്വസ്തനും ആയിരുന്നു എന്നും, ഭൂമി മുഴുവനും തന്റെ കൈക്കകത്താണെന്നു ദിവാൻ ചെയ്ത ശപഥം വെറും വാക്കല്ലെന്നും, ലാൽജിക്കു ഓർമ്മവന്നു. പട്ടുകച്ചവടക്കാരൻ ലാൽജിയെക്കണ്ടില്ല. അന്നു രാത്രി അവിടംവിട്ടു്, പല പ്രയാസങ്ങളും സഹിച്ചശേഷം ലാൽജി, മദ്ധ്യഇൻഡ്യയിൽ ഒരു പട്ടാള ഉദ്യോഗസ്ഥനെ സേവിച്ചു്, കുറേക്കാലം കഴിച്ചു. അവിടെ ഒരു കുതിരക്കച്ചവടക്കാരന്റെ വേഷത്തിലാണു്, മുൻപറഞ്ഞ മനുഷ്യൻ വന്നുചേർന്നതു്. ആ മനുഷ്യൻ തന്നെയാണു ചെപ്പടിക്കാരനായി കപ്പലിൽ വന്നു കയറിയതു്. ലാൽജി ഇങ്ങനെ അവസാനിപ്പിച്ചു. “ധാരേ” എന്റെ സമയം ആയി എന്നു എനിക്കു ‘ഉൾബോധം ഉണ്ടു്. സമുദ്രതരണം ചെയ്യാൻ ഒരു ഭാരതീയനു വിധിയില്ലെന്നു ഞാൻ കരുതിയതു ശരിതന്നെ; അതെ, ഞാൻ മരിക്കണം.’’

ഈ കഥാശ്രവണത്തിൽ എനിക്കുണ്ടായ വികാരങ്ങൾ എന്തൊക്കെയാണെന്നു്, ഞാൻ ഇവിടെ വിവരിക്കുന്നില്ല. കേവലം ഒരു പുരാണത്തെക്കാൾ അസംഗതമായ ഈ കഥയെക്കുറിച്ചു എന്താണു വിചാരിക്കേണ്ടതു് എന്നു് എനിക്കു അറിഞ്ഞുകൂടായിരുന്നു. മണി ഏഴായിരുന്നു. അടുത്തു കിടന്നിരുന്ന ഒരു കപ്പലിൽ എന്റെ ഒരു സ്നേഹിതൻ അത്താഴത്തിനു ക്ഷണിച്ചിരുന്ന വിവരം പെട്ടെന്നു എനിക്കു ഓർമ്മവന്നു. ഉടുപ്പിട്ടു ഞാനും, കൂടെ ലാൽജിയും, ഇറങ്ങിക്കഴിഞ്ഞു. അത്താഴത്തിന്റെ വട്ടങ്ങളും സല്ലാപത്തിന്റെ സന്തോഷവും അനുഭവിച്ച ഞാൻ, ഭ്രഷ്ടനായ ദിവാന്റെ കഥ അശേഷം വിസ്മരിച്ചുപോയി. ഏകദേശം പാതിരായോടുകൂടെ ഞാൻ മടങ്ങാറായ സമയം ലാൽജിയെ കാണുകയും, അവൻ മുമ്പേതന്നെ പോകാഞ്ഞതെന്താണെന്നു ചോദിക്കുകയും ഉണ്ടായി. അവൻ മറുപടിയായി ഒന്നും പറഞ്ഞില്ല. അപ്പോൾ കാര്യം പിന്നേയും എനിക്കു ഓർമ്മവന്നു. ഞാൻ വള്ളത്തിൽ കയറി. ലാൽജി എന്റെ അടുത്തു്, മിക്കവാറും

എൻെറ ദേഹത്തെ സ്പർശിച്ചുതന്നെ ഇരുന്നു. സാധുവിൻെറ ശ്വാസോച്ഛ്വാസവും ചങ്കിടിയും എനിക്കു നല്ലവണ്ണം കേൾക്കാമായിരുന്നു. ഞാൻ കല്യാണിയിൽ എത്തി എൻെറ മുറിക്കകത്തു പ്രവേശിച്ച്, കിടക്കാനുള്ള വട്ടമായി. പായുംകൊണ്ടു ലാൽജി എൻെറ കിടക്കയുടെ സമീപത്തു തയാറുണ്ട്. എനിക്കു കാൎയ്യം മനസ്സിലായി. അവനു എൻെറ അടുത്തു കിടക്കണമെന്നാണ്; ഞാൻ സമ്മതിച്ചു. എൻെറ കാലിൻെറ വശത്തു പായ് വിരിച്ചു, അവനും കിടന്നു.

ഞാൻ അന്ന് അങ്ങനെ സമ്മതിച്ചതു് എനിക്ക് എന്നെന്നേക്കും ഒരു കൃതാൎത്ഥതയ്ക്കു കാരണമായി. പിറേറന്നു എഴുന്നേററുടനെ ഞാൻ കണികണ്ടതു്, ലാൽജിയുടെ ശവമായിരുന്നു. തണുത്തു മരവിച്ച ദേഹം!! കഷ്ടം!!! ജീവൻപോയിട്ടു പലമണിക്കൂറുകൾ കഴിഞ്ഞിരുന്നു. കൂൎത്തമുനയുള്ള ഒരു ആയുധം കൊണ്ടു ചങ്കിനു കുത്തിയ കുത്തു്, മറുപുറം കടന്നിരുന്നു!!!!

---

## അദ്ധ്യായം ൩.

---

### എൻെറ നിശ്ചയം.

സ്വല്പംകൂടെ ജാഗ്രത ചെയ്തിരുന്നു എങ്കിൽ ഒരു സാധുവിനെ രക്ഷിക്കാമായിരുന്നു എന്നു മനഃക്ലേശത്തിനും, അവൻെറ ആഗ്രഹം അനുസരിച്ച് എൻെറ അരയിൽ ഉണ്ടായിരുന്ന പിടിക്കൊള്ളാൻ അനുവദിച്ചതു് ഒരു വലിയ കാൎയ്യമായിപ്പോയി എന്നകൃതാൎത്ഥതയ്ക്കും, ഞാൻ വശംവദനായി. എന്നാൽ വികാരാധീനനായി ഞാൻ സമയം നഷ്ടമാക്കിയില്ല. സകല വിവരവും ഉടനേതന്നെ ഞാൻ ബൊംബായിപ്പോലീസിനെ അറിവിച്ചു.

അതിൻെറ ഒരുഫലം, ലാൽജി എന്നവനെ ആരോ കുത്തിക്കൊന്നതായിരുന്നു എന്ന്, പല ആലോചനകൾ കഴിഞ്ഞശേഷം, ഡാക്ടർ ഒരുസൎട്ടിഫിക്കേററ് എഴുതിയെന്നുള്ളതായിരുന്നു. സൎക്കാർ ചട്ടങ്ങളുടെ മന്ദഗതി കണ്ടാൽ, അന്യകാൎയ്യങ്ങളാണെങ്കിൽ ചിരിച്ചുപോകും. ഒന്നാംതരം കഠാരി ചങ്കിനു കടന്നു മറുപുറം കിഴിഞ്ഞിരുന്ന ലാൽജിയെ, കുത്തിക്കൊന്നതാണെന്ന് സൎട്ടിഫിക്കേററ് എഴുതാൻ ഇരുപത്തുനാലുമണിക്കൂർ നേരത്തെ ആലോചന ആണ്, ബൊംബായ്പട്ടണത്തിലെ ഒരു പ്രധാനസൎജ്ജന് ആവശ്യമായിരുന്നതു്. ഗവൎമ്മെണ്ടിൽനിന്ന് എനിക്കു ലഭിച്ച വേറൊരു സഹായം ഈ കൊലപാതകം വളരെ ബുദ്ധിമാനായ ഒരുവൻ വളരെ സൂക്ഷിച്ചു ചെയ്തതായിരുന്നു എന്ന്, പോലീസ് അസിസ്റ്റൻറു സൂപ്രണ്ടു വളരെ ഗൌരവമായി എന്നെ ധരിപ്പിച്ചു എന്നുള്ളതാണ്. ആ പ്രസംഗം മൂന്നുനാലുപ്രാവശ്യം കേട്ടപ്പോൾ ക്ഷമകെട്ടു് ഞാൻ ഏതാണ്ടെല്ലാം സംസാരിച്ചുതുടങ്ങി. അതിനു മറുപടി അദ്ദേഹം പറഞ്ഞതിൻെറ സാരം ഏകദേശം ഇങ്ങനെയായിരുന്നു. "മിസ്റ്റർ ജാൺനീവ് നിങ്ങൾ നീരസപ്പെടുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. ലാൽജി സേവിച്ചരാജാവിൻെറ പേരാകട്ടെ, രാജ്യത്തിൻെറപേരാകട്ടെ, നിങ്ങൾക്ക് അറിഞ്ഞുകൂട. ലാൽജിയും ആ ചെപ്പടിവിദ്യക്കാരനും തമ്മിൽ ഉള്ള വൈരത്തിനു കാരണമായിനിങ്ങൾ പറയുന്നകഥയും, ഞാൻവിശ്വസിക്കുന്നില്ല. കാൎയ്യം ഞാൻ സ്പഷ്ടമായിപ്പറയുന്നതിൽ, നിങ്ങൾമുഷിയരുതെന്നു പ്രത്യേകം അപേക്ഷയുണ്ട്. ഒരു പട്ടാണിപ്പയ്യൻ ആരെയോ തല്ലുകയോ

കൊല്ലുകയോ ചെയ്തശേഷം, കുറേക്കാലം നിങ്ങളെ സേവിച്ചു താമസിച്ചു. അവൻ കുറേ ചൊടിയുള്ളവനും, നിങ്ങൾ ഒരു നല്ലവനും, ആകയാൽ, നിങ്ങൾക്കു അവനെ കുറേ പഥ്യമായി. ചെപ്പടിക്കാരനായ അവന്റെ ശത്രു കപ്പലിൽ വച്ചു അവനെ കണ്ടുമുട്ടി. അവർ തമ്മിലുള്ള വൈരത്തിന്റെ യഥാർത്ഥമായ കാരണം പറഞ്ഞാൽ, നിങ്ങൾ ഒരുവേള ജോലിയിൽനിന്ന്, തന്നെ പിരിച്ചയച്ചേക്കുമെന്നു ശങ്കിച്ചു അവൻ ഒരു വെടിക്കഥ പറഞ്ഞു നിങ്ങളെ ഇളക്കി. അന്നു രാത്രി നിങ്ങൾ സന്ധ്യയ്ക്കു പോയ സ്ഥലത്തുനിന്ന്, ഈ പട്ടാണി, വിസ്കിയോ മറ്റോ കണക്കുകഴിഞ്ഞു കുടിച്ചില്ലെന്ന്, നിങ്ങൾക്കു എങ്ങനെ അറിയാം? എങ്ങനെയെങ്കിലും അന്നുരാത്രി ചെപ്പടിക്കാരൻ ലാൽജിയെ കൊന്നു. കൊന്നതു തെറ്റുതന്നെ. പിടികിട്ടിയാൽ ഗവൺമെണ്ടിൽനിന്ന് ന്യായംപോലെ ഘാതകനെ ശിക്ഷിക്കുകയും ചെയ്യും. എന്നാൽ ലാൽജി മുമ്പു ചെയ്തിട്ടുള്ളതിന് ഇത് ഒരു പ്രതികാരം മാത്രമായിരിക്കാം.''—ഇത്രയും ആയപ്പോഴേക്കു കോപം അടക്കുവാൻ വഹിയാതെ—

ഞാൻ—"നിങ്ങൾ ഒരു പോലീസുദ്യോഗസ്ഥനല്ലേ? കർമ്മഫലത്തെക്കുറിച്ചു നിങ്ങളുടെ പ്രസംഗം കേട്ടാൽ, നിങ്ങൾ ഒരു വൈദികനാണെന്നു തോന്നും"

അദ്ദേഹം—"അല്പംകൂടെ ക്ഷമിക്കണം; ഞാൻ യഥാർത്ഥം പറകയാണ്. കൊലപാതകം സംബന്ധിച്ച് തുമ്പ് യാതൊരുവകയുമില്ല. വൈരകാരണമായി നിങ്ങൾ പറയുന്നതു ഒരു പുരാണവുമാണ്. കൂടാതെയും (അടുത്തിരുന്ന സ്വകാര്യമായിട്ട്) നിങ്ങൾ പറയുന്ന കാരണം യഥാർത്ഥമാണെങ്കിൽ, ഇതിനെ സംബന്ധിച്ചു അന്വേഷണം നടത്തേണ്ടതു ഒരു നാട്ടുരാജ്യത്താണ്; അത് ഏതു രാജ്യമാണെന്നു നിങ്ങൾക്കറിഞ്ഞുകൂട. തെക്കെ ഇൻഡ്യയിലുള്ള എല്ലാ നാട്ടുരാജ്യങ്ങളുടേയും പേരു ഞാൻ പറഞ്ഞുതന്നു; എന്നാൽ നിങ്ങൾക്കു സ്ഥലം ഓർമ്മ വരുന്നില്ല. അല്ല, ഇനി ആ രാജ്യം ഏതാണെന്ന് അറിഞ്ഞു എന്നിരിക്കട്ടെ. അവിടത്തെ ദിവാനെയാണ് നിങ്ങൾക്കു സംശയം. ബൊംബായിത്തുറമുഖത്തു ഒരു കപ്പലിൽവച്ചു ഒരു ചെപ്പടികളിക്കാരൻ ഒരു കള്ളപ്പട്ടാണിപ്പയ്യനെ കൊന്നവകയ്ക്കു, ഒരു നാട്ടുരാജ്യത്തെ ദിവാനെ അറസ്റ്റ് ചെയ്യാൻ എളുപ്പമാണെന്നാണോ നിങ്ങളുടെ വിചാരം?'

ഞാൻ—"അങ്ങനെയൊന്നും ഞാൻ പറയുന്നില്ല. ലാൽജിയെ കൊന്നതു നിങ്ങളുടെ അധികാരാതിർത്തിക്കകത്തു വച്ചാണ്; പുള്ളിയെ പിടിച്ചുതരണം.

അദ്ദേഹം—"ശരിതന്നെ. ഞാൻ അല്പംകൂടെ ഒന്നു പറഞ്ഞുകൊള്ളട്ടെ. ബ്രിട്ടിഷുഗവർമ്മെണ്ടും നാട്ടുരാജ്യങ്ങളും തമ്മിൽ ഓരോവിധം ഇടപാടുകളുണ്ട്. ഈ സമയം പ്രത്യേകിച്ചും മദ്രാസ് ഗവർണരുടെ പ്രത്യേകതാല്പര്യം പ്രമാണിച്ച്, തെന്നിന്ഡ്യൻ നാട്ടുരാജാക്കന്മാരോടു വളരെ ഉപചാരപൂർവ്വം പ്രവർത്തിക്കേണ്ടതാണെന്നും, ബോംബായിൽനിന്ന് യാതൊരുവക സമാധാനഭംഗവും ഉണ്ടാകരുതെന്നും, എഴുതിവന്നിട്ടുണ്ട്. ഇത് ഒന്നും കൊലപാതകപ്പുള്ളിയെ അന്വേഷിക്കുന്നതിനു തടസ്സമല്ല; കാര്യസ്വഭാവം പറഞ്ഞു എന്നേയുള്ളു. പുള്ളിയെ ഞങ്ങൾ അന്വേഷിക്കാം, പിടിക്കാം; പല കേസുകൾ തെളിഞ്ഞുമാഞ്ഞു പോകാറുണ്ടെങ്കിലും, ഇതു അവയിലൊന്നാകുമെന്ന് എനിക്കു വിചാരമില്ല" പിന്നെ ഞങ്ങൾ അധികമായൊന്നും സംസാരിച്ചില്ല. പോലീസുദ്യോഗസ്ഥൻ യാത്രപറഞ്ഞു പോയി. ആ വിദ്വാന്റെ പ്രസംഗത്തിൽ വിഢിത്തം പലതുമുണ്ടെങ്കിലും, എനിക്കും ചില വിഢിത്തം പറ്റിയിട്ടുണ്ടെന്ന് ഞാൻ ഉള്ളുകൊണ്ടു സമ്മതിച്ചുപോയി. ലാൽജിയുടെ

കഥ അല്പംകൂടെ ശ്രദ്ധിച്ചുകേട്ട്, അവൻ സേവിച്ച ദിവാന്റെയോ ആ സ്ഥലത്തിന്റെയോ നാമം ഓർത്തിരിക്കാഞ്ഞതു്, ഒരു വലിയ തെറ്റുതന്നെ. കഴിഞ്ഞതിനെക്കുറിച്ചു ക്ലേശിക്കുന്നതുകൊണ്ടു വലിയ ഫലമൊന്നുമില്ലല്ലോ. ബൊംബായിപ്പോലീസിന്റെ സഹായം ഈ കാര്യത്തിൽ മിക്കവാറും ശൂന്യമായിരിക്കുവാൻ ഇടയുള്ളതായി തോന്നി. ആ സ്ഥിതിക്കു തെക്കെ ഇൻഡ്യയിൽ ഒന്നു സഞ്ചരിച്ചു പ്രസ്തുത പൈശാചികാരാധനാസ്ഥാനത്തെക്കുറിച്ചും, അതിന്റെ നായകനായ ദിവാനെക്കുറിച്ചും, ഞാൻ തന്നെ അന്വേഷണം നടത്താമെന്നാണ് ഒടുവിൽ ഉറച്ചതു്. ഈ കാര്യത്തിൽ ഒരു സഹായത്തിനായി, എന്റെ ഇഷ്ടനും തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷ് റെസിഡണ്ടും ആയ കർണ്ണൽ മെക്കാളിസായ്വിനോടു അപേക്ഷിക്കാമെന്നും ഞാൻ കരുതി.

പിറേറന്നു കല്യാണിക്കപ്പൽ തെക്കു കൊച്ചിക്കുതന്നെ തിരിച്ചു. മെക്കാളിസായ്വിനെ അന്വേഷിച്ചു കൊച്ചിക്കു തിരിച്ചതിന്, ലാൽജിയുടെ വധകാരണാന്വേഷണം കൂടാതെ, വേറൊരു കാരണംകൂടെ ഉണ്ടായിരുന്നു. ഈ രണ്ടാമതു പറഞ്ഞ കാരണം, അല്പം സ്വകാര്യമാണെന്നു മാത്രമല്ല, അങ്ങനെ ഒരു കാരണമുണ്ടെന്ന് അന്നു ഞാൻതന്നെ ഉള്ളവണ്ണം അറിഞ്ഞിരുന്നതുമില്ല. അതു് എന്താണെന്നു പറയാം. ദേശസഞ്ചാരത്തിനായി ഞാൻ ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടിട്ട്, ഏതാനും വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ടൈഫോയിഡ് പനിപിടിച്ച് എന്റെ അച്ഛനും അമ്മയും ഒരേ ആഴ്ചയിൽ മരിക്കുകയും, ആ ഗൃഹത്തിൽ നിന്നും ടൈഫോയിഡിന്റെ ബീജം നിശ്ശേഷം നശിച്ചതായി ഉറപ്പുവരണമെങ്കിൽ ഗൃഹം ഇടിച്ചുപൊളിച്ചു വേറെ പണിയേണ്ടതാണെന്ന് ഡാക്ടർമാർ അഭിപ്രായം പറയുകയും, ചെയ്തതിനാൽ, ഗൃഹകാര്യങ്ങൾ എല്ലാം ഒരു വിശ്വസ്തനായ ഏജണ്ടിനെ ഭരമേല്പിച്ച്, ഞാൻ സഞ്ചാരത്തിനു പുറപ്പെട്ടിരിക്കയാണ്. എനിക്കു ജ്യേഷ്ഠാനുജന്മാരാകട്ടെ സഹോദരിമാരാവട്ടെ പിതൃവഴിക്കും മാതൃവഴിക്കും അടുത്ത ചാർച്ചക്കാരാവട്ടെ ഇല്ലാതിരുന്നതുകൊണ്ടും, അച്ഛനും അമ്മയും ഏകദേശം ഒരുമിച്ചു മരിച്ച ഗൃഹത്തിൽ താമസിക്കുന്നതിന് സ്വസ്ഥത ഇല്ലാതിരുന്നതുകൊണ്ടും, ഇംഗ്ലണ്ടിലേക്കു മടങ്ങാൻ എനിക്കു വലിയ മോഹമുണ്ടായിരുന്നില്ല. ദൈവാനുഗ്രഹത്താൽ സാമാന്യം സ്വത്തുള്ള ഒരു കുടുംബത്തിലാണ് എന്റെ ജനനം. ഏകദേശം ഒന്നരലക്ഷം ഏക്കർ ഭൂമി എന്റെ വകയായുണ്ട്. ഇങ്ങനെ കാലക്ഷേപത്തിനു പരാശ്രയം ആവശ്യമില്ലാത്ത ഞാൻ, പിതൃമാതൃമരണത്തെ ചിന്തിച്ചുചിന്തിച്ച് ആധിപ്പെടാൻ അവകാശമില്ലെന്നു പലരും ഉപദേശിച്ചതും അനുസരിച്ചാണ്, വിനോദാർത്ഥം ഭൂസഞ്ചാരം ചെയ്യാമെന്നു കരുതിയതു്. പിന്നെ ഒന്നാണ്; ഹിതകാരിണിയായ ഒരു യുവതിയെ ഭാര്യയായി കിട്ടുമെങ്കിൽ—അതെ, ഞാൻ ഒന്നും മറച്ചുവയ്ക്കുന്നില്ല—ഗൃഹത്തിലേക്കു മടങ്ങാമെന്നും, ആയുസ്സു മംഗളമായി കഴിച്ചുകൂട്ടാമെന്നും, ചില സമയങ്ങളിൽ തോന്നിയില്ലെന്നുമില്ല. എന്നാൽ ഞാൻ സാമാന്യം സ്വത്തുകാരനായിരുന്നതിനാൽ ചെല്ലുന്ന സ്ഥലങ്ങളിലൊക്കെയും പല പെണ്ണുങ്ങളും അവരുടെ അമ്മമാരും എന്നോടു വളരെ മര്യാദയായും സുഖമായും വർത്തിച്ചിട്ടുണ്ട്. ഞാനും അവരോട് അങ്ങനെതന്നെ വർത്തിച്ചുപോന്നു. പക്ഷേ എന്റെ ആയുസ്സിനെ പകുത്തുകൊടുക്കത്തക്ക ഒരു സ്ത്രീരത്നത്തെ ഞാൻ ഇതുവരെ കണ്ടില്ല. കണ്ടില്ല എന്നാണ് ബൊംബായിൽനിന്നു കൊച്ചിയിലേക്കു മടങ്ങിയസമയം ഞാൻ പറയാൻ തയാറുണ്ടായിരുന്നതു്; എങ്കിലും, കണ്ടുകഴിഞ്ഞിരുന്നു എന്ന് അനന്തരകഥ വെളിപ്പെടുത്തി.



കൎണ്ണൽ മക്കാളി.

കൎണ്ണൽ മക്കാളിക്കു ഒരു സഹോദരി—മേരിമക്കാളിയെന്നു പേർ—വ്ല. ര സ

ങ്കോചവും, വിനയവും, ഉള്ള ഒരു യുവതി. ഞാൻ ബൊംബായിൽ എത്തിയതു കൎണ്ണൽ മക്കാളിയുടെ അതിഥിയായി ഒരാഴ്ച താമസിച്ച ശേഷമാണ്. ഞാനും അദ്ദേഹവും കേംബ്രിഡ്ജിൽ സഹപാഠികളായിരുന്നതിനാൽ, രാത്രി പതിനൊന്നുപന്ത്രണ്ടു മണിവരെയും പല കഥകൾ പറയാനുണ്ടായിരുന്നു ഞങ്ങൾ വെടിപറഞ്ഞു പൊടി പാറുന്നതിനിടയ്ക്ക് മിസ്സ് മക്കാളി ക്ഷമാപൂർവ്വം കുത്തിയിരിക്കുന്നതും, ഇടയ്ക്കിടയ്ക്കു ബുദ്ധിപൂർവ്വകമായ ഓരോ റിമാർക്കുകൾ പറഞ്ഞു പററിക്കുന്നതും മററും കണ്ടു്, ആ യുവതി ഒരു അസാധാരണക്കാരിയായി എന്റെ ഹൃദയത്തിൽ ഞാനറിയാതെ തന്നെ പ്രവേശിച്ചിരുന്നു. ചില രാത്രികളിൽ അവരുടെ യന്ത്രസംഗീതവും കണ്ഠനാദവും ഒരുമിച്ചു ചേർന്നുണ്ടായ കോലാഹലത്തിന്റെ മധുരധ്വനികളും ഉചിതപ്രതിധ്വനികളും, കൊച്ചി ദിഗ്വാസികളെ ഒന്നാകെ കരളംകുളിർപ്പിക്കത്തക്കതായിരുന്നു. ഒരു സ്ഥാനത്തെങ്കിലും മുന്നോട്ടു തിക്കിത്തിരക്കാതെയും, എല്ലാ സ്ഥലത്തും നായികയായും കണ്ട സ്വഭാവസദ്രൂപം നിമിത്തം മിസ്സ് മക്കാളി, ഞാൻ അറിഞ്ഞിരുന്നില്ലെങ്കിലും, എന്റെ മനസ്സിൽ സിംഹാസനാരോഹണം ചെയ്തിരുന്നു. ലാൽജിയുടെ മരണകഥയെപ്പററി കൂടുതൽ വിവരം അന്വേഷിപ്പാനായിട്ടാണ്, ഞാൻ കൊച്ചിക്കു മടങ്ങിയതു് എന്നുള്ളതു വാസ്തവം തന്നെ; കല്യാണിക്കപ്പലോടൊരുമിച്ചു് ബൊംബയിൽ നിന്നു പുറപ്പെട്ടശേഷം കോഴിക്കോട്ട് അടുക്കുന്ന ഒരു കപ്പലിൽ, ഘാതകൻ ഉണ്ടായിരിക്കുവാൻ ഇടയുണ്ടെന്നു് ബൊംബായ് പോലീസുകാർ എന്നെ ഗ്രഹിപ്പിച്ചിരുന്നു. എന്നാൽ ഞാൻ കോഴിക്കോട്ട് അടുക്കാഞ്ഞതും, മേരി മക്കാളിയെ എന്റെ പ്രിയതമയായി ഞാൻ പിന്നീടു വരിക്കാനിടയായതും, മററും ഒരുമിച്ചു് ആലോചിച്ചാൽ, അന്നു ബദ്ധപ്പാടിൽ ഞാൻ കൊച്ചിക്കു തന്നെ മടങ്ങിയതിന്റെ ആന്തരികചരിത്രം പ്രത്യക്ഷമാകുന്നുണ്ടു്. എന്തിനു വിസ്തരിക്കുന്നു! കൊച്ചിയിലെ ദീപസ്തംഭം കണ്ടു തുടങ്ങി. കടൽതീരത്തു നിൽക്കുന്ന ആളുകളെ വേറെ വേറെ കാണാറായി. ഞാൻ കുഴൽക്കണ്ണാടിയിൽ കൂടെ നോക്കി. റസിഡണ്ടും അദ്ദേഹത്തിന്റെ സഹോദരിയും കടൽപ്പുറത്തു് ഉലാത്തുന്നു. നേരം അസ്തമിച്ചു തുടങ്ങിയതിനാൽ കടൽത്തിരവും ആളുകളും ക്രമേണ മറഞ്ഞു. ഒരു മണിക്കൂറിനകം ഞാൻ കടൽതീരത്തേക്കിറങ്ങി; മിസ്റ്റർ മക്കാളി എന്റെ കൈ പിടിച്ചു കുലുക്കി വളരെ വളരെ സന്തോഷിച്ചുകൊണ്ടു് "ഹാ! നിനച്ചിരിയാത്ത ഭാഗ്യം. സ്വാഗതം! ജാൺ" എന്നു പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ സഹോദരിയും മന്ദമന്ദം അടുത്തു വന്നു "സ്വാഗതം!" എന്നു നേരിയ സ്വരത്തിൽ പറഞ്ഞു.

## അദ്ധ്യായം ൪.

### ഒരു ആലോചന.

രാത്രി അത്താഴം കഴിഞ്ഞു. പതിവുപോലെ ഞങ്ങൾ മൂന്നുപേരും വരാന്തയിൽ മൂന്നു കസാലകളിൽ സ്ഥലം പിടിച്ചു.

മക്കാളി:—"മിസ്റ്റർ ജാൺ! നിങ്ങളെ വീണ്ടും കാണ്മാനിടയായതിൽ എനിക്കു് അത്യാനന്ദം തന്നെ. എന്നാൽ എന്റെ ആനന്ദത്തെ ഉദ്ദേശിച്ചാണ് നിങ്ങൾ മടങ്ങി വന്നതെന്നു ഞാൻ കരുതുന്നില്ല. എന്താണു വിശേഷം?"

ഞാൻ:—അക്കാൎയ്യം പറയാൻ ഒരു സന്ദർഭം ഉണ്ടാക്കാൻ ഞാൻ കരുതിയിരിക്കുകയാണ്. വളരെ അസാധാരണമായ ഒരു പൈശാചികകഥ പറഞ്ഞാൽ മിസ്സ് മക്കാളി—

മിസ്സ് മക്കാളി:—നിങ്ങൾ വെറുതെ സൈ്വരസല്ലാപം ചെയ്യാനായി വന്നിരിക്കുകയാണെന്നു കരുതി ഞാൻ ഇങ്ങോട്ടു വന്നു എന്നേയുള്ളു. നിങ്ങൾക്കു പ്രത്യേകം വല്ലതും പറവാനുണ്ടെങ്കിൽ—

ഞാൻ:—ഹേയ്! അങ്ങനെയല്ല, ഞാൻ പറഞ്ഞതിന്റെ സാരം.

മക്കാളി:—നിങ്ങൾ കഥ പറഞ്ഞാൽ എന്റെ സഹോദരി ഭയപ്പെടുമോ എന്നു പരീക്ഷിക്കാനായിട്ടാണു നിങ്ങൾ ബൊംബായിൽ നിന്നു മടങ്ങി വന്നിരിക്കുന്നതു് എന്നാണോ നിങ്ങൾക്കു പറയാനുള്ളതിന്റെ ചുരുക്കം?

ഞാൻ:—കല്പൻ! നിങ്ങൾ അസാരം നേരത്തേക്കു, നേരംപോക്ക് ഒന്നു മാററി വയ്ക്കണം. ഞാൻ ബൊംബായിൽ നിന്നു മടങ്ങി വന്നിരിക്കുന്നതു്, ഒരു ഗൌരവകാൎയ്യവും കൊണ്ടാണെന്നു പ്രത്യക്ഷം. എന്നാൽ അക്കാൎയ്യത്തിന്റെ പ്രാരംഭമായ പ്രസ്താവന എത്രയും ഭയാനകമായ ഒന്നാണ്. അരമണിക്കൂറിനകം നിങ്ങൾ അതു സമ്മതിക്കും. ഞാൻ ആരംഭിക്കട്ടെയോ?

കൎണ്ണൽമക്കാളി:—പറയാം, മേരി വളരെ ധീരയായ ഒരു സ്ത്രീയാണ്. കൎണ്ണൂൽജില്ലയിൽ ഞാൻ കലക്ടരായിരുന്ന കാലം, അവിടെ വിഷൂചികയും മസൂരിയും അനേകശതം ആളുകളെ ബാധിച്ച ഒരു അവസരത്തിൽ, ഏതാനും സ്ത്രീകളെ നേഴ്സുകളായി പരിചയിപ്പിച്ച് അതിന്റെ നായകത്വം വഹിച്ചുകൊണ്ട്—

മിസ് മക്കാളി:—മിസ്റ്റർ നീവിന്റെ കഥകേൾക്കാനല്ലേ നാം വന്നിരിക്കുന്നതു്? ആ സ്ഥിതിക്കു കൎണ്ണൂലിലെ കാളരായുടെ കഥകൾ അത്ര അധികം വിസ്തരിക്കുന്നതു് അനാവശ്യം തന്നെ. മിസ്റ്റർ നീവ്, നിങ്ങൾ പറയാനുള്ളതു പറയുക. നേരവും അതിക്രമിക്കുന്നു.

ലാൽജിയുടെ കഥ മുഴുവൻ ഞാൻ വിവരിച്ചു കേൾപ്പിച്ചു. സഹോദരസഹോദരിമാർ ആരംഭംമുതൽ അവസാനം വരെ നിശ്ചഞ്ചലമായി കേട്ടുകൊണ്ടിരുന്നു. ഈ കഥ ബൊംബായി പോലീസ് അസിസ്റ്റണ്ടു സൂപ്രണ്ടിനെ ഞാൻ പറഞ്ഞുകേൾപ്പിച്ച അവസരത്തിൽ വാഗ്ധാടി അസാരം പോരെന്ന് എനിക്കു തോന്നിയിരുന്നു എങ്കിലും, ഈ പ്രാവശ്യം മട്ടു് ഒന്നു മാറിയിരുന്നു. മിസ് മക്കാളിയുടെ സാന്നിദ്ധ്യമല്ലയോ കാരണം എന്നു എനിക്കുതന്നെ സംശയമുണ്ടു്.

ഗുഹാഗർഭത്തിലെ ക്രൂരകൃത്യങ്ങളെയും, ദിവാനെ ഭയന്നു ലാൽജി കരയേയും കടലിനേയും പിന്നിലാക്കി, ഭയന്നു്, പകലും രാവും സമയം പോക്കാനിടയായതിനേയും, അവസാനം ലാൽജിയുടെ മരണഘട്ടത്തെയും വിവരിച്ചസമയം, എന്റെ വാക്കുകൾ സാമാന്യത്തിൽ കവിഞ്ഞു മൂർച്ചയുള്ളതായി എനിക്കുതന്നെ തോന്നി. ലാൽജിയെ തങ്ങളു മരവിച്ച് എന്റെ അറയ്ക്കകത്തു ഞാൻ കണ്ടകാഴ്ചയെക്കുറിച്ചു പ്രസ്താവിക്കവേ, എന്റെ നാവുകുഴയുകയും ശബ്ദം താഴുകയും ഉണ്ടായി. മേരിയുടെ കണ്ണുകൾ എന്റെ മുഖത്തു ബലമായി പതിഞ്ഞിരുന്നു. എന്നാൽ എന്റെ കണ്ണുകൾ പകരം ആ മുഖ

പങ്കജത്തിൽ ഉറച്ചപ്പോഴേക്കു, പെട്ടെന്നു അവരുടെ മുഖം താഴുകയും വിവർണ്ണമായിത്തീരുകയും ചെയ്തു. കർണ്ണൽ മക്കാളിയാവട്ടെ, കസാലയിൽ നിവൎന്നു, സ്തംഭിച്ചു, ആസനത്തിന്മേൽ നിന്നിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ ഇരുന്ന പുകയിലച്ചുരുട്ടിന്റെ തീയു് ഒരു പതിനഞ്ചു മിനിട്ടു മുമ്പേതന്നെ കെട്ടുപോയിരുന്നകഥ ആദ്ദേഹം അറിഞ്ഞില്ല.

മേരിയാണു്, പിന്നെ ആദ്യമായി സംസാരിച്ചതു്. "സാധു ലാൽജി, മരിക്കുമെന്നുള്ള ബോധം തലേന്നുതന്നെ അവനു സിദ്ധിച്ചിരുന്നു."

കർണ്ണൽമക്കാളി:—മുഴുവൻ പറയുക; ആ കള്ളച്ചെപ്പടിക്കാരനെ പിന്നെ എങ്ങനെ പിടികിട്ടി.

ഞാൻ:—ആ ദുഷ്ടനെ പിടികിട്ടിയില്ല. ബൊംബായിപോലീസുകാരെക്കൊണ്ടു ഒരു ഉപയോഗവും വന്നില്ല. ഇനി വരുമെന്നും തോന്നുന്നില്ല. ഈ കാൎയ്യത്തിൽ ഇനി എന്താണു് പ്രവൎത്തിക്കേണ്ടതു് എന്നു ആലോചിപ്പാനായിട്ടാണു്, ഞാൻ ബൊംബായിൽനിന്നു മടങ്ങിയെത്തിയിരിക്കുന്നതു്.

മക്കാളി:—എന്താണു് ചെയ്യേണ്ടതെന്നു് എനിക്കു ഇപ്പോൾ ഒരു പ്രജ്ഞയും ഇല്ല. ഞാൻ—നമുക്കു് ഇപ്പോൾ കിടക്കാം. നിങ്ങൾ പറഞ്ഞതുപോലെ മഹാപൈശാചികമായ ഈ കഥകേട്ടിട്ടു് എന്റെ തല കറങ്ങുന്നു. ഞാൻ വല്ലതും ഒന്നു ആലോചിക്കട്ടെ. രാവിലെ—വേണ്ടാ—രാവിലെ എനിക്കു കച്ചേരിക്കാൎയ്യം ചിലതു് അത്യാവശ്യമായിട്ടു നോക്കാനുണ്ടു്; നാളെ രാത്രി നമുക്കു ഈ വരാന്തയിൽക്കൂടി വല്ലതും ഒന്നു ഉറയ്ക്കാം.

ഞാൻ:—ശരി,

ഞങ്ങൾ ഉടനെ ഉറങ്ങാൻ പോയില്ല. കൊലപാതകം, നരബലി, മുതലായവ അടങ്ങിയ ദുഷ്ടദിവാന്റെ കഥകേട്ടു മനസ്സിന്റെ കെട്ടുകൾ അഴിഞ്ഞിരുന്ന ആ മുഹൂൎത്തത്തിൽ, ഒററഒററയായി പിരിയുവാൻ ഞങ്ങളിൽ ഒരുത്തൎക്കും ധൈൎയ്യം ഉണ്ടായില്ല എന്നുള്ളതാണു വാസ്തവം. ആയതിനാൽ പിന്നെയും ഏകദേശം ഒന്നുരണ്ടുമണിക്കൂറുനേരം ഞങ്ങൾ ഓരോ സാധാരണകാൎയ്യങ്ങളെ വിവരിച്ചു്, ഉറക്കെച്ചിരിച്ചു്, പോടികളഞ്ഞുകൊണ്ടിരുന്നു.

കർണ്ണൽമക്കാളി:—ഇനിക്കിടക്കുകയല്ലേ?.

പിറേറന്നു രാവിലെ ശാപ്പാടുകഴിഞ്ഞു് കർണ്ണൽമക്കാളി കച്ചേരിക്കുപോയി. പിന്നെ ഞങ്ങൾ രണ്ടുപേരും—മേരിയുംഞാനും തന്നെ—ആ വലിയബംഗ്ലാവിന്റെ നായികാനായകന്മാരായി. ഏതോ പരുങ്ങലിൽ അകപ്പെട്ടതുപോലെ ഞങ്ങൾ രണ്ടുപേൎക്കും തോന്നി. പകൽ മിക്കവാറും മുഴുവനുംതന്നെ, അടുത്തടുത്തുള്ള രണ്ടു കസാലകളിൽ ഇരുന്നു ഞങ്ങൾ സമയം പോക്കി. ആരുംതന്നെ ഒന്നും അധികമായി സംസാരിച്ചില്ല. പടമെടുക്കുവാനായിട്ടെന്നതുപോലെയുള്ള ഞങ്ങളുടെ ഇരിപ്പു്, റസിഡൻസിയിലെ വേലക്കാൎക്കും മററും കുറേ നേരംപോക്കായി തോന്നിയിരുന്നിരിക്കണം. മൂന്നുമണിയോടുകൂടെ ചതുരംഗം വയ്ക്കാമെന്നു ഒരു അഭിപ്രായം എങ്ങനെയോ പുറപ്പെട്ടു. ഞങ്ങൾ രണ്ടാളും ആ കളിയിൽ വലിയ പരിചയമുള്ളവരല്ലായിരുന്നു; എങ്കിലും മുറയ്ക്കു ക

ളിനടന്നു. ആദ്യത്തെ രണ്ടു വര ഞാൻ തോററു. മേരിക്ക് ഇതുകണ്ടു പരിഭവമായി. ഞാൻ അറിഞ്ഞുകൊണ്ടു തോല്ക്കുകയാണെന്നായിരുന്നു, ആ യുവതിയുടെ ആശയം. അടുത്തപ്രാവശ്യം ഞാൻ ജയിക്കണമെന്നും, തോല്ക്കുന്നപക്ഷം പിന്നെ എന്റെ കൂടി ഒരിക്കലും ചതുരംഗം പൊരുവാൻ താൻ പുറപ്പെടുകയില്ലെന്നും, മേരി ശാഠ്യം പിടിച്ചു; ഞാൻ കുഴങ്ങി. നിവൃത്തിയില്ലായ്കയാൽ കരാറു സമ്മതിച്ചു മൂന്നാമത്തും കരു നിരത്തി. ആരംഭം സാമാന്യംപോലെ കഴിഞ്ഞു. എന്നാൽ കളി അവസാനത്തോട് അടുക്കുംതോറും മേരിയുടെ ശ്വാസോച്ഛ്വാസം വിഷമമായി വരുന്നതുപോലെയും, മനസ്സിന് ഏതോ ക്ഷോഭം ഭവിക്കുന്നതുപോലെയും എനിക്കു തോന്നി. അവളുടെ മുഖഭാവം മാറിത്തുടങ്ങി. എനിക്കു കാൎയ്യം മനസ്സിലായില്ല. ആദ്യകരാറിനെ മുൻനിറുത്തിക്കൊണ്ടുതന്നെ ഞാൻ കളിച്ചു. ഒടുവിൽ മേരി തോററു; ഞാൻ ജയിച്ചു. പെട്ടെന്നു അവർ എഴുനീററു് ശയനമുറിയിലേക്കു പോയി. എന്റെ ഭാൎയ്യയായി അനേകമാസം കഴിഞ്ഞു ഒരു ദിവസം ഇക്കാൎയ്യത്തെക്കുറിച്ചു ആ തരുണീരത്നം എന്നോടു സംസാരിക്കയുണ്ടായി. ചതുരംഗപ്പോരിനെ ആ സ്ത്രീരത്നം തന്റെ ആയുസ്സിന്റെ ഒരു ചരിത്രമായി സങ്കല്പിച്ചിരുന്നു എന്നും, ഞാൻ ജയിച്ചു എങ്കിൽ ഞാൻ അവളുടെ മനസ്സിനേയും, പ്രണയത്തേയും ജയിക്കുമെന്ന്, അവർ കരുതിയിരുന്നു എന്നു തറയിൽനോക്കിക്കൊണ്ടും കാൽവിരൽകൊണ്ടു നിലത്തു എന്തോ എഴുതിക്കൊണ്ടും, അവർ എന്നെ ഗ്രഹിപ്പിച്ചു. ചതുരംഗായോധനത്തിന്റെ അവസാനത്തിൽ മേരിയുടെ ഹൃദയം തുടിച്ചതിന്റെയും മുഖം വിവൎണ്ണമായതിന്റെയും കാരണം, അപ്പോഴാണ് എനിക്കു മുഴുവനായി മനസ്സിലായത്.

നാലുമണിയോടുകൂടെ കൎണ്ണൽ മക്കാളി കച്ചേരിയിൽനിന്നു മടങ്ങി. സാധാരണയായി ആറുമണികഴിഞ്ഞുമാത്രം കച്ചേരിയിൽനിന്നു മടങ്ങുക പതിവുണ്ടായിരുന്ന കൎണ്ണൽ മക്കാളി, ആ ദിവസം പകലെ വരുവാൻ ഇടയായത്, സ്നേഹിതനായ മിസ്റ്റർ ജീവിന്റെ സാന്നിദ്ധ്യംകൊണ്ടാണെന്നും, ഇഷ്ടജനവിരഹം എല്ലാവൎക്കും അസുഖകാരണമാണെന്നും, കൎണ്ണൽ മക്കാളി കച്ചേരിയിൽ അധികം താമസിച്ചുകളയുന്നതു പണിത്തിരക്കുകൊണ്ടു മാത്രമല്ലെന്നു ഇപ്പോൾ മനസ്സിലായെന്നും, മററും, പറഞ്ഞു മേരി അദ്ദേഹത്തെ കുറച്ചുനേരം കേളീപരിഹാസം ചെയ്തുകൊണ്ടിരുന്നു. അതുകഴിഞ്ഞു ഞങ്ങൾ മൂന്നാളുംകൂടെ ഒരു സവാരികഴിഞ്ഞു മടങ്ങി; അത്താഴം കഴിഞ്ഞു വേലക്കാർ ഒക്കെയും അവരവരുടെ സ്ഥാനങ്ങളിൽ കിടക്കവിരിച്ചു; ഞങ്ങൾ തലേദിവസത്തേതുപോലെ വരാന്തയിൽ ആസനസ്ഥരായി.

---

## അദ്ധ്യായം ൬.

---

### ഒരു നിശ്ചയം.

അതെ! ഞങ്ങൾ ആസനസ്ഥരായി. ചുരുട്ടു പിടിക്കുക മുതലായ പ്രാരംഭങ്ങൾ കഴിഞ്ഞശേഷം കൎണ്ണൽ മക്കാളി പറഞ്ഞു തുടങ്ങി:—

"മിസ്റ്റർ ജാൺ, ലാൽജിയുടെ വൃത്താന്തം കേട്ടതിങ്കൽ എനിക്കുണ്ടായ മനോവികാരങ്ങളിൽ അല്പമെങ്കിലും ഞാൻ ഇന്നലെ പ്രദൎശിപ്പിച്ചില്ല. ഒരു നാട്ടുരാജ്യത്തിന്റെ

ദിവാൻ, നിങ്ങൾ പറയുന്ന രീതിക്ക്, ക്രൂരനും ദുഷ്ടനും ആയിരുന്നെന്ന് ഇപ്പോഴും എനിക്കു വിശ്വാസം തോന്നുന്നില്ല; എങ്കിലും, നിങ്ങളെ അവിശ്വസിക്കുവാനും ഞാൻ കാരണം കാണുന്നില്ല. നാട്ടുരാജ്യങ്ങളുടേയും ദിവാന്മാരുടേയും നാമങ്ങളെ ഞാൻ പറഞ്ഞിട്ടും പ്രസ്തുതനാമം നിങ്ങൾക്ക് ഓർമ്മ വരാതിരിക്കുന്നതു വേറൊരു വിസ്മയവുമാണ്. എന്നാൽ നിങ്ങൾ പറഞ്ഞ കഥ കേവലം അസംഭാവ്യമെന്നു ഞാൻ തള്ളിക്കളയുന്നില്ല. ഇൻഡ്യയിലെ ഓരോ മതവിഭാഗക്കാരുടെ ആചാരങ്ങളും വിശ്വാസങ്ങളും യൂറോപ്യന്മാരായ നമുക്കു കേവലം അജ്ഞാതങ്ങളാണ്. ദിവസം നാലു മണിക്കൂറുവീതം തല കീഴ്ക്കാംപാടായി നിന്നുകൊണ്ട് "ഓം ബ്രഹ്മബുദ്ധ" എന്നാദിയായ ഒരു മന്ത്രം, അമ്പതു വർഷക്കാലം ഉറച്ച ഹിമത്തിലിരുന്നു ജപിക്കുന്ന ഒരു മനുഷ്യൻ, എല്ലാത്തരത്തിലുള്ള ഘനവസ്തുക്കളിലും കൂടെ—നാം കണ്ണാടിയിൽ കൂടെ എന്നതുവണ്ണം—കാണുന്നതിനു ശക്തിയെ പ്രാപിക്കുമെന്നും, സ്വന്തം കൈ കാൽ മുതലായ ഏതെങ്കിലും ഒരു ദേഹാംശം ഛേദിക്കപ്പെട്ടാൽ—വാഴയുടെ ശിരസ്സ് ഛേദിച്ചാലെന്നതുപോലെ—വീണ്ടും വളൻ്റു ശരിപ്പെട്ടുകൊള്ളുമെന്നും, വിശ്വസിച്ചിരുന്നവരായ ഒരു കൂട്ടം ആളുകൾ കോഴിക്കോട്ടും ഈ കൊച്ചീരാജ്യത്തു തൃശ്ശിവപേരൂരും ഉണ്ടായിരുന്നു. ഈ വാസ്തവം, തിരുവിതാംകൂറിൽ വൈക്കം ക്ഷേത്രത്തിൽ പെരുംതൃക്കോവിലപ്പന്റെ പ്രതിഷ്ഠാസ്ഥാനത്തിന്റെ ഇടത്തുവശത്തായുള്ള ഒരു ശിലാരേഖയിൽ നിന്നു കഴിഞ്ഞ വർഷത്തിൽ എനിക്കു മനസ്സിലായതാണ്. കേംബ്രിഡ്ജിൽ ഞാൻ പഠിച്ചിരുന്ന കാലത്തു പുരാണവസ്തുപരിശോധനം സംബന്ധിച്ചുണ്ടായിരുന്ന വാസന, എനിക്ക് ഇൻഡ്യയിൽ പണിയായതുമുതൽ, അസാരം വികസിച്ചിട്ടുണ്ട്. വൈക്കം ക്ഷേത്രത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച ഒരു വ്യവഹാരത്തിൽ തന്റെ ഭാഗത്തേക്ക് അനുകൂലമായ ഒരു ലക്ഷ്യം ഈ ശിലാരേഖയിൽ ഉണ്ടായിരിക്കുമെന്നു കരുതി, ഒരു നമ്പൂരി ശിലാരേഖമേൽ അമർത്തി എടുത്തുകൊണ്ടുവന്ന ഏതാനും മെഴുക പലകകളിൽ നിന്നാണ്, എനിക്ക് ഈ അറിവു സിദ്ധിച്ചത്. ഞാൻ മനസ്സിലാക്കിയ ഈ സംഗതി ഒരു കെട്ടുകഥയെന്ന് ആരും തള്ളിക്കളയുവാൻ ഇടയുണ്ട്. എനിക്കും അതിൽ വിശ്വാസമുണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ കേവലം ഒരു കെട്ടുകഥയാണ് ഇത് എന്നു വരികിൽ, പബ്ളിക്കായ ഒരു സ്ഥലത്തു വളരെ ദ്രവ്യം ചെലവു ചെയ്ത് ഇങ്ങനെ ഒരു ശിലാരേഖ സ്ഥാപിപ്പാനിടയായത് എങ്ങനെയെന്ന് ഒരു ചോദ്യം ഉണ്ടാകുന്നുണ്ട്. അതു പോകട്ടെ, മേല്പറഞ്ഞ മതവിഭാഗത്തിന്റെ പ്രധാന പുരോഹിതൻ പന്ത്രണ്ടു വർഷം മാത്രമേ കാര്യാന്വേഷണം നടത്തേണ്ടതെന്നും, ആ കാലത്തിന്റെ അവസാനത്തിൽ ആ പുരോഹിതനെ അടിച്ചു കൊല്ലേണ്ടതു് ആ മതത്തിൽ പെട്ട അന്യ പ്രധാനന്മാരുടെ ധർമ്മമാണെന്നും, ആ ചട്ടം പ്രമാണിച്ചു മരിച്ചുകൊള്ളുന്നതിനു "ശമതരണന്മാർ" എന്നു പേരായ ആ പ്രധാനപുരോഹിതന്മാർ ഒരിക്കലെങ്കിലും വൈമനസ്യം കാണിക്കാറില്ലായിരുന്നു എന്നും, കൂടെ വൈക്കത്തെ ശിലാരേഖയിൽ ഞാൻ വായിക്കുകയുണ്ടായി. മുമ്പു പൌരോഹിത്യം ഉണ്ടായിരുന്നവരെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നവരും, ഇപ്പോഴും രാജ്യാധിപത്യം ഉള്ളവരും ആയ കോഴിക്കോട്ടു സാമൂതിരിമാരിൽ പ്രധാനിയെ, പന്ത്രണ്ടാം കൊല്ലത്തിൽ അടിച്ചു കൊല്ലുക മുൻകാലങ്ങളിൽ പതിവായിരുന്നു എന്നുള്ളതു ചരിത്രം സമ്മതിക്കുന്ന ഒരു വാസ്തവമാണ്. ആ ചരിത്രലക്ഷ്യം അറിയുന്നവർ വൈക്കം ശിലാരേഖയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന മതാചാരസ്വരൂപം, കേവലം അടിസ്ഥാനരഹിതമാണെന്നു വാദിക്കുമെന്നു തോന്നുന്നില്ല. ലാൽജിയുടെ മുഖത്തുനിന്നു നിങ്ങൾ കേട്ടതു വാസ്തവമായിരിക്കുവാൻ ഇടയുള്ള ഒന്നല്ല; എങ്കിലും അതു് അവാസ്തവമെന്നു തള്ളുവാൻ ഞാൻ തയാറില്ല. അതുകൊണ്ടു ആലോചിച്ചതിൽ

ഏതോ ഒരു മഹാരഹസ്യത്തിന്റെ പ്രാരംഭത്തിലാണു നാം വന്നു ചേൎന്നിരിക്കുന്നതു് എന്നു തോന്നുന്നു. ഈ വക കാൎയ്യങ്ങളിൽ നമുക്കു ശരിയായ ഉപദേശം തരുവാൻ കഴിവുള്ള ഒരാൾ ഉണ്ടു്. അദ്ദേഹം—

മിസ്സ് മക്കാളി—മിസ്റ്റർ സഡ്ലിയല്ലേ? അദ്ദേഹത്തിന്റെ മകളെ ആരോ മോഷ്ടിച്ചു കൊണ്ടുപോയ വിവരം വേറൊരവസരത്തിൽ എന്നോടു പറയാമെന്നു നിങ്ങൾ ഒരു ദിവസം പറഞ്ഞതു് ഓൎമ്മയുണ്ടായിരിക്കുമല്ലോ.

കൎണ്ണൽ മക്കാളി:—ഓൎമ്മയുണ്ടു്. ജാൺ, ശ്രദ്ധിച്ചു കേൾക്കുക. അദ്ദേഹത്തിന്റെ ചരിത്രം അറിയുന്നപക്ഷം, ഈ കാൎയ്യത്തിൽ ഒരു വെളിവു് കിട്ടുന്നതിനു പുറപ്പെടേണ്ടതു് എങ്ങനെയെന്നു നിശ്ചയിക്കുവാൻ നിങ്ങൾക്കും കഴിവുണ്ടാകാം.

ഞാൻ:—പറയൂ.

മക്കാളി:—മിസ്റ്റർ സഡ്ലിയുടെ ചരിത്രം വളരെ പരിതാപകരമായ ഒന്നു തന്നെ. ഏകദേശം ഇരുപതു വൎഷങ്ങൾക്കു മുമ്പു സഡ്ലി ബ്രിട്ടീഷു ഗവൎമ്മെന്റിന്റെ കീഴിൽ ഒരു ഉയൎന്ന ഉദ്യോഗസ്ഥനായിരുന്നു. ഒരു പ്രാവശ്യം അദ്ദേഹം തന്റെ അധികാരാതിൎത്തിക്കകത്തു സൎക്ക്യൂട്ടു ചെയ്തിരുന്ന അവസരത്തിലാണു്, അദ്ദേഹത്തിനു കഷ്ടകാലം ആരംഭിച്ചതു്. മദാമ്മയും അദ്ദേഹത്തിന്റെ ഒരു വയസ്സായ ഏക സ്ത്രീസന്താനവും, ഒരു ആയയും കൂടെ ഉണ്ടായിരുന്നു. ഒരു ദിവസം രാവിലെ, ആയയെയും കുട്ടിയേയും കാണാനില്ലാതെ ആയി. അവിടെ ക്യാമ്പിൽ ഉണ്ടായ സംഭ്രമവും കോലാഹലവും ഊഹിച്ചുകൊള്ളുക. ക്യാമ്പും, പുരയിടവും, ഗ്രാമവും—ആ പ്രദേശമെല്ലാം—ശിപായിമാരും, ആൾക്കാരും, പൌരപ്രധാനന്മാരും ചേൎന്നു, തിരഞ്ഞുകഴിഞ്ഞു. കുട്ടിയെ കാണ്മാനില്ല. ആയയേയും അങ്ങനെ തന്നെ. ആയയ്ക്കു കുട്ടിയെ പ്രാണസ്നേഹമായിട്ടാണു് അറിഞ്ഞിരുന്നതു്. ആ സംഭവം നടന്നതിന്റെ തലേന്നു മിസസ്സ് സഡ്ലി ഏതോ കാരണം നിമിത്തം ആയയെ ശകാരിച്ചു എന്നും, അതിനാൽ മദാമ്മയ്ക്കു് ഒരു ഹൃദയശല്യവും തനിക്കു ഒരു നിത്യസന്തോഷവും സിദ്ധിപ്പാൻ തക്കവണ്ണം, ആയ കുട്ടിയെയും കൊണ്ടു കടന്നുകളഞ്ഞതാണെന്നും, ഒടുവിൽ എല്ലാവരും സമാധാനിച്ചു. എന്നാൽ ആ സമാധാനം മിസസ്സ് സഡ്ലിക്കു് ഒരു സമാധാനമായില്ല. അടുത്തുള്ള ഗൃഹസ്ഥന്മാർ, സൎക്കാരുദ്യോഗസ്ഥന്മാർ, നാട്ടുരാജാക്കന്മാർ മുതലായവരുടെ വസതികളിൽനിന്നും—ഒരു നൂറു നാഴിക അകലത്തിലുള്ള മിക്കവാറും എല്ലാ സ്ഥലങ്ങളിൽ നിന്നും—ദിവസംപ്രതി എന്നതുപോലെ “കുട്ടിയെ കണ്ടില്ല, കണ്ടില്ല” എന്നിങ്ങനെ തുടരെത്തുടരെ ആൾ വന്നു് അറിവു കൊടുത്തുകൂടെ, ആധിവിഹ്വലയായ ആ സാധ്വി സാമാന്യം ഒരു അസ്ഥിരചിത്തയായിത്തീൎന്നു. ചുരുക്കിപ്പറയാമല്ലോ. കുഞ്ഞിനെ കാണാതെയായിട്ടു ഏകദേശം ഒരു മാസം കഴിഞ്ഞു് ഒരു ദിവസം മിസസ്സ് സഡ്ലി വിഷൂചികാബാധിതയായി, രണ്ടു മണിക്കൂറിനകം—ഹാ കഷ്ടം—ആറാഴ്ചവട്ടങ്ങൾക്കു മുമ്പു, സൎവ്വാംഗസുന്ദരിയായി, സൎവ്വരുടെ കളിഹാസോല്ലാസസ്ഥാനമായിരുന്ന ആ സ്ത്രീ—കഥാവശേഷയായി. അടുത്തടുത്തു വന്ന ഈ വിപത്തുകളെ വഹിക്കുന്നതിനു മിസ്റ്റർ സഡ്ലിക്കു കഴിഞ്ഞില്ല. മരണത്തിന്റെ പ്രത്യക്ഷ കാരണം വിഷൂചിക ആയിരുന്നു എങ്കിലും, ശിശുനാശം നിമിത്തം മുമ്പു തന്നെ വ്യാ

ധിപ്പെട്ടിരുന്നതുകൊണ്ടാണ്, ആ സ്ത്രീ അത്ര പെട്ടെന്നു മരിച്ചുപോവാനിടയായത് എന്ന് അനുമാനിച്ചുകൊണ്ടും, ശിശുവിനെ അന്വേഷിച്ചുകൊണ്ടുവരാഞ്ഞ താൻ തന്നെയാണ് ആ സ്ത്രീയുടെ യഥാൎത്ഥ ഘാതകൻ എന്നു പ്രസ്താവിച്ചുകൊണ്ടും, മിസ്റ്റർ സഡ്‌ലി, കുറേശ്ശ ചിത്തഭ്രമം പിടിച്ച്, പുറകേ സന്നി ബാധിച്ച് അപകടത്തിലായി. മദ്രാസിലാണ് അദ്ദേഹത്തിന്റെ ചികിത്സ നടന്നത്. അവിടെ സുപ്രസിദ്ധന്മാരായ ഭിഷഗ്വരന്മാരുടെ പാടവം കൊണ്ടും, പ്രത്യേകിച്ചു മിസ്റ്റർ സഡ്‌ലിയുടെ കൂടെ വളരെക്കാലം സേവിച്ചു പോന്നിരുന്ന ഒരു പട്ടാണിശ്ശിപായിയുടെ മനുഷ്യാസാധാരണമായ ശുശ്രൂഷകൊണ്ടും, മൂന്നു മാസം കൊണ്ടു രോഗം സുഖമായി. രോഗം സുഖമായി എന്നു പറഞ്ഞതുകൊണ്ട് അദ്ദേഹം പൂർവ്വാവസ്ഥയെ പ്രാപിച്ചു എന്നു ഗ്രഹിക്കരുത്. അദ്ദേഹം ശരീരത്തിലും മനസ്സിലും വളരെ ഭേദപ്പെട്ടുപോയിരുന്നു. അപേക്ഷകൂടാതെ അനുവദിച്ചിരുന്ന രണ്ടു വർഷത്തെ അവധിയെ ഉപയോഗപ്പെടുത്താതെ അദ്ദേഹം അതേ! ഗവണ്മെന്റുദ്യോഗം വ[illegible] ഉയരുവാൻ ഇടയുണ്ടായിരുന്ന പ്രസിദ്ധനായ മിസ്റ്റർ ഫാക്കോട്ടു സഡ്‌ലി — ഉദ്യോഗം രാജികൊടുത്തു.

പണമിടപെട്ട കാൎയ്യങ്ങളെല്ലാം ഉടനെ അദ്ദേഹം ഇഷ്ടനായ ബാരിസ്റ്റർ ജേക്കബ് ബാസ്റ്റോവിനെ ഏല്പിച്ചശേഷം—പിന്നെ സഡ്‌ലിയെ ആരും കണ്ടില്ല—രണ്ടുവൎഷക്കാലത്തേക്കു അദ്ദേഹം എവിടെയാണെന്നു ഒരുത്തനും അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം ഉദ്യോഗത്തിൽ ഇരിക്കുന്ന കാലത്തിൽ വളരെ അടുത്തു പരിചയമായിരുന്ന ഒരു പോലീസുദ്യോഗസ്ഥൻ ഒരു കള്ളനെ പിടിക്കുവാനായി ഒരു പക്കീരിവേഷം കെട്ടി ഒരുകൂട്ടം പക്കീരികളോടുകൂടെ നടക്കുകയും, ആ കൂട്ടത്തിൽ ഒരു പക്കീരിയെ കള്ളനാണെന്നുവച്ചു പിടിക്കുകയും; സംഗതി ഗൌരവപ്പെട്ടുവാൻ തുടങ്ങുകയും ചെയ്ത അവസരത്തിലാണ്, ഒരു രഹസ്യം വെളിപ്പെട്ടത്. പിടിക്കപ്പെട്ട പക്കീരി, മിസ്റ്റർ സഡ്‌ലി ആയിരുന്നു. മിസ്റ്റർ സഡ്‌ലിയെ ഉടനെ വിട്ടുകളഞ്ഞു എന്നു പറയേണ്ടതില്ലല്ലോ. സഡ്‌ലി ജീവിച്ചിരിപ്പുണ്ടെന്നും നാട്ടുകാരുടെ ആചാരങ്ങളും സമ്പ്രദായങ്ങളും അദ്ദേഹം വിസ്മയജനകമാംവണ്ണം വശമാക്കിയിരുന്നു എന്നും, ഹിന്ദുസ്ഥാനി, തെലുങ്കു, തമിഴ, മറാട്ടി, മുതലായ ഭാഷകൾ സ്വതന്ത്രമായി അദ്ദേഹം ഉപയോഗിച്ചിരുന്നു എന്നും, ദിക്കെങ്ങും പ്രസിദ്ധമായി. എന്നാൽ സഡ്‌ലി പിന്നെയും അന്തൎദ്ധാനം ചെയ്തു. വൎഷങ്ങൾ പത്തുകഴിഞ്ഞപ്പോൾ ബാരിസ്റ്റർ മിസ്റ്റർ ജേക്കബ്ബ് ബാസ്റ്റോവിനു അദ്ദേഹത്തിന്റെ ഒരു എഴുത്തുകിട്ടി. രാജപട്ടണത്തിനടുത്തുള്ള ഒരു ഗുഹയിൽ അദ്ദേഹം താമസം സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നും, ഏതാനും പണമിടപാടുകൾ പറഞ്ഞുതീൎക്കാനായി ബാരിസ്റ്റർ അവിടം ചെല്ലണമെന്നും, ആയിരുന്നു കാൎയ്യസാരം. പ്രായംകൊണ്ടു കൂനി, ജരാനരകൾ ബാധിച്ചു ചൊറിഞ്ഞും, ഹൈന്ദവസമ്പ്രദായത്തിൽ തലപ്പാവും പാളത്താറും ധരിച്ചും, ഉള്ള ഒരു വൃദ്ധനെ ആണ് ബാരിസ്റ്റർ, ആൾപാൎപ്പു അടുത്തെങ്ങും ഇല്ലാതിരുന്ന ആ ഗുഹയിൽ, കണ്ടത്; അതു ഫാക്കോട്ടു സഡ്‌ലി ആയിരുന്നു.

നഗരവാസത്തിലേക്കു തിരികെ വരുവാനുള്ള ക്ഷണത്തെ സഡ്‌ലി കേട്ടതായി ഭാവിച്ചില്ല. കട്ടിൽ, കസാല, വിളക്കു, മുതലായ ഏതാനും സാമാനങ്ങളും, രണ്ടുമൂന്നു അലമാരിനിറയെപ്പുസ്തകങ്ങളും, ഇംഗ്ലണ്ട് അമേരിക്ക മുതലായ സ്ഥലങ്ങളിൽ പ്രസിദ്ധം ചെയ്തുവരുന്ന ഒന്നാംതരം ഏതാനും മാസികകളും, പെൻഷൻ പണം വാങ്ങാതെ കിട

കുന്നതു വാങ്ങി വേണ്ട ഏൎപ്പാടുകൾ ചെയ്തു, പ്രതിമാസം ഇത്ര രൂപായും, അയച്ചുകൊടുക്കണമെന്നു വിവരം ഗ്രഹിപ്പിക്കുവാൻ മാത്രമായിരുന്നു, അദ്ദേഹം ബാരിസ്റ്ററെ കാണ്മാൻ ആഗ്രഹിച്ചതു്. ബാരിസ്റ്റർ ചെന്ന സമയം സഡ്ലിയുടെ സഹചരൻ ഹസ്സനേയും അവിടെക്കണ്ടു. കാലപ്പഴക്കം നിമിത്തം സഡ്ലിക്കു മനഃക്ലേശത്തിനു വളരെ കുറവു വന്നിട്ടുണ്ടു് എന്നും, മാനസികാമുഷ്മികവിഷയങ്ങളിൽബുദ്ധിയെ വ്യാപരിപ്പിച്ചുആയുശ്ശേഷത്തെ ശാന്തമായിക്കഴിക്കുവാൻ മാത്രമാണു് അദ്ദേഹം കാംക്ഷിക്കുന്നതെന്നും ഹസ്സന്റെ വൎത്തമാനത്തിൽനിന്നു ബാരിസ്റ്റർ അനുമാനിച്ചു.

വിജനവാസമാണു് അദ്ദേഹത്തിനു് ഇഷ്ടമായിരുന്നതു്, എങ്കിലും, മനുഷ്യരെ അശേഷം കാണരുതു് എന്നു അദ്ദേഹം വച്ചിരുന്നില്ല. എന്നു മാത്രമല്ല, അവിടെ ഗുഹയിൽ താമസമാക്കിയവിവരം, ഒരു മൂന്നുനാലുസ്നേഹിതന്മാരെ, അദ്ദേഹം എഴുത്തുമൂലം തെൎയ്യപ്പെടുത്തുകയും, അവർ അവിടെച്ചെന്നു അദ്ദേഹത്തെക്കാണുകയും ചെയ്തിട്ടുണ്ടു്. രണ്ടുപ്രാവശ്യം അദ്ദേഹത്തെ ആ ഗുഹയിൽ ചെന്നു സന്ദൎശിക്കുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു. ഇപ്പോൾ സംസ്കൃതം അറബി പാൎസ്യൻ, പാലി, സിൻഡ് മുതലായ ഭാഷകളിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം അപാരമാണെന്നുള്ളതു്, പലർ പറഞ്ഞും ഞാൻ പരീക്ഷിച്ചും അറിഞ്ഞിട്ടുണ്ടു്.

ഞാൻ കഥ അസാരം വിസ്തരിച്ചതു് കേവലം വിനോദത്തെ ഉദ്ദേശിച്ചല്ല. അദ്ദേഹത്തെക്കൊണ്ടു നമുക്കു പ്രസ്തുത അന്വേഷണത്തിൽ ഉണ്ടാകുവാനിടയുള്ള ഉപയോഗിതയെക്കുറിച്ചു, സ്വതന്ത്രമായി നിങ്ങൾക്കു് ഒരു അഭിപ്രായം ഉണ്ടാവട്ടെ എന്നു കരുതിയാണു്.

ഞാൻ. മിസ്റ്റർ സഡ്ലിയുടെ കഥയെക്കേട്ടുകൊണ്ടിരുന്ന ഞാൻ, നാം ആരംഭിച്ച കാൎയ്യം അശേഷം മറന്നുപോയി. നമ്മുടെ അന്വേഷണത്തിൽ സഡ്ലിയെ ഒരു സഹായിയായി കിട്ടുമെങ്കിൽ, അതൊരു വലിയ ഭാഗ്യമെന്നാണു് ഞാൻ കരുതുന്നതു്.

കൎണ്ണൽമക്കാളി—അതേ, സംശയമില്ല. അദ്ദേഹംകൂടെ ഉത്സാഹിക്കാമെങ്കിൽ, നമ്മുടെ പരിശ്രമം വ്യൎത്ഥമാവുകയില്ല. ഏതായാലും ഞാൻ ഒന്നുറച്ചു. അതായതു് ദുഷ്ടനായ ഈ ദിവാനെ അന്വേഷിച്ചു പിടിക്കാമോ എന്നു കഴിയുന്നതും ഒന്നു പരീക്ഷിക്കണമെന്നാണു്. ഉടനെ ആറുമാസത്തെ അവധി എനിക്കു അനുവദിച്ചു തരണമെന്നു് ഞാൻ ഇന്നു മദ്രാസിലേക്കു അപേക്ഷ അയച്ചിട്ടുണ്ടു്. ജോലിത്തിരക്കുനിമിത്തം ഞാൻ പ്രത്യക്ഷത്തിൽ ക്ഷീണിച്ചുപോയി എന്നും, രണ്ടു വൎഷത്തോളം അവധി അവകാശപ്പെട്ടു കിടക്കുന്നതു് അപേക്ഷിച്ചാൽ ഉടനെ അനുവദിച്ചു തരാമെന്നും, ഒരു മൂന്നു മാസത്തിനുമുമ്പു് ഗവൎണ്ണർതന്നെ മദ്രാസിൽവച്ചു എന്നോടു പറഞ്ഞിട്ടുള്ളതാണു്. ആ സ്ഥിതിയ്ക്കു്, അവധിക്കാൎയ്യത്തെക്കുറിച്ചു സംശയിപ്പാനൊന്നുമില്ല. വേട്ടചെയ്തും, ദാരസല്ലാപംചെയ്തും, കച്ചേരിക്കാൎയ്യം ഒന്നും ചെയ്യാതിരുന്നും, ദേഹത്തിനും ബുദ്ധിക്കും സ്വല്പം വിശ്രമം അനുവദിക്കേണ്ടതാണെന്നു മൂന്നു നാലു വൎഷമായി ഞാൻ ആഗ്രഹിക്കുന്നതാണു്; എങ്കിലും, ഇതേവരെ സാധിച്ചില്ല. ഇപ്പോൾ അതിനു സന്ദൎഭം ഉണ്ടാക്കിത്തന്നതിനായി ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. നാം ഇക്കാൎയ്യത്തിൽ ഉത്സാഹിക്കുന്ന വിവരം

എത്രയും രഹസ്യമായിരിക്കണം. നാം അറിയുന്നിടത്തോളംകൊണ്ടു വിധിച്ചാൽ, ദിവാൻ വളരെ അസാധാരണനാണ്. ഭൂമിയെല്ലാം തന്റെ കൈക്കകത്താണെന്നു ആയാൾ പ്രസ്താവിച്ചതു് വെറും വീരവാദമല്ലെന്നു അനന്തരചരിത്രംകൊണ്ടു് പ്രത്യക്ഷമായിട്ടുണ്ടല്ലോ.

ഞാൻ— ശരി, വളരെ സന്തോഷം. ബൊംബായിൽനിന്നു് ഇങ്ങോട്ടു മടങ്ങിയ അവസരത്തിൽ നിങ്ങളിൽനിന്നു് ഇത്ര വലിയ ഒരുസഹായത്തെ ഞാൻ കരുതിയില്ല.

കൎണ്ണൽമക്കാളി—(ചിരിച്ചുംകൊണ്ടു) ഞാൻ പുറപ്പെടുന്നതു പ്രധാനമായി എന്റെ ദേഹസുഖത്തെയും നായാട്ടിലുള്ള സന്തോഷത്തേയും കരുതിയാണ്. ഇവിടെനിന്നു വള്ളത്തിൽ കിഴക്കോട്ടു പുറപ്പെട്ടാൽ കായലിലും നദിയിലുംകൂടെ ഒരു നൂറു മൈൽ കിഴക്കോട്ടുപോകാം. കായലോരങ്ങളും നദീതീരങ്ങളും മനുഷ്യന്റെ മൃഗയാവിനോദനത്തിനായി മാത്രം ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നതാണെന്നു തോന്നും. ഈ നൂറു നാഴിക ഒരു മാസംകൊണ്ടു കഴിയണമെന്നാണ് എന്റെ ആഗ്രഹം. (ഗൌരവമായി) എന്റെ മന്ദഗതിയേക്കുറിച്ചു നിങ്ങൾ ശഠിക്കരുതു്. ഒരു ദിവസമെങ്കിലും അവധികൂടാതെ ഞാൻ പണി എടുക്കാൻ തുടങ്ങിയിട്ടു്, ഏകദേശം അഞ്ചു വർഷമായിരിക്കുന്നു. ഞാൻ രോഗബാധിതനായി വീഴാത്തതു് ആശ്ചര്യം. ഒരു മാസമെങ്കിലും ഒന്നു വിശ്രമിക്കാതെ ഒരു ഗൌരവകാൎയ്യത്തിൽ ബുദ്ധി പ്രവേശിപ്പിക്കുവാൻ എന്നെക്കൊണ്ടു കഴിയുമെന്നു തോന്നുന്നില്ല.

ഞാൻ:—നായാട്ടു് എനിക്കും വളരെ ഹിതമാണ്. മലബാറിലെ കായലോരങ്ങളിൽ പ്രകൃതിവിലാസം അതിരമണീയമാണെന്നു ഞാൻ കേട്ടിട്ടുണ്ടു് ഇപ്പോൾ കാണുകയും ചെയ്യാമല്ലോ. നിങ്ങൾ ആറുമാസത്തേക്കു അവധിയിൽ പുറപ്പെടുകയാണെങ്കിൽ, (മിസ് മക്കാളി ഇരിക്കുന്ന പ്രദേശത്തേക്കു ഞാൻ ഒന്നു നോക്കി) ഈ യാത്രയിൽ കായലോരങ്ങളും വനാന്തരങ്ങളും, ചന്ദ്രികയുള്ള രാത്രിയിൽ വള്ളത്തിലെ വാസവും, എല്ലാംകൂടെ ആലോചിച്ചപ്പോൾ മിസ് മക്കാളികൂടെ ഞങ്ങളോട്ടു് ഒരുമിച്ചു പോരുന്നതിൽ അബദ്ധമൊന്നും ഇല്ലെന്നും; ദിവാനെന്നും, തലയോടുനിറഞ്ഞ ഗുഹയെന്നും മററും സ്മരിച്ചപ്പോൾ ആപത്തുണ്ടെന്നും ചിന്തിച്ചു ഒരു അഭിപ്രായം ഉറയ്ക്കാതെയാണ്, ഞാൻ മിസ് മക്കാളിയെ നോക്കിയതു്. ആ സ്ത്രീയുടെ കാൎയ്യത്തിൽ എന്റെ മനസ്സിനുള്ള കൌതുകം ഗ്രഹിച്ചു്, ഞാൻ കുറേശ്ശ ലജ്ജിച്ചുപോയി.

മിസ് മക്കാളി:—എന്റെ കാൎയ്യം ആലോചിപ്പാൻ എന്താണുള്ളതു്? നിങ്ങൾ നേരംപോക്കു പറഞ്ഞും സൈ്വരസല്ലാപം ചെയ്തും സൗഭാഗ്യമനുഭവിക്കവെ, ഞാൻ ഇവിടെയിരുന്നു നരസ്സുകവാനൊ? ഞാൻ കൂടെ വരുകതന്നെ.

കൎണ്ണൽ മക്കാളി:—എന്റെ സഹോദരി, നിന്നേക്കൂടെ കൊണ്ടുപോകുന്നതിൽ ഞങ്ങൾക്കു വൈമനസ്യം യാതൊന്നും ഇല്ല. ദുഷ്ടനായ ഈ ദിവാൻ നാം ഇപ്പോൾ കരുതുന്നതിൽ വളരെ കവിഞ്ഞ ഒരു ദുഷ്ടനായി പ്രത്യക്ഷപ്പെട്ടുമെന്നാണ് എന്റെ സംശയം. അകാരണമായി ഭയപ്പെടുത്തുന്നതുകൊണ്ടു് ഉപയോഗമില്ലെന്നുകരുതി

ഞാൻ മുഴുവൻ പറയാട്ടയാണു. നീ കൂടെ വന്നേ കഴിയൂ എന്നു നിർബ്ബന്ധമുണ്ടോ?

ഇതു സംബന്ധിച്ചു പിന്നെയും കുറേ സംഭാഷണം നടന്നതിന്റെ ശേഷം.

മിസ് മക്കാളി:—"എന്നാൽ ഒന്നു ചെയ്യാം. മിസ്റ്റർ സഡ്‌ലിയുടെ ഗൃഹസ്ഥാനത്തോളം ഞാൻ കൂടെ വരാമെന്ന് ഇപ്പോൾ ഉറയ്ക്കാം. പിന്നെ അദ്ദേഹത്തിന്റെ അഭിപ്രായവുംകൂടെ അറിഞ്ഞു പ്രവൎത്തിക്കാം. നിങ്ങളുടെ ഈ പ്രസ്ഥാനത്തിൽ ഞാൻ അത്യല്പമായിട്ടെങ്കിലും ഉപയോഗപ്പെടുവാൻ ഇടയുണ്ടെന്നാണ്, എന്റെ ഹൃദയത്തിന്റെ ബോധം.

കൎണ്ണൽ മക്കാളി:—എന്നാൽ അങ്ങനെയാവട്ടെ. മേരികൂടെ സഡ്‌ലിയുടെ അത്രടം വരട്ടെ.

---

## അദ്ധ്യായം ൭.

---

### ഒരു യാത്ര.

ബോട്ടിലെ യാത്ര, പൊതുവേ പരമാനന്ദകരമായിരുന്നു. വൈകിട്ടു ഏകദേശം നാലുമണി മുതൽ രാവിലെ എട്ടുമണിവരെയ്ക്കും, പന്ത്രണ്ടു തണ്ടുകാരും ശ്രാങ്ക് കണ്ടസ്വാമിയും ഉത്സാഹഭരിതന്മാരായി പാടിയും പിണങ്ങിയും പണിചെയ്യുകയും ഞങ്ങൾ വെടിപറയുകയും ഉറങ്ങുകയും തന്നെ. എട്ടുമണിയോടുകൂടെ ബോട്ട് എവിടെയെങ്കിലും ഒരു വലിയമരത്തിന്റെ ചുവട്ടിൽ അടുക്കുകയും ക്യാമ്പു അടിച്ചു ഞങ്ങൾ കരയ്ക്കു താമസിക്കുകയും ചെയ്യും. ഇങ്ങനെയാണു നിയമം. മൂന്നാഴ്ച ബോട്ടിൽ കഴിഞ്ഞുകൂടിയതിനിടയ്ക്കു പല ദിവസങ്ങളിലും ഈ ക്രമം തെറ്റി സന്ധ്യകഴിയുന്നതുവരെ നായാട്ടുചെയ്തു നടക്കുകയും ഉണ്ടായിട്ടുണ്ട്. ഒമ്പതുപേരെ പിടിച്ചുതിന്ന ഒരു കടുവായേ ഒരു സ്ഥലത്തു ഗ്രാമവാസികളുടെ അപേക്ഷപ്രകാരം ഞങ്ങൾ രാത്രി ഒരു വൃക്ഷത്തിൽകയറിയിരുന്ന് വെടിവെച്ചു കൊല്ലുകയുണ്ടായി. ഏകദേശം വെളുപ്പിനു രണ്ടുമണിയോടുകൂടിയാണ് വെടിവെയ്ക്കാനിടയായതു. ക്രൂരൻ കടുവാ; തലയോടുവാൽഅടി ഫണ്ണൂറിളം സന്തോഷപരവശരായ ഗ്രാമവാസികൾ, ദീപയഷ്ടികളുടെയും നാഗസ്വരത്തിന്റെയും അകമ്പടിയോടുകൂടിയാണ്, ഞങ്ങളെ ബോട്ടിൽ കൊണ്ടുചെന്നാക്കിയതു. എന്നാൽ ഇങ്ങനെയുള്ള ക്ഷോഭങ്ങൾ ഒന്നും കൂടാതെ ഇരു വശങ്ങളിലും ഉണ്ടായിരുന്ന കാഴ്ചതന്നെ ആരുടേയും കണ്ണു കുളിൎപ്പിക്കുന്നതിനും, ഹൃദയത്തിനു ആനന്ദപാരവശ്യം ജനിപ്പിക്കുന്നതിനും മതിയാകുമായിരുന്നു. കായൽ ഒരു സ്ഥലത്തിൽ പത്തു മൈൽ വിസ്താരത്തിൽ ഒരു കടൽപോലെ തോന്നി. വേറൊരിടത്തു അതു് ഒരു തോടുപോലെചുരുങ്ങി, ബോട്ടു ആളിറങ്ങിവലിക്കേണ്ടതായിവന്നു. വേറൊരുസ്ഥലത്തു കര, അതിന്റെ സൎവ്വപ്രതാപങ്ങളോടുംകൂടെ പ്രസാദിച്ചുകിടക്കുന്നു. ദിക്കായ ദിക്കൊക്കെയും വൃക്ഷങ്ങളും പുഷ്പങ്ങളും, പുഷ്പങ്ങളും വൃക്ഷങ്ങളും; കണ്ണെത്തുന്ന ദിക്കെല്ലാം തെങ്ങുകളും തന്നെ. ആടയ്ക്കാമരം, പിലാവു്, മാവു്, തേക്ക്,

ആഞ്ഞിലി മുതലായവ, ഈനയനകേളീ പ്രദേശങ്ങൾക്ക്, വിവിധത്വം വരുത്തുന്നില്ലെന്നുമില്ല. ചൂരൽ, മററുതരം വള്ളികൾ, ഇത്തിളുകൾ, എന്നിവ വൃക്ഷങ്ങളിൽ കെട്ടിപ്പിണഞ്ഞു ഒരു വനത്തെ സംരക്ഷിക്കാനുണ്ടായ മറെറാരുവനംപോലെ മുകളിൽ



ഒരു വനത്തെ സംരക്ഷിക്കുവാനുണ്ടായ മറെറാരു വനം.

വായുമദ്ധ്യേ, ഇടതൂൎന്നു വളരുന്നുണ്ടു്. ചില സ്ഥലങ്ങളിൽ കാണ്മാനുണ്ടായിരുന്ന ചെറിയ ദ്വീപുകൾ, പൂച്ചട്ടിപെറുക്കി വച്ചിരുന്ന ശ്രാന്തപോലെ, വിവിധ സസ്യവിശേഷങ്ങൾ ഇടതൂൎന്നവയാണു്. ബോട്ടിന്റെ ശബ്ദവും പാട്ടിന്റെ ആരവവുംകേട്ടു ഇളകിപ്പറക്കുന്ന തത്തകൾ ലക്ഷങ്ങളത്രേ. അവയുടെ ചായംതേച്ച തലകളും നിറംനിറഞ്ഞ നി



ഒരു ചിങ്കണ്ണി 'ബ്ളിൻ' എന്ന വെള്ളത്തിലേക്കു ചാടുന്നതും കരങ്ങും പാമ്പുംകൂടെ ഉരുണ്ടുപിടിച്ചുവീഴുന്നതും.

ങ്ങ വാല്യകളുംകൊണ്ടു് ആകാശം ഒരു കല്യാണപ്പന്തൽപോലെ തോന്നി. തങ്കത്തിൽ വീണ തുമ്പിപ്പക്ഷികൾ, വേറൊരുപ്രദേശത്തു് ഹരിബോഹോ! തടിയനായ ചീങ്കണ്ണി—ഒരു വിറകുതടിപോലെ കിടന്നവൻ—ഒരു ബോട്ടു അടുത്തു വരുന്നതുകണ്ടു് "ബ്ളിൻ" എന്നു വെള്ളത്തിലേക്കു മുങ്ങുന്നതുകണ്ടു ഞാൻ ചിരിച്ചുകൊണ്ടു മേല്പോട്ടു നോക്കിയസമയം എന്റെ ദൃഷ്ടിയിൽ പെട്ടതു ഒരു വലിയ അരയാലിന്റെ കൊമ്പിൽ തല കീഴ്പോട്ടാക്കി ഒരു വലിയ വേരുപോലെ—ഏകദേശം പതിനഞ്ചു അടിനീളത്തിൽ നീണ്ടുകിടന്ന ഒരു പെരുമ്പാമ്പിനെ പിടിച്ചു പിടിച്ചു കയറുവാൻ ശ്രമിച്ച ഒരു കുരങ്ങും, പാമ്പും, കൂടെ കീഴ്പോട്ടു ഉരുണ്ടു പിടച്ചു വീഴുന്നതാണു്. പുഷ്പമധുവിൽ തട്ടിവരുന്ന ഇളംകാറ്റു ഏറ്റു കൊണ്ടു് കണ്ണൽമക്കാളി മയങ്ങുകയും മേരി എന്റെ അടുത്തിരുന്നു ചൂളമിടുകയും ചെയ്ത ആ നാളുകളിലാണു്, ഞാൻ ഭൂമിയിൽ സ്വർഗ്ഗം കണ്ടതു്.



ഞാൻ ഭൂമിയിൽ സ്വർഗ്ഗം കണ്ടനാളുകൾ.

ബോട്ടിൽ സഞ്ചരിക്കുന്ന സമയം ഉണ്ടായ ഒരു വിശേഷംകൂടെ ഇവിടെ പ്രസ്താവിക്കാം. ഒരുദിവസം നാലുമണിക്കു കൺനൽമക്കാളി ഉറക്കമായിരുന്ന സമയം, വിശേഷവിധിയായി ഒന്നും ചെയ്യുവാനില്ലായിരുന്നതുകൊണ്ട് ഞാൻ തോക്കും എടുത്തു ബോട്ടിൽനിന്നു വെളിക്കിറങ്ങി. മേരി ബോട്ടിന്റെ വാതുക്കൽവന്നു, ഞാൻ ക്ഷണിക്കാൻ ആവശ്യപ്പെടുന്നതുപോലെ, ലളിതകോമളമായ ആ മുഖം, ആറിത്തുടങ്ങിയിരുന്ന വെയിലിലേക്കു ഉയർത്തിപ്പിടിച്ചുകൊണ്ടു എന്നെ രോമാഞ്ചപ്രേരണംചെയ്തു. ആ യുവതി വനത്തിലേക്കു ഞങ്ങളോടൊരുമിച്ചു പോരുക പതിവായിരുന്നതിനാൽ, ഞാൻ ക്ഷണിച്ചു, ഞങ്ങൾ രണ്ടാളും ഒരുമിച്ചു നടന്നുതുടങ്ങി. ഞങ്ങൾ തനിച്ചു വനസഞ്ചാരംഉണ്ടായതു് അന്നു ആദ്യമായിരുന്നതുകൊണ്ടു് തോക്കു ഉപയോഗപ്പെടുത്തുന്ന കഥ മേരിയുടെ സഹവാസസുഖംനിമിത്തം ഞാൻ അശേഷം മറന്നുപോയി. ഏകദേശം രണ്ടുനാഴിക നടന്നു കാട്ടിൽ ഒരു സ്ഥലത്തു് എത്തി, തോക്കു ഒരു വൃക്ഷത്തിന്മേൽ ചാരി, അടുത്തുണ്ടായിരുന്ന ഒരു ഉയൎന്ന പാറമേൽ ഞങ്ങൾ രണ്ടാളും കയറി ഇരുന്നു് സൈ്വരസല്ലാപം തുടങ്ങി. അങ്ങനെ കുറെ കഴിഞ്ഞപ്പോഴേക്കു മേരി പെട്ടെന്നു് 'അയ്യോ' എന്നു നിലവിളിച്ചതുകേട്ടു, ഞെട്ടി, ഞാൻ നോക്കിയ വാറു്, അതാ! ഒരു കടമാൻ! നല്ല ഉറച്ച ഒരു മൃഗം- ഞങ്ങൾ ഇരുന്ന പാറ മൃഗത്തിനു കയറാൻ സാധിക്കാത്തതായിരുന്നില്ല. ആയതിനാൽ ആപത്തിന്റെ സ്വഭാവം ഗ്രഹിക്കുകയും, തോക്കു തിരിയെ എടുക്കുവാനായി ഞാൻ ചാടുകയും, ഗംഭീരമായ ആ മൃഗം ആ പാറയോടുചേൎത്തു് എന്നെ ശക്തിയായി ഇടിക്കുകയും ഒരു ക്ഷണത്തിൽ കഴിഞ്ഞു. ഈശ്വരാനുഗ്രഹം എന്നേ പറയേണ്ടു; കുത്തു എനിക്കു കൊണ്ടില്ല. കൊമ്പു രണ്ടും പാറയിൽ തറഞ്ഞും ഞാൻ അവയുടെ മദ്ധ്യത്തിലായും ഒരു രണ്ടുനാലുസെക്കന്റു കഴിഞ്ഞിരിക്കണം. കൊമ്പു് എവിടെയോ തടഞ്ഞതുനിമിത്തമാണു രണ്ടാമതും ഇടിക്കുവാൻ താമസമുണ്ടായതു് എന്നുതോന്നുന്നു. എന്റെ കഥ കഴിഞ്ഞു എന്നുനിശ്ചയിച്ചു നിരാശാവശനായി അതിന്റെകൊമ്പുകളിന്മേൽതന്നെ ഞാൻ പിടിച്ചു. അമ്പട! ആ മൃഗത്തിന്റെ ഒരുബലം. ഉത്തരക്ഷണത്തിൽ എന്റെ കഥ കഴിഞ്ഞു എന്നു എനിക്കുതോന്നി. എന്നാൽ പാറയുടെ മുകളിൽനിന്നു് ആ അവസരത്തിൽ ഒരു പാറക്കഷണം ഇളകി മൃഗത്തിന്റെ കൊമ്പുകളുടെ മദ്ധ്യത്തിൽ വീണതുകൊണ്ടും, കൊമ്പുകളെ ബലമായി പിന്നോട്ടു വലിച്ച അവസരത്തിൽ അതു ചവുട്ടിനിന്ന ഒരു കല്ലു് ഇളകി അടിതെറ്റിയതുകൊണ്ടും, ആ മൃഗം അവിടെയുണ്ടായിരുന്ന ഒരു ചെറിയ കുഴിയിലേക്കു് ഉരുണ്ടുവീണു കല്ലു തലയിൽ വീണതുകൊണ്ടായിരിക്കണം, ഏതാനും സെക്കന്റു അതു അവിടെ മന്ദിച്ചെന്നതുപോലെ കിടക്കുകയുണ്ടായി. ഞാൻ ഒരു ചാട്ടം; തോക്കെടുത്തു; വേറൊരു ചാട്ടം; മേരി സമീപത്തിലായി. കോപപരവശനായ ആ മൃഗം എഴീറ്റു് ഞങ്ങളെകൊല്ലുവാനായി പാഞ്ഞടുക്കവേ, ഠിം, ഒരു വെടി തീൎന്നു; അതു മൃഗത്തിന്റെ നെറ്റിത്തടത്തിൽ തന്നെ കൊണ്ടുവെങ്കിലും, തല ഒന്നു കലുക്കി, കാൽ ഒന്നു മടിഞ്ഞു,- പിന്നെയും മുന്നോട്ടു—ഠിം; രണ്ടു വെടി തീൎന്നു, മൃഗം അവിടെ നിന്നു; ഉടനെ മൂന്നാമത്തേതു പാട്; ഠിം; അസ്തു. ഘോരമായ ആ മൃഗം തൽക്ഷണം ഒരു മാംസപിണ്ഡമായി ആ പാറച്ചുവട്ടിൽ വിശ്രൃംഖലമായി.

രണ്ടു മിനിട്ടുകൊണ്ടു നടന്ന ആ സമരം ഒരു രണ്ടു വൎഷക്കാലംകൊണ്ടു ശമിച്ചു എന്നാണു് എനിക്കു് അപ്പോൾ തോന്നിയതു്. ഒന്നാമതായി മേരി എന്റെകൂടെ ഇറങ്ങിത്തിരിച്ച ഈ അവസരത്തിൽ സംഭവിച്ച ഈ അത്യാപത്തിനെ ഓൎത്തു്, ഞാൻ ആധികമായി ക്ലേശിക്കുകയും.സംഭവിക്കാഞ്ഞ ദുരത്യാപത്തിനെ ഓൎത്തു ഞാൻ അധികമായി സന്തോഷാശ്രു പൊഴിക്കുകയും, ഒരുമിച്ചു കഴിഞ്ഞു. ഞങ്ങൾ ഇരുവരും ഒന്നും സംസാരിച്ചില്ല. പൂൎവനിശ്ചയം അനുസരിച്ചെന്നവണ്ണം ഞങ്ങൾ ഒരുമിച്ചു് അന്യോന്യം ഗാഢമായി ആലിംഗനം ചെയ്യുകയും, അവളുടെ ചുണ്ടുകളിൽ ഞാൻ ധാരമുറിയാതെ ഉമ്മ വയ്ക്കുകയും ചെയ്തു. അങ്ങനെ ഒരു പത്തു മിനിട്ടു നിന്നു.



ഉ[illegible]ണത്തിൽ എന്റെ കഥകഴിഞ്ഞു എന്ന് എനിക്കു തോന്നി.

മേരി—(തൊണ്ടയിടറിക്കൊണ്ടു) "നിങ്ങൾ ഇങ്ങോട്ടു പുറപ്പെട്ടപ്പോൾ നിങ്ങൾക്ക് ഏതോ ഒരാപത്തു വരുവാൻ പോകുന്നു എന്നും അതിൽ നിന്നു രക്ഷിപ്പാൻ എനിക്കു കഴിയുമെന്നും, എന്റെ ഹൃദയത്തിൽ തോന്നി. അതുകൊണ്ടു നിങ്ങൾ എന്നെ ക്ഷണിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടെയാണ്, ഞാൻ ബോട്ടിന്റെ വാതുക്കൽ നിങ്ങളെ നോക്കിക്കൊണ്ടുനിന്നതു്. ഞാൻ നിന്ന സ്ഥലത്തു് ഒരു വലിയ ഉരുളൻകല്ലിളകിയിരിക്കുവാനും, ആ മൃഗം തുടരെ അതിന്റെ കീഴിൽ നില്ക്കുവാനും, ഇടയായതു ഈശ്വരാനുഗ്രഹംതന്നെ." ശരി, എന്റെ പ്രിയതമയുടെ കൈകൊണ്ടാണു് എനിക്കു മോചനം സിദ്ധിച്ചതു്. മേരി തുടൎന്നുപറഞ്ഞു—"എനിക്കു ഒരു അപേക്ഷയുണ്ടു്. നിങ്ങൾ രണ്ടാളുംകൂടെ ദുഷ്ടനായ ദിവാനെ അന്വേഷിച്ചു പോകുന്ന എല്ലാ സ്ഥലങ്ങളിലും, ഞാൻകൂടെ വരുവാൻ അനുവദിക്കണം. നിങ്ങൾക്കു രണ്ടാൾക്കും എന്നെക്കൊണ്ടു് ഏതെങ്കിലും സഹായം ഉണ്ടാകുമെന്നാണു് എന്റെ ഹൃദയബോധം. ആയതുകൊണ്ടാണു് കൊച്ചിയിൽവച്ചും, ഞാൻ ഈ കാൎയ്യത്തിൽ നിൎബ്ബന്ധിച്ചതു്."

ഞാൻ—മേരിയെ ചുംബിച്ചുകൊണ്ടു പറഞ്ഞു:—മിസ്റ്റർ സഡ്‌ലിയുടെ അഭിപ്രായം പോലെ ആകാമെന്നാണല്ലോ മിസ്റ്റർ മക്കാളിയുമായി നാം പറഞ്ഞു വച്ചിരിക്കുന്നതു്.

മേരി—സമ്മതിച്ചു: മിസ്റ്റർ സഡ്‌ലിയോടു ഇക്കാൎയ്യം സംബന്ധിച്ചു സംസാരിക്കുമ്പോൾ, നിങ്ങൾ എനിക്കു അനുകൂലമായി പറയുമോ?

ഞാൻ—പിന്നെയും തങ്കവൎണ്ണമായ ആ മുഖത്തു ചുംബിച്ചു; പറയാം എന്നു പറഞ്ഞു. പിന്നെ ഞങ്ങൾ ഒന്നും സംസാരിച്ചില്ല. ഞങ്ങൾ മടങ്ങി ക്യാമ്പിൽ വന്നപ്പോഴേക്കു കൎണ്ണൽ മക്കാളി ഉറക്കം എഴീററിരുന്നു. നടന്ന സംഭവം മുഴുവൻ ഞാൻ വിവരിച്ചുപറഞ്ഞു. അവസാനം നടന്നതും ഞാൻ പറയാതിരുന്നില്ല. മേരി എന്റെ ഭാൎയ്യ ആയിരിപ്പാൻ ഞാൻ അപേക്ഷിച്ചു എന്നും, മേരി സമ്മതിച്ചെന്നും അത്രേ ഞാൻ പറഞ്ഞതു്. ആ യുവതിയാവട്ടെ, തലകുനിച്ചുകൊണ്ടു്, ഞാൻ പറഞ്ഞതു ശരിവച്ചു. കൎണ്ണൽമക്കാളിക്കു വളരെ സന്തോഷമായി; ഞങ്ങളെ പ്രത്യേകം പ്രത്യേകം അഭിനന്ദിച്ചു ഇങ്ങനെ പറഞ്ഞു "നാം പുറപ്പെട്ടതുമുതൽ നിങ്ങൾ തമ്മിൽ തമ്മിൽ 'മേരി' എന്നും 'ജാൺ' എന്നും വിളിക്കുന്നതു കേട്ടു് ഞാൻ പലപ്പോഴും ലജ്ജിച്ചിട്ടുണ്ടു്. കാൎയ്യം ഇങ്ങനെ ശുഭമായി പരിണമിക്കുമെന്നു ഞാൻ കരുതിയെങ്കിലും, പ്രണയപ്രസ്താവം നടക്കുന്നതിനുമുമ്പു് ഇങ്ങനെ പതിവില്ലാത്തതിനാൽ, നിങ്ങളുടെ അന്യോന്യാഭിസംബോധനം വല്ലവരും കേൾക്കുവാനിടയായെങ്കിൽ കാൎയ്യം കഷ്ടമാകുമല്ലോ എന്നു ഞാൻ ശങ്കിച്ചിട്ടുണ്ടു്. ബോട്ടിൽ തണ്ടുകാരല്ലാതെ ആരും ഇല്ലാതിരുന്നതിനാൽ, ഞാൻ കേട്ടില്ലെന്നു നടിച്ചുകളഞ്ഞതാണു്; വളരെ സന്തോഷംതന്നെ." ഈ പ്രസംഗത്തിൽ ഞങ്ങൾ രണ്ടാളും ലജ്ജിച്ചു പല്ലിളിച്ചുപോയി. അദ്ദേഹംപറഞ്ഞതു വാസ്തവംതന്നെ. എന്നാൽ മിസ് മക്കാളി, മിസ്റ്റർനീവു്, എന്നിതുകൾക്കുപകരം, മേരി, ജാൺ എന്നാശബ്ദങ്ങൾ എപ്പോഴാണു് ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയതു എന്നു ഞങ്ങൾക്കുതന്നെ നിശ്ചയമില്ലായിരുന്നു.

മൂന്നാഴ്ചയ്ക്കുശേഷം ബോട്ടിനേയും കണ്ടസ്വാമിയേയും പിന്നിലാക്കി, കരയ്ക്കുഇറങ്ങി രാജപട്ടണത്തേക്കു പുറപ്പെടുവാൻ ഞങ്ങൾ സന്നദ്ധരായി. കൎണ്ണൽ മക്കാളിയുടെ എഴുത്തനുസരിച്ചു രാജപട്ടണത്തുനിന്നും അയച്ചിരുന്ന മൂന്നു് ആനകൾ, അമ്പാരിയുംവച്ചു് തലേന്നു രാത്രിതന്നെ വന്നുചേൎന്നിരുന്നു. എട്ടുമണിയോടു കൂടെ ഞങ്ങൾ ആനപ്പുറത്തും സാമാനങ്ങൾ തലച്ചുമടായും നീങ്ങി. ഡാവൂഡ, ചൊക്രാ മഹമ്മദു് എന്നിവരും, സാമാനങ്ങളോടുകൂടെ പോന്നിരുന്നു. പ്രകൃതിരാമണീയകത്വം പിന്നെ

യും യാത്രാക്ലേശത്തെ ഇല്ലെന്നാക്കി. ഏതാനുംമൈൽ അകലത്തിൽ ഭൂമി നല്ലപരപ്പായി കണ്ടു. അവിടെ വിശേഷ വിധിയായി ഒന്നും ഇല്ലായിരുന്നു. പാടങ്ങളിൽ കൃഷിക്കാരും, ഗ്രാമങ്ങളിൽ വെള്ളം ചുമന്നു കൊണ്ടു പോകുന്ന സ്ത്രീകളും; വഴിമദ്ധ്യേ ചക്കടാവണ്ടികളും തന്നെ. നെൽപാടങ്ങളിൽ കളപൊരുക്കിക്കൊണ്ടും ഞാറുകെട്ടു ചുമന്നുകൊണ്ടും, എപ്പോഴും വായലക്കുകയും ചളികൊണ്ട് ശരീരത്തിനു വാൎന്നീഷിടുകയും ചെയ്തുകൊണ്ടും, ചായത്തിൽ മുക്കിയ തുണിക്കെട്ടുകൾ വാരിഎറിഞ്ഞതുപോലെ ചിതറിനിന്ന പാണ്ടിപ്പെണ്ണുങ്ങൾ, പല വയൽപ്രദേശങ്ങളിലും ഞങ്ങൾക്കു നയനാനന്ദത്തെ നല്കി. എന്നാൽ കുറേക്കഴിഞ്ഞു മൈതാനത്തെ അതിക്രമിച്ചപ്പോൾ മട്ടുമാറി. മലകൾകണ്ടുതുടങ്ങി. അടയ്ക്കാമരം, തെങ്ങ്, മുതലായവയ്ക്കു പകരം വലിയ വനാന്തരങ്ങളായി. മലകളിൽ കൂടെയുള്ള വഴികൾ വീതികുറഞ്ഞും വളഞ്ഞുപിരിഞ്ഞും ഞങ്ങളുടെ ഗതിയെ വളരെ മന്ദീഭവിപ്പിച്ചു. ക്രമേണ ഞങ്ങൾ നദികളും, പാറകളും. മലകളും, താഴ്വരകളും, എല്ലായിടത്തും, വലിയ കൊടുംകാടുകളും ആയ പ്രദേശങ്ങളിൽ ചെന്നുചേൎന്നു. വേനല്ക്കാലമായിരുന്നെങ്കിലും വെള്ളച്ചാട്ടങ്ങളുടെ ആരവം പലേടത്തും കേൾക്കാനുണ്ടായിരുന്നു. കീഴ്ക്കാംതൂക്കായ പാറകളും വിരൂപാകാരങ്ങളായ പൎവതങ്ങളും, പ്രകൃതിയുടെ പ്രതിഭാവിലാസത്തെ പ്രത്യക്ഷീകരിച്ചു കൊണ്ടിരുന്നു. ഈ ദുൎഘടപ്രദേശങ്ങളിൽകൂടെ പാപ്പാന്മാരിൽ നിന്നു വിശേഷവിധിയായ ആജ്ഞകൾ ഒന്നും ഇല്ലാതെയും, എന്നാൽ അടി പിഴയ്ക്കാതെയും, ആ വലിയ മൃഗങ്ങൾ കുലുങ്ങി കുലുങ്ങി പൊയ്ക്കൊണ്ടിരുന്നതു കാണുകയും അനുഭവിക്കുകയും, എനിക്കു വളരെ വളരെ കൌതുകമായി തോന്നി. ഇങ്ങനെ ഏകദേശം ഉച്ചകഴിഞ്ഞപ്പോഴേക്ക്, ഞങ്ങൾ ഒരു മലയിറങ്ങി വന്നു നിന്നതു്, രാജപട്ടണം സ്ഥാപിക്കപ്പെട്ടിരുന്ന മൈതാനത്തിൽ ആയിരുന്നു. അവിടെ ആ ഡിസ്ത്രിക്ടിലെ കലക്ടരും മദാമ്മയും താമസിച്ചിരുന്ന വിശാലമായ ബംഗ്ലാവിൽ ഞങ്ങൾക്കു വേറെ വേറെ അറകൾ തയാർ ചെയ്തിരുന്നു.

---

## അദ്ധ്യായം ൭

---

### ഒരു ആംഗലതാപസൻ.

പിറേറന്നു രാവിലെ കൎന്നൽ മക്കാളിയും ഞാനുംകൂടെ മിസ്റ്റർ സഡ്ലിയുടെ വാസസ്ഥാനത്തേക്കു തിരിച്ചു. മിസ്റ്റർ സഡ്ലിയെ അദ്ദേഹത്തിന്റെ ഗുഹയിൽ ചിലരെല്ലാം ചെന്നുകാണുക പതിവുള്ളതുപോലെ, ഞങ്ങളും പോകയാണെന്നു രാജപട്ടണത്തെ ഡാക്ടർ ധാര അനുമാനിച്ചിരിക്കണം. ആ ഗുഹ രാജപട്ടണത്തുനിന്നു ഏകദേശം പത്തുമൈൽ ദൂരെയായിരുന്നു. ഒരു ഒന്നരമണിക്കൂർകൊണ്ടു ഞങ്ങൾ അവിടെ എത്തി. കീഴ്ക്കാംതൂക്കായി ഒരു പാറയും അതിന്മേൽ ഒരിടത്തു പ്രവേശനദ്വാരം മറച്ചു ഒരു മറയും കാൺമാനുണ്ട്. ആ പാറയുടെ മുമ്പിൽ വെളിക്കായി ഒരു ചാലിൽ കുറെ വെള്ളം തിളച്ചുകിടക്കുന്നു. എങ്ങനെയാണു വിവരം ഗുഹാഗൎഭത്തിൽ ഗ്രഹിപ്പിക്കുണ്ടതെന്നു ഞങ്ങൾ സംശയിച്ചുനില്ക്കവെ, മറ നീങ്ങി, ഒരു കറുത്തമുഖം വെളിക്കുകണ്ടു. ഞങ്ങളെ കണ്ട ഉടനേ ആ മനുഷ്യൻ മുററത്തേക്കു് ഇറങ്ങിവന്നു. അതു് ഹസ്സനാണു്; മിസ്റ്റർ സഡ്ലിയുടെ വിശ്വസ്തഭൃത്യൻഎന്നു കൎന്നൽമക്കാളി എന്നോടായി പറഞ്ഞതിന്റെശേഷം, അവർ രണ്ടുപേരും ഹിന്തുസ്ഥാനിയിൽ സംസാരിച്ചുതുടങ്ങി. എനിക്കു് അവരോടു യോജിക്കുവാൻ തക്കവണ്ണം ഭാഷ അറിഞ്ഞുകൂടാഞ്ഞതിനാൽ, ഹസ്സനെ അവലോകനംചെയ്യുന്നതിൽ ഞാൻ സമയം ഉപയോഗിച്ചു. ആയാൾക്കു് ഒരൻപതുവയസ്സ

പ്രായംകാണും. ദീർഘകായൻ; ചരടുപോലിരിക്കുന്നു; മേൽമീശ ഉപായം; കുററിത്താടി; സംസാരിക്കുന്നസമയം കണ്ണുകൾ രണ്ടു തിക്കുട്ടകളാണു്, വികാരം യാതൊന്നും പ്രദർശിപ്പിക്കാതെ പലകപോലെ ഒരു മുഖം; ഇതാണു ഫസ്സൻ. സംഭാഷണം കഴിഞ്ഞു് ആയാൾ ഗൃഹയ്ക്കകത്തേയ്ക്കു കയറി-

കർണ്ണൽ മെക്കാളി:—"മിസ്റ്റർ സഡ്ലി തന്നെ, ഇപ്പോൾ ഇങ്ങോട്ടു ഇറങ്ങിവരും". ഒരു നിമിഷത്തിനുള്ളിൽ മറ നീങ്ങി; ക്ഷീണിയ ഒരു വൃദ്ധൻ പ്രത്യക്ഷനായി; വെയിൽകൊണ്ടു വരണ്ട മുഖവും,പാളത്താറും തലപ്പാവും ചേർന്നവേഷവും ഇണങ്ങിയ ആ മനുഷ്യൻ എന്നെപ്പോലെ ഒരു ഇംഗ്ലീഷുകാരനാണെന്നു എനിക്കു വിശ്വാസം തോന്നിയില്ല. കർണ്ണൽമക്കാളി അടുത്തുചെന്നു "മിസ്റ്റർ സഡ്ലി! നിങ്ങൾ എന്നെ ഓർക്കുന്നില്ലേ? ഞാൻ കൊച്ചി ബ്രിട്ടീഷുറസിഡണ്ടു മക്കാളിയാണു്; മൂന്നുവർഷംമുമ്പു് ഒരിക്കൽ നിങ്ങളെ പരിചയപ്പെടുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ടു്. കർണ്ണൽ ബ്രാക്കൻബറിയാണു് എന്നെ അന്നു് ഇവിടെ കൊണ്ടുവന്നതു്.

മിസ്റ്റർ സഡ്ലി:—"ഞാൻ നിങ്ങളെ നല്ലവണ്ണം ഓർക്കുന്നു." ഒരു കൈ പടിമേൽ ഉറപ്പിച്ചു്, മറേറതു നീട്ടിക്കൊണ്ടു് "നിങ്ങൾവന്നു ചേർന്നതു വളരെ സന്തോഷം. ഇന്നു പ്രത്യേകിച്ചും അങ്ങനെ തന്നെ. വായിക്കുവാൻ ഉത്സാഹം തോന്നാതെ ഞാൻ വൃഥാ സമയം പോക്കുകയായിരുന്നു-" ഇത്രയുംപറഞ്ഞു "ഈമനുഷ്യൻ ആരാണു്?" എന്ന അർത്ഥത്തിൽ എന്നെ ഒന്നു നോക്കി.

കർണ്ണൽമക്കാളി:—"ഇതു മിസ്റ്റർ ജാൺ നീവാണു്, ദേശാടനത്തിനായി ഇംഗ്ലണ്ടിൽനിന്നു വന്നിരിക്കുന്ന ഒരു പ്രഭുവത്രെ. ഇദ്ദേഹം എന്റെ സഹോദരിയെ കല്യാണം ചെയ്യുവാൻ ഉറ



ഇതാണ് ഫസ്സൻ.

ച്ചിരിക്കുന്നു. ഞങ്ങൾ സഹോദരന്മാർ എന്നു കരുതിക്കൊള്ളാം. ഇദ്ദേഹത്തെ സംബന്ധിച്ച ഒരു കാൎയ്യവും കൊണ്ടാണു്, ഞങ്ങൾ വന്നിരിക്കുന്നതു്."

മിസ്റ്റർ സഡ്‌ലി, എനിക്കു് ഉപചാരമായി നമിച്ചശേഷം കുന്നൽമക്കാളിയോടായി ഇങ്ങനെ പറഞ്ഞു:—നൂതനസ്നേഹിതന്മാരെ ഞാൻ സാധാരണ ആവശ്യപ്പെടാറില്ല എന്നു നിങ്ങൾക്ക അറിയാമല്ലോ. എന്നാൽ കേവലം വിനോദം പ്രമാണിച്ചല്ല, നിങ്ങൾ രണ്ടാളും ഒരുമിച്ച ഇവിടെ വന്നിരിക്കുന്നതു് എന്നു്, നിങ്ങളുടെ സ്വഭാവത്തെപ്പററി അറിയാവുന്ന എനിക്ക നിശ്ചയമുണ്ടു്.

കുന്നൽമക്കാളി:—ശരിതന്നെ. ഞങ്ങൾക്ക ആവശ്യപ്പെട്ടിരിക്കുന്ന സഹായം ചെയ്തുതരുന്നതിനു ഈ ഭാരതഭൂമിയിൽ നിങ്ങളെപ്പോലെ വേറെ ഒരുത്തനില്ലെന്നുള്ള നിശ്ചയത്തോടുകൂടെയാണു് ഞങ്ങൾ വന്നിരിക്കുന്നതു്.

മിസ്റ്റർ സഡ്‌ലി:—"എന്നാൽ കഴിയുന്ന സഹായം സന്തോഷത്തോടുകൂടെ ഞാൻ ചെയ്തുതരാം. വെയിലുറച്ചു കഴിഞ്ഞിരിക്കുന്നു. അകത്തേക്ക കയറാം.

ഞങ്ങൾ ഗുഹയ്ക്കകത്തു പ്രവേശിച്ചു. വെയിലത്തു നിന്നു കയറിയതിനാൽ കുറച്ചുനേരത്തേക്ക എനിക്ക കണ്ണുതിരിഞ്ഞില്ല. എന്നാൽ ക്രമേണ എന്റെ കണ്ണുകൾ അവിടെയുണ്ടായിരുന്ന പ്രകാശത്തിനു യോജിച്ചപ്പോൾ, ഞാൻ വിസ്മയിച്ചു തുടങ്ങി. കട്ടിലുകൾ, കസാലകൾ, ചാരുക്കാലങ്ങൾ, അലമാരികൾ, മേശവിളക്കുകൾ, പുസ്തകങ്ങൾ, വൎത്തമാനക്കടലാസുകൾ, മാസികകൾ, മുതലായി ഒരു പരിഷ്കൃതജീവിതത്തിനു് ആവശ്യമായ മിക്കസാധനങ്ങളും അവിടെയുണ്ടു. എന്റെ വിസ്മയം എന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടിരുന്നിരിക്കാം.

മിസ്റ്റർ സഡ്‌ലി:—മിസ്റ്റർ നീവിനു് എന്റെ വാസസ്ഥാനം കൌതുകകരമായിത്തോന്നുന്നു; അല്ലേ? മനുഷ്യരിൽനിന്നു മാറിത്താമസിക്കുന്നു എങ്കിലും മനുഷ്യരെയാകട്ടെ അവരുടെ സുഖസാധനങ്ങളെയാകട്ടെ ഞാൻ വെറുക്കുന്നില്ല.

ഞാൻ:—മിസ്റ്റർ സഡ്‌ലി, നിങ്ങളുടെ വാസസ്ഥാനം പരമാനന്ദകരമായ ഒരു സ്ഥലം തന്നെ. പണ്ഡിതന്മാർ എഴുതി വച്ചിട്ടുള്ള പുസ്തകങ്ങളെ പാരായണംചെയ്തു്, ഇവിടെ സ്വപ്നലോകത്തിൽ എന്നതുവണ്ണം താമസിക്കുക പരമാനന്ദകരം തന്നെ.

മിസ്റ്റർ:— സഡ്‌ലി, അതുശരിതന്നെ; ലോകത്തിൽ സ്പൃഹണീയമായി യാതൊന്നും ഇല്ലാത്ത ഒരാളിനു്, ഇതു ഒരു സുഖസ്ഥാനംതന്നെ. എന്നാൽ ആശകളും ആകാംക്ഷകളും മററുതരം ബന്ധങ്ങളും കൊണ്ടു് മനുഷ്യലോകത്തോടു ഒട്ടിയിരിക്കുന്ന നിങ്ങൾക്കു്, ഒന്നുരണ്ടു ദിവസത്തിലധികം ഇവിടെതാമസിക്കുക വലിയ അസ്വസ്ഥതയായിരിക്കും" ഞാൻ(മേരിയെ സ്മരിച്ചുകൊണ്ടു്) "നിങ്ങൾ പറഞ്ഞതു ശരിതന്നെ. എന്നാൽ ശാന്തമായ സ്ഥാനവും പണ്ഡിതോചിതങ്ങളായ സാമഗ്രികളും കണ്ടു എന്റെ മനസ്സു ഇളകിപ്പോയി."

ഹസ്സൻ, ചായയും പഴങ്ങളും കൊണ്ടുവന്നു നിരത്തി. കുതിരസ്സവാരിയുടെ ശേഷം ഭക്ഷണം രുചികരമായിരുന്നു. ശാപ്പാടുകഴിഞ്ഞ ഉടനെ കുന്നൽമക്കാളി കാൎയ്യഭാഗത്തെ അടിസ്ഥാനമാക്കി സംസാരിച്ചുതുടങ്ങി. ലാൽജിയുടെകഥ ഒരാവൃത്തികൂടെ പറ

യേണ്ട ചുമതല എനിക്കു വന്നുകൂടി. ഞാൻ അതു വിസ്തരിച്ചു കേൾപ്പിച്ച സമയമെല്ലാം മിസ്റ്റർ സഡ്‌ലി, ഹുക്കാപിടിച്ചു്, മന്ദംമന്ദം പുകവിട്ടു കൊണ്ടിരുന്നു. ഞാൻ പറഞ്ഞു് അവസാനിപ്പിച്ചയുടനെ പ്രസ്തുതദിവാൻ ആരാണെന്നോ എവിടെ ആണെന്നോ ഒരു ഊഹം കിട്ടാമെങ്കിൽ അവിടെച്ചെന്നു അന്വേഷിക്കുവാൻ ഞങ്ങൾ രണ്ടാളും തയാറാണെന്നു്, കർണ്ണൽ മക്കാളി പൂരിപ്പിച്ചു.

മിസ്റ്റർ സഡ്‌ലി ഒരു അഞ്ചു മിനിട്ടു നേരത്തേക്കു പിന്നെയും പുകവലിക്കുകയും വിടുകയും ചെയ്തുകൊണ്ടിരുന്നു. ഞങ്ങളുടെ കഥ അദ്ദേഹം കേട്ടില്ലായിരിക്കുമോ എന്നു ഞാൻ സംശയിക്കവേ,

മിസ്റ്റർസഡ്‌ലി:—എനിക്കു ഒരു ഊഹം തോന്നുന്നു. ഒരു ഊഹംമാത്രമാണു്. മിസ്റ്റർ നീവേ, നിങ്ങളുടെ ഭൃത്യനായ ലാൽജി പ്രവേശിക്കാനിടയായ ഗൃഹംഎവിടെയാണെന്നു് എനിക്ക് അറിയാമെന്നാണു തോന്നുന്നതു്. കർണ്ണൽമക്കാളീ!! നിങ്ങളുടെ സഹോദരി രാജപട്ടണത്തുനിന്നു എങ്ങോട്ടാണു്?

ഞാൻ:—മേരികൂടെ ഈ യാത്രയിൽ ഞങ്ങളോട്ടു് ഒരുമിച്ചു വരുവാൻ തയാറായിരിക്കയാണു്. ദിവാൻ താമസിക്കുന്നസ്ഥലം ഒരു നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരിക്കുവാനെ ഇടയുള്ളു. അവിടെ ധാരമാരും ഉണ്ടായിരിക്കുവാനാണു് എളുപ്പം. അങ്ങനെയായാൽ, മേരികൂടെ വരുന്നതുകൊണ്ടു് വലിയ പ്രയാസമൊന്നും ഉണ്ടാകുവാൻ ഇടയില്ല.

മിസ്റ്റർ സഡ്‌ലി:—ശരിതന്നെ.

ഞാൻ:—കൂടാതെയും മേരി പ്രകൃത്യാ ഒരു ധീരയാണു്. ഞങ്ങൾ വരുന്ന വഴിക്കു് ഒരു കടമാന്റെ തലയിൽ, ഒരുകല്ലു തക്കസമയത്തു അവൾ ഉരുട്ടി ഇട്ടില്ലായിരുന്നു എങ്കിൽ, എന്നെ ഇന്നു ഇവിടെ കാണുകയില്ലായിരുന്നു.

മിസ്റ്റർ സഡ്‌ലി:—ശരിതന്നെ. എന്നാൽ പ്രസ്തുതദിവാന്റെ സംഗതികളിൽ പ്രവേശിക്കുന്നവർ, ലാൽജിക്കു പററിയമാതിരി വിപത്തുകളിൽ ചാടുവാൻ ഇടയുണ്ടു്.

ഞാൻ.—മറുപടി പറഞ്ഞില്ല.

കർണ്ണൽമക്കാളി:—അതു ഞാൻ അത്ര വകവയ്ക്കുന്നില്ല. ഒരു പട്ടാണിയും ഒരു ഇൻഡ്യൻ സിവിൽ സർവൻറും തമ്മിൽ വളരെ ഭേദമുണ്ടു്. ലാൽജിയെക്കൊന്നു കളയാമെന്നു നിശ്ചയിച്ച ദിവാൻ, എന്നെ അപായപ്പെടുത്താമെന്നു കരുതുമെന്നു തോന്നുന്നില്ല.

മിസ്റ്റർ സഡ്‌ലി:—നിങ്ങളുടെ കാര്യമല്ലല്ലോ പറഞ്ഞതു്.

മക്കാളി:—മനസ്സിലായി. എനിക്കാപത്തില്ലെങ്കിൽ മേരിക്കും ആപത്തു വരുവാൻ ഇടയില്ല എന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ സഡ്‌ലി:—വഴിയിൽ നിങ്ങൾ കണ്ട ഏതാനം രോഗികൾക്കു, മിസ്: മക്കാളി ഔഷധം കൊടുത്തതായിട്ടു പറകയുണ്ടായല്ലൊ. അവർ വൈദ്യത്തിൽ എന്തു പരീക്ഷ ജയിച്ചിട്ടുണ്ടു്; നാട്ടുഭാഷകൾ അറിയാമോ?

കർണ്ണൽമക്കാളി.—മേരി ലണ്ടൻ എം. ഡി ക്ലാസിൽ നാലുവൎഷം പഠിച്ചതാണു്. അവസാന വൎഷത്തിനു മുമ്പു് ഒരു നേത്രരോഗം ബാധിച്ചതിനാൽ പഠിത്തം നിൎത്തിക്കളഞ്ഞതത്രേ! എന്നാൽ സ്വാഭാവികമായ വാസന നിമിത്തം മേരി വൈദ്യത്തിൽ ഇപ്പോഴും ഉത്സുകയാണു്. കൊച്ചിയിൽ ഡാക്ടർ ആർബത്‌നോട്ടു് പല പഴയ രോഗങ്ങൾക്കും മേരിയോടു് ആലോചിച്ചു, മരുന്നു കുറിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. തമിഴും, തെലുങ്കും അശേഷം തടവില്ലാതെ അവൾ സംസാരിക്കും. ഹിന്ദുസ്ഥാനിയും അറിയാം. മേരിയുടെ യോഗ്യതാംശങ്ങളെക്കുറിച്ചു ഇത്രവിസ്തരിച്ചു ചോദിക്കുന്നതു് എന്തിനാണു? അവൾ വളരെ സന്തോഷത്തോടെ വരും.

മിസ്റ്റർസഡ്‌ലി:—എന്നാൽ, ആ സ്ത്രീകൂടെ നിങ്ങളോടുകൂടെ വരട്ടെ. ഈ വിഷയത്തെക്കുറിച്ചു എനിക്കു ഇനിയും ആലോചിപ്പാനുണ്ടു്. എന്നാൽ അവസാനമായി ഒരഭിപ്രായം പറയുന്നതിന്നുമുമ്പായി എനിക്കു, മിസ് മക്കാളിയെ അഭിമുഖമായിക്കണ്ടാൽ കൊള്ളാമെന്നുണ്ടു്. കർണ്ണൽമക്കാളി, ഞാൻ ഒരു ഇംഗ്ലീഷുസ്ത്രീയുമായി സംസാരിച്ചിട്ടു് ഇരുപതുവൎഷം കഴിഞ്ഞിരിക്കുന്നു. (ഇവിടെ അദ്ദേഹത്തിന്റെ തൊണ്ട പതറുകയും കണ്ണു നനയുകയും ചെയ്തു് എന്നു എനിക്കുതോന്നി.) എന്നാൽ ഞാൻ മിസ് മക്കാളിയെ കണ്ടു സംസാരിക്കേണ്ടതു് ആവശ്യമാണു്. അവരുടെ ചികിത്സാനൈപുണ്യവും, ഭാഷാസാമൎത്ഥ്യവും, മനോധൈൎയ്യവും, എന്റെ ജിജ്ഞാസയെവൎദ്ധിപ്പിക്കുന്നു. നിങ്ങൾ ഇപ്പോൾ പോയി മൂന്നാംപേരും അത്താഴത്തിനു് ഇവിടെ വരികതന്നെ. ഞാൻ ക്ഷണിക്കുന്നു.

കർണ്ണൽമക്കാളി:—അങ്ങിനെതന്നെ.

ഞങ്ങൾ രാജപട്ടണത്തിലേക്കു മടങ്ങി.

---

## അദ്ധ്യായം ൫

### ഒരു സഖി.

സന്ധ്യയോടുകൂടെ ഞങ്ങൾ മൂവരും ആ ഗുഹാദ്വാരത്തിൽ തിരികെ എത്തി. ഹസ്സൻ ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. മേശവിളക്കുകൾ, പങ്കാ, അത്താഴത്തിനു യൂറോപ്യൻമാതിരിയിൽ കത്തി, മുള്ളു്, മാംസവകകൾ, പുഷ്പാലങ്കാരങ്ങൾ, എന്നിവ ഹൃദയാകൎഷകങ്ങളായിരുന്നു. അകത്തേ ഒരു അറയിൽനിന്നു രണ്ടു നിമിഷത്തിനുള്ളിൽ മിസ്റ്റർ സഡ്‌ലി ഇറങ്ങിവന്നു. മുമ്പത്തെമാതിരിയിൽ ഹിന്ദുവേഷംതന്നെ അദ്ദേഹം ധരിച്ചിരുന്നു. എന്നാൽ ഇതൊക്കെ പട്ടുവകകളായിരുന്നു. അദ്ദേഹം മേ

രിയുടെ കൈമേൽ പിടിച്ചുകൊണ്ടു് നിശ്ചഞ്ചലനായി അല്പം നിന്നു്, അവരുടെ കണ്ണുകളിലേക്കു തുറിച്ചുനോക്കിക്കൊണ്ടു് "എൻ്റെ കുട്ടിയും, ഇങ്ങനെയായിരുന്നേനേ" എന്നു പിറുപിറുത്തു. ഞങ്ങൾക്കൊക്കെ കണ്ണുനിറഞ്ഞു തുടങ്ങി. അല്പം കഴിഞ്ഞു അദ്ദേഹം ഗൌരവത്തെ അവലംബിച്ചു മേരി ഗൃഹവിശേഷതയെക്കുറിച്ചു പ്രസംഗം തുടങ്ങി. ഞങ്ങൾ എല്ലാവരും ഭക്ഷണകാര്യോത്സുകന്മാരായി. മേരിയും മിസ്റ്റർ സഡ്‌ലിയും അടുത്തടുത്തു് ഇരുന്നു് ആദ്യം യൂറോപ്യകാര്യങ്ങളും പിന്നെ നാട്ടുകാര്യങ്ങളും പ്രസംഗിക്കുകയും ക്രമേണ നാട്ടുഭാഷകളിൽ സംഭാഷണം തുടരുകയും ചെയ്തു. ഒരു അരമണിക്കൂറിലധികം പല തെന്നിന്ത്യൻ ഭാഷകളിൽ അവർ രണ്ടാളും തടവില്ലാതെ സംഭാഷണം ചെയ്യുന്നതു കണ്ടപ്പോഴാണു്, മേരിയുടെ ഭാഷാപാടവത്തിൻ്റെ അളവു് എനിക്കു് ഏതാണ്ടു് മനസ്സിലായതു്. ഭക്ഷണംകഴിഞ്ഞ ശേഷം, ഹസ്സൻ പാത്രങ്ങൾ നീക്കിത്തുടങ്ങി; ഞങ്ങൾ നാലുപേരുംകൂടെ മുററത്തു—നക്ഷത്രപ്രകാശം മാത്രം ഉണ്ടായിരുന്നു—നാലുകസാലകളിൽ വാസമായി. അങ്ങനെ കുറേ കഴിഞ്ഞപ്പോൾ, "എന്നാൽ ഇനി കാര്യഭാഗത്തേക്കു പ്രവേശിക്കരുതോ? അറയ്ക്കകത്തേക്കു കടക്കുന്നോ?; അതോ വെളിച്ചം ഇങ്ങോട്ടു വരുത്തുകയോ?" എന്നു മിസ്റ്റർ സഡ്‌ലി ചോദിച്ചു.

മിസ്‌മക്കാളി:—"അകത്തേക്കു പോകണമെന്നില്ല. വിളക്കു കൂടാതെ കഴിയുകയാണു് നല്ലതു്. ഇവിടെ ഇരിക്കാൻ തണുപ്പും സുഖവും തോന്നുന്നു."

ഈ മറുപടി എനിക്കു നന്നെ ബോധിച്ചു. മുററത്തിറങ്ങിയപ്പോൾമുതൽ മേരിയുടെ ഇടത്തുകൈ എൻ്റെ വലത്തു കയ്യു് അകത്തു ഒതുക്കി, ഞാൻ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതു വിട്ടുകളയുന്നതിനു എനിക്കുണ്ടായ വൈമനസ്യം നിമിത്തം, വിളക്കു വരുത്താമെന്നും അറയിലേക്കു പോകാമെന്നും ഉള്ള അഭിപ്രായം എനിക്കു രുചിച്ചില്ല. സമയോചിതമായ അഭിപ്രായം പ്രസ്താവിക്കുന്നതിനു മേരിക്കു സാമർത്ഥ്യം ഒന്നു വേറെതന്നെ ആയിരുന്നു.

മിസ്റ്റർ സഡ്‌ലി:—അങ്ങനെ തന്നെ.

നാം രാവിലെ പറഞ്ഞുവച്ച സംഗതിയെപ്പററി എത്രത്തോളം കൂടുതൽ അറിവു നിങ്ങൾ എന്നിൽ നിന്നു ആഗ്രഹിക്കുന്നു എന്നു് എനിക്കു അറിഞ്ഞു കൂടാ. എന്നാൽ ഒരു കാര്യം മിക്കവാറും തീർച്ചതന്നെ; മനുഷ്യവധം നടക്കുന്നതായി ലാൽജി കണ്ടറിഞ്ഞതായ ഗുഹ ഇന്നിടത്താണെന്നും, ആ ദിവാൻ ആരാണെന്നും, എനിക്കു അറിയാമെന്നു ഞാൻ ബലമായി ഊഹിക്കുന്നു. ഒരു നാട്ടുകാരനെപ്പോലെ നാട്ടുകാരോടു കൂടെ ഞാൻ താമസിച്ചിട്ടില്ലാത്ത ഒരു ഗ്രാമമോ പട്ടണമോ നാട്ടുരാജ്യമോ ഈ ഡക്കാനിൽ ഇല്ലെന്നു കേണൽ മക്കാളിക്കു് അറിയാമെന്നു് ഞാൻ വിചാരിക്കുന്നു. അനേകം സ്ഥലങ്ങളിൽ ഗുഹകളും പാറകളിൽ അറകളും വളരെ ഗൂഢമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഇവയിൽ മിക്കതും ഓരോ മതകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു. ലാൽജി കണ്ടതായ ഗുഹയും ഏതോ മതാനുഷ്ഠാനം നടന്നുപോരുന്ന ഒന്നാണെന്നും, ആ ദിവാൻ ആ മതവിഭാഗത്തിൻ്റെ പ്രധാന പുരോഹിതനാണെന്നും, ആണു് എൻ്റെ സങ്കല്പം. ഗുഹയ്ക്കകത്തു നിന്നു വെളിക്കിറങ്ങിയ ലാൽജി, ഗുഹയിൽ നടന്നതായ ക്രൂരപ്രവൃ

ത്തികളെ അടിസ്ഥാനമാക്കി ഒരു കേസു നിൎമ്മിക്കുമെന്നുള്ള ഭയം ദിവാന് ഉണ്ടായിരിക്കുവാൻ ഇടയില്ല. ഒരു വേലക്കാരൻ ഒരു ദിവാനെതിരായി കൊലപാതകക്കുററം ബലപ്പെടുത്തുവാൻ ശ്രമിച്ചാൽ സാധിക്കുകയില്ലെന്നു കണ്ണൂൽമക്കാളി സമ്മതിക്കുമെന്നാണ് എനിക്കു തോന്നുന്നത്. ആയതിനാൽ ലാൽജിയെ പിടിക്കുവാനായി ഇൻഡ്യമുഴവൻ ചാരന്മാർ ചെന്നിരുന്നതും, അവസാനം അറബിക്കടലിൽ വച്ചു ലാൽജിയെക്കൊന്നതും ആലോചിക്കുമ്പോൾ, മതസംബന്ധമായ ഒരു ഉഗ്രനിഷ്ഠ, ദിവാൻപക്ഷക്കാൎക്കുണ്ടെന്നു പ്രത്യക്ഷപ്പെടുന്നു. നൂർജിഹാൻപുരം എന്നു പേരായി ചെറുതെങ്കിലും ധനവും പ്രാബല്യവും ഉള്ളതായ ഒരു നാട്ടുരാജ്യം.—കണ്ണൂൽമക്കാളി—

കണ്ണൂൽമക്കാളി:—നൂർജിഹാൻപുരം! നൂർജിഹാൻപുരം കേട്ടിട്ടുള്ളതായി ഓൎമ്മ തോന്നുന്നില്ല. ഈസ്റ്റിൻഡ്യാക്കമ്പെനി വകയായി പ്രസിദ്ധം ചെയ്തുപോരുന്ന, നാട്ടുരാജ്യകാൎയ്യം വിവരിക്കുന്ന പഞ്ചാംഗത്തിൽ, അങ്ങിനെയൊരുപേരുണ്ടോ?.

മിസ്റ്റർസഡ്‌ലി:—പഞ്ചാംഗം മാത്രമാണോ നിങ്ങളുടെ ആധാരം? ഒടുവിൽ ഇറങ്ങിയപഞ്ചാംഗത്തിൽ പേർ കാണ്മാനില്ലാത്തതായി ഏകദേശം നൂറിലധികം നാട്ടുരാജ്യങ്ങൾ നൎമ്മദാനദിക്കു തെക്കുവശത്തുള്ളതായി, എനിക്കുതന്നെ അറിയാം. ഈസ്റ്റിൻഡ്യാക്കമ്പെനിയുമായി ഒരു നിശ്ചിതഉടമ്പടി ചെയ്തിട്ടുള്ള രാജാക്കന്മാരുടെ പേരുകൾ മാത്രമാണ് പഞ്ചാംഗത്തിൽ കാണുന്നത്. എന്നാൽ കമ്പനിക്കാർ തങ്ങളുടെ സ്വന്തം വകയായി കരുതിയിരിക്കുന്ന പ്രദേശങ്ങളിൽ, പലേടത്തും വിസ്താരമേറിയ നാട്ടുരാജ്യങ്ങളും രാജാക്കന്മാരും ഗവൎമ്മെൻറുകളും ഉണ്ട്.

കണ്ണൂൽമക്കാളി:——അങ്ങിനെ ചിലേടത്ത് ഉള്ളതായി എനിക്കറിയാം. നെല്ലൂർ ജില്ലയിൽ ഞാൻ കലക്ടരായിരിക്കുന്ന അവസരത്തിൽ, ഒരു സ്ഥലത്തു ഒരാളിനെ തൂക്കിലിട്ടു കൊല്ലുകയുണ്ടായി എന്നു ഞാൻ കേൾക്കുകയും, ആയതിൽ ഏൎപ്പെട്ടതായി എനിക്ക് അറിവുകിട്ടിയ പ്രബലനായ ഒരുവനോട്, ആ സംഗതിയെപ്പററി എഴുത്തുകുത്തുചെയ്യുകയും ചെയ്തതിൽ, എനിക്കു കിട്ടിയ മറുപടി, രാമദാസ് എന്ന ഒരുവനെ തൂക്കിലിട്ടു കൊന്നു എന്നും, അത് അവൻ വേറൊരുവനെ കൊന്നതിന്റെ ശിക്ഷ ആയരുന്നു എന്നും ആയിരുന്നു. ഇതു സംബന്ധിച്ചു പിന്നെയുണ്ടായ അനേകം എഴുത്തുകളിൽനിന്നു ബ്രിട്ടീഷിന്റെ മേൽകോയ്മയെ ഗണിക്കാതെ ഒരു സ്വതന്ത്രരാജ്യം എന്നവണ്ണം ആ പ്രദേശങ്ങളിൽ നടപ്പടി പതിവായിരുന്നു, എന്നു നല്ലവണ്ണം പ്രത്യക്ഷപ്പെട്ടു. എന്നാൽ ഒടുവിൽ മദ്രാസ ഗവൎണ്ണർചെയ്ത തീൎച്ച് രാമദാസിനെ തൂക്കിലിട്ടു കൊന്നതു ഈസ്റ്റിൻഡ്യാക്കമ്പനി ക്ഷമിച്ചിരിക്കുന്നു എന്നും, മേലാൽ തൂക്കിലിടുകയും നാടുകടത്തുകയും കമ്പനിക്കാരെ അറിവിച്ചു നടത്തേണ്ടതാകുന്നു എന്നും, മാത്രമായിരുന്നു.

മിസ്റ്റർസഡ്‌ലി:—ഇങ്ങനെ പലപ്രദേശങ്ങളിലുമുണ്ട്. ഇൻഡ്യയിൽ പൂൎണ്ണരാജാധികാരം സ്ഥാപിക്കണമോ, അതോ കച്ചവടലാഭം ലാക്കാക്കി പ്രവൎത്തിച്ചാൽ മതിയോ, എന്നു കമ്പനിക്കാർ ഇന്നും ഉറച്ചിട്ടില്ലാത്തതിനാൽ വരുന്ന പല പിശകുകളിൽ ഒന്നാണ്, ഇതു്. എന്നാൽ നൂർജിഹാൻപുരം കമ്പനിക്കാൎക്കു പരിചയമില്ലാത്ത

ഒരു പ്രദേശമല്ല, അവിടത്തെ രാജാവുമായി ഏതാനും ചില ഉടമ്പടികൾഉണ്ടായിട്ടുണ്ട്. പഞ്ചാംഗത്തിൽ നാട്ടുരാജ്യത്തിൻെറ പേരുകളുടെ കൂട്ടത്തിൽ ഉൾപ്പെടത്തക്ക പ്രസിദ്ധിയും ഉള്ളതാണ് അത്. അതുപോകട്ടെ. മിസ്റ്റർ നീവ്! ലാൽജി നിങ്ങളോടു പറഞ്ഞ വിവരണത്തിൽ ന്തുർജിഹാൻപുരം എന്നു പ്രസ്താവിച്ചതായി ഓർമ്മതോന്നുന്നോ.?

ഞാൻ:—ന്തുർജിഹാൻപുരം—ന്തുർജിഹാൻപുരം (ഉണ്ടോ ഇല്ലയോ എന്ന് എൻെറ ബുദ്ധിയിൽ ശരിയായി വിളങ്ങിയില്ല. കുറെ സംശയിച്ചിട്ട്) ഉണ്ടായിരിക്കാം.

മിസ്റ്റർസഡ്ലി:—അവിടത്തെ ദിവാൻ, റാവു ബഹദൂർ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായർ—

ഞാൻ:—(ഞെട്ടിഎഴുനീററു കൊണ്ടു) ആയാൾതന്നെ, സന്ദേഹമില്ല, ആയാൾതന്നെ. ഹ്ഹ ഇക്കാലമെല്ലാം, അത് എൻെറ നാവിൻെറ തുമ്പത്തു നൃത്തംവച്ചുകൊണ്ടുനിന്നു. ഹിന്ദുനാമങ്ങൾ എനിക്കു നല്ലപരിചയമില്ലാത്തതുകൊണ്ട് മനസ്സിൽ നില്ക്കുവാനും പറയുവാനും പ്രയാസം. ഒന്നുകൂടെ കേൾക്കട്ടെ.

മിസ്റ്റർസഡ്ലി:—റാവുബഹദൂർ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായർ.

ഞാൻ:—അതുതന്നെ, ആയാൾതന്നെ. സാധുലാൽജി ആ നാമം പറയുമ്പോൾ കിട്ടുകിടാ വിറയ്ക്കാറുണ്ടായിരുന്നു.

മിസ്റ്റർസഡ്ലി:—ശരി, അപ്പോൾ എൻെറ ഊഹം ശരിയായി. പ്രസ്തുത ഗുഹാഗർഭം എവിടെയാണെന്നു സ്ഥലനിർണ്ണയം ചെയ്യാറായതു്, ഒരു വലിയവിജയം തന്നെ. എന്നാൽ ഇതുകൊണ്ടു കാര്യം സാധിച്ചുപോയി എന്നു ഭ്രമിക്കരുതു്. സംഗതി വളരെ വളരെ ദുർഘടമാണ്. ഞാൻ ഈ റാവുബഹദൂരുമായി കാണുകയും ഞങ്ങൾ അന്യോന്യം സംസാരിക്കുകയും ചെയ്തിട്ടുണ്ടു്. രാജ്യതന്ത്രകലാകുശലനായി ഇങ്ങനെ വേറൊരുവനെ, ഇംഗ്ലണ്ടിലാവട്ടെ, ഇൻഡ്യയിലാവട്ടെ, ഞാൻ കണ്ടിട്ടില്ല. ആയാൾ, വളരെ വളരെ അസാമാന്യനാണ്. സത്യസന്ധത, ആലോചനാഗാധത, ബുദ്ധിവീര്യം, എന്നിതുകൾ നിമിത്തം മദ്രാസ് ഗവർണ്ണരന്മാരിൽ പലരുടേയും ആ ഡിസ്ട്രിക്ടിൽ ചെല്ലുവാൻ ഇടയായിട്ടുള്ള മിക്കകലക്ടരന്മാരുടേയും സീമാതീതമായ ബഹുമാനത്തെ ആയാൾ സമ്പാദിച്ചിട്ടുണ്ടു്. ആയാൾ ഈസ്റ്റിൻഡ്യാകമ്പനിക്കാരെ കുറിച്ചു അപാരമായ ഭക്തിയുള്ള ഒരാളെന്നാണു് വച്ചിരിക്കുന്നതു്. പാശ്ചാത്യസംപ്രദായങ്ങളേയും പരിഷ്കാരങ്ങളേയും ആപാദചൂഡം സ്വീകരിപ്പാൻ അസാരം മടിയുള്ള ഒരാളാണ് എന്നും ആയാളെ കുറിച്ചു പ്രസ്താവം ഉണ്ടു്. ഉൾനാട്ടിൽ മാത്രം വളരുവാൻ ഇടയായ ആയാൾക്കു, അതു് ഒരു ന്യൂനതയായി ആരും ഗണിച്ചിട്ടുണ്ടെന്നു് തോന്നുന്നില്ല. എത്രയും താണ ഒരു സ്ഥിതിയിൽ നിന്നു ബുദ്ധിബലംകൊണ്ടും ഉത്സാഹബലംകൊണ്ടും ഉയൎന്നു സമ്പാദിച്ചു്, കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളായി ന്തുർജിഹാൻപുരത്തിൻെറ ദിവാൻ സ്ഥാനം സാമർത്ഥ്യമായി വഹിച്ചുപോരുന്ന പ്രബലനായ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായരെ, അറിയുന്ന

വക്ക് ഒക്കെ വളരെബഹുമാനമാണ്. ആ ദിവാന്റെ ബാഹ്യകഥകൾ മാത്രമാണ് യൂറോപ്യന്മാക്കു ഇതേവരെ മനസ്സിലായിട്ടുള്ളത് എന്നാണ് എന്റെ അഭിപ്രായം. ആയാളുടെ യഥാത്ഥമായ സ്വഭാവവും ആന്തരികമായ ആലോചനയും ആരുകണ്ടു?. നൂർജിഹാൻപുരം മിക്കവാറും സ്വാതന്ത്ര്യമുള്ളതും പ്രാബല്യമുള്ളതെങ്കിലും തുലോം ചെറുതും ആയ ഒരുരാജ്യമായിരിക്കുകയാൽ, കമ്പനി ഉദ്യോഗസ്ഥന്മാക്കു അവിടെ ഇടപാടുകൾ കുറവായിരിക്കുന്നതു, പ്രസ്തുതദിവാന്റെ ബുദ്ധിഗതിക്കു ഒരു സഹായമായിട്ടുണ്ടു്. അവിടെ ഇപ്പോൾ നാടുവാഴുന്ന രാജാവ് ഈ ദിവാന്റെ കൈയിൽ കേവലം ഒരുപാവയാണ്. മടി, സ്ത്രീഭോഗം മുതലായവയിൽ മുഴുത്തു പിടിച്ചു അദ്ദേഹം അന്തഃപുരത്തിൽ നിന്നു സാധാരണ വെളിക്കിറങ്ങാറില്ല. രാജ്യഭരണത്തിന്റെ ചരടുകളെല്ലാം, ദിവാന്റെ കൈയിലത്രേ. കൂടാതെയും ഈ പ്രണതാത്ഥി ഹരിഹരസുബ്രഹ്മണ്യരായർ ഒരു മതവിഭാഗത്തിന്റെ പ്രധാന പുരോഹിതനാണ്. ആയാളുടെ ഈ ഉദ്യോഗമാണ് ഗൂഢാന്തർഗ്ഗതക്രൌര്യങ്ങൾക്കു അടിസ്ഥാനമായിരിക്കുന്നതു് എന്നാണ്, ഞാൻ സംകല്പിച്ചിരിക്കുന്നതു്.

കണ്ണൂൽമക്കാളി:—"അതു് ഏതു മതമാണ്.

മിസ്റ്റർസഡ്ലി: - അതു് അന്വേഷിച്ചറിയേണ്ടതത്രേ. എന്റെ അറിവിൽ പെട്ടിരിക്കുന്നതു്, അതു നൂർജിഹാൻപുരത്തു മാത്രമുള്ള ഒരുമതമാണെന്നാണ്. അംഗങ്ങളും വളരെയില്ല. എപ്പോഴും നൂറെറാന്നുപേർ മാത്രമാണ്; അവർ എല്ലാവരും പുരോഹിതന്മാരുമാണ്. അവരിൽ ഒരാൾ മരിച്ചാൽ, മരിച്ചയാളുടെ മകനെയോ സഹോദരനെയോ മറെറാ കൂടെചേത്തു സംഖ്യതികയ്ക്കും. ആയതിനാൽ ഈ മതം നൂർജിഹാൻപുരത്തിലെ നൂറെറാന്നു കുടുംബക്കാരുടെ ഒരു സ്വകാര്യഏപ്പാടുതന്നെ എന്നു പറയാം.

കണ്ണൂൽമക്കാളി:—അവരുടെ ആചാരമോ വിശ്വാസമോ എന്താണ്?.

മിസ്റ്റർസഡ്ലി:—ആ സംഗതിയിലും എനിക്കു അറിവു കുറവാണ്. കാലകിങ്കരന്മാർ എന്നാണ് അവരെക്കുറിച്ചു അവർതന്നെ പറയാറു്. കാലൻ ഹിന്ദുമതസിദ്ധാന്തപ്രകാരം മരണരാജാവാണല്ലൊ. ചില ആന്തരികകാര്യങ്ങളെ ഒഴിച്ചു മറെറല്ലാ കാര്യങ്ങളിലും, അവർ നൂർജിഹാൻപുരത്തുള്ള അന്യസമുദായാംഗങ്ങളോടു യോജിച്ചിരിക്കുന്നതായിത്തന്നെ കാണും. അവരുടെ മതാനുഷ്ഠാനങ്ങൾ ഒക്കെയും വളരെ രഹസ്യമാണ്. മിണ്ടാവേദക്കാരെക്കുറിച്ചു് അറിവില്ലയോ? എറണാകുളം സക്കാർവക്കീൽ മിസ്റ്റർ ആനന്ദറാവു, സുറിയാനി സമുദായപ്രാമാണികൻ കെ. ജെ. തയ്യിൽ മുതലാളി, ഒരു ഈഴവ നേതാവായ രസികകവി കോന്നൂർ പത്മനേത്രപ്പണിക്കർ, ഹൈക്കോടതി വക്കീലും അഗാധപണ്ഡിതനും ആയ റാവു ബഹദൂർ പി. ജി. നാരായണപിള്ള, ബ്രഹ്മശ്രീ കുമാരമംഗലത്തു ഗോവിന്ദൻ നമ്പൂരിപ്പാട് വ്യവസായവിദ്യാവൈശാരദ്യം സമ്പാദിച്ചിരിക്കുന്ന കേ. സി. മാധവൻപിള്ള, അന്നപ്പുഴളിമഠം രാജരാജവർമ്മ കോയിത്തമ്പുരാൻ; കഴിഞ്ഞ ആണ്ടിൽ കാലംചെയ്ത കനകത്തു വലിയ കുഞ്ഞുണ്ണി നമ്പ്യാർ മുതലായ മിണ്ടാവേദക്കാരിൽ ചിലരെയെങ്കിലും, കണ്ണൂൽമക്കാളി അറിയുമെന്നു്, ഞാൻ ഉദ്ദേശിക്കുന്നു. സ്വസമുദായങ്ങ

ളുടെ ആചാരങ്ങളേയും അനുഷ്ഠാനങ്ങളേയും വിടാതെ പിടിച്ചുകൊണ്ടുതന്നെ, ആളുകളിൽനിന്നു ഭിന്നമായ ഒരു അനുഷ്ഠാനസമ്പ്രദായത്തെ അനുകരിക്കുമെന്നുള്ളതിന്ന് ഇവരുടെ ദൃഷ്ടാന്തം മതിയാകുമെന്നു ഞാൻ കരുതുന്നു. പ്രണതാൎത്ഥി ഹരിഹരസുബ്രഹ്മണ്യരായരുടേയും അനുചരന്മാരുടേയും ആരാധനാസ്ഥലവും, പ്രതിഷ്ഠയും, നൂർജിഹാൻപുരത്തിനടുത്തുള്ള ഒരു മലയുടെ ഗർഭത്തിലാണ്. ആ ഗുഹാഗർഭത്തിൽവച്ചാണ്, ലാൽജിയെ കൊല്ലുവാനായി, ദിവാൻ തുനിഞ്ഞത്.

ഞാൻ:—"കല്ലൻ, മിസ്റ്റർ സഡ്‌ലിയുമായി കണ്ടുമുട്ടാനിടയായതു നമ്മുടെ ഭാഗ്യം തന്നെ. കാൎയ്യം ഇത്രവേഗത്തിൽ ശുഭമായി പരിണമിക്കുമെന്ന് ആരുവിചാരിച്ചു? ഉടനെതന്നെ നൂർജിഹാൻപുരത്തിങ്കലോളം പോയി .. "

മിസ്റ്റർസഡ്‌ലി:—"നിങ്ങളുടെ പരിചയക്കുറവ്, നിങ്ങളുടെ പ്രായത്തിനനുസരിച്ചു തന്നെയിരിക്കുന്നു. ഈ സംഗതി സംബന്ധിച്ചു ഒരു അക്ഷരം ദിവാൻ അറിയുകയാണെങ്കിൽ—പിന്നെ തെളിയുന്നതിനു യാതൊരു മാൎഗ്ഗവുമുണ്ടാകയില്ല. അവിടത്തെ മഹാരാജാവിന്റെ അടുക്കൽ വിവരം പറകയാണെങ്കിൽ നാം നമ്മുടെ പാടുനോക്കിക്കൊള്ളുവാൻ കല്പനയാവും."

ഞാൻ:—എന്നാൽ വിവരം ഉടനെ കലക്ടൎക്കും മദ്രാസ് ഗവർണൎക്കും അറിവുകൊടുത്താലോ? നരബലി, ഇത്രധാരാളമായിനടത്തുവാൻ കമ്പനിക്കാർ, അനുവദിക്കുകയില്ല, നിശ്ചയംതന്നെ.

മിസ്റ്റർസഡ്‌ലി.—അതുകൊണ്ടും യാതൊരു പ്രയോജനവുമില്ല—കണ്ണനൽ മക്കാളിയോടുതന്നെ ചോദിക്കുക. ബൊംബായി തുറമുഖത്തുവച്ചു ഒരു ചെപ്പടിക്കളിക്കാരൻ കൊന്നതായി സംശയിക്കപ്പെട്ടിരുന്ന ഒരു പട്ടാണി പറഞ്ഞകഥയെ, നിങ്ങൾ ആവൎത്തിച്ചു പറയുന്നതനുസരിച്ച് ഞാൻചെയ്തു ഏതാനും അനുമാനങ്ങളെ അടിസ്ഥാനമാക്കി, പ്രബലനും മിക്കവാറും രാജത്വം ഉള്ളവനും, ഇരുപത്തഞ്ചു വൎഷക്കാലം വളരെസാമൎത്ഥ്യത്തോടും കമ്പനിക്കാരെ വളരെ ബഹുമാനത്തോടും നൂർജിഹാൻപുരകാൎയ്യധുരന്ധരത്വം വഹിച്ചുപോരുന്ന സമ്മതനും ആയ റാവു ബഹദൂർ പ്രണതാർത്ഥി ഹരിഹരസുബ്രഹ്മണ്യരായരെ, ആരെങ്കിലും അറസ്റ്റു ചെയ്യുമോ,? ചെയ്വാൻ അത്ര എളുപ്പത്തിൽ സാധിക്കുമോ.?

കണ്ണനൽമക്കാളി:—"ഒരിക്കലും സാധിക്കുന്നതല്ല. വളരെ സൂക്ഷ്മാലോചനയോടും കൌശലത്തോടും കൂടെ നടത്തേണ്ട ഒരുസംഗതിയാണ് ഇത്. നിങ്ങൾ ഗുണദോഷിക്കുന്നവണ്ണം ഞങ്ങൾ ചെയ്തുകൊള്ളാം." മേരി എന്റെ കൈമേൽ ഒന്ന് അമൎത്തി. ഞാൻ മേരിയുടെ കൈമേൽ രണ്ടു് അമൎത്തി.

മിസ്റ്റർസഡ്‌ലി:—അതേസംശയമില്ല. വളരെ വളരെ ആലോചനയോടു കൂടെ ആരംഭിക്കേണ്ടതാണു്. എനിക്കു ഒരു സംഗതികൂടെ പറയാനുണ്ടു്. അതായതു—അതായതു—ചെറുപ്പക്കാരായ നിങ്ങൾക്കു, ഞാൻ ഒരു ഭാരമായിതോന്നുകയില്ലെങ്കിൽ—ഞാനും കൂടെ നിങ്ങളൊരുമിച്ചു വരാം.

ഞങ്ങൾ മൂന്നുപേരും ആഹ്ലാദപൂർവം—"ഇനി ഞങ്ങൾക്കു ധൈര്യമായി" മേരി, ഹൃദയപൂർവം അദ്ദേഹത്തെ പ്രത്യേകം അഭിവാദ്യം ചെയ്തു.

ഞങ്ങൾ പിരിഞ്ഞു. ഞങ്ങൾ രാത്രി തന്നെ മടങ്ങി രാജപട്ടണത്തു എത്തേണ്ടതായിരുന്നതിനാൽ വൃഥാകളയാൻ സമയം ഉണ്ടായിരുന്നില്ല. മിസ്റ്റർ സഡ്‌ലിയോടു കൂടെ അദ്ദേഹത്തിൻെറവേലക്കാരനായ ഹസ്സനും, അതുപോലെതന്നെ വിശ്വസ്തനായ ചന്തുവും, നൂർജിഹാൻപുരത്തിലേക്കു പോരേണ്ടതാണെന്നും മററും, പൊതുവായി ചിലതീർച്ചകൾ ചെയ്തു ഞങ്ങൾ മടങ്ങി.

---

## അദ്ധ്യായം ൯

### മഹാരാജ സന്ദർശനം.

നൂർജിഹാൻപുരത്തെ ഉദ്ദേശിച്ചു പുറപ്പെടുന്നതിനു പ്രാരംഭതാമസം ഒരാഴ്ചവട്ടത്തോളം ഉണ്ടായി. ഇതിനിടയ്ക്കു പലപ്രാവശ്യവും ഞങ്ങൾ രാജപട്ടണത്തുനിന്നു വന്ന മിസ്റ്റർസഡ്‌ലിയെ കാണുകയുണ്ടായി. ഞങ്ങളുടെ ബുദ്ധിക്കു എത്തിയ എല്ലാപ്രകാരങ്ങളിലും വേണ്ട ആലോചനകൾചെയ്തു ക്യാമ്പു്, മരുന്നുപെട്ടി, മററുസാമാനങ്ങൾ, ഉടുപ്പുതരങ്ങൾ, വെടിമരുന്നു, ആയുധവർഗ്ഗങ്ങൾ എന്നിതുകളെ സംഭരിച്ചു്, യാത്രയിൽ കൊണ്ടുപോവാൻ തക്കവണ്ണം കെട്ടുകളാക്കിയിരുന്നു. ഈഭാഗമൊന്നും വിസ്തരിക്കുന്നില്ല. യാത്രപുറപ്പെട്ടു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. മിസ്റ്റർസഡ്‌ലിയുടെ ഹസ്സനും ചന്തുവും കർണ്ണൽമക്കാളിയുടെ മഹമ്മദും, ഡാവൂഡും ആയിരുന്നു, വേലക്കാരിൽ പ്രധാനികൾ. ഞങ്ങൾമൂവരും കുതിരപ്പുറത്തും മിസ്റ്റർസഡ്‌ലി പല്ലക്കിലും ആയിരുന്നു സാധാരണ യാത്രാക്രമം. ചിലപ്പോൾ മിസ്റ്റർ സഡ്‌ലി കുതിരയിൽ കയറി, മേരിക്കു പല്ലക്കു ഒഴിഞ്ഞു കൊടുക്കുകയും ഉണ്ടായിരുന്നു. മാർഗ്ഗക്ലേശങ്ങളെ വിവരിച്ചു വായനക്കാരെ മുഷിപ്പിക്കുന്നില്ല. യാത്രആരംഭിച്ചു്, ഇരുപതുദിവസം കഴിഞ്ഞു ഒരുദിവസം പ്രഭാതത്തിൽ,

മിസ്റ്റർ സഡ്‌ലി:—നൂർജിഹാൻ പുരത്തേക്കു ഇനിഒരു ഇരുപതുനാഴികയിൽ അധികമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഒന്നുകരുതിവേണം ഇന്നത്തെ പുറപ്പാടു്. സന്ധ്യകഴിഞ്ഞ ശേഷമാണു്, നാം ആപട്ടണത്തെ സമീപിക്കേണ്ടതു്. നമുക്കു് ഇഷ്ടമുള്ളസ്ഥാനത്തു ഇന്നുരാത്രി ക്യാമ്പു് അടിച്ചു, താമസം ഉറപ്പിച്ചശേഷം, നാം വന്നിരിക്കുന്ന വിവരം നാളെരാവിലെ നമുക്കു അവിടത്തെ അധികാരികളെ തെര്യപ്പെടുത്താം

നേരം വൈകി അഞ്ചു മണിയായി. ഇടത്തും വലത്തും ഉയൎന്ന മലകൾ കിടക്കുന്ന ഒരു മലയിടുക്കിൽകൂടെ ഞങ്ങൾ പുരുഷന്മാർ മൂവരും നടന്നു കിഴക്കോട്ടു ഇറങ്ങിത്തുടങ്ങി. ആ താഴ്വര വീതി കുറഞ്ഞും ഇരുഭാഗത്തുമുള്ള മലകൾ അകന്നകന്നും ആയിരുന്നു, അവിടെ ഭൂസ്ഥിതി. മിസ്റ്റർ സഡ്‌ലി ആജ്ഞാപിച്ചതനുസരിച്ചു ഞങ്ങൾ ഒരു കല്ലിൽ കയറിനിന്നു താഴെ കിഴക്കോട്ടുനോക്കിയപ്പോൾ, ഹാ! ഞങ്ങളുടെ ചിന്താവി

ഷയമായിരുന്ന ന്തർജിഫാൻപുരം വിസ്താരമായ ഒരു മൈതാനത്തിൽ മനോഹരമായി കാണാമായിരുന്നു. ഞങ്ങളുടെ ഇടത്തുവശത്തായി, അതായത് വടക്കുവശത്തായി കണ്ട ഒരു വലിയ മലയിൽനിന്ന്, ഒരു വെള്ളിക്കമ്പിപോലെ തെക്കുനോക്കി ഒലിച്ചിറങ്ങി മൈതാനത്തിൽ വിസ്താരത്തെ പ്രാപിച്ച ഒരു നദിയുടെ മിക്കവാറും പടിഞ്ഞാറു വശത്തായിട്ടാണ്, ആ നഗരം നിന്നത്. ന്തർജിഫാൻപുരം, ഞങ്ങൾ നിന്ന പ്രദേശത്തുനിന്ന് രണ്ടു മൂന്നു മയിത്സിലധികം ദൂരത്തിലല്ലായിരുന്നു. വളരെ മനോഹരമായി തോന്നിയ ഒരു കെട്ടിടത്തിന്റെ—അതു കൊട്ടാരമാണെന്നു പിന്നീട് ഞങ്ങൾ അറിഞ്ഞു—മുൻമുറ്റത്തിലായി പച്ചത്തലപ്പാവും ചുവപ്പുകോട്ടും വെള്ളക്കാൽച്ചട്ടയും ധരിച്ച അനേകം പട്ടാളക്കാർ, കുതിരപ്പുറത്ത് അണിഅണിയായി ചെയ്ത ചലനങ്ങളെ ഞങ്ങൾ നല്ലവണ്ണം കണ്ടു. പിന്നെ ദൃഷ്ടിപോയത്, ഞങ്ങളുടെ ഇടത്തുവശത്ത്, കിഴക്കുപടിഞ്ഞാറായി കിടന്ന മലവരിയിലേക്കാണ്. അസ്തമിക്കാറായ സൂര്യന്റെ ചുവപ്പുനിറത്ത രശ്മികൾ പടിഞ്ഞാറുനിന്നു കിഴക്കു ആ മലയുടെ പടിഞ്ഞാറെ ചരിവുകളിന്മേൽ പതിക്കുകയായിരുന്നു. "അതാ" എന്നു മിസ്റ്റർ സഡ്‌ലി പറഞ്ഞു ഞങ്ങൾ നോക്കി. ആ മലയുടെ പടിഞ്ഞാറോട്ടുള്ള ഒരു ചരിവിൽ പാറമേൽ ഒരുസ്ഥലത്ത്, ഏതോ ചില അക്ഷരങ്ങൾ ഞങ്ങൾ തെളിവായിക്കണ്ടു. രണ്ടു മിനിട്ടുനേരം ഞങ്ങൾ അതു കണ്ടു. ഉടനെ നേരം പെട്ടെന്നു സന്ധ്യയായി; ഇരുട്ടായി.

മുൻപ്രസ്താവിച്ച ശിലാരേഖകൾ എന്തായിരിക്കുമെന്നു സംശയിച്ചും, പെട്ടെന്നു ക്ഷുദ്രപ്രയോഗത്താലെന്നതുപോലെ, നേരം ഇരുട്ടായത് എങ്ങനെയാണെന്നു വിസ്മയിച്ചും, ഞങ്ങൾ നില്ക്കെ,

മിസ്റ്റർ സഡ്‌ലി:—"ലാൽജി ഗ്രഹാഗഹ്വരത്തിൽനിന്നു വെളിക്കിറങ്ങിയ ഉടനെ, സ്വല്പസമയത്തേക്കു ഏതോ ഒരു ശിലാരേഖ് കണ്ടു എന്നു പ്രസ്താവിച്ചതായി നിങ്ങൾ പറഞ്ഞത്, ഞാൻ ഓർക്കുന്നു. അക്ഷരജ്ഞാനമില്ലാത്ത ഒരുത്തൻ പ്രാണരക്ഷണത്തിനായി ഓടുന്ന അവസരത്തിൽ ഒരു ശിലാരേഖ കണ്ട കാര്യം പ്രസ്താവിക്കണമെങ്കിൽ, ആ രേഖയുടെ സ്വഭാവത്തിലോ, സംപ്രദായത്തിലോ, ഏതെങ്കിലും അസാധാരണത്വം ഉണ്ടായിരിക്കുമെന്നും, അതു പ്രയാസംകൂടാതെ പരീക്ഷിക്കാമെന്നും കരുതി ഒരു സന്ധ്യാസമയം ഇവിടെ വന്നു ചേരണമെന്നു ഞാൻ മുമ്പുതന്നെ നിശ്ചയിച്ചിരുന്നു. സൂര്യപ്രകാശം ഏറ്റ് പൈശാചികങ്ങളായിത്തിളങ്ങിയ ആ രേഖകളായിരിക്കണം, അവൻ കണ്ടത്; സംശയമില്ല. ആരുടേയും ദൃഷ്ടിയെ ആകർഷിക്കത്തക്ക ശോഭ അവയ്ക്കുണ്ടു. പാറയുടെ സ്ഥിതിനിമിത്തം സൂര്യപ്രകാശം നല്ലവണ്ണം ഏല്ക്കാനിടയില്ലാത്ത ഒരു വിസ്താരമായ പ്രദേശത്തിന്റെ മദ്ധ്യത്തിൽ, സൂര്യരശ്മികൾ ഈ സമയം നല്ലവണ്ണം തറയ്ക്കുന്ന ഒരു സ്ഥാനത്താണ്, ആ രേഖകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പ്രകാശം ഇല്ലാത്ത വിസ്താരമായ ഒരു പ്രദേശത്തിൽ ഒരു ചെറിയസ്ഥലം പ്രകാശമുള്ളതായിത്തീർന്നാൽ അതു വളരെ ശോഭിച്ചു കാണുക സാധാരണയാണല്ലോ. അതുകൊണ്ടാണ്, ആ ശിലാരേഖ അസ്വാഭാവികമായ ഒരു പ്രഭാപൂരം ഉള്ളതായി തോന്നിയത്. പടിഞ്ഞാറുള്ള ഏതോ ഒരു മലനിമിത്തം സൂര്യൻ മറയുന്ന സമയം, പെട്ടെന്നു, ദിവ്യശക്തിയാൽ എന്നവണ്ണം നാം അന്ധകാരത്തിൽ ആകുകയും ചെയ്തിരിക്കുന്നു. നമുക്കു അസാരം പുറകോട്ടുപോകാം. നമ്മുടെ വണ്ടികളും മറ്റും ഇത്രടം വരാൻ ആവശ്യമില്ല. നാം ക്യാമ്പ് അടിക്കുന്നത് ആ ശിലാരേഖയുടെ സമീപത്തായിരിക്കണം." അന്നു ഞങ്ങൾ ഉറങ്ങാൻ കയറിയപ്പോഴേക്കു മണി പത്തിനോടടുത്തായിരുന്നു എന്നു തോന്നുന്നു.

പിറേറന്നു പ്രഭാതമായി. കൎണ്ണൽമക്കാളിയുടെ ഒരു ശിപായി, കിന്നരിത്തലപ്പാവു്, വില്ലു മുതലായ വേഷപ്രഭാവങ്ങളോടുകൂടെ, ഒരെഴുത്തും കൊണ്ടു ദിവാന്റെ ഗൃഹത്തിലേക്കുപോയി. താൻ തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷുറസിഡണ്ടാണെന്നും, ഏതാനും സ്നേഹിതന്മാരോടൊരുമിച്ചു വിശ്രമത്തിനായി വന്നു് മലവാരത്തിൽ പാളയം അടിച്ചിരിക്കുന്നു എന്നും, മഹാരാജാവിനെ കാണുന്നതിനു സമയം അനുവദിപ്പിച്ചു കൊടുക്കണമെന്നും മററും ആയിരുന്നു എഴുത്തു്.

പന്ത്രണ്ടുമണിക്കു രണ്ടു കുതിരപ്പട്ടാളക്കാർ ദിവാന്റെ മറുപടികൊണ്ടുവന്നു. കമ്പനിക്കാരും നൂർജിഹാൻപുരവും തമ്മിൽ മൈത്രി വളരെക്കാലമായി നിലനിന്നുപോരുന്നതാണെന്നും; ഇൻഡ്യായുടെ സമാധാനത്തിനും പരിഷ്കാരത്തിനും ആയി ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ളവരാണു്, ഇംഗ്ലീഷുകാരെന്നു താൻ വിശ്വസിച്ചുപോരുന്നു എന്നും; സൎക്കാർവക അതിഥിഗൃഹങ്ങളിൽ താമസം ഉറപ്പിക്കാത്തതിൽ തനിക്കു അസ്വാസ്ഥ്യം ഉണ്ടെന്നും; എന്നാൽ ഞങ്ങൾ ഞങ്ങളുടെ എഴുത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ താൻ ഈ കാൎയ്യത്തിൽ നിർബന്ധം ഒന്നും പറയുന്നില്ലെന്നും; അന്നുതന്നെ നാലുമണിക്കു ഡർബാർകൂടി ഞങ്ങളെ സ്വീകരിക്കുന്നതിന്നു വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തിരിക്കുന്നു എന്നും ആയിരുന്നു എഴുത്തിന്റെ സാരം. നാട്ടുരാജ്യങ്ങളിലെ പതിവനുസരിച്ചു്, ആ ദൂതന്മാൎക്കു്, കസവുമുണ്ടുകൾ മുതലായ സമ്മാനങ്ങളും കൊടുത്തു് കൎണ്ണൽ അവരെ മടക്കി.

മൂന്നു മണിക്കു്, ഞങ്ങൾ യാത്രയായി. മിസ്റ്റർ സഡ്‌ലി ഒരു പല്ലക്കിലും ഞങ്ങൾ രണ്ടാളും കുതിരപ്പുറത്തും ആയിരുന്നു. നാട്ടുരാജാക്കന്മാരുടെ പതിവിനെ പിന്നെയും ബഹുമാനിക്കേണ്ടി വന്നതിനാൽ, മേരി പോരേണ്ടെന്നാണു ഞങ്ങൾ തീൎച്ചചെയ്തതു്. കുന്നിന്റെ അടിവാരത്തു ഞങ്ങളെ എതിരേല്പാനായി അമ്പാരിവച്ച രണ്ടു് ആനകളും, ഒരു കനകപ്പല്ലക്കും, വിശേഷ വേഷന്മാരായിരുന്ന ഏതാനും പട്ടാളക്കാരും, ഉരുട്ടുചെണ്ട, പാണ്ടിവാദ്യം, നാഗസ്വരം മുതലായതുകൾ കൊണ്ടു പലസംഘം ലഹളക്കാരും ഉണ്ടായിരുന്നു. ഞങ്ങൾ വാഹനം മാറി; കൊട്ടും കുരവയും ആൎപ്പുവിളിയും, എല്ലാം കൂടെ ഒരു എഴുന്നള്ളത്തിന്റെ രീതിയായി. പട്ടണദ്വാരം മുതൽ, മഹാരാജാവുതിരുമനസ്സിലെ സ്വന്തം ബാൻഡുകാർ ഞങ്ങളെ അകമ്പടിസേവിച്ചു. അവിടെനിന്നു ഡർബാർ ഹാൾവരെയ്ക്കു്, എനിക്കു അനുഭവം കേവലം നൂതനമായിരുന്നു. മുമ്പിൽ അകമ്പടിയായി കൎണ്ണകഠോരമായ ചെണ്ടക്കൊട്ടും, ഭൂമികിടുങ്ങുന്ന വണ്ണമുള്ള നാഗസ്വരവും; തെരുവിന്റെ രണ്ടരികുകളിലുമുള്ള മേടകളിൽ ഞങ്ങളെ കാണുന്നതിനായി ഉളിഞ്ഞുനോക്കിക്കൊണ്ടു നിന്ന, വേഷപ്പകിട്ടും മുഖപ്പകിട്ടുമുള്ള സ്ത്രീജനങ്ങളും; ഒന്നരമുഴം നീളംവരുന്ന തെളുതെളെ വിളങ്ങുന്ന കഠാരിധരിച്ചവരായ കാണികളായ പുരുഷന്മാരും—ശാന്തമായ യൂറോപ്പിൽ ഇങ്ങനെ ഒരു കാഴ്ച, ഉണ്ടാകുവാൻ ഇടയില്ല. കൃത്യം നാലുമണിക്കു ഞങ്ങൾ ഡർബാർഹാളിന്റെ വാതുക്കൽ ഇറങ്ങി. ഞങ്ങളെ സ്വീകരിപ്പാനായി ദിവാൻ വാതിലിന്റെ ഉമ്മരപ്പടിയിൽ നിന്നിരുന്നു.

ദിവാൻ റാവുബഹദൂർ പ്രണതാൎത്തിഹരിഹരസുബ്രഹ്മണ്യരായർ!! നാരായണ! എന്തൊരു് അമാനുഷമുഖം! കണ്ടാൽ കണ്ണുപറിക്കാൻ സാധിക്കുകയില്ല. ആയാളുടെ മുഖവും ആ നിലപാടും ഇന്നും ഒരു പ്രതിമപോലെ എന്റെ മനസ്സിലുണ്ടു്. ആലോചനാനിശ്ചലമായ ഭാവവും, ദൃഷ്ടിധൈൎയ്യവും, ബുദ്ധിജ്വാലയും, കുശാഗ്രമനോവിലാസവും—എന്നിവയെല്ലാം, നരച്ചു് അരവരെ നീണ്ടുകിടക്കുന്ന മുടിയും മീശയും വഹിക്കുന്ന തലയുടെ മുൻഭാഗത്തായി—നാരായണ! ഞാൻ ഇങ്ങനെ കണ്ടിട്ടില്ല; ഇനികാണുകയുമില്ല. വാൎദ്ധക്യം ബഹിൎഭാഗത്തും, യൌവനം അന്തൎഭാഗത്തും, വിലസിച്ചുകൊണ്ടിരുന്ന

ആ ശരീരം, അതിമാനുഷംതന്നെ. അടിമുതൽ മുടിവരെ വെള്ളവസ്ത്രം അദ്ദേഹം ധരിച്ചിരുന്നു. അതു അദ്ദേഹത്തിന്റെ മതാചാരം അനുസരിച്ചാണെന്നു പിന്നീട് എനിക്കു മനസ്സിലായി. രത്നംപതിച്ച ഉറയുള്ള ഒരു വാൾ ആയാളുടെ അരയിൽ കണ്ടപ്പോൾ ലാൽജിയുടെ കഥയും ഗുഹാഗർഭരഹസ്യങ്ങളും പെട്ടെന്നു എന്റെ സ്മരണയിൽ വന്നു.

എന്നാൽ ഡിവാന്റെ അടുത്തു നില്പാനുള്ള അവസരം അല്ലായിരുന്നു, അതു്. ദർബാർ അഞ്ചുമിനിട്ടുകൊണ്ടു കഴിഞ്ഞുകൂടി. മഹാരാജാവു കേവലം ഒരു സാധാരണനായി തോന്നി. മുഖത്തു ഒരു ശ്രീയാകട്ടെ ചൈതന്യമാകട്ടെ ഇല്ലാത്ത ചെറുപ്പക്കാരനായ ഒരു തടിയൻ. അദ്ദേഹത്തിന്റെ തലയ്ക്കകത്തു കഞ്ചാവും, പള്ളയ്ക്കകത്തു ഷാമ്പേനും, ദേഹം ദർബാർഹാളിനകത്തും, വിചാരമുണ്ടായിരുന്നെങ്കിൽ അതു് അന്തഃപുരത്തിലും; ആയിരുന്നു എന്നു് അദ്ദേഹത്തിന്റെ സർവ്വചേഷ്ടകളും വെളി



തലയ്ക്കകത്തു കഞ്ചാവും പള്ളയ്ക്കകത്തു ഷാമ്പേനും ദേഹം ദർബാർ ഹാളിനകത്തും,
വിചാരമുണ്ടായിരുന്നെങ്കിൽ അന്തഃപുരത്തിലും



മുന്പു രാജപട്ടണത്തിൽ കമ്മീഷണരായിരുന്ന മി: ഹാൎക്കോട്ടു സഡ്‌ലി കംപാനിയൻ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യ.

പ്പെടുത്തി. ഞങ്ങൾ കൊടുത്ത വെള്ളിപ്പാത്രങ്ങൾ മുതലായവ വാങ്ങിച്ചും, ഞങ്ങളുടെ കുശല കാൎയ്യങ്ങളെക്കുറിച്ചു ജീവനില്ലാത്ത ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചും, അദ്ദേഹം മടങ്ങി; ഡർബാർ കഴിഞ്ഞു.

ബ്രിട്ടീഷു് റസിഡണ്ടു് എന്ന ന്യായത്തിൽ ഈ കൂടിക്കാഴ്ചയ്ക്കു് എഴുത്തു് എഴുതി അനുവാദം വാങ്ങിയതു് കൎന്നൽമക്കാളി ആയിരുന്നതിനാൽ, അദ്ദേഹമാണു് ഞങ്ങളെ രണ്ടുപേരെയും മഹാരാജാവിൻെറ അടുക്കൽ പരിചയപ്പെടുത്തിയതു്. "മുന്നു രാജപട്ടണത്തിൽ കമ്മീഷണരായിരുന്ന മിസ്റ്റർ ഹാർക്കോട്ടു സഡ്ലി, കമ്പാനിയൻ ആഫ്ദിസ്റ്റാർ ആഫ് ഇൻഡ്യാ" എന്നു മിസ്റ്റർ സഡ്ലിയെ ഉദ്ദേശിച്ചു പ്രസ്താവിച്ച സമയം—ഒരു സെക്കൻറുനേരത്തേക്കു് ഒരു വിനാഴികനേരത്തേക്കു—ദിവാൻെറ മുഖത്തു മിന്നൽ പിണർപോലെ ഒരു ആധിചലനം, ആപൽഭയത്തിൻെറ ഒരു ദുർലക്ഷണം ഉദിച്ചു്, അസ്തമിച്ചതായി എനിക്കു തോന്നി. എൻെറ ആശങ്കാനിമിത്തമുണ്ടായ സങ്കല്പസൃഷ്ടിയോ എന്തോ, എനിക്കു് അങ്ങനെ തോന്നി. എന്നാൽ രാജസമീപത്തിൽ ചെല്ലുന്നതിനു് അടുത്തതു് എൻെറ തവണയായിരുന്നതിനാൽ, ആലോചിപ്പാൻ എനിക്കു സമയം കിട്ടിയില്ല.

---

## അദ്ധ്യായം ൧൦,

---

### ദിവാൻെറ പ്രതിസന്ദൎശനം.

ദിവാൻെറ പ്രതിസന്ദൎശനം പിറേറന്നായിരുന്നു. ഡർബാർഹാളായി ഞങ്ങൾ തെരഞ്ഞെടുത്തതു് ഒരു വലിയ കൂടാരമായിരുന്നു. മഹമ്മദിൻെറ നായകത്വത്തിൻ കീഴിൽ, സ്ഥലം വെടിപ്പാക്കുക, കാടുകൾ വെട്ടിച്ചുടുക, വേലക്കാരൊക്കെയും ഉടുപ്പു നന്നാക്കുക, മുതലായ വിഷയങ്ങൾ രാവിലെ മുതൽ നടന്നുകൊണ്ടിരുന്നു. ഒരുമണിയായപ്പോഴേക്കു്, ഞങ്ങൾ സന്നദ്ധരായി. സന്ദൎശന സമയം നാലുമണിയായിരുന്നു.

രണ്ടുമണിമുതൽ പട്ടണത്തിൽ ബഹളങ്ങൾ കണ്ടുതുടങ്ങി. പട്ടാളക്കാരുടെ ഓട്ടവും, അമ്പാരിവച്ച ആനകളുടെ നടവും പല്ലക്കുകാരുടെ പാട്ടും, മററുംകൊണ്ടു്, നൂർജിഹാൻപുരത്തിൽ ഒരുപുതിയ ജീവൻ വീണിരുന്നു. മൂന്നുമണിക്കു പല്ലക്കുകളും ആൾക്കാരും മററും അണിയണിയായി ഞങ്ങളെ ലക്ഷ്യം വച്ചുനീങ്ങിത്തുടങ്ങി. ഞങ്ങളുടെ സ്ഥാനം മിക്കവാറും കീഴ്ക്കാംതൂക്കായ മലയുടെ ചരിവിലായിരുന്നതിനാൽ ആന, തമ്പേറു് മുതലായ ആഡംബരങ്ങൾ, മലയുടെ ചവട്ടിങ്കലോളം മാത്രമാണു് വന്നതു്. നാലുമണി സമയത്തു ഞങ്ങളുടെ കൂടാരത്തിൻെറ വാതുക്കൽ വന്നതു് എട്ടു പല്ലക്കുകളും ചുമട്ടുകാരും ഏതാനും പട്ടാളക്കാരും മാത്രമായിരുന്നു. ദിവാനും ഏഴു വലിയ ഉദ്യോഗസ്ഥന്മാരും പല്ലക്കുകളിൽനിന്നു് ഇറങ്ങി, കൂടാരത്തിൽ പ്രവേശിച്ചു. ദിവാൻ പ്രധാനമായി സംസാരിച്ചതു് ഞങ്ങളുടെ നായകനായ മിസ്റ്റർസഡ്ലിയോടു് ആയിരുന്നു. ഹിന്ദുസ്ഥാനിയുടെ പഴക്കക്കുറവുകൊണ്ടു്, ഞാൻ വൃഥാ കാത്തിരുന്നുകഴിച്ചു. ഒരു പത്തുപതിനഞ്ചു മിനിട്ടിനുശേഷം ദിവാനും മേരിയും—ഞങ്ങളുടെ സ്ഥലമായതുകൊണ്ടു മേരിയേയും ഞങ്ങൾ സദസ്സിൽ അനുവദിച്ചിരുന്നു—കൂടെസംഭാഷണം തുടങ്ങി. സാധുജനസംരക്ഷണത്തിൽ ഹൃദയപൂൎവ്വമായ നിർബന്ധമുണ്ടായിരുന്ന ആ യുവതിയുടെ മുഖഭാവംകൊണ്ടും, തൈക്ഷ്ണ്യംകൊണ്ടും, ചികിത്സാകാൎയ്യം സംബന്ധിച്ചായിരുന്ന സംഭാഷണം എന്നു ഞാൻ നിൎണ്ണയിച്ചു.

മിഖാൻബഹദൂർ  പ്രണതാർത്തിഹരിഹരസുബ്രഹ്മണ്യരായർ! നാരായണ!! ഞാനിങ്ങനെ കണ്ടിട്ടില്ല; ഇനി കാണ്കയുമില്ല!!



വിലപിടിച്ച പല രത്നങ്ങളും മറ്റും സമ്മാനങ്ങളായിത്തന്ന്, അതിഥികൾ മടങ്ങി. കൎണ്ണൽമക്കാളിയിൽ നിന്നാണ്, ഞാൻ ദിവാന്റെ സംഭാഷണകാൎയ്യം ഗ്രഹിച്ചത്. ദിവാൻ യാതൊന്നും സ്വാതന്ത്ര്യമായി ചോദിക്കുകയും പറകയും ചെയ്യുന്നില്ല എന്നും; എന്നാൽ മേരിയുടെ ചികിത്സാസാമൎത്ഥ്യത്തെക്കുറിച്ചു യദൃഛയാലെന്നമട്ടിൽ മിസ്റ്റർ സഡ്‌ലി പറഞ്ഞതിൽ, ദിവാൻ അസാമാന്യമായ കൌതുകം കാണിച്ചു എന്നും; മേരി ഇത്രചെറുപ്പത്തിൽ ഈ വിദ്യ വശമാക്കിയതിനെക്കുറിച്ചു ആയാൾ വിസ്മയിക്കുകയും പരീക്ഷിക്കാനായിട്ടെന്നതുപോലെ പലചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു എന്നും, മറ്റും ആണ് കൎണ്ണൽ എന്നെ പറഞ്ഞു ധരിപ്പിച്ചത്. ദിവാന്റെ ഉത്സാഹം കണ്ടതിൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽ ആരോ കഠിനമായ രോഗം ബാധിച്ചു കിടപ്പുണ്ടെന്നും, അന്യജാതിക്കാരിയായ മേരിയെ ഗൃഹത്തിലേക്കു ക്ഷണിക്കാനുള്ള മനസ്സില്ലായ്കകൊണ്ട് മേരിയെ ക്ഷണിക്കാഞ്ഞതാണെന്നും; കൎണ്ണൽ അഭിപ്രായപ്പെടുകയുണ്ടായി.

ഞാൻ:—അനേക ശതവൎഷങ്ങളായി പാരമ്പൎയ്യമായി വളൎന്നുവരുന്ന ബുദ്ധി ഒരുദിവസം കൊണ്ടു മാറുവാൻ ഇടയില്ലാത്തതാണല്ലോ.

കൎണ്ണൽമക്കാളി:—ഇടയുണ്ടോ ഇല്ലയോ എന്ന് എനിക്കു അറിഞ്ഞുകൂടാ. ഒരു മൂന്നുനാലുദിവസത്തിനകം ലേഡിഡാക്ടർ മേരിക്കു ആളുവരുമെന്നാണ് എന്റെ അഭിപ്രായം. ദിവാന്റെ ഗൃഹത്തിനകത്തെ വിവരം അറിവാനായി മിസ്റ്റർ സഡ്‌ലി പറ്റിച്ച പണി തെറ്റുമെന്നു തോന്നുന്നില്ല. (കുറേദൂരെ ഒരു ഭാഗത്തേക്കു കൈചൂണ്ടിക്കൊണ്ട്) ഹോ! അതെന്താണ്.

ഞാൻ നോക്കി; ദേഹം മുഴുവനും



ഒരു പട്ടർ.

സ്സോ തേച്ചും, മുഖത്തു ചായം പുരട്ടിയും, പരമവിരൂപനായ ഒരു പുരുഷൻ മിക്കവാറും നഗ്നനായി ഞങ്ങളുടെ നേരെ വരുന്നുണ്ട്. ഞങ്ങൾ പതുക്കെ, അങ്ങോട്ടു ചെന്നു. ഞങ്ങളെ അടുത്തുകണ്ടഉടനെ—ആ വികൃതി, സാഷ്ടാംഗം നിലത്തു വീണുകൊണ്ടു, "സലാം സാഹിബ്" എന്നുമാത്രം പറഞ്ഞു. അവന്റെ തലയിൽ, ഒരു മഴുകൊണ്ടോമറ്റൊ ഏററ ഒരു വെട്ടു ഉണങ്ങി നേന്ത്രയ്ക്കാവെച്ചു കെട്ടിയതുപോലെ തടിച്ചു കാണാമായിരുന്നു. എന്തായാലും അവനു വല്ലതും കൊടുക്കാമെന്നു കരുതി ഞാൻ കൈ പാക്കററിൽ വച്ചു ഉടനെ കണ്ണൽ ഇങ്ങനെ പറഞ്ഞു.—"അങ്ങനെയല്ല; ഇവിടെ നടക്കുന്ന സകല കാര്യങ്ങളും മിസ്റ്റർ സഡ്ലി അറിയേണ്ടതാണ്. നിങ്ങൾ അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരിക. ഇവൻ ദിവാന്റെ ഒരു ചാരനല്ലെന്നു എങ്ങനെ നിർണ്ണയിക്കാം?"

ഞാൻ:—എന്നാൽ എന്റെ പുറംകാലിന്റെ രുചി പററി, ഈ മലയിൽനിന്നു ഒരു നൂറു അടി താഴെ ആ നദിയിൽ അവൻ ഉരുളുന്നതു നിങ്ങൾക്കു കാണണ്ടൊ? ഒന്നു കളിച്ചാൽ ആ പോക്കിരിക്കു ഒരു ആപത്തും വരാനില്ല.

കണ്ണൽമക്കാളി:—ജാൺ! നിങ്ങൾക്കു ഈ വകക്കാരെ അശേഷം പരിചയമില്ല. അങ്ങനെ വല്ലതും ഒരു അമ്പലം ചെയ്താൽ, പിന്നെ, നമ്മുടെ കഥ എന്താകുമെന്നു കണ്ടിട്ടറിയണം. ഇവൻ നൂർജിഹാൻപുരത്തിലെ വലിയ സ്വാമിയാണെന്നും; ഒരു ധാര ഇവനെ തള്ളി വെള്ളത്തിൽ ഇട്ടതു കമ്പനിക്കാർ ഇൻഡ്യയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ ഒരുങ്ങുന്നതിന്റെ പ്രാരംഭമാണെന്നും, ഒരു ക്ഷോഭം ഉണ്ടായാലും അതിശയിപ്പാനില്ല. അങ്ങനെ ഒന്നും വന്നുകൂടിയില്ലെങ്കിലും നമ്മെ ഇവിടെനിന്ന് ഉളക്കി, മടക്കി അയയ്ക്കുന്നതിനു, നമ്മുടെ അവിവേകത്തെ ഒരു മാർഗ്ഗമാക്കുന്നതിന്, ബുദ്ധിമാനായ ദിവാനു വലിയ പ്രയാസമുണ്ടാകുന്നതല്ല—നിങ്ങൾ മിസ്റ്റർ സഡ്ലിയെ വിളിച്ചുകൊണ്ടു വരണം. ഞാൻ ഇവനെ നോക്കിക്കൊള്ളാം.

ഞാൻ കൂടാരത്തിൽ ചെന്നു മിസ്റ്റർസഡ്ലിയോടു വിവരം പറഞ്ഞു.

മിസ്റ്റർ സഡ്ലി—അവൻ സലാം സാഹിബ്ബ് എന്നുപറഞ്ഞോ സലാം മഹാരാജ് എന്നുപറഞ്ഞോ?

ഞാൻ:—സാഹിബ്ബ് എന്നുപറഞ്ഞു.

മിസ്റ്റർ സഡ്ലി:—അവന്റെ തലയിൽ മുറിവുകരിഞ്ഞ ഒരുവട്ടു ഉണ്ടോ.?

ഞാൻ:—വിസ്മയാകുലനായി. മിസ്റ്റർ സഡ്ലിയുടെ നാനാമുഖമായ പരിചയത്തിന്റെ അതിര്, ഞാൻ ഇനിയും അറിഞ്ഞിട്ടില്ലായിരുന്നു.

"ഉണ്ട്, അങ്ങനെ ഒരുവട്ടു ഉണ്ട്."

മിസ്റ്റർ സഡ്ലി:—"വിവരം എന്നെ അറിയിച്ചതു നന്നായി" എന്നുപറഞ്ഞു നടന്നു തുടങ്ങി. ഞങ്ങൾരണ്ടുപേരുംകൂടെ ആ ഭിക്ഷുവിനെ സമീപിച്ചു. മുമ്പത്തെപ്പോലെ "സലാം സാഹിബ്ബ് സലാം സാഹിബ്ബ്" എന്നുപറഞ്ഞു അവൻ മിസ്റ്റർ

സഡ്‌ലിയെ നമസ്കരിച്ചു. എന്നാൽ അദ്ദേഹം അവനോടു നന്നാഅടുത്തു ചെന്നിട്ടു "ജഗമൂൻ" എന്നു് ഒന്നുവിളിച്ചു. പക്കീരി ഉടനെ എഴുനീററു്, വിളിച്ച ആളിനെ നല്ലവണ്ണം ഒന്നുസൂക്ഷിച്ചുനോക്കിയശേഷം, യഥാൎത്ഥമായ ബഹുമാനത്തോടെ വീണ്ടും താണുതൊഴുതുകൊണ്ടു്, ആചാരപൂൎവ്വം കൈകെട്ടി മാറിനിന്നു. പിന്നെഅവർ രണ്ടുപേരുംകൂടെ ഒരു അഞ്ചുമിനിട്ടുനേരം ഏതോ ഒരു പ്രാകൃത ഭാഷയിൽ(കൎണ്ണൽമക്കാളിക്കും അറിഞ്ഞുകൂടായിരുന്നു) സംസാരിച്ചു. അത്രയും കഴിഞ്ഞു മിസ്റ്റർ സഡ്‌ലി തിരിഞ്ഞു ഞങ്ങളോടായിട്ടു "ഇനിനമുക്കുപോകാം" എന്നു പറഞ്ഞു. ഞങ്ങൾ കൂടാരത്തിന്റെ വാതുക്കൽ എത്തി, തിരിഞ്ഞുനോക്കി; പക്കീരിയെ അവിടെയെങ്ങും കാണ്മാനില്ല. എന്നാൽ കഴിയുന്നവിദ്യയൊക്കെയും പ്രയോഗിച്ചാറെയും, അവർ തമ്മിലുള്ള പൂൎവ്വപരിചയം എന്താണെന്നാകട്ടെ, ആ പക്കീരി ഇത്രക്ഷണം അസ്തമിച്ചതിന്റെ രഹസ്യം എന്താണെന്നാകട്ടെ, ഗ്രഹിപ്പാൻ എനിക്കു കഴിഞ്ഞില്ല. മിസ്റ്റർ സഡ്‌ലി ആ വിഷയം കേവലം അറിഞ്ഞിട്ടില്ലാത്തതുപോലെ നടിച്ചു. എന്നാൽ അന്നുരാത്രി ഞങ്ങൾ ഉറങ്ങാനായി പിരിയുന്ന അവസരത്തിൽ വളരെ ഗൌരവത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"ഒരുസംഗതി പ്രത്യേകം എപ്പോഴും ഓൎമ്മയിൽ വച്ചുകൊള്ളണം. ഞാൻ മടക്കി അയച്ച ചാരൻ പ്രത്യക്ഷത്തിൽ വന്ന ഒരുവനാണു്. എന്നാൽ അപ്രത്യക്ഷന്മാരായ ചാരന്മാർ ഈ കാട്ടുകൾ നിറയെ ഉണ്ടു്."

---

## അദ്ധ്യായം ൧൨.

---

### രൂപാന്തരതന്ത്രസ്വാതന്ത്ര്യം.

ഞങ്ങളുടെ പാന്ഥാവു് എത്ര അപകടപരിപൂൎണ്ണമായിരുന്നു എന്നു്, പക്കീരിയുടെ വരവും മിസ്റ്റർ സഡ്‌ലിയുടെ വാക്കുകളും നിമിത്തവും മററുകാരണങ്ങളെക്കൊണ്ടും ഞങ്ങൾക്കു മനസ്സിലായിത്തുടങ്ങി. ഞങ്ങൾ ആരാണെന്നും, എന്തുദ്ദേശിച്ചു വന്നിട്ടുള്ളവരാണെന്നും, ഏകദേശമായ ഒരു ജ്ഞാനം ദിവാനുള്ളതായി കരുതേണ്ടിയിരുന്നു.

മിസ്റ്റർ സഡ്‌ലി മററുവേഷത്തിൽ നൂർജിഹാൻപുരത്തിൽ താമസിച്ചിട്ടുള്ള ഒരാളാണെന്നുതന്നെ ദിവാൻ അറിഞ്ഞിരുന്നിരിക്കാം. ലാൽജിയെക്കൊന്ന ചെപ്പടിവിദ്യക്കാരൻ, ഈ സമയം നൂർജിഹാൻപുരത്തിൽ മടങ്ങിയെത്തിയിരിക്കാം. ആയാൾ മുഖാന്തരം ഞാൻ കേവലം ഒരു സഞ്ചാരിയല്ല എന്നു ദിവാൻ ഗ്രഹിച്ചിരുന്നിരിക്കാം. ആകപ്പാടെ ഞങ്ങളുടെ അവസ്ഥ, അത്ര സുഖാവഹമായ ഒന്നായിരുന്നില്ല. ഇങ്ങനെയുള്ള വിചാരങ്ങളിൽ മനസ്സു മയങ്ങി, കൎണ്ണൽമക്കാളിയും ഞാനുംകൂടെ സംഭാഷണം ചെയ്തുകൊണ്ടിരുന്ന ഒരുദിവസം രാത്രിയിൽ, ഹസ്സൻ അടുത്തുവന്നു് "സാഹിബ്, രോഗം, പനി; സാഹിബ് കിടക്കുന്നു;" എന്നു് അവന്റെ സ്വന്തംവകയായ ഇംഗ്ലീഷു ഭാഷയിൽ പറഞ്ഞു. മിസ്റ്റർസഡ്‌ലിക്കു് ഏതാനും മണിക്കൂറുകളായി കഠിനമായ ജ്വരമാണെന്നും, തൽക്കാലം ഞങ്ങൾ അങ്ങോട്ടു ചെന്നു ഉപദ്രവിക്കരുതെന്നും, ശാപ്പാട്ടു വേറെ കഴിച്ചുകൊള്ളാമെന്നു പറഞ്ഞയച്ചിരിക്കുന്നു എന്നും ആയിരുന്നു, അവന്റെ സന്ദേശത്തിന്റെ സാരം.

ഇതു് ഒരു അത്യപത്തു് എന്നതു പോലെ എനിക്കു തോന്നി. ഞങ്ങൾ മൂവരുംകൂടെ അത്താഴത്തിനിരുന്നു. ഹസ്സൻ തന്നെയാണു്, മേശയിൽ ഞങ്ങളെ ശുശ്രൂഷിച്ചതു്. മിസ്റ്റർ സഡ്‌ലിയുടെ പേക്കായി സ്വല്പംപാലും എതാനും ലഘുദ്രവ്യങ്ങളും എടുത്തു കൊണ്ടു പോയശേഷം, അവൻ പിന്നെയും മടങ്ങി എത്തി. ഒടുവിൽ അത്താഴം കഴിഞ്ഞു് ഹസ്സനോടായി "ചെരൂട്ട്, ലേഒ" (ചുരുട്ടുകൊണ്ടുവാ) എന്നു കർണ്ണൽമക്കാളി വിളിച്ചുപറഞ്ഞു. അവൻ മുറിക്കകത്തു പ്രവേശിച്ച് എതാനും ചുരുട്ടുകളുമായി മടങ്ങി എത്തി. അതിൽ ഒന്നു് അദ്ദേഹം എടുത്തു സാവധാനത്തിൽ തികത്തിക്കുന്ന അവസരത്തിൽ, നല്ല ഒന്നാംതരം ഇംഗ്ലീഷിൽ, ഒരു സ്നേഹിതനെന്നപോലെ സ്വാതന്ത്ര്യമായി, ഹസ്സൻ, "കർണ്ണൽമക്കാളി, അതല്ല നല്ലതു, ഈ ചുരുട്ടു ഒന്നു പരിക്ഷിച്ചുനോക്കുക" എന്നു പറഞ്ഞു് വേറൊന്നു എടുത്തുകൊടുത്തു. എന്തൊരുവിസ്മയം! ഹസ്സൻ പെട്ടെന്നു അധികപ്രസംഗിയായിത്തീൎന്നുവോ? കർണ്ണൽമക്കാളി, ഹസ്സനെ, നല്ലവണ്ണം ഒന്നു സൂക്ഷിച്ചുനോക്കി. അതു മിസ്റ്റർ ഹാർക്കോട്ടു സഡ്‌ലി ആയിരുന്നു. വേഷഭേദം! ശിവശിവ! കർണ്ണൽമക്കാളിയുടെ കൈയിൽനിന്നു വിസ്മയംനിമിത്തം ചുരുട്ടു താഴെവീണു. എന്നാൽ അദ്ദേഹം ഒന്നും പറയുന്നതിനു മുമ്പായി സഡ്‌ലി "ഇപ്പോൾ ഒന്നും സംസാരിക്കരുതു്" എന്നു മാത്രം പതുക്കെ പറഞ്ഞു്, അറയ്ക്കകത്തേക്കു പോയി അരമണിക്കൂർകഴിഞ്ഞു മിസ്റ്റർ സഡ്‌ലി, സ്വന്തവേഷത്തിൽതന്നെ, ഞങ്ങളുടെ മുമ്പിൽ വീണ്ടും വന്നു. പനിക്കു അൽപ്പാരം കുറവുകാണുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടെന്നും മററും, വേലക്കാർ കേൾക്കുവാനായി ഞങ്ങൾ പറഞ്ഞെങ്കിലും, വാസ്തവം അറിയാൻ ഞങ്ങൾ അക്ഷമന്മാരായിരുന്നു. എന്നാൽ കുറച്ചുരാത്രിയായി, വേലക്കാരുടെ ക്യാമ്പുകൾ നിശ്ശബ്ദങ്ങളായപ്പോഴാണു്, മിസ്റ്റർ സഡ്‌ലി ആ കാര്യം പറഞ്ഞുതുടങ്ങിയതു്. നിങ്ങൾ തിൻകഴിച്ച സമയം അകമ്പടിസേവിച്ചതു ഞാനല്ല; സക്ഷാൽ ഹസ്സൻ തന്നെ. ഞാനാണു ചുരുട്ടുകൊണ്ടു വന്നതു്. ഹസ്സനെക്കൂടെ ഈ രഹസ്യം ഞാൻ ഗ്രഹിപ്പിച്ചിട്ടുണ്ടു്. വേഷഭേദം സാമാന്യം പററി, ഇല്ലേ? നമ്മളിൽ ആരെങ്കിലും ഇടംവലം തിരിഞ്ഞാൽ ഉടനെ വിവരത്തിനു റിപ്പോർട്ടു്, ദിവാനകിട്ടും. എന്നാൽ വേലക്കാരിൽ ആരെങ്കിലും ക്യാമ്പിൽനിന്നു നഗരത്തിലേക്കൊ മററൊ പോകുന്നതായാൽ, അതിനെ, അവർ അത്ര ഗണിക്കാനിടയില്ല. ആയതിനാൽ ഇങ്ങനെ ചില വിദ്യകൾ കൂടാതെ കഴിയുകയില്ല. നമ്മുടെ കൂടാരത്തിന്റെ മേൽവശത്തായിക്കാണുന്ന ആ ശിലാരേഖ വായിക്കാമോ എന്നു ഞാൻ ഒന്നു പരിക്ഷിക്കട്ടെ. ഒരാഴ്ചയ്ക്കകം ഞാൻ അതു സാധിക്കാം. അതിനിടയ്ക്കു നിങ്ങൾ ഒരുകാര്യം ചെയ്യേണ്ടതുണ്ടു്. അതായതു്, കേവലം മൃഗയാപ്രിയന്മാരായ ധീരന്മാരെപ്പോലെ ഈ വനങ്ങളിലെല്ലാം നിങ്ങൾ വേട്ടയാടി സമയം പോക്കിക്കൊള്ളണം. ഒന്നാമതായി നമുക്കു സാധിക്കാനുള്ളതു്, ഗൌരവമായ ഒരു കാര്യത്തെപ്പററിയും നാം ആലോചിക്കുന്നില്ല എന്നു് അന്യന്മാൎക്കു സമ്മതം വരുത്തുകയാണു്. അതിനു നായാട്ടിനെപ്പോലെ മററു മാൎഗ്ഗമില്ല. ഞാൻ രോഗിയായിക്കൊള്ളാം. ഇനി ഞാൻ എന്റെ അറയിലേക്കു പോകട്ടെ. യഥാൎത്ഥത്തിൽ എനിക്കു നല്ലസുഖമില്ല" ഞങ്ങൾ മൂവരുംകൂടെ പിന്നെയും ഓരോകാര്യങ്ങളെക്കുറിച്ചുസംസാരിച്ചും, മിസ്റ്റർ സഡ്‌ലിയുടെ ഗൃഢവ്യാപാരസംപ്രദായങ്ങളെക്കുറിച്ച് അതിശയിച്ചും നായാട്ടിന്റെ രീതികളെക്കുറിച്ചുവാദിച്ചു ഏകദേശം ഒരു മണിക്കൂർകൂടെ കഴിച്ചു. അപ്പോൾ മിസ്റ്റർ സഡ്‌ലിയുടെ ഭൃത്യൻ ചന്തു കയറിവന്നു സലാം വച്ച് ഒരുകത്തു മേരിയുടെ കൈവശം കൊടുത്തു. മേരി അതു വായിച്ച് എതോ മഹാകാര്യത്തെക്കുറിച്ചെന്നവണ്ണം അതിശയം കൂറിക്കൊണ്ടു് "ശരിതന്നെ; ഞാൻ കരുതിക്കൊള്ളാം എന്നു ധ

66805

രയോടു പറഞ്ഞേക്കണം "എന്നു പറഞ്ഞു. ചന്തു മടങ്ങി. എഴുത്തു മേരി കണ്ണറലിന്റെ കൈയിലേക്കു കൊടുത്തു ആൾ്ദേഹത്തിന്റെ തോളിന്റെ മീതെക്കൂടെ ഞാനും നോക്കി, ഞങ്ങൾ രണ്ടാളുംകൂടെയാണ് അതു വായിച്ചതു്. ഇങ്ങനെയായിരുന്നു.

"മൈ ഡീയർ മിസ് മേരി-എന്നെ ആളറിഞ്ഞതായി അശേഷം നടിക്കരുതു്. ചാരന്മാർ ഈ ക്ഷണത്തിൽ നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ എഴുത്തു തരുന്ന ചന്തുവിനെ സൂക്ഷിച്ചുനോക്കി, താഴെ ഒപ്പിട്ടിരിക്കുന്ന എന്നെക്കാണുക.

ഹാക്കോട്ടു സഡ്‌ലി

എഴുത്തുതന്നു മടങ്ങിപ്പോയ ചന്തു, മിസ്റ്റർ സഡ്‌ലി ആയിരുന്നു. ഞങ്ങളുടെ വിസ്മയത്തിന്റെ അളവ്, വാക്കുകൾക്കു വഹിക്കാവുന്നതിൽ അപ്പുറമായി. അന്നു രാത്രി ഞാൻ ഉറക്കം ഉണർന്ന സമയങ്ങളിലൊക്കെയും മിസ്റ്റർ സഡ്‌ലിയുടെ വ്യാപാരമാഹാത്മ്യം തന്നെ, എനിക്കു ആലോചനാവിഷയമായിരുന്നു.

പിറേറന്നു രാവിലെ മുതൽ ഹസ്സനും ചന്തുവും ഏതോ സ്വകാര്യ ആലോചനയിൽ ബദ്ധശ്രദ്ധന്മാരായിരുന്നു. മിസ്ററർ സഡ്‌ലി അറയ്ക്കകത്തുനിന്ന് ഇറങ്ങിവന്നില്ല. വാതിൽ തുറന്നുകിടന്നതിനാൽ അദ്ദേഹം ചാരുകസാലയിൽ കിടക്കുന്നതായി ഞങ്ങൾ കണ്ടു. അദ്ദേഹത്തിന്റെ മുറിയിൽ അനുവാദം ഇല്ലാതെ ചെല്ലുക പതിവില്ലാഞ്ഞതിനാൽ, ഞങ്ങൾ അദ്ദേഹത്തെ ഉപദ്രവിക്കാൻ തുനിഞ്ഞില്ല. നായാട്ടിനു പുറപ്പെടുന്ന കാര്യങ്ങളെക്കുറിച്ചു സംസാരിച്ചു, രാവിലേ ഞങ്ങൾ ഭക്ഷണം കഴിഞ്ഞു. പാത്രങ്ങൾ എടുത്തു മാററിയശേഷം പതിവുപോലെ ചില ശുശ്രൂഷകൾ കഴിഞ്ഞു്, ചന്തു സലാംപറഞ്ഞു പിരിഞ്ഞു. കുറേ കഴിഞ്ഞപ്പോൾ അവനും ഹസ്സനുംകൂടെ മലയിറങ്ങി പോകുന്നതു് അല്പം സൂക്ഷിച്ചു നോക്കിയശേഷം,

കണ്ണറൽമക്കാളി:—"ജാൺ, മിസ്റ്റർ സഡ്‌ലിയെ നാം സാഷ്ടാംഗം നമസ്കരിക്കണം; അതാ നോക്കുക! ആ മലയിറങ്ങിപ്പോകുന്ന രണ്ടുപേരിൽ ഒന്നു മിസ്റ്റർ സഡ്‌ലിയാണെന്നു സത്യം ചെയ്യാം. എന്നാൽ, ഹസ്സനോ ചന്തുവോ മിസ്റ്റർ സഡ്‌ലിയെന്നു പറവാൻ എനിക്കു ധൈര്യമില്ലെങ്കിലും, ചന്തു, ചന്തുതന്നെയെന്നാണു ഞാൻ വിചാരിക്കുന്നതു്.

ഞാൻ:—"അതുവോ? അതാ മിസ്റ്റർ സഡ്‌ലി ചാരുകസാലയിൽ കിടക്കുന്നു! അല്ല, ഒരുവേള—അതേ കല്ലൻ! നിങ്ങൾ പറഞ്ഞതാണു ശരി. ചാരുകസാലയിൽ കാണുന്ന ആ ആൾ ഹസ്സനാണ്." മിസ്റ്റർ സഡ്‌ലിയുടെ രൂപാന്തരതന്ത്രസാമർത്ഥ്യത്തെക്കുറിച്ചു ചിന്തിക്കുംതോറും ഞങ്ങൾക്കു സംഭ്രമം അധികമായി. ഇദ്ദേഹം വല്ല ഭൂതമോ പിശാചോ ആയിരിക്കുമോ എന്നും ചില സമയങ്ങളിൽ ഞങ്ങൾ ഭയപ്പെടാതിരുന്നില്ല.

അന്നു പകലത്തെ കഥ വിസ്തരിക്കാനൊന്നും ഇല്ല. നാലുമണിവരെ ഞങ്ങൾ നായാട്ടുചെയ്തു സമയംപോക്കി. അത്താഴത്തിനും മിസ്ററർ സഡ്‌ലി ഞങ്ങളുടെ കൂടെ വന്നില്ല. രോഗിയായി അറയ്ക്കകത്തു കിടന്നിരുന്നു എന്നാണ് ക്യാമ്പിൽ ഉള്ള വേലക്കാർ മുതലായവർ വിചാരിച്ചതു്. രാത്രി പത്തുമണിക്കു ഞങ്ങൾ മൂവരും ആ അറയിലേക്കു ചെല്ലാൻ ഹസ്സൻ വന്നുപറഞ്ഞു.

മിസ്റ്റർ സഡ്‌ലി അന്നു മുഴുവനും ഒരുമിച്ചു ന്തുർജിഹാൻപുരത്തുചെന്നു പല ഇടവഴികളിലും വെളിംപറമ്പുകളിലും നടന്ന്, ഏതാനും പഴയ പരിചയക്കാരെക്കണ്ടു ചില വിവരങ്ങൾ എല്ലാം അറിഞ്ഞിട്ടുണ്ടു് എന്നും, അതിന്റെ ശേഷം കാട്ടുവഴികയറി അഞ്ചുമണിയോടുകൂടി സമയത്തിനു ശിലാരേഖാസ്ഥാനത്തുചെന്നിരുന്നുഎന്നും, ആ ശിലാരേഖകളെനോക്കി ഏകദേശമായ ഒരു അൎത്ഥം നിൎണ്ണയിച്ചു വച്ചിരിക്കുന്നു എന്നും മററും അദ്ദേഹം പ്രസംഗിച്ചു. ഒടുവിൽ തന്റെ കീശയിൽനിന്നു് ഒരു കടലാസ്സുതുണ്ടു് കൎണ്ണൽ മക്കാളിയുടെ അടുക്കലേക്കു നീട്ടിക്കൊണ്ടു "നിങ്ങൾ പുരാണവസ്ത്വന്വേഷണത്തിൽ പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള ആളാണല്ലോ. ഇതൊന്നു നോക്കുകതന്നെ—ആ രേഖകളുടെ ഒരു പ്രതിമ ഞാൻ വരച്ചുകൊണ്ടുവന്നിട്ടുണ്ടു്."

കൎണ്ണൽമക്കാളി അതുനോക്കി. ഞാനും നോക്കി "ആലയം കാലസ്യ ഇഹൈവ മനുഷ്യവാഹക......നമ" ഇങ്ങനെയാണ് അതിൽകണ്ടതു്. (അതു നാഗരാക്ഷരമായിരുന്നു.)

കൎണ്ണൽമക്കാളി:—ദേവനാഗരി അക്ഷരങ്ങളുടെ അടിസ്ഥാനമായ വികൃതപാലിഭാഷയുടെ അക്ഷരങ്ങളാണ്; "ആലയം" കാല—കാല—ഓ! ശരി, കാലസ്യ. ആലയം കാലസ്യ എന്നായി. ഇ...ഹൈവ മ...ഷ്യാത്മാവാഹ ക...സ്ഥാനം.

മിസ്റ്റർ സഡ്‌ലി—"ഇഹൈവമനുഷ്യാത്മാവാകിയസ്ഥാനം എന്നിങ്ങനെയാണ്, പൊടിവുതിർത്തുംഞാൻ വായിച്ചതു്. ആ കടലാസുകണ്ടം മറിച്ചു നോക്കുക" ഞങ്ങൾ നോക്കി "ആലയംകാലസ്യ; ഇഹൈവ മനുഷ്യാത്മാവാഹകസ്ഥാനം" എന്നു സഡ്‌ലിയുടെ കയ്യട കൎണ്ണൽവായിച്ചു.

മിസ്റ്റർ സഡ്‌ലി—നമ്മുടെ വ്യാഖ്യാനങ്ങൾ ഒന്നോടൊന്നു യോജിക്കുന്നതിനാൽ, തെററല്ല എന്നു നിശ്ചയിക്കാം. വേറെ മൂന്നു നാലു വരികൾകൂടെ ഉള്ളതു വായിക്കാൻ വഹിയാത്തവണ്ണം, പാറ പൊടിഞ്ഞു നശിച്ചുപോയിട്ടുണ്ട്.

മേരി—അങ്ങനെയാണെങ്കിൽ, സംഹാരദേവന്റെ ഘോരാരാധനം നടത്തുന്ന ഒരു ഭയങ്കര ഗുഹാഗഹ്വരമാണ് അതു് എന്നുവരാം.

മിസ്റ്റർസഡ്‌ലി—അങ്ങനെ വരുവാനാണ് ഇടയുള്ളതു്.

മേരി—"എന്നാൽ ഈ ഗുഹയെ സംബന്ധിച്ചു അന്വേഷം ഇനി മുന്നോട്ടു കൊണ്ടുപോകണമെന്നുണ്ടോ? അതിനകത്തു എന്തെല്ലാമാണ് നടക്കുന്നതെന്നു് ആൎക്കു് അറിയാം?" ഞാൻ നിശ്ശബ്ദനായി നിന്നു.

— മിസ്റ്റർ സഡ്‌ലി പെട്ടെന്നു രീതി ആകപ്പാടെമാറി, എഴുന്നീററുനിന്നു കൊണ്ടു് "നിങ്ങൾ മൂവരും സ്വതന്ത്രന്മാരാണ്. എനിക്കു നിങ്ങളുടെ മേൽ യാതൊരു അധികാരവും ഇല്ല. എന്നാൽ പിന്നോട്ടു പോരാൻ കഴിയാത്തവണ്ണം, എന്റെ സർവ്വാംഗങ്ങളും ഇക്കാൎയ്യത്തിൽ പ്രവേശിച്ചുപോയി. കൂടാതെയും എന്റെ ഭാവിജീവിതത്തെ തീച്ചയായും ബന്ധിക്കുന്നതും നിങ്ങളുടെ മൂവരുടേയും മനസ്സിന്റെ സമാധാനത്തിനു ആധാര

മായിരിക്കുന്നതും ആയ ഏതോ ഒരു മഹാരഹസ്യം വെളിപ്പെടാറായിരിക്കുന്നു എന്നാണ് എനിക്കുള്ള നിശ്ചയമായ ബോധം. എൻെറ രക്തത്തിൻെറ സർവ്വാണുക്കളിലും അങ്ങനെതോന്നുന്നുണ്ട്. എന്നെ മുറിച്ചു പത്തുകഷണങ്ങളാക്കിയാൽ ഓരോ കഷണവും വേറെ വേറെ ഈ കാര്യത്തിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കും"

പ്രകൃത്യാ ക്ഷീണനും ദേഹം ശോഷിച്ചവനും ആയ മിസ്റ്റർ സഡ്‌ലി ദിവ്യന്ന നിന്ന ഒരുയുവാവിനടുത്ത ഉറപ്പോടും, ജയിക്കുവാൻ ഉറച്ചവനെപ്പോലെ ദൃഢനിശ്ചയത്തോടും, ദേഹം വിറപ്പിച്ചുകൊണ്ടും, കണ്ണുകൾ ജ്വലിപ്പിച്ചുകൊണ്ടും, ചെയ്തശപഥങ്ങളെ നല്ലവണ്ണം ഇളക്കി.

അദ്ദേഹത്തിൻെറ നിശ്ചയത്തിൻെറ ഉറപ്പ്, ഭൂമി കുലുങ്ങിയാലും കുലുങ്ങാത്തതായിരുന്നു.

മേരി:—ഈ സംഗതിയിൽനിന്നു വിരമിക്കണമെന്നല്ല, സംഗതിയുടെ സ്വഭാവം അപകടമാണെന്നു മാത്രമാണ് ഞാൻ പറവാൻ ഭാവിച്ചത്. കല്പനും, ജാണും ഇക്കാര്യത്തിൽ അശേഷം പിന്മാറുന്നവരല്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. ഞാൻ ഇതിൽ എൻെറ സ്വന്ത ഇഷ്ടംകൊണ്ടു വന്നുചേൎന്നതുമാണ്.

മിസ്റ്റർ സഡ്‌ലി:—(പിന്നെയും നിന്നുകൊണ്ടു്) അപകടം വളരെ വളരെയുണ്ടു്. ഈ ഇരിക്കുന്ന നാം നാലുപേരും നാലുദിവസത്തിനകം ശിരസ്സു ഛേദിക്കപ്പെട്ടും അംഗങ്ങൾ മുറിക്കപ്പെട്ടും വെന്തുനീറിയും അഴകിനാറിയും കാലാലയത്തിൽ നശിച്ചേക്കാനിടയുണ്ടു്. ദിവാൻ പ്രാധാന്യം വഹിച്ചുപോരുന്ന മതപുരോഹിതന്മാരുടെ ദുരാരാധനാരീതികളും അവർ ചെയ്യുന്ന ക്രൂരതകളും എനിക്കു് ഒന്നു രണ്ടാഴ്ചകൾക്കിപ്പുറം പലപ്രകാരത്തിൽ പരിചയപ്പെട്ടിരിക്കുന്നു. അവ വാക്കുകൾക്കു വിഷയങ്ങളല്ലാത്തവയും നരകത്തിനു തുല്യങ്ങളും ആണു്. എന്നാൽ ഞാൻ ഈ കാര്യത്തിൽ മുന്നോട്ടു പോവാനാണ് ഈശ്വരനിശ്ചയം. നിങ്ങൾക്കും ഈശ്വരനിശ്ചയം അങ്ങനെതന്നെ എന്ന് എനിക്കു് അറിയാം. എന്നാൽ മുന്നോട്ടു പോവുകയോ പിന്നോട്ടിറങ്ങുകയോ, ചെയ്യുന്നതിന്, ഇതാണു തക്ക അവസരം. ആലോചിച്ചുപറഞ്ഞാൽ മതിയാവും.

മിസ്സ് മക്കാളി:—"ആലോചിച്ച് ഞങ്ങൾ മുന്നോട്ടെന്നാണ് ഉറച്ചതു;" പിന്നെ ഇതു സംബന്ധിച്ച വാദം ഉണ്ടായില്ല.

---

## അദ്ധ്യയം. ൧൩

---

### അന്തഃപുരം.

മിസ്റ്റർ സഡ്‌ലി ജ്യേഷ്ഠനെപ്പോലെ, ഹസ്സൻ, ചന്തു എന്നിവരിൽ ഒരുത്തൻെറ വേഷത്തിൽ നഗരത്തിലും, ഞങ്ങൾ നായാട്ടുപ്രമാണിച്ചു വനത്തിലും, മേരി, പട്ടണത്തിൽനിന്നു വരുന്ന രോഗികളെ ചികിത്സിച്ചുകൊണ്ടു ക്യാമ്പിലും, ആറു ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. എന്നാൽ നായാട്ടിനിടയ്ക്കു ഞങ്ങൾ രണ്ടുപേരും, ചിലപ്പോൾ ഹസ്സനുംചേൎന്നു വേറൊരു ജോലി നടത്തുന്നുണ്ടായിരുന്നു. ആരുശിലാരേഖ ഉണ്ടായിരുന്ന ഗുഹാദ്വാരംമുതൽ ഞങ്ങളുടെ ക്യാമ്പിലേക്കു് ഒരു വെട്ടുവഴി തെളിക്കുക ആയി

രുന്നു. എന്നാൽ ഗുഹാദ്വാരത്തിൽ ഒരുവേള ദിവാന്റെ അന്വേഷണം ഉണ്ടായിരിക്കാൻ ഇടയുള്ളതുകൊണ്ട് അതിനു സമീപിച്ചും, ക്യാമ്പിന്റെ പ്രദേശങ്ങളിൽ ഞങ്ങളുടെ വേലക്കാർ ഉണ്ടായിരുന്നതിനാൽ അതിനു സമീപിച്ചും, കുറെ സ്ഥലത്ത് ഞങ്ങൾ പ്രവേശിക്കാതെ ഇടയ്ക്കുള്ള സ്ഥലത്തുമാത്രമാണു വഴി തെളിച്ചത്. ഞങ്ങളുടെ ശരിയായ ഉദ്ദേശം ഹസ്സൻ അല്ലാതെ മറ്റൊരുത്തനും അറിയരുതെന്ന്, മിസ്റ്റർ സഡ്‌ലിക്കു നിർബന്ധമുണ്ടായിരുന്നു. പലതും ഊഹിക്കുവാൻ ചന്തുവിനു മാർഗ്ഗമുണ്ടായിരുന്നു എങ്കിലും, യഥാർത്ഥമായ കാരണം അവൻ അറിഞ്ഞിരുന്നില്ല; തല്ക്കാലം ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്യരുതെന്നു മിസ്റ്റർ സഡ്‌ലി അവനെ ചട്ടംകെട്ടിയുമിരുന്നു വഴി. ഞങ്ങൾ തെളിച്ചസ്ഥലത്തും കാടുകൾ മുഴുവൻ വെട്ടിക്കളയാതെ വൃക്ഷങ്ങൾക്കു കീഴെയുള്ള കുറും കാടുകൾമാത്രം വെട്ടി, കുനിഞ്ഞു, കുനിഞ്ഞുമാത്രം നടക്കാവുന്ന ഒരു ഊടുവഴിമാത്രമാണ് ഉണ്ടാക്കിയത്. പ്രസ്തുതഗുഹാദ്വാരം നമുക്കു പലപ്രകാരങ്ങളിൽ ഉപയോഗപ്പെടേണ്ടതായിവരാമെന്നു മിസ്റ്റർ സഡ്‌ലി അഭിപ്രായപ്പെട്ടതിനാലാണ്, ഞങ്ങൾ ഇക്കാര്യത്തിൽ പരിശ്രമിച്ചത്.

മിസ്റ്റർ സഡ്‌ലിയുടെ സർക്യൂട്ടുകൾമൂലം പല കൂടുതൽ അറിവുകളും ഞങ്ങൾക്കു സിദ്ധിച്ചുകൊണ്ടിരുന്നു. കുടിയന്മാർ, കല്യാണക്കാർ, ഭിക്ഷക്കാർ, ചന്തയിൽ പോകുന്നവർ, മടിയന്മാർ, കച്ചേരിക്കാര്യമുള്ളവർ, മറയന്മാർ, മുതലായി തെരുവുകളിൽ കാണാൻ ഇടയുള്ള ആളുകളോടാണ്, വേഷപ്ച്ഛന്നനായ അദ്ദേഹം സാധാരണ ഏർപ്പെട്ടത്. വെള്ളവസ്ത്രം ധരിച്ച കാലകിങ്കരന്മാർ അല്ലെങ്കിൽ പുരോഹിതന്മാരോടാകട്ടെ, ഉദ്യോഗസ്ഥന്മാർ ധനവാന്മാർ മുതലായവരോടാകട്ടെ ഇടപെടുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല; അദ്ദേഹം ആഗ്രഹിച്ചുമില്ല. അദ്ദേഹത്തിനു ലഭിച്ച അറിവുകൾ പലതരത്തിലുള്ളവയായിരുന്നു. കാലകിങ്കരന്മാരുടെ അനുഷ്ഠാനരീതികളും ആരാധനാപ്രകാരങ്ങളും എന്താണെന്നു അറിയാവുന്നവർ നൂർജിഹാൻപുരത്തിൽതന്നെ അധികമുണ്ടായിരുന്നില്ല. അവരുടെ മതം സംബന്ധിച്ച്, ഏതോ ഒരുവക ഭയങ്കര ദേവതാരാധനം ഉണ്ടെന്നുള്ള ഭയം മാത്രം, പലർക്കും ഉണ്ടായിരുന്നു. സമീപത്തോ ദൂരത്തോ എവിടെയോ ഉള്ള ഒരു ഗുഹാഗഹ്വരത്തിൽ അവർ പൂജ നടത്തിപ്പോന്നിരുന്നു എന്ന്, ഒരു കിംവദന്തി പലരും കേട്ടിട്ടുണ്ട്. തെരുവുകളിൽ കാണ്മാനുണ്ടായിരുന്ന ആളുകളിൽ നൂററിനൊന്നത്രെങ്കിലും, ഗുഹാദ്വാരത്തിൽ ഞങ്ങൾ കണ്ടു വ്യാഖ്യാനിച്ച ശിലാലേഖനത്തെക്കുറിച്ച്, കണ്ടോ കേട്ടോ അറിഞ്ഞിരുന്നില്ല. അതിനെക്കുറിച്ചു വല്ല അറിവും ഉണ്ടായിരുന്നവർ ആ ലേഖനം പൂർവ്വകാലങ്ങളിൽ ജീവിച്ചിരുന്ന രാക്ഷസന്മാരായ ഗോപാലന്മാരുടെ കൈവേലയാണെന്നു വിശ്വസിച്ചിരുന്നു. ആ ലേഖനം കാലകിങ്കരന്മാരുടെ ആരാധനാസ്ഥലത്തോടു സംബന്ധമുള്ളതായി വ്യാഖ്യാനിച്ച ഒരുത്തനെയെങ്കിലും മിസ്റ്റർ സഡ്‌ലി കണ്ടില്ല. ഈ അന്ധതയ്ക്കു കാരണം പൊതുവായ കാര്യങ്ങളെക്കുറിച്ചു നൂർജിഹാൻപുരനിവാസികൾക്ക് ഉണ്ടായിരുന്ന അജ്ഞാനംതന്നെ ആയിരുന്നിരിക്കണം. പാലിഭാഷ വായിക്കാവുന്ന ഒരു പണ്ഡിതനെങ്കിലും ആ നഗരത്തിൽ ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. ആരാധനാസ്ഥലത്തെ സംബന്ധിച്ച എല്ലാക്കാര്യങ്ങളേയും കാലകിങ്കരന്മാർ വളരെ രഹസ്യമായി വച്ചിരുന്നതും, ജനങ്ങളുടെ അന്ധതയ്ക്കു ഒരു കാരണമായിരുന്നു. ആ മതം സംബന്ധിച്ച എല്ലാക്കാര്യങ്ങളും വാക്കുമൂലം പ്രവചിപ്പിക്കപ്പെട്ടവയും, എഴുതിക്കൂടെന്നു നിർബന്ധമുള്ളവയും, ആയിരുന്നു. കാലകിങ്കരത്വം സിദ്ധിച്ചിട്ടില്ലാത്ത ഒരുത്തനോടെങ്കിലും പ്രസ്തുതമതം സംബന്ധിച്ചു സംസാരിക്കുന്നതല്ലെന്നു എല്ലാ പുരോഹിതനും സത്യം ചെയ്തിട്ടുമുണ്ടായിരുന്നു.

പുരോഹിതന്മാരുടെ സംഖ്യ ഒരിക്കലെങ്കിലും നൂറ്റൊന്നിൽ അധികപ്പെടരുതെന്നുള്ള നിയമത്തെ അവർ അശേഷം ലംഘിക്കാറില്ല. മരിച്ച ഒരു കിങ്കരന്റെ ശവത്തെ ചുടുകയോ കുഴിച്ചിടുകയോ അല്ല അവർ ചെയ്തുപോന്നതു്. ആ ശവം എങ്ങനെയോ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. കാലൻ അതിനെക്കൊണ്ടുപോയി എന്നാണു ആ വിശ്വാസികൾ പറഞ്ഞുവന്നതു്. ശേഷിച്ച നൂറുപേർകൂടി മരിച്ച പുരുഷന്റെ ഒരു അടുത്ത ചാർച്ചക്കാരനെ പ്രസ്തുതരഹസ്യത്തിലേക്കു സ്വീകരിച്ചുകൊള്ളുകയും, നൂറ്റൊന്നു എന്ന സംഖ്യയ്ക്കു ഭേദമില്ലാതിരിക്കുകയും ചെയ്തിരുന്നു.

മേരിയുടെ ചികിത്സാനൈപുണ്യം ഞങ്ങൾക്കു വളരെ ഉപയോഗപ്പെട്ടു. ക്യാമ്പിലേക്കു മദാം സാഹിബിനെ അന്വേഷിച്ചുവന്ന രോഗികൾ, സാധുക്കളും നിർദ്ധനന്മാരും ആയിരുന്നു എങ്കിലും, അവർ മൂലം മേരിയുടെ യോഗ്യത നൂർജിഹാൻപട്ടണത്തിൽ പ്രസിദ്ധമാവുന്നതിനും, അവിടെയുള്ള വലിയകുടുംബങ്ങളിലെ പലസ്ത്രീകളും ഈ പാരദേശികചികിത്സയുടെ സഹായത്തെ ലഭിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുകയും ചെയ്തു. ദിവാന്റെ അന്തഃപുരത്തിൽ മേരി വല്ലവിധത്തിലും പ്രവേശിക്കേണ്ടതാണെന്നു മിസ്റ്റർ സഡ്‌ലി ഉദ്ദേശിച്ചിരുന്നതിനാൽ ചികിത്സാസാമർത്ഥ്യപ്രസിദ്ധി ഒരു ശുഭശകുനമായി ഞങ്ങൾ കരുതി. എന്നാൽ ഒരു അന്യമതക്കാരിയെ ഗൃഹത്തിൽ കയററുന്നതിന്റെ ഔചിത്യത്തെക്കുറിച്ചു സംശയിച്ചും, സമുദായാപവാദത്തെ ഭയന്നും ക്യാമ്പു വിട്ടു് ഈ സ്ത്രീ ചെല്ലുമോ എന്നു സംശയിച്ചും, മേരിയെ ക്ഷണിപ്പാൻ അവർക്കാർക്കും ധൈര്യമുണ്ടായില്ല. അങ്ങനെയിരിക്കെ, ഒരു രാജകുമാരന്റെ ഭാര്യയ്ക്കു കഠിനമായ എന്തോ രോഗം പെട്ടെന്നു പിടിപെട്ടു. ആ ഭാര്യ അദ്ദേഹത്തിന്റെ പ്രേമഭാജനമായിരുന്നതുകൊണ്ടും, അദ്ദേഹം ഒരിക്കൽ മദ്രാസുപട്ടണം സന്ദർശിച്ച് ഇംഗ്ലീഷുകാരെക്കുറിച്ചു അല്പമായിട്ടെങ്കിലും അറിവുള്ള ആളായിരുന്നതുകൊണ്ടും, മേരിയെ ക്ഷണിക്കുകയുണ്ടായി. ശാസ്ത്രദൃഷ്ട്യാ നിസ്സാരമായ ആ രോഗം രണ്ടുദിവസംകൊണ്ടു ഭേദമായി. മേരിയുടെ കീർത്തി നാട്ടിലെല്ലാടവും പരന്നു. ഒരു ദിവസം രാവിലെ എട്ടുമണിക്കു് റാവുബഹദൂർ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായർ സ്വകാര്യമായി—രണ്ടു അനുചരന്മാരോടുകൂടി ഞങ്ങളുടെ ക്യാമ്പിൽ എത്തി; ഈശ്വരാധീനം തന്നെ.

അദ്ദേഹം വന്നതു് പണ്ഡിതയായ ലേഡിഡാക്ടരെ ക്ഷണിപ്പാനായിരുന്നു. "അദ്ദേഹത്തിന്റെ മകൾ—വളരെ ഓമനിച്ചു വളർത്തിക്കൊണ്ടുവന്ന ഒരു കുട്ടി—രോഗത്തിലായിരിക്കുന്നു. ദീനം എന്താണെന്നു ഒരുത്തനും അറിഞ്ഞുകൂട. നാട്ടുവൈദ്യന്മാർ പഠിച്ച വിദ്യകൾ ഒക്കെയും പരീക്ഷിച്ചു; മരുന്നായ മരുന്നൊക്കെ അവസാനിച്ചു; ഒരു ഗുണവുമില്ല. ഡാക്ടർ അന്തഃപുരത്തിലേക്കു വരാൻ സമ്മതിക്കണം, ഞങ്ങൾ പറഞ്ഞു സമ്മതിപ്പിക്കണം. സമ്മാനമായി ലക്ഷം ലക്ഷം പൊന്നുകൾ കൊടുക്കാവുന്നതാണു്. സുഖപ്പെട്ടാൽ ദിവാൻ ആചന്ദ്രതാരം കൃതജ്ഞനായിരിക്കും." ഈ രീതിക്കുള്ള ദിവാന്റെ താല്പര്യമേറിയ പ്രസംഗം കേട്ടു് ഏതാനും ചില തടസ്സങ്ങൾ ഞങ്ങൾ പുറപ്പെടുവിക്കുകയും ദിവാൻ അതിനു സമാധാനം പറയുകയും ചെയ്ത ശേഷം, മേരി പോകാമെന്നു തീർച്ചയാക്കി.

ദിവാൻ മടങ്ങി ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കു വെള്ളിയും പൊന്നും കൊണ്ടു് പണിതു് ഒന്നാംതരം സൂക്ഷ്മപടം തയ്ച്ചു പിടിപ്പിച്ചിരുന്ന ഒരു പല്ലക്കും, ആൾക്കാരും, ക്യാമ്പിൽ വന്നുചേർന്നു. മേരി അതിൽ കയറി നായികാസ്ഥാനത്തും, ഞാനും കണ്ണനും അശ്വാരൂഢന്മാരായി അകമ്പടിയായും, ദിവാന്റെ വിസ്താരമേറിയ തോട്ടത്തിന്റെ ഗേററു വരെയ്ക്കു ചെന്നു. അതുകഴിഞ്ഞു പുരുഷന്മാർ വിരോധിക്കപ്പെട്ടിരുന്നതിനാ

ൽ, ഞങ്ങൾ അവിടെ നില്ക്കേണ്ടിവന്നു. മേരിയും ഇറങ്ങി. ദുഷ്ടനായ ആ ദിവാന്റെ അധികാരാതിർത്തിയിലേക്കു മേരിയെ സ്വയമായി വിടുന്നതിനെക്കുറിച്ചു്, കണ്ണലിനും എനിക്കും രണ്ടുതരത്തിൽ ഭയമുണ്ടായിരുന്നു; എങ്കിലും, മേരി ചിരിച്ചുംകൊണ്ടു അകത്തേക്കു കടന്നു. കൃത്യം ഒരു മണിക്കൂർ കഴിയുമ്പോൾ മേരി ആ സ്ഥലത്തു മടങ്ങി എത്തിയിരിക്കണമെന്നു് വാക്കു പറഞ്ഞതാണു് ഞങ്ങൾ പിരിഞ്ഞതു്. അത്രയും സമയം ഞങ്ങൾ അവിടെ തെരുവുകൾ കണ്ടു നടന്നു.

അന്നുരാത്രി ഞങ്ങളുടെ ക്യാമ്പിൽവെച്ചു മേരി പിന്നെയും പിന്നെയും പറഞ്ഞതു അന്തഃപുരത്തിന്റെ വിശേഷംതന്നെ. അവിടെക്കണ്ട മനോഹരങ്ങളായ വിശേഷങ്ങളെ വർണ്ണിക്കുവാൻ പദങ്ങളില്ലാതെ അവർ കുഴങ്ങി. ദിവാൻ അല്ലാതെ പത്തുവയസ്സു കഴിഞ്ഞ ഒരു പുരുഷനെങ്കിലും കാൽചവുട്ടിയിട്ടില്ലാത്ത ആ വിസ്താരമേറിയ തോട്ടം, മഹിമയേറിയതായിരുന്നു. ഒരു വലിയനാലുകെട്ടു്, നടുക്കൊരുമുററം, അതിന്റെ നടുക്കു് വെള്ളം മേല്പോട്ടു ചാടിക്കൊണ്ടിരിക്കുന്ന ഒരു യന്ത്രം, നാലുകെട്ടിനു ചുററും ഒരു വലിയ മതിൽ ഇങ്ങിനെയാണു് ആ അന്തഃപുരത്തിന്റെ കെട്ടു്. എന്നാൽ മനോഹരമായ ആ പ്രദേശത്തെ ഏകദേശമായി വർണ്ണിക്കുന്നതിനും ഭാഷയിൽ പദങ്ങളില്ല; വർണ്ണിക്കുവാൻ ആളില്ല; മനസ്സിലാക്കുവാൻ മനുഷ്യനില്ല. മതിലുകൾ വളരെ ഉയൎന്നവയാണു്; പുറത്തു നില്ക്കുന്ന വൃക്ഷങ്ങളിലാകട്ടെ സമീപത്തുള്ള മലകളിലാകട്ടെ കയറിയാൽ അകംകാണ്മാൻ വഹിയാത്തവണ്ണം ഉയൎന്നവയാണു്. എന്നാൽ ആ മതിലുകൾ കാണികളുടെ മനസ്സിനു അത്യാനന്ദത്തെ കൊടുക്കുമാറു ഭംഗിയേറിയ ലതകൾ, നേത്രാനന്ദകരങ്ങളായ ഇലകൾ, സുഗന്ധപുഷ്പങ്ങൾ മധുരഫലങ്ങൾ എന്നിതുകളെക്കൊണ്ടും, പുരാണകഥാചിത്രപടങ്ങളെക്കൊണ്ടും നാനാവൎണ്ണപ്രശോഭിതങ്ങളായി അതിരമണീയങ്ങളായിരുന്നു. നാലുകെട്ടിന്റെ ഓരോ കെട്ടുകളും വെള്ളക്കല്ലുകൾകൊണ്ടു പണിയപ്പെട്ടിരുന്നു. അവിടെയാണു് ആളുകൾക്കു സ്ഥലജലഭ്രാന്തിയുണ്ടാകുന്നതു്. സൎവ്വാംഗസുന്ദരിമാരായ ഏതാനും വനിതാരത്നങ്ങൾ പട്ടിൽപൊതിഞ്ഞു തങ്കം അടിച്ചു, രത്നം പതിച്ചു്, കയറിയും ഇറങ്ങിയും ഉലാത്തിയും പാടിക്കൊണ്ടും സമയം പോക്കുന്നു. മുററത്തിന്റെ നടുക്കുള്ള വെള്ളച്ചാട്ടത്തിന്റെ ചുററിലും, പുഷ്പങ്ങൾക്കിടയിൽ, ഹൈന്ദവസ്വൎഗ്ഗകന്യകകളായ ഉൎവ്വശി, മേനക, രംഭ, തിലോത്തമ മുതലായവർ നാണിച്ചു നട്ടംതിരിയുംപ്രകാരം, ഏതാനും യുവതികൾ ചെയ്തുകൊണ്ടിരുന്ന സംഗീതപ്രയോഗത്തിനു, യൂറോപ്പുഖണ്ഡം ഒന്നാകെ നമസ്കരിക്കും. പിച്ചി, മുല്ല, റോസു് ലിലി മുതലായ പുഷ്പങ്ങൾ ഇടതൂൎന്ന വനങ്ങളിൽനിന്നു പുറപ്പെടുന്ന പരിമളം വായുവിൽ വഹിച്ചുവരുന്നതു്.—ഇല്ല; കണ്ണു കണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്തതും ഹൃദയം ചന്തിച്ചിട്ടില്ലാത്തതും ആയ പരമസൌഭാഗ്യസമ്പ്രദായത്തെ വിവരിച്ചു, വിഡ്ഢിവേഷം കെട്ടുവാൻ മേരി ശ്രമപ്പെട്ടില്ല.

അന്തഃപുരമഹിമാവു് പറഞ്ഞാൽ തീരുന്നതല്ല. എന്നാൽ അവിടെ കണ്ടതിലേക്കു ഹൃദയാനന്ദകരമായിരുന്നതു്, അതിന്റെ നടുനായകമായിരുന്നതു്, ആ സൌന്ദൎയ്യ സമുദ്രത്തിൽ സാക്ഷാൽ അനന്തശയനമായിരുന്നതു്—ഹാ കഠിനംതന്നെ—വാടിവരണ്ടു തളൎന്നു്, ആ നാലുകെട്ടിന്റെ വരാന്തയിൽ പൊക്കം കുറഞ്ഞ ഒരു കട്ടിലിൽ, ക്ഷമയില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും ഉരുണ്ടുകിടന്നിരുന്ന ഒരു—ഒരു—ഒരു—തീക്കട്ടയായിരുന്നു. അതേ, ദിവാന്റെ പുത്രി! ജീവനുള്ള കണ്ണുകളും, വിസ്താരംകൂടിയ മുഖവും, പനങ്കുലപോലെയുള്ള മുടിക്കെട്ടും, ദമാസ്ക്കുപട്ടു തോല്ക്കുന്ന തൊലിയും, ഇരുപത്തു് ഇരുപത്തുരണ്ടു വയസ്സും ചേൎന്ന സൌന്ദൎയ്യത്തിന്റെ റാണിയായ ആ സ്ത്രീയെ, മൺപാതയിൽ വീണ ദിവ്യമാണിക്യംപോലെ അവിടെ വേറെ കാണാമായിരുന്നു.



ജോറാഭായി

"മോറാഭായി ചിരിക്കുകയും പാട്ടുകയും ചെയ്തിട്ടു പല ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു" എന്നിങ്ങനെയാണ് ദിവാന്റെ പ്രധാനഭാര്യ്യ ദീനവിവരം പറയുവാൻ ആരംഭിച്ചതു്. മദ്ധ്യപ്രായം കഴിഞ്ഞിരുന്ന അവരുടെ ശബ്ദമാധുര്യ്യവും, നടത്തത്തിന്റെ രീതിയും, കേവലം ഇന്ദ്രജാലം പോലെ, വശീകരണശക്തിയുള്ളതാണെന്നാണ് മേരിയുടെ അഭിപ്രായം. മോറാഭായിയുടെ രോഗം എന്താണെന്നു നിർണ്ണയിക്കുക ഒട്ടും തന്നെ എളുപ്പമായിരുന്നില്ല. ആ യുവതി ജീവൻ ക്ഷയിച്ചു ക്ഷീണിച്ചുപോകുന്നു എന്നല്ലാതെ ദീനലക്ഷണം ഒന്നും അവർ പറയുകയാകട്ടെ മേരി കാണുകയാകട്ടെ ചെയ്തില്ല. സർവ്വാംഗങ്ങൾക്കും ബലക്കുറവാണെന്നും; ഒന്നിനെയെങ്കിലും സ്നേഹിപ്പാനോ ദ്വേഷിപ്പാനോ ശക്തി തോന്നുന്നില്ലെന്നും, നിശ്ചയമായും മരിച്ചുപോകുമെന്നും, ആണു മോറാഭായി തന്നെ പറഞ്ഞതു്. ആകപ്പാടെ ആലോചിച്ചതിൽ ഔഷധപ്രയോഗം ഫലപ്രദമാവാനിടയില്ലെന്നും, മോറാഭായിയുടെ മനസ്സിനെ അപഹരിച്ചു ആഹ്ലാദിപ്പിക്കുകയാണ് ആവശ്യമായിട്ടുള്ളതെന്നും, മേരി നിശ്ചയിച്ചു. മോറാഭായിയുടെ ലോകപരിചയക്കുറവ്!!! സംഭാഷണം തുടങ്ങിയപ്പോഴാണ് അതു വെളിപ്പെട്ടതു്. ഇരുപതു ഇരുപത്തിരണ്ടു വയസ്സു പ്രായമായ ആ സ്ത്രീ ആ നാലുകെട്ടിന്റെ വെളിക്കു ഒരിക്കലെങ്കിലും ഇറങ്ങിയിട്ടില്ല!! ആ മതില്ക്കകം അവൾക്കു ഭൂലോകമായിരുന്നു. ഭൂലോകറാണിയായി വിലസിപ്പാനുള്ള ആ ദിവ്യ ആ കുട്ടിമകത്തുതന്നെ കയറിയും ഇറങ്ങിയും ഒരേ ആളുകളെത്തന്നെ കണ്ടും ഒരേ വർത്തമാനംതന്നെ പറഞ്ഞും - കഷ്ടം മനസ്സ് അശേഷം വികസിക്കാത്ത ഭൂലോകൈക സുന്ദരിയായ ഈ മോറാഭായി, തിരുവിതാംകൂർ ചിത്രമെഴുത്തു തമ്പുരാൻ അവർകൾ കല്പനയിൽ സൃഷ്ടിച്ചിട്ടുള്ള ദമയന്തിയിൽ നിന്നു അധികം വ്യത്യാസപ്പെട്ടിരുന്നില്ല.

മേരി ഒരു കാര്യം സാധിച്ചുകഴിഞ്ഞതിൽ, അപാരം കൃതാർത്ഥതയുണ്ടായിരുന്നു. അരമണിക്കൂറിൽ നടന്ന സംഭാഷണംകൊണ്ടു മോറാഭായി മേരിയെ സാമാന്യത്തിൽ കവിഞ്ഞു സന്തോഷിക്കുകയും അവരോടു യാതൊരു സ്വാതന്ത്ര്യക്കുറവും കൂടാതെ വളരെ നേരം സംസാരിക്കുകയും ചെയ്തു എന്നുള്ളതുതന്നെ. ആത്മാക്കളെ വശീകരിക്കുവാൻ മേരിക്കുണ്ടായിരുന്ന അസാധാരണസൌശീല്യം അനുഭവിച്ചറിഞ്ഞ എനിക്കു് അതു ഒട്ടും തന്നെ അത്ഭുതകരമായി തോന്നിയില്ല.

മടക്കത്തിൽ മേരിയെ അന്തഃപുരത്തിന്റെ ഗേറ്റിൽവെച്ചു ദിവാൻ കണ്ടു സംസാരിക്കുകയുണ്ടായി. അതു കേവലം സ്മരിക്കേണ്ടതുതന്നെ.

ദിവാൻ:—"അവൾ ജീവിക്കുമോ?"

മേരി—എന്നാണു തോന്നുന്നതു്. എന്നാൽ രോഗകാരണം എന്താണെന്നു എനിക്കു ശരിയായി മനസ്സിലായില്ല. മനസ്സിലാകുന്നതുവരെ ദിവസവും ഈ നേരത്തു ഞാൻ വരുന്നതാണ്.

ദിവാൻ—ദയവുചെയ്തു കഴിയുന്നതും പരിശോധിക്കണേ! അവൾ മരിക്കരുതേ; മൂന്നുമാസത്തേക്കെങ്കിലും അവൾ ജീവിച്ചിരിക്കണേ. കഴിയുന്നതും ദയവുചെയ്യണേ!

ഈ അപേക്ഷ ഒരു അസാധാരണയാണെന്നുള്ളതു് അപ്പോൾ മേരിക്കു തോന്നിയില്ല. മടക്കത്തിൽ പല്ലക്കിൽ കിടക്കുമ്പോഴാണ് മൂന്നുമാസത്തേക്കെങ്കിലും അവൾ മരിക്കരുതെ എന്നുള്ള പ്രാർത്ഥനയുടെ അസ്വാഭാവികത ഓർമ്മയിൽ വന്നതു്.

മിസ്റ്റർ സഡ്ലി: —ഈ മോറാഭായിയെ കല്യാണം കഴിച്ചതാണോ?
മേരി: അല്ല.

കർണ്ണൽമക്കാളി—"അതു വളരെ വളരെ വിസ്മയമായിരിക്കുന്നല്ലോ. യാതൊരുസ്ത്രീയെങ്കിലും ഇരുപതാമത്തെ വയസ്സിൽ കന്യകയായി ഇരിക്കുന്നതായി ഇൻഡ്യയിൽ ഞാൻ കണ്ടിട്ടില്ല. അങ്ങനെയല്ലേ മിസ്റ്റർ സഡ്ലി?"

മിസ്ററർസഡ്ലി—"അതേ സംശയമില്ല. കല്യാണം കഴിയാത്തതു് വിസ്മയംതന്നെ. പക്ഷേ, വിസ്മയാവഹമല്ലാത്ത ഒരു കാര്യവും, ഝർജിഹാൻപൂരത്തു നാം ഇതേവരെ കണ്ടില്ലല്ലോ. ഈ പെൺകുഞ്ഞിന്റെ ജീവിതരഹസ്യം അറിയാൻ മിസ്മക്കാളി ഇടവിടാതെ ശ്രമിക്കണം."

---

## അദ്ധ്യായം ൧൪.

---

### ഗുഹാപ്രതിഷ്ഠ.

ക്രൂരനായ ദിവാന്റെ ഖഡ്ഗത്തെ ഭയന്നു ലാൽജി ഗുഹയിൽ നിന്നു വെളിക്കുചാടുവാൻ ചെയ്ത ശ്രമത്തിൽ, ഗുഹാദ്വാരത്തെ മിക്കവാറും മറയ്ക്കുന്നതായ ഒരു പാറക്കെട്ടു കണ്ടിരുന്നുഎന്നും ആ പാറക്കെട്ടിന്മേൽ, സൂര്യപ്രകാശത്തിൽ അസാധാരണരീതിക്കു പ്രകാശിച്ച ഒരു ലേഖനം കണ്ടിരുന്നു എന്നുമുള്ള കാര്യം ഞങ്ങളുടെ അന്വേഷണത്തിന്റെ അടിസ്ഥാനമാക്കണമെന്നായിരുന്നു ഞങ്ങളുടെ ഒന്നാമത്തെ ഉദ്ദേശ്യം. ശിലാലേഖനംകണ്ടു കഴിഞ്ഞിരുന്നതിനാൽ, ഗുഹാമാർഗ്ഗം വലിയ പ്രയാസംകൂടാതെ കണ്ടുപിടിക്കാമെന്നു ഞങ്ങൾക്കു ആശയുണ്ടായിത്തുടങ്ങി. കർണ്ണൽമക്കാളിയും, ഞാനും, ഹസ്സനും ആണ്, ഇതിലേക്കു പുറപ്പെടുവാൻതയാറായതു്.

ഒരു ദിവസം വെളുപ്പിനു് ഏകദേശം നാലുമണിയോടുകൂടി, ക്യാമ്പിൽ ആളുകൾ ഉണരുന്നതിനു മുമ്പായി, ഞങ്ങൾ മൂന്നുപേരും മലകയറാൻ തുടങ്ങി ആ കുറുംകാട്ടിലും ഊടുവഴിയിലും അപ്പോഴും ഇരുട്ടുണ്ടായിരുന്നതിനാൽ ഞങ്ങൾ തപ്പിത്തടഞ്ഞാണു് നടന്നതു്. ക്യാമ്പിൽനിന്നു വളരെ അകന്നു ഗുഹാദ്വാരത്തോടു കുറെ സമീപിച്ചു എന്നു തോന്നിത്തുടങ്ങിയതിനോടുകൂടെ, ഞങ്ങൾ ഒരു സ്ഥലത്തിരുന്നു അല്പം വിശ്രമിക്കുകയും ഏതാനും ഭക്ഷ്യപേയങ്ങളെക്കൊണ്ടു വിശപ്പിനെ അടക്കുകയും ചെയ്തു. നേരം പ്രഭാതമായി കണ്ണുകാണാറായപ്പോഴേക്കു വീണ്ടും എഴീററു ഗുഹാദ്വാരം എവിടെയാണെന്നു് തിരഞ്ഞുതുടങ്ങി. ഞങ്ങൾ നിന്നതു മലയുടെ പടിഞ്ഞാറെ ചരിവായിരുന്നതിനാൽ പ്രകാശത്തിനു കുറവുണ്ടായിരുന്നെങ്കിലും, ദൂരെ പടിഞ്ഞാറുമാറി നല്ലവണ്ണം വെയിലുറച്ചു കഴിഞ്ഞിരുന്നു. ഇന്ദ്രജാലപ്രയോഗം കൊണ്ടെന്നതുപോലെ പ്രകൃതി ഉണർന്നു. പക്ഷികൾ ചിറകടിച്ചു പറക്കുന്നതും, തത്തകൾ കൂട്ടംകൂട്ടമായി ചിലയ്ക്കുന്നതും, കമ്പുകളിൽ ചാടി കുരങ്ങുകൾ മുരുമുരുക്കുന്നതും, ആനന്ദപ്രദങ്ങളായിരുന്നു. ഇത്ര ഉയർന്ന മലകളിൽ സർപ്പങ്ങൾ ഉണ്ടായിരിക്കയില്ലെന്നും, ഉണ്ടായിരുന്നാലും വിഷമുണ്ടായിരിക്കയില്ലെന്നും ഹസ്സൻ

ഉപദേശിച്ചു. കുറച്ചുകൂടെ മേല്പോട്ടുകയറി, ഉയർന്നുകണ്ട ഒരു പാറപ്പുറത്ത് കഴിയുന്നതും വേഗത്തിൽ എത്തേണ്ടതാണെന്നായിരുന്നു ഞങ്ങളുടെ ലാക്ക്. ശിലാലേഖനം ഉണ്ടായിരുന്ന ആ പാറ മരങ്ങൾകൊണ്ടു മൂടപ്പെട്ടിരുന്നു. എന്നാൽ സ്ഥലം ഞങ്ങൾക്കു നിശ്ചയമുണ്ടായിരുന്നതിനാൽ വളഞ്ഞും തിരിഞ്ഞും ചെടികളെ വകഞ്ഞും മുള്ളുകൊണ്ടു മുഖം മുറിഞ്ഞും മുന്നോട്ടുതന്നെ ഞങ്ങൾ അടുത്തു. ശിലാലേഖനം കണ്ടു. പിന്നെയും നടന്ന് മിക്കവാറും അതിന്റെ കീഴെ തെളിഞ്ഞ ഒരു സ്ഥലം കണ്ട്, ഞങ്ങൾ അവിടെ എത്തി.

കർണ്ണൽമക്കാളി—ലാൽജി പറഞ്ഞ സ്ഥലം ഇതുതന്നെ ആയിരിക്കണം.

ഞാൻ:—ഇവിടെ ദ്വാരം ഒന്നും കാണുന്നില്ലല്ലോ. ഇത് ഒരു കരിമ്പാറതന്നെ.

ഹസ്സൻ:—കൈചൂണ്ടിക്കാണിച്ചുകൊണ്ടു "ദേഖോസാഹിബ്" എന്നു പരിഭ്രമിച്ചു പറഞ്ഞു. ഞങ്ങൾ അങ്ങോട്ടുനോക്കി. ഞങ്ങൾ നിന്ന സ്ഥലത്തുനിന്നു കുറച്ചുകൂടെ ഉയരെ, ശിലാലേഖനത്തിന്റെ നേർകീഴിലായി വേറെ ഒരു തെളിഞ്ഞ പാറക്കെട്ടുകണ്ടു; ഒരു അഞ്ചുമിനിട്ടുകൊണ്ടു ഞങ്ങൾ അവിടെ ഓടി എത്തി.

ഞാൻ:—"ഹുറാ! ഹുറാ!" അവിടെ ഒരു പിളർപ്പ് പാറയിൽ കീഴ്പോട്ടു കിടക്കുന്നു.

ഹസ്സൻ:—'ആസ്റ്റാ ആസ്റ്റി' എന്റെ ശബ്ദം ആ ദ്വാരത്തിൽകൂടി കീഴ്പോട്ടു ഇറങ്ങി; ധ്വനിയും പ്രതിധ്വനിയും കേൾക്കായി. ഹസ്സന്റെ ഉപദേശം അസ്ഥാനത്തല്ലായിരുന്നു. സ്വല്പം ഒരു കൂടിയാലോചന കഴിഞ്ഞു ഞങ്ങൾ—(ആദ്യം ഹസ്സനും പിന്നെ ഞാനും, നടുവിൽ കർണ്ണൽമക്കാളിയും ഈ ക്രമത്തിനു) കീഴ്പോട്ടിറങ്ങി. സൂര്യപ്രകാശം അകത്തു സാമാന്യം ഉണ്ടായിരുന്നതിനാൽ വിളക്കിന് ആവശ്യമുണ്ടായില്ല. കുറെ നടന്നു ഞങ്ങൾ യഥാർത്ഥമായ ഒരു ഗുഹാമുഖത്തു എത്തി, കീഴ്പോട്ടു നോക്കിയവാറ് പാതാളംപോലെ വിസ്താരമായ ഒരു വലിയ ഗുഹ. ഞങ്ങൾ കയറിവന്നതായ മല കേവലം മുട്ടത്തോടുപോലെ ആ ഗുഹയെ മറയ്ക്കുക മാത്രമായിരുന്നു. ഞങ്ങൾ അവിടെ കമിഴ്ന്നുകിടന്നു കീഴ്പോട്ടുനോക്കി. പ്രകാശക്കുറവുകൊണ്ടു ആദ്യം ഒന്നും വ്യക്തമായി കാണ്മാൻ കഴിഞ്ഞില്ലെങ്കിലും, കുറേനേരം സൂക്ഷിച്ചപ്പോൾ കണ്ണുകൾ ഇരുട്ടിൽ പരിചയപ്പെട്ട്, ഗുഹയുടെ ഏതാണ്ട് ഒരു സ്വഭാവം, ഞങ്ങൾക്കു മനസ്സിലായിത്തുടങ്ങി. ആ ദ്വാരത്തിന്റെ ഒരുവശത്തുകൂടെ കീഴ്പോട്ടുക മിക്കവാറും കീഴ്ക്കാംതൂക്കായ ഒരു പാറ കാണുന്നുണ്ട്. എന്നാൽ അത് കയറുവാനും ഇറങ്ങുവാനും ഉപയോഗപ്പെടാത്തവണ്ണം കീഴ്ക്കാംതൂക്കായിരുന്നു.

ഞാൻ:—ലാൽജി ഇതിലെ വന്നിരിക്കാൻ ഇടയില്ല.

ഹസ്സൻ:—ലാൽജി ഇതിലെ വന്നിരിക്കാൻ ഇടയുണ്ട്.

ഞാൻ:—അതുവല്ലോ?

ഹസ്സൻ:—അതുവ്. ഞങ്ങളുടെ കാൽവിരലുകൾ പിടിക്കുവാൻ ഉപയോഗപ്പെടും, ധ്വരേ! നിങ്ങൾ ചെറുപ്പംമുതല്ക്കു ചെരിപ്പിട്ടു പരിചയിച്ചിരിക്കുന്നതിനാൽ വിരൽ അനങ്ങുകയില്ല. ഈ ഗുഹയ്ക്കകത്ത് എന്നെ ഒരുവൻ കൊല്ലുവാൻ വന്നാൽ, അവനെ കൊല്ലുവാൻ സാധിച്ചില്ലെങ്കിൽ, ഞാൻ ഇതിലെ കയറാം.

കൎണ്ണൽമക്കാളി:—അതു ശരിയാണ്. കുരങ്ങു കയറുന്നതുപോലെ നാട്ടുകാർ മരംകയറുന്നതുകണ്ട്, ഞാൻ പലപ്പോഴും വിസ്മയിച്ചിട്ടുണ്ട്.

ഞാൻ:—ശരി. എന്നാൽ നമുക്കു ഇറങ്ങണം. നാം കൊണ്ടുവന്നിട്ടുള്ള കയറുഗോവണി ഇവിടെ ഉപയോഗപ്പെടുത്താം.

ഹസ്സൻ:—ഒരു തടിക്കഷണം ഈ കാണുന്ന ദ്വാരത്തിൽ ഉറപ്പിച്ചിരുത്താമെങ്കിൽ കയറുഗോവണി അതിൽ കെട്ടിയുറപ്പിച്ചു കീഴ്പോട്ടിടാം.

ഞാൻ:—ശരിതന്നെ-

ഹസ്സൻ മേല്പോട്ടുകയറി ഒരു പതിനഞ്ചുമിനിട്ടിനകം ഒരു തടിക്കഷണവുമായി മടങ്ങി എത്തി. കയറുഗോവണി കെട്ടിമുറുക്കി, മറ്റേ അറ്റം കീഴ്പോട്ടേക്ക് ഇട്ടു. അതു സ്വല്പനേരം തുള്ളി; ഒടുവിൽ നിശ്ചലമായി. അതിന്റെ അറ്റം തറയിൽ മുട്ടിയിരിക്കുമോ എന്നായിരുന്നു പിന്നെയുണ്ടായ സംശയം.

ഹസ്സൻ:—ഞാൻ ഇറങ്ങി നോക്കാം. മുട്ടിയിട്ടില്ല എന്നാണെങ്കിൽ ഞാൻ തിരിയെ കയറിക്കൊള്ളാം.

ഹസ്സന്റെ ഉപയോഗിത്വത്തിന് അവസാനമില്ലെന്നുതോന്നി.

ബുദ്ധിമാനായ ഈ പട്ടാണിക്ക് അതിമാനുഷനായ മിസ്റ്റർ സഡ്‌ലിയുടെ അടുത്തു ലഭിച്ച പരിചയം,നാനാമുഖമായിരുന്നു. അവൻ ഇറങ്ങി. ഞങ്ങൾ നോക്കിക്കൊണ്ടു കമിഴ്ന്നുതന്നെ കിടന്നു. ആ അന്ധകാരക്കുഴിയിൽ കുറേശ്ശ കുറേശ്ശ കാണാതെയായപ്പോൾ അവൻ നരകവാതിലകം പ്രവേശിച്ചു എന്നാണ് ഞങ്ങൾക്കു തോന്നിയതു്. അവനെ അശേഷം കാണ്മാനില്ലെന്നായി. ഗോവണിക്ക് അല്പമായി തട്ടിക്കൊണ്ടിരുന്ന ഇളക്കംമാത്രം ഹസ്സന്റെ സത്വസത്തിനും പ്രമാണമായിരുന്നു. നേരം കുറേക്കഴിഞ്ഞു; ഗുണലക്ഷണം ഒന്നും കണ്ടില്ല. പിന്നെയും സമയം കടന്നുപോയി. അതാ! താഴെ തറയിൽ, മുകളിൽനിന്നു ചെന്ന പ്രകാശം ഒരു വൃത്താകാരമായി പതിച്ചതറയിൽ;—ഏതാണ്ടു ഒരു സാധനം, കറുത്തതു്—അല്ലാ, അതു മേല്പോട്ടുനോക്കുന്നു. ഞാൻ കണ്ടതു ഹസ്സന്റെ മുഖമായിരുന്നു ഞാൻ കൈ രണ്ടുംകൂട്ടി അടിച്ചു സന്തോഷപാരവശ്യംകൊണ്ടു് ഒന്ന് അട്ടഹസിച്ചപ്പോഴേക്ക്, കല്ലൻ എന്റെ കൈമേൽ ഒന്നുനുള്ളി. ശരി! എന്റെ പ്രാരംഭം പരമവിഡ്ഢിത്തമായിരുന്നു. എന്റെ ഹസ്തതാഡനശബ്ദം ആ അറകളിലും ഉള്ളറകളിലും പ്രവേശിച്ച്, ഗുഹാഗഹ്വരങ്ങളിൽ ഇളകിമറിഞ്ഞു, ഏറിയവെള്ളങ്ങളുടെ ഇരച്ചിൽപോലെ അധികനേരത്തേക്കു മുഴങ്ങിക്കൊണ്ടിരുന്നു. ഗുഹാഗർഭത്തിൽ വല്ലവരും ഉണ്ടായിരുന്നു എങ്കിൽ ഈ ശബ്ദനിമിത്തം രക്ഷാഭിക്ഷവും ഹസ്സന്റെ കഥകഴിയാനും!!—കഷ്ടം എന്റെ വിഡ്ഢിത്തം ഓൎത്തു് ഞാൻ വളരെ വ്യസനിച്ചു.

ഹസ്സൻ പിന്നെയും കാഴ്ചയിൽനിന്നു മറഞ്ഞു. അവൻ മടങ്ങിക്കയറിത്തുടങ്ങിയെന്നു ഞങ്ങൾ തെരുങ്ങി അനുമാനിച്ചു. തിരികെ അവനെ ഗുഹാമുഖത്തു കണ്ടപ്പോൾ മരിച്ചുപോയ ഒരുവൻ തിരികെ വന്നതുപോലെ ഞങ്ങൾ സന്തോഷിച്ചു. ഹസ്സന്റെ തോളിന്മേൽ ഒരു ചെറിയമുറിവുമാത്രം വിശേഷവിധിയായി കണ്ടു. കല്ലൻ അവന്റെ തോളിന്മേൽ കൈവെച്ചുകൊണ്ടു മന്ദഹസിച്ചു ഞാനാകട്ടെ മരിക്കാതെ തിരിച്ചുകിട്ടിയതിൽ അവനെ സന്തോഷംകൊണ്ടു തഴുകി കയറുഗോവണിയിൽക്കൂടെ ഇറങ്ങിപ്പോകുവാൻ വലിയ പ്രയാസം ഒന്നും ഇല്ലെന്നും, ലാൎജിവന്നതായ പാറക്കെട്ടിന്മേൽ ഇടയ്ക്കിടയ്ക്കു

കാൽ ഉറപ്പിച്ചുകൊണ്ടു് ഇറങ്ങിയാൽ ആപത്തൊന്നും വരാനില്ലെന്നും, തോളിൽ കാണുന്ന മുറിവു ഒരു പാറയിൽ മുട്ടി ഉരഞ്ഞതുമാത്രമാണെന്നും, മററും, ഹസ്സന്റെ റിപ്പോർട്ടു് വളരെ പ്രോത്സാഹകമായിരുന്നു. ആദ്യം ഹസ്സനും, ഞാനും; എന്നെ ഗുഹയിൽനിന്നു് ഹസ്സൻ മുകളിൽവന്നു രണ്ടാമതു ഹസ്സനും കല്യനും; ഇങ്ങനെ ഞങ്ങൾ മൂന്നാളുകളും ഗുഹയുടെ അടിയിൽ എത്തി. അമ്പ! കർമ്മഫലത്തിന്റെ ഒരു ബലം! ഒന്നരലക്ഷം ഏക്കർ ഭൂമിക്കു് ഇംഗ്ലണ്ടിൽ ഏകഉടമസ്ഥനായ ഞാനും, പ്രബലങ്ങളായ രണ്ടു നാട്ടുരാജ്യങ്ങളുടെ ബ്രിട്ടീഷു റസിഡണ്ടായ കൺസൽ മക്കാളിയും, ഒരു പട്ടാണിയെ ആശ്രയിച്ചു്, ഒരു പൈശാചികഗുഹാഗർഭത്തിൽ നാലുപാടും വിപത്തുക്കളെ ക്ഷണിച്ചുകൊണ്ടും, കഴുത്തു ദുഷ്ടന്മാരായ കാലകിങ്കരന്മാരേ ഏൽപ്പിച്ചുകൊണ്ടും നില്ക്കാനിടയാകുമെന്നു്, ആർ കരുതിയിരുന്നു? പ്രകാശം അവിടെ സാമാന്യം ഉണ്ടായിരുന്നു. ഞങ്ങൾ നിന്നസ്ഥലത്തുനിന്നും നാലുവശത്തേക്കും പല ഗുഹകളും അറകളും, വലിയതും ചെറിയതും ആയികാണ്മാനുണ്ടായിരുന്നു. ലാൽജി നടന്നുപോന്നതായ ഗുഹാമാർഗ്ഗം സർവ്വപ്രധാനമായിട്ടുള്ളതാകയാൽ, അതു് ഏതായിരിക്കുമെന്നു നിർണ്ണയം ചെയ്യേണ്ടതു് ആവശ്യമാണെന്നു് ഞങ്ങൾകരുതി. എന്നാൽ ആയതിനു മാർഗ്ഗംകാണാഞ്ഞും, ഗുഹകളിൽ കയറി നടന്നു തിരഞ്ഞാൽ ദ്വാരമാർഗ്ഗം കൈവിട്ടുപോവാനും, പുറത്തേക്കുള്ള വഴികാണാതെ ആ ഗുഹാഗർഭത്തിൽ പട്ടിണിയിരുന്നു ചത്തഴുകുവാനും ഇടയാകുമെന്നു ഭയന്നും, ഞങ്ങളുടെ പരിഭ്രമം അധികമായി. അന്യോന്യം വല്ലതും ശബ്ദിക്കുന്നതായാൽ ഇടിവെട്ടുന്നതുപോലെ ആ ദിക്കെല്ലാം ഇളകി, ഭൂമികുലുക്കം ഉണ്ടായതുപോലെതോന്നി.

ചെവിക്കകത്തു മുഖംവെച്ചു് ഏതാനും ചിലതെല്ലാം അന്യോന്യം പറഞ്ഞു നിശ്ചയിച്ചു്, ഹസ്സന്റെയും ഞങ്ങളുടെ രണ്ടാളുകളുടേയും ഉൾക്കാൽച്ചട്ടകൾ ചേർത്തു കെട്ടി നീളംവരുത്തിയ ഒരു ശീലക്കഷണത്തിന്റെ ഒരററത്തു ഞങ്ങൾ ഇരുവരും പിടിച്ചുകൊണ്ടുനിന്നു. ഹസ്സൻ അതിന്റെ മറേറഅററം കൈയിലെടുത്തു്, ഓരോ അറകളിലേക്കും മുണ്ടിന്റെ നീളം അനുവദിക്കുന്നതുവരെ നടന്നു് ഓരോ പരീക്ഷകൾ തുടങ്ങി. ഓരോ അറയ്ക്കകത്തുനിന്നു പിന്നെയുംപിരിവുകളുംഉൾപ്പിരിവുകളും ഉള്ളതായിഅവന്റെ പ്രസ്താവംകേട്ടതിൽ, ഞങ്ങൾ ആകപ്പാടെ ബുദ്ധിമുട്ടത്തു. എന്നാൽ ഞങ്ങൾ കേവലം നിർഭാഗ്യന്മാരായില്ല. ഒരു പത്തുപന്ത്രണ്ടുഗുഹകൾ പരിശോധിച്ചശേഷം കയറിയ ഒരു ഗുഹയിൽനിന്നു്, അവൻ പാഞ്ഞിറങ്ങി—അവന്റെ മുഖം വിളറിയും കണ്ണുകൾ ഉന്തിയും ഭയപരവശങ്ങളായിരുന്നു; എന്നിട്ടും അവൻ ശബ്ദിച്ചില്ല; വന്നു ഞങ്ങളുടെ ചെവികളിൽ മന്ത്രിക്കുകയാണുചെയ്തതു്. മുണ്ടു് അവിടെ ഇരുട്ടിൽ ഒരു സ്ഥാനത്തു് ബന്ധിച്ചു് ഒരു അററം കൈയിലെടുത്തു് ഹസ്സൻ നടത്തിയവഴിക്കു ഞങ്ങൾ മൂന്നുപേരും നടന്നു. കുറച്ചു നടന്നു് ഇടുങ്ങിയ ഒരു ദ്വാരത്തിൽക്കൂടെ കുനിഞ്ഞു കടന്നു ഒരു വളവു തിരിഞ്ഞപ്പോൾ,—ശിവ! ശിവ! ഭൂമികുലുക്കങ്ങളും ഇടിനാദങ്ങളും ഏറ്റു കോപിച്ചു പ്രവർത്തിക്കുന്നതുപോലെയും, ലക്ഷം ലക്ഷം മദയാനകൾ കൂട്ടമായി അമറുന്നതുപോലെയും; ആകാശത്തിന്റെ ഉറവുകൾ തുറന്നു പ്രളയകാലവർഷം ആരംഭിച്ചതുപോലെയും ഒരു ആരവപാരാവാരത്തിൽ ഞങ്ങൾ മുങ്ങിപ്പോയി ഞങ്ങൾ കേട്ടതു് ഒരുവലിയ വെള്ളപ്പാച്ചലിന്റെ ശബ്ദമായിരുന്നു. അല്പസമയത്തേക്കു ഞങ്ങൾ കേവലം അസഹായന്മാരായി അമ്പരന്നുനിന്നുപോയി. രണ്ടുമിനിട്ടുമുമ്പു് കേവലം നിശ്ശബ്ദമായ ഒരു ഗുഹാമാർഗ്ഗത്തിൽക്കൂടെ നടന്നുപോന്ന ഞങ്ങൾ, ഉത്തരക്ഷണത്തിൽ പർവ്വതങ്ങളെ ഇളക്കുകയും ഭൂമിയെ കുലുക്കുകയും ചെയ്വാൻ കഴിയത്തക്ക ഈ ഉ

ത്തുംഗശബ്ദതരംഗങ്ങളിൽ പെടുവാൻ ഇടയായതിൽ, ഞങ്ങൾ വളരെ വളരെ ഇളകിവശായി. മടങ്ങിനടന്നു മുൻപറഞ്ഞ വളവുതിരിഞ്ഞാൽ ഈ ശബ്ദം കേൾക്കാതാവുകയും, അല്പം മുന്നോട്ടുവന്നാൽ തുടരെത്തുടരെ കേട്ട ഇടിനാദം കേൾക്കാറാവുകയും ചെയ്യുമെന്നു ഞങ്ങൾ പലപ്രാവശ്യം പരീക്ഷിച്ചറിഞ്ഞു. പ്രകൃതിയുടെ പ്രകാരങ്ങളെ ആരാണ് വിവേചിച്ച് അറിഞ്ഞിട്ടുള്ളതു്? ഗുഹയ്ക്കകത്തോ അടിയിൽക്കൂടെയോ ഒഴുകിക്കൊണ്ടിരുന്ന ഒരു നദിനിമിത്തം ഉണ്ടായ ധ്വനികളേയും പ്രതിധ്വനികളേയും മേൽപ്രകാരം വിനിയമിച്ച ഈ ഗുഹാഗർഭത്തിന്റെ വളവുകളും തിരുവുകളും ചുവരുകളും ഏതു പ്രകാരത്തിലുള്ളവയാണെന്ന്, ഈശ്വരനുമാത്രം അറിയാം. ഏതാനും സമയംകൊണ്ടു് ഈ ശബ്ദകോലാഹലം ഞങ്ങളുടെ ചെവിക്ക് പരിചയപ്പെട്ടു് ഇണങ്ങിത്തുടങ്ങി. സംഭ്രമം അങ്ങനെ ഒട്ടു ശമിച്ചപ്പോഴാണ്, ഒരു നദിയുടെ ശബ്ദത്തിന്റെ ഗതിക്കനുസരിച്ചാണു ലാൽജി പ്രാണനുംകൊണ്ടോടിയതെന്നുള്ള ഓർമ്മ എന്റെ മനസ്സിൽ പെട്ടെന്നു പൊങ്ങിവന്നതു്. ശരി ഈ വഴിക്കു പോവുകതന്നെ. ലാൽജിയെ ദിവാൻ ഓടിക്കുവാൻ തുടങ്ങിയ സ്ഥലത്തേക്കും, ആവശ്യപ്പെട്ടാൽ മടങ്ങി ഗുഹാദ്വാരത്തിങ്കലേക്കും പോകുന്നതിനുള്ള വഴി ഇതുതന്നെ. ഞങ്ങൾ നടന്നുപോയതു് ആറുമണൽ കിടന്ന ഒരു സ്ഥലത്തുകൂടെയാണെന്നു കാൽപെരുമാററംകൊണ്ടു ഞങ്ങൾക്കു മനസ്സിലായി. ആദ്യം ഇറങ്ങിയ സ്ഥലത്തു കണ്ട പ്രകാശം ഈ ഗുഹയുടെ തലയ്ക്കൽ ഞങ്ങൾ വളവുതിരിഞ്ഞിടത്തു് അല്പമായി കാണ്മാനുണ്ടായിരുന്നു. പലപ്പോഴും പുറകോട്ടു തിരിഞ്ഞു് ആ പ്രകാശത്തെക്കണ്ടു ധൈര്യത്തെ അടഞ്ഞുംകൊണ്ടും, ഓരോ അടിയും വളരെ സൂക്ഷിച്ചു പെറുക്കിപ്പെറുക്കി വച്ചുകൊണ്ടും നടന്നു്, ഒരു കൽച്ചുവരിങ്കൽ വന്നു മാർഗ്ഗനിരോധം സംഭവിച്ചനില്പായി. അവിടെനിന്നു മുന്നോട്ടു മാർഗ്ഗമില്ലായിരുന്നു; തട്ടിനോക്കിയതിൽ മുമ്പിൽ കണ്ടതു കരിമ്പാറ ആണെന്നു സ്പഷ്ടമായി. നദീശബ്ദം ഭയങ്കരമായിത്തന്നെ ഇളകി മുഴങ്ങിക്കൊണ്ടിരുന്നു. അന്ധകാരം നിമിത്തവും നദീശബ്ദം നിമിത്തവും, മുന്നോട്ടു പോവാൻ മാർഗ്ഗം കാണാതെ കുഴങ്ങിയ അവസരത്തിൽ കല്ലൻ തിപ്പെട്ടി കൊളുത്താമെന്നു് അഭിപ്രായപ്പെട്ടു. ആദ്യം ഒന്നറയ്ക്കാൻ ധൈര്യമുണ്ടായില്ലെങ്കിലും, ഒടുവിൽ ആവട്ടെ എന്നു നിശ്ചയിച്ചു കൊളുത്തി. വലത്തു വശത്തു കീഴ്പോട്ടേക്കു ഒരു ദ്വാരം കാണ്മാനുണ്ടു്. ഹസ്സൻ ആദ്യം അതിൽ ഇറങ്ങി മടങ്ങിവന്നു ഞങ്ങളെ ക്ഷണിച്ചു. ആ ദ്വാരത്തിൽക്കൂടി ഞങ്ങൾ വലത്തേക്കു തിരിഞ്ഞു. അങ്ങോട്ടു വേറൊരു നീണ്ടഗുഹയാണു്. അതിന്റെ മദ്ധ്യഭാഗത്തിലും മുകളിൽനിന്നു് ഒരു വൃത്താകൃതിയായ പ്രകാശം കാണാമായിരുന്നു. അതു നിമിത്തം മുന്നോട്ടു പോകുന്നതിനു വലിയ പ്രയാസമുണ്ടായില്ല. ഈ ഗുഹയിൽക്കണ്ട വേറൊരു വിശേഷം, ശബ്ദത്തിനു മാറെറാലി ഇല്ലായിരുന്നു, എന്നുള്ളതുതന്നെ. ഞങ്ങളുടെ സംസാരം അന്യോന്യം ചെവികളിൽ കയറിയതല്ലാതെ, പാതാളം പൊളിച്ചു നടന്നില്ല. കുറേ മുമ്പിലായി മുകളിൽ പാറപ്പിളപ്പിൽക്കൂടെ വൃത്തത്തിൽ ഒരുപ്രകാശം ഗുഹയുടെ അടിയിൽത്തറയിൽ പതിച്ചിട്ടുണ്ടു്. അതു നിമിത്തം മുന്നോട്ടടുക്കുംതോറും അന്ധകാരംകുറഞ്ഞുകുറഞ്ഞുവന്നു. മുൻഗുഹയിൽ ഭയങ്കരശബ്ദം പുറപ്പെടുവിച്ചിരുന്ന ആ നദി, ചലനമില്ലാത്ത ഒരു തടിപോലെ കിടക്കുന്നു. അത്യന്തം ശാന്തവും സുപ്രസന്നവും ആയിരുന്നു എങ്കിലും, ആഴം അധികമായിരുന്നു എന്നുതോന്നി; രണ്ടുകരകളിലും മണൽത്തിട്ടകളും ഉണ്ടു്. മുന്നോട്ടു ചെന്നതിനനുസരിച്ചു തറ കുറേശ്ശ ഇറങ്ങിക്കണ്ടു. അതിനനുസരിച്ചു നദിയും ഉറക്കം തെളിഞ്ഞും, സാമാന്യമായി ഒഴുകിയും മുന്നോട്ടു ചെല്ലുന്തോറും, ചിലടങ്ങളിലെല്ലാം ചുഴലിമലരികളും,—തറയുടെ ഇറക്കം അധികമായി; നദീധ്വനി പ്രതിധ്വനികൾ ഗംഭീ

രങ്ങളായി. ഇങ്ങനെ ഒരു രണ്ടുനാഴിക നടന്നപ്പോഴേക്കു് നദി, വിസ്താരമായ ഒരു തടാകത്തിലേക്കു ആണ്ടു ചാടുന്നതു കാണാറായി. നദി, ശക്തിയായി എതിരെ ചുവരിൽ അടിച്ചു പുറകോട്ടു ഉരുണ്ടിറങ്ങി, മരണവേദനയിൽ എന്നതുപോലെ എരിഞ്ഞു തുള്ളി, സ്വയം മേലോട്ടുചാടി, കീഴ്പോട്ടു ആണ്ടുപോയിരുന്നു. കുളത്തിന്റെ എതിർക്കരെ പാറക്കെട്ടായിരുന്നതിനാൽ മുമ്പോട്ടു വഴികാണാഞ്ഞ ആ നദി, അവിടെനിന്നു തടാകത്തിന്റെ അന്തർഭാഗങ്ങളിലേക്കു വലിഞ്ഞൊഴുകുകയായിരുന്നു. നാരായണ! ഈ ഭൂമിയിൽ എന്തെല്ലാമാണു് നടക്കുന്നതു്!

തടാകത്തിന്റെ എതിർക്കരെ തുടരായി നിന്ന പാറക്കെട്ടിന്മേൽ കണ്ട ഒരു വിശേഷം പ്രസ്താവയോഗ്യമാണു്. ആ പാറക്കെട്ടിന്റെ മുൻഭാഗം മുഴുവൻ ഏകദേശം നാല്പതു് അമ്പതു് അടി ഉയർച്ചയുള്ള പ്രതിമകളെക്കൊണ്ടു ചിത്രീകൃതങ്ങളായിരുന്നു. ഒന്നിൽനിന്നു ഒന്നിനെ വേറെ കാണിക്കാനായി ഇടയ്ക്കിടയ്ക്കു പാറയിൽ തൂണുകൾ കൊത്തിനിവൃത്തിയിരുന്നു. ഉരുളത്തൂണുകൾ വലിയ തേക്കുതടികൾ പോലെ നീണ്ടുനിവിർന്നിരിക്കുകയാണു്. സ്ത്രീലക്ഷണങ്ങൾ, പുരുഷലക്ഷണങ്ങൾ, ഉഭയസാധാരണലക്ഷണങ്ങൾ എന്നിവ അടങ്ങിയ വിഗ്രഹപ്രകാരങ്ങൾ — ഒരു നൂറിൽപരം പ്രതിമകൾ — അവിടെ ഉണ്ടായിരുന്നു. ആ പാറയുടെ മദ്ധ്യത്തിലായും സർവ്വപ്രധാനമായും ഉണ്ടായിരുന്നതു്, ഇരിക്കുന്ന ബുദ്ധന്റെ ഇരുപതടി വലിപ്പമുള്ള ഒരു പ്രതിമ ആയിരുന്നു. അതിന്റെ ചുറ്റിലും ആയി കാള, ആന, കുതിര, നായ്, കുരങ്ങു്, സർപ്പം, താമര, ചക്രം, അരയാൽ എന്നിവയെല്ലാം ഒന്നാംതരം കരിങ്കല്ലിൽ കൊത്തപ്പെട്ടിരുന്നു. പശു, ചീങ്കണ്ണി, മാൻ, കാട്ടാക്കു്, കഴുതപ്പുലി, കരങ്ങു്, പരുന്തു്, കടുവാ, എലിച്ചുറ്റിക, തടി, അസ്ത്രം, നാരായം എന്നിതുകളെ പന്ത്രണ്ടും, പതിനെട്ടും കൈകളിൽ വഹിച്ചും, പത്തും, പന്ത്രണ്ടും ചിറകുകൾകൊണ്ടു പറന്നും അമ്പതടി വലിപ്പം കാണുന്ന സ്ത്രീരൂപങ്ങൾ ആക്കം മനശ്ചാഞ്ചല്യത്തെ ജനിപ്പിക്കത്തക്ക സമ്പ്രദായങ്ങളിൽ അവിടെ പലതുണ്ടു്. ഇൻഡ്യയുടെ രഹസ്യങ്ങൾ ചിന്താതീതങ്ങളാണു്. ചരിത്രകാലത്തിനു വളരെ മുമ്പു, ഭൂമിയിൽ പണിയായുധങ്ങൾക്കു പ്രചാരം വരുന്നതിനുമുമ്പു്, അനേകതലമുറക്കാലത്തെ പരിശ്രമത്തിന്റെ ഫലമായി, സൂര്യപ്രകാശം കടക്കാത്ത ഗുഹാഗർഭങ്ങളിൽ ഇത്രധാരാളമായും സ്വാതന്ത്ര്യമായും വിസ്മയാവഹമായ കൊത്തുവേലചെയ്തു്. സമയത്തെ ഉപയോഗിച്ച ഇൻഡ്യന്മാർ!!! — അഹഹാ മനുഷ്യമനസ്സിന്റെ വ്യാപാരപ്രകാരങ്ങൾ ചിന്താതീതങ്ങളാണു്!!! ഭയങ്കരമായ ഈ കാഴ്ചയെ എത്രതന്നെ കണ്ടാലും മതിവരുന്നതല്ല. എങ്കിലും സമയത്തിന്റെ വിലയും സ്ഥലത്തിന്റെ ആപത്തും ഓർത്തു്, അവിടെനിന്നു നടക്കാമെന്നു ഞങ്ങൾ ഉറച്ചു. ഉറച്ചപ്പോഴാണു് വഴി അവിടെ അവസാനിച്ചു എന്ന സംഗതി ബലമായി പിന്നെയും ഓർമ്മയിൽ വന്നതു്. വീണ്ടും ഭാഗ്യം പരീക്ഷിക്കാമെന്നു വച്ചു്, തീപ്പെട്ടി കൊളുത്തി ചുവരു നല്ലവണ്ണം പരിശോധിച്ചു. മുന്നോട്ടു മാർഗ്ഗം ഇല്ലതന്നെ. ഗുഹയുടെ മേൽത്തട്ടും വശങ്ങളും അടിത്തറയും എല്ലാം തപ്പിയും തടഞ്ഞും തീപ്പെട്ടിയുടെ സഹായത്തോടുകൂടെ പല പ്രാവശ്യം പരീക്ഷിച്ചു; ഫലം ഉണ്ടായില്ല. പുറകോട്ടു നടക്കുകയല്ലാതെ നിവൃത്തിയില്ലെന്നുള്ള ദിക്കായി. ഞങ്ങൾ ഇരുന്നു കുറേനേരം ആലോചിച്ചു. മുൻഗുഹയിലെന്നവണ്ണം ശബ്ദങ്ങൾക്കു പ്രതിധ്വനികളും അതിനു പ്രതിധ്വനികളും തുടരെ തുടരെ കേട്ടു ഭൂമിയെല്ലാം മണികിലുങ്ങുന്ന സമ്പ്രദായം, ഈ ഗുഹയ്ക്കകത്തില്ലാതിരുന്നതിനാൽ സാമാന്യം പോലെ സംസാരിക്കുന്നതിനു ഭയമില്ലാതെ കഴിഞ്ഞു. എന്നാൽ വീണ്ടും വീണ്ടും ആലോചിച്ചതിൽ ഫലമൊന്നും ഉണ്ടായില്ല. മനസ്സിനു് ആകപ്പാടെ ഒരു ഉന്മേഷമില്ലാതെയും, ഇത്രയും വിജയം കണ്ടതു മനഃക്ലേശത്തെ അധികമാക്കാൻ മാത്രം ഉപയോഗപ്പെട്ടു ഞങ്ങൾ മടങ്ങി. മടങ്ങി ഒരു അമ്പതടി ഞ

ഞങ്ങൾ നടന്നില്ല; ഗുഹാമദ്ധ്യത്തിൽ മുകളിൽ നിന്നു പതിച്ചിരുന്ന പ്രകാശത്തിന്റെ ഫലം അല്പാല്പം നക്ഷത്രപ്രകാശം പോലെ കണ്ടിരുന്നതുകൊണ്ടു—ആവു! കാണേണ്ടതു കണ്ടു. ഗുഹയുടെ ചുവരിന്റെ വലത്തുവശത്തു തറയോടുചേൎന്ന കീഴ്പോട്ട് ഒരു ദ്വാരം—രണ്ടാളിന്റെ വണ്ണം വരും. മുന്നോട്ടുപോയ സമയം നടീഭംഗിയേയും ചുവരിന്മേലുള്ള പ്രതിമകളുടെ അസാധാരണത്വത്തേയുംകണ്ടു് അതിശയംകൂറിയ ഞങ്ങൾ, ഇതു കണ്ടില്ല. ഞങ്ങൾ ആദ്വാരത്തിൽക്കൂടെ നോക്കി. ശിവ!ശിവ! വേറൊരുഗുഹ! വിസ്താരത്തിൽ മുന്നോട്ടു കിടപ്പുണ്ടു്. ഞങ്ങൾ നോക്കിയ പ്രദേശം അന്ധകാരപരിപൂൎണ്ണമായിരുന്നു. ഞങ്ങൾ മൂവരും അന്യോന്യം കൈകൾ പിടിച്ചുകൊണ്ടു് അകത്തുകയറി. അപ്പോൾ വേറൊരു സംശയം ഞങ്ങളെ ബാധിച്ചു. ഞങ്ങൾ പ്രവേശിച്ചിട്ടു മൂന്നാമത്തെ തിരുവിന്നു ഒരു ഗുഹയിലേക്കു പ്രവേശിക്കുകയാണ്. മടക്കത്തിൽ ഈ വളവോ തിരിവോ ഒന്നു മറന്നുപോവുകയോ മുമ്പുകാണാതിരുന്ന വല്ല ഗുഹാമാൎഗ്ഗങ്ങളിലുംക്കൂടെ പ്രവേശിക്കുകയോ ചെയ്യുന്നതായാൽ, പരിണാമം ആവു! ചിന്തിക്കാൻകൂടെ വഹിയാ. ഞങ്ങൾഅവിടെ ഇരുന്നു; ഒന്നുറയ്ക്കാൻ പ്രയാസമായി. ഏതായാലും ഒടുവിൽ കണ്ടതായ ഗുഹയിൽക്കൂടെ മുന്നോട്ടു നടക്കാമെന്നും, പിന്നെയും തിരിഞ്ഞു അന്യഗുഹയിലേക്കു പ്രവേശിപ്പാനാണെങ്കിൽ മടങ്ങി ആദ്യം കണ്ട ഗുഹാമാൎഗ്ഗത്തിലോളം ചെന്നു്, വഴികളിലെല്ലാം തെറ്റാതവണ്ണം നിശ്ചയം വരുത്തി വീണ്ടും വന്നാൽ മതിയാവുമെന്നും നിശ്ചയിച്ചു്, എഴീറ്റു്, മുന്നോട്ടു തന്നെ നടന്നു. ഒരു പതിരുന്നൂറു് അടി അകലത്തിൽ എത്തിയപ്പോൾ കുറേശ്ശ പ്രകാശം കണ്ടുതുടങ്ങി. കുറെ അകലെയായി മുമ്പിൽ നിലത്തു വൃത്താകൃതിയിൽ പ്രകാശം വീണിരിക്കുന്നതുനിമിത്തമാണ്. മൂന്നാംപ്രാവശ്യവും ഇങ്ങനെ വൃത്താകൃതിയിൽ വെയിൽ കണ്ടപ്പോഴാണ്, ഗുഹകളുടെ ഉപരിഭാഗത്തിൽകാണുന്നപ്രകാശപ്രവേശകമാൎഗ്ഗങ്ങൾ മനുഷ്യരുടെ കൈകൾ കൊണ്ടു തീൎത്തിട്ടുള്ളവയായിരിക്കാമെന്നു, ഞങ്ങൾ അനുമാനിച്ചതു്. ഈഗുഹാരഹസ്യങ്ങൾക്കു് അവസാനമില്ല എന്നു തോന്നി. ചുവരിന്മേൽ പലേടങ്ങളിലും ചിത്രങ്ങളും എഴുത്തുകളും ഉണ്ടായിരുന്നു. പുരാണവസ്തുപരിശോധനത്തിൽ സാമാന്യജ്ഞാനമുണ്ടായിരുന്ന കല്ലന്റെ ദൃഷ്ടിയിലും പലതിന്നും അൎത്ഥമുണ്ടായില്ല. ഏതാനും എഴുത്തുകൾ പാലിഭാഷയിലാകുന്നു എന്നും, ചുവരിന്മേൽ കാണുന്ന ചിത്രങ്ങൾ കൊണ്ടു വിധിക്കുന്നതായാൽ, ആ ഗുഹ, പലകാലങ്ങളിൽ പലമതക്കാരുടെ ആരാധനാക്ഷേത്രമായിരുന്നു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു എന്നും മാത്രം അദ്ദേഹം പറഞ്ഞു. ഇങ്ങനെ കുറേനടന്നു തറയിൽ വെയിൽ കണ്ടസ്ഥാനം കഴിഞ്ഞു് പിന്നെയും കുറെ ഞങ്ങൾ നടന്നു. വളരെ വലിപ്പം കൂടുന്ന ഒരു [illegible]വും അതിന്റെ മദ്ധ്യത്തിൽ ഒരു ആനയുടെ നിഴലും കണ്ടു, ഞങ്ങൾ ഞെട്ടിപ്പുറകോട്ടുമാറി, മേല്പോട്ടുനോക്കിയപ്പോഴാണു് ഈ ഗുഹയിലെ വേറൊരു രഹസ്യം കണ്ടതു്. ഉറച്ച പുതുമഞ്ഞുപോലെ വെണ്മയായ വെള്ളക്കല്ലുകൊണ്ടു പണിത ഒരുഗജം മുകളിൽ തൂങ്ങിനില്ക്കുന്നു. മുകളിൽ കെട്ടപ്പെട്ടിട്ടുള്ള ഒരു ചങ്ങല, പുറത്തുള്ള ഒരു കൊമ്പത്തിൽ പിടിച്ചു് ആ പ്രതിമ വായുവിൽ തൂങ്ങിനില്ക്കുകയാണു്. മുകളിൽ നിന്നുള്ള സൂൎയ്യപ്രകാശം ധാരാളമായി തട്ടി ആ ഗജം വിളങ്ങിത്തിളങ്ങിക്കൊണ്ടിരുന്നു. അവിടെത്തന്നെ ചുററുമുള്ള പാറപൊടിച്ചു നീക്കി, ഈ ആനയെപ്പണിതു നിൎത്തിയിരിക്കുകയാകുമെന്നു തോന്നി. ആനയുടെ നേരിക്കു എതിരെ ചുവരിന്മേൽ കണ്ട എഴുത്തു്, പാലിഅക്ഷരത്തിൽ "മനുഷ്യസൌഭാഗ്യ സംവാഹകനായ ക്ഷീരഗജരാജാവു്" എന്നായിരുന്നു എന്നു കല്ലൻ ഞങ്ങളെ ഗ്രഹിപ്പിച്ചു. ഇൻഡ്യയിൽ നിന്നു അസ്തമിച്ചുപോയ ഏതോ ഒരു മതത്തിന്റെ ആരാധനാസ്ഥാനവും പ്രതിഷ്ഠയും ആണെന്നു് ഞങ്ങൾ കണ്ടതു്, എന്നു പ്രത്യക്ഷമായിരുന്നു. ഞങ്ങൾ പിന്നെയും ന

ടന്നു. ഗജം നിന്ന ദ്വാരത്തിൽ നിന്നുപ്രകാശം കുറഞ്ഞുകുറഞ്ഞു് ഞങ്ങൾ അന്ധകാരത്തിലേക്കു നീങ്ങിത്തുടങ്ങി. ഗുഹയ്ക്കു വീതിയും പൊക്കവും കുറഞ്ഞും കണ്ടു. ആ ഗുഹയും അവസാനിക്കാറായ സ്ഥിതിക്കു ഇനി വേറൊരു ഗുഹകാണുകയാണെങ്കിൽ പുറകോട്ടു മടങ്ങണമെന്നുള്ള ഞങ്ങളുടെ നിശ്ചയത്തെ സ്മരിച്ചു കൊണ്ടാണു ഞങ്ങൾ നടന്നതു്.

ഇങ്ങനെ സ്വല്പംകഴിഞ്ഞപ്പോൾ ദൂരെ ചിലമ്പുകിലുങ്ങുന്ന ഒരു നേരിയശബ്ദം; ക്ഷണത്തിൽ ഞങ്ങളുടെ ചെവികൾകൂർത്തു. നാഡികൾനിന്നു. ഞങ്ങൾ നിശ്ചലന്മാരായി. അതേ സംശയമില്ല; ചിലമ്പിന്റെ ശബ്ദവും, സംഗീതത്തിന്റെ ആരോഹാവരോഹക്രമങ്ങളും, ആണു് ഞങ്ങൾ കേട്ടതു്. ഏതോ ഒരു ആരാധന നടക്കുന്ന സ്ഥലത്തെയാണു സമീപിക്കുന്നതെന്നു ഞങ്ങൾക്കു നിശ്ചയമായി. കാലന്റെ ആലയത്തെ അല്ലെങ്കിൽ പ്രതിഷ്ഠയെ സമീപിച്ചതിൽ, ഞങ്ങൾക്കു സാമാന്യം കൃതാർത്ഥതയും അല്പമല്ലാത്ത ഭയവും ഉണ്ടായി. എത്രയും സൂക്ഷ്മമായും, വളരെ മന്ദമായും, ഞങ്ങൾ മുന്നോട്ടു തന്നേ ഗമിച്ചു. പലവിധമായ സംഗീതയന്ത്രങ്ങളുടെ ശബ്ദം മനുഷ്യശബ്ദത്തോടു ഒരുമിച്ചു് അധികമധികം തെളിവോടുകൂടെ ഞങ്ങളുടെ ചെവികളിൽ കടന്നു. കൈവശമുണ്ടായിരുന്ന തോക്കുകളും കഠാരികളും ഞങ്ങൾ ശരിപ്പെടുത്തി. മരണം ഈ ഗുഹാഗർഭത്തിലാകാനാണു് ഇടയെങ്കിൽ, പുരുഷന്മാരെപ്പോലെ മരിക്കാമെന്നു ഞങ്ങൾ തീർച്ചചെയ്തു. സംഗീതശബ്ദവും യന്ത്രസാമഗ്രികളും സാമാന്യം അടുത്തുകേട്ടുതുടങ്ങി. നിനച്ചിരിയാത്ത സമയം പെട്ടെന്നു കാലകിങ്കരന്മാരുടെ ഇടയിൽ ചെന്നു ചാടിയേക്കുമോ എന്നു ഞങ്ങൾക്കു ആധിയും അധികമായി.

പ്രകാശം ഒട്ടുംതന്നെ ഇല്ലെന്നായി. എന്നാൽ എരിയുന്ന തീയുടെ ദൂരജ്വാലകൾപോലെ ഒരു തിളക്കം മുമ്പിൽ കാണാറായി. അതിനെ ലക്ഷ്യം വച്ചായിരുന്നു, പിന്നെ ഞങ്ങൾ നടന്നതു്. ഞങ്ങൾ നടന്നുപോകുന്ന ഗുഹയിലേക്കു പ്രതിഷ്ഠാസ്ഥാനത്തുനിന്നുള്ള ദ്വാരം ഇടുങ്ങിയതായിരുന്നതിനാൽ ദൂരെക്കണ്ടുതുടങ്ങിയ പ്രകാശം ഒരു വിളക്കിന്റെ കണ്ണാടിയുടെ അത്രമാത്രം വലിപ്പമായിരുന്നു. ഞങ്ങൾ ആ ദ്വാരത്തിങ്കൽവന്നു; അതിനങ്ങേപ്പുറം വിസ്താരമേറിയ ഒരു അറ; സാക്ഷാൽ കാലാലയംതന്നെ!!! മററു ഗുഹകളിൽ കണ്ടതുപോലെ പ്രകാശപ്രവേശകമായ ദ്വാരം ഇതിന്റെ മുകളിൽ ഉണ്ടായിരുന്നില്ല. എന്നാൽ പന്തങ്ങൾ ധാരാളമുണ്ടായിരുന്നവയിൽനിന്നു്, കഠിനമായ വെളിച്ചം ശക്തിയായി പുറപ്പെട്ടുകൊണ്ടിരുന്നു. പന്തങ്ങളിൽ പലതും തറയിൽ നാട്ടപ്പെട്ടിരിക്കുക ആയിരുന്നു. കൂടാതെ അവിടെയുണ്ടായിരുന്ന അനേകം പുരോഹിതന്മാർ ഒരു കൈയിൽ പന്തവും മററതിൽ ഒരു പിച്ചളത്തകിടും വഹിച്ചുകൊണ്ടു് ഒരു വൃത്തമായിനിന്നു താളംപിഴയ്ക്കാതെ പാടുകയും ചാടുകയും, ആ താളക്രമത്തിനു ഇടത്തും വലത്തും തിരിഞ്ഞു്, അടുത്ത ആളിന്റെ കൈയിൽ ഉള്ള പിച്ചളത്തകിടിന്മേൽ സ്വന്തം തകിടു് അടിച്ചു് മണിനാദം പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരുന്നു. പന്തങ്ങളും പ്രകാശവും നൂതനസമ്പ്രദായത്തിലുള്ള കൈമണികളും, പാട്ടും പുരോഹിതന്മാരുടെ വെള്ളവസ്ത്രങ്ങളും ആകെക്കൂടി കണ്ടമാത്രയിൽ ഒന്നു് ഉറയ്ക്കാൻ കഴിയാതെ-ആഹോ! വെള്ളവസ്ത്രം ധരിച്ച അനേകം താടിക്കാരും, പന്തങ്ങളും, കാലവിഗ്രഹവും, പാട്ടും, നൃത്തവും, കൈമണികളും, എല്ലാംകൂടെ ആ നരകത്തിനകത്തു കണ്ടമാത്രയിൽ, ഒന്നുറയ്ക്കാൻ കഴിയാതെ, എനിക്കു തലതിരിഞ്ഞുതുടങ്ങി. ഒരഞ്ചുമിനിട്ടു കഴിഞ്ഞശേഷമാണു്, ഞാൻ എവിടെയാണെന്നും എന്താണെന്നും ആലോചിച്ചു സംഗതികൾ വിവേചിച്ചു കണ്ടതു്.

പരമഘോരാകാരമായ ഒരു വിഗ്രഹം ആ ഗുഹയുടെ മദ്ധ്യഭാഗത്തായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. വലിയ കൊത്തുപണികളോ കൈവേലകളോ ഒന്നുംകൂടാതെ ഏകദേ



പരമഘോരാകാരമായ ഒരു വിഗ്രഹം.

ശം ഒരു മനുഷ്യാകൃതി തോന്നിക്കത്തക്കവിധത്തിൽ, രൂപംചെയ്യപ്പെട്ടിരുന്ന ഭീമപ്രമാണമായ ഒരു കല്ലായിരുന്നു അവിടെക്കണ്ട പ്രതിഷ്ഠ. അതിന്റെ നാലുകൈകളും, പൊളിഞ്ഞവായും, നീണ്ടനാക്കും, വിരൂപങ്ങളായ അന്യദേഹാംശങ്ങളും, ഭയാവഹങ്ങളായിരുന്നു. തലയിലും ദേഹത്തിലും ഏതോ ചുവപ്പുചായം കൊണ്ടു് മെഴുകിയിരിക്കുന്നു. ഒരു ആനയെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സർപ്പം കാലിന്മേൽ ചുററിപ്പിണഞ്ഞു കിടക്കുന്നതായി പണിയപ്പെട്ടിട്ടുണ്ടു്. ആ ഗുഹാഗർഭത്തിൽ നടന്ന എല്ലാ ക്രൌര്യങ്ങളുടേയും നട്ടനായകമായിരുന്ന പരിശുദ്ധമായ ഈ വലിയ ശിലാഖണ്ഡം, ഒരു വലിയ കരിങ്കൽ മണ്ഡപത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്നു. കാണ്ടാമൃഗം, മുട്ടാട്, പന്നി, കുരങ്ങു് എന്നീ മൃഗങ്ങളുടെ തലകൾപോലെ പണിയപ്പെട്ടിരുന്ന കൽക്കഷണങ്ങൾ, ആ മണ്ഡപത്തെ താങ്ങി നിറുത്തിയിരുന്നു. ഈ മണ്ഡപം വയ്ക്കപ്പെട്ടിരിക്കുന്നതു വിസ്താരമേറിയ ഒരു വലിയ തങ്കപ്പലകമേൽ ആണു്. ഈ തങ്കപ്പലകയുടെ ചുററിലും, തങ്കപ്പലകയെ സ്പർശിക്കാതിരിക്കത്തക്ക ദൂരത്തിൽ അനേകം പുരോഹിതന്മാരെ കാണ്മാനുണ്ടു്. ഒരു കൈയിൽ ഒരു പന്തവും മറേറ കൈയിൽ ഒരു ചെറിയ പിത്തളത്തകിടും വഹിച്ചു്, നൃത്തംചെയ്തും പാട്ടുപാടിയും, പ്രതിഷ്ഠയേയും തങ്കപ്പലകയേയും പ്രദക്ഷിണം വയ്ക്കവേ, ഇടത്തും വലത്തും തിരിഞ്ഞു അടുത്ത ആളിന്റെ കൈയിലുള്ള പിച്ചളപ്പലകയിന്മേൽ 'ഛിൺ ഛിൺ' എന്നു ശക്തിയോടെ അടിച്ചു മണിനാദം പുറപ്പെടുവിച്ചും, പുരോഹിതന്മാർ പൈശാചികങ്ങളായ ഘോഷങ്ങൾ സാമർത്ഥ്യമായിക്കാണിച്ചുംകൊണ്ടിരുന്നു. ചിലപ്പോൾ മന്ദമായുംനേരിയ സ്വരത്തിലും, അടുത്തക്ഷണത്തിൽ അത്യുച്ചമായും ആവേശത്തോടുകൂടെയും ഏതോ സംഗീതമന്ത്രംഅവർ ഉച്ചരിക്കുകയും; അതിന്റെ താളത്തിനനുസരിച്ചു ചിലപ്പോൾ മന്ദമായും, അടുത്തക്ഷണത്തിൽ തലയാട്ടിയും മുഖംചുളിച്ചും കൈകാലുകളെ ഖണ്ഡിപ്പിച്ചും പ്രാണഭീതിയോടെന്നതുപോലെ ഗൌരവമായും; നൃത്തംവയ്ക്കുകയും—ഈ ഭൂലോകത്തിൽ വേറൊരിടത്തിലെങ്കിലും പതിവില്ലാത്ത രീതിക്കു നടന്നുകൊണ്ടിരിക്കുന്നു. ഈ കാലകിങ്കരന്മാരെയും അതിക്രമിച്ചു്, പ്രതിഷ്ഠയിൽ നിന്നു വളരെ ദൂരത്തിൽ-പന്തങ്ങളുടെവെളിച്ചം മിക്കവാറും എത്താത്തപ്രദേശത്തു്, വൃത്താകാരമായ ഒരുചെറിയമതിൽ ഉണ്ടായിരുന്നു. ഏകദേശം ഒരുമൂന്നടിപ്പൊക്കമുണ്ടായിരുന്ന ആ മതിൽ ഒരേവലിപ്പത്തിലുള്ള വെളുത്ത ഉണ്ടക്കല്ലുകളെ കൊണ്ടുപണിയപ്പെട്ടിരുന്നു എന്നുഞാൻ ആദ്യംകരുതി. എന്നാൽ—ഉണ്ടക്കല്ലുകളായിത്തോന്നിയ ആ പത്തുപതിനായിരം വസ്തുക്കൾ എന്താണെന്നു മനസ്സിലായതിനോടുകൂടെ—എന്റെതലതിരിഞ്ഞു; എന്റെ കണ്ണുകൾ ഇരുണ്ടു; എന്റെബോധം ക്ഷയിച്ചു്; അല്പനേരത്തേക്കു കല്ലന്റെ ദേഹത്തിലേക്കു ഞാൻ ഉരുണ്ടുവീണു. അക്കാര്യം ഓർക്കുന്നോ ഈ അവസരത്തിലും, എന്റെ നാഡീചലനം നിന്നിരിക്കുന്നു എന്നുപറയാം. ഉരുളൻകല്ലുകളായി എനിക്കുതോന്നിയ ആ ഓരോന്നും, ഓരോ മനുഷ്യശിരസ്സായിരുന്നു. അഹോക്രൂരത! ഈശ്വര! അങ്ങേനാമത്തിൽ ഈഭൂമിയിൽ നടക്കുന്ന മഹാപാതകങ്ങൾക്കു് ആർ കണക്കുവയ്ക്കും.? നൃത്തംഅവസാനിച്ചു. ഓരോ പുരോഹിതനും പന്തംതറയിൽകുത്തി, പ്രതിഷ്ഠസ്ഥാപിച്ചിരുന്ന തങ്കപ്പലകമേൽ സാഷ്ടാംഗം കമഴ്ന്നുകിടന്നു. ഉടനെ ഞങ്ങൾ പതിയിരുന്നതിന്റെ എതിർവശത്തു ഏതോഒരു ഉള്ളറയിൽ നിന്നു്, നാലുആളുകൾ ഓരോ ചുമടുമായി വന്നു. ഇവരിൽ രണ്ടുപേർ മണ്ഡപത്തിന്മേലും അതിന്റെശേഷം വിഗ്രഹത്തിന്മേൽതന്നെയും ചാടി, അതിന്റെതോളിൽകയറി. ആനാലുചുമടുകൾക്കകത്തു ആഭരണങ്ങളായിരുന്നു. താഴെനിന്നവർ ഒരോന്നെടുത്തു കൊടുപ്പാറാം മുകളിൽ കയറിയവർ അവയെ ആ കൊടിയ ദേവനെ അണിയിപ്പാനും തുടങ്ങി. തിളകിത്തിളങ്ങുന്ന ആഭരണങ്ങൾ, പുഷ്യരാഗം, മരത

കം, ഗോമേദകം, വൈഡൂര്യം, മുതലായവ പതിച്ചുവിലതീരാത്തുള്ളവ, ഇത്രധാരാളമായും നാനാരൂപത്തിലും ഇത്രമഹാപ്രമാണമായും—ഈ ഗുഹയെ സംബന്ധിച്ചു പറയുന്നിടത്തെല്ലാം അതിമാനുഷത്വസൂചകങ്ങളായ പദങ്ങളെ പ്രയോഗിച്ചു ഞാൻ വലഞ്ഞു.

ദേവന്റെ വസ്ത്രധാരണാരാധനം കഴിഞ്ഞശേഷം, സാഷ്ടാംഗപ്രണാമംചെയ്തു കിടന്ന പുരോഹിതന്മാർ എഴീറ്റ്, അവനവന്റെ പന്തവും എടുത്ത്, ഏതോ ഒരു ദുർമ്മന്ത്രവും ചൊല്ലിക്കൊണ്ട്, ഓരോരുത്തനായി ക്രമത്തിന് കപാലഭിത്തികൾക്കു വെളിക്കിറങ്ങി, നിശ്ശബ്ദന്മാരായി, ഒരു ഉള്ളറയിൽ അപ്രത്യക്ഷന്മാരായി. ശബ്ദവും അവസാനിച്ചു. മണ്ഡപത്തിന്റെ നാലുകോണിലും എരിഞ്ഞുകൊണ്ടിരുന്ന നാലു എണ്ണവിളക്കുകളല്ലാതെ വേറെ ഒരു പ്രകാശവും ശേഷിച്ചില്ല. എട്ടുപുരോഹിതന്മാർ അപ്പോഴും മണ്ഡപത്തിന്മേൽ, വിഗ്രഹത്തിന്റെ ചുററിലും ആയി സാഷ്ടാംഗം കിടന്നിരുന്നു. ഈ ഭയങ്കരസ്വരൂപത്തെ ഈ ഗുഹാഗർഭത്തിൽ കാത്തുകൊണ്ടു കിടപ്പാൻ ഭരമേററിരുന്ന കാലകിങ്കരന്മാരുടെ ബുദ്ധിഗതി അവർക്കുമാത്രം അറിയാം.

"ഇന്നത്തേക്കു ഇതു മതി പോകാം" എന്നു പിറകിൽ കണ്ണർൽമക്കാളി മന്ത്രിച്ചു. ബുദ്ധി കുഴങ്ങിയും ദേഹം ക്ഷീണിച്ചും ഞാൻ നന്നാവലഞ്ഞിരുന്നു എങ്കിലും, ഉടനെ മടങ്ങുക എനിക്കു സന്തോഷമായിരുന്നില്ല. എങ്കിലും ഞാൻ സമ്മതിച്ചു. ലക്ഷംലക്ഷം പവൻ വിലപിടിക്കുന്ന ആഭരണങ്ങൾ സർവ്വാംഗം ധരിച്ച വിരൂപാകാരമായ പ്രതിഷ്ഠയേയും, ഈ ഗുഹാഗർഭത്തിൽ രാപ്പകൽ കാവൽ കിടക്കുന്ന കാലകിങ്കരന്മാരേയും, ഒന്നുകൂടെ നോക്കി, മുഖത്തുനിന്നു വിയർപ്പു തുടച്ചുകൊണ്ട്, "പോകാം" എന്നു ഞാൻ അനുവദിച്ചു. ഞങ്ങൾ മൂന്നാളും മുമ്പോട്ടു മുഖമായിട്ടുതന്നെ പിന്നോട്ടു കുറെ നീന്തി; ഗുഹയ്ക്കു വിസ്താരമുള്ള സ്ഥലത്തെത്തി മുഖം മുന്നോട്ടുവച്ചു നീന്തി; പിന്നെ കുനിഞ്ഞും ക്രമേണനിന്നും, നടന്നു. സർവ്വസൌഭാഗ്യപ്രദായകമായ ഗജത്തേയും, നദീമുഖം അവസാനിച്ച തടാകത്തേയും അതിന്റെ കരയ്ക്കു പുരാതന ഭാരതീയന്മാരുടെ നിരന്തരപരിശ്രമത്തിന്റെ ഫലങ്ങളായ പ്രതിമകളേയും കടന്ന്, ഒടുവിൽ കയറുഗോവണിയുടെ ചുവട്ടിലും; അതിൽകൂടെ-ആദ്യ-ഈശ്വരൻ സൃഷ്ടിച്ച ഭൂമിയിലും, ഞങ്ങൾ എത്തി. ശുദ്ധവായു ദേഹത്തിൽ അടിച്ച സമയം, പനിനീരിൽ കുളിച്ചതുപോലെ തോന്നി. ഞങ്ങൾ ക്യാമ്പിൽ എത്തിയപ്പോൾ മണി പന്ത്രണ്ടായിരുന്നു.

---

## അദ്ധ്യായം ൧൪.

---

### ഞങ്ങളുടെ കുഴക്കം.

ക്യാമ്പിൽ, താമസത്തിന്റെ യഥാർത്ഥകാരണങ്ങളെക്കുറിച്ചു പറയാനുള്ളതു എല്ലാം അത്താഴം കഴിഞ്ഞു വേലക്കാർ ഉറങ്ങിയശേഷം മാത്രമേ ആകാവൂ, എന്നു ഞങ്ങൾ നിശ്ചയം ചെയ്തിരുന്നതിനാൽ, ഗുഹയിൽ നിന്നു മടങ്ങി എത്തിയ ഉടനെ ഞങ്ങൾ വിശേഷവിധിയായി ഒന്നും ഉള്ളതായിനടിച്ചില്ല. എന്നാൽ ഞങ്ങളുടെ കൈവശം ഏതോ മഹാകാര്യം ഉണ്ടെന്നുള്ള ഉൾബോധം മിസ്റ്റർ സഡ്‌ലിക്കും മേരിക്കും ഉണ്ടായിരുന്നതിനാ

ൽ അന്നുകഴിഞ്ഞ പകൽ പത്തുവർഷം പോലെ അവക്കുതോന്നിയിരുന്നു. ആരും ഒന്നും തന്നെ സംസാരിക്കാതെയും, മിക്കവാറും ഒന്നുംതന്നെ രുചിനോക്കാതെയും ഞങ്ങൾ അത്താഴം കഴിച്ചു. വേലക്കാരുടെ ക്യാമ്പുകളിൽ വിളക്കണഞ്ഞു. ഹസ്സൻ ഞങ്ങളുടെ ക്യാമ്പിൽ വന്നു ദൂരെമാറി, ദ്വാരപാലകനായി കാത്തുനിന്നു. ഞങ്ങൾ ഒരു മേശയ്ക്കുചുററും—ചുരുട്ടും പിടിച്ചു കല്ലൻ ഒരു ചാരുകസാലയിലും, മേരി കണ്ണുതുറന്നും വായ്പിളന്നും എനിക്കു എതിരെ ആയും, മിസ്റ്റർ സഡ്‌ലി കൈമുട്ടുകൾ മേശമേൽ കുത്തി പത്തികൾക്കകത്തു മുഖംവച്ചുകൊണ്ട്, കണ്ണുതുറിച്ചു എന്നെനോക്കിക്കൊണ്ടും; ഞാൻ ആവശ്യംപോലെ പറവാനും കേൾക്കാനും സന്നദ്ധനായും;—ഞങ്ങൾ ആസനസ്ഥന്മാരായി. ആരും പറയാതെ തന്നെ കഥാപ്രസ്താവനം എന്റെ കണക്കിനു വന്നു.

ഗുഹാദ്വാരം കണ്ടുപിടിക്കാനുള്ള ശ്രമം മുതൽ നടന്ന ഓരോസംഗതികളും ഞാൻ വിവരിച്ചു. സംഗതി ഇവിടെ ആവർത്തിക്കുന്നില്ല. ഇടയ്ക്കിടെ മേരിയുടെ മുഖത്തു നിന്ന് ക്ഷോഭസൂചകങ്ങളായ ശബ്ദങ്ങൾ പുറപ്പെട്ടുകൊണ്ടിരുന്നു. സഡ്‌ലി ഉറങ്ങിയില്ലെന്നുള്ള ലക്ഷ്യമായി ഒരു പുകക്കൂട്ടം അദ്ദേഹത്തിന്റെ മുഖത്തിനു മേല്പൊട്ടികെട്ടിയതു പോലെ കാണാമായിരുന്നു. എന്നാൽ അദ്ദേഹം അനങ്ങിയിരുന്നില്ല; ഒരു വെള്ളക്കൽ പ്രതിമപോലെ കൈക്കകത്തു മുഖവും വച്ച് ഇരുന്നഇരിപ്പ്; ഗുഹാഗർഭത്തിൽ കണ്ട ആയിരമായിരങ്ങളായ മനുഷ്യത്തലകളുടെ വിവരണംകൊണ്ട് ഞാൻ അവസാനിപ്പിക്കാറായി, "ഹു-ഊ-ഊ" എന്നു ഒരുആക്രന്ദനം മേരിയുടെ മുഖത്തു നിന്നു പുറപ്പെട്ട സമയം, മിസ്റ്റർ സഡ്‌ലി എഴീററു; ഞാൻ അസ്ത്രംപോലെ മേല്പോട്ടുപൊങ്ങി. മിസ്റ്റർ സഡ്‌ലി കൈകൾക്കകത്തു നിന്നു പൊന്തിക്കാതെ മുഖം അങ്ങോട്ട് ഒന്നു തിരിച്ചു. ഇല്ല; അവർ ബോധക്ഷയം കൊണ്ടു വീണില്ല, "കഥതുടരാം; ഞാൻ ഒന്നു ഇളകി, അത്രമാത്രം" എന്നു ആ ശുഭകലാംഗന അനുവദിച്ചതിനോടു കൂടെ ഞങ്ങൾ പൂർവ്വാവസ്ഥയെ പ്രാപിച്ചു. കഥ അവസാനിച്ചു. ആരും ഒന്നും ശബ്ദിച്ചില്ല. എന്താണ് പറയേണ്ടതു് എന്ന് ഒരു രൂപമില്ലാതെയും, ഭൂലോകാസാധാരണമായ കഥയെ പറയുകയും കേൾക്കുകയും ചെയ്തതിൽ ഞങ്ങളുടെ മനസ്സിനു പററിയിരുന്ന മനുഷ്യാസാധാരണമായ അവസ്ഥയ്ക്കുഭംഗം വരുത്തുന്നതിനു മനസ്സില്ലാതെയും; എല്ലാവരും കുറേനേരത്തേക്കു നിശ്ശബ്ദരായിരുന്നു. അസഹനീയമായി വന്നുതുടങ്ങിയ ആ ശാന്തതയെ ഒടുവിൽ സംഹരിച്ചതു മിസ്റ്റർ സഡ്‌ലി ആയിരുന്നു.

മിസ്റ്റർ സഡ്‌ലി—"ഞാൻ എന്റെ താമസം ആ ഗുഹയിലേക്കു മാററുകയാണ്."
ഞാൻ:—"എന്തു?".

മിസ്റ്റർ സഡ്‌ലി:—"ഞാൻ പറഞ്ഞതിന്റെ അർത്ഥം ഞാൻ പറഞ്ഞതുതന്നെ ഈ ഗുഹാരഹസ്യം സുഗ്രഹമാകുന്നതുവരെ ഞാൻ എന്റെ താമസം ആ ഗുഹയിലേക്കു മാററുകയാണ്. കാലപുരോഹിതന്മാരുടെ അനുഷ്ഠാനങ്ങളുടെ രഹസ്യം ഞാൻ ഗ്രഹിക്കും; അല്ലെങ്കിൽ ആ പരിശ്രമത്തിൽ ഞാൻ മരിക്കും. മുൽകരുതലുകൾ വളരെ ആവശ്യംതന്നെ; അതു കരുതിക്കൊള്ളാം".

ഇത്രയും തന്നോടുതന്നെ പറയുന്ന രീതിക്കു പറഞ്ഞശേഷം, അദ്ദേഹം എഴീററ് അക്ഷമനായി, അങ്ങോട്ടും ഇങ്ങോട്ടും നടന്നു തുടങ്ങി. ആലോചനയിൽ മുഴുകുന്ന അവസരത്തിൽ, അതു് അദ്ദേഹത്തിന്റെ സമ്പ്രദായമായിരുന്നതിനാൽ ഞങ്ങൾ മൌ

നമ്രതയെ ഭംഗംചെയ്തില്ല. ഒടുവിൽ മുഖം സാധാരണ ഗതിയെ പ്രാപിച്ച്, "അതു അങ്ങനെതന്നെ" എന്നു പറഞ്ഞു് അദ്ദേഹം പിന്നെയും കസാലയിൽ ചെന്നു് ഇരുന്നു. ഞങ്ങൾ മൂന്നുപേരും കൂടാതെ ഹസ്സനും, തലയോട്ടുതല ചേർത്തുന്നവണ്ണം, അട്ടത്തു ഇരിക്കവേ, വളരെ പതുക്കെ, ഞെരുങ്ങി കേൾക്കുവാൻ തക്കവണ്ണം, മിസ്റ്റർ സഡ്ലി ഇങ്ങനെ പറഞ്ഞു.—"നിങ്ങൾ കണ്ടുപിടിച്ചതായ കാലപ്രതിഷ്ഠയെ ഏതാനും ദിവസങ്ങളേക്കോ ആഴ്ചകളേക്കൊ—രാവും പകലും—സൂക്ഷിച്ചുകൊണ്ടിരിപ്പാൻ നമുക്ക് ആവശ്യമുണ്ടു്. യാതൊരു മനുഷ്യനെങ്കിലും ചിന്തിച്ചിട്ടില്ലാത്തവിധം, ഭയങ്കരമായ വിധത്തിൽ മനുഷ്യവധം, ധാരാളമായും സ്വതന്ത്രമായും, നടക്കുന്ന ഒരു സ്ഥലമാണ് കാലപ്രതിഷ്ഠ. എനിക്കു വേറെയും ചില ഊഹങ്ങളെല്ലാം ഉണ്ടു്. ഈ രഹസ്യത്തെ ഗ്രഹിക്കുവാനും വെളിപ്പെടുത്തുവാനും, ആയി എനിക്കു ശേഷിച്ചിരിക്കുന്ന അല്പമായ ബലത്തേയും നിസ്സാരമായ ആയുസ്സിനേയും ചെലവുചെയ്വാൻ ഞാൻ ഇളകാതവണ്ണം ഉറച്ചിരിക്കുന്നു. ആ ഗുഹയെ രാവും പകലും സൂക്ഷിക്കേണ്ടതാണു്. അതു ഞാൻ ചെയ്തുകൊള്ളാം. വേണ്ട! മിസ്റ്റർ നിവ്വ്: നിങ്ങൾക്കു സഹജമായ സത്സ്വഭാവത്തിനു് അനുസരിച്ചു നിങ്ങൾകൂടെ ഇതിൽ പങ്ക് എടുക്കാമെന്നു് ആവശ്യപ്പെടേണ്ട. അതിൻെറ അസാദ്ധ്യതപ്രത്യക്ഷം തന്നെ. ഏതാനും മണിക്കൂറിലധികം നമ്മിൽആരെയെങ്കിലും ഇവിടെ ക്യാമ്പിൽ കാണാതെ ആയാൽ, വിവരം ദിവാൻെറ അടുക്കൽ റിപ്പോർട്ടുപോകുമെന്നുള്ളതു തിച്ചയാണു്. ഏതെല്ലാം തരത്തിലാണു് ദിവാൻെറ അന്വേഷണം നടക്കുന്നതു് എന്നു നിങ്ങൾക്കു മുഴുവനായി അറിവാൻ കഴിഞ്ഞിട്ടില്ല. എനിക്കും മുഴുവനായി അറിഞ്ഞുകൂട. പ്രതിഷ്ഠയെ ഇടവിടാതെ സൂക്ഷിച്ചുകൊണ്ടിരിക്കേണ്ട ആവശ്യവുമുണ്ടു്.

ഞാൻ:—"അങ്ങനെയായാൽ നിങ്ങളെ പലദിവസം ഇവിടെ കാണാതെ ആകുന്നതു തന്നെ സംശയത്തിനു കാരണമാവുകയില്ലേ?"

മിസ്റ്റർ സഡ്ലി:—എന്നെ ഇവിടെ പലദിവസം കാണാതെയാകുന്നതു് ഞാൻ എൻെറ വാസസ്ഥാനത്തേക്കു മടങ്ങുന്നതുകൊണ്ടാണെന്നു് ആക്കിക്കളയാം. ഞാനും ഹസ്സനുംകൂടെ മടങ്ങിക്കളയാം. ചന്തു ഇവിടെ നില്ക്കട്ടെ. കൎണ്ണൽമക്കാളിയും റീങ്ങളും മൃഗയാവിനോദം പ്രമാണിച്ചു ഇവിടെ താമസിക്കുന്നു. മിസ്സ് മക്കാളി വല്ലതും ഒരു തന്ത്രം പ്രയോഗിച്ചു താമസം മോറാഭായിയുടെ കൂടെയാക്കണം.

മേരി:—അതിനു യാതൊരു പ്രയാസവുമില്ല. ഞാൻ അവിടെ രാത്രി താമസിക്കണമെന്നു് മോറാഭായി പലപ്പോഴും എന്നോടു നിർബന്ധിച്ചു് അപേക്ഷിച്ചിട്ടുണ്ടു്. ഞങ്ങൾ രണ്ടാളുകളും സഹോദരിമാരെപ്പോലെ ആത്മാൎത്ഥമായിരിക്കുകയാണു്. ആ കൂട്ടിനകത്തു്, ഒതുങ്ങിയിരിക്കുവാൻ അവളുടെ വിസ്താരമായ ബുദ്ധിക്കു സാധിക്കുന്നതല്ല.

ഞാൻ:—മേരിഎവിടെയെങ്കിലും താമസിക്കാമല്ലോ, മിസ്റ്റർ സഡ്ലി! നിങ്ങൾ ഗുഹയിൽ താമസിച്ച്, രാവുംപകലും പ്രതിഷ്ഠാവലോകനം ചെയ്യണമെന്നു് പറഞ്ഞ ഉടനേതന്നെ, മടങ്ങി നിങ്ങളുടെ വാസസ്ഥാനത്തേക്കു പൊയ്ക്കളയാമെന്നു പറഞ്ഞതു്, ഗൂഢാർത്ഥമായിരിക്കുന്നു.

മിസ്റ്റർ സഡ്ലി:—അതു് ഇനിയും ഗൂഢമാണോ? ഈ ഗുഹാഗർഭവും അതിൻെറ സക

ല ഉള്ളറകളും എനിക്കു എന്റെ കൈയുടെ അകംഎന്നതുപോലെ പരിചയമാകുന്നതുവരെ ഞാൻ എന്റെ താമസസ്ഥലത്തേക്കു പോകുന്നതല്ല. എന്നാൽ, എന്റെക്കൂടെ ഹസ്സനുംക്കൂടെ മടങ്ങിയാത്രപോകുന്ന സംപ്രദായത്തിൽ പരസ്യമായി ഇവിടെ നിന്നുതിരിച്ചു്, കുറേച്ചെന്നശേഷം, തിരികെ ഗുഹയിലേക്കു മടങ്ങിക്കൊള്ളാം. ഹസ്സനു സ്ഥലപരിചയമുണ്ടല്ലോ. കാലാലയത്തിൽതന്നെ ഞാൻതാമസിക്കും.

മേരി:—ഭൈപൈശാചികമായ ആ ഗുഹയ്ക്കകത്തു രാവുംപകലും നിങ്ങൾ എങ്ങനെ താമസിക്കും?

മിസ്റ്റർസഡ്‌ലി:—"താമസിക്കുവാൻ എനിക്കു കഴിയും; ഞാൻഅങ്ങനെ ചെയ്യുകയും ചെയ്യും; ഇതിനേക്കാൾ വിലക്ഷണമായ സ്ഥലങ്ങളിൽ ഞാൻ ദീർഘകാലം താമസിച്ചിട്ടുണ്ടു്. അന്നു് ഈശ്വരാധീനം എനിക്കുണ്ടായില്ല." എന്നുപറഞ്ഞു അദ്ദേഹം എന്തോ വിചാരംപിടിച്ചവനെപ്പോലെ, ദൃഷ്ടികളെ ദൂരഎവിടെയോ ഉറപ്പിച്ചുകൊണ്ടിരുന്നു.

മേരി:—മിസ്റ്റർസഡ്‌ലി, ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെയോ? ന്യായവിരോധമാണെങ്കിൽ ക്ഷമിച്ചുകൊള്ളണം. കൈവിട്ടുപോയ എന്തിനെയോ നിങ്ങൾസ്മരിച്ചുകൊണ്ടു് ഇരിക്കുകയാണോ?

മിസ്റ്റർസഡ്‌ലി (ഞെട്ടിഉണർന്നു്, മേരിയുടെ മുഖത്തു തുറിച്ചുനോക്കിക്കൊണ്ടു്) "അതേ, അതേ, അതേ!! ഞാൻ സ്മരിക്കുകയായിരുന്നു. (ആകാശത്തെ ലക്ഷ്യംവച്ചു്) ഈശ്വരാ! ഈസന്ദേഹ നരകം എനിക്കുനിത്യമാണോ?" എന്നുപറഞ്ഞു അദ്ദേഹം കൈകളെക്കൊണ്ടുമുഖത്തെ മൂടി; ദീർഘശ്വാസംകൊണ്ടു അദ്ദേഹത്തിന്റെ മാറിടം പൊട്ടുമെന്നുതോന്നി. അല്പസമയം എല്ലാവരും നിശ്ചലമായി ഇരുന്നശേഷം—

മേരി:—"നിങ്ങൾ ഈ ഗുഹാക്ഷേത്രം സന്ദർശിപ്പാൻ പോകുന്നതു്, നിങ്ങളുടെ കാണാതെപോയ മകളെ സംബന്ധിച്ചല്ലല്ലോ.

സഡ്‌ലി:—എഴുന്നീറ്റു നിന്നു രണ്ടുകൈകളും നീട്ടി ഉയർത്തിപ്പിടിച്ചു് വളരെ ക്ഷോഭിച്ചുംകൊണ്ടു്, "എന്റെ ആയുസ്സിന്റെ ഏകസങ്കടമായ ഹൃദയശല്യം, തുർജിഹാൻപുരത്തിന്റെ ദിവാനും കാലകിങ്കരപ്രധാനനും ആയ റാവുബഹദൂർ പ്രണതാർത്തിഹരിഹരസുബ്രഹ്മണ്യരായർ നിമിത്തമുണ്ടായിട്ടുള്ളതാണു നിശ്ചയം! നിശ്ചയം!! നിശ്ചയം!!! ഈശ്വരാ! അങ്ങു് ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. (ഇരുന്നു കൊണ്ടു് എങ്കിലും സാമാന്യാധികഗൌരവത്തോടെ) എന്റെ കുട്ടിയുടെ കഴുത്തിൽ പതിവായി ധരിച്ചുപോന്നമുത്തുമാലയിൽ ക്രൂശാകൃതിയിൽ ഫ്രാൻസിൽ പണിചെയ്യപ്പെട്ടിരുന്ന ചില ആഭരണാംശങ്ങൾ ഇപ്പോൾ ദിവാന്റെ വാളിന്റെ പിടിമേൽ കാണ്മാനുണ്ടു്."

ഞാൻ:—ഉ—ം

മിസ്റ്റർ സഡ്‌ലി:—അലക്ഷ്യമായിട്ടു് എന്നോടു് അരുതേ എന്നോ? എന്തു! എന്റെ ആയുസ്സിന്റെ ഏകചിന്താ വിഷയമായിരിക്കുന്ന എന്റെ കുഞ്ഞിന്റെ കണ്ഠാഭരണം—അതു എവിടെക്കണ്ടാലും എനിക്കറിയാം. ആ ആഭരണം ഇപ്പോൾ ആ

ഖഡ്ഗത്തിന്ന അലങ്കാരമായിരിക്കുന്നു. അയ്യോ! എന്റെ കുഞ്ഞേ! ജീവനോടിരിക്കുന്നുവെങ്കിൽ നീ ഇപ്പോൾ എവിടെയാണ്? അതേ! അവൾ മരിച്ചിട്ടില്ല; അവൾ ജീവിച്ചിരിക്കുന്നു; എന്റെ കുഞ്ഞു എന്നോടുകൂടെ വരും.

ഞാൻ:—മേരിയെ നോക്കി. പരമപാവനമായ ആ മുഖം അത്ഭുതപാരവശ്യം കൊണ്ടു വലിഞ്ഞു വൃത്താകൃതിആയിരുന്നു.

മേരി:—അതു മോറാഭായി ആയിരിക്കുമോ?

മിസ്റ്റർ സഡ്ലി.—"അതു മോറാഭായിആയിരിക്കുമോ? എന്റെ എയ്ലീൻ തന്നെയാണോ മോറാഭായി? ആ ചോദ്യമാണ്, ദിവാന്റെ ഖഡ്ഗത്തിന്മേൽ എന്റെ കുഞ്ഞിന്റെ ആഭരണം കണ്ടസമയം മുതൽ, വിനാഴികതോറും ഞാൻ എന്നോടു തന്നെ ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യം."

ഞങ്ങൾ മൌനമായിരുന്നു. കാര്യത്തിന്റെ ഗതിയെക്കുറിച്ചുള്ള വിസ്മയം കൊണ്ടും, മിസ്റ്റർ സഡ്ലിയുടെ മനഃസ്ഥിതിയോടുള്ള അനുകമ്പകൊണ്ടും, ഞങ്ങൾ മരപ്പാവകളെപ്പോലെ ആയി—അദ്ദേഹം പിന്നെയും തല ഉയർത്തിപ്പിടിച്ചു പറഞ്ഞുതുടങ്ങി.

"ഈ സംഗതിയെപ്പറ്റി മുമ്പേതന്നെ ഞാൻ നിങ്ങളോടു പറയേണ്ടതായിരുന്നു. എന്നാൽ ഒരു വൃദ്ധന്റെ സങ്കടത്തിന്ന ചെറുപ്പക്കാരായ മൂന്നുപേരെ ഭാഗഭാക്കുകളാക്കുവാൻ എനിക്കു അവകാശമില്ല എന്നു സംശയിച്ചു മൌനം ഭജിച്ചതാണ്. മേരിയുടെ ചോദ്യംകൊണ്ടു, നിങ്ങൾക്കു സങ്കടവിവരം അറിയാമെന്നു പ്രത്യക്ഷമായി. ആയതിനാൽ ആ സങ്കടവിവരണം ഒന്നുകൂടെ ഞാൻ ആവർത്തിക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ ഇരുപതുവർഷങ്ങളിൽ ഓരോ വിനാഴികയും എന്റെ കുട്ടിയെ എനിക്കു കിട്ടുമെന്നുള്ള ബോധം ഇതാ ഇവിടെ എന്റെ മാറിനകത്തു ഞാൻ ഉറച്ചു കേട്ടുകൊണ്ടിരുന്നു.

ഈ യാത്രയെക്കുറിച്ചു നിങ്ങൾ ആദ്യം എന്നോടു സംസാരിച്ചുതുടങ്ങിയ ക്ഷണത്തിൽ, എന്റെ കുട്ടിയെ കിട്ടുവാനുള്ളസമയവും പ്രാരംഭവും അടുത്തു വരുന്നതുപോലെ എനിക്കുതോന്നി. പതിനെട്ടുവർഷങ്ങൾക്കുമുമ്പു ഒരു ഉദ്ദേശംവച്ചു ഞാൻ ഈ നൂർജിഹാൻപുരത്തിൽ വരികയും, എന്റെ കുട്ടിയെ മോഷ്ടിച്ച ആ മഹാപാതകി ഈ പട്ടണത്തിൽ പ്രവേശിച്ചു എന്നതിലേക്കു എനിക്കു ലക്ഷ്യംകിട്ടുകയും, ചെയ്തു. എന്നാൽ നഗരത്തിന്റെ വാതുക്കൽനിന്ന് ആ സ്ത്രീ എവിടെ മറഞ്ഞു എന്നോ എങ്ങനെ മറഞ്ഞുഎന്നോ ഉള്ളതിലേക്കു എനിക്കു യാതൊരു തുമ്പും ഉണ്ടായില്ല. അഞ്ചു വർഷം ഞാൻ ഈ നൂർജിഹാൻപുരത്തിൽ താമസിച്ചു. അന്നു ഞാൻ എന്തെല്ലാംവേഷത്തിൽ, ഏതെല്ലാം സമയങ്ങളിൽ, എന്തിന്ന വിസ്തരിക്കുന്നു! അതൊന്നും ഉപയോഗപ്പെട്ടില്ല. എന്റെ എയ്ലീൻ, നൂർജിഹാൻപുരത്തിൽ വന്നു. എന്നാൽ എന്റെ കുഞ്ഞിന് അവിടെ എന്തു സംഭവിച്ചു എന്നതു് എനിക്കു ഗ്രഹിപ്പാൻ അശേഷം കഴിഞ്ഞില്ല. കുഞ്ഞും ആയയും ഭൂമി വിഴുങ്ങിയതുപോലെ മറഞ്ഞുപോയി (ആ വൃദ്ധൻഅസാരം വിക്കിവിക്കിക്കരഞ്ഞുകൊണ്ടു്) മനുഷ്യഹൃദയത്തിന്റെ ചിന്താതീതങ്ങളായ ചേഷ്ടകളുടെ വ്യാപാരങ്ങൾ ഈശ്വരനമാത്രം അറിയാം! മിസ്സ്മക്കാളി ഒന്നാമതായി മോറാഭായിയുടെ കാര്യം പറഞ്ഞപ്പോൾ എന്റെ ഹൃദയം അലിഞ്ഞുപോയി. എന്റെ കണ്ണുകൾ നനഞ്ഞു. ശിശുവിനെ എട

ക്കുവാനായി ഞാൻ കൈകൾ നീട്ടിപ്പോയി. എന്റെ കുഞ്ഞിനെ സംബന്ധിച്ച വിചാരം അപ്പോൾ എന്റെ മനസ്സിൽ എങ്ങനെ ഉണ്ടായി എന്ന് എനിക്കറിഞ്ഞുകൂട. എന്നാൽ ദിവാന്റെ അന്തഃപുരത്തിൽ വളൎന്ന മോറാഭായി എന്റെ എയ്‌ലീൻ ആണെന്ന എന്റെ ഹൃദയം ഉറച്ചു പറഞ്ഞുകൊണ്ടിരുന്നു. എന്റെ കുഞ്ഞിന്റെ ആഭരണം ദിവാന്റെ വാളിന്മേൽ കണ്ടതു്, അതിന്റെ ശേഷമാണു്. മോറാഭായി ഒരുവേള എയ്‌ലീൻ അല്ലായിരിക്കാം. എന്നാൽ അക്രമനും ദുഷ്ടനും പഞ്ചമഹാപാതകിയും ആയ പ്രണതാൎത്ഥി ഹരിഹരസുബ്രഹ്മണ്യരായർ അറിയാതെ എന്റെ കുഞ്ഞു പോയിട്ടില്ല."

ഞാൻ—നേരെ ചെന്നു് അവനോടു ചോദിക്കരുതോ നമുക്കു്? അല്ലെങ്കിൽ അടുത്ത കലക്ടർ മേജർ ഹണ്ട് സ്‌ലിപ്പിനെയും ഒരാളയച്ചു വരുത്താം. കല്ലൻ രണ്ടു നാട്ടുരാജ്യങ്ങളുടെ ഒരു ബ്രിട്ടീഷ് റസിഡണ്ടുമാണല്ലോ.

മിസ്റ്റർ സഡ്‌ലി—"എന്റെ കുട്ടി! വെറുതെയിരിക്കുക. ഈ ഭാരതീയന്മാരുടെ രീതികളെ നിങ്ങൾക്കു അറിഞ്ഞുകൂട. ദിവാന്റെ ഹൃദയം അറിയാൻ ആരെക്കൊണ്ടു സാധിക്കും? നാം ഈ വിവരത്തെക്കുറിച്ചു വല്ലതും ചോദിക്കുകയോ ചോദിക്കുവാൻ തയാറുള്ളതായി ദിവാൻ സംശയിക്കയോ ചെയ്താൽ—പിന്നെ മോറാഭായി ഇല്ല; അന്തഃപുരമില്ല; ഗുഹാക്ഷേത്രത്തിൽ പൂജയുമില്ല; പറയുന്ന ആൾ വിഡ്ഢിയാവും; എന്റെ എയ്‌ലീനെ പാതാളം വിഴുങ്ങുകയും ചെയ്യും. പാടില്ല, പാടില്ല, ചെന്നു നേരേ ചോദിക്കുകയെന്നതു് ഒരിക്കലും പാടില്ല. ഞാൻ തന്നെ ഗുഹയിൽ താമസിച്ചു സംഗതികളുടെ സ്വഭാവം ഉള്ളവണ്ണം ഗ്രഹിച്ചു്, യുക്തംപോലെ തക്ക സമയത്തു പ്രവൎത്തിക്കുക അല്ലാതെ വേറെ മാൎഗ്ഗമില്ല. നിങ്ങൾ വിവരം അറിയുവാനായി അന്വേഷിക്കുന്ന ലാൽജിയുടെ മരണത്തിന്റെ രഹസ്യം, എന്റെ ജീവിതപരിശ്രമത്തിന്റെ ഉദ്ദേശ്യത്തോടു പിണഞ്ഞു കെട്ടിക്കിടന്നു എന്നാണു തോന്നുന്നതു്. കാലകിങ്കരപ്രധാനനായ ദിവാന്റെ ജീവിതരഹസ്യം മനസ്സിലാക്കാമെങ്കിൽ, നമ്മുടെ രണ്ടുഭാഗക്കാരുടെയും അന്വേഷണങ്ങൾക്കു നിവൃത്തിയുണ്ടാകും. എന്റെ ഭാഗം ഞാൻ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ഞാനും ഹസ്സനുംകൂടെ ഗുഹാപ്രതിഷ്ഠയെ രാപ്പകൽ ഇടവിടാതെ സൂക്ഷിപ്പാൻ തയാറായിരിക്കുന്നു. മിസ്സ് മക്കാളി മോറാഭായിയുടെ അടുത്തിരിക്കട്ടെ. ഇവ രണ്ടും നടക്കണമെങ്കിൽ നിങ്ങൾ രണ്ടാളും ഇവിടെ കൂടക്കൂടെ നായാട്ടുചെയ്തു താമസിക്കണം. ഉൾപ്പെടുന്ന എല്ലാവൎക്കും ആപത്തുണ്ടാവാൻ ഇടയുണ്ടെന്നുള്ളതു് ഞാൻ മറച്ചുവയ്ക്കുന്നില്ല."

മേരി—അക്കാൎയ്യം ആലോചിച്ചു് ഒരിക്കൽ തീൎച്ചചെയ്തതാണല്ലോ. എന്റെ ഭാഗം ഞാനും ഉറച്ചു. ഏതാനും ദിവസം അന്തഃപുരത്തിൽ താമസിക്കുന്നപക്ഷം എനിക്കു ആവശ്യപ്പെട്ടുവാൻ ഇടയുള്ള സാമാനങ്ങളെ കൂടെക്കൊണ്ടുപോകത്തക്കവണ്ണം പെട്ടികളിലാക്കുവാനായി ഞാൻ എന്റെ ക്യാമ്പിലേക്കു പോകട്ടെ. നിങ്ങൾ പുരുഷന്മാർ, വേറെ വല്ലതും ചെയ്വാനുണ്ടെങ്കിൽ ആലോചിച്ചുകൊള്ളണം. ഹേ, മിസ്റ്റർ സഡ്‌ലി! എന്റെ ഭാഗത്തു പിശകു് ഒന്നുമില്ല.

മിസ്റ്റർ സഡ്‌ലി—ദൈവം നിന്നെ അനുഗ്രഹിക്കട്ടെ! കുഞ്ഞേ!

മേരി—സരസമായ ആ അന്തഃപുരത്തിൽ ഞാൻ കഴിച്ചുകൂട്ടുന്ന സമയമെല്ലാം ആ മഹാ

ഗർഭത്തിൻ ഇരുട്ടിനകത്തു കാലപ്രതിഷ്ഠയെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന നിങ്ങളെ കുറിച്ചായിരിക്കും എൻെറ വിചാരം.

മിസ്റ്റർ സഡ്‌ലി:—എൻെറ കുഞ്ഞേ! ഈ മാതിരി ചാപല്യങ്ങൾ അനുഭവിക്കുന്നതിനു നമുക്കു് ഇപ്പോൾ ഈശ്വരാധീനം ഇല്ല. അന്തഃപുരത്തിൽ നടക്കാനുള്ള കാൎയ്യങ്ങളെക്കുറിച്ചു മാത്രം എപ്പോഴും അതിജാഗ്രതയായിരിക്കണം. എല്ലായിടവും ആപത്തും എല്ലാക്കാൎയ്യവും അത്യാവശ്യവും ആണെന്നു ഓൎത്തുകൊള്ളണം. ദിവാൻെറ അന്തഃപുരത്തിൽ താമസം നിശ്ചയിച്ചിരിക്കുന്നതിനാൽ ഒരു പ്രത്യേകകാൎയ്യം കൂടെ ഞാൻ പറഞ്ഞുതരാം. മോറാഭായി എൻെറ കുഞ്ഞാണെങ്കിൽ, ആകുഞ്ഞിനെ തട്ടിക്കൊണ്ടുപോയ ആയയും അവിടെ എങ്ങാനും കാണ്മാനിടയുണ്ടു്. ആ ആയയ്ക്കു കുട്ടിയെക്കുറിച്ചുണ്ടായിരുന്ന ഓമന വളരെ വളരെ ആയിരുന്നു. അവൾകുട്ടിയെ പിരിഞ്ഞുപോവാനിടയില്ല; അവൾക്കിപ്പോൾ ഒരു നാല്പതുവയസ്സു പ്രായം കാണണം, എന്നു പറഞ്ഞാൽ നാട്ടിലെപ്പെണ്ണുങ്ങളുടെ സ്ഥിതിക്കു വാൎദ്ധക്യലക്ഷണങ്ങൾ ആരംഭിച്ചിരിക്കണം. അവളുടെ പേരു രശ്മി എന്നാണു്. അവളെ അറിയാൻ ഒരുഅടയാളമുണ്ടു്. അവളുടെ ഇടത്തുകൈക്കു ചെറുവിരൽ ഇല്ല. അവളുടെ കെട്ടിയവൻ അവളെ എന്തോസംശയിച്ചു്, ദ്വേഷ്യം നിമിത്തം കണ്ടിച്ചുകളഞ്ഞതാണു്. രശ്മി അവിടെയെങ്ങാനുമുണ്ടെങ്കിൽ മോറാഭായി, എയ്‌ലീൻ തന്നെയാണു്.

മേരി:—മോറാഭായി നമ്മുടെ ആളുകളെപ്പോലെ വെളുത്തതാണു്.

മിസ്റ്റർ സഡ്‌ലി:—മോറാഭായിയെ നിങ്ങൾ ആദ്യം വിവരിച്ചപ്പോൾ തന്നെ, നിറത്തിൻെറ കാൎയ്യം ഞാൻ മനസ്സിലാക്കി. അതുമാത്രം ഒരു തെളിവല്ല. എങ്കിലും അതു് തെളിവിനു അനുകൂലം തന്നെ.

മേരി ഇറങ്ങിപ്പോയി. ഏതാനും ചിലആലോചനകൾ കഴിച്ചു ഞങ്ങളും ഉറങ്ങാൻ തയാറായി.

പിന്നെ ഒന്നു രണ്ടു ദിവസത്തേക്കു മിസ്റ്റർ സഡ്‌ലി രോഗബാധിതനായി കിടപ്പായിരുന്നു. ദീർഘകാലം ക്യാമ്പിൽ താമസിച്ചതിനാൽ മിസ്റ്റർ സഡ്‌ലിക്കു സുഖമില്ലെന്നും; ആയതിനാൽ തൻെറ താമസസ്ഥലത്തേക്കു മടങ്ങുകയാണെന്നും, നൂർജിഹാൻപുരത്തിൽ താമസിച്ച കാലമെല്ലാം ലഭിച്ച ഉപകാരങ്ങൾക്കായി നന്ദിപറയുന്നെന്നും മറ്റും, മഹാരാജാവിനേയും ദിവാനേയും അറിവിക്കുന്നതിനും, അടുത്ത ഒരുപട്ടണംവരെ ചെന്നുചേരുന്നതിനു ഒരു പല്ലക്കും ആൾക്കാരും വിട്ടുതരേണമെന്നു അപേക്ഷിക്കുവാനും മറ്റും, വിവരം കാണിച്ചു ഒരു കത്തു കല്ലൻ, എഴുതി ദിവാനു് അയച്ചു. ഒരു രണ്ടുമണിക്കൂറിനകത്തു ഉചിതമായ ഒരു മറുപടിയും പല്ലക്കുമുതലായ സാമാനങ്ങളും മറ്റും വന്നുചേൎന്നു. അന്നുസന്ധ്യക്കുതന്നെ മിസ്റ്റർ സഡ്‌ലിയും, ഹസ്സനും യാത്രയായി. അവർ ഇന്നസമയത്തു ഗുഹാദ്വാരത്തിൽ എത്തുമെന്നും; അതിനു മുമ്പായി കിടക്ക മുതലായ സാമാനങ്ങൾ ഞങ്ങൾ ഗുഹയിൽ എത്തിച്ചിരിക്കണമെന്നും; ആവശ്യമുള്ളിടത്തോളം കാൎയ്യങ്ങൾ ചന്തുവിനെ ഗ്രഹിപ്പിക്കുകയും ആവശ്യപ്പെട്ടാൽ ഗുഹയിൽ നിന്നു ക്യാമ്പിലേക്കു തിരിച്ചും ദൌത്യം വഹിക്കുവാൻ അവൻ തയ്യാറാകുകയും ചെയ്യണമെന്നും; മേരി അ

ന്തഃപുരത്തിൽ താമസിക്കണമെന്നും; മോറാഭായിയുടെ അപേക്ഷയ്ക്കു ദിവാൻ വിരോധം പറയുന്നതായാൽ മേരി ക്യാമ്പിൽ തന്നെ താമസിക്കേണ്ടതാണെന്നും; മററും വേണ്ടകാൎയ്യങ്ങളും ഞങ്ങൾ ആലോചിച്ചു നിശ്ചയിച്ചിരുന്നു.

കാലാലയരഹസ്യങ്ങളെ സംഗ്രഹമാക്കുന്നതിലേക്കു ഞങ്ങൾ പ്രയോഗിപ്പാൻനിശ്ചയിച്ച കരുക്കൾ ഇവയായിരുന്നു.

---

## അദ്ധ്യായം ൧൩.

---

### കരുക്കളുടെ പ്രയോഗം.

മിസ്റ്റർ സഡ്'ലി സ്വന്തം വസതിയിലേക്കെന്നുള്ള നാട്യത്തിൽ പുറപ്പെട്ട ദിവസം, മേരിയുടെ താമസം മോറാഭായിയുടെ അറയിൽ ആയിരുന്നു. മോറാഭായിയുടെ അപേക്ഷയെ ദിവാൻ കൈക്കൊള്ളുകയും, മിസ്സ് മക്കാളി അന്തഃപുരത്തിൽ താമസിക്കണമെന്നുള്ള അപേക്ഷയെ തന്േറതാക്കി അദ്ദേഹം തന്നെ വിനയപൂൎവ്വം ഒരു എഴുത്തു കല്ലന് അയയ്ക്കുകയും ചെയ്തിരുന്നു. ഒരു നാട്ടുകാരത്തിയുടെ ഗൃഹത്തിൽ താമസിക്കുന്നതു മദാമ്മയ്ക്കും, മദാമ്മയെ ഗൃഹത്തിൽ താമസിപ്പിയ്ക്കുന്നതു തങ്ങളുടെ ജാതിയുടെ നടപടിയ്ക്കും, യോജിക്കുന്നതല്ല എങ്കിലും, തൻെറ പ്രിയപുത്രിയുടെ ആയുസ്സിനെ ആഗ്രഹിച്ചും അപേക്ഷയെ സ്വീകരിച്ചും താൻ ചെയ്യുന്ന നിൎബന്ധത്തെ തട്ടിക്കളയരുതെന്നും, കൊച്ചുമദാമ്മയുടെ ചികിത്സയിൽ കുട്ടിക്കു വളരെ സുഖം തോന്നുന്നുണ്ടെന്നും മററും എഴുത്തിൽ വിവരിച്ചിരുന്നു. മി: സഡ്'ലിയുടെയും മേരിയുടേയും അഭാവം ഞങ്ങളുടെ രണ്ടാളുകളുടേയും ഉത്സാഹത്തിനു ഭംഗം ചെയ്തിരുന്നു. ഒരു ഒമ്പതു മണിയോടുകൂടെ ഞങ്ങൾ ഉറക്കത്തിനു കയറി. വളരെ നേരത്തേക്കു എനിക്കു ഉറക്കംവന്നില്ല. കല്ലനും അനുഭവം അങ്ങനെ തന്നെയായിരുന്നു എന്ന്, അദ്ദേഹം പിറേറന്നു എന്നോടു പറഞ്ഞു. ഞങ്ങൾ താമസമാക്കിയിരുന്ന മലയുടെ മുകളിൽ ഉണ്ടായിരുന്ന പാലിഎഴുത്തുകളെക്കുറിച്ചും, ഗുഹാഗൎഭസ്ഥങ്ങളായ പ്രതിമകൾ മുതലായവ എത്രകാലത്തിനു മുമ്പേ ആര്, എന്തിനായി പണിതു എന്നും, അതുകൾ പണിതീൎന്നതിൻെറ ശേഷം എത്ര എത്ര തലമുറകൾ ജനിച്ചുവളൎന്നുമരിച്ചു എന്നും, ഗുഹാഗൎഭത്തിൽ ഏതെല്ലാം മതങ്ങൾ ഉണ്ടായി വൎദ്ധിച്ചു നശിച്ചുകഴിഞ്ഞിരിക്കുന്നു എന്നും, ഈ ഭൂമിയിൽ എന്താണു സംഭവിക്കുന്നതു എന്താണുസംഭവിച്ചുകൂടാത്തതെന്നും, കല്യാണിക്കല്ലെപ്പിൽ ലാൽജിവധം കണ്ട എൻെറ ശിരോലേഖനം എന്തായിട്ടാണു വെളിപ്പെട്ടുവരുന്നതെന്നും, മനസ്സിനു സങ്കടവും സന്തോഷവും ഒരേസമയത്തു നല്കുന്ന അടിസ്ഥാനമില്ലാത്ത വിചാരങ്ങളിൽ മുഴുകി, ഒടുവിൽ രണ്ടു മണിയോടുകൂടെയാണ് എൻെറ കണ്ണുകൾ അടഞ്ഞതു. മി: സഡ്'ലി ഗുഹയിൽ എത്താൻ കരാറു ചെയ്തിരുന്ന ദിവസത്തിനുമുമ്പ് എന്നും രാവിലെ ഞങ്ങൾ ഗുഹയിൽ

നോക്കയും, വേണ്ട പരീക്ഷകൾ ഒക്കെയും നടത്തുകയും, ചെയ്തുകൊണ്ടിരുന്നു. രണ്ടു തവണ ഞങ്ങൾ പ്രതിഷ്ഠാസ്ഥലത്തെ ചെന്നുകണ്ടു. അവിടെ വിശേഷവിധിയായി യാതൊന്നും ഇല്ലായിരുന്നു. നാലുഎണ്ണവിളക്കുകളും അവയുടെ മങ്ങിയ പ്രകാശത്തിൽ ഭയങ്കരാകാരമായ കാലബിംബവും, പൊൻപലകമേൽ കമിഴ്ന്നുകിടക്കുന്ന എട്ടുകാലിപ്പൂവും, മാത്രം കാണ്മാനുണ്ട്. സ്ഥലം കേവലം നിശ്ശബ്ദം തന്നെ. മി: സഡ്‌ലി പതിയിരുന്ന് പ്രതിഷ്ഠാസ്ഥലം കാണത്തക്ക ഒരു സ്ഥലം കണ്ടുപിടിക്കണമെന്നായിരുന്നു, ഞങ്ങളുടെ അന്വേഷണത്തിന്റെ ഉദ്ദേശ്യം. അഞ്ചാമത്തെ ദിവസം ഒരു നല്ല സ്ഥലം കണ്ടുകിട്ടി. സ്ഥിരോത്സാഹം കാര്യക്ഷമം തന്നെ. പ്രതിഷ്ഠാസ്ഥാനത്തിന്റെ പ്രകാശം ഞങ്ങൾകണ്ട ദ്വാരത്തിൽ നിന്നു ഒരു നൂറ് അടി പുറകിലായി ഗുഹയുടെ മുകളിൽ നിന്നു മേല്പോട്ടു ഒരു ദ്വാരം; കൈഉയർത്തിയാൽ കഷ്ടിച്ച് ആ സ്ഥലം സ്പർശിക്കാമായിരുന്നു. ഒരുവലിയ കല്ലുരുട്ടി വച്ചു തറയുംപൊക്കം വരുത്തി ഞാൻ ആ ദ്വാരത്തിലേയ്ക്കു ചാടിക്കയറി; പിറകെ കല്ലനും, ഉണ്ടായിരുന്നു. ആ മാർഗ്ഗം വിസ്താരമുള്ളതായിക്കണ്ടു. ഞങ്ങൾ നടന്നു. അല്പസമയംകൊണ്ട് ആ ഗുഹയുടെ വാതിൽ പ്രതിഷ്ഠാസ്ഥലത്തേക്കു തുറന്നിരിക്കുന്നതായിക്കണ്ടു. ഗുഹയിലേക്കുള്ളതായി മുമ്പുകണ്ട ദ്വാരത്തിന്റെ ഒരു മുപ്പത്തഞ്ചടി മുകളിലായിരുന്നു, ആ ഗുഹാമുഖം. പ്രതിഷ്ഠാസ്ഥാനത്തുനിന്നു നോക്കിയാൽ കണ്ടുകൂടാത്തതായും; എന്നാൽ താഴെ പുരോഹിതന്മാർ ചെയ്യുന്ന വ്യല്ലാഗോഷ്ഠിത്തരങ്ങളെയും കാണാവുന്നതായും, ഉള്ള ഒരു ഉത്തമമായ സ്ഥാനമായിരുന്നു അതു്. ആ ഉദ്ദേശ്യത്തോടുകൂടെത്തന്നെ മുമ്പ് ഏതോ ഒരു തലമുറക്കാർ പണിത ഒരു സ്ഥലമായിരുന്നു അതു്, എന്നാണ് കല്ലൻ അഭിപ്രായപ്പെട്ടതു്.

പ്രതിഷ്ഠാസ്ഥാനത്തുനിന്ന് ഈ സ്ഥാനത്തേക്കു കയറുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. എന്നുള്ളതു്, ഒരു പ്രത്യേകസൌകര്യമായിരുന്നു. പ്രധാന ഗുഹയിൽനിന്ന് ഈ ഗുഹയിലേക്കു ചാടിക്കേറുവാനായി ഒരു സൈന്യംതന്നെ പുറപ്പെട്ടാലും അവരെത്തടഞ്ഞുനിർത്താൻ ബലവാന്മാരായ രണ്ടാളുകൾ മതിയാകുമായിരുന്നു എന്നുള്ളതു വേറൊരുവിശേഷം. ആവശ്യപ്പെട്ട സാമാനങ്ങൾ ഈ സ്ഥലത്തേക്കു മാററുന്നതിനായിരുന്നു അടുത്തു് ഞങ്ങൾചെയ്ത ശ്രമം. ഒരു മടക്കുകിടക്ക പുതപ്പു, വിളക്കു, നോട്ടുബുക്കു, പെൻസിൽ, തകരപ്പാൽ, കുഴൽക്കണ്ണാടി, തോക്ക്, മരുന്ന് മുതലായി മിസ്റ്റർ സഡ്‌ലി ആവശ്യപ്പെട്ടവാൻ ഇടയുണ്ടെന്നു ഞങ്ങൾക്കു തോന്നിയ പല സാമാനങ്ങളേയും ഞങ്ങൾ ആ ഗുഹയ്ക്കകത്തുസ്ഥാപിച്ചു. ഈ സ്ഥലം കണ്ടിരുന്നു എങ്കിൽ, മിസ്റ്റർ സഡ്‌ലിയുടെ ഗുഹാപ്രവാസത്തെക്കുറിച്ച് മേരി അധികം ക്ലേശിക്കുവാൻ ഇടയില്ലായിരുന്നു എന്ന്, കല്ലൻ പലതവണ പ്രസ്താവിക്കുകയുണ്ടായി.

മിസ്റ്റർ സഡ്‌ലി ഗുഹയിൽ വരുമെന്നു കരാർ ചെയ്തിരുന്ന പ്രഭാതത്തിന്റെ തലേന്നു സന്ധ്യയ്ക്ക്, അന്തഃപുരത്തിൽനിന്ന് മേരി ക്യാമ്പിൽ വന്നിരുന്നു. വലിയ ഒരു വിശേഷവുംകൊണ്ടാണു മേരിവന്നതു്.

ആയതു്, രശ്മി എന്നു പേരായ ആയ ദിവാന്റെ അന്തഃപുരത്തിൽ ഉണ്ടായിരുന്നു എന്നുള്ളതാണ്. മേററാദായി രാത്രി കിടക്കുന്ന കിടക്കയുടെ താഴെ കാലിന്റെ അടുത്തു ദിവസവും ഒരു സ്ത്രീ കിടക്കുകപതിവുണ്ട്. ജരയും, നരച്ച മുടിയും അധികമായും, വാർദ്ധക്യത്തിന്റെ മററുപല ലക്ഷണങ്ങളും കണ്ടതിനാൽ, ആ സ്ത്രീ രശ്മിയായിരിക്കാമെന്ന് ഒരു സംശയം, മേരിക്ക് ഉണ്ടായില്ല. എന്നാൽ ഒരു രാത്രി അവരം അവളുടെ പായ



രുഗ്മി.

ശരിയാക്കിക്കൊണ്ടിരുന്നസമയം വിളക്കിന്റെ പ്രകാശം—കാണേണ്ടതുകണ്ടു! അവളുടെ ഇടത്തുകൈക്കു പെരുവിരൽ ഇല്ലായിരുന്നു!!! ഇതു രുഗ്മി ആയിരുന്നു എന്നുള്ളതിലേ

ക്കു വലിയ സംശയം പിന്നെ ശേഷിച്ചിരുന്നില്ല; എങ്കിലും അവളുടെ വാൎദ്ധക്യവും നാല്പതുവയസ്സുംകൂടെ യോജിച്ചുകാണാതെ, മേരി കുറേ ഞെരുങ്ങി. അടുത്തദിവസം ബുദ്ധിമതിയായ മേരി ആ വൃദ്ധയുടെകഥ, മോറാഭായിയെക്കൊണ്ടുതന്നെ കൌശലത്തിൽ പറയിച്ചു. അവളുടെപേരു ലിലി എന്നായിരുന്നു. മോറാഭായിക്കു് ഓൎമ്മയുള്ളപ്പോൾ മുതൽ തന്നിക്കു ശുശ്രൂഷിച്ചുപോന്ന ദൃഢഭക്തിയുള്ള ഒരു പരിചാരികയായിരുന്നു, ലിലി. അവൾ ഊമയായിരുന്നു എന്നു മോറാഭായി ഒടുവിൽ സങ്കടപൂൎവ്വം പ്രസ്താവിച്ചു. ലിലി, ഊമയായിരുന്നു എന്നു് അറിഞ്ഞപ്പോൾ, മേരിക്കു പല സംശയങ്ങളും ഉണ്ടായിരുന്നു. പ്രകൃത്യാ ഊമന്മാരായ ആളുകൾ ചെകിടന്മാർകൂടെ ആയിരിക്കുക പതിവാണു്. എങ്കിലും, ലിലിക്കു കാതുകൾക്കു യാതൊരു ന്യൂനതയും ഇല്ലായിരുന്നു. ആയതിനാൽ ലിലിയുടെ സംഭാഷണശക്തി, പ്രായമായതിൽപിന്നെ നശിച്ചതാണെന്നു്, മേരി അനുമാനിച്ചു. അടുത്തു്, മേരി ചെയ്തതു്, ഒരു തന്ത്രപ്രയോഗമാണു്; സംഭാഷണശക്തി ഇല്ലായ്ക പല കാരണങ്ങളാൽ ഉണ്ടാവുമെന്നും, ജിഹ്വാബന്ധം എന്ന ഒരുവക രോഗം താൻ ചികിത്സിച്ചു സംഭാഷണശക്തികൊടുക്കാമെന്നും, ലിലിയുടെ വായ് ഒന്നു പരീക്ഷിക്കണമെന്നും, മേരി പ്രസംഗിച്ചു. ലിലിയുടെ സങ്കടത്തിൽ ഭാഗഭാക്കായിരുന്ന മോറാഭായി സന്തോഷിച്ചു്, വായ് ഡാക്ടരെ കാണിക്കുവാൻ ആവശ്യപ്പെട്ടതിൽ, ആദ്യം വളരെ മടിച്ചു എങ്കിലും ഒടുവിൽ അവൾ അനുസരിച്ചു. മേരിനോക്കി. അതാ അവിടെ വേറൊരു ഭയങ്കരകൃത്യം!! നാക്കിന്റെ അഗ്രം അരഇഞ്ച്നീളം ഛേദിക്കപ്പെട്ടിരുന്നു!!! ശരി, നാനാവിധങ്ങളായ വിപത്തുകളും മനസ്സങ്കടങ്ങളും അനുഭവിച്ചതിന്റെ ഫലമാണു്, ആ സാധു, നാല്പതാമത്തെ വയസ്സിൽ, എൺപതിന്റെഗുണം കാണിച്ചതു്. ഇതു സുഖമാകുന്നവകയല്ലെന്നു പറഞ്ഞു ലിലിയെ മടക്കി, എങ്കിലും മേരി ചിന്താപരവശയായി. മേരിക്കു വേറൊരുപായം തോന്നി. ആ സ്ത്രീയെ പെട്ടെന്നു്, രശ്മി എന്നു് ഒന്നു വിളിക്കുന്നപക്ഷം അവളുടെ മുഖഭാവംകൊണ്ടു കാൎയ്യത്തിന്റെ വാസ്തവം അറിയാമെന്നുള്ളതായിരുന്നു. ഈ പ്രയോഗം തക്ക അവസരത്തിൽ ചെയ്തുകൊള്ളാമെന്നു മേരി തൽക്കാലം അടങ്ങി.

പിറേറന്നു രാവിലെ ഞങ്ങൾ ക്യാമ്പിൽനിന്നു ഗുഹാദ്വാരത്തിൽ എത്തി. ഞങ്ങൾ അവിടെനിന്നു അല്പം കഴിഞ്ഞപ്പോൾ ഗുഹയ്ക്കകത്തുനിന്നു ഹസ്സൻ ഇറങ്ങിവരുന്നു. മിസ്റ്റർ സഡ്‌ലിയും അവനും തലേന്നു പാതിരാവോടുകൂടെ വന്നുചേൎന്നതാണെന്നും, കയററുഗോവണി ഒളിച്ചുവച്ചിരുന്ന സ്ഥലം അവന്നു് അറിയാമായിരുന്നതുകൊണ്ടു രണ്ടുപേരും ഇറങ്ങി ഗുഹയ്ക്കകത്തു രാത്രി താമസിച്ചു എന്നും, മററും, വിശേഷം, ആയാൾ പറഞ്ഞുകേൾപ്പിച്ചു. ഞങ്ങൾ മൂന്നുപേരും ഇറങ്ങി. മിസ്റ്റർ സഡ്‌ലി യൂറോപ്യൻ സമ്പ്രദായത്തിൽ കോട്ടുമുതലായവ ധരിച്ചിരുന്നു. ഞങ്ങൾ അന്യോന്യം കൈകൊടുത്തു.

ഒന്നാമതു് ഞങ്ങൾ പ്രസ്താവിച്ചതു്, ആയ രശ്മിയുടെ കാൎയ്യമായിരുന്നു. അദ്ദേഹം യാതൊരുവക ചാഞ്ചല്യവും പ്രദൎശിപ്പിക്കാതെ വൎത്തമാനം മുഴുവൻകേട്ടു. "രശ്മിയെ അന്തഃപുരത്തിൽ കണ്ടതു അതിശയമല്ല, കാണാതിരുന്നെങ്കിൽ അതു അതിശയമായിരുന്നേനേ. ഭോഷത്തിയായ അവൾ കുട്ടിയെ പിരിയാൻ മനസ്സില്ലാഞ്ഞു് എടുത്തുകൊണ്ടുപോന്നതാണെന്നാണു് എനിക്കു് ഇപ്പോഴും ഉള്ള ബോധം. കഷ്ടം! മനസ്സറിയാതെ ഓരോരുത്തർ എന്തെല്ലാം ആപത്തുകൾ വരുത്തിക്കൂട്ടുന്നു? അവളുടെ അകാലവാൎദ്ധക്യത്തിനു മേരി സങ്കല്പിച്ച കാരണം യഥാൎത്ഥമാണു്." എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ മറുപടി. നാം അവസാനരംഗത്തോടു അടുക്കുംതോറും വിപത്തുകൾ അധികമധികമാകുന്നു എന്നും, എല്ലാവരും എപ്പോഴും വളരെ സൂക്ഷിച്ചു പ്രവൎത്തിച്ചുകൊള്ളണം

എന്നും, അദ്ദേഹം ഞങ്ങൾക്കു ഗുണദോഷിച്ചു. ഞങ്ങൾ മുന്നോട്ടുനടന്നു. ശബ്ദധ്വനി പ്രതിധ്വനിഘോഷം ഉണ്ടായിരുന്ന ഗുഹ, നദികണ്ട ഗുഹ, ആനകണ്ട ഗുഹ, അതിന്മേലായി താമസസ്ഥലം തയ്യാർ ചെയ്തിരുന്ന ഗുഹ, എന്നിതുകളെല്ലാം വിവരിച്ചു കണ്ടുകൊണ്ടു ഞങ്ങൾ മുന്നോട്ടു നടന്നു. താമസത്തിന് ഞങ്ങൾ കണ്ടുപിടിച്ചു തയാർ ചെയ്തിരുന്ന സ്ഥലം അദ്ദേഹത്തിനു വളരെ രുചിച്ചു. കൃതജ്ഞതാപ്രകാശനമായി ഞങ്ങളെ രണ്ടാളെയും അദ്ദേഹം വേറെ വേറെ നോക്കി അല്പം ഒന്നു മന്ദഹസിച്ചു. ഇവിടെ മുഖത്തുനിന്ന്— മൂന്നു ധീരന്മാരും ഒരു പട്ടാണിയും— ഞങ്ങൾ നാലുപേരും താഴോട്ടുനോക്കി. പൊൻ കട്ടിലകമേൽ ഉറങ്ങി എന്നവണ്ണം വെള്ളവസ്ത്രംധരിച്ച എട്ടുതടിയന്മാർ കിടപ്പുണ്ട്. അതിന്റെ ചുററിലുംആയി പത്തുപതിനായിരം മനുഷ്യതലകൾ പല്ലിളിച്ചു കാണിക്കുന്നു. എല്ലാററിന്റെയും നടുവിലായി ഭയങ്കരമായ കാലവിഗ്രഹം ആഭരണം അണിഞ്ഞും മുഖംകൊണ്ടു ഗോഷ്ഠികാണിച്ചും, മങ്ങിയ പന്തങ്ങളുടെ പ്രകാശത്തിൽ ഒരു പെരും പിശാചുപോലെ ഭയാനകമായിരുന്നു.

---

## അദ്ധ്യായം ൧൩

---

### മഹാപാതകം.

മേരിഅന്തഃപുരത്തിലും മിസ്റ്റർസഡ്‌ലിയും ഹസ്സനും ഗുഹകകത്തും വിശേഷം യാതൊന്നും കാണാതെ ദിവസങ്ങൾ കഴിഞ്ഞു കൊണ്ടിരുന്നു. വിശേഷിച്ചു പണിയൊന്നുമില്ലാതെയും കാര്യത്തിന്റെ അവസാനം അടുത്തുകാണാതെയും, കല്യാണം എനിക്കും ദിവസങ്ങൾ അക്കാലത്തു ദീർഘങ്ങളായിതോന്നി. മിക്കദിവസങ്ങളും നായാട്ടുചെയ്തു ഞങ്ങൾ സമയം പോക്കിയിരുന്നു. വിശേഷവിധിയായി ഒന്നുചെയ്തുഎന്നു പറവാനുള്ളതു് നൂർജിഹാൻപുരത്തുകൂടെ ഒഴുകുന്ന സരസ്വതി എന്നപേരായ ആററിന്റെ ഉത്ഭവസ്ഥാനത്തെ ഞങ്ങൾ കണ്ടുപിടിച്ചതാണ്.

ഞങ്ങളുടെ ക്യാമ്പ് അടിച്ചിരുന്ന മലംപ്രദേശങ്ങളുടെ ചുവട്ടിൽ നിന്നൊഴുകി നൂർജിഹാൻ പുരത്തിലേക്കു ചെന്നിരുന്നതിനാൽ, ഈ നദിയിലെ ജലംഞങ്ങൾ താമസിച്ചിരുന്ന മലംപ്രദേശങ്ങളിൽനിന്നു വന്നിരുന്നു എന്നായിരുന്നു പൊതുജനബോധം. എന്നാൽ ആമലംപ്രദേശത്തിന്റെ എല്ലാഅംഗങ്ങളും തടങ്ങളും ഒക്കെ ഞങ്ങൾക്കു പരിചയമായിരുന്നെങ്കിലും , സരസ്വതിയിലേക്കു ഒഴുകുന്നതായ ഒരുതടാക മാകട്ടെ വെള്ളക്കെട്ടാകട്ടെ ഞങ്ങൾ കണ്ടിരുന്നില്ല. ആയതിനാൽ ഗുഹാന്തർഭാഗത്തു ഞങ്ങൾ കണ്ടിരുന്ന നദിതന്നെയാണ്, സരസ്വതി എന്നുഞങ്ങൾ തീർച്ചയാക്കുകയും, ഇതൊന്നുപരീക്ഷിക്കണമെന്ന് ഉറയ്ക്കുകയും ചെയ്തു. ഞങ്ങളുടെ ക്യാമ്പിൽനിന്നു താഴെ ഏതാനും മൈൽ തെക്കുമാറിയാണല്ലൊ, നൂർജിഹാൻ പുരംനില്ക്കുന്നതു്. സരസ്വതിനദി ആ ദിക്കുകാ

ക്കു, പരിശുദ്ധമാതാവാണ്. നദി പട്ടണത്തിലേക്കു പ്രവേശിച്ച സ്ഥലംമുതൽ, അതിന്റെ തീരത്തുകൂടി ഞങ്ങൾ വടക്കോട്ടേക്കു നടന്നു. തീരങ്ങളിൽ രണ്ടുമൂന്നു നാഴികയ്ക്കു് ആൾ തിങ്ങിപ്പാൎക്കുന്നുണ്ടു്. മിക്ക ഗൃഹങ്ങളിൽനിന്നും നദിയിലേക്കു കെട്ടിയിട്ടുള്ള കല്പടകളിൽ കുളിക്കാനും ജപിപ്പാനും ആയി അനേകായിരം സ്ത്രീപുരുഷന്മാരെ മിക്കസമയങ്ങളിലും പ്രത്യേകിച്ചു സന്ധ്യയ്ക്കും പ്രഭാതത്തിലും കാണാം. ഗൃഹങ്ങളോളംതന്നെ ക്ഷേത്രങ്ങളും ഉണ്ടെന്നു പറയാം. തടിയന്മാരായ പല പൂജാരികൾ ക്ഷേത്രങ്ങളുടെ വരാന്തകളിൽ കണ്ണുമടച്ചു് ഇരിക്കുന്നതുകണ്ടാൽ, നാലമ്പലത്തിനകത്തു ചലനമില്ലാതെ കണ്ട പ്രതിമകൾക്കു ഇവർ യോജിച്ചവരാണെന്നുതന്നെ തോന്നും. കറുത്തമുഖത്തു മഞ്ഞൾതേച്ചും, രൂപായ്ക്കു എട്ടുവാരകിട്ടുന്ന പരുപരുത്ത ചോപ്പുതുണികൾ ധരിച്ചു് അതിന്മേൽ അനേകായിരം രൂപാ വിലവരുന്ന ആഭരണങ്ങൾ അണിഞ്ഞും, ദാസികൾ ക്ഷേത്രങ്ങൾക്കകത്തും പുറത്തും എവിടെയും ധാരാളം കാണ്മാനുണ്ടു്. മിക്ക സ്ഥലങ്ങളിലും കണ്ടിരുന്ന കൽപ്രതിമകൾ, സൎപ്പക്കാവുകൾ മുതലായവകൊണ്ടും, സ്ഥലം പൊതുവെ പരിശുദ്ധമായിഗണിക്കപ്പെട്ട ഒന്നാണെന്നു തോന്നി. പല സ്ഥലങ്ങളിലും ധീവരമാർ കയറാൻ അനുവദിക്കപ്പെട്ടിരുന്നില്ലെന്നും ഞങ്ങൾ അനുമാനിച്ചു. അതുനിമിത്തം ഒരിടത്തും ഞങ്ങൾ അധികം താമസിച്ചില്ല. ഇങ്ങനെ ഒരു രണ്ടുമൂന്നുമൈൽ കഴിഞ്ഞപ്പോൾ ആൾപാൎപ്പ് മിക്കവാറും ഇല്ലാത്ത സ്ഥലങ്ങളായി. മലഞ്ചരിവുകൾ ഉയൎന്നു കണ്ടു. നദിക്കു വീതി കുറഞ്ഞുതുടങ്ങി. ചെറുകാടുകളും വള്ളിക്കുടിലുകളും പലേടങ്ങളിലും നദിയെ മൂടി. ഞങ്ങൾ അതിലേക്കൂടി മുന്നോട്ടുതന്നെ നടന്നു. ഒടുവിൽ മലയുടെ ചുവട്ടിൽ ഒരു പാറക്കെട്ടിനകത്തുനിന്നു വെള്ളം ചാടിയിറങ്ങുന്ന ഉത്ഭവസ്ഥലം കണ്ടുപിടിച്ചു. വലിയ നദികൾ ഉണ്ടാകുന്നതു സാധാരണ പല ചെറിയനദികൾ ഒരുമിച്ചുചേൎന്നു ആണെന്നു് അറിവുണ്ടായിരുന്ന ഞങ്ങൾക്കു നല്ലവണ്ണം വളൎന്ന ഒരു നദിതന്നെ പാറയ്ക്കകത്തുനിന്നു വിസ്താരത്തിൽ ഇളകിയിറങ്ങുന്നതുകണ്ടതിൽ വിസ്മയം തോന്നി. അപ്പോഴാണ് ഗുഹാഗൎഭത്തിൽ ബുദ്ധന്റെ പ്രതിമയുടെ മുമ്പിലായിട്ടു ഭൂമിയ്ക്കടിയിൽ ആണ്ടുപോയ നദിതന്നെ ആയിരിക്കാം, ഈ സരസ്വതിയെന്നു ഞങ്ങൾക്കു ഒരു സംശയം ഉണ്ടായതു്. അന്നു ഞങ്ങൾ മടങ്ങി. പിറേറന്നു ഏകദേശം ഏഴുമണിക്കു ഞാൻതന്നെ ആ ഉറവുങ്കൽ ചെന്നു വശായി. ഏഴുമണികഴിഞ്ഞു നാലുമിനിട്ടുകൂടെ ആയപ്പോൾ അനേകം റോസാപുഷ്പങ്ങൾ പാറയ്ക്കകത്തുനിന്നിറങ്ങി ജലത്തോടുകൂടെ മറിയുന്നതുകണ്ടപ്പോൾ, ഞങ്ങളുടെ സംശയങ്ങൾ എല്ലാം തീൎന്നു. കൃത്യം ഏഴുമണിക്കു ഒരു കുട്ടനിറയെ പുഷ്പങ്ങൾ ഗുഹാന്തൎഗ്ഗതത്തിൽ ബുദ്ധസമീപത്തിൽകണ്ട തടത്തിൽ എറിഞ്ഞുകൊള്ളുന്നതിന്, കല്പനെ ചുമതലപ്പെടുത്തിയശേഷമാണ് ഞാൻ അന്നു് ആ വെള്ളച്ചാട്ടത്തിങ്കൽ ചെന്നുനിന്നതു്. ഈ വിവരം ഞങ്ങൾ മിസ്റ്റർ സഡ്‌ലിയെ ഗുഹാഗൎഭത്തിൽ ഗ്രഹിപ്പിച്ചു. അദ്ദേഹം പതിവുപോലെ മുഴുവൻ ശ്രദ്ധിച്ചുകേട്ടു. മറുപടിയായി ഒരക്ഷരവും പറഞ്ഞില്ല.

മിസ്റ്റർ സഡ്‌ലിയുടെ ഗുഹാവാസം ഏകദേശം രാജപുരഗുഹാവാസംപോലെതന്നെ പ്രശാന്തമായിരുന്നു. ഭൃത്യൻ ഹസ്സനും ഉണ്ടല്ലോ. തവണവെച്ചു ഒരുവൻ മേൽത്തട്ടിൽനിന്നു പ്രതിഷ്ഠാഗുഹയ്ക്കകത്തേക്കു നോക്കിക്കൊണ്ടിരിക്കുകയും, മറേറ ആൾ അവർ താമസിച്ചഗുഹയിൽ അല്പം ഉള്ളിലേക്കുമാറി ഇരിക്കുകയോ കിടക്കുകയോ മറേറാ ചെയ്യുകയും ചെയ്യും. തവണകഴിഞ്ഞുള്ള സമയത്തിന്റെ ഒരു വലിയ അംശം മിസ്റ്റർ സഡ്‌ലി ഓരോ പുസ്തകങ്ങൾ വായിക്കുന്നതിലും ഓരോ നോട്ടുകൾ എഴുതുന്നതിലും

ചെലവുചെയ്തുകൊണ്ടിരുന്നു. നടീകാര്യം ഞങ്ങൾ പ്രസ്താവിച്ചതിന്റെ പിറേറന്നു് പ്രതിഷ്ഠാഗുഹയിൽ നടന്ന വിവരങ്ങളെക്കുറിച്ചു്, അദ്ദേഹം ഞങ്ങൾക്കു ഒരു റിപ്പോർട്ടു തരികയുണ്ടായി. ഒന്നാമതായി പ്രസ്താവിച്ചതു് ഗുഹയ്ക്കകത്തു വിശേഷവിധിയായി ഒന്നും നടന്നില്ലെന്നാണ്. ഭയങ്കരാകാരമായ ആ പ്രതിമ നിന്നിരുന്ന കനകമണ്ഡപത്തിന്റെ ചുററിലും പന്തവും കൈമണിയും പിടിച്ചുകൊണ്ടു ആറുപുരോഹിതന്മാർ പ്രഭാതത്തിലും രാത്രിയിലും മുടങ്ങാതെ നൃത്തംചെയ്യുന്നുണ്ടു്. പുരോഹിതന്മാരുടെ സംഖ്യ ആറേറാന്നാണെന്നാണ്, ഞങ്ങൾ അറിഞ്ഞിരുന്നതു്. ആ അറിവു ശരിയാണെങ്കിൽ, ആറേറാന്നാമത്തെ ആൾ റാവുബഹദൂർ ദിവാൻ- പുരോഹിതപ്രധാനൻ- തന്നെ ആയിരിക്കണം. കാലബിംബത്തിന്റെ മൂക്കിന്മേൽ ദൃഷ്ടിയുറപ്പിച്ചുംകൊണ്ടു മിസ്റ്റർ സഡ്ലിയോ ഹസ്സനോ ഒരുവൻ രാവും പകലും ഒരുപോലെ സൂക്ഷിച്ചിരുന്നതിനാൽ ദിവാൻ ആ ദിവസങ്ങളിൽ പ്രതിഷ്ഠാഗുഹയിൽ പ്രവേശിച്ചിട്ടില്ലെന്നു തീർച്ചയായിരുന്നു.

ഒരാഴ്ചയിൽ പലപ്രാവശ്യം മേരിയുടെ വർത്തമാനം ഞങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു. സ്ഥിരതാമസം മോറാഭായിയുടെ കൂടെത്തന്നെ ആയിരുന്നു എങ്കിലും, മേരി ക്യാമ്പിൽ വരികയും പോകയും ചെയ്തുകൊണ്ടിരുന്നു. ഏതാനും ദിവസങ്ങളോളവും മേരിയുടെ റിപ്പോർട്ടുകളും സാരവത്തുകളായിരുന്നില്ല. എന്നാൽ ഒടുവിൽ വിശേഷം കുറേശ്ശ ഉണ്ടാകുന്നതായി തോന്നി.

കറുത്തവാവിനടുത്തു് ഒരുദിവസമാണ് വിശേഷവർത്തമാനം മേരിക്കു ലഭിച്ചതു്. അന്തഃപുരത്തിന്റെ നാലുവശവും ഉണ്ടായിരുന്ന ഉയന്ന മതിൽനിമിത്തം, കൂട്ടിലടയ്ക്കപ്പെട്ടിരുന്ന മോറാഭായി പത്തിരുപത്തു വർഷക്കാലംകൊണ്ടു് വാനത്തിന്റെ അവസ്ഥാഭേദങ്ങളെ നോക്കി സാമാന്യം നിശ്ചയപ്പെടുത്തിയിരുന്നു. പ്രാണപ്രേഷ്ഠകളായിരുന്ന ആ യുവതിരത്നങ്ങൾ ഒരു രാത്രി വാനത്തിൽ ചന്ദ്രനെ സൂക്ഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ, കറുത്തവാവു കഴിഞ്ഞാൽ മൂന്നുദിവസത്തേക്കു തന്റെ അച്ഛനെ കാണ്മാൻ ഇടയാകുന്നതല്ലെന്നു്, മോറാഭായി യദൃച്ഛയാ പറകയുണ്ടായി. മേരിയുടെ ചെവികൾ കൂർത്തു. തുടർന്നുണ്ടായ സംഭാഷണത്തിൽ ദിവാൻ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായർ എല്ലാമാസത്തിലും കറുത്തവാവു കഴിഞ്ഞുവരുന്ന മൂന്നുദിവസങ്ങളിൽ അന്തഃപുരത്തിലാവട്ടെ അരമനയിലാവട്ടെ ഉണ്ടായിരിക്കുന്നതല്ലെന്നും; എവിടെയാണ് കഴിച്ചുകൂട്ടുന്നതു എന്നു് ഒരുവർക്കും അറിഞ്ഞുകൂടെന്നും മോറാഭായി വിസ്തരിച്ചു.

ഈ വർത്തമാനം വിശേഷംതന്നെയായിരുന്നു. കറുത്തവാവിന്റെ അടുത്ത മൂന്നു ദിവസങ്ങളിൽ—നൂതനചന്ദ്രന്റെ ആരംഭദിവസങ്ങളിൽ—ഏതോ അനുഷ്ഠാനം പ്രതിഷ്ഠാഗുഹയ്ക്കകത്തു നടക്കാനുണ്ടായിരുന്നതുനിമിത്തം കാലദേവന്റെ പ്രധാനപുരോഹിതൻ അന്തർദ്ധാനംചെയ്യുകയാണെന്നു ഞങ്ങൾ അനുമാനിച്ചു. അടുത്ത കറുത്തവാവുമുതൽ കല്ലനും ഞാനുംകൂടെ താമസം ഗുഹയിൽതന്നെ ഉറപ്പിച്ചു.

ഞങ്ങളുടെ ഊഹം ശരിയായിക്കണ്ടു. അടുത്ത കറുത്തവാവിന്റെ പിറേറന്നു സന്ധ്യാസമയത്തെ നൃത്തം പതിവുപോലെതന്നെ കഴിഞ്ഞു. പുരോഹിതന്മാർ ആറുണ്ടായിരുന്നു. പാട്ടും താളവും വല്ലതെ മന്ദമായിട്ടല്ലായിരുന്നോ എന്നുമാത്രം ഒരു സംശയം. പാട്ടിന്റെ അർത്ഥമാകട്ടെ പാട്ടു് ഉപയോഗിച്ച ഭാഷയാകട്ടെ, ഗ്രഹിക്കുന്നതിനു

ഞങ്ങൾ ഇരുന്ന ദൂരത്തിൽ സാധിച്ചില്ല. എന്നാൽ പുരോഹിതന്മാരുടെ ആംഗ്യങ്ങൾ കൊണ്ടും, പ്രതിഷ്ഠയുടെ മുമ്പിൽ അവർ പലപ്പോഴും സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടും, കാലന്റെ കോപത്തെ നീക്കുവാനായിട്ടുള്ള ഏതോ ഒരു കർമ്മമാണ് അതു എന്നു പ്രത്യക്ഷമായിരുന്നു. നൃത്തത്തിന്റെ അവസാനത്തിൽ പുരോഹിതന്മാർ ഉള്ളറകളിലേക്ക് അന്നു പതിവുപോലെ മടങ്ങുകയല്ല ചെയ്തതു്. കനകമണ്ഡപത്തിന്മേൽ പ്രതിഷ്ഠയുടെ നാലുചുററുമായി അവർ മുട്ടുകുത്തി കിടന്നു. കൈകൾ രണ്ടും മലൎന്നു അപേക്ഷാരീതിയിലും; നെററികൾ തറയിൽ അർപ്പിച്ചും; അവർ സ്വീകരിച്ച ആരാധനാസമ്പ്രദായം, അവരുടെ ഗൗരവബുദ്ധിയെ നല്ലവണ്ണം പ്രദർശിപ്പിച്ചു. ഇങ്ങനെ വളരെനേരം കഴിഞ്ഞു. മുട്ടിൽകിടക്കുന്ന പുരോഹിതന്മാർ ശബ്ദിക്കുന്നില്ല. അകത്തു എവിടെയോ ഒരു മണിനാദം കേൾക്കായി. 'ഖിൺ, ഖിൺ, ഖിൺ' എന്നു കേട്ട ആ ശബ്ദം ലക്ഷംലക്ഷങ്ങളായ ചെറിയ മണികൾ ഭൂഗർഭത്തിൽ എവിടെയോ നിൎത്താതെ അടിച്ചതിന്റെ ധ്വനികളും പ്രതിധ്വനികളും ആയിരുന്നു. പുരോഹിതന്മാർ മന്ദംമന്ദം എഴുനീററു; മണിയുടെ ശബ്ദം ക്രമേണ ഉറച്ചും; സമീപിച്ചും കേട്ടുതുടങ്ങി. പുരോഹിതന്മാർ താളമൊപ്പിച്ചു് നൃത്തം മുറുകി; കൈമണികൾ ഝലം ഝലം അടിച്ചു. ഈ നൃത്തം സാമാന്യം മുറുകിയവാറു്, പന്ത്രണ്ടു പുരോഹിതന്മാർ കൂട്ടത്തിൽനിന്നു പിൻവലിഞ്ഞു. ആറുപേർ ഒരു ഉള്ളറയിലേക്കു കയറി ഒരുമിനിട്ടിനുള്ളിൽ ഓരോ വലിയ ചുമടുകളുമായി മടങ്ങി, അവയെ കാലപ്രതിഷ്ഠയുടെ മുമ്പിലും, മനുഷ്യാസ്ഥിഭേദിത്തിൻകെത്തുമായി ഒരു കൂമ്പാരംപോലെ സ്ഥാപിച്ചു് തീകൊളുത്തി. അതു ക്ഷണം കത്തുന്ന ഏതോ ഒരു വസ്തുവായിരുന്നു. തീ നീറിപ്പിടിച്ചു് വിറകു പൊട്ടിത്തെറിച്ചു്, ആ ഗുഹയും അതിന്റെ സർവ്വാംശങ്ങളും വിളങ്ങി പ്രകാശിച്ചു. ശിവ! ശിവ! ഞങ്ങൾ കിടുകിലെ വിറച്ചുപോയി. ഉള്ളിലേക്കു നീങ്ങിക്കളഞ്ഞാൽ താഴെനടക്കുന്ന കർമ്മം കാണാൻ സാധിക്കയില്ലാഞ്ഞതിനാൽ, മി. സഡ്‌ലി ഇളകിയില്ല. ചുവപ്പുതേച്ച പൈശാചികമായി ഉറച്ചുമിന്നിയ കാലവിരൂപമുഖത്തെ തുറിച്ചുനോക്കിക്കൊണ്ടു വാർണ്ണിഷു പിടിച്ച ഒരു കൽപ്രതിമപോലെ, മിസ്റ്റർ സഡ്‌ലിയുടെ മുഖം ഇളകാതെയിരുന്നു. നൃത്തംചെയ്തുകൊണ്ടിരുന്ന ദുഷ്ടന്മാർ മേൽപ്പോട്ടുനോക്കാഞ്ഞതു ഭാഗ്യമെന്നേ പറയേണ്ടു; നോക്കിയാൽ ഞങ്ങൾ ആ ഗുഹാഗർഭത്തിൽ ചത്തുവീഴുമെന്നു തീർച്ച;—നാരായണാ! ഒരു മുന്നാഴ്ചമിനിട്ടുകൊണ്ടു തീയുടെ ജ്വാല അസാരം ഒന്നു കുറഞ്ഞു. നൃത്തം ചെയ്തുകൊണ്ടിരുന്ന സമൂഹത്തിൽ നിന്നു പിരിഞ്ഞ മറേറ ആറുപേർ ഒരു നെടിയ മുളയിന്മേൽ വച്ചു കെട്ടിയ ഒരു വാർപ്പുംകൊണ്ടു വേറൊരു ഉൾഗ്ഗുഹയ്ക്കകത്തുനിന്നു പ്രത്യക്ഷന്മാരായി. ആ വാർപ്പിൽ ജലം തിളക്കുന്നുണ്ടു്. ആവി, ചീററിക്കൊണ്ടു മേഘംപോലെ ഉയൎന്നുകൊണ്ടിരുന്നു. പുരോഹിതന്മാർ വാർപ്പിനെ തോളിൽനിന്നിറക്കി, കത്തുന്ന തീയുടെ മേൽവച്ചുരിട്ടപ്പോൾ, ഝുമു ഝുമു, ഝുമു, എന്നു ആവി മേല്പോട്ടു ഉരുണ്ടു കയറി. എൺപത്തെട്ടു പുരോഹിതന്മാരുടെ നൃത്തം കൊണ്ടുമുറുകി. ശക്തിയായി അടിക്കുന്ന കൈമണികൾ സ്ഥലം തെററിക്കൊണ്ടു് മുഖം മുറിഞ്ഞതു് അറിയാതെയും, ധാരാളമായി പ്രവഹിച്ച രക്തം വടിച്ചുകളയാതെയും, ആ ദേവതാരാധനാംഗന്മാരുടെ ശരീരം മാംസശരീരങ്ങളുടെ സാധാരണധർമ്മങ്ങളെ വെളിഞ്ഞും, അവർ ചുവടുവെച്ചും കൈ എടുത്തും നടവു തെളിച്ചും മററു നൂറായിരംതരത്തിലുള്ള ഗോഷ്ടികൾ കാണിച്ചും — ആ ഉന്മത്തന്മാർ കൈമണി അടിച്ചും, പാട്ടുപാടിയും ഇളകിയാടവേ, മുഖം അമാനുഷികമായും കണ്ണുകൾ തുറിച്ചും കാലനാമസ്മരണ ഒന്നുമാത്രം ഒഴിച്ചു് സ്വബോധം നിശ്ശേഷം വെടിഞ്ഞു്, അവർ യന്ത്രപ്പാവകൾപോലെ കറങ്ങി; മനസ്സിന്റെയും ദേഹ

ത്തിന്റെയും സൎവ്വാത്മപ്രയത്നം നിമിത്തം ഇടയ്ക്കിടെ ചില പുരോഹിതന്മാർ തിടിരെന്ന് നിലത്തുവീഴുകയും, ചുററും നടക്കുന്ന സംഗതികളെ ഗ്രഹിക്കുന്നതിനു കണ്ണുകാണാതെയും കാതുകേൾക്കാതെയും കാലസ്മരണാപരന്മാരായ മററവർ മനുഷ്യാസാധാരണമായി നൃത്തത്തെ തുടൎന്നുകൊണ്ടിരിക്കുകയും, ചെയ്തു.

ഇങ്ങനെ മണിക്കൂറു ഏകദേശം ഒന്നുകഴിഞ്ഞു. അപ്പോഴേക്കു മട്ട് ആകപ്പാടെ അസാരം മാറിക്കണ്ടു. വിറകു മിക്കവാറും എരിഞ്ഞു തീ അണഞ്ഞുതുടങ്ങി. പന്തങ്ങളിൽ പലതും എരിഞ്ഞടങ്ങി. കൊന്മൂകൾ അവിടവിടെ ചിതറിക്കിടപ്പുണ്ടു്. മങ്ങിക്കത്തുന്ന ഏതാനും പന്തങ്ങളിൽനിന്നു മാത്രമാണു്, അവിടെ അല്പാല്പം പ്രകാശം പുറപ്പെട്ടുകൊണ്ടിരുന്നതു്. ചിലസമയം പെട്ടെന്നു അഗ്നി ഒന്നു കാളിക്കത്തി, ഉടനെ അടങ്ങുന്നതിനിടയിൽ പുരോഹിതന്മാരൊക്കെ ചത്തതടിപോലെ രക്തവുമണിഞ്ഞു് അവിടെയെല്ലാംകിടക്കുന്നതുകാണാം. ഏകദേശം ഒരു ഇരുപതുപേർമാത്രം ഉറക്കത്തിൽ എന്നതുവണ്ണം ഞരങ്ങിക്കൊണ്ടും ശക്തികുറഞ്ഞകൈകൾകൊണ്ടു പിച്ചളത്തകിടിനെ മന്ദംമന്ദം വായുവിൽ അടിച്ചുകൊണ്ടും, വലിഞ്ഞുവലിഞ്ഞു വീഴുവാൻ തുടങ്ങുന്നു. മനസ്സിണങ്ങിയ ഈ ഭയങ്കര കാഴ്ച ആസ്വദിച്ചിട്ടെന്നവണ്ണം, ഒരു ഊറിയ ചിരിയെ ചോപ്പുതേച്ച മുഖത്തിൽ വിളക്കിക്കൊണ്ടു്, ആ കൊടിയ വിഗ്രഹം ഇളകാതെ അഗ്രാസനസ്ഥാനത്തുണ്ടു്. "ക്ലീം" അവസാനം ശേഷിച്ച ഒരു പുരോഹിതനും നിലത്തുവീണുകഴിഞ്ഞു. ആ ഹാൾ നിശ്ശബ്ദമായി. കേവലം അസാധാരണമായ ഈ നാടകത്തിന്റെ ഒരു അരങ്ങുകഴിഞ്ഞു.

•

മണിക്കൂർ അരയോളം കഴിഞ്ഞു. ഗുഹാഗർഭം നിശ്ശബ്ദമായും, ഇനി എന്താണു നടക്കുവാൻ പോകുന്നതു് എന്നു് ഞങ്ങൾ ഹൃദയംകൊണ്ടു് ആലോചിച്ചുകൊണ്ടും കണ്ണുകൊണ്ടു നോക്കിക്കൊണ്ടും, ആണു് ഈസമയം പോയതു്. പെട്ടെന്നു് ഒരു വലിയമണി; ഒരു ശബ്ദംമാത്രം; വലിയ ഒരു തിരമാല അലറിമറിയുന്നതുപോലെയും ഭൂകമ്പത്തിന്റെ ഒരാഘോഷം കടന്നുപോകുന്നതുപോലെയും; ഒരുശബ്ദം, ആരംഭിച്ച് അടുത്തുവന്നു്, കടന്നുപോയി. ചലനമില്ലാതെകിടന്ന പുരോഹിതന്മാരിൽ ഒരുപത്തുനാല്പതുപേർവലിഞ്ഞിഴഞ്ഞു പ്രതിഷ്ഠയുടെ വട്ടത്തിലായി, കനകമണ്ഡപത്തിന്മേൽ തന്നെത്താൻ ക്രമപ്പെടുത്തുകയും; അശേഷം ബോധം നശിച്ചുകിടന്ന അന്യന്മാരെ ഉന്തിയും തള്ളിയും തങ്ങളുടെ വരിയിൽ മുറയ്ക്കുചേൎത്തു വൃത്തം പൂൎണ്ണമാക്കുകയും, ചെയ്തു. പിന്നെയും ഭയങ്കരമായ ഒരു ഘണ്ടാനാദം. എല്ലാവരും എഴീററു മുട്ടിന്മേൽനിന്നു കഴിഞ്ഞു. അതേ, സന്ദേഹമില്ല, അതവൻവന്നുകഴിഞ്ഞു; കാണേണ്ടതുകണ്ടു. രണ്ടുകോൽ നീളം ഉള്ള ഒരു വലിയ പന്തംവഹിച്ചും, ഒന്നാന്തരം ഒരു വെള്ളക്കുപ്പായംധരിച്ചും, ഇടതൂൎന്നുവളൎന്ന വലിയ താടിരോമംകൊണ്ടു മാറുമറച്ചും, പ്രകൃത്യാ ഗംഭീരമായ മുഖം ഉയൎത്തിപ്പിടിച്ചും ആകാശത്തു സൂൎയ്യൻപോലെ മനുഷ്യരിൽ രാജാവു് എന്നതുപോലെ—വന്നുകയറിയതു ദിവാൻറാവുബഹദൂർ പ്രണതാൎത്തിഹരിഹരസുബ്രഹ്മണ്യരായർതന്നെ. ഉറച്ചനടയോടും, ഗുഹാരാജാവെന്നു പ്രകാശിക്കത്തക്ക ഗൌരവത്തോടും, കാലവിഗ്രഹത്തിനു സമീപിച്ചും അഭിമുഖമായും, പന്തവും ഉയൎത്തിപ്പിടിച്ചുകൊണ്ടു് ആ പുരോഹിത നായകൻനിന്നു. അതാ! ഒരു ഉൾഗുഹയ്ക്കകത്തുനിന്നു് അഞ്ചാറു താടിക്കാർ ഇറങ്ങിവരുന്നു! മുളകൊണ്ടുകുത്തി ആ വാപ്പു് അവർ കമഴ്ത്തിക്കഴിഞ്ഞു. അതിനുള്ളിലുണ്ടായിരുന്നസാമാനങ്ങൾ വാപ്പിനുകീഴിലും ജലം ഒഴുകി പുറപ്പെടവേ ചിററിക്കൊണ്ടുയൎന്ന ആവി മേഘങ്ങൾ വാപ്പിന്റെ പുറത്തും; സ്ഥലംപിടിച്ചു. ദിവാൻ നേരിയ ശബ്ദത്തിൽ ആരംഭിച്ചിരുന്ന ഒരു മന്ത്രം, വാപ്പു കമഴ്ന്നു

വീഴുകയും ആവി ആ പ്രദേശമെല്ലാം നിറയുകയുംചെയ്തതിനോടുകൂടെ, ഒച്ചവർദ്ധിച്ചു, കാലനോടു അഭിമുഖമായ ഒരു പ്രസംഗമായിപരിണമിച്ചു. ഞങ്ങൾ ഇരുന്നദൂരത്തു അർത്ഥം വിളങ്ങാത്ത ആ പ്രസംഗം, ക്രമേണ ശബ്ദം അടങ്ങി ഒരുമന്ത്രമായി. പിന്നെയും:—അഹോ! എന്താണിതു് പ്രേതമോ ഭൂതമോ വേതാളമോ? ഏതാനും പേർ വന്നു വാപ്പുപൊക്കിയപ്പോൾ, അവിടെ അങ്ങോട്ടും ഇങ്ങോട്ടും ഉരുണ്ടുകൊണ്ട വെളുത്ത പദാർത്ഥങ്ങൾ, ഓരോമനുഷ്യത്തലകളായിരുന്നു. തിളച്ച ജലത്തിൽ വാപ്പിനകത്തു വരികയും, ഇപ്പോൾ ഓരോ പുരോഹിതന്മാർ എടുക്കുകയും, മുമ്പേതന്നെ പണിയപ്പെട്ടിരുന്ന ഭയങ്കരഭിത്തിമേൽ അടുക്കുകയും, ചെയ്തവയായി ഏകദേശം ഇരുപതുതലകളോളം ഉണ്ടു്. കനകമണ്ഡപത്തിനു ചുററും കണ്ട ആ ഭിത്തിയുടെ ദുഷ്ടചരിത്രത്തിന്റെ ക്രൂരതയും ഭയങ്കരത്വവും ഞങ്ങൾക്കു് ഏതാണ്ടു് മനസ്സിലായി. എല്ലാകറുത്തവാവിനും ഒരു പതിനഞ്ചുതലകളെ വെള്ളത്തിലിട്ടു പുഴുങ്ങി ആ മതിലിനോടു ചേർത്ത ആ പൈശാചികന്മാർ ഹാ കഷ്ടം, കഷ്ടം, കഷ്ടം!! ഇവരാണു് ഭൂലോകശവന്തിനിപ്പാതാളപ്പുരവാസികൾ.

ശിരസ്സുകളെല്ലാം ഭിത്തിമേൽ അടുക്കിയശേഷം, പുരോഹിതന്മാർ നൃത്തവേഗം പിന്നെയും കനകമണ്ഡപത്തിന്മേൽ വൃത്തത്തിൽ അണിനിരന്നു്, പാട്ടുപാടി അട്ടഹസിച്ചു—ഭൂഗർഭത്തിൽ എവിടെയോ മണിനാദങ്ങളും ഗംഭീരമായ പ്രതിധ്വനികളും കേൾക്കുന്നുണ്ടു്—നരബലിചെയ്തുദേവതാപ്രീതി സമ്പാദിച്ചതിനാൽ അവർ തൊണ്ടകീറുമാറു്, വളരെനേരം പൊടിപൂരപ്പെട്ടുത്തിക്കൊണ്ടിരുന്നു. ആ മനുഷ്യരുടെ ചാട്ടവും അട്ടഹാസവും കണ്ടും കേട്ടും മേൽത്തട്ടിൽ ഇരുന്നു മരച്ച ഞങ്ങൾക്കു കൂടെയും ഹാ, മനുഷ്യൻ എത്ര അല്പനാണു്—ഞങ്ങൾക്കു കൂടെയും, ആ കരിങ്കൽക്കാലന്റെ മുഖത്തു് അല്പം ഭാവഭേദം ഉണ്ടായതായും, ഉള്ളു നിറഞ്ഞിരുന്ന സന്തോഷം പ്രകാശിക്കുന്നതായും, തോന്നി. ഇതിനിടയ്ക്കു, ദേഹം, മാംസവും, ഹൃദയം കരിങ്കല്ലും ആയ ദിവാൻ കാലബിംബത്തെത്തന്നെ മുഖമുറപ്പിച്ചു്, അശേഷം ചലനമില്ലാതെ നില്ക്കുകയാണു്.

നൃത്തം അവസാനിച്ചു. പതിവുപോലെ ആഭരണച്ചുമട്ടുകൾ വന്നു് ദേവവിഗ്രഹം നാനാവർണ്ണാലങ്കാരപ്രശോഭിതമായി. പന്തവും എടുത്തു പുരോഹിതന്മാർ നടന്നു. അവരുടെ ജപത്തിന്റെ മുറുമുറുപ്പും, കൈമണികളുടെ ഛിണുഛിണനിനാദവും, കുറഞ്ഞുകുറഞ്ഞു കേൾക്കുവാൻ ഇല്ലെന്നായി. കാലാലയം നിശ്ശബ്ദമായി. കമഴ്ന്നു കിടന്ന എട്ടു കാവല്ക്കാർ കനകമണ്ഡപത്തിന്മേലും, വായുംപിളർന്നു കണ്ണുമലർത്തി കുത്തിയിരിക്കുന്ന നാലുകാവല്ക്കാർ മുകളിൽ ഗുഹാദ്വാരത്തിലും, ശേഷിച്ചു. അനേകമനേകം പന്തങ്ങളും വലിയതീയും എരിഞ്ഞുകൊണ്ട, ആ ഗുഹയ്ക്കകത്തു നാലുപന്തങ്ങൾമാത്രം മങ്ങി ശേഷിച്ചതിനാൽ ഞങ്ങൾ മിക്കവാറും അന്ധകാരത്തിൽ എന്നതുപോലെ ആയി.

## അദ്ധ്യായം ൧൯.

### ഒരു നൂതന പുരോഹിതൻ.

കല്ലനും ഞാനും ഗുഹയ്ക്കകത്തുനിന്ന് ഇറങ്ങി കാട്ടുവഴിയിൽക്കൂടെ ക്യാമ്പിലേക്കു തിരിച്ചപ്പോൾ പ്രഭാതം മണി അഞ്ചാകാറായി. വേലക്കാർ ഉണരുന്നതിനുമുമ്പേ ക്യാമ്പിൽ എത്തി കിടക്കകളിൽ സ്ഥലം പിടിക്കണമെന്നു കരുതി, ഞങ്ങൾ ബദ്ധപ്പെട്ടുകയായിരുന്നു. അതുകൊണ്ടും; ഗുഹാഗർഭത്തിൽ ഞങ്ങൾ കണ്ട അനുഷ്ഠാനങ്ങളും ആരാധനരീതികളും നിമിത്തം ഉണ്ടായ തലകറക്കം വിട്ടിട്ടില്ലാത്തതിനാലും; വഴിക്കു ഞങ്ങൾ ഒന്നുംതന്നെ സംസാരിച്ചില്ല; സംസാരിക്കാൻ ശക്തന്മാരും അല്ലായിരുന്നു. മിസ്റ്റർ ബഡ്ലിയോടും ഒരക്ഷരവും പറയാതെയാണ്, ഞങ്ങൾ ഇറങ്ങിപ്പോന്നതും. അദ്ദേഹത്തിന്റെ മുഖത്തു പതിവില്ലാതെ കണ്ട ഒരു ദിവ്യതേജസ്സും ഇളകിമറിയുന്ന മനസ്സിന്റെ ഒരു പ്രതിഛായയും; സ്നേഹം, ദ്വേഷം പ്രതികാരം എന്നിങ്ങനെ ഒരിക്കലും ഉണ്ടാകാത്തവികാരങ്ങളെ ഉണർത്തിക്കാണിക്കുന്ന നോട്ടവും—ആകപ്പാടെ ഒന്നുറയ്ക്കുന്നതിനു ധൈര്യമില്ലാത്ത ഞങ്ങൾ, വാ പൊളിക്കുന്നതിനു ശക്തന്മാരായില്ല. ഞങ്ങൾ ഓരോരുത്തരും അദ്ദേഹത്തിന്റെ കൈപിടിച്ച് അല്പം ഒന്നു അമർത്തിവിട്ട്, മടങ്ങിപ്പോന്നു; ഇങ്ങനെയാണ് നടന്നത്. എന്നാൽ വേലക്കാർക്കു സംശയം ജനിക്കാതിരിക്കാനായി പകൽ ക്യാമ്പിൽ താമസിക്കാനായി പോകയാണെന്നും; രാത്രി അത്താഴം കഴിഞ്ഞു ഗുഹയ്ക്കകത്തേയ്ക്കു തിരികെ വരുമെന്നും; ഞങ്ങൾക്കു പറയാനുണ്ടായിരുന്നതു ഞങ്ങൾ പറഞ്ഞില്ല; പക്ഷെ അദ്ദേഹം ഗ്രഹിച്ചു; ഗ്രഹിച്ചെന്നു അദ്ദേഹം പറഞ്ഞില്ല; പക്ഷെ ഞങ്ങൾ അറിഞ്ഞു. മനുഷ്യമനസ്സിന്റെ വ്യാപാരപ്രകാരങ്ങളെ മുഴുവനായി അറിഞ്ഞവർ ഈശ്വരൻ സൃഷ്ടിച്ച ഈ ഭൂമിയിൽ ഇല്ല.

ഞങ്ങൾ ക്യാമ്പിൽ പ്രവേശിച്ചു. വിശ്വസ്തനായ ചന്തു രാത്രിമുഴുവൻ ഉണർന്നു ഞങ്ങൾക്കായി നോക്കിയിരിക്കുകയായിരുന്നു. ഞങ്ങൾ രാത്രി ക്യാമ്പിൽ അല്ലായിരുന്ന വിവരം ഒരുത്തരും മനസ്സിലാക്കിയിട്ടില്ലെന്നും; വേലക്കാർ ആരും ഉണർന്നു കഴിഞ്ഞില്ലെന്നും; ഒന്നാമതായി അവൻ ഞങ്ങൾക്കു ഉറപ്പുതന്നു. കല്ലന്റെ ക്യാമ്പിൽ പ്രവേശിച്ചു ഒരോ ഗ്ലാസ്സു ബ്രാണ്ടിയും കുടിച്ച്, അടുത്തുള്ള ഓരോ കിടക്കകളിൽ ഒന്നു നിവർന്നു കിടന്നപ്പോൾ ഞങ്ങൾ വീണ്ടും ഭൂലോകത്തിൽ വന്നു എന്നു ഞങ്ങൾക്കു തോന്നി.

ഞാൻ:—"കല്ലൻ, നാം ഗുഹയ്ക്കകത്തുനിന്നു പുറപ്പെട്ട സമയം മിസ്റ്റർ ബഡ്ലിയുടെ മുഖത്തെ നിങ്ങൾ സൂക്ഷിച്ചുകണ്ടോ?

കണ്ണൽമക്കാളി:—സൂക്ഷിച്ചു കണ്ടു. എന്നുമാത്രമല്ല അതിന്റെ സാരവും എനിക്കു മനസ്സിലായിട്ടുണ്ട്.

ഞാൻ:—"സാമാന്യമെല്ലാം എനിക്കും മനസ്സിലായി എന്നു തോന്നുന്നു. പരമനിന്ദ്യമായ ആ നീചക്രിയയെക്കുറിച്ചും ആയാളുടെ പാതകങ്ങളെക്കുറിച്ചും ശുദ്ധാത്മാവായ അദ്ദേഹത്തിനു സഹിക്കവയ്യാത്ത ഒരു വെറുപ്പ് ആണ് അദ്ദേഹത്തിന്റെ മുഖത്തു കണ്ടത്.

കുന്നൽമക്കാളി:—അതുമാത്രമല്ല.
ഞാൻ:—"പിന്നെന്താണ്".

കല്ലൻ അല്പനേരത്തേക്കു ചിന്താമഗ്നനായിരുന്നു; ഞാൻ കിടന്ന വശത്തേക്കു തിരിഞ്ഞു സാമാന്യം ഗൌരവത്തോടു് ഇങ്ങനെപറഞ്ഞു:—"മോറാഭായി തന്റെ മകളാണെന്നും,—പിന്നെ—പിന്നെ—പിന്നെ—ആ മോറാഭായിയെ കാളിക്കു ബലികഴിപ്പാൻ ദിവാൻ നിശ്ചയിച്ചിരിക്കുകയാണെന്നും, സഡ്‌ലി വിശ്വസിക്കുന്നു" "ഹാ," എന്നു ശബ്ദിച്ചുകൊണ്ടു ഞാൻ എഴുനീററുപോയി. "എന്തു്? അതു നടക്കുന്നതാണോ?"

കുന്നൽമക്കാളി:—ഇന്നുരാത്രി നാം കണ്ട കാഴ്ചകൾക്കു ശേഷം, ഇന്നതു നടക്കും ഇന്നതു നടക്കുകയില്ല എന്നു പറയാമോ?

ഞാൻ—ശരി—എന്നാലും ഇതു അസംഭാവ്യമായ ഒരുകാര്യം നടക്കുമെന്നുള്ളതിലേക്കു്; അങ്ങേടത്തിനു എന്തുലക്ഷ്യമാണു കിട്ടിയിട്ടുള്ളതു്?"
കുന്നൽമക്കാളി:—"നാം പിരിയാറായ സമയം സഡ്‌ലിയുടെ മുഖം കാണേണ്ട ഒന്നായിരുന്നു. ഉഗ്രത, ജ്വലാസ, വെറുപ്പു് എന്നിതുകളെല്ലാം ആ മുഖത്തു കാണാമായിരുന്നു. അപ്പോഴാണു് ഞാൻ ആലോചനതുടങ്ങിയതു്. ഞാൻ പറഞ്ഞതു ശരിയാണു്.
ഞാൻ:—"എന്തു്?"
കുന്നൽമക്കാളി:—ഞാൻ പറഞ്ഞതുതന്നെ. മോറാഭായിയെ ആ മരണനരകദേവന്നു ബലിയായി കൊല്ലാൻ തുടങ്ങുകയാണു്.
ഞാൻ:—അങ്ങിനെ നടക്കുമെന്നാണോ നിങ്ങൾക്കു തോന്നുന്നതു്?
കുന്നൽമക്കാളി:—എനിക്കു തോന്നുകയുള്ളു.
ഞാൻ:—അതെന്താണു്?

കുന്നൽമക്കാളി:—"പായാം" മോറാഭായിയെ മകളാണെന്നു പറയാറുണ്ടെങ്കിലും, ദിവാനു് ആ സാധ്വിയെക്കുറിച്ചു് അന്തരംഗത്തിൽ ഒരു ഗണ്യമില്ലെന്നാണല്ലോ, മേരിയുടെ അഭിപ്രായവും നമ്മുടെ നിശ്ചയവും. എന്നുമാത്രവുമല്ല, മോറാഭായിയെ ആയാൾ ഹൃദയംകൊണ്ടു വെറുക്കുന്നുണ്ടു് എന്നുള്ളതിലേക്കും ലക്ഷ്യം ഇല്ലാതില്ല. പിന്നെയെന്തിനാണു് ഏതാനും ആഴ്ചകൾക്കുമുമ്പു്, അവൾക്കു ഏതോ സുഖക്കേടുകൾ കണ്ടപ്പോൾ, അയാൾ ഇത്ര പരിഭ്രമിച്ചതു് എന്നു സംശയം ഉണ്ടാകാം. മേരിയെ ആദ്യം അന്തഃപുരത്തിൽ വച്ചു കണ്ടപ്പോൾ അയാൾ പറഞ്ഞ വാക്കുകൾ നിങ്ങൾ ഓർക്കുന്നുണ്ടോ? അച്ഛന്മാർ മക്കളെക്കുറിച്ചു പറയുന്ന വാക്കുകളാണോ അതു്."

ഞാൻ—"ഞാൻ ഓർക്കുന്നു. കുറഞ്ഞതു കണക്കു മൂന്നുമാസത്തേക്കു മോറാഭായിയെ സുഖപ്പെടുത്തണമെന്നോ മററോ അല്ലേ"
കുന്നൽമക്കാളി—അയാൾ ആ സമയത്തു പറഞ്ഞവാക്കുകൾ ചുട്ടുപഴുത്ത നാരായംകൊണ്ടു് എന്റെ ഹൃദയത്തിൽ ഞാൻ എഴുതീട്ടുണ്ടു്. എന്തൊരു അപേക്ഷയാണു് ആ കഠിനഹൃദയൻ ചെയ്തതു്.
ഞാൻ—അതേ അതേ അങ്ങിനെയാണു് ദിവാൻ പറഞ്ഞതായി മേരി പറഞ്ഞതു്.
കുന്നൽമക്കാളി—ആയാൾ ആവശ്യപ്പെട്ട പന്ത്രണ്ടു് ആഴ്ചകളിൽ ഒമ്പതു കഴിഞ്ഞിരിക്കുന്നു.

ഞാൻ—എന്നിട്ടും മോറാഭായിക്കു തരക്കേടു ഒന്നും വന്നിട്ടില്ലല്ലോ. അവൾക്കു ഇപ്പോൾ പൂൎണ്ണസൌഖ്യവും ഉണ്ടു്.

കന്നൽമക്കാളി—ഒരു രണ്ടാഴ്ചയ്ക്കകം നൂർജിഹാൻപുരത്തു് ഏതോ ഒരു വലിയ ഉത്സവം നടക്കുന്നതായി അറിഞ്ഞില്ലേ? ഒരു തലമുറയിൽ ഒന്നുവീതം ഇരുപത്തഞ്ചുവൎഷത്തിൽ ഒന്നുമാത്രം കൊണ്ടാടുന്ന ആ ഉത്സവം, ഈ ദിക്‌വാസികൾക്കൊക്കെ ഒരു മഹാകാൎയ്യമാണു്.

ഞാൻ—ഉം, അതേ.

കന്നൽമക്കാളി—ആ ഉത്സവകാലത്തിൽ നൂർജിഹാൻപുരത്തുള്ള എപ്പേൎപ്പെട്ട പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും സരസ്വതിയെ ഘോഷമായി ആരാധിക്കുന്നതാണു്.

ഞാൻ—ഉവ്വല്ലോ, കാലപുരോഹിതന്മാരോ?

കന്നൽമക്കാളി—അതേ. കാലപുരോഹിതന്മാരോ ? അതാണു് അറിയാനുള്ളതു്. സാമാന്യന്മാൎക്കു ഒക്കെ സരസ്വതി ഒരു പരിശുദ്ധനദിയാണു്. മതസൎവ്വസ്വത്തിൻെറ ആന്തരികതത്വങ്ങളിൽ അഭിമന്ത്രിതന്മാരായ ഈ കാലന്മാർ മാത്രമാണു് സരസ്വതിയുടെ അന്തൎവ്വാഹിനിയെ കണ്ടിട്ടുള്ളതു്. ഇൻഡ്യയിലെ മിക്ക ആചാരങ്ങളും; രഹസ്യങ്ങളായ ഓരോ തത്വങ്ങളേയും സിദ്ധാന്തങ്ങളേയും അടിസ്ഥാനമാക്കി, ഓരോ അഗാധപുരുഷന്മാർ നിൎമ്മിച്ചിട്ടുള്ളതാണു്. അൎത്ഥമില്ലാത്ത ആചാരപരമ്പരയെ, മൂഢജനങ്ങൾ അനുവൎത്തിച്ചുപോരുന്നു എന്നു മാത്രമാണു്. സരസ്വതീനദിയുടെ പൂജയായി നൂർജിഹാൻ പുരത്തുള്ള എല്ലാവരും ഒരു തലമുറയിൽ ഒന്നുമാത്രം നടത്തിപ്പോരുന്ന ഉത്സവം, കാലപുരോഹിതന്മാർ അന്തൎവ്വാഹിനിയെ ഉദ്ദേശിച്ചുചെയ്യുന്ന ഏതോ ഒരു കൎമ്മത്തിൻെറ ജഢമായിരിക്കാനാണു് ഇടയുള്ളതു്.

ഞാൻ—എനിക്കു നിങ്ങളുടെ അൎത്ഥം ഏതാണ്ടു വിളങ്ങിത്തുടങ്ങി.

കന്നൽമക്കാളി—കാലനെ ആരാധിക്കുന്നവർ രക്തപൂജചെയ്യുന്നവരാണെന്നു നാം കണ്ടറിഞ്ഞതല്ലേ? ഒരു തലമുറയിൽ ഒന്നുവീതം വരുന്നതായ ഒരു മഹോത്സവാവസരത്തിൽ കാലപ്രതിഷ്ഠാഗുഹയിൽ, നരബലി നടക്കുമെന്നുള്ളതിനെക്കുറിച്ചു സംശയിപ്പാൻ ഇല്ല. ബ്രിട്ടീഷ്ഗവൎമ്മെണ്ടിൻെറ കൈ, ഈ ഭാരതഭൂമിയിൽ എല്ലായിടത്തും ഒരുപോലെ ചെന്നെത്തിയിട്ടുണ്ടെന്നു് എനിക്കു മുമ്പേതന്നെ അഭിപ്രായമില്ല.

ഞാൻ—എന്താണു വിചാരിക്കേണ്ടതു്?

കന്നൽമക്കാളി—അങ്ങനെ ഞെരുങ്ങി സമ്മതിക്കണമെന്നില്ല. പബ്ളിക്കായി രക്തം ചൊരിയുന്ന കൎമ്മങ്ങൾ ഇൻഡ്യയിൽ വളരെ സാധാരണമാണു്. ഒരു കാളയുടെ നാലുകാലുകളേയും, കുററികളിന്മേൽ ബന്ധിച്ചുനിൎത്തി, ആളുകൾ ചുററുംകൂടി അതിനെ കടിച്ചുതിന്നുന്ന ഒരു ക്രിയ, പത്തുവൎഷത്തിലൊരിക്കൽ കൊച്ചിയിൽ നടപ്പുണ്ടു്. കഴിഞ്ഞ ആണ്ടിൽ ഞാൻതന്നെ അതു കാണുകയുണ്ടായി. വൎഷംതോറും ഈ കൎമ്മം ഒരു സാധാരണഗതിയിൽ നടത്തുന്നതു്, ഒരുവൻ ഒരു ആടിനെ കടിച്ചു ചോരകുടിച്ചിട്ടാണു്. ഇവിടെ പത്തുരണ്ടായിരം വൎഷങ്ങളായി പാൎത്തുപോരുന്ന സുറിയാനികൾ എന്നൊരുതരം ക്രിസ്ത്യാനികളുടെ പള്ളികളിൽ വൎഷത്തിലൊരിക്കൽ പത്തും ആയിരവും കോഴികളെവീതം കൊന്നു്, ഒരു കൎമ്മം നടത്തുകപതിവുണ്ടു്. പീരുമേടിനു് അടുത്തെങ്ങാണ്ടു് പുതുപ്പള്ളി എന്നൊരു സ്ഥ

ലത്തു്, ഒരു വർഷത്തിൽ കൊന്ന കോഴികൾ ഇരുപത്തുനാലു ചെമ്പുകൾ നിറയെ ഉണ്ടായിരുന്നുപോലും. ഇങ്ങനെയുള്ള രക്തപ്രവാഹം ഒക്കെയും, നരബലിയുടെ അവശിഷ്ടങ്ങൾ മാത്രമാണെന്നും, മതങ്ങളുടെ ആന്തരികതത്വങ്ങളെ പരിപാലിച്ചു പോരുന്നവരെന്നു് അഭിമാനിക്കുന്ന കാലകിങ്കരന്മാരെപ്പോലെയുള്ള പല ഗൂഢസമാജക്കാരും ഇന്നും നരബലികൊണ്ടു് ഈശ്വരപ്രസാദം സമ്പാദിക്കുവാൻ ശ്രമിക്കുന്നവരാണെന്നുമുള്ളതു് ഇൻഡ്യാക്കാരുടെ ഇടയിൽ അത്ര രഹസ്യമായ ഒരു കാര്യമല്ല. ബ്രിട്ടീഷ്ഗവർമ്മെണ്ടിന്റെ കോയ്മ മാറികിട്ടാമെങ്കിൽ, കാളയും കോഴിയുംകൊണ്ടു ദേവപ്രസാദം വരുത്തുന്ന ഓരോരുത്തരും, എന്നെയോ നിങ്ങളെയോ കിട്ടിയാൽ കഴുത്തറക്കുവാൻ കത്തി അന്വേഷിച്ചുതുടങ്ങും.” ഞാൻ കണ്ണുമിഴിച്ചു.

കർണ്ണൽമക്കാളി—സംശയിക്കേണ്ട. ബ്രിട്ടീഷ്ഗവർമ്മെണ്ടിന്റെ അധികാരം പ്രബലപ്പെട്ടുതന്നെ വരുന്നു. പക്ഷേ, ഇന്നും ഇൻഡ്യയുടെ പല കോണുകളിൽ നടക്കുന്ന ക്രൌര്യങ്ങൾക്കു ഒരു കണക്കും കൈയുമില്ല. പട്ടണങ്ങളിൽ നിന്നൊക്കെ ദൂരെമാറികിടക്കുന്ന ഈ നൂർജിഹാൻപുരത്തിൽ എന്തെല്ലാം നടന്നിരിക്കുന്നു, എന്തെല്ലാം നടക്കാനിരിക്കുന്നു? ഈശ്വരനുമാത്രം അറിയാം. ലാൽജി കണ്ട കാര്യങ്ങളല്ലയോ, അവൻ പറഞ്ഞുകേൾപ്പിച്ചതു്. വാപ്പിൽ ഇട്ടു പുഴുങ്ങിയതായി നാം ഇന്നലെ കണ്ടതലകൾ, ഓരോമനുഷ്യരുടെ കഴുത്തിൽ ഇരുന്നവയല്ലേ? കാലകിങ്കരന്മാരുടെ ദുഷ്ടതയ്ക്കു ഒരു അതിരു കുറിക്കുവാൻ ആരെക്കൊണ്ടു സാധിക്കും?

ഞാൻ—എന്തുപറയണമെന്നറിയാതെ, “മോറാഭായിയുടെ കാര്യമാണല്ലോ, ഞാൻ പറഞ്ഞുകൊണ്ടിരുന്നതു്.”

കർണ്ണൽമക്കാളി—അതേ, അതേ. നൂർജിഹാൻപുരത്തു നടക്കുവാൻപോകുന്ന ഉത്സവം വളരെ അസാധാരണമാണു്. ആ ഉത്സവകാലംവരെയ്ക്കു മോറാഭായിയുടെ ആയുസ്സിനെ രക്ഷിക്കണമെന്നാണു് ദിവാന്റെ അപേക്ഷ. ദിവാൻ മനുഷ്യരെ കഴുത്തറക്കുന്ന ഒരു മതത്തിന്റെ പ്രധാനപുരോഹിതനാണു്. ഇതൊന്നും പോരെങ്കിൽ, ദിവാൻ മോറാഭായിയെ മകളെന്നുപറയുന്നുണ്ടെങ്കിലും, ആന്തരത്തിൽ വെറുക്കുന്നുണ്ടു് എന്നുള്ളതിലേക്കു നമുക്കു ലക്ഷ്യങ്ങൾ കിട്ടിയിട്ടുണ്ടു്. ആകെക്കൂടി ഒന്നു്, ആലോചിക്കുക.

ഞാൻ—ഈ കുഞ്ഞിനെത്തന്നെ കൊല്ലണമെന്നു് എന്താണു്?

കർണ്ണൽമക്കാളി—ആ ചോദ്യത്തിനു മറുപടി നമ്മുടെ പരിശ്രമംകൊണ്ടു നാം കണ്ടുപിടിക്കേണ്ടതായിരിക്കുന്നു. എന്നാൽ ഒന്നു നമുക്കു നിശ്ചയിക്കാം. അച്ഛൻ എന്നു പറഞ്ഞുനടക്കുന്ന ഈ ദിവാനോടു്, മോറാഭായിക്കു യാതൊരു രക്തസംബന്ധവുമില്ലെന്നും, ആയാളുടെ മതം ആവശ്യപ്പെടുന്നപക്ഷം, പുതുപ്പള്ളിക്കാർ കോഴിയെ അറക്കുന്നതുപോലെ, യാതൊരുസംശയവുംകൂടാതെ ഈ ദിവാൻ ആ കുഞ്ഞിന്റെ കഴുത്തറക്കുകയും തലപുഴുങ്ങി ചുവരിന്മേൽ ചേർക്കുകയും ചെയ്യുമെന്നുള്ളതിലേക്കു യാതൊരുസംശയവുമില്ല. വേറെയും ചില ഊഹങ്ങൾ ചെയ്തുകൂടെന്നില്ല. എന്റെ അഭിപ്രായം തന്നെ, മിസ്റ്റർ സഡ്‌ലിയുടെ തലയിലും കടന്നിട്ടുണ്ടു് എന്നാണു് എന്റെ ബലമായ വിശ്വാസം. അടുത്തുകഴിയാനിരിക്കുന്ന വലിയ ഉത്സവദിവസം മോറാഭായിയെവധിക്കണമെന്നു്, ഈ ദിവാൻ നേർന്നിട്ടുള്ള വല്ല നേർച്ചയും അനുസരിച്ചോ, മരണപ്പിശാചായ കാലന്റെ പ്രധാനപുരോഹിതൻ എന്ന ഉദ്യോഗത്തിന്റെ വല്ല ചട്ടംകെട്ടും അനുസരിച്ചോ, തീർച്ചചെയ്തിട്ടുണ്ടെന്നാണു ഞാൻ പറയുന്നതു്.

ഞാൻ—അതൊരിക്കലും സമ്മതിക്കരുത്. ആ കുട്ടിയെ നമുക്കു രക്ഷിക്കണം.

കൎണ്ണൽമക്കാളി—പറയാനുണ്ടോ. രക്ഷിക്കണം; സംശയിക്കാനുണ്ടോ.

ഞാൻ—"ആ കുഞ്ഞിനെ രക്ഷിക്കും" എന്നു എന്തെന്നറിയാതെ ഞാൻ വിളിച്ചു എഴുനീററുപോയി.

കൎണ്ണൽമക്കാളി—ബദ്ധപ്പെട്ടതുകൊണ്ടു പ്രയോജനമില്ല. ഇരിക്കു, മനസ്സുകൊണ്ടായില്ലല്ലോ. വേണ്ട ആലോചനയോടുകൂടെ കരുതി പ്രവൎത്തിക്കണം.

ഞാൻ—അടുത്ത ഡിസ്ട്രിക്ററിൽ കലക്ടറർ മേജർ ഹിൻഡ്ലിപ്പിന്റെ പേൎക്കു ഉടനെ ഒരു കമ്പികൊടുക്കാം. ഒരുകമ്പിനി പട്ടാളം വരട്ടെ.

കൎണ്ണൽമക്കാളി—മന്ദഹസിച്ചുംകൊണ്ടു ഇതെന്തു ബദ്ധപ്പാടാണു ജാൺ; നിങ്ങളുടെ ബുദ്ധിയൊക്കെ ചോൎന്നുപോയോ? ഇതെവിടം ആണെന്നുവച്ചാണു നിങ്ങൾ സംസാരിക്കുന്നത്. കമ്പി അടിക്കേ!

അബദ്ധം, ഞാൻ ക്ഷണിച്ച ഉടനെ അബദ്ധമാണെന്നു എനിക്കു മനസ്സിലായി. കല്ലന്റെ ഉപദേശംകൂടെ ആയപ്പോഴേക്കു ജല്പനം ഇതിലധികം വരേണ്ടതില്ല.

കൎണ്ണൽമക്കാളി—മേജർഹിൻഡ്ലിപ്പു എന്റെ ഒരു ഇഷ്ടനാണ്. പക്ഷേ, ഒരുമാസത്തിനകമായി അദ്ദേഹം ഇവിടെ വന്നുചേരാൻ സാധിക്കുന്നതല്ല. ശ്രമിക്കുന്നപക്ഷം മൂന്നുമാസത്തിനകം ഒരുകമ്പിനി പട്ടാളത്തിനെ വരുത്തുവാൻ സാധിക്കുമായിരിക്കും. വലിയതോക്കിലെ വെടിയുണ്ടയേക്കാൾ ബലമായിട്ടു നമുക്കു ഉപയോഗപ്പെടുന്നതു മേരിയുടെ കൌശലംതന്നെ.

ഞാൻ—അതേ, നിങ്ങളുടെ സഹോദരി മേരി ബുദ്ധിയുള്ള ഒരു യുവതിയാണ്.

കൎണ്ണൽമക്കാളി—അതേ, നമുക്കു സാവധാനത്തിൽ പ്രവൎത്തിക്കാം. നാം മൂന്നുധൈൎയ്യമാരും ഒരു ഇംഗ്ലീഷുസ്ത്രീയും സമൎത്ഥനായ ഹസ്സനും, ആവശ്യപ്പെട്ടാൽ ചന്തുവും ഇങ്ങനെ അഞ്ചാളുകളുണ്ട്. ദൈവം നമ്മേ അനുഗ്രഹിക്കട്ടെ.

ഇങ്ങനെ പറഞ്ഞു, കട്ടിലിൽകിടന്നു ഉരുണ്ടും, ചുരുട്ടുപിടിച്ചും, ഉറക്കംവരാതെയും ഭക്ഷണം വേണ്ടെന്നുവച്ചും, നേരം വൈകി. പക്ഷികൾ അടങ്ങി, അന്ധകാരം പരന്നു. നരികൾ കൂവി; വേലക്കാർഉറക്കത്തിനുകയറി. ചന്തുഉറക്കമിളക്കാൻഒരുങ്ങി; ഞങ്ങൾ പുറപ്പെട്ടു. ചന്ദ്രപ്രകാശമില്ലാതിരുന്ന ആ രാത്രി സാമാന്യം ഭയപ്രദമായിരുന്നു എങ്കിലും മിസ്റ്റർ സഡ്ലിയുടെ സമീപത്തിൽ എത്താനുള്ള ആഗ്രഹംനിമിത്തം ഞങ്ങൾ മുറുകെ നടന്നു, കുതിച്ചോടി, ഗുഹാദ്വാരത്തിൽ ഇറങ്ങി. ക്രമേണ, ഞങ്ങൾ സ്ഥിരവാസമാക്കിയിരുന്ന മേൽഗുഹയിൽ എത്തി. ഞങ്ങൾ ചെല്ലുന്നതുകണ്ടു ഹസ്സൻ സലാംചെയ്തു അടുത്തുവന്നു.

കല്ലൻ—(പരിഭ്രമിച്ചു) Where is your Sahib? (നിന്റെ ധ്വര എവിടെ?)

ഹസ്സൻ—പ്രതിഷ്ഠാഗുഹയിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു ചുരുക്കത്തിൽ There (അവിടെ)

കല്ലൻ—ഭയംപിടിച്ചു പിടിച്ചു വിറച്ചുകൊണ്ടു What do you mean? (എന്തുപറയുന്നു)

ഹസ്സൻ—my master is among the watachers. Come with me sahib, I shall explain all. എന്റെ ധ്വര അവിടെ ആ കാവല്ക്കാരുടെകൂടെ കിടക്കുന്നു—സാഹിബ്ബ്, ഇതിലെ വരുക. ഞാൻ വിവരംപറയാം.

സംഗതികളുടെ ഗതി എങ്ങനെ മാറിയെന്നു അറിയാതെ പരിഭ്രമിച്ചുകൊണ്ടു ഞങ്ങൾ പട്ടാണിയുടെ പുറകെ ഗുഹയുടെ ഉള്ളിലേക്കുമാറി. അവിടെനിന്നും ബഹുവശങ്ങ

ളിലേക്കും ഉണ്ടായിരുന്ന ഏതാനും ചെറിയ അറകളിൽ ഒന്നിൽക്കൂടെ അവൻ ഞങ്ങളെ നടത്തി. ഒരു പതിനഞ്ചു് അടി അതിനകത്തായി; ഉടനെ ആ അന്ധകാരത്തിൽ അവൻ തീപ്പെട്ടി ഉരച്ചു് ഒരു മെഴുകുതിരികത്തിച്ചു് ഉയർത്തിപ്പിടിച്ചു. അവിടെ ഒരു ശവം നഗ്നമായിക്കിടക്കുന്നു. മാറിന്റെ ഒരുവശത്തായി ചങ്കിനു ഒരു കഠാരിയിറങ്ങിയ പാടുമുണ്ടു്.

ഹസ്സൻ—"Priest of Yama, I killed him. Sudleigh Sahib takes his clothes and watch at the altar of the God. ഇവൻ കാലപുരോഹിതൻ—ഞാൻ അവനെ കൊന്നു. സഡ്ലിസാഹിബ്ബ് അവന്റെ കുപ്പായം ഉടുത്തു്, താഴെ കാലന്റെ കാവല്ക്കാരനായിക്കിടക്കുന്നു." ദിവസംപ്രതി നടക്കുന്ന ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചു പറയുന്നവണ്ണം, ഒരു കുലുക്കവുംകൂടാതെ ഇതുപറഞ്ഞു് അവസാനിപ്പിച്ചു്, അവൻ പ്രകാശം പെട്ടെന്നു് ഊതിക്കെടുത്തി.

കള്ളൻ— Come back to the other cave, Hassan, and tell us all about this: ഇവിടെ നിന്നിറങ്ങാം; ഹസ്സൻ; ഇറങ്ങിവാ, എല്ലാ വിവരങ്ങളും കേൾക്കട്ടെ.

എന്നു ഹസ്സന്റെ ചെവിയിൽപറഞ്ഞു. ഞങ്ങൾ മൂന്നുപേരും മടങ്ങി. ഹസ്സൻ പറയാനുള്ളതു് എളുപ്പത്തിൽ പറഞ്ഞു. അന്നു വെളുപ്പിനു ഞങ്ങൾ മടങ്ങിയഉടനെ മിസ്റ്റർ സഡ്ലി ഉറച്ചതാണു്. അടുത്ത രാത്രിയും കാലനെ അഭിമുഖീകരിച്ചു പ്രധാന പുരോഹിതൻ പ്രസംഗം ചെയ്യാനാണു ന്യായമുള്ളതു് എന്നും, അടുത്തു കേട്ടാൽ പല കാലാരാധന രഹസ്യങ്ങളും ഗ്രഹിക്കുവാൻ കഴിയുന്നതാണെന്നും കരുതി കനകമണ്ഡപത്തിന്മേൽ പുരോഹിതന്മാരുടെ ഇടയിൽ ഒരു സ്ഥലം പിടിക്കണമെന്നായിരുന്നു മിസ്റ്റർ സഡ്ലിയുടെ നിശ്ചയം.

കള്ളനൽമക്കാളി—ഇത്ര ആപൽക്കരമായ ഒരു സ്ഥലത്തു പ്രവേശിക്കുന്നതിനു നല്ല പ്രബലമായ കാരണം അദ്ദേഹത്തിനുണ്ടായിരിക്കണം. മോറാബായിയെ കൊല്ലുവാൻ കാലകിങ്കരന്മാർ ഉറച്ചിട്ടുണ്ടു് എന്നു് എനിക്കുണ്ടായിരുന്ന സംശയം അദ്ദേഹത്തിനുണ്ടായിരുന്നിരിക്കണം.

ഞാൻ തലകുലുക്കി.

മേൽപ്രകാരം മിസ്റ്റർ സഡ്ലി ഉറച്ചയുടനെ ഒരു പ്രാരംഭക്രിയയ്ക്കായി അദ്ദേഹം ഹസ്സനെയാണു നിയോഗിച്ചതു്. ആ കാലകിങ്കരന്മാർ പ്രഭാതത്തിൽ പതിവായ ഗൃത്യംകഴിച്ചു്. പതിവുപോലെ ആഭരണങ്ങൾ അഴിച്ചെടുത്തു ചുമടുകളാക്കികെട്ടി ഉള്ളറയിൽ എവിടെയോ സ്ഥാപിച്ചശേഷം രാത്രികാവല്ക്കാരായ എട്ടുപേർ കനകമണ്ഡപത്തിന്മേൽവന്നുവശായി. ഉച്ചതിരിഞ്ഞു ഏകദേശം മൂന്നുമണിസമയമായപ്പോഴേക്ക പന്തങ്ങൾനാലും എരിഞ്ഞൊഞ്ഞു്, ആ ഗുഹമുഴുവനും മിക്കവാറും അന്ധകാരത്തിൽമുങ്ങി. ആ ഘട്ടത്തിൽ ഹസ്സൻ കേവലം നിശ്ശബ്ദമായി സർപ്പത്തേപ്പോലെ വലിഞ്ഞു—നാലു വാതിലുകളിൽ ഒന്നിൽക്കൂടെ ശിരോഭിത്തിയെക്കവിഞ്ഞു്—ആ വാതിലിനടുത്തുകിടന്ന കിങ്കരന്റെ സമീപത്തിൽ എത്തി. മയങ്ങിക്കിടക്കുന്ന ഒരു പുരോഹിതനെ മൂക്കിന്റെ അടുക്കൽ ക്ലോറോഫാറംപിടിച്ചു വീണ്ടുംഉള്ളിൽകടത്തി, മയക്കണമെന്നായിരുന്നു മിസ്റ്റർ സഡ്ലിയുടെ നിശ്ചയം. മിസ്റ്റർ സഡ്ലിയുടെ ദേശസഞ്ചാരകാലങ്ങളിൽ ഹസ്സൻ ക്ലോറോഫോറം പലപ്പോഴും പ്രയോഗിച്ചു പരിചയിച്ചിട്ടുണ്ടായിരുന്നതിനാൽ, ഈ വിദ്യ

യിൽ അബദ്ധം ഒന്നും വരാനില്ലായിരുന്നു. എന്നാൽ ഹസ്സൻ അടുത്തു, തലയോടുതല ശരിപ്പെട്ടു, മുഖത്തോടുമുഖംനോക്കി, മയങ്ങിക്കിടന്ന ആ പുരോഹിതൻ പെട്ടെന്നു കണ്ണുതുറന്നു.

ഹസ്സൻ—"It had to be done. I was prepared He died immecliatly ഉടനെ അങ്ങനെ ചെയ്യുക അല്ലാതെ നിവൃത്തിയില്ലെന്നായി, ചെയ്തു. അവൻ പെട്ടെന്നു ചത്തു." ഉണർന്നുവന്ന ആ കാലകിങ്കരൻ, കണ്ണുമുഴുവൻ പിളർന്നില്ല. അസ്ഥശവവും വലിച്ചുകൊണ്ടു മന്ദാമന്ദം പുറകോട്ടു നീങ്ങി ദീർഘസമയംകൊണ്ടു ശിരോഭിത്തിക്കു വെളിക്കായി. പിന്നെ വലിയ പ്രയാസമുണ്ടായില്ല. ഞങ്ങൾ കണ്ടയിടത്തു് അവൻതന്നെ ആ ശവത്തെ നിക്ഷേപിച്ചു.

ഹസ്സൻ—"സാഹിബ്ബ് വളരെ ദേഷ്യപ്പെട്ടു—കൊലപാതകം ചെയ്തതിനു സാഹിബ്ബ് വളരെ ദേഷ്യപ്പെട്ടു. അതു് ആവശ്യമാണെന്നു ഞാൻ പറഞ്ഞു. അല്ലെങ്കിൽ കാര്യമൊക്കെയും തെളിഞ്ഞുപോയേനെ. ഒടുക്കം ഞാൻ ചെയ്തതു ധാര സമ്മതിച്ചു. അതു കാലകിങ്കരന്റെ കർമ്മമാണു്. എന്റെ കൈയാലാണു്, അവന്റെ മരണം. കർമ്മം മാററിയാൽ പററുമോ?" കിസ്മററ് അതായതു കർമ്മം എന്നു പറഞ്ഞാൽ, അവൻ ചെയ്ത ക്രൂരകൃത്യത്തിന്റെ വ്യാഖ്യാനമായി എന്നാണു ഹസ്സനു തോന്നിയതു്.

വേഷഭേദം ചെയ്യാൻ മിസ്റ്റർ സഡ്ലിക്കുള്ള സാമർത്ഥ്യത്തെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുള്ളതാണല്ലോ. ദുഷ്ടനായ ആ പുരോഹിതനെ പററിയ സങ്കടകരമായ അവസാനത്തെ സംബന്ധിച്ചുള്ള മനസ്താപം മാറിയ ഉടനെ—പിന്നെ ചെയ്യേണ്ടതിനെക്കുറിച്ചു മിസ്റ്റർ സഡ്ലിക്കു സംശയം ഉണ്ടായില്ല. മുടി കുറേഭാഗം ക്ഷൌരം ചെയ്തും, മുഖത്തു് അല്പവർണ്ണഭേദം ചെയ്തും, ശവത്തിന്മേൽ നിന്നു് ഊരിയെടുത്ത വെള്ളക്കുപ്പായം ധരിച്ചും അദ്ദേഹം ഒരു കാലകിങ്കരനായി. സൂര്യപ്രകാശത്തിൽ തെളിഞ്ഞുപോകാനിടയുണ്ടായിരുന്നെങ്കിലും, പന്തങ്ങളുടെ പ്രകാശം മാത്രം ഉണ്ടായിരുന്ന ആ ഗുഹയ്ക്കുള്ളിൽ തോലിപാററാതിരിക്കുവാൻ അദ്ദേഹത്തിന്റെ പുറപ്പാടു മതിയാകും എന്നാണു് അദ്ദേഹം നിശ്ചയിച്ചതു്. കമഴ്ന്നുകിടക്കുകനിമിത്തം മുഖത്തിന്റെ ശരിയായ ദർശനം അന്യന്മാൎക്കുണ്ടാകാൻ ഇടയുള്ളതുമല്ലല്ലോ. അദ്ദേഹത്തിനു നാട്ടുകാരുടെ സമ്പ്രദായങ്ങളിലുള്ള വലിയ പരിചയവും, 'കാലാനുകൂലമായി പ്രവർത്തിക്കുന്നതിനുള്ള വാസനയും, പുരോഹിതന്മാർ കിടക്കുകയും മുട്ടിന്മേൽ നില്ക്കുകയും മററും ചെയ്യേണ്ടതിനെപ്പററി മേൽതട്ടിൽ ഏതാനും ദിവസങ്ങളായി മറഞ്ഞിരുന്നു സമ്പാദിച്ച ജ്ഞാനവും നിമിത്തം, കാര്യം സാധിക്കുവാൻ ഏതാണ്ടു് ഒരു മാർഗ്ഗം ഉണ്ടായിരുന്നില്ലെന്നില്ല. എന്നാൽ—അഹോ! ഓർക്കാൻകൂടെ വയ്യ—ഇതെഴുതുമ്പോഴും എന്റെകൈകൾവിറയ്ക്കുന്നു—ഈ കപടത്തിന്റെ ഒരു ഗന്ധം വല്ല പ്രകാരത്തിലും വെളിക്കായിപ്പോയി എങ്കിൽ—ശിവശിവ! സഡ്ലിയുടെ തല വേറേ, ഉടൽ വേറേ, മേരി അന്തഃപുരത്തിൽ വല്ല കാലകിങ്കരനും—; സംശയിപ്പാനില്ല; കല്ലൻ പറഞ്ഞതുപോലെ മോറാഭായിക്കു നിശ്ചയമായും സംഭവിക്കാനിടയുണ്ടെന്നു്, അദ്ദേഹം തീർച്ചയാക്കിയ വല്ല കൊടിയ ആപത്തിനേയും തടുക്കുവാനല്ലാതെ, അദ്ദേഹം ഇങ്ങനെ ഒരിക്കലും ചെയ്യുന്നതല്ല.

ഞാൻ—ഹസ്സനോടു്, "ആ കിടക്കുന്നവരിൽ നിന്റെ സാഹിബ്ബ് ഏതാണു്?"

ഫൊസ്റ്റർ—"അതാ-അതു്" ഞങ്ങൾ നിന്നിരുന്ന തട്ടിന്റെ ഏററവും അടുത്തു താഴെ കനകമണ്ഡപത്തിന്മേൽ ഒരു രൂപത്തെ അവൻ കാണിച്ചു.

ഞാൻ കുഴല്ക്കണ്ണാടി വെച്ചുനോക്കി. പ്രകാശം വളരെ കുറവായിരുന്നെങ്കിലും മിസ്റ്റർ സഡ്‌ലിയുടെ മുഖം ഞാൻ കണ്ടു; ഏതാണ്ടു് ഒരു സ്വപ്നജ്ഞാനവും ഉണ്ടായി. ദേഹം കിഴ്പ്പോട്ടേക്കായും, മുഖം ഒരു വശം ചരിഞ്ഞും, കൈകൊണ്ടു മുഖം മിക്കവാറും മറഞ്ഞും, വിരലുകൾക്കിടയിൽക്കൂടെ ഒരു കണ്ണു ഞങ്ങൾ നിന്നുകൊണ്ടിരുന്ന മേൽത്തട്ടിലേയ്ക്കു നോക്കിയും, അദ്ദേഹം കേവലം ചലനമില്ലാതെ, ജീവനില്ലാത്ത ഒരു തടിയെന്നവണ്ണം, കിടന്നിരുന്നു.

---

## അദ്ധ്യായം ൧൯.

---

### മേരി മക്കാളിയുടെ അഭിപ്രായം.

മിസ്റ്റർ സഡ്‌ലിക്കു വരുവാൻ ഇടയുള്ള ആപത്തിനെക്കുറിച്ചു സ്മരിച്ചും, സംഗതികളുടെ ഗതിയെക്കുറിച്ചു പരിഭ്രമിച്ചും, ആകപ്പാടെ ഒന്നും പ്രവത്തിപ്പാനോ ചിന്തിപ്പാനോ കല്ലനും എനിക്കും കഴിഞ്ഞില്ല. എന്തുതന്നെയായാലും മിസ്റ്റർ സഡ്‌ലിയുടെ ജീവനെ അത്ര ക്ഷണം വിട്ടയയ്ക്കുകയില്ല എന്നുറച്ചുകൊണ്ടു്, ഞങ്ങൾ ഓരോരുത്തരും ഓരോ തോക്കു്, പ്രതിഷ്ഠാസ്ഥാനത്തേക്കു് ഒഴിക്കുവാൻ തയാർചെയ്തു പിടിച്ചുകൊണ്ടാണു് അന്നു കാവൽ ഇരുന്നതു്.

ഞങ്ങൾ ഇരുന്നിരുന്ന ദീർഘസമയം കഴിഞ്ഞു. അന്നു സന്ധ്യയ്ക്കു നൃത്തം ഉണ്ടായില്ല. പതിവനുസരിച്ചല്ല അന്നു കാര്യങ്ങൾ നടന്നതു് എന്നു തോന്നി. നേരം ഏകദേശം പാതിരാവായി. അപ്പോൾ ഉള്ളറകളിൽ എവിടെയോ ഒരു ശബ്ദം—ഘിൺ എന്നു് ഒരു ഒററ ശബ്ദം—ഇടിനാദംപോലെ ഭയങ്കരമായി കേൾക്കുകയുണ്ടായി. ആ ശബ്ദഘോഷം ഗുഹാഗർഭത്തിൽ ഉരുണ്ടുകയറി നിറഞ്ഞതിനോടുകൂടെ സൂക്ഷിപ്പുകാരായ എട്ടുപേരും മുട്ടിന്മേൽ നിന്നശേഷം കാലപ്രതിമയുടെ ചുററും സാഷ്ടാംഗമായി തങ്ങളെത്തന്നെ ക്രമപ്പെടുത്തി. ഒന്നുരണ്ടു മിനിററുകൾക്കകം പലപല ഉള്ളറകളിൽനിന്നു് എല്ലാ കിങ്കരന്മാരും പന്തങ്ങളും കൈമണികളുമായി വന്നിറങ്ങി, നൃത്തം തുടങ്ങി, ബഹളമായി. ആദ്യം ഉണ്ടായിരുന്ന എട്ടുപേർ, ആ കൂട്ടത്തിൽ ലയിച്ചു വേറേ അറിയാതെയായി.

അല്പസമയം ഇങ്ങനെ കഴിഞ്ഞവാറെ പിന്നെയും ഒരു മണിനാദം ഉണ്ടായി. അതാ-ആ നൃത്തപുരോഹിതന്മാർ സാഷ്ടാംഗം വീണുകഴിഞ്ഞു. ദൂരെദ്ദൂരെ ഒരു ശബ്ദം; അതു് അടുത്തടുത്തുവന്നു; മനുഷ്യശബ്ദമാണു്. അതേ മന്ത്രവും ചൊല്ലിക്കൊണ്ടു ദിവാൻ വരികയാണു്. അയാൾ ഞങ്ങൾക്കു നേരേ കീഴിലായി കാലദേവനെ അഭിമുഖീകരിച്ചു മുമ്പോട്ടടുത്തു. അയാളുടെ വിസ്താരം കൂടിയ മുഖവും അമാനുഷികമായ മുഖതേജസ്സും ഞങ്ങളെ വിസ്മയിപ്പിച്ചു. സാഷ്ടാംഗം കിടക്കുന്ന പുരോഹിതന്മാർ അനങ്ങുന്നില്ല. ദിവാൻ പന്തം നിലത്തു തറച്ചു: ചിറികൾ അനങ്ങുന്നുണ്ടു്; ജപം നിറുത്തിയിട്ടില്ല. അ-

യാൾ മുട്ടുകുത്തി, ഉടനെ എഴുന്നീററു. തൊണ്ടതുറന്നു് എത്രയും ഉയൎന്ന ശബ്ദത്തിൽ ഒരു അഞ്ചുമിനിട്ടു നേരത്തേക്കു കാലവിഗ്രഹത്തെ അഭിമുഖീകരിച്ചു നിന്നശേഷം ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗം ഒരു പതിനഞ്ചു മിനിട്ടു നേരത്തേക്കു് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുറകിൽ (ഞങ്ങളുടെ മുമ്പിൽ) കിടന്ന പുരോഹിതൻ കുറേശ്ശ പിന്നോട്ടു വലിയുന്നുണ്ടു് എന്നൊരു സംശയം; ഇല്ല, തീൎച്ചതന്നെ; ഇഞ്ചിഞ്ചായി പുറകോട്ടു വലിയുന്നുണ്ടു്. ആ പുരോഹിതൻ ശിരോഭിത്തിവരെയായി, അതിനെ അതിക്രമിച്ചു പുറകിലുള്ള അന്ധകാരത്തിൽ മറഞ്ഞു.

പിന്നെ ഞാൻ സംശയിച്ചില്ല, അതു മിസ്റ്റർ സഡ്ലിതന്നെ. അദ്ദേഹമാണു പിൻമാറിയതു് എന്തു കാരണവശാലോ ആവോ? ഞാൻ പുറകോട്ടു ഗുഹയിൽ കൂടെ ഓടി. ശരി, അതു സഡ്ലിതന്നെ. അദ്ദേഹം ഞങ്ങൾ ഇരുന്ന ഗുഹയിലേക്കു കയറവേ, അദ്ദേഹത്തെ ഞാൻ കെട്ടിപ്പിടിച്ചു് ആശ്ലേഷിച്ചു.

"ഹസ്സൻ ഗുഹയെ സൂക്ഷിച്ചു താമസിക്കട്ടെ; നമുക്കു് ഇവിടെനിന്നു് ഇറങ്ങാം, എനിക്കു ശുദ്ധവായു കൂടാതെ ഇനി കഴികയില്ല." മിസ്റ്റർ സഡ്ലി ഇത്രയും പറഞ്ഞപ്പോഴേക്കു കല്ലനും വന്നുചേൎന്നു. മിസ്റ്റർ സഡ്ലി ഉടുപ്പുമാറി, ഞങ്ങൾക്കു മനസ്സിലാകാഞ്ഞ ഏതോ ഒരു ഭാഷയിൽ ഹസ്സനോടായി ഒരു നാലഞ്ചു വാക്കുപറഞ്ഞു; ഞങ്ങൾ നടന്നു. ആരും ഒന്നും സംസാരിച്ചില്ല, ആ മലംചരുവിൽകൂടെ ഞങ്ങൾ ക്യാമ്പിലേക്കു തിരിച്ചപ്പോൾ നേരം പാതിരാ കഴിഞ്ഞിരിക്കണം. ഞങ്ങൾ ഒളിഞ്ഞുപതുങ്ങി ക്യാമ്പിൽ കയറി. ചന്തു സാധുമനുഷ്യൻ—ഉറങ്ങാതെ ഉമ്മരത്തു് ഇരിക്കുന്നു. മിസ്റ്റർ സഡ്ലിയുടെ ശിഷ്യന്മാരുടെ അഭ്യാസം പരിപൂൎണ്ണംതന്നെ. മിസ്റ്റർ സഡ്ലിയെ കണ്ട ഉടനെ ചന്തുവിന്റെ സന്തോഷം എന്തുപറയാം. ചില ബുൾപട്ടികളുടെ മാതിരി, അങ്ങോട്ടും ഇങ്ങോട്ടും വട്ടത്തിൽ ഓടി; അവൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു് കെട്ടിപ്പിടിച്ചു നമസ്കരിച്ചു. മിസ്റ്റർ സഡ്ലി മകനെ എന്നവണ്ണം അവനെ മന്ദഹാസപൂൎവ്വം പിടിച്ചെഴീപ്പിച്ചു്, ഏതൊ ഒരു ഭാഷയിൽ കുശലം ചോദിച്ചു. പിശാചുക്കളുടെ നരകക്രൂരന്മാരുടെ ഇടയിൽ മനുഷ്യർ താമസിക്കുന്ന ഭൂമിയിൽ യഥാൎത്ഥമായ സ്വാമിഭക്തിയും ഭൃത്യതയും കാണുന്നതു വളരെ സുഖകരംതന്നെ. പിന്നെ മിസ്റ്റർ സഡ്ലി തിരിഞ്ഞു ഞങ്ങളോടായിട്ടു്, "എനിക്കു കുറേനേരത്തേക്കു ചിന്തിപ്പാനുണ്ടു്; സൈ്വരമായ ഒരു സ്ഥലം കിട്ടണം. വെളുത്തു് ഉച്ചകഴിഞ്ഞു മിസ്സ് മക്കാളി വരും എന്നാണല്ലോ നിങ്ങൾ പറഞ്ഞതു്? അപ്പോൾ നമുക്കു് ഒരുമിച്ചു് അന്യോന്യം പറയാനുള്ളതു് പറകയും കേൾക്കയും ചെയ്യാം.

മിസ്റ്റർ സഡ്ലിക്കു പറയാനുള്ള വിശേഷം അറിയാൻ നിവൃത്തിയില്ലാതാകയായിരുന്നു എങ്കിലും, ഞങ്ങൾ തല്ക്കാലം മടങ്ങുകതന്നെ ചെയ്തു. കൂടാതെയും രണ്ടുരാത്രി ഉറക്കം ഇളച്ചതിന്റെ ക്ഷീണം എനിക്കും കല്ലനും നല്ലവണ്ണം ഉണ്ടായിരുന്നതിനാൽ കിടക്കുവാൻ ലഭിച്ച അവസരത്തെക്കുറിച്ചു ഞങ്ങൾക്കു വലിയ മനസ്താപവും ഉണ്ടായില്ല. പക്ഷേ കിടന്നിട്ടും എനിക്കു ഉറക്കം വന്നില്ല. എന്റെ തലച്ചോറിനു ചൂടുപിടിച്ചതുപോലെ തോന്നി. വെളുപ്പിനോടുകൂടെ ഞാൻ ഉറങ്ങിത്തുടങ്ങിയെങ്കിലും ഉറക്കം ഒട്ടും സുഖമായില്ല. നൃത്തം വയ്ക്കുന്ന പക്കീരികളും, മനുഷ്യരെ ഭയപ്പെടുത്തുന്ന കൽപ്രതിമകളും, മണിനാദങ്ങളും, ഇടതൂൎന്നു കണ്ട സ്വപ്നങ്ങൾ നിമിത്തം, ഇടമുറി

ഞ്ഞ ഉറക്കത്തിന്റെ ഇടയ്ക്കിടയ്ക്കു ഞാൻ ഞെട്ടിഉണൎന്നുകൊണ്ടിരുന്നു. അവസാനം നഗ്നമായ ഒരു ദേഹം ചങ്കിനു പിച്ചാത്തികൊണ്ടു കിടക്കുന്നതു കണ്ടു്, ഞാൻ പേടിച്ചു് എഴുനീററിരുന്നു; അപ്പോൾ സമയം ഉച്ചതിരിഞ്ഞു് ഒരു മണിയായിരുന്നു.

ഞാൻ കുളിച്ചു്, ഉടുത്തു്, ഭക്ഷണത്തിനു ചെന്നു. കല്ലൻ മേശയ്ക്കുടുത്തു തയാറുണ്ടായിരുന്നു. ശാപ്പാടു കഴിഞ്ഞപ്പോൾ ഏതോ ഒരു നൂതനജീവൻ വീണതുപോലെ തോന്നി. പിന്നെ നാലുമണിവരെയ്ക്കു ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. മേരി വരുന്ന സമയമായിരുന്നതിനാൽ, ഞങ്ങൾ രണ്ടാളും കുതിരകളിൽകയറി ഒരു സവാരിയായി നൂർജിഹാൻപുരത്തേയ്ക്കുള്ള വഴിയെ പുറപ്പെട്ടു. മലഞ്ചരിവു കഴിഞ്ഞപ്പോഴേക്കു്, മേരിയുടെ പല്ലക്കു വരുന്നതുകണ്ടു് ഞങ്ങൾ ഇറങ്ങി നടന്നു.

മേരി:—ഞാൻ അടിയറവായി.
ഞാൻ:—"എന്തുപറഞ്ഞു."
മേരി:—നോക്കുക! അതാ ഒരു കാളവണ്ടി വരുന്നതു കണ്ടോ? അതു് എന്റെ കിടക്കമുതലായ സാമാനങ്ങളാണു്.
ഞാൻ:—വിശേഷം എന്താണു് പറയൂ?

ഞങ്ങൾ മൂന്നുപേരും നടക്കുകയായിരുന്നു. മേരി പറഞ്ഞുതുടങ്ങി:—"ആ തടിയൻ ഇന്നു മടങ്ങിഎത്തി. മൂന്നുനാലുദിവസം എവിടെയായിരുന്നു എന്നു് ആൎക്കും അറിഞ്ഞുകൂട. ആയാൾ വന്നയുടനെ മോറാഭായിക്കു് ആളയച്ചു. ആ ഭദ്ര എന്റെ അടുക്കൽ മടങ്ങിവന്നതു്, വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടാണു്. ഞങ്ങൾ രണ്ടുപേരും പിരിയേണ്ടതായി വന്നിരിക്കുന്നു എന്നാണു് ആ സുശീല പറഞ്ഞതു്. വേറെ ഒരു സ്ഥലത്തേയ്ക്കു മകളെ മാററുന്നതിനു്, സ്നേഹമേറിയ അച്ഛൻ ഉറച്ചുപോലും. മോറാഭായിയുടെ ദേഹസ്ഥിതിയെ കരുതി വല്ല സുഖസ്ഥലത്തേയ്ക്കും ആയിരിക്കും എന്നു ഞാൻ വിചാരിക്കുന്നു. എവിടേക്കാണു് എന്നു വിസ്തരിച്ചു പറവാൻ മോറാഭായിക്കു അറിവുകൂടായിരുന്നു. ഇന്നു സന്ധ്യയ്ക്കുതന്നെ, അവൾ പുറപ്പെടുകയാണു്. പിന്നെ എനിക്കു് അന്തഃപുരത്തിൽ കാൎയ്യമില്ലല്ലൊ. കഷ്ടം ആ കഠിനഹൃദയൻ, തന്റെ മകളാണെന്നു പറയുന്ന ഈ സാധുപിണ്ഡത്തെക്കുറിച്ചു്, എത്ര കരുണയില്ലാതെ പ്രവൎത്തിച്ചു? എന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു്, ആ ശുദ്ധഹൃദയ വിങ്ങിവിങ്ങിക്കരഞ്ഞു. മോറാഭായി എന്നെപ്പോലെ ഒരു ഇംഗ്ലീഷുകാരി ആണെന്നു് എനിക്കു നിശ്ചയമാണു്. അതാണു് എന്നോടു് ഇത്ര അളവില്ലാത്ത ഒരു ചേൎച്ച.

ഞാൻ:—എന്നിട്ടും മോറാഭായിയെ, മേരി കൈവിട്ടുകളഞ്ഞല്ലോ.
മേരി:—അല്ലാതെ ഞാൻ എന്താണു ചെയ്യുക? ജാൺ! ദിവാൻ എന്നോടു വളരെവളരെ മൎയ്യാദയായി വൎത്തിച്ചു. എന്നാൽ അതിനെ അടിസ്ഥാനപ്പെടുത്തി, ദിവാന്റെ ഉദ്ദേശ്യത്തെ ഞാൻ തടയുക എന്നുവച്ചാൽ സാധിക്കുന്നതാണോ? എന്നെ സലാം പറഞ്ഞു വിടാനായി ദിവാൻ അന്തഃപുരത്തിൽ വന്നസമയം, മോറാഭായിയും ഞാനും തമ്മിലുള്ള വേൎപാടു് അസാരം പെട്ടെന്നായിപ്പോയി എന്നു സൂചിപ്പിക്കാൻ ഭാവിച്ചപ്പോഴേക്കു്, ആയാളുടെ സാമൎത്ഥ്യം നിമിത്തം എന്നെ മിണ്ടടക്കി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ആളുകളെ അകററി നിൎത്തുവാൻ അയാൾക്കു

ള്ള സാമർത്ഥ്യം ഒന്നു വേറെതന്നെ. ഇതാ! എനിക്ക് ഒരു സമ്മാനവും തന്നാണ് അദ്ദേഹം പറഞ്ഞയച്ചതു്.”



മോറാഭായിയും ഞാനും തമ്മിലുള്ള വേർപാട് അസാരം പെട്ടെന്നായിപ്പോയി.

ഇത്രയും പറഞ്ഞു പോക്കററിൽനിന്ന് ഒരു ചെറിയ പെട്ടി എടുത്തു മേരി തുറന്നു; അതിനകത്തു കണ്ടതു വളരെ വിലപിടിച്ച ഒരു രത്നമാലയായിരുന്നു.

മേരി:—സമ്മാനം കൊടുക്കുകയും വാങ്ങുകയും ഇൻഡ്യയിൽ സാധാരണമായതുകൊണ്ടു ഞാൻ വാങ്ങി. പക്ഷേ ഒരു വണ്ടിനിറയെ മാലയേക്കാളും എനിക്കു മോഹം തോന്നിയതു മോറാഭായിയെ ആണ്.

ഞാൻ—മോറാഭായി എവിടെക്കാണുപോയത്. ആ കുട്ടിയെ രക്ഷിക്കേണ്ടതു ചുമതല നമുക്കുണ്ട്. മിസ്റ്റർ സഡ്‌ലി ഈ വിവരം അറിഞ്ഞാൽ—

മേരി—എന്നാൽ ചെയ്യാവതു ഞാൻ ചെയ്തു. രശ്മിയെ നിങ്ങൾ ഓക്കുന്നില്ലേ

ഞാൻ—ഓക്കുന്നു, ഓക്കുന്നു; എയിലിനെ എടുത്തുകൊണ്ടുപോയ ആയയല്ലേ?

മേരി—ഞാൻ അവിടെ താമസിച്ചകാലമെല്ലാം ഈ രശ്മിയുടെ അന്തരംഗസ്നേഹത്തെ സമ്പാദിക്കാമെന്നുള്ള പ്രത്യേകകരുതലോടുകൂടെയാണു ഞാൻ സഞ്ചരിച്ചത്. സംസാരിക്കുവാൻ അവൾക്കു് അശേഷം കഴിവില്ലെങ്കിലും ചെകിടിനു കുറവില്ലായിരുന്നു എന്നുള്ളതു് ഒരു വലിയ കാര്യമായിരുന്നു. അവൾക്കു മോറാഭായിയോടുള്ള ഭക്തി വളരെ വളരെ അസാധാരണമാണ്. എന്ന് ആദ്യംതന്നെ എനിക്കു മനസ്സിലായി. മോറാഭായിയുടെ അല്പമായ ഒരു അസൗകര്യത്തെ നീക്കുവാനായി ജീവനെ വിടുവാനും, അവൾ തയാറാണ്. മോറാഭായിയെ രക്ഷിക്കുന്നതിനുള്ള നമ്മുടെ എല്ലാ മാർഗ്ഗങ്ങളിലും രശ്മിയുടെ സഹായം ബലമായി ഉണ്ടാവുമെന്നു നമുക്കു കരുതാം.

ഞാൻ—ശരി. ഭൂലോകവിക്രമനായ ദിവാനെ ജയിച്ചു മോറാഭായിയെ രക്ഷിക്കുന്ന സംഗതിയിൽ ഈ ഊമ എന്തുചെയ്യാനാണ്?

മേരി—(ഗൂഢാഗത്തിൽ ഞങ്ങൾക്കു ലഭിച്ച അറിവു് എന്താണെന്നു് ഇതുവരെ ഗ്രഹിച്ചിട്ടില്ലാഞ്ഞതുകൊണ്ടു്) തല്ക്കാലം മോറാഭായിക്കു് ആപത്തു് ഒന്നും വരാനിടയുള്ളതായി തോന്നുന്നില്ല. എന്നാൽ ആപത്തുകൾ ഉണ്ടാകുന്നപക്ഷം, നിങ്ങൾ കരുതുന്നതിൽ അധികമായ സഹായം, രശ്മിയിൽനിന്നു ലഭിക്കുമെന്നാണ് എന്റെ മതം. മോറാഭായി പോകുന്നിടത്തൊക്കെയും രശ്മിയും ഉണ്ടായിരിക്കും എന്നുള്ളതു നിങ്ങൾ മറക്കരുതു്. കൂടാതെയും ഞാൻ പിരിഞ്ഞുപോരാൻ അനുവാദമായ ഘട്ടത്തിൽ, എനിക്കു മോറാഭായിയിലുള്ള അതിതാല്പര്യത്തെ ഞാൻ രശ്മിയെ ഗ്രഹിപ്പിച്ചിട്ടുണ്ടു്. എന്നാൽ വാസ്തവം മുഴുവൻ ഞാൻ അവളെ ഗ്രഹിപ്പിച്ചിട്ടുമില്ല. എന്താണു ചെയ്യേണ്ടതു് എന്നു നാംതന്നെ ഉറച്ചിട്ടില്ലാഞ്ഞതുകൊണ്ടും, മോറാഭായിയുടെ അച്ഛൻ സ്ഥലത്തെത്തിയിരിക്കുന്ന വിവരംപറഞ്ഞു് അവളെ ഭയപ്പെടുത്തരുതെന്നുകരുതിയും, ആണു വാസ്തവം മുഴുവൻ അവളെ ഞാൻ ഗ്രഹിപ്പിക്കാഞ്ഞതു്. എന്നാൽ ഞാൻ പറയുന്നതൊക്കെയും അവൾ അനുസരിക്കത്തക്ക ഒരു പണി ഞാൻ പററിച്ചിട്ടുണ്ടു്.

ഞാൻ—അതെന്താണ്?

മേരി എന്റെ ചികിത്സാപാടവത്തെ കണ്ടു വിസ്മയിച്ചിരിക്കുന്ന അന്തഃപുരസ്ത്രീജനങ്ങൾ ഞാൻ ഒരു ക്ഷുദ്രക്കാരിയെന്നാണു കരുതിയിരിക്കുന്നതു്. അങ്ങനെ ഒരു ബഹുമാനവും ഭയവും രശ്മിക്കും എന്നെക്കുറിച്ചുണ്ടു്. അന്തഃപുരത്തിൽനിന്നു പോരാറായ അവസരത്തിൽ, ഞാൻ രശ്മിയെ വിളിച്ചു് ഓരോന്നു പറഞ്ഞകൂട്ടത്തിൽ എന്റെ ഇന്ദ്രജാലശക്തിയെക്കുറിച്ചു് ഒരു സന്ദർഭംവരുത്തി, അവളുടെ മുഖത്തു നേ

രെ നോക്കി ലിലിയെന്നതു് ഒരു കള്ളപ്പേരാണെന്നും, അവളുടെ യഥാർത്ഥനാമം രശ്മി എന്നാണെന്നും, ഞാൻ പറഞ്ഞു. ഹ്ഹ! അവളുടെ മുഖത്തുവന്ന ഭാവഭേദവും, ഭയവികാരവും കാണേണ്ടതായിരുന്നു! 'രശ്മി' എന്ന ശബ്ദത്തിങ്കൽ അവൾ ഞെട്ടി ആപാദചൂഡം ഇളകിപ്പോയി. മോറാഭായിതന്നെയാണു് എവ്ലിൻ എന്നതിനു് ഇപ്പോൾ എനിക്കു യാതൊരു സംശയവുമില്ല. രശ്മിയെ ഭയപ്പെടുത്തണമെന്നല്ലല്ലോ എന്റെ ഉദ്ദേശ്യം. ദിവാന്റെ ശക്തിയിൽനിന്നു മോറാഭായിയെ രക്ഷിക്കുന്നതിൽ, രശ്മി ഉപയോഗപ്പെടേണ്ടതിനു്:—

ഞാൻ—ഉപയോഗപ്പെടേണ്ടതിനു്?

മേരി—എന്റെ ഔഷധശക്തികൊണ്ടാണു് ഞാൻ ലിലിയുടെ യഥാർത്ഥനാമത്തെ അറിഞ്ഞതെന്നു് അവളെ ഗ്രഹിപ്പിച്ചു. കൂടാതെയും മോറാഭായിക്കു് അന്തഃപുരവാസം വളരെ അസുഖമാണെന്നും; ദേഹം ശോഷിച്ചു മരിക്കുന്നതിനു കാരണമാവുമെന്നും ഞാൻ പറഞ്ഞു. ഇതു കേട്ട മാത്രയിൽ അവൾ കൈയോടുകൈ മുറുകെപ്പിടിച്ചുകൊണ്ടു് കണ്ണുനീർ ജലധാരപോലെ വർഷിച്ചു. അവളുടെ മനസ്സു് ഇതിലധികം പശ്ചാത്തപിക്കാനില്ല. മോറാഭായി ഒരു സാഹിബ്ബിന്റെ മകളാണെന്നും; മോറാഭായിയെ വല്ല ധീരന്മാരുടെയും കൈവശം ഏല്പിക്കാത്തപക്ഷം മരണം സമീപത്താണെന്നും; ഔഷധശക്തിമൂലം എനിക്കു് അറിവു കിട്ടിയിരിക്കുന്നതായും മററും പറഞ്ഞു് അവളെ ഞാൻ ഉറപ്പിച്ചിരിക്കുന്നു. ഇതിന്റെ മറുപടിയായി അവൾ സാഷ്ടാംഗം വീണു് എന്റെ കാൽ പിടിച്ചു്, അവളുടെ ശിരസ്സിൽ വയ്ക്കുയാണു ചെയ്തതു്. രശ്മി നമ്മെ സഹായിക്കുമെന്നുള്ളതിലേക്കു് എനിക്കു യാതൊരു സംശയവുമില്ല.

ഞാൻ—എന്തു സഹായംചെയ്വാൻ അവൾക്കു കഴിയും?

മേരി:—മോറാഭായിയെ ദിവാൻ എങ്ങോട്ടാണു് കൊണ്ടുപോകുന്നതെന്നു് ഇപ്പോൾ നമുക്കു് അറിവില്ലാത്തതാണല്ലോ. എന്നാൽ ആ സ്ഥലത്തു ചെന്നുചേർന്നാൽ, ഉടനെ വിവരം ഏതെങ്കിലും പ്രകാരത്തിൽ നമ്മെ അറിവിക്കണമെന്നു ഞാൻ രശ്മിയെ ചട്ടംകെട്ടിയുറപ്പിച്ചിട്ടുണ്ടു്.

കർണ്ണൽമക്കാളി—നാം നിശ്ചയിച്ചിരിക്കുന്ന പോരിനെപ്പററി, നീ യാതൊന്നും മോറാഭായിയെ ഗ്രഹിപ്പിച്ചില്ലയോ.

മേരി:—ഇല്ല; അതിനു സമയം ആയെന്നു തോന്നിയില്ല. ഒന്നോർത്തുനോക്കുകതന്നെ. ജനിച്ചപ്പോൾ മുതൽ—അല്ലെങ്കിലും ഓർമ്മയായപ്പോൾ മുതൽ മോറാഭായി ആ അന്തഃപുരത്തിൽതന്നെയാണ പാർത്തുവരുന്നതു്. മോറാഭായി കണ്ടിട്ടുള്ള ഏകപുരുഷൻ ഈ ദിവാൻമാത്രമാണു്. ആയാൾ അച്ഛനാണെന്നു് ആ ഗുണവതി കരുതുന്നുമുണ്ടു്. നാം പറയുന്ന കഥകളൊക്കെയും, മോറാഭായി വിശ്വസിപ്പാൻ തരമില്ല. വിശ്വസിക്കുന്ന പക്ഷവും, പെട്ടെന്നുണ്ടാകുന്ന മനഃക്ഷോഭം മുഖത്തോ ദേഹത്തോ ഫലിക്കുകയും, വിവരം അന്യസ്ത്രീകളും അവസാനം ദിവാനും അറിയാൻ ഇടയാവുകയും, ചെയ്യുന്നപക്ഷം:—

കർണ്ണൽമക്കാളി:—ശരിതന്നെ—അതു് അപകടമാവും.

മേരി.—മോറാഭായിക്കു സംശയമൊ ഭയമോ തോന്നുന്ന യാതൊരു പ്രവൃത്തിയും ഉണ്ടാവരുതു് എന്നു കരുതിയാണു് ഞാൻ വർത്തിച്ചിട്ടുള്ളതു്. വളരെ വളരെ സൂക്ഷിച്ചു പ്രവർത്തിക്കേണ്ടതാണെന്നു് മിസ്റ്റർ സഡ്‌ലി മുമ്പു പറഞ്ഞിട്ടുള്ളതിന്റെ വാസ്തവം, മുഴുവനായി എനിക്കു സമ്മതം വന്നതു് അന്തഃപുരത്തിലെ ഓരോ ചട്ടംകെട്ടു

കളും സമ്പ്രദായങ്ങളും കണ്ടപ്പോഴാണ്. മോറാബായി എവിടെയാണെന്ന് അറിയുന്നതുവരെ ഇനി ക്ഷമിക്കാതെ നിവൃത്തിയില്ലെന്നാണുതോന്നുന്നതു്. രശ്മിയുടെ ദൂതു് എന്തായിരിക്കുമോ?

കണ്ണൻമക്കാളി:—സംഗതി വളരെ രഹസ്യമായിരിക്കണമെന്നുള്ള നിന്റെ അഭിപ്രായം ഏതുവും ശരിതന്നെ. ഇതാ, ക്യാമ്പെത്തു; നീ പല്ലക്കിൽകയറിക്കൊള്ളുക. ഈ മലഞ്ചരിവു നടന്നുകേറാൻ നിനക്കു പ്രയാസമായിരിക്കും. നിന്റെ വർത്തമാനം കേൾക്കുവാൻ മിസ്റ്റർ സഡ്ലി, ഇപ്പോൾ അക്ഷമനായിരിക്കുകയാണ്. അദ്ദേഹത്തിനും ചില വിശേഷങ്ങൾ പറയാനുണ്ടാവും.

---

## അദ്ധ്യായം ൨൰.

---

### സഡ്ലിയുടെ ആലോചന.

ഞങ്ങൾചെന്നു് മേരിയുടെ കൂടെ ഒരിക്കൽകൂടെ കാപ്പി കഴിച്ചപ്പോഴേക്ക്, ചന്തുവിന്റെ വേഷത്തിൽ മിസ്റ്റർ സഡ്ലിയും ക്യാമ്പിൽ പ്രവേശിച്ചു. സാക്ഷാൽ ചന്തു ഉമ്മറത്തുകാവലുമായി; മേരി പറഞ്ഞ വിവരം ഞങ്ങൾ ആരംഭിക്കുകയോ മിസ്റ്റർ സഡ്ലിക്കു പറയാനുള്ളതു് പറയുവാൻ അനുവദിക്കുകയോ, ഏതാണ് വേണ്ടതെന്ന് ഞങ്ങൾ സംശയിക്കവേ മിസ്റ്റർ സഡ്ലി—"നമ്മുടെ അജ്ഞാതവാസത്തിന്റെ കാലം ഏതെങ്കിലും ഒരു രീതിക്ക് അവസാനിക്കാറായി എന്നു തോന്നുന്നു. സംഗതികൾ വളരെ വളരെ ഗൌരവപ്പെട്ടാണു വരുന്നതു്. നിങ്ങളെക്കണ്ടു് സംസാരിക്കേണ്ടതു് അത്യാവശ്യമായതുകൊണ്ടാണ് ഞാൻ ഗുഹയിൽനിന്ന് ഇത്രടം വന്നതു്. ഗുഹയിൽ നടന്ന സംഗതികളെപ്പററി വല്ലതും കണ്ണൻമക്കാളി നിങ്ങളെ ഗ്രഹിപ്പിച്ചോ ആവോ?"

കണ്ണൻമക്കാളി: — ഇല്ല.

മിസ്റ്റർ സഡ്ലി:—എന്നാൽ കാൎയ്യഭാഗം സംക്ഷേപിച്ചു് ഞാൻ പറയാം. കഴിഞ്ഞതിന്റെ മുമ്പിലത്തെ രാത്രി ഗുഹാഗൎഭത്തിൽ നടന്ന കഠിനക്രിയകൾ കണ്ടു നിങ്ങൾ രണ്ടാളും മടങ്ങിയശേഷം, കാലാലയം പതിവുപോലെ ശാന്തതയെ പ്രാപിച്ചു. എട്ടുപേർ ഒഴിച്ചു ശേഷിച്ചവർ അന്തൎദ്ധാനംചെയ്തു. മേൽത്തട്ടിൽ ഞാൻ കീഴ്പ്പോട്ടുനോക്കിക്കൊണ്ടും ഇരുന്നു. അപ്പോൾ പ്രധാന പുരോഹിതൻ പിന്നെയും പ്രതിഷ്ഠാസ്ഥാനത്തു പ്രത്യക്ഷനായി. അയാൾ ശിരോഭിത്തിക്കു പുറത്തുതന്നെ നിന്നു സ്വല്പനേരം ഏതോ ജപിച്ചുശേഷം, കാലപ്രതിമയെ നോക്കി പ്രസംഗംതുടങ്ങി. ഗുഹ കേവലം നിശബ്ദമായിരുന്നതുകൊണ്ടും; എന്നോട്ടു അല്പം സമീപിച്ചു ശിരോഭിത്തിക്കു പുറത്തു നിന്നിരുന്നതുകൊണ്ടും; അയാൾ പറഞ്ഞതിന്റെ സാരം ഗ്രഹിക്കുവാൻ എനിക്കു വലിയ പ്രയാസമുണ്ടായില്ല. അടുത്ത രാത്രി ദേവസന്നിധിയിൽ ആയാൾ ഒരു പ്രസ്താവം ചെയ്യുന്നതാണെന്നും; അതു് അപ്പോൾ കഴിഞ്ഞതിരുവാരാധനത്തേക്കാൾ ദേവസംപ്രീതികരമായിരിക്കും എന്നു താൻ വിശ്വസിക്കുന്നു എന്നും; ആയിരുന്നു. ശേഷിച്ചഭാഗത്തെ വിസ്തരിച്ചു നാം സമയംകളയേണ്ട ആവശ്യമില്ല. അതുകഴിഞ്ഞു ദിവാൻ പിന്നെയും അപ്രത്യക്ഷനായി.

ദിവാൻ മടങ്ങിക്കഴിഞ്ഞയുടനെ എനിക്ക് ഒരു വലിയ മനഃക്ഷോഭം ഉണ്ടായി. അടുത്തരാത്രി ദിവാൻ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രസ്താവം, എന്റെ കാണാതെ പോയ മകളെ സംബന്ധിക്കുന്നതായിരിക്കുമെന്നും; ആ പ്രസ്താവം എങ്ങനെയെങ്കിലും ഞാൻ കേൾക്കേണ്ടതാണെന്നും, ഞാൻ ഉറച്ചു. എന്നാൽ രാത്രി ഗുഹാഗർഭത്തിൽ നരകപ്പേക്കൂത്തുകൾ നടക്കുന്ന സമയം കൈമണിയും ചേങ്കലയും അപ്രത്യക്ഷങ്ങളായ മററു ശബ്ദങ്ങളും തകൎക്കവേ, ദിവാന്റെ പ്രസംഗം വിവേചിച്ചു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുകയില്ലെന്നുള്ളതും; തീൎച്ചയായിരുന്നു. അങ്ങനെയാണ് എട്ടു പ്രതിഷ്ഠാപാലകന്മാരിൽ ഒരുവനായി സ്ഥലം പിടിക്കണമെന്ന് ഞാൻ തീൎച്ചചെയ്യുവാനിടയായതു്. പ്രതിഷ്ഠയുടെ സന്നിധിയിൽ നടക്കുന്ന നൃത്തത്തിന്റെ സമ്പ്രദായം എനിക്കു കേവലം അപരിചിതമല്ല. മൈസൂരിൽ ശൃംഗേരിയിൽ ഒരു ഗുഹാഗർഭത്തിലും തൃശ്ശിവപേരൂർ പ്രതിഷ്ഠയ്ക്കു നേരേ എതിരായി ഒരു പതിനഞ്ചുനാഴികദൂരെ പശ്ചിമഘട്ടത്തിന്റെ ഒരു കൊട്ടുമുടിയുടെ മുകളിൽ പണിചെയ്യപ്പെട്ടിട്ടുള്ള ഒരു മണ്ഡപത്തിന്മേലും വേറെ ഏതാനും സ്ഥലങ്ങളിലും; ഓരോതരം നൃത്തങ്ങളെ ഞാൻ കാണുകയും അവയിൽ ഞാൻ സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലഗുഹയിൽ ഒന്നുരണ്ടുരാത്രി നടന്ന നൃത്തരീതി കേവലം അഭൂതപൂൎവ്വമായി കണ്ടു എങ്കിലും, എനിക്കു ഈ വിഷയത്തിൽ സിദ്ധിച്ചിട്ടുള്ള പരിചയം നിമിത്തം ആളറിയിക്കാതെ കുറേനേരം അവരുടെ കൂടെ താളംവച്ചു തുള്ളാമെന്ന് എനിക്കുതോന്നി. എന്നുതന്നെയല്ല ആളറിയാതെ തുള്ളാൻ സാധിച്ചാലും സാധിച്ചില്ലെങ്കിലും, എന്റെ തല പോയാലും, ദിവാന്റെ പ്രസംഗം കേൾക്കണമെന്ന് ഞാൻ ഉറച്ചു. എയ്‌ലിന്റെ ഭാവിയെക്കുറിച്ച് അറിയുവാനുള്ള ഏകമാൎഗ്ഗം അതായിരുന്നു. വിവരം ഞാൻ ഹസ്സനെഗ്രഹിപ്പിച്ചു. ദേഹബലം ആവശ്യമുള്ള ഒരു പ്രാരംഭക്രിയ കഴിയാതെ പ്രതിഷ്ഠാസ്ഥലത്തു കയറുന്നതിന് എനിക്കു കഴിവില്ലായിരുന്നു. ആവശ്യപ്പെട്ട ദേഹബലം ഉണ്ടെന്നുള്ളതുകൊണ്ടാണ്, ഹസ്സനെ ഞാൻ വിവരം അറിയിച്ചതു്. എനിക്കു ചികിത്സയും ശസ്ത്രപ്രയോഗവും സാമാന്യം പരിചയമാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. ശസ്ത്രപ്രയോഗംസംബന്ധിച്ച് ക്ലോറോഫാറം കൊടുക്കുന്നതും മററു സഹായങ്ങൾ എനിക്കു ചെയ്തുതരുന്നതും, ഹസ്സനാണ്. ഇഴഞ്ഞും വലിഞ്ഞും ഹസ്സൻ ശിരോഭിത്തിക്കകത്തുകടന്ന് ഒരു പുരോഹിതനെ ബോധക്ഷയംവരുത്തി, വെളിക്കു വലിച്ചിറക്കുകയും; അതിന്റെശേഷം ആ പുരോഹിതന്റെ സ്ഥലത്തു് ഞാൻ കിടക്കുകയും ആവാം; എന്നായിരുന്നു എന്റെ ആശയം. എന്നാൽ കാൎയ്യം അങ്ങനെയല്ല കലാശിച്ചതു്; ഹസ്സൻ ആ പുരോഹിതനെ കഠാരികുത്തിയിറക്കി കൊന്നു.”

മിസ്റ്റർ സ്ഡ്‌ലിയുടെ പ്രസംഗം ഏകാഗ്രബുദ്ധിയായി കേട്ടുകൊണ്ടിരുന്ന മേരി, ഹസ്സന്റെ ദുഷ്ടതയെ കുറിച്ചു കേട്ടമാത്രയിൽ അസാധാരണങ്ങളായ പല വികാരങ്ങളെയും മുഖത്തു പ്രദർശിപ്പിച്ചു

മിസ്റ്റർ സഡ്‌ലി തുടൎന്നു പറഞ്ഞു. ‘ഹസ്സനെ നാം കഠിനമായി ശകാരിക്കേണമെന്നില്ല. സന്ദൎഭം അങ്ങനെയായിരുന്നു. ആ പുരോഹിതനെ അക്ഷണം കൊല്ലുന്നതിനു ദേഹബലവും മനോബലവും ഹസ്സന് ഇല്ലായിരുന്നു എങ്കിൽ, നമ്മുടെ ഉദ്ദേശങ്ങൾ ഒക്കെയും തെററിപ്പോയേനെ; നാം ഒക്കെയും സംഹരിക്കപ്പെട്ടേനെ. കൊലപാതകം നടക്കാനിടയാകാതെയിരുന്നു എങ്കിൽ നന്നായിരുന്നു; പക്ഷേ നടന്നസ്ഥിതിക്ക് ഇനി ശേഷം കാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കാം. ഹസ്സനും ശവവും വെളിക്കുവന്ന ഉടനെ പുരോഹിതവസ്ത്രങ്ങളെ ഉരിഞ്ഞു ഞാൻ ഉടുത്തു്, കാൎയ്യം സാധിക്കുവാൻ ആവശ്യപ്പെട്ട

ചില ഭേദഗതികളെല്ലാം മുഖത്തിനും വരുത്തി, പ്രതിഷ്ഠാസ്ഥലത്തു കടന്നു കിടപ്പായി. അബദ്ധം ഒന്നും പററിയില്ല. പല മണിക്കൂറുകൾ കഴിഞ്ഞു; നിങ്ങൾ രണ്ടാളും ക്യാമ്പിൽനിന്നു മടങ്ങി മേൽത്തട്ടിൽ എത്തിയെന്നും; വിവരം ഹസ്സൻ പറഞ്ഞു് അറിഞ്ഞു എന്നും, എനിക്കു തോന്നി. എന്നു മാത്രമല്ല ഒരു അവസരത്തിൽ മുഖം അല്പം മേല്പോട്ടേക്കായി ചരിഞ്ഞു ഞാൻ കിടക്കുന്ന അവസരത്തിൽ, മിസ്റ്റർ ജാൺനീവ് മുകളിൽനിന്ന് എന്നെത്തന്നെ സൂക്ഷിച്ചു നോക്കുന്നതായും എന്റെ മനസ്സിൽ ബലമായി ഒരു പ്രേരണം ഉണ്ടായി.

ഞാൻ:—വിസ്മയം! വിസ്മയം! നിങ്ങൾ സാഷ്ടാംഗം കിടക്കവേ, ഞാൻ കുഴൽക്കണ്ണാടി വച്ചു നിങ്ങളെ നോക്കിക്കണ്ട ഒരു അവസരത്തിൽ, ഈ വിധം വിചാരങ്ങൾ എന്റെ മനസ്സിലും ബലമായുണ്ടായി. അതിശയംതന്നെ. മനുഷ്യമനസ്സിന്റെ—

മിസ്റ്റർ സഡ്‌ലി—അന്യകാര്യങ്ങളെക്കുറിച്ചു സംസാരിപ്പാൻ നമുക്ക് ഇപ്പോൾ സമയമില്ല. മനുഷ്യമനസ്സുകൾ അന്യോന്യം വ്യാപരിക്കുന്ന രീതിഭേദങ്ങളെക്കുറിച്ചു ചിന്തിപ്പാനുള്ള സമയം ഇതല്ല. അതേ, ഞാൻ അവിടെക്കിടന്നു, മണിക്കൂറുകൾ അനേകം കഴിഞ്ഞു; നേരം ഏകദേശം പാതിരാവായിരിക്കണം. അന്നുരാത്രി പതിവുപോലെ ഉള്ള നൃത്തം ഉണ്ടാവാഞ്ഞതു് എനിക്ക് ഒരു വലിയ കാര്യമായി. ദിവാൻവന്നു കാലനെ അഭിമുഖീകരിച്ചു പ്രസംഗം ചെയ്യുന്നതു്, നിങ്ങളും ഗുഹയുടെ മേൽത്തട്ടിൽ ഇരുന്നു കണ്ടിരിക്കണം. ദിവാൻ വന്ന അവസരത്തിൽ ഞാനും കൂടെച്ചേർന്നു നൂറു പുരോഹിതന്മാർ നൃത്തം ചെയ്യുകയുണ്ടായി. അതുകഴിഞ്ഞു ഞങ്ങൾ പിന്നെയും സാഷ്ടാംഗം വീണസമയം, എന്റെ വലത്തുവശം കിടന്ന പുരോഹിതന്റെ മൂക്കും എന്റെ മൂക്കും തമ്മിൽ ഒരു അര അടിയിൽ അധികം അകലമില്ലായിരുന്നു.

പ്രധാന പുരോഹിതനായ ദിവാൻ ദേവസന്നിധിയിൽ പ്രസംഗമായി ഉച്ചരിച്ച മന്ത്രം എന്റെ ഓർമ്മ അനുവദിക്കുന്നിടത്തോളം ശരിയായി എഴുതി ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം. എന്നാൽ ആ ഭാഗം വിസ്തരിക്കേണ്ട സന്ദർഭം ഇതല്ല, അതു നാനാപ്രകാരങ്ങളിൽ വിസ്മയാവഹവും, യൂറോപ്പിലും അമേരിക്കയിലും ഉള്ള ആദ്ധ്യാത്മികവിദ്യാവിചക്ഷണന്മാരെ കാര്യസാരംകൊണ്ടു സംഭ്രമിപ്പിക്കത്തക്കതും; ആകുന്നു എന്നു് ഇപ്പോൾ പറയുന്നു. കാലകിങ്കരന്മാരെക്കുറിച്ചു് അറിയപ്പെട്ടിട്ടില്ലാത്ത അനേക രഹസ്യങ്ങൾ അടങ്ങിയതും; ഭൂഗോളത്തിന്മേലുള്ള അനേകമനേകം ഈശ്വരാരാധനാസമ്പ്രദായങ്ങളുടെ ആന്തരികഗതികളെയും മനോവ്യാപാര സംസ്കരണമാറ്ഗ്ഗങ്ങളേയും വിശദീകരിക്കുന്നതും; ആയ ആ പ്രസംഗം; മനുഷ്യാംശദേവന്മാരായ ശ്രീകൃഷ്ണൻ, മോസസ്, ബുദ്ധൻ, യേശുക്രിസ്തു, മഹമ്മദ് എന്നിവരും, ദേവാംശമനുഷ്യന്മാരായ വിശ്വാമിത്രൻ, കാർലൈൽ പീഡേർസൻ, നെപ്പോളിയൻ എന്നിവരും, ബഹുമാനപൂർവം ആദരിക്കുന്ന ഒന്നാണ്. എന്നാൽ ഇതൊക്കെ ഇനി ഒരവസരത്തിൽ—ഈ ഗുഹയിൽ നിന്നു ഞാൻ ജീവനോടുകൂടെ രക്ഷപെടാൻ ഇടയായി എങ്കിൽ—ഇനി ഒരവസരത്തിൽ പ്രസ്താവിക്കാം.

മിസ്റ്റർ സഡ്‌ലി അല്പനേരത്തേക്ക് അടങ്ങി. താടി കൈകൾക്കകത്തു് ഉറപ്പിച്ചുംകൊണ്ടു നിശ്ചലനായി ചിന്താമഗ്നനായി ഇരുന്ന അദ്ദേഹത്തെ ക്ഷോഭിപ്പിപ്പാൻ, ഞങ്ങൾക്കു ധൈര്യം ഉണ്ടായില്ല.

അദ്ദേഹം പിന്നെയും പറഞ്ഞു. "സൎവ്വമതസാരസൎവ്വസ്വമായ ആ മന്ത്രം അല്ലെങ്കിൽ പ്രസംഗം ഉച്ചരിച്ചു കഴിഞ്ഞശേഷം, മോറാഭായി എന്റെ കാണാതെപോയ കുഞ്ഞാണെന്നുള്ളതിലേക്ക് എനിക്കു സംശയമില്ലാത്ത ഒരു തെളിവുണ്ടായി. എനിക്കു തെളിവ് ആവശ്യമുണ്ടായിരുന്നതുകൊണ്ടു പറകയല്ല. മോറാഭായി എന്റെ കുഞ്ഞാണെന്നുള്ളതിൽ എനിക്കു മുമ്പേതന്നെ അശേഷംസംശയം ഉണ്ടായിരുന്നില്ല. പാവപ്പെട്ട എന്റെ കുഞ്ഞു് അനുഭവിച്ചതായ കഷ്ടതകൾ പലതുണ്ടെന്നിരുന്നാലും—കഷ്ടം കഷ്ടം ഈശ്വരാ!" ഉറപ്പായ നിശ്ചയവും, നിശ്ചയമേറിയ ഉറപ്പും മനസ്സിന്റെ ഗുണങ്ങളായിരുന്ന ആ അതിമാനുഷൻ, ഒരു വിനാഴികനേരത്തേക്കെങ്കിലും തൊണ്ട ഇടറി ശബ്ദം നിന്നുപോയതിങ്കൽ, ഞങ്ങൾ രണ്ടാളും ഞെട്ടി; മേരി സ്വപ്നത്തിൽനിന്ന് എന്നതുപോലെ ഉണൎന്നു; അവരുടെ കണ്ണു കിഴിഞ്ഞെന്നതുപോലെ വെള്ളം ധാരയായി ഒഴുകി.

മിസ്റ്റർ സഡ്ലി:—എന്റെ ചഞ്ചലതയെ നിങ്ങൾ ക്ഷമിക്കണം. ഹിമവാനപ്പുറമുള്ള ഏതെങ്കിലും ഒരു സമുദായത്തിൽപെട്ട സുന്ദരിയായ ഒരു സ്ത്രീയെ, കൊലപാതകകൌതുഹലമുള്ള കാലനു്, മുന്നൂറു ചന്ദ്രാവൎത്തനകാലത്തിൽ, ഒരിക്കൽ ബലികഴിച്ചു കൊടുക്കണമെന്നുള്ളതു്, പ്രധാന പുരോഹിതൻ തെറ്റുകൂടാതെ അനുവൎത്തിക്കേണ്ട ഒരു ചട്ടമാണു്; എന്നു് ദിവാന്റെ മന്ത്രോച്ചാരണത്തിൽ നിന്നു് എനിക്കു മനസ്സിലായി. ആ ഗുഹാഗൎഭത്തിൽ നടക്കാനിടയുള്ള ഉന്നതകൎമ്മസ്വാതന്ത്ര്യത ഇത്ര ശ്രേഷ്ഠതാസമ്പൂൎണ്ണമാണെന്ന് ആരുകരുതി? മരിച്ച പുരോഹിതന്മാർ, കൊല്ലപ്പെട്ട മനുഷ്യർ, മുതലായവരുടെ ശിരസ്സുകളെ കപാലഭിത്തികയിന്മേൽ ചേൎത്തു പണിയുക, പലപ്പോഴും പതിവായിരുന്നു എങ്കിലും, അസാധാരണമായ പ്രസ്തുത സ്ത്രീഹോമം ഒരു തലമുറയിൽ ഒന്നുമാത്രമാണു നടക്കുന്നതു്. എന്നു മാത്രമല്ല ഈ സ്ത്രീഹോമം നടക്കുവാനിടയാകാത്തപക്ഷം, പ്രധാന പുരോഹിതൻ കണ്ടിക്കപ്പെടേണ്ടതായിരുന്നതുകൊണ്ടു്, ഈ വ്രതം എത്ര ഗൌരവമായ ഒന്നായി ഈ കാലാരാധനാപരന്മാർ കരുതിയിരിക്കുന്നു എന്നു വെളിവാകുന്നുണ്ടു്. കുട്ടിക്കാലം മുതല്ക്കു തന്റെ സംരക്ഷണയിൽ വളൎന്ന ഒരു കൊച്ചുമദാമ്മ—യൂറോപ്പിന്റെ റാണി—എന്നാണു് ദിവാൻ പറഞ്ഞതു്—(പിന്നെയും സഡ്ലിയുടെ തൊണ്ട ഇടറി, കണ്ണുകൾ നിറഞ്ഞു) കൊച്ചുമദാമ്മ തന്റെ അന്തഃപുരത്തിൽ ഉണ്ടെന്നു ദിവാന്റെ പ്രസംഗത്തിൽ ഞാൻ സ്പഷ്ടാൎത്ഥമായി കേട്ടു. ഈ കുട്ടിയെ ഒരു ആയ മോഷ്ടിച്ചുകൊണ്ടു വന്നതാണെന്നും; കൊണ്ടുവന്ന ദിവസംതന്നെ താൻ അതിനെ കാലനായി പ്രതിഷ്ഠിച്ചു എന്നും; അയാൾ പറകയുണ്ടായി. കാലപ്രീതിപ്രദമായ ഹോമം തക്കസമയത്തു നടത്തുന്നതിനായി തന്റെ മുൻഗാമികളിൽ പലരും പാൎസ്യാ, ആമിനിയാ, എജിപ്തു, മുതലായ പരദേശങ്ങളിൽ സഞ്ചരിച്ചു കഷ്ടപ്പെട്ടുവാൻ ഇടയായിട്ടുള്ള സ്ഥിതിക്കു്, കാലാലയസന്നിധിയെ ഒരിക്കലെങ്കിലും വിടാതെതന്നെ സൎവ്വാംഗസുന്ദരിയായ ഒരു ദിവ്യസ്ത്രീയെ ലഭിക്കുവാൻ ഇടയായതു, കാലനു തന്റെ പേരിലുള്ള പ്രത്യേക സന്തോഷത്തിന്റെ ഒരു മുദ്രയായി അയാൾ ഗണിച്ചിരിക്കുന്നു. പ്രസ്തുത സ്ത്രീ യഥാൎത്ഥത്തിൽ ഒരു ഭാരതീയകന്യക അല്ലെന്നുള്ളതിന്റെ ലക്ഷ്യങ്ങൾ, പതിവുപോലെ നൂറു പുരോഹിതന്മാൎക്കും സമ്മതം വരത്തക്കവിധത്തിൽ, കാണിച്ചുകൊള്ളാമെന്നും, അദ്ദേഹം വിവരിക്കുകയുണ്ടായി. ഇതാണു് ദിവാന്റെ പ്രസംഗത്തിന്റെ ചുരുക്കം; നമ്മുടെ തല്ക്കാല കാൎയ്യത്തെ സംബന്ധിക്കുന്ന ചുരുക്കം. ഇത്രയും കേട്ടശേഷം പിന്നെ എ

നിക്ക് അവിടെനിന്ന് ഇറങ്ങണമെന്നുള്ള ആഗ്രഹം ആയി. എന്റെ കുഞ്ഞിനെ രക്ഷിക്കുന്നതിലേക്കു ചെയ്യുവാനുള്ളത് സമയനഷ്ടം കൂടാതെ ചെയ്യേണ്ടതാണല്ലോ. ഞാൻ ഒരു പ്രവൃത്തിമാർഗ്ഗം ആലോചിച്ചു വച്ചിരിക്കുന്നു. വിജയം സിദ്ധിക്കുമെന്നാണ് എന്റെ ബോധം. ഈശ്വരൻ സഹായിക്കട്ടെ."

മിസ്റ്റർ മക്കാളി—"ഞാനൊ പറഞ്ഞുകൊള്ളട്ടെ: മോറാഭായിയുടെ ജീവചരിത്രത്തെക്കുറിച്ചുള്ള ലക്ഷ്യങ്ങളെ നൂറു പുരോഹിതന്മാരേയും ബോധപ്പെടുത്തണമെന്നാണല്ലോ പ്രസംഗിച്ചത്. അങ്ങനെയാണെങ്കിൽ—

മിസ്റ്റർ സ്ഡ്ലി—ആകാര്യം ഞാൻ മറന്നില്ല. ഒരു പുരോഹിതൻ എണ്ണത്തിൽ കുറഞ്ഞകാര്യം ഒരിക്കൽ അല്ലെങ്കിൽ ഒരിക്കൽ വെളിപ്പെടാതെയിരിക്കുകയില്ല. അതിനെ തടുക്കുവാൻ നിവൃത്തിയില്ലാത്തതാണല്ലോ. സംഗതികളുടെ ഗതിയനുസരിച്ചു പ്രവർത്തിച്ചുകൊള്ളാം. ഹസ്സൻ ഇപ്പോൾ ആ ശവം മറവുചെയ്തിരിക്കണം. ഈ പുരോഹിതന്മാർ ഗൃഹം മുഴുവൻ അന്വേഷണം നടത്തുകയും നാം ഇരിക്കുന്ന സ്ഥലം കണ്ടുപിടിക്കുകയും, ചെയ്താൽ, നാം ഒരു യുദ്ധത്തിനു തയ്യാറായിക്കൊള്ളണം. ഒരു പുരോഹിതന്റെ അകാരണമായ അഭാവം അറിയപ്പെടുവാൻ വഹിയാത്ത ഒരു രഹസ്യമെന്നോ, അല്ലെങ്കിൽ കൊടിയവനായ കാലന്റെ ഒരു ആവാഹവിലാസമെന്നോ അവർ സമാധാനപ്പെടുവാനും മതി. ഒന്നും അറിഞ്ഞുകൂടാ; നാം വളരെവളരെ സൂക്ഷിച്ചു പ്രവർത്തിക്കണം; ഈശ്വരൻ നമ്മെ സഹായിക്കട്ടെ!

ഞാൻ:—"സ്ത്രീവധദുഷ്കർമ്മം എപ്പോൾ നടത്തണമെന്നാണ് ഈ പഞ്ചമപാതകന്മാർ കരുതിയിരിക്കുന്നത്? വല്ലതും അറിയാമോ?

മിസ്റ്റർ സഡ്ലി:—നാളെ അർദ്ധരാത്രിക്ക്, ഈ ഹോമം സംബന്ധിച്ച തിയതി നക്ഷത്രം മുതലായ സകല വിവരങ്ങളും ദിവാന്റെ പ്രസംഗത്തിൽ അടങ്ങിയിരുന്നു.

ഇത്രയും കഴിഞ്ഞപ്പോഴേക്ക് അന്തഃപുരത്തിൽ നിന്നു മേരി കൊണ്ടുവന്ന വർത്തമാനം കല്ലൻ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ ലിലിയുടെ ശരിയായ പേരു് രുഗ്മി എന്നാണെന്നുള്ളത് അറിഞ്ഞ വിവരവും മേരിയെ അന്തഃപുരത്തിൽനിന്ന് പിരിച്ച് എന്നുള്ളതും കേട്ടവാറെ, മിസ്റ്റർ സഡ്ലി യാതൊരുവക വിസ്മയവും പ്രദർശിപ്പിച്ചില്ല.

സഡ്ലി:—ദിവാന്റെ അന്തഃപുരത്തിൽ നിന്നാവട്ടെ, നൂർജിഹാൻപുരത്തിൽ മറ്റെവിടെയെങ്കിലും നിന്നാവട്ടെ, എയിലീനെ രക്ഷപെടുത്തുവാൻ സാധിക്കുന്നതല്ലെന്ന് ഞാൻ മുമ്പേതന്നെ ഉറച്ചിട്ടുള്ളതാണ്. എന്നാൽ കാലസന്നിധിയിലോളം എന്റെ കുഞ്ഞു് ജീവനോടുകൂടെ വരുവാൻ ഇടയുള്ളതാണെന്ന് നിങ്ങൾ ഇപ്പോൾ ധരിച്ചിരിക്കുമല്ലോ. സാധിക്കാമെങ്കിൽ, അപ്പോഴാണ്, അപ്പോൾ മാത്രമാണ് നാം ഇക്കാര്യം സാധിക്കേണ്ടതു് ഇതു മുമ്പേതന്നെ കരുതിയിരുന്നതിനാൽ, മിസ്മക്കാളി പറഞ്ഞ വർത്തമാനം എന്റെ തന്ത്രങ്ങളെ വിഫലമാക്കുന്നില്ല. ഞാൻ കരുതിയിരിക്കുന്ന വിദ്യ ചുരുക്കത്തിൽ ഇങ്ങനെയാണ്.

മിസ്റ്റർ സഡ്ലി—തുടർന്നുപറഞ്ഞു, "ഇതാണ് ഞാൻ കരുതിയിരിക്കുന്ന വിദ്യ. എന്റെ കുഞ്ഞുകാലസന്നിധിയിൽ വരുത്തുന്നതുവരെ നാം ക്ഷമിച്ചിരിക്കണം. നാം മൂന്നാളുകളുണ്ട്. ഹസ്സനും നമ്മളിൽ ഒരുവൻതന്നെ. അവനു് ഭയം അശേഷം ഇല്ല. അവസാനം വരെ വിശ്വസ്തനുമാണ്. അങ്ങനെ ആൾ നാലായി. ച

ന്തുവിനെക്കൂടെ കൊണ്ടുപോകാമായിരുന്നു. എന്നാൽ അവനുപണി വേറെ ഉണ്ടെന്നു പുറകേ മനസ്സിലാവും. നാം നാലുപേരുംകൂടെ ഇടിവാൾപോലെ മിന്നിച്ചെന്നു് എയിലീനെ തട്ടിഎടുത്തു് ഓടണം. അപ്പോൾ ഒന്നാമത്തെ അരങ്ങു് കഴിഞ്ഞു, ആ കുഞ്ഞിനെയും നമ്മേയും കാലകിങ്കരന്മാരുടെ വാളിൽനിന്നു രക്ഷിപ്പാനുള്ള പണിയാണു് ആലോചിക്കേണ്ടതു്? അതിനും ഞാൻ കരുതിയിട്ടുള്ള വഴി പറയാം, പ്രതിഷ്ഠാസ്ഥാനത്തുനിന്നു വെളിയിലേക്കു ഇറങ്ങുവാൻ വഴി രണ്ടുമാത്രമാണു്. ഒന്നു് നാം നടന്നുചെന്നവഴി; മററതു പുരോഹിതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന വഴി. കയറിയിറങ്ങാൻ വഴി വേറേയില്ല. എന്റെ പ്രത്യേക ആവശ്യപ്രകാരം പല സമയങ്ങളിലായി ഹസ്സൻ ആ പ്രദേശമൊക്കയും, നല്ലവണ്ണം കയറിയിറങ്ങി പരിശോധിച്ചറിഞ്ഞതാണു്. നാം ചെന്ന ഗുഹാമാർഗ്ഗത്തിന്റെ മുകളിൽ ഒരു സ്ഥലത്തു് ഒരു പുരപോലെ ഒരു വലിയ പാറക്കണ്ടം മുകളിൽ തൂങ്ങിനില്ക്കുന്നതു് നിങ്ങൾ സൂക്ഷിച്ചിരിക്കുമോ ആവോ? മുകളിൽ വലിയ പിടുത്തമൊന്നുമില്ലാതെ, എപ്പോഴെങ്കിലും, അതു കീഴ്പോട്ടുവീഴുവാൻ തയാറായി നില്ക്കുകയാണു്. മുകളിൽ അല്പം വെടിമരുന്നു ചെലുത്തി തീകത്തിച്ചാൽ "ഭും" എന്നു ഒന്നാകെ അതു് കീഴ്പോട്ടുപതിക്കുകയും, ഗുഹാമാർഗ്ഗം അടയുകയും ചെയ്യും എന്നുള്ളതിനു സംശയമില്ല. എയിലീനെ എടുത്തു ഓടി നാം പാറയുടെ സ്ഥലം കഴിഞ്ഞാൽ ഉടനെ മരുന്നിനു തീകൊളുത്തി ആ കല്ലുമല ഉരുട്ടി താഴെയിട്ടു ഗുഹാമാർഗ്ഗം അടയ്ക്കണം; വല്ല ദുഷ്ടനും അപ്പോഴേക്കു അതിനിങ്ങേപ്പുറം കടന്നുകളയാൻ ഇടയായാൽ അവനെ നാം അവിടെവച്ചു കൊല്ലണം. ഇതാണു് നമ്മുടെ രക്ഷയ്ക്കു ഞാൻ കരുതിയിരിക്കുന്ന പ്രധാനതന്ത്രം. കൂടാതെ ഒരു ചെറിയകാര്യംകൂടെ ചെയ്യേണ്ടതായുണ്ടു്. അതും പറയാം. ഈ ഡിസ്ട്രിക്ടിന്റെ കമ്മീഷണർ മേജർഫിൻഡ്ലിപ്പിന്റെ പേൎക്കു പറയാവുന്നിടത്തോളം വിവരം പറഞ്ഞു് കർണ്ണൽമക്കാളി ഒരു കമ്പിവാചകം തെയാർചെയ്തുതരണം. ഇവിടെ നൂർജിഹാൻപുരത്തുള്ള കൊട്ടാരംവക കമ്പിആപ്പീസു നമുക്കു ഉപയോഗപ്പെടുകയില്ല. ആയതിനാൽ നിങ്ങൾ എഴുതിത്തരുന്ന കമ്പിവാചകം, ഇവിടെനിന്നു എഴുപതുനാഴിക ദൂരമുള്ള ഗാവീനഗരം ആപ്പീസിൽ കഴിയുന്നതും വേഗം എത്തിക്കുവാൻ ഞാൻ ഒരാളിനെ ചട്ടംകെട്ടാം. ഇന്നു ഞാൻ വേഷംമാറി നൂർജിഹാൻപുരത്തുചെന്നു് ആ മനുഷ്യനെ അന്വേഷിച്ചു പിടിച്ചുകൊണ്ടുവരാം. രണ്ടുപ്രാവശ്യം ഞാൻ ആയുസ്സിനെ ദീർഘിപ്പിച്ചുകൊടുക്കുകയും ഇപ്പോഴും എന്റെ വാക്കുകളിന്മേൽ ആയുസ്സിനെ ഉറപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്ന ആ മനുഷ്യനെ നിങ്ങൾ സംശയിക്കേണ്ട ആവശ്യമില്ല. ഗാവീനഗരം നൂർജിഹാൻപുരം രാജ്യത്തിനു പുറത്താണു്. മേജർ ഫിൻസ്ലിപ്പു് നേരെ നമ്മുടെ ക്യാമ്പിലേക്കു വരേണമെന്നു കമ്പിയിൽ പ്രത്യേകം കാണിച്ചിരിക്കണം. അദ്ദേഹം വരുന്നസമയം അഹമ്മദും ചന്തുവും അദ്ദേഹത്തെ സ്വീകരിച്ചുകൊള്ളും. മിസ്സ് മക്കാളി നാളെ സന്ധ്യവരെയ്ക്കു് ക്യാമ്പിൽ തന്നെ താമസിക്കട്ടെ? എന്നാൽ നാളെ രാത്രി ഗുഹാഗർഭത്തിൽ നമ്മോടുകൂടെ വരേണ്ടതായിരിക്കും.

മിസ്സ് മക്കാളി—"സംശയമില്ല. എയ്‌ലിൻ നമ്മുടെ സ്വാധീനമായാൽ, സമാശ്വസിപ്പാൻ ഞാൻ അത്യാവശ്യംതന്നെ.

മിസ്റ്റർ സഡ്‌ലി—നാളെ സന്ധ്യവരെയ്ക്കു് മിസ് മക്കാളി ഇവിടെത്തന്നെ താമസിക്കാം. ഞാൻ പട്ടണത്തിലേക്കുപോകുന്നുണ്ടു്. നിങ്ങൾ രണ്ടാളും നമുക്കു ഗുഹാഗർഭ

ത്തിൽ ആവശ്യപ്പെടാവുന്ന സാമാനങ്ങളൊക്കെയും ഭാണ്ഡങ്ങളാക്കി, ഗുഹാഗർഭത്തിലേക്കു പത്തുമണി രാത്രിയോടുകൂടെ പുറപ്പെടണം. നിങ്ങൾ അവിടെ എത്തുമ്പോഴേക്കു ഞാനും അവിടെ വന്നിരിക്കും. ഗുഹാഗർഭത്തിൽ നമ്മുടെ വാസസ്ഥാനമായ മേൽത്തട്ടിൽ എത്തിച്ചേരാമെങ്കിൽ, നാം കാര്യം സാധിച്ചു. പാറ പൊട്ടിച്ചോ പിളർന്നോ ശിവാനും കൂട്ടകാരും വരുന്നതായാലും ആ മേൽത്തട്ടിലേക്കുള്ള ദ്വാരത്തിലേക്കു കയറാതവണ്ണം നമുക്കു തടസ്സം ചെയ്യാവുന്നതാണ്. അങ്ങനെ എത്രദിവസം നാം അവരോടു മല്ലിട്ടുനില്ക്കേണ്ടിവരുമെന്നു ഇപ്പോൾ നിശ്ചയിച്ചുകൂടാ. അഹമ്മദും, ചന്തുവുംകൂടെ വഴികാണിച്ചുകൊടുത്തുവരുന്ന മേജർഫിൻഡ്‌ലിപ്പും സൈന്യവും ആണ് ആ മരണദ്വാരത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതു്.

അത്താഴം കഴിഞ്ഞു ഞാനും കല്ലനും മുററത്തു് ഇറങ്ങി ഉലാത്തിക്കൊണ്ടിരുന്നു. 'ധമ്മം' ധർമ്മം' എന്നു ഉറച്ച ശബ്ദത്തിൽ പാടിക്കൊണ്ടു് അവിടെ ഒരു ഭിക്ഷു നിലംവരെ കുമ്പിട്ടു ഞങ്ങളെ തൊഴുതു. നേരം അസമയമായി എന്നു ദ്വേഷ്യപ്പെട്ടുകൊണ്ടു കല്ലൻ ആ ജന്തുവിനെ ഓടിച്ചു. "ധർമ്മം ധർമ്മം" എന്നു വിളിച്ചുകൊണ്ടുതന്നെ അവൻ മലയിറങ്ങിപ്പോയി. എന്നാൽ മലയിറങ്ങിയ ഭിക്ഷുവിന്റെ അന്തർവസ്ത്രത്തിനുള്ളിൽ * "Come at once—Ride straight to our camp near Nurjahan **Purom** Bring help—Twenty men sufficiant. Time is every thing—Start immediately on receipt of this. Cullen Macally." എന്നു് ഒരു കമ്പിവാചകം ഇരിപ്പുണ്ടെന്നുള്ള വിവരം കല്ലനും എനിക്കും അറിയാമായിരുന്നു. രാത്രി പത്തുമണിയോടുകൂടെ ചുമടുകളും എടുത്തു പാതിരാ കഴിഞ്ഞപ്പോഴേക്കും ഞാൻ ഗുഹാമുഖത്തു് എത്തി. ചുമടുകൾ ഘനമുള്ളവ ആയിരുന്നു. കയററുഗോവണി കൈയിലെടുത്തപ്പോഴേക്കു മിസ്റ്റർ സഡ്‌ലിയും എത്തി. അദ്ദേഹം പോയ കാര്യം ഒക്കെ സുമാറായി നടന്നു. ഗാവീനഗരത്തിലേക്കു ദൂതൻ പുറപ്പെട്ടു കഴിഞ്ഞു എന്നാണ് മിസ്റ്റർ സഡ്‌ലി പറഞ്ഞതു്. അന്നു് ഒരു ചൊവ്വാഴ്ച രാത്രി—അല്ലെങ്കിൽ ബുധനാഴ്ച വെളുപ്പായിരുന്നു. വ്യാഴാഴ്ചരാത്രി എയ്ക്‌ലീൻ രക്ഷപെടും, അല്ലെങ്കിൽ ഞങ്ങൾ മരിക്കും. വ്യാഴാഴ്ച രാവിലെ ദൂതൻ കമ്പിആപ്പീസിൽ എത്തും. വ്യാഴാഴ്ച ഉച്ചയോടുകൂടെ പുറപ്പെടുന്നതായാൽ മേജർ ഫിൻഡ്‌ലിപ്പ് ശനിയാഴ്ച ഉച്ചയോടുകൂടെ ഗുഹയ്ക്കകത്തുവന്നു ചേരാവുന്നതാണ്. ഇങ്ങനെയാണു മിസ്റ്റർ സഡ്‌ലി കണക്കു വച്ചതു്. അത്രയും താമസത്തിനും യുദ്ധത്തിനും ആവശ്യമുള്ള സാമാനങ്ങളാണ്, ഞങ്ങൾ സംഭരിക്കേണ്ടതു് എന്നു് അദ്ദേഹം ഓർമ്മപ്പെടുത്തവേ, ഞങ്ങൾ എല്ലാവരും ഗുഹാഗർഭത്തിൽ എത്തി.

---

* ക്ഷണംവരിക. നൂർജിഹാൻ പുരത്തിനു സമീപമുള്ള ക്യാമ്പിലേക്കു പട്ടണത്തിൽ അറിയാതെ എത്തണം—സഹായക്കാർ ആവശ്യം. ഇരുപതു ആളുകൾ. ഒരു വിനാഴിക മുമ്പ് എത്താൻ ശ്രമിക്കുക. ഇതു കിട്ടിയാൽ ഉടൻ പുറപ്പെടുക

കല്ലൻ മക്കാലി

## അദ്ധ്യായം ൨൦.

---

### ഹസ്സന്റെ ചരമം.

പതിവുപോലെ കയറുകോണിവഴിക്ക് ഇറങ്ങി വിളക്കും കത്തിച്ചു നടന്ന്, ബുദ്ധപ്രതിമ, വെള്ളാനമുതലായവയെ പിന്നിട്ട്, മേൽഗുഹയിൽ ഞങ്ങൾ എത്തി. ചുമട്ടുകൾ താഴെ ഇടുവാനായി ബദ്ധപ്പെട്ടു മുന്നോട്ടുനടന്ന ഞങ്ങൾ, മിസ്റ്റർ സഡ്‌ലി അങ്ങോട്ട് അടി പുറകിൽനിന്നുകളഞ്ഞതു എന്നത് അറിഞ്ഞില്ല. ചുമട്ടുകൾ താഴെവച്ചു പിറകോട്ടുനോക്കിയപ്പോൾ അദ്ദേഹം കണ്ണുകൾ തുറിച്ചുകൊണ്ടും വായ് അസാരം പിളർന്നുകൊണ്ടും അത്ഭുതപരവശനായി ഒരു സ്തംഭംപോലെ നില്ക്കുന്നു. ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് "എന്തു" അബദ്ധം വല്ലതും:—

മിസ്റ്റർ സഡ്‌ലി:—"ഹസ്സൻ എവിടെ"?

ശരിതന്നെ. ഹസ്സനെ അവിടെ കാണ്മാനില്ലായിരുന്നു.

മിസ്റ്റർ സഡ്‌ലി:— മരിച്ച പുരോഹിതനെ മറവുചെയ്തു കഴിഞ്ഞാൽ ഉടൻ ഇവിടെ നിന്നുകൊള്ളണമെന്നു അവനോട് ഞാൻ പറഞ്ഞിരുന്നു.

ഹസ്സൻ ഉള്ളറകളിലും ഉണ്ടായിരുന്നില്ല.

മിസ്റ്റർ സഡ്‌ലി:—"വളരെ വളരെ അസാധാരണമായി വല്ലതും നടന്നിരിക്കണം. അല്ലെങ്കിൽ, അവനെ ഇവിടെ കാണാതെ വരാൻ ഇടയില്ല.

ഞങ്ങൾ മൂവരുംകൂടെ താഴെ പ്രതിഷ്ഠാസ്ഥാനത്തേക്കു നോക്കി, അവിടെ വിശേഷവിധിയായി ഒന്നും കണ്ടില്ല. പ്രതിമ, ആഭരണങ്ങളും അണിഞ്ഞു നടുക്കുണ്ട്. പീഠത്തിന്മേൽ വിളക്കു നാല് എരിയുന്നുണ്ട് പ്രകാശം ഏററ് കനകമണ്ഡപം വിളങ്ങുന്നുണ്ട്. എട്ടു തടിയന്മാർ വെള്ളവസ്ത്രവും ധരിച്ചു കാലക്കല്ലു കാത്തുകിടപ്പുണ്ട്; അതുതന്നെ; ഹസ്സൻ അവിടെ എങ്ങുമില്ല.

ഞാൻ:—ഗുഹകളിൽ നാം കണ്ടിട്ടില്ലാത്തഭാഗം നോക്കുവാനായി അവൻ ഇറങ്ങിപ്പോയതായിരിക്കാം.

മിസ്റ്റർ സഡ്‌ലി:—അങ്ങനെ വരുവാൻ പാടില്ല. ഒന്നാമതു് ഞാനും അവനും കാണാത്ത ഒരുഭാഗം ഈ ഗുഹയിൽ ശേഷിച്ചിട്ടില്ല. രണ്ടാമത് അവൻ ഇവിടെ നില്ക്കണമെന്നാണ് ഞാൻ പറഞ്ഞിരുന്നതു്.

കല്ലന്മാക്കാളി:—"ഇവിടെ നോക്കൂ. കപാലഭിത്തികയ്ക്കു പുറത്തായി അതാ; ഏതോ ഒരു കറുത്തസാധനം കാണുന്നു. അതു് ഒരു മനുഷ്യനല്ലേ? ഹസ്സനാകുമോ? കുഴൽകണ്ണാടിയിൽക്കൂടെ നോക്കണം"

മിസ്റ്റർ സഡ്‌ലി:—(നോക്കിയിട്ടു) അതേ! അതേ! അതു ഹസ്സൻതന്നെ. ഈശ്വരാ! ഇതെന്തു് അബദ്ധമാണ്. എന്തു കരുതിയാണ് അവന്റെ ഈ പുറപ്പാട്?

ഞങ്ങൾ നോക്കിക്കൊണ്ടുനിന്നു. വളരെ സാവധാനത്തിൽ വലിഞ്ഞു് ആ കറുത്ത സ്വരൂപം കപാലഭിത്തിയെ സമീപിച്ച്, വാതിലിനുള്ളിൽകടന്നു, അവിടെ കുറച്ചുനേരം ചലനമില്ലാതെകിടന്നു; പിന്നെയും അതു മുന്നോട്ടു നീങ്ങി.

മിസ്റ്റർ സഡ്‌ലി:—"ഈശ്വരാ! ഇതെന്തു കഥയാണ്.

കൎണ്ണൽമക്കാളി:—കാലപ്രതിമയിൽ കാണുന്ന ആഭരണങ്ങൾ മോഷ്ടിക്കുവാനായി അവൻ പുറപ്പെട്ടുകയോ?

മിസ്റ്റർ സഡ്‌ലി:—"ഹെയ്, അങ്ങിനെവരാൻ ഇടയില്ല. മുപ്പതുവൎഷമായി എനിക്ക് അവനെ പരിചയവും വിശ്വാസവും ആണ്. അല്ല, ഇന്നു ഒരുവേള ആഭരണമോഷണം ചെയ്യാൻ പുറപ്പെട്ടതുതന്നെയോ? ഇത്ര വലിയ പൊൻപണ്ടങ്ങൾ കണ്ണിനു മുമ്പാകെ പലപ്പോഴും കണ്ടു് അവന്റെ മനസ്സുമയങ്ങിയതായിരിക്കാമോ."

ഹസ്സൻ വലിഞ്ഞു് ഇഴഞ്ഞു കണ്ടു കാലകിങ്കരന്മാരുടെ മദ്ധ്യത്തിലായി. അവർ ഉറങ്ങിക്കിടന്നിരിക്കണം; അവൻ പിന്നെയും മുന്നോട്ടുതന്നെ വലിഞ്ഞു കനകമണ്ഡപത്തിന്മേൽ കയറിത്തുടങ്ങി.

കൎണ്ണൽമക്കാളി:—സംശയമില്ല, അവന്റെ ഉദ്ദേശം അതുതന്നെ, ഭാരതീയന്മാർ, മഹമ്മദീയന്മാർ, അന്യ അപരിഷ്കൃതന്മാർ ഇവൎക്കൊക്കെയും വലിയ കാൎയ്യമായ ഒരു വസ്തുവാണ്, പൊന്ന്. നിങ്ങളുടെ സന്നിധിയിൽ അവൻ വളരെ അടക്കം കാണിച്ചുപോന്നെങ്കിലും, നിങ്ങളുടെ അഭാവത്തിൽ അവന്റെ ജന്മഗുണം വെളിപ്പെടുവാൻ ഇടയുണ്ട്; അല്ലേ?

ഹസ്സൻ മന്ദം മന്ദം ഇഴഞ്ഞു കാലപ്രതിമയുടെ ചുവട്ടിലായി, അവൻ കുറേശ്ശ നിവിൎന്നുതുടങ്ങി. അവൻനിന്നു; അവന്റെ കൈകൾ ഉയരുന്നു; ആഭരണങ്ങൾക്കെതിരെയാണ്. എന്നാൽ നീളക്കുറവുകൊണ്ട് അവൻ—ഇല്ല അവൻ ബുദ്ധിമുട്ടുന്നില്ല—പ്രതിമയുടെമുമ്പിൽ രണ്ടടിപൊക്കത്തിൽ പണിതിരുന്ന ഒരു കല്പടയിലേക്ക് അവൻ—ഞങ്ങളുടെ ശ്വാസം നിന്നു; നാഡീചലനം അസ്തമിച്ചു—അവൻ കയറി. അവന്റെ കൈകൾ ആഭരണനിക്ഷേപത്തെ സ്പൎശിച്ചു. കാലസ്വരൂപം സ്വല്പം ഒന്നു് ഇളകിയതിനോടുകൂടെ വിളക്കിന്റെ പ്രകാശം തട്ടി ഇടിവാൾപോലെ അതു തിളങ്ങി. പാതാളത്തിൽ ഏതോ ഒരു വലിയ ശബ്ദം; പ്രതിഷ്ഠക്കു വളരെ അടിയിൽ എവിടെയോ ഒരു കലുക്കവും അനേകം യന്ത്രങ്ങൾ യോജിച്ചു പ്രവൎത്തിക്കുന്നമാതിരി ഒരു ആരവവും—കഴിഞ്ഞു; ഒരു വിനാഴികയ്ക്കകം കഥകഴിഞ്ഞു—മിസ്റ്റർ സഡ്‌ലിയുടെ വിശ്വസ്തഭൃത്യനായ ഹസ്സൻ ചത്തു നിലത്തുവീണു. കൊടിയ ആ വിഗ്രഹത്തിന്റെ നാലു തടിച്ച കൽകൈകൾ ഏതോ യന്ത്രങ്ങളുടെ വ്യാപാരം നിമിത്തം, ഉയൎന്ന്, സാധു ഹസ്സനെ അതിന്റെ മാറോടുചേൎത്ത് ഒരു ഞെക്ക്; അത്രമാത്രം. യന്ത്രം നിശ്ശബ്ദമായി. കൽകൈകൾ പൂൎവ്വസ്ഥിതിയിൽ കീഴ്പ്പോട്ടേക്കുവീണു. ശബ്ദംകേട്ടു പരിഭ്രമിച്ചെഴുന്നേറ്റ എട്ടു പുരോഹിതന്മാരോടെ പന്തങ്ങൾ ഒന്നിച്ചു തെളിഞ്ഞു. ഹാ! കഷ്ടം, കഷ്ടം, കഷ്ടം, ഒരു നിമിഷംമുമ്പു സൎവ്വാംഗങ്ങളിൽ ജീവൻ വ്യാപിച്ചിരുന്ന ഹസ്സൻ—മിസ്റ്റർ സഡ്‌ലിയുടെ വിശ്വസ്തനായ പട്ടാണി—ഒരു മാംസക്കഷണമായി നിലത്തുകിടപ്പുണ്ട്. ചൂടുള്ള രക്തം പ്രതിമാപാദങ്ങളിൽനിന്നു കനകമണ്ഡപത്തിലേക്ക് ഒഴുകുന്നു.

കല്ലൻ ഒരു ദീൎഘശ്വാസം വിട്ടു. മുട്ടുകുത്തി നിന്നിരുന്ന മിസ്റ്റർ സഡ്‌ലി തിടീരെന്ന് എന്റെ പുറത്തു് ഉരുണ്ടുവീണു. മോഹാലസ്യമാണു്. തൻമൂലം വിവരമറിഞ്ഞ കല്ലൻ ധൈൎയ്യത്തെ അവലംബിച്ചു് എഴീറ്റു, ഞങ്ങൾ രണ്ടാളും കൂടെ അദ്ദേഹത്തെ എടുത്തു് അകത്തേക്കു കൊണ്ടുപോയി സ്വല്പം ബ്രാണ്ടികൊണ്ടു ചിറികളിൽ തടവി അദ്ദേഹം കണ്ണുകൾ തുറന്നു. "എന്റെ ഹസ്സനെ! എന്റെ ഹസ്സനേ!" എന്നായിരുന്നു, അദ്ദേഹത്തിന്റെ വായിൽനിന്ന് ഒന്നാമതായി പുറപ്പെട്ടതു്. "ഞാൻ ഹൃദയ

പൂർവം സ്നേഹിക്കകയും എന്നെ സ്നേഹിക്കുകയും ചെയ്ത നിനക്ക് ഇങ്ങനെ വന്നല്ലോ ഫസ്സനേ! ഫസ്സനേ! ഇതുനിമിത്തം ഇനി എനിക്ക് എയിലിനേ കൂടെയും കിട്ടാതെ വരുമോ ദൈവമേ! ഫസ്സനേ!” എന്നിങ്ങനെ ഒരിക്കലും കലുങ്ങാത്ത മിസ്റ്റർ സഡ്ലി നിലവിളിക്കുന്നതു കണ്ടു്, ഞങ്ങൾ രണ്ടാളുകളുടേയും കണ്ണിൽനിന്നു വെള്ളം ധാരയായി ഒഴുകി.

കർണ്ണൽ മക്കാളി—“സ്ത്രീഹോമം നാളെത്തന്നെ നടക്കുന്നതാകവേണ്ണം ദിവാൻ ഏർപ്പാടു ചെയ്യുമെന്നാണു കരുതേണ്ടതു്. ഒരു തലമുറയിൽ ഒരിക്കൽ നടക്കേണ്ട ഒരു കർമ്മം ഇങ്ങനത്തെ ഒരു പ്രതിബന്ധംകൊണ്ടു മാറിപ്പോകുമെന്നു കരുതാമെന്നു തോന്നുന്നില്ല. കൂടാതെയും മരിച്ച ആൾ ആരാണെന്നു് അവർക്കു മനസ്സിലാകാതിരിക്കുവാനും ഇടയുണ്ടു്. ഫസ്സന്റെ ശരീരം ആകപ്പാടെ അരഞ്ഞു് ഒന്നായിപ്പോയിരിക്കുന്നു.”

മിസ്റ്റർ സഡ്ലി:—“വാസ്തവം തന്നെ. നാളേക്കു നിശ്ചയിച്ചിരിക്കുന്ന ദുഷ്കർമ്മം ദിവാൻ മാററിവയ്ക്കുകയില്ല എന്നു തന്നെ നമുക്കു് ആശിക്കാം.

കർണ്ണൽമക്കാളി:—“സംഗതികളുടെ ഗതിപോലെ നാം പ്രവർത്തിക്കേണ്ടതാണു്. നിങ്ങൾക്കു സുഖമുണ്ടെങ്കിൽ, പ്രതിഷ്ഠയെ അവലോകനം ചെയ്യാനായി നമുക്കു് അങ്ങോട്ടു പോവാം.

ഞങ്ങൾ വന്നുനോക്കിയപ്പോൾ ശവത്തിനു ചുററുമായി ആറു പുരോഹിതന്മാരുണ്ടു്. വിസ്മയം കൂറുന്ന മുഖത്തോടുകൂടെ അവർ അന്യോന്യം പിറുപിറുത്തുകൊണ്ടിരുന്നു. ഉടനേ മറേറ രണ്ടു കിങ്കരന്മാരും എത്തി. കൂടെ ഒരു ചെറുകാളവും ഒന്നു രണ്ടു മുണ്ടുകളും ഒരു പാത്രത്തിൽ കുറെ വെള്ളവും ഉണ്ടു്. ചെറുകാളത്തിനകത്തു ഫസ്സന്റെ ശവം പൊതിഞ്ഞു്, ഒന്നാമതായിത്തന്നെ, അവർ മാററിവച്ചു. പിന്നെ വെള്ളം ഒഴിച്ചു രക്തം തറയിൽനിന്നു കഴുകി, മുണ്ടുകൊണ്ടു തുടച്ചുതുടങ്ങി.

കർണ്ണൽമക്കാളി:—“എനിക്കു തോന്നുന്നതു്, പ്രസ്തുത സംഭവം, ഈ കള്ളന്മാർ പബ്ലിക്കാക്കാൻ ഭാവിച്ചിട്ടില്ല” എന്നാണു്.

മിസ്റ്റർ സഡ്ലി:—“അങ്ങനെ ആയാം. ഒരു അന്യൻ പ്രതിഷ്ഠാസ്ഥാനം വരെയുംചെല്ലുവാൻ ഇടയായതു കാവല്ക്കാരുടെ പേരിൽ അപരാധം തന്നെ. മരണശിക്ഷയിൽ കുറഞ്ഞ യാതൊരുവക ശിക്ഷയും ഈ ഗുഹയിൽ നടക്കുമെന്നു് എനിക്കു തോന്നുന്നില്ല. ആഭരണം ഒന്നും മോഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ശവം മറവു ചെയ്തു, രക്തം കഴുകിക്കളഞ്ഞു് എല്ലാം സ്വകാര്യമായിരിക്കണെമെന്നു് അന്യോന്യം പ്രതിജ്ഞ ചെയ്താൽ പിന്നെ അപകടം വരാനില്ലെന്നും അവർ അനുമാനിക്കാവുന്നതാണു്.”

പന്തവുംകൊണ്ടു് ഒരുവൻ മുന്നിലും ശവക്കെട്ടുംകൊണ്ടു നാലുപേർ പിന്നിലും ആയി അവർ ഗുഹയ്ക്കകത്തുനിന്നു വെളിക്കു് ഉൾഗുഹയിലേക്കു മാറി. സാധാരണപുരോഹിതന്മാർ കയറുകയും ഇറങ്ങുകയും ചെയ്ത ദ്വാരത്തിൽ കൂടെയല്ല, ഞങ്ങൾ ഗുഹാഗർഭം ആദ്യം കണ്ട ദ്വാരത്തിൽ കൂടെയാണു് അവർ ശവക്കെട്ടും കൊണ്ടു തിരിച്ചതു്. ഈ മരണവർത്തമാനം പരസ്യമാകുവാൻ അവർ കരുതിയിട്ടില്ലായിരുന്നു എന്നുള്ളതിനു്, ഇതും ഒരു ലക്ഷ്യമായിരുന്നു. അവർ തിരികെ വന്നു. എല്ലാവരും കനകമണ്ഡപത്തിന്റെ ചുററിലും മുമ്പേപ്പോലെ സ്ഥലംപിടിച്ചു കിടപ്പായി

## അദ്ധ്യായം ൨൧.

---

### തയാർ!

ബുധനാഴ്ച വെളുപ്പിനു മൂന്നുമണിയോടുകൂടെ കല്ലനും ഞാനും ക്യാമ്പിലേക്കു മടങ്ങി. മേരിയുടെ മുറിക്കകത്തു വിളക്കു് എരിഞ്ഞുംകൊണ്ടു നിൽക്കുന്നതു കണ്ടു് അങ്ങോട്ടു ചെന്നു. ആ സമയം അവളുടെ മുറിക്കകത്തു പ്രവേശിക്കുന്നതു മര്യാദയല്ല എന്നതു ഞങ്ങൾ രണ്ടാളും സ്മരിച്ചില്ല. ഞങ്ങൾ അകത്തു കടന്നു. അവിടെ തറയിൽ കുപ്പികളും പാത്രങ്ങളും കെട്ടുകളും പല സ്ഥലങ്ങളിലായി അടുക്കിയും അടുക്കാനായും കിടക്കുന്നു. ആ സ്ത്രീ രാത്രി മുഴുവൻ ഉറക്കമിളച്ചു പണി എടുത്തിരുന്നു എന്നുള്ളതു പ്രത്യക്ഷമായിരുന്നു.

ഇങ്ങനെ ഉറക്കു് ഒഴിഞ്ഞിരിക്കുന്നതു നന്നല്ല എന്നു കല്ലൻ പറഞ്ഞതിനു്, "ഇന്നു ബുധനാഴ്ച രാത്രി എന്തെല്ലാമാണു നടക്കുവാനിരിക്കുന്നതു്, ആർക്കു് അറിയാം? അതിലേക്കു നിങ്ങളുടെ ഒക്കെ ഡാക്ടർ എന്ന ന്യായേന ഞാനും ചില മുൻകരുതലുകൾ ചെയ്യേണ്ടതു് ആവശ്യമാണു്" എന്നായിരുന്നു മറുപടി. സൌന്ദര്യംപോലെതന്നെ ബുദ്ധി! ഗുണവും ഇങ്ങനെ തികഞ്ഞു വേറെ ഒരു പെൺകുട്ടിയെ ഞാൻ കണ്ടിട്ടില്ല.

നേരം വെളുത്തു. ഈശ്വരാനുഗ്രഹം ഇല്ലാതെ അന്നുരാത്രി ഞങ്ങൾ ഗുഹാഗർഭത്തിൽ ചത്തു വീഴുവാനാണു കർമ്മം എങ്കിൽ, ഞങ്ങൾ അവസാനമായി കാണുന്ന സൂര്യൻ ഉദിച്ചു് ഉയർന്നു. ഭക്ഷണം കഴിഞ്ഞ ഉടനെ കുതിരപ്പുറത്തു ഞങ്ങൾ സുർജിഫാൻ പുരത്തിങ്കലേക്കു തിരിച്ചു. ഞങ്ങളുടെ ഉദ്ദേശങ്ങളെയാവട്ടെ പ്രവൃത്തികളെയാവട്ടെ ദിവാൻ സംശയിക്കാതെ ഇരിക്കുവാനായി, സാധിക്കുമെങ്കിൽ ഈ ദിവസം ദിവാനെ ചെന്നു കാണണമെന്നു ആലോചനാ കുശലനായ മിസ്റ്റർ സഡ്‌ലി ഞങ്ങളെ ചട്ടം കെട്ടിയിരുന്നു. കാണ്മാൻ ദിവാൻ ഞങ്ങൾക്കു സമയം അനുവദിച്ചില്ല. കൃത്യാന്തരഗൗരവം നിമിത്തം സമയം ഇല്ലാത്തതിനാൽ ക്ലേശിക്കുന്നു എന്നായിരുന്നു മറുപടി കിട്ടിയതു്. അതു നന്നായി, ഇരുപതുവർഷം "അച്ഛാ! അച്ഛാ!" എന്നു വിളിച്ചുപോന്ന സർവ്വാംഗസുന്ദരിയായ ഒരു കന്യകയെ കുത്തിക്കൊണ്ടു കണ്ടിക്കണമെന്നു് ഇരുപതു വർഷമായി കരുതിക്കൊണ്ടിരുന്ന ആ ക——റിയെ, അന്നു കണ്ടിരുന്നു എങ്കിൽ, കുത്തി ഞാൻ കടൽ വെളിക്കു ചാടിക്കുവാൻ ഇടയുണ്ടായിരുന്നു. കപടത ഒന്നുമില്ലാതെ സാമാന്യം കഴിച്ചിലിനു സ്വത്തുള്ള മിസ്റ്റർ ജോൺ സീവാണു ഞാനെന്നും; കാലപുരോഹിതപ്രധാനനായ പ്രണതാർത്തി ഹരിഹരസുബ്രഹ്മണ്യരായരാണു് അയാളെന്നും, അഭിമുഖമായി പറയുകയും അതിനനുസരിച്ചു കപടത ഒന്നും കൂടാതെ പ്രവർത്തിക്കുകയും ചെയ്യാവുന്ന അവസരം വരെയ്ക്കു് അന്യോന്യം കാണാതെ കഴിയുകയായിരുന്നു നല്ലതു്.

ഞങ്ങൾ മടങ്ങി ക്യാമ്പിലെത്തി സമയം വളരെ മന്ദമായിമാത്രം നീങ്ങിയതുപോലെ തോന്നി. രശ്മിയുടെ അടുക്കൽനിന്നു വല്ലതും ഒരു തുമ്പു കിട്ടും എന്നു കരുതി മേരി മിക്കവാറും വരാന്തയിൽതന്നെ സമയം കഴിച്ചു. ഞങ്ങൾ രണ്ടാളുകളും കട്ടിലിൽ കിടന്നു് ഉരുണ്ടുതന്നെ സമയംപോക്കി. നേരം സന്ധ്യയായി. ഭക്ഷണം കഴിഞ്ഞു വേലക്കാർ ഉറക്കത്തിനു കയറി. അഹ്‌മദ് ചന്തു എന്നിവരെ വിളിച്ചു മേരിയും ഞാനും കേൾക്കെ കല്ലൻ വളരെ സ്വകാര്യമായി ഇങ്ങനെ പറഞ്ഞു.

കല്ലൻ—"ഞാൻ ഇവിടെ വന്നതും താമസിക്കുന്നതും ഏതോ ഒരു വലിയ കാര്യം സാധിക്കുവാനാകുന്നു എന്നുള്ളതു മററുള്ള വേലക്കാർ സംശയിച്ചിട്ടില്ലെങ്കിലും നിങ്ങൾ രണ്ടാൾക്കും അറിയാവുന്നതാണല്ലോ. ചന്തുവിന് ഏതാണ്ടെല്ലാം ചില ഊഹവും ഉണ്ടായിരിക്കാം. എന്നാൽ ഇന്നു രാത്രിയാണു ആ ഉദ്ദേശം സാധിക്കുമോ ഇല്ലയോ എന്നു അവസാനമായി അറിയുന്നത്. നിങ്ങൾ രണ്ടുപേരും ഇവിടെ താമസിക്കുകതന്നെ. ഒരു മൂന്നുനാലു ദിവസത്തേക്കു ഞങ്ങളെ ഒരുവരേയും കാണാതെ ഇരിക്കുന്നപക്ഷവും, നിങ്ങൾ ഞങ്ങളെ അന്വേഷിച്ചു പുറപ്പെടരുത്. അതിന്നിടയ്ക്കു നൂർജിഹാൻപുരത്തുനിന്നു ദിവാന്റെ ആളുകളോ വേറെ വല്ലവരുമോ ഇവിടെ വന്നു ഈ ക്യാമ്പിനു തീ വയ്ക്കുകയോ മററു എന്തെങ്കിലും വിനാശം ചെയ്യുകയോ ചെയ്താൽ, മററുള്ളവർ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ: നിങ്ങൾ രണ്ടാളും ചാകാതെ രക്ഷപ്പെട്ടു ഈ കാട്ടിൽ എവിടെയെങ്കിലും ഒളിച്ചു താമസിക്കണം. ഇന്നു ബുധനാഴ്ചയാണ്- വെള്ളിയാഴ്ച രാത്രിയോ ശനിയാഴ്ച എപ്പോഴെങ്കിലും ഒരു സമയത്തോ മേജർഫിൻഡ്സ്‌ലിപ്പ് എന്നു പേരായ കലക്ടർ സായ്‌വും കൂടെ കുറെ ആളുകളും—ഇവിടെ എത്തും. ആ ക്ഷണം അവരെ കൂട്ടിക്കൊണ്ടു ചന്തു ഞങ്ങൾ താമസിക്കുന്ന ഗുഹയ്ക്കകത്തേക്കു വരണം. ഞങ്ങൾ ആ ഗുഹയിലേക്കു പുറപ്പെടുകയാണ്. ചന്തു ഇപ്പോൾ ഞങ്ങളോടുകൂടെവന്നു സ്ഥലം കണ്ടു് ഉടനെതന്നെ മടങ്ങിപ്പോരാം."

ഞങ്ങൾ പുറപ്പെട്ടു. അഹ്‌മദ് നിലത്തുവീണ് ഞങ്ങളുടെ ഓരോരുത്തരുടേയും കാലുകളിൽ കെട്ടിപ്പിടിച്ചു ചുംബനംചെയ്തു നിലവിളിച്ചു. ആവശ്യപ്പെട്ടാൽ ആ സാധു ഞങ്ങൾക്കുവേണ്ടി മരിക്കുവാൻ തയ്യാറായിരുന്നു എന്നുള്ളതു നിശ്ചയമായിരുന്നു. പട്ടാണഭൃത്യന്മാരുടെ ഒരു വിശ്വസ്തതയും സ്നേഹവും അതിരില്ലാത്തതുതന്നെ.

ഞങ്ങൾ ഗുഹാദ്വാരത്തിൽ എത്തി. ആദ്യം കല്ലൻ, പിന്നെ മേരി, പിറകു ഞാൻ, ഒടുവിൽ ചന്തു ഇങ്ങനെ താഴെയിറങ്ങി. ഞങ്ങൾ നടന്നു; ആരും ഒന്നും സംസാരിച്ചില്ല. സൌഭാഗ്യം വർഷിക്കുന്ന ഗജത്തിന്റെ കീഴെ ചെന്നപ്പോൾ കല്ലൻ വിളക്കു മേല്പോട്ടേക്കു പിടിച്ചു; മേരി സാവധാനത്തിൽ അങ്ങോട്ടു നോക്കി;വിസ്മയം, ആ സൌഭാഗ്യവതിയുടെ മുഖത്തിലും ശ്വാസത്തിലും ഞാൻ കണ്ടു. ഞങ്ങൾ പിന്നെയും നടന്നു് സഡ്‌ലിയുടെ അടുത്തു എത്തി. 'പോകാം' എന്നു കൈകൊണ്ടു ആംഗ്യം കാണിച്ചതു അനുസരിച്ചു് ചന്തു നിശ്ശബ്ദമായി മടങ്ങി. വരുവാൻ ഇടയുള്ള ആപത്തുകളെക്കുറിച്ചോ താൻ മടങ്ങുവാനുള്ള മാർഗ്ഗമായ ഗുഹകളെക്കുറിച്ചോ ഒരക്ഷരം ശബ്ദിക്കാതെ ചന്തു മടങ്ങുന്നതുകണ്ടു്, എനിക്കു വിസ്മയം തോന്നി. മിസ്റ്റർ സഡ്‌ലിയുടെ ഭൃത്യന്മാരൊക്കെയും ആവശ്യപ്പെട്ടാൽ യന്ത്രപ്പാവകൾ പോലെയാണ്. ധൈര്യത്തിൽ ചന്തു, കല്ലൻ ഇവരെ കവിഞ്ഞ ആളുകളെ ഞാൻ ഒരിടത്തും കണ്ടിട്ടില്ല.

പ്രതിഷ്ഠാസ്ഥാനത്തു് അന്നു പകൽ വിശേഷവിധിയായി ഒന്നും നടന്നിരുന്നില്ല, എന്നു മിസ്റ്റർ സഡ്‌ലി പറഞ്ഞു. പുരോഹിതന്റെ മരണമാവട്ടെ, ഒരു അന്യന്റെ പ്രവേശമാവട്ടെ, കാലകിങ്കരന്മാർ പൊതുവെ അറിയാഞ്ഞതു് മേൽനടപടികൾക്കു അനുകൂലംതന്നെ ആയിരുന്നു.

മേൽത്തട്ടിൽനിന്നു മേരി കാലപ്രതിമയെ നോക്കിക്കണ്ടു. അതിന്റെ സ്വരൂപവും സമ്പ്രദായവും ഞങ്ങൾ പലപ്രാവശ്യം വിസ്തരിച്ചുപറഞ്ഞു് അറിഞ്ഞിരുന്നതുകൊ

ങ്ങളും, സ്വാഭാവികമായ ധൈര്യംകൊണ്ടും, യാതൊരുവക സംഭ്രമവും കൂടാതെയാണ്, അവർ അതിനെ നോക്കി മനസ്സിലാക്കിയത്. എന്നാൽ സമയം അതിക്രമിച്ചുകൊണ്ടിരുന്നതിനാൽ, ഞങ്ങൾ കാര്യം പറഞ്ഞുതുടങ്ങി. എല്ലാവരും മരിക്കുവാൻകൂടെയും സന്നദ്ധരായിരിക്കണമെന്നുള്ള വിവരം, മേരിയുണ്ടെന്നുള്ളതുകൊണ്ട്, മിസ്റ്റർ സഡ്ലി മറച്ചുവച്ചില്ല. ഞങ്ങൾ ഓരോരുത്തരും, നിൽക്കേണ്ടതായ സ്ഥാനങ്ങളും ചെയ്യേണ്ടതായ പ്രവൃത്തികളും, ഇന്നവയാണെന്നു അല്പം വാദപ്രതിവാദങ്ങളുടെ ശേഷം ഉറച്ചു. മേൽഗുഹയിൽനിന്നു കീഴ്ഗുഹയിലേക്കു ഇറങ്ങാനുള്ള സ്ഥലമാണു മേരിയ്ക്കായി നിയമിക്കപ്പെട്ടത്. ആ സ്ഥാനം മേരിക്കു കൊടുത്തതിനു പല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. ഞങ്ങൾ ആരും സമീപത്ത് ഇല്ലാതിരിക്കുന്ന അവസരത്തിൽ പ്രതിഷ്ഠാസ്ഥാനത്തു നടക്കുന്ന ക്രൂരതകളേയും ദുഷ്ടതകളേയും അവർ ആ അർദ്ധരാത്രിയിൽ തനിച്ചുനിന്നുകാണുക ഉചിതമല്ലാത്തതുകൊണ്ടും; എയിലിനെ തട്ടിപ്പറിച്ച് എടുത്തുകൊണ്ടോടുന്ന അവസരത്തിൽ ഒരുത്തനോ പലരോ മരിക്കുന്നത്, അവരുടെ കണ്ണുകൾ കാണേണ്ടതില്ലാതിരുന്നതുകൊണ്ടും; മേരി, മേൽത്തട്ടിൽ നിൽക്കുക എന്നത് ഞങ്ങൾ അനുവദിച്ചില്ല. അവസാനനിമിഷത്തിൽ പുതുതായ വല്ല ആലോചനയോ പുറപ്പാടോ ആവശ്യമായി വരുന്നപക്ഷം, ഞങ്ങൾ നാലുപേരും ക്ഷണത്തിൽ ഒരുമിച്ചു വരേണ്ടതിലേക്കും, മേരിയുടെ സ്ഥാനം താഴത്തെ ഗുഹയോടുസമീപിച്ചു വേണ്ടതായിരുന്നു. കൂടാതെയും മോറാഭായിക്ക് ഞങ്ങൾ ഒക്കെയും കേവലം അപരിചിതന്മാരും മേരി ഒരു സ്നേഹിതയും ആയിരുന്നതിനാൽ പ്രതിഷ്ഠാസ്ഥാനത്തുനിന്നു തെററിയാൽ, മേരിസ്ഥാനം കഴിയുന്നവേഗത്തിൽ മോറാഭായിക്കു ലഭിക്കേണ്ടതായിരുന്നു. ഇങ്ങനെ പല പ്രകാരങ്ങളിൽ ആലോചിച്ച്, കഴിയുന്നതും ഞങ്ങളോടു സമീപിച്ചും എന്നാൽ എയിലിന്റെ സംരക്ഷണംസംബന്ധിച്ചുണ്ടാവാനിടയുള്ള ദ്വന്ദ്വയുദ്ധങ്ങളിൽനിന്ന് കഴിയുന്നതും അകന്നും; ഒരു സ്ഥാനമായിട്ടാണു, മേൽത്തട്ടിലേക്കുപോകുന്ന ഗുഹാദ്വാരത്തെ മേരിക്കായി നിയമിച്ചത്. പാറക്കെട്ടു ഉരുട്ടി താഴെ ഇടുന്നതിനായി വെടിമരുന്നിനു തീകൊളുത്തുകയായിരുന്നു. കല്ലന്റെ പണി; എന്തുതന്നെ കണ്ടാലും, എന്തുതന്നെ നടന്നാലും അദ്ദേഹം സ്വസ്ഥാനത്തുനിന്ന് ഇളകുകയില്ലെന്നും മിസ്റ്റർ സഡ്ലിയും പുത്രിയും, പുറകെ ഞാനും പാറക്കെട്ടിന്റെ സ്ഥാനത്തെ അതിക്രമിച്ചാൽ ഉടനെ മരുന്നിനു തീകൊളുത്തിക്കൊള്ളാമെന്നും; അതിന്റെശേഷം സന്ദർഭംപോലെ ആയുധപ്രയോഗം തുടങ്ങുകയോ മേൽത്തട്ടിലേക്കുള്ള ഗുഹയിലേക്കു ഓടിക്കയറുകയോ ചെയ്തുകൊള്ളാമെന്നും അദ്ദേഹം ഭരമേററു. മിസ്റ്റർ സഡ്ലിയും ഞാനും പ്രതിഷ്ഠാസ്ഥാനത്തേക്കു പ്രവേശിക്കുന്ന ദ്വാരത്തിങ്കൽ പതുങ്ങിനിൽക്കുവാനാണ്. സമയമാകുമ്പോൾ അങ്ങോട്ടേക്കു ചാടിക്കയറി എയിലിനെ എടുക്കുവാനും മടങ്ങി ഓടുവാനും മിസ്റ്റർ സഡ്ലിവശം കൊടുപ്പാനും ചുമതലപ്പെട്ടതു ഞാനായിരുന്നു. ഈ ഏർപ്പാടിലേക്ക് അപകടംകൂടിയ ഈ പണിക്ക് ഭാഗഭാക്കുകളാവേണമെന്നു കല്ലനും മിസ്റ്റർ സഡ്ലിയും വേറെവേറെ വാദിച്ചു; എങ്കിലും ജീവനെ പണയംവച്ചു ആ കപ്പാടെ മരണദ്വാരത്തിനകത്തു കടന്നിരിക്കുന്ന ഞങ്ങൾ സ്ഥാനഭേദത്തെക്കുറിച്ചു വാഗ്വാദംചെയ്തു സാരകാര്യത്തെ വിസ്മരിക്കരുതെന്നുള്ള അഭിപ്രായംപ്രബലപ്പെട്ടതുകൊണ്ട് ആറ് അടി നാലിഞ്ചു നീളവും, അതിനടുത്ത കായബലവും,ഏറ്റൺസ്കൂളിൽ പഠിച്ചിരുന്ന കാലത്തു ആണ്ടോടാണ്ടു ഓട്ടം,ചാട്ടം മുതലായവയ്ക്കു സമ്മാനംവാങ്ങിച്ചുപോന്ന വ്യായാമപരിശീലനവും തികഞ്ഞ ഞാൻതന്നെയാണ് പ്രതിഷ്ഠാസ്ഥാനത്തു കടക്കുവാനും എയിലിനെ അപഹരിക്കുവാനും ഉചിതനായ പുരുഷൻ എന്ന് പ്രത്യക്ഷമായിരുന്നതുകൊണ്ട് ആ കാര്യം അങ്ങനെതന്നെ തീർച്ച ആയി.

മണി പതിനൊന്നായി. പ്രതിഷ്ഠയുടെ പിറകുവശം ഉള്ള അറകളിൽ ചില നേരിയ ശബ്ദങ്ങളും മന്ത്രോച്ചാരണങ്ങളും ഇടയ്ക്കിടെ മണിനാദങ്ങളും കേട്ടുതുടങ്ങി. മിസ്റ്റർ സഡ്ലി എഴീററു. ഞങ്ങളും എഴീററു. മരിക്കാൻ തയ്യാറാകുന്ന രീതിയ്ക്കാണ് എൻെറ വികാരങ്ങൾ അപ്പോൾ നിന്നതു്. മിസ്റ്റർ സഡ്ലി മുന്നോട്ടു് അടുത്തു ഒന്നും പറയാതെ മേരിയുടെ രണ്ടു കവിൾത്തടങ്ങളിലും ചുംബിച്ചു്, നടന്നു. അതിനെ അനുകരിച്ചെന്നവണ്ണം കല്ലൻ അടുത്തുവന്നു മേരിയെ തഴുകി. അദ്ദേഹവും നടന്നു. മേരിയും ഞാനും അന്യോന്യം അടുത്തു. മുൻനിർദ്ദേശമനുസരിച്ചെന്നവണ്ണം ഞങ്ങളുടെ ചിറികൾ തമ്മിൽ മുട്ടി; ഒരു സെക്കൻറു് അങ്ങനെ നിന്നു. "എൻെറ പൊന്നുംകുടമെ" എന്നു് അവരും "എൻെറ തങ്കക്കുടമെ" എന്നു ഞാനും പറഞ്ഞു. അതിലധികം സംസാരിക്കുവാൻ എൻെറ തൊണ്ടയിൽ ജലമില്ലാതായിരുന്നു; നാവിനു ശക്തിയും ഇല്ലായിരുന്നു. ഒരു രണ്ടു സെക്കണ്ടുകൂടെക്കഴിഞ്ഞു. ചോർന്നുപോകുന്ന ധൈര്യത്തെ തടഞ്ഞുനിറുത്തിക്കൊണ്ടെന്നവണ്ണം, രണ്ടുപേരും അന്യോന്യം പെട്ടെന്നു പിടിവിട്ടുവിച്ചു അകന്നുമാറിനിന്നു. "ജോൺ ശുഭമായി എൻെറ അടുക്കൽ തിരിച്ചുവരിക" എന്നു അവരും "ധൈര്യമായിരിക്കുക; ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക;" എന്നു ഞാനും പറഞ്ഞു. ഞങ്ങൾ നടന്നു.

മേരി അവക്കായി നിശ്ചയിച്ച സ്ഥലത്തു നിന്നു എന്നു് കാൽപെരുമാററം കേൾക്കാതായപ്പോൾ ഞാൻ അനുമാനിച്ചു. ഞാൻ പുറകോട്ടു നോക്കിയില്ല. കിഴ്പോട്ടു ഇറങ്ങിനടന്നു, കല്ലൻ വെടിമരുന്നിൻെറവഴി ഒക്കെ ശരിയോ എന്നു പരീക്ഷിക്കുകയും പന്തം ശരിയായ സ്ഥാനത്തു വയ്ക്കുകയും ചെയ്യുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു.

"ഈശ്വരൻ അനുഗ്രഹിക്കട്ടെ" എന്നു അദ്ദേഹവും ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്നു ഞാനും അന്യോന്യം മുഖത്തുനോക്കാതെ പറഞ്ഞു. ഞാൻ മുന്നോട്ടുതന്നെ നടന്നു. മിസ്റ്റർ സഡ്ലി പ്രതിഷ്ഠാസ്ഥാനത്തേക്കുള്ള പ്രവേശദ്വാരത്തിൽ ഒരുവശത്തു സ്ഥാനം പിടിച്ചിരുന്നു. ഞാൻ മറുവശത്തും ആസന്നസ്ഥനായി. ഞങ്ങളുടെ കൂട്ടുകാരനായ ഹസ്സൻ ദ്വാരത്തിങ്കൽതന്നെ മദ്ധ്യത്തിലുമുണ്ടു്. ഈശ്വരവ്യാപാരവൈചിത്ര്യങ്ങളെ, ആർക്കാണു ഗ്രഹിക്കാവുന്നതു്? അവൻ ജീവനോടു ഉണ്ടായിരുന്നു എങ്കിൽ ദേഹത്തിൻെറ ആയവും വേഗതയും മിസ്റ്റർ സഡ്ലിയുടെ ആവശ്യം പ്രമാണിച്ചു ചാകുവാനുള്ള ഒരുക്കവും നിമിത്തം, പ്രതിഷ്ഠയ്ക്കകത്തുകയറി, എയിലീനെ എടുക്കേണ്ട ഭാരം അവനു നിശ്ചയിക്കാൻ ഇടയുണ്ടായിരുന്നതും; അങ്ങനെയെങ്കിൽ ഞങ്ങൾ രണ്ടുപേരും രണ്ടു വശങ്ങളിലും അവൻ മദ്ധ്യത്തിലും ആയിത്തന്നെ ഞങ്ങൾ ഞങ്ങളെ ക്രമപ്പെടുത്തുന്നതും, ആയിരുന്നു. ആ രീതിക്കു തന്നെ അവൻെറ ശവക്കെട്ടുവച്ചു ചെയ്തിരുന്ന ക്രമീകരണം—ഈശ്വരോദ്ദേശങ്ങൾ ഈശ്വരനുമാത്രം അറിയാം.

## അദ്ധ്യായം ൨൧.

---

### ആവു!!!

തുടരെ, തുടരെ, തുടരെ വലിയ മണിനാദകോലാഹലം അടിയിൽ—പാതാളത്തിൽ—കേൾക്കാറായി. തിരശ്ശീലനീങ്ങാറായി എന്നു ഞാൻ അനുമാനിച്ചു. മണിനാദം പെട്ടെന്നു നിന്നു. അതിനോടു കൂടെ പുരോഹിതന്മാർ എഴീററു പ്രതിഷ്ഠാപീഠത്തിങ്കലുള്ള എട്ടു പന്തങ്ങൾ കത്തിച്ചശേഷം പിന്നെയും കനകമണ്ഡപത്തിനു വെളിക്കിറങ്ങി നിരയായി നിന്നു. അന്യപുരോഹിതന്മാരും ഓരോ അറകളിൽ നിന്നു് ഇറങ്ങി. അവരുടെ വെള്ളക്കുപ്പായങ്ങളും നൂറുപന്തങ്ങളുംനിമിത്തം അങ്ങോട്ടുസൂക്ഷിച്ചുനോക്കാൻ കണ്ണിനു പ്രയാസമായി. നൃത്തം ആരംഭിച്ചു. മന്ദഗതിക്കാണു് അതു നടന്നതു്. ഭയപ്രദങ്ങളായ ഗോഷ്ഠിത്തരങ്ങൾ ഒന്നും കണ്ടില്ല. അഞ്ചു പ്രാവശ്യം പ്രദക്ഷിണം കഴിഞ്ഞു നൂറുപേരും തറയിൽ സാഷ്ടാംഗപ്രണാമം ചെയ്തുകിടന്നു. പിറകിൽ നിന്നു ഒരു വലിയ പന്തം, അതാ ദിവാൻ വന്നു കഴിഞ്ഞു. രാജോചിതമായ നടയും സമാധിസൂചകമായ നോട്ടവും. പതിവുപോലെ തന്നെ പുരോഹിതന്മാർ എല്ലാവരും എഴീററു. ഏതാനും പേർ ചേർന്നു് ആഭരണപ്പെട്ടികൾ കൊണ്ടുവന്നു. കാലൻ സുവർണ്ണാഭരണപ്രളയപുളകിതാംഗനായി.

പിന്നെ നടന്നതു ഞങ്ങൾ മുമ്പു കണ്ടിട്ടില്ലാത്ത ഒരു കർമ്മമായിരുന്നു. ആ കാലപ്രതിമയുടെ മുകളിലേക്കു ചവുട്ടിക്കയറി, അതിന്റെ തോളിൽ നിന്നുകൊണ്ടു തലയിൽ ഉണ്ടായിരുന്ന ഒരു ദ്വാരത്തിൽ തന്റെ വലിയ പന്തത്തെ ദിവാൻ നാട്ടിനിറുത്തി. അയാൾ ഇറങ്ങി; ഉടനെ ഒരു സാധാരണ പുരോഹിതൻ കയറി വലിയ പന്തത്തിനടുത്തു തന്റെ പന്തത്തെ നാട്ടി ഇറങ്ങി; മൂന്നാമതൊരുവൻ; പിന്നെ നാലാമതൊരുവൻ. ഇങ്ങനെ തലമുതൽ കീഴ്പോട്ടേക്കു ഓരോ പന്തങ്ങൾ നിന്നു് എരിഞ്ഞുതുടങ്ങി. ആ പന്തങ്ങൾ ചെവികളുടെ മുകളിൽ ഓരോന്നു്, നെററിമേൽ ഒന്നു്, ഓരോ തോളിന്മേൽ ഓരോന്നു് — ഇങ്ങനെ ഓരോ ക്രമത്തിനാണു കണ്ടതു്. ആയതിനാൽ മാറോടടുത്തു വലത്തുവശം മുലയ്ക്കുതാഴെ ഒരു പന്തം കുറവുണ്ടായിരുന്നു എന്നു എനിക്കു പ്രയാസം കൂടാതെ മനസ്സിലായി. വിവരം ആ പുരോഹിതന്മാർക്കും മനസ്സിലായി എന്നുള്ളതു് അത്ഭുതംകൂറിയ അവരുടെ നോട്ടവും, അന്യോന്യം അവിടെ നടന്ന പിറുപിറുപ്പും ദിവാന്റെ ഉഗ്രദൃഷ്ടികളും പ്രത്യക്ഷീകരിച്ചു. ഒ, ഒ, ഓ? ഹസ്സൻ ചെയ്ത കൊലപാതകം തെളിയാനുള്ള സമയമായി.

പ്രതിമയുടെ ഒഴിഞ്ഞ ആ ഭാഗത്തേക്കു് എരിയുന്ന കണ്ണുകളോടുകൂടെ നോക്കിക്കൊണ്ടു വലത്തു ചൂണ്ടാണിവിരൽകൊണ്ടു ചൂണ്ടി, ഇടിവെട്ടുന്നതുവണ്ണം മൂന്നാലു പദങ്ങൾ മാത്രം ദിവാൻ പറഞ്ഞു. ഏതാനുംപേർ ഒന്നുപിറുപിറുത്തു. ഒരു വെള്ളക്കുപ്പായക്കാരൻ മുന്നോട്ടുകയറിവന്നു ദിവാന്റെ പാദത്തുങ്കൽ സാഷ്ടാംഗം വീഴുന്നതു കാണായി. ആയാൾ കുററം ഏററുപറയുകയായിരുന്നു എന്നു അനന്തരകഥ പ്രത്യക്ഷമാക്കി- ദിവാന്റെ ആംഗ്യം അനുസരിച്ചു ഏഴുപേർ കൂടെ ഓരോരുത്തരായിവന്നു ഒന്നാമനോടുകൂടെ സാഷ്ടാംഗം വീണു. സഹിക്കാവതല്ലാത്ത ദ്വേഷ്യം നിമിത്തം ഭൂകമ്പം ഉണ്ടാകുവാനെന്നവണ്ണം അയാളുടെ മാറു ഉയരുകയും വീഴുകയും ചെയ്യുന്നതു്, ദൂരക്കാഴ്ചയിൽ തന്നെ ഭയങ്കരമാണു്. മിസ്റ്റർ സഡ്‌ലി ഇരിക്കുന്ന സ്ഥലത്തു് ഒരു ചലനം, അദ്ദേ

ഹം ഒരു ചാട്ടം; അദ്ദേഹം എന്റെ പുറകിലായി. "അനങ്ങരുതു" എന്നു് അദ്ദേഹം എന്നെ മുറുകെപ്പിടിച്ചു ഗ്രഹിപ്പിക്കവെ, എനിക്കു മിസ്റ്റർ സഡ്‌ലിയുടെ ഈ പ്രവൃത്തിയുടെ സാരം മനസ്സിലാവുകയും, ഞങ്ങളുടെ കഥ കഴിയാറായി എന്നു മരവിച്ചു ഉറയ്ക്കുകയും ചെയ്തു. രണ്ടു പുരോഹിതന്മാർ ഇതാ ഞങ്ങൾ ഇരിക്കുന്ന ദ്വാരത്തിങ്കലേക്കു തന്നെ വരുന്നു. ഞാനും, കൂടെ മിസ്റ്റർ സഡ്‌ലിയും, സർവ്വശ്വാസങ്ങളും അടച്ചു; കല്ലിന്റെ മറപററി ഉള്ളിലേക്കു വലിഞ്ഞു. ദ്വാരത്തിൽക്കൂടെ അന്ധകാരത്തിങ്കലേക്കു ആ രണ്ടുപേർ ഇറങ്ങി. ഞങ്ങളുടെ സ്ഥാനത്തുനിന്നു ഞങ്ങളെ മറച്ച കല്ലിന്റെ മറുവശത്തായി, രണ്ടടിഅകലത്തിൽ നിന്നു് അവർ ഇങ്ങനെ സംസാരിച്ചു. സാധാരണ ഹിന്ദുസ്ഥാനി ആകയാൽ അവർ പറഞ്ഞതു് എനിക്കു മനസ്സിലായി.

"കൂട്ടുകാരാ! സരസ്വതീജലത്തെ നമുക്കു് അവസാനമായി കുടിക്കാം" ഇത്രയും അവർ പറഞ്ഞു തീർന്നഉടനെ "സംസാരിക്കേണ്ടാ!" എന്ന അർത്ഥത്തിൽ മിസ്റ്റർ സഡ്‌ലിയുടെ കൈ എന്റെ വായെമൂടി. സരസ്വതീജലം കുടിക്കാമെന്നുപറഞ്ഞ ഉടനെ അവർ രണ്ടാളും കുറെ മുന്നോട്ടു നടന്നു നദീജലത്തിങ്കലേക്കു പോകാനിടയുണ്ടെന്നും, ആയതിനാൽ കഴിയുന്നതും വലിഞ്ഞിഴഞ്ഞും, എന്നാൽ ഒരു ക്ഷണം നഷ്ടമാകാതെയും, ഞാൻ മുട്ടിന്മേൽ നടന്നോ മററോ ആ ഗുഹയുടെ അന്ധകാരത്തെ ആശ്രയിച്ചു മുന്നോട്ടുനീങ്ങി കണ്ണൂർമക്കാളിയെ വഴിയിൽനിന്നു മാററി നിറുത്താമെന്നും; എത്രയും മന്ദമായിട്ടെങ്കിലും സ്പഷ്ടാർത്ഥമായി മിസ്റ്റർ സഡ്‌ലിയുടെ ചെവിക്കകത്തേക്കു ഉച്ചരിക്കാമെന്നു കരുതി മുഖം തിരിച്ചപ്പോഴാണു്, ആ അതിമാനുഷൻ എന്റെ വാ പൊത്തിയതു്. പരേംഗിതജ്ഞാനം ഇദ്ദേഹത്തിനു് ലഭിക്കുന്നതു് എങ്ങനെയെന്നും, സരസ്വതീജലം അന്വേഷിച്ചുപോകുന്ന ഈ രണ്ടുപേർ കണ്ണൂർമക്കാളിയെ കണ്ടുമുട്ടുന്നതിനും ഞങ്ങൾ എല്ലാവരും നശിക്കുന്നതിനും ഇടയാകാതിരിക്കുവാൻ ഇദ്ദേഹം എന്താണു് കരുതിയിരിക്കുന്നതെന്നും; രണ്ടു സംശയങ്ങൾ എന്റെ മനസ്സിൽ ആ ക്ഷണത്തിൽ ഉദിച്ചു. എന്നാൽ രണ്ടാമത്തെ സംശയം ഉടനെ നീങ്ങാൻ മാർഗ്ഗമുണ്ടായി. "അങ്ങനെയാവട്ടെ കൂട്ടുകാരാ!!! നമുക്കു കുടിക്കാം" എന്നു രണ്ടാമത്തെ പുരോഹിതൻ പറയുന്നതും, ഉടനെ വെള്ളം ഇളകുന്നതും കൈയിൽ നിന്നു അവർ വെള്ളം മുത്തികുടിക്കുന്നതും ഞാൻ കേട്ടു. വെള്ളം കുടിച്ചു തീർന്നതിന്റെ ശേഷം ഒരുവൻ "കൂട്ടുകാരാ! നമ്മുടെ സൂക്ഷ്മക്കുറവു നിമിത്തം കൂട്ടുകാരനെ കാലൻ ആവാഹിച്ചുകളഞ്ഞതായിരിക്കണം."

"അതേ, സംശയമില്ല. കാലൻ കോപിച്ചാൽ എങ്ങനെ തടയാം? —അനാഭിമന്ത്രിതന്റെ സാമീപ്യം നിമിത്തം കാലസന്നിധി അശുദ്ധമാപ്പെട്ടുവാൻ അനുവദിച്ചതു് ഒരു മഹാപാതകം തന്നെ."

"അശുദ്ധി ആയതിന്റെ വിവരം നാം ഏററു പറയേണ്ടതായിരുന്നു. കാലൻ പകരം വീട്ടാതിരിക്കുകയില്ല. ഒരുവൻ ആവാഹിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു, എട്ടുപേരും മരിക്കണം; അതാണു നമ്മുടെ ചട്ടം—അതാണു് കാലദേവന്റെ ചട്ടം—അതു വിധിയാണു്—നാം മരിക്കണം"

"എന്നാൽ നമുക്കു പോകാം; കാലകിങ്കരന്മാരായ നാം അധൈര്യപ്പെടരുതു്."

അവർ ചുമടു് എടുത്തുപോയി; അവരെത്തുടർന്നു എന്നവണ്ണം മിസ്റ്റർ സഡ്‌ലിയും എന്നെവിട്ടു, അദ്ദേഹത്തിന്റെ സ്ഥാനത്തേക്കു നീങ്ങി. ഞാൻ ഗുഹാഗർഭത്തെ വീണ്ടും സൂക്ഷിച്ചു. അവർ ചെരുക്കാളും അഴിക്കുകയായിരുന്നു. ശവം കണ്ടമാത്രയിൽ ദിവാന്റെ ചങ്കിനകത്തുനിന്നു പുറപ്പെട്ടതു്, ഒരു അമർച്ച ആയിരുന്നു. ശവം ഞങ്ങളു

ടെ ഭൃത്യനായ ഹസ്സൻേറതു് ആണെന്നു് അയാൾ ഗ്രഹിച്ചോ എന്നു് ഒരു സംശയം എനിക്കുണ്ടായി. എങ്കിലും ആൾ അറിയാൻ വഹിയാതവണ്ണം ആ സാധുവിൻെറ മാംസപിണ്ഡം അരഞ്ഞുചേർന്നിരുന്നു എന്നതു്, ഒരു ആശ്വാസമായി എനിക്കു ഓർമ്മവന്നു. എന്നാൽ ഈമാതിരി ചിന്തകൾക്കു് എനിക്കു നേരംകൂടിയുമുണ്ടാകാതവണ്ണം, ഉടൻ കണ്ട അടുത്ത അരങ്ങു്, അത്ര ഭയങ്കരമായിരുന്നു. അപരാധികളായ എട്ടുപേരും കാലപ്രതിഷ്ഠയ്ക്കു് അഭിമുഖമായി മുട്ടുകുത്തിക്കിടക്കവെ, ഉള്ളറയ്ക്കകത്തുനിന്നു ഒരു നീണ്ട വാളുമായി ഒരുവൻ -- അവൻ ഘാതകനായിരുന്നു --- ഒരുവൻ ഇറങ്ങിവന്നു; അവൻെറ വാൾ ഉയന്നു; ഉം, ഉം ഉം ഓരോ വീച്ചിനു് ഓരോ ശിരസ്സു്, ദേഹത്തടിയിൽനിന്നു് വേറായി. എട്ടുശിരസ്സുകളെ ഇങ്ങനെ വേർപെടുത്തിയശേഷം വിശേഷവിധിയായി യാതൊന്നും ചെയ്തിട്ടില്ലാത്ത മട്ടിൽ, ആ ഘാതകൻ രക്തത്തോടുകൂടെത്തന്നെ വാൾ ഉറയിലിട്ടു് പുറകോട്ടുനോക്കാതെ ഉള്ളറയിൽ മറഞ്ഞു. ശിരസ്സുവേറായ ദേഹങ്ങൾ അപ്പോഴും മുട്ടുകുത്തിത്തന്നെ നില്ക്കുന്നു. അടുത്തുകണ്ട ഒരു ദേഹം കാലുകൊണ്ടു ദിവാൻ തട്ടിമറിച്ചു തള്ളുകയും, ആ അടയാളത്തെ ഗ്രഹിച്ചു ഏതാനും പുരോഹിതന്മാർ ഹസ്സനെ ഉൾപ്പെടെ ഒമ്പതു ശവങ്ങളെ എടുത്തു ഉള്ളറകളിലേക്കു നടക്കുകയും, ചെയ്തു. ശിരസ്സുകൾ അവിടെത്തന്നെ കിടക്കുന്നു. ശരി, വലിയ ചെമ്പുപാത്രം വന്നുകഴിഞ്ഞു. അഗ്നി, തയാറായി. മുറിക്കുകെത്തേക്കു തേങ്ങാപെരുക്കി എറിയുന്നവണ്ണം അഗണ്യമായി ആ പാത്രത്തിലേക്കു് തലകളെയും കാലപ്രതിമയിൽനിന്നു് എട്ടുപന്തങ്ങളേയും അവർ നിക്ഷേപിച്ചു. തീ ഇളകി പൊട്ടിത്തെറിച്ചു്, എരിഞ്ഞു; പതിവുപോലെ ശിരസ്സുകളെ പാത്രത്തിൽനിന്നു എടുത്തു തണുപ്പിച്ചു പൊളിച്ചു അവർ കപാലഭിത്തികയിൽ സ്ഥാപിക്കുകയും ചെയ്തു. ദുഷ്ടതയിൽ വിളഞ്ഞ ആ പിശാചുക്കൾക്കു്, മനുഷ്യായുസ്സിൻെറ പരിശുദ്ധതയെ കാണ്മാൻ കണ്ണുകളില്ലായിരുന്നു. ഇതെല്ലാം കണ്ടും കേട്ടും എനിക്കു തലകറക്കം വരികയും എപ്പോഴെങ്കിലും ഞാൻ ബോധരഹിതനായി വീണേക്കുമെന്നു ഭയപ്പെടുകയും ചെയ്തു. എന്നാൽ ഇരുട്ടിൽ മേരി നിസ്സഹായയായി എനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു ഇരിക്കുന്നുണ്ടു് എന്നും; മിസ്റ്റർ സഡ്‌ലിയുടെ ജീവിതസർവ്വസ്വമായ എമിലിയുടെ രക്ഷയ്ക്കു എൻെറ ബുദ്ധിസ്വാതന്ത്ര്യം ആവശ്യമാകുന്നു എന്നുമുള്ള വിചാരങ്ങൾ എന്നെ ജീവിപ്പിച്ചുകൊണ്ടിരുന്നു. മുന്നൂറു ചന്ദ്രാവർത്തനകാലംകഴിഞ്ഞു് ഒന്നാമതുവരുന്ന അർദ്ധരാത്രി നടക്കേണ്ടതാണെന്നു്, അനേകതലമുറകൾക്കുമുമ്പേ നിശ്ചയംചെയ്തു വച്ചിരിക്കുന്നതും, വല്ല കാരണവശാലും ഭംഗം വരുന്നപക്ഷം പ്രധാനപുരോഹിതൻ പകരം ചാകണമെന്നു ഏർപ്പാടുള്ളതും, ആയ ഒരു കർമ്മം, മാററിവെപ്പാൻ ഇടയില്ലാത്തതാകുന്നു എന്നുള്ള ബോധവും, എന്നെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ഏതാനും മിനിട്ടുകൾക്കകം, പ്രസ്തുതകാര്യത്തിൻെറ അവസാനം കാണുമെന്നുള്ള ആശ ഒന്നില്ലായിരുന്നു എങ്കിൽ, ഞാൻ ആ നരകഭാരത്തിൽ മരിച്ചുപോയേനെ.

ഒരു പൊൻതാലപ്പാലി ഒരു പുരോഹിതൻ കൊണ്ടുവന്നു്, കനകമണ്ഡപത്തിന്മേൽ പ്രതിമയുടെ മുമ്പിലായി വച്ചു ആ ക്രിയ നടന്നതിനോടുകൂടെ, പുരോഹിതന്മാർ ഒരുവശത്തു രണ്ടുവരിവീതം രണ്ടുവശങ്ങളിലേക്കും മാറി അണിനിരന്നു. ദിവാൻ ഞങ്ങളുടെ മുമ്പിലായും, പ്രതിമയെ അഭിമുഖീകരിച്ചും, നിന്നു് ഒരു ചെറിയപ്രസംഗം ചെയ്തു. അർത്ഥം എനിക്കു മനസ്സിലായില്ല. അതു് അവസാനിച്ചു ഉടനെ ഒരു വൃദ്ധസ്ത്രീ പ്രതിമാസന്നിധിയിലേക്കുവന്നു. ഒരു ഭാണ്ഡം അഴിച്ചു് ഇംഗ്ലീഷുപെൺകുട്ടികൾ സാധാരണ ധരിക്കാറുള്ള ഒരുകൂട്ടം വസ്ത്രം അവൾ ആ സഭയിൽ പ്രദർശിപ്പിച്ചു. അ

വരം ആംഗ്യം കാണിക്കുകയല്ലാതെ ഒന്നും സംസാരിച്ചില്ല. ഒടുവിൽ അവരം വാതുറന്നു പലരേയും കാണിക്കുന്നതു കാണായി. ശരി, അതു യഗ്മിയായിരുന്നിരിക്കണം. ഹോമിക്കപ്പെടുവാനുള്ള സ്ത്രീ ഒരു ഭാരതീയ അല്ലെന്നുള്ളതിലേക്കുള്ള ലക്ഷ്യപ്രദർശനം അത്രേ നടന്നതു്. സന്തോഷാനുമതിയെ സൂചിപ്പിക്കുന്ന ഒരു അമർച്ച. കാലകിങ്കരന്മാർ ഒന്നാകെ പുറപ്പെട്ടുവിച്ചു. ആ വൃദ്ധ അവിടെനിന്നു നീങ്ങി. സഭ പിന്നെയും നിശ്ശബ്ദമായി. നേരിയ ഒരു മണിശബ്ദം, നിന്നു് നിന്നു് കേരംക്കാറായി; ആ ശബ്ദം —അയ്യോ, എന്റെ കണ്ണുകരം മറിഞ്ഞു, ഹൃദയംതുളിച്ചു, മിസ്റ്റർ സഡ്ലി എന്തെല്ലാംപ്രവർത്തിക്കുമോ എന്ന ഭയംകൊണ്ടു ഞാൻ പരവശനായി. അഗാധബുദ്ധിമാനായ അദ്ദേഹത്തിന്റെ സർവ്വചിന്തകരംക്കും, കഴികെ ഇരുപതുവർഷങ്ങളായിഏകാഗ്രമായ വിഷയമായിരുന്ന യൂറോപ്പിന്റെ റാണി, അടിതൊട്ടു മുടിവരെ വെള്ളവസ്ത്രംപുതച്ചും, തോരം, അര, കൈമുട്ടു എന്നീ പ്രദേശങ്ങളിൽ പട്ടുകൊണ്ടു വരിവരിയായി തൈച്ചുപിടിപ്പിച്ചിരുന്ന വെഞ്ചാമരംപോലുള്ള റേന്തകരം ഇളംകാററിൽ തളിരുപോലെ ഇളകുമാറു് അടികളെ സാവധാനത്തിലെങ്കിലും ഉറപ്പിച്ചു് ചവുട്ടിക്കൊണ്ടും; രണ്ടു പുരോഹിതന്മാരുടെ അകമ്പടിയോടുകൂടെ, വരുന്നതു കാണായി. മുഖം മൂടിയിരുന്നുവെന്നു മാത്രമല്ല, ചിലസമയം അടിതെററിക്കണ്ടതിനാൽ കാഴ്ചയില്ലാത്തവണ്ണം മുഖം വരിഞ്ഞുകെട്ടിയിരുന്നു എന്നുതന്നെ, ഞാൻ സംശയിച്ചു; എന്നാൽ നിലപാടിന്റെ സമ്പ്രദായവും അടിവെച്ചു മുന്നോട്ടു അടുക്കുന്നതിന്റെ ഗൌരവവുംകൊണ്ടു്, ആ സ്ത്രീ ഞങ്ങളുടെ പ്രത്യാശകരംക്കു വിഷയമായിരുന്ന യൂറോപ്പിന്റെ റാണിതന്നെ ആയിരുന്നുഎന്നുള്ളതിലേക്കു എനിക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല. പൊൻനാല്ക്കാലിയുടെസമീപത്തേക്കാണു്, ആ സാധ്വിയെ അവർ നടത്തിയതു്. അതേ, ആ സ്ത്രീ നാൽക്കാലിമേൽകയറിനില്ക്കുകയും, ഞങ്ങരംക്കു നേരേ മുമ്പിലായി ദിവാനും അതിനുമുമ്പിൽ എയിലീനും കാലപ്രതിമയും—ഇരുവശങ്ങളിലും കാലപുരോഹിതന്മാരും ഇങ്ങനെ ആളുകരം ക്രമപ്പെടുകയും കഴിഞ്ഞപ്പോരം—എനിക്കുണ്ടായിരുന്ന ഭയബുദ്ധി, ജലത്തിൽ അഗ്നി എന്നവണ്ണംപെട്ടെന്നു നശിച്ചു; എന്റെ സർവരോമകൂപങ്ങളിലും, ഒരു ദിവ്യതേജസ്സ കടന്നതായി ഞാൻ പ്രത്യക്ഷത്തിൽ അറിഞ്ഞു. ഞാൻ ഗുഹാമാർഗ്ഗത്തൂടെ്പ്രതിഷ്ഠാമാർഗ്ഗത്തെ പ്രവേശിച്ചതാവട്ടെ, കപാലഭിത്തിയെ സമീപിച്ചതാവട്ടെ, എങ്ങനെയെന്നു്, അന്നും ഇന്നും എനിക്കു ഒന്നും അറിഞ്ഞുകൂട. ഞാൻ ഒരു ചാട്ടത്തിനു കപാലഭിത്തികയ്ക്കു് അപ്പുറം കടന്നപ്രകാരവും, കനകമണ്ഡപത്തിന്മേൽ ഞാൻ പ്രവേശിച്ചതിനോടുകൂടെ അനേകായിരം പിശാചങ്ങളുടെ ചങ്കുപിളന്നു പുറപ്പെടുന്ന ഒരു അമർച്ച എന്റെ ചെവികളിലും സർവാംഗങ്ങളിലും തറച്ചപ്രകാരവും, സ്വപ്നത്തിലെന്നതുവണ്ണം, രൂപമില്ലാത്ത ഒരു സ്മരണ എന്റെ മനസ്സിലുണ്ടു്. മിന്നൽപിണറിനെക്കവിഞ്ഞ വേഗത്തിൽ ഞാൻ പുറകോട്ടു മടങ്ങിയവാറു്, എന്റെ കയ്യിൽ എയിലീൻ ബോധരഹിതയായി എന്നും; കപാലഭിത്തികയുടെ മേലിൽക്കൂടെ മിസ്റ്റർ സഡ്ലി തന്റെ കുട്ടിയെ എന്റെ കൈകളിൽനിന്നു തട്ടിപ്പറിച്ചു എന്നും പൂർവ്വജന്മകഥപോലെ എന്റെ ഹൃദയത്തിൽ ഒരു രേഖയുമുണ്ടു്. എന്നാൽ പിന്നെയുണ്ടായ സംഭവത്തിന്റെ സ്വഭാവം—എന്റെ കലി അല്പം ഒന്നു ശമിച്ചിരുന്നു—എന്താണ്ടു് എനിക്കറിയാം. കപാലഭിത്തികമേൽ ഞാൻ ഒരു ചാട്ടം. എന്റെ കഴുത്തിനു ദിവാൻവച്ചു വാരം, എന്റെ ഇടതുകാലിന്റെ കപ്പായവും അല്പം മാംസവും അരിഞ്ഞു. മിസ്റ്റർ സഡ്ലിയെ പിടിക്കുവാൻ എന്റെ മുമ്പിൽ കടന്ന രണ്ടു പുരോഹിതന്മാർ എന്റെ വാളിനു ഊണായി. അവരുടെ മാംസത്തിലാവട്ടെ അസ്ഥിയിലാവട്ടെ എന്റെ വാരം അശേഷം തടഞ്ഞില്ല. ഞാൻ മുന്നോട്ടു പാഞ്ഞു. എ

ന്നെത്തുടരാനായി ഡിവാൻ വലത്തുകാൽ കപാലഭിത്തികയെ കവച്ചുവച്ചു ഇടത്തുകാൽ ഉയത്തവെ അവിടെ പതുങ്ങിയിരുന്ന രശ്മി അതിന്മേൽ പിടികൂടി; അയാൾ വീണ വീഴ്ച്ചയുടെ ശക്തിനിമിത്തം ഭിത്തി പൊളിഞ്ഞു് അനേകമനേകം മനുഷ്യത്തലകൾ ആ പ്രദേശമെല്ലാം ഉരുണ്ടുനടന്നു. ഗർജ്ജിക്കുന്ന സിംഹംപോലെ അയാൾ എഴീററു് ഒരു വെട്ടു്. രശ്മി രണ്ടുകഷ്ണം. കുനിഞ്ഞു ഞാൻ ഗുഹാമാർഗ്ഗത്തിലേക്കു കയറി. എന്റെ പൃഷ്ഠത്തിൽ ഒരു കുന്തം. ചൂണ്ടപോലെ എതിർമുനയായി പണിതിരുന്ന ആ ആയുധം, ഒരു കോഴിമുട്ടയുടെ വലിപ്പത്തിൽ എന്റെ പൃഷ്ഠമാംസം പറിച്ചെടുത്തിരിക്കണം. ആ കഥയൊന്നും അപ്പോൾ ഞാനറിഞ്ഞില്ല. തിരിഞ്ഞുനിന്നു ഞാൻ കൈത്തോക്കെടുത്തു ഠും; ഠും; ആരെല്ലാം മരിച്ചോ ഈശ്വരനറിയാം ഞാൻ ഓടി, നിവൎന്നു് നെട്ടായം ഓടി. പണിതെടുത്ത പാവപോലെ നില്ക്കുന്ന കല്ലനെക്കണ്ടു. "കത്തിച്ചോ, ഓടിക്കോ", എന്നുപറഞ്ഞു പിന്നെയും ഓടി. പ്രളയകാലകോലാഹലംപോലെയും ഭൂമിയെല്ലാം ഇടിഞ്ഞിറങ്ങുന്നതുപോലെയും തുടരെത്തുടരെത്തുടരെത്തുടൎന്ന ഒരു ശബ്ദം. പതിനായിരം അസ്ത്രങ്ങൾ എന്റെ സർവാംഗങ്ങളിലും തറഞ്ഞതായും, എന്റെ കണ്ണുത്തിനകത്തു മണ്ണുനിറഞ്ഞതായും, എനിക്കു തോന്നി. ബ്ലീം;—ഞാൻ ബോധരഹിതനായി ഉരുണ്ടുവീണു.

---

## അദ്ധ്യായം ൨൪.

---

### അനന്തര കഥ.

ഞാൻ കണ്ണുതുറന്നു. ഒരു പെരുംപിശാചു് എന്റെ കഴുത്തിനുപിടിച്ചു ഞെക്കിയെന്നും, എന്റെ കൈയിലുണ്ടായിരുന്ന വിലതീരാത്ത ഒരു മാണിക്യക്കല്ലു ഒരു ഷർട്ടിനകത്തു വച്ചു ഞാൻ മുറുകെക്കെട്ടിയിരുന്നു എന്നും മററും ചില ദുഃസ്വപ്നങ്ങൾ കണ്ടുംകൊണ്ടാണു ഞാൻ കണ്ണുതുറന്നതു്. "ജോൺ കണ്ണുതുറന്നു, കല്ലൻ"എന്നുള്ള മേരിയുടെ ശബ്ദം എന്നെ ഞാൻ എവിടെയാണെന്നുള്ള വിവരം ഗ്രഹിപ്പിച്ചു; "അല്പം വെള്ളം എടുത്തുകൊണ്ടുവരട്ടെ" എന്നു പറഞ്ഞു കല്ലൻ ബദ്ധപ്പെട്ടു് ഓടി:

ഞാൻ:—സഡ്‌ലിയുടെ പുത്രിക്കു് ആപത്തൊന്നുമില്ലല്ലൊ.

മേരി—"യാതൊരു സുഖക്കേടുമില്ല. അതാ അച്ഛനും മകളും" എന്നു പറഞ്ഞു ഗുഹയുടെ മറെറാരറെറത്തേക്കു് ആംഗ്യം കാണിച്ചു. ഞാൻ അങ്ങോട്ടുനോക്കി; എന്റെ ശബ്ദംകേട്ടു മിസ്റ്റർ സഡ്‌ലി ഇങ്ങോട്ടു വരികയായിരുന്നു. ഒരു കിടക്കമേൽ കണ്ട ഒരു പട്ടുകെട്ടു്, മിസ്സ് സഡ്‌ലിയാണെന്നു ഞാൻ അനുമാനിച്ചു.

മേരി—എവിടെയാണു വലിയ മുറിവു പററിയതു് എന്നറിയാമോ?

ഞാൻ—എനിക്കു് അറിഞ്ഞുകൂട! വലിയ മുറിവു് ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. എനിക്കു തല തിരിഞ്ഞുപോയി. അതു മാത്രമാണു്.

മേരി—അതല്ല,—നല്ലവണ്ണം മുറിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ സഡ്‌ലി–മുറിവു മൂന്നുനാലുണ്ടു: ഈശ്വരകൃപയാൽ ഒന്നും അപകടമുള്ളതല്ല. നിങ്ങളുടെ കായബലവും വ്യായാമപരിശീലനവും ബുദ്ധിഗുണവുംകൊണ്ടു് എനിക്കു മകളെ വീണ്ടും കിട്ടി. മിസ്റ്റർ റീവ്സ്! നിങ്ങൾ ക്ഷണത്തിൽ പൂർവസുഖത്തെ പ്രാപിക്കും. മക്കാളി വെള്ളവുംകൊണ്ടു വരുവാൻ താമസിക്കുന്നല്ലോ.

ഞാൻ—നാം എവിടെയാണ് ഇരിക്കുന്നത്.
മേരി—"മേൽത്തട്ടിന്റെ അടുത്തുള്ള അറയല്ലേ ഇത്".

കല്ലൻ വെള്ളവും കൊണ്ടുവന്നു; ധാരാളമായി അതു മുഖത്തു തളിച്ചു; സ്വല്പം ബ്രാണ്ടിയും എന്റെ അകത്തുകടന്നു. ഫലം പ്രത്യക്ഷമായിരുന്നു. ഞാൻ എഴുനീററിരുന്നു.
ഞാൻ—"എയിലീൻ, അതേ, മിസ് സഡ്‌ലി തനിച്ച് ഇരിക്കുന്നേല്ലോ. ഒരാൾ അങ്ങോട്ടുചെല്ലുക".

മേരി എന്റെ കുഴപ്പം കണ്ടു് ഒന്നു മന്ദഹസിച്ചു. "ഞാൻ അങ്ങോട്ടു ചെല്ലാം" എന്നുപറഞ്ഞുപോയി.

മിസ്റ്റർ സഡ്‌ലി എന്റെ കുപ്പായം അഴിച്ച് ഓരോന്നായി മാററിത്തുടങ്ങി. അപ്പോഴാണു മുറിവിന്റെ വിവരം ഞാൻ ഗ്രഹിച്ചുതുടങ്ങിയതു്. ഇടതുകാലിന്മേൽ ഒരു നാലിഞ്ചു നീളത്തിൽ മാംസം നീങ്ങിയിട്ടുണ്ടു്. വലത്തുവശത്തു പൃഷ്ഠത്തിൽ പാററിയ കുത്തു് ഏകദേശം അരഇഞ്ചു താഴ്‌ന്നിട്ടുണ്ടു്. ഇടത്തേ തോളിനും മുലയ്ക്കും മദ്ധ്യേ ആയി വേറൊരു വെട്ടു്. ഇതു് എപ്പോൾ എവിടെവച്ചു കിട്ടിയെന്നു് എനിക്കു് അശേഷം രൂപമുണ്ടായില്ല. മിസ്റ്റർ സഡ്‌ലിയെ പിടിക്കുവാനായി വന്ന രണ്ടുപേരിൽ ഒരുവൻ ചെയ്ത ഖഡ്ഗപ്രയോഗം ആയിരിക്കാം, എന്നു ഞാൻ അനുമാനിച്ചു. മുഖത്തു ഒരു കന്തംകൊണ്ട മുറിവുണ്ടു്. ഇതു കേവലം നിസ്സാരമെന്നാണു മിസ്റ്റർ സഡ്‌ലി അഭിപ്രായപ്പെട്ടതു്. എന്നാൽ ആ മുറിവുപൊറുത്ത വടു ഇന്നും കാണ്മാനുണ്ടു് എന്നു് ഒരു വിശേഷം പറയാം. വേറേ പല മുറിവുകളും ഉണ്ടായിരുന്നതു പാറക്കഷണങ്ങൾ മുഖത്തു് അടിച്ചോ, ബോധരഹിതനായി വീണോ, ഞാൻ സമ്പാദിച്ചവ ആയിരിക്കണം. മേരി, മിസ്റ്റർ സഡ്‌ലി എന്ന രണ്ടു ഡാക്ടർമാർ വേണ്ട ഔഷധങ്ങൾ പ്രയോഗിക്കയും, മുറിവുകളൊക്കെ ഒരു പത്തുമിനിട്ടുകൊണ്ടു വച്ചുകെട്ടുകയും ചെയ്തു. ബുധനാഴ്ച വെളുപ്പിനു ഞങ്ങൾ ക്യാമ്പിൽ എത്തിയ സമയം ഉറക്കമിളച്ചിരുന്നു്, മേരി അനേകസാമാനങ്ങളെ ഗുഹയിലേക്കു കൊണ്ടുവരുവാനായി കെട്ടുകളാക്കി ക്രമം ചെയ്തിരുന്നതിന്റെ ഉപയോഗം, ഇപ്പോഴാണു ഞങ്ങൾക്കൊക്കെയും മനസ്സിലായതു്. ഇറച്ചി, തകരസൂപ്പു്, കംപിളിത്തുണ്ടുകൾ, ബ്രാന്റി, എഴുത്തുകടലാസ്, പഞ്ചസാര, ഔഷധങ്ങൾ, എന്നിങ്ങനെ ഒരു കുടുംബജീവിതത്തിൽ സംഭവിക്കാനിടയുള്ള ഏതു പതനത്തിലും ആവശ്യപ്പെടാവുന്ന സകല സാമാനങ്ങളും ഞങ്ങൾ ഇരുന്ന ഗുഹാഗർഭത്തിൽ സംഭരിക്കപ്പെട്ടിരുന്നു.

കല്ലൻമക്കാളി—ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. വെടിമരുന്നിന്റെ ശക്തി നാം കരുതിയിരുന്നതിലും വളരെ അധികമായിരുന്നു എന്നു് അനുമാനിപ്പാൻ എനിക്കു പല ലക്ഷ്യങ്ങളും കിട്ടിയിരിക്കുന്നു. പാറക്കെട്ടു നാം വിചാരിച്ചതിൽ വളരെവളരെ മടങ്ങു വലിപ്പത്തിൽ മുറിഞ്ഞു വീണു എന്നു്, ആ സ്ഥാനം പരിശോധിച്ചാലറിയാം. അനേകായിരം ടൺ തൂക്കം പാറ അവിടെ തറയിൽ വീണിട്ടുണ്ടു്. പ്രതിഷ്ഠാസ്ഥാനത്തുനിന്നു കാലകിങ്കരന്മാർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്ന ഗുഹയും കല്ലുകൾ അടൎന്നുവീണു മാർഗ്ഗനിരോധം സംഭവിച്ചിട്ടുണ്ടു് എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അല്പം മുമ്പേ ഞാൻ പ്രതിഷ്ഠാസ്ഥാനത്തേക്കു നോക്കിയ സമയം, പ്രകൃത്യാ ക്രൂരന്മാരായ ആ പുരോഹിതന്മാരുടെ മട്ടൊക്കെ മാറിക്കണ്ടിരുന്നു. അവർ അകത്തേക്കു് ഓടിക്കയറുകയും, പെട്ടെന്നു് ഇറങ്ങിവരികയും മാറത്തു കൈ വയ്ക്കുകയും, കാലപാദത്തുങ്കൽ സാഷ്ടാംഗം വീഴുകയുംചെയ്യുന്ന

ത് ഇപ്പോഴും കാണാം. തീക്കട്ടകളിന്മേൽ അഗ്നി കത്തിയവണ്ണം ചുവന്നു കലങ്ങിമറിയുന്ന കണ്ണുകളെ ഒഴിച്ച്, സർവാംഗങ്ങളും മരവിച്ചു നില്ക്കുന്ന ദിവാന്റെ അപകടബോധമാണ് എല്ലാററിലും ഭയങ്കരമായിട്ടുള്ളത്. സാധുക്കൾ കൂട്ടങ്ങിയെന്ന് അവരുടെ സകല ചേഷ്ടകളും പ്രത്യക്ഷമാക്കുന്നു. കുറ്റാതെയും മുമ്പേ ജലത്തിനായി ഞാൻ പോയവഴിക്കു സരസ്വതീനദിയിൽ ജലം വററിപ്പോയതായിക്കണ്ടു. മിസ്റ്റർ സഡ്‌ലി എഴുന്നീററു ചെവി കൂർപ്പിച്ചു. വെള്ളം വററിയതു വിസ്മയമായി എനിക്കും തോന്നി; എങ്കിലും മിസ്റ്റർ സഡ്‌ലിയുടെ അസ്വസ്ഥതയുടെ കാരണം എനിക്ക് അശേഷം മനസ്സിലായില്ല. "അതേ സരസ്വതീനദിയിൽ ജലം അശേഷം വററിപ്പോയിരിക്കുന്നു. ബുദ്ധപ്രതിമയുടെ ചുവട്ടിൽ നദി കീഴ്പോട്ടേക്ക് ആണ്ടുപോയ സ്ഥലം, പാതാളത്തിലേക്കു വരണ്ടുകിടക്കുന്നത്, ആ ഇരുട്ടിൽ കാണാവുന്നിടത്തോളം കാണാം."

മിസ്റ്റർ സഡ്‌ലി—കുറച്ചു മുകളിൽ എവിടെയോ നദീമാർഗ്ഗം, അനേകായിരംവണ്ടികൾ നിറയെ മണ്ണു ഒരുമിച്ച് വീണിട്ടെന്നതുവണ്ണം ചിറ നികന്നുപോയതായിരിക്കണം. എന്നാൽ സരസ്വതീനദി സാമാന്യം ഒരു വലിയ നദി ആയതിനാൽ, വെള്ളം പെരുകുന്നപക്ഷം, നൂതനമായി ഉണ്ടായ ചിറ രണ്ടുമൂന്നു മണിക്കൂറിനകം മുറിയുന്നതിനും, ഏറിയ വെള്ളങ്ങളുടെ ഊക്കേറുന്ന പാച്ചിൽനിമിത്തം ഇവിടമെല്ലാം തള്ളിത്തുരന്നു ആകെപ്പാടെ പ്രളയകലാപങ്ങൾ ഉണ്ടാകുന്നതിനും, ഇടയുണ്ട്.

ഞാൻ—ഓ! ഓാ!! ഓാാ!!!

കണ്ണൽ—നദിയുടെ അഭാവം ഏതോ ഒരു വലിയ ആപത്തിനു മൂലമാണെന്നു എനിക്കു തോന്നിയിരുന്നു; ഇപ്പോൾ ഉള്ളവണ്ണം മനസ്സിലായി.

മിസ്റ്റർ സഡ്‌ലി—വെള്ളപ്പൊക്കം വെടിമരുന്നിനേക്കാൾ പത്തുനൂറു മടങ്ങു ശക്തിയായി പ്രവൎത്തിച്ചേക്കാം. മുങ്ങുന്ന കപ്പലിലെ എലികൾപോലെ, ദിവാനുൾപ്പെട്ട കാലകിങ്കരസമൂഹം വെള്ളം കുടിച്ചു മരിക്കുമെന്നാണു തോന്നുന്നത്.

കണ്ണൽമക്കാളി—അതേ, നാം അവരെ രക്ഷിക്കാതെവിട്ടുന്നപക്ഷം—

ഞാൻ—എന്ത്! ഈ നരകപ്പാതാളകൌലടേയന്മാരെ രക്ഷിക്കാനൊ?

കണ്ണൽമക്കാളി—അല്ലാതെ എന്താണുചെയ്യുക? ഏകദേശം നൂറോളംപേർ ചാകുന്നതു കണ്ടിട്ടു മടങ്ങുക! ഈ മേൽത്തട്ടിലേക്കു പിടിച്ചു കയററി ഗുഹാദ്വാരത്തിലേക്കുള്ള വഴി അവൎക്കു കാണിച്ചുകൊടുക്കണമെന്നാണു്, എന്റെ അഭിപ്രായം.

മിസ്റ്റർ സഡ്‌ലിയും ഞാനുംകൂടെ സ്ത്രീകളെ കഴിയുന്ന വേഗത്തിൽ ഗുഹയ്ക്കു വെളിയിലാക്കി, മിസ്റ്റർ സഡ്‌ലിയോടുകൂടെ അവരെ ക്യാമ്പിലേക്കു അയച്ചശേഷം, കല്ലന്റെ സമീപത്തിൽ വീണ്ടും ഞാൻ ചേരണമെന്നും; ജീവനോടെ ശേഷിച്ചിരുന്ന അറുപതു കാലകിങ്കരന്മാരെ സംഗതികളുടെ സ്വഭാവം ഗ്രഹിപ്പിച്ചു കഴിവുപോലെ ഞങ്ങൾ ഇരുവരുംചേൎന്നു സഹായിക്കണമെന്നും, ആ നന്, ഞങ്ങൾ ഒടുവിൽ ഉറച്ചതു്. സമയനഷ്ടം ആപൽക്കരമായിരുന്നതിനാൽ കല്ലനെ ആ ഗുഹയിൽതന്നെ താമസിപ്പിച്ച് ശേഷിച്ച ഞങ്ങൾ നടന്നുതുടങ്ങി. നദീമാർഗ്ഗം വററിക്കണ്ടു. ചങ്ങലപൊട്ടി, വെള്ളാന താഴെ വീണു തകൎന്നുകിടന്നിരുന്നതു്, എനിക്കു വളരെ സന്താപകരമായ ഒരു കാഴ്ചയായിരുന്നു. ലക്ഷംലക്ഷം വർഷങ്ങളായി കയറിയും ഇറങ്ങിയും സരസ്വതീനദി ഒഴുകി, അനേകമനേകം ഗുഹകൾ തീൎന്ന്, പാറക്കെട്ടുകൾ വലിയ പിടുത്തമില്ലാതെ, ശേഷിച്ചിരുന്ന ആ അന്ധകാരഗർത്തത്തിൽ, ശക്തിയേറിയ വെടിമരുന്ന്, അളക്കാവതല്ലാത്ത

ഭേദഗതികളെ വരുത്തിയിരുന്നു. കയററു ഗോവണിയിൽക്കൂടി ഞങ്ങൾ നാലുപേരും മുക ളിൽ എത്തി. നേരം നാലഞ്ചുനാഴിക പുലർന്നിരുന്നു. ഹാ! ഹാ!! സൂര്യപ്രകാശം!! ഒരു നൂററാണ്ടുകാലം കാണാതിരുന്നതായി തോന്നിയ സൂര്യപ്രകാശം, എനിക്കു പരമാഹ്ലാദ കരമായി തോന്നി. പക്ഷേ, അവിടെ അധികം നില്ലാൻ എനിക്കു എങ്ങിനെ സാധി ക്കും. ഗുഹാഗർഭത്തിൽ മിന്നിട്ടുതോറും ത്തുംഗതരംഗപരമ്പരാപ്രവാഹത്തെ ഭയന്നുകൊ ണ്ടു്, കല്ലൻ നിൽക്കുന്ന സ്മരണമൂലം ഞാൻ മടങ്ങി, ഒരു നിമിഷത്തിൽ ആ സൽപുരു ഷന്റെ പാർശ്വത്തിൽ എത്തി.

---

## അദ്ധ്യായം ൨൪.

---

### കാലന്റെ പ്രതികാരം.

ഞാൻ കല്ലന്റെ സമീപത്തു് എത്തിയവാറു് പ്രതിഷ്ഠാസ്ഥാനത്തിന്റെ പിറ കിൽ പുരോഹിതന്മാർ അധിവസിക്കാറുണ്ടായിരുന്ന പ്രദേശങ്ങളിൽ ശക്തിയായ വെള്ള ച്ചാട്ടങ്ങളുടെയും പാറക്കണ്ടങ്ങൾ തട്ടിമറിയുന്നതിന്റെ ഇരച്ചിലുകളും ആരവങ്ങളും കേ ൾക്കായി. അമ്പരന്നു ഞങ്ങൾ മേൽത്തട്ടിലേക്കു നീങ്ങി പ്രതിഷ്ഠാസ്ഥാനത്തേക്കു നോ ക്കിയപ്പോൾ, കണ്ടകാഴ്ച ഞങ്ങളുടെഹൃദയത്തിൽ ഭൂകമ്പം ജനിപ്പിച്ചു. അവിടെ വെള്ളം പെരുകിത്തുടങ്ങിയിരുന്നു. കനകമണ്ഡപം കാണ്മാനില്ല. തലവേവിക്കുന്ന ചെമ്പുപാത്രം കാണ്മാനില്ല; കപാലഭിത്തിക കാണ്മാനില്ല; എല്ലായിടത്തും വെള്ളം, ഓളം തല്ലുന്നു; മി നിട്ടിനു മിനിട്ടിനു പെരുകുന്നുമുണ്ടു്. വെള്ളം പൊങ്ങുന്നതിനോടുകൂടെ കിശ്, കിശ്, കിശ് എന്നിങ്ങനെ കാലപ്രതിമമേൽനിന്നു ഓരോ പന്തവും കെടുന്നു. ഗുഹയിൽ നി ലയില്ലാതായി. കാലപ്രതിമയെ സമീപിച്ചു നിൽക്കുന്ന പുരോഹിതന്മാരിൽ ചിലർ ഭ്ളീം് എന്നു വെള്ളത്തിലേക്കു വീഴുകയും, ഗുളു ഗുഗ്ഗുളു ഗുഗ്ഗുളു എന്നിങ്ങനെ ചാവു കയും, ചെയ്യുന്നു. ഉൾ ഗുഹകളിൽ വെള്ളപ്പാച്ചലിന്റെ ധ്വനികളും പ്രതിധ്വനിക ളും ഗംഭീരങ്ങളായി.

കല്ലൻ ഒരു വിളക്കുകത്തിച്ചു മേൽത്തട്ടിൽ നിന്നു ഗുഹയിലേക്കു കാണിച്ചു.— ഉൾഗുഹകളിൽ കട കട കടാ എന്നു ഒരു വലിയ പൊട്ടൽ. കാലപ്രതിമതന്നെ ഇളകി യോ എന്നൊരു സംശയം; ശക്തിയായ അടിയൊഴുക്കുകൊണ്ടെന്നവണ്ണം പുരോഹിതരി ൽ ശേഷിച്ച നാലഞ്ചുപേർ ഒരുമിച്ചു നദിയിൽ ആണ്ടു. കാലപ്രതിമയുടെ ശിരസ്സി ന്റെ മുകളിൽ നാട്ടിയിരുന്ന വലിയപന്തവും, ഗർവം അസൂയ ദുർബുദ്ധി പൈശാചിക ത്വം എന്നിതുകൾ നിറഞ്ഞ ദിവാന്റെ തിളങ്ങുന്ന രണ്ടുകണ്ണുകളും മാത്രം പിന്നെ യും കാണ്മാനുണ്ടായിരുന്നു. വെള്ളത്തിലേക്കു മറിഞ്ഞുവീണു തുടരെത്തുടരെ മരിച്ച അവ സരത്തിൽ കൂടെയും, ആ പുരോഹിതന്മാർ കേവലം നിശ്ശബ്ദന്മാരായിരുന്നതു്, അവരു ടെ വല്ല മതനിയമവും അനുസരിച്ചായിരിക്കാമെന്നു പില്ക്കാലത്തു ഞാൻ അനുമാനിച്ചി ട്ടുണ്ടു്. എങ്കിലും അപ്പോൾ അതു് കേവലം അസാധാരണവും വളരെ ഭയപ്രദവും ആ യി എനിക്കു തോന്നി. കാലപ്രതിമയോടു ചേർന്നു് അതിന്റെ മുമ്പിലായി ഞങ്ങളുടെ വിളക്കിനേയും ഞങ്ങളേയും ദഹിപ്പിക്കാനെന്നവണ്ണം നോക്കിക്കൊണ്ടുനിന്ന ദിവാൻ ഒരു യഥാർത്ഥകാലനെപ്പോലെ ഭയങ്കരനായിരുന്നു.

ഓ! ഓാ!! ഓാാ!! അതാ! ആയിരങ്ങളായ വെള്ളച്ചാട്ടങ്ങൾ ഒരുമിച്ച് ഉരുണ്ടിട്ട് ഇറങ്ങി. വാസ്തവം തന്നെ; വ്യാമോഹമല്ല. അനേകായിരം വൎഷങ്ങളായി ചോരകുടിച്ച് മനുഷ്യസംഹാരം ചെയ്തിരുന്ന കാലപ്രതിമ കടാ കടാ കടാ ഉരുണ്ടുവീണു കഴിഞ്ഞു. കിശ് ശ് ശ് വലിയപന്താം എന്നേക്കുമായി അണഞ്ഞു. പാതാളരാജാവായ ദിവാനെയും കാണമാനില്ല.

കല്ലൻ ഉറക്കെ വിളിച്ചു. എന്തു? ഒരു മനുഷ്യപ്രതിശബ്ദം കേട്ടു. ക്ഷണനേരത്തിൽ ഞാനും കല്ലനും ഞങ്ങളുടെ അരക്കച്ചയഴിച്ചു നീളത്തിൽ തുടരെകെട്ടി അതു വെള്ളത്തിലേക്കു എറിഞ്ഞുകൊടുത്തു. ശരി! എതിരെ അററത്തുണ്ടായബലംകൊണ്ടു, ആരോ അവിടെ പിടിച്ചിട്ടുണ്ട് എന്നു നിശ്ചയമായി. കല്ലൻ വിളക്കു പൊന്തിച്ചുനോക്കി. ഞാൻ കമഴ്ന്നു കിടന്നുകൊണ്ടു മറു അററത്തു പിടിച്ചിരുന്ന ആളെ വലിച്ചുകയററുവാൻ ശ്രമിച്ചു. വലിച്ച്, വലിച്ച്, എന്തു്! ഞാൻ ഒന്നാകെ മുൻപോട്ടു വലിഞ്ഞുതാ! ആവോ?“മഹാപാപി നമ്മെ അങ്ങോട്ടു വലിക്കുന്നോ” എന്നു പറഞ്ഞു കല്ലൻ വെള്ളത്തിലേക്കു ഒരു ഉരുളൻകല്ലുകൊണ്ടു ഒരേറും എന്റെ അരയ്ക്കു പിടിച്ചു പുറകോട്ടുവലിയും, ഒന്നായി കഴിഞ്ഞു. കല്ലൻ പിന്നെയും പറഞ്ഞു. “ആ ആകൽക്കറുതാ! പാതാളവേതാളപ്പിശാച്!! നിങ്ങളെ അങ്ങോട്ട് വലിച്ചു വെള്ളത്തിലേക്കു ഇടുമെന്നേ. ആ ആനത്തലമാടിയുടെ കണ്ണുകൾ പിശാചിന്റെ കണ്ണുകൾപോലെ ഞാൻ നല്ലവണ്ണം കണ്ടു. എവിടെയോ ഒരു അടിയുറപ്പു കിട്ടിയസ്ഥാനത്തുനിന്നാണ്, അവൻ താഴത്തേക്കു നിങ്ങളെ ആഞ്ഞു വലിച്ചതു്.”

അഹോ! ആകാശവാതിലുകൾ തുറന്ന്, പ്രളയകാലവൎഷം ഒരുമിച്ചു പുറപ്പെട്ടവണ്ണം, ഭൂമി മുഴുവൻ കേൾക്കായ ആരവാരവും തകൎപ്പുംകൊണ്ടു, ഗുഹകളെല്ലാം കിടുകിടാവിറച്ചു.

കല്ലൻ —“ഓടിക്കോ!”

ദിവാൻ താഴെ നിന്നുകൊണ്ടു “ഓടിക്കോ! പക്ഷെ, പരിശുദ്ധമായ കനകമണ്ഡപം തകൎത്തുവിട്ടിയ അനാഭിമന്ത്രിതനായ ദുഷ്ടനെ എവിടെവച്ചെങ്കിലും പിടികൂടുന്നതിനു കാലന്റെ കൈക്കു നീളമുണ്ടു്. കൃത്യബോധമില്ലാത്ത പുരോഹിതന്മാരെയെല്ലാം കാലൻ ആവാഹിച്ചുകഴിഞ്ഞു. കാലന്റെ കൈക്കു ഇനിയും നീളമുണ്ട്, നീളമുണ്ട്, നീളമുണ്ട്.”

മൗനം മുറിഞ്ഞു ദിവാൻ പെട്ടെന്നു ഗൎജ്ജിച്ചുതുടങ്ങിയവാറു്, ഒരു രണ്ടു സെക്കൻഡുനേരം ഞങ്ങൾ ഒരുവേള അവിടെനിന്നിരിക്കാം; എങ്കിലും വെള്ളങ്ങളുടെഘോഷങ്ങളും പാറകളുടെ അലൎച്ചകളും കേട്ടു ഭയപ്പെട്ടു് പെട്ടെന്നു ഞങ്ങൾ മിന്നൽപിണർപോലെ ഓടി, എന്നാൽ അത്രയുംതന്നെ ശക്തിയായി ദിവാന്റെ ശബ്ദവും ഞങ്ങൾക്കു പിറകെ എത്തി, കതിനവെടിയുടെ പ്രയോഗംപോലെ ഞങ്ങളുടെ ചെവികളിൽ ഇടിച്ചുകൊണ്ടിരുന്നു. കവറുഗോപുരം കയറിയസന്ദൎഭത്തിലും “നീളമുണ്ട് നീളമുണ്ട് നീളമുണ്ട്” എന്ന ഭയങ്കരശബ്ദം ഞങ്ങളുടെ പിറകെ തുടൎന്നുവന്നിരുന്നു. ഞങ്ങളുടെ കണ്ണുകൾ സ്വയമേവ ത്യൎജ്ജിംഹാൻപുരത്തേക്കു തിരിഞ്ഞു. ഓ! അവിടെ നടക്കുന്ന വിശേഷം എന്തു്? ആയിരമായിരങ്ങളായ മനുഷ്യർ —പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും, വരിവരിയായി ത്യൎജ്ജിംഹാൻപുരത്തിൽ സരസ്വതീനദിയുടെ ഇരുവശങ്ങളിലും നിൽക്കുന്നു. ആളുകൾ മുന്നോട്ടു നീങ്ങാതെനിൽക്കുന്നതിനാൽ ഒരു എഴുന്നള്ളത്തോ പ്രദക്ഷിണമോ ഒന്നും അല്ലെന്നു പ്രത്യക്ഷംതന്നെ. പൂഴിതാഴാതെകണ്ടുള്ള ആ പുരുഷാരത്തെ സരസ്വതീതീ

രങ്ങളിലാണ കാണുന്നത്. തങ്ങൾക്ക കാൎയ്യത്തിൻെറ സ്വഭാവം മനസ്സിലായി. സരസ്വതീനദി വററിപ്പോയിരിക്കണം. ആ അത്ഭുതകാഴ്ചയെ കാൺമാനായി ന്യൂർജിഹാൻ പുരത്തുള്ള എല്ലാപ്പേരും ഓടി എത്തിയിരിക്കയാണ. അതിന സംശയമില്ല. നദീതീരങ്ങളിലും പാറക്കെട്ടുകളിലും വൃക്ഷശിഖരങ്ങളിലും നദിയുടെ തായിലും സംഖ്യയില്ലാതവണ്ണം പുരുഷാരം കടന്നുകൂടിയിട്ടുണ്ട്. പലനിറവൎണ്ണങ്ങളിലുള്ള കുപ്പായങ്ങളിൽ നിറഞ്ഞ സൂൎയ്യപ്രഭ ഏററു വിളങ്ങിയ ആ ദൂരപുരുഷാരം കൃത്രിമശില്പങ്ങളോടു കൂടിയ വിലയേറിയ സൂൎയ്യപടം വിരിച്ചിരുന്നപോലെ മനോഹരമായിരുന്നു.

ഞാൻ—അയ്യോ! ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഈ സാധുക്കൾ ശക്തിയേറിയ വെള്ളപ്പാച്ചിലുകളിൽ പെട്ടു, കഥാവശേഷന്മാരാകുമല്ലോ. ഈശ്വരാ! എന്താണുചെയ്യുക.

കൎണ്ണൽ മക്കാളി—"നമുക്ക അങ്ങോട്ടേക്ക ഓടിച്ചെല്ലാം; വിവരം അറിവിക്കാം."

അതാ! പാതാളം അലറുന്നു. ധ്വനിപ്രതിധ്വനിപ്രഘോഷം, സഘോഷംകേൾക്കായി. ഗുഹാഗൎത്തങ്ങളിൽ ഗംഭീരങ്ങളായ ഇടിമുഴക്കങ്ങൾ തകൎത്തു. ആദിശേഷൻ സൎപ്പഫണാങ്ങളും ഒരുമിച്ചു കുടഞ്ഞെന്നപോലെ ഭൂമി ഞെട്ടി. ഓ. ഓാ, ഓാാ! ലക്ഷം ലക്ഷങ്ങളായ സാധുക്കളായ ന്യൂർജിഹാൻപുരനിവാസികളായ കഷ്ടകാലപ്രബലന്മാരുടെ ഒന്നാകെയുള്ള നിലവിളി വാനഭാഗങ്ങളെ പൊളിച്ചു ഉയരുന്നു. പരമഭയനീയമായ അവസ്ഥ!!! മലയുടെ ദ്വാരം പൊട്ടിഒഴുകി. ഒരു നാല്പതു അടി ഉയരത്തിൽ ജലം ഒന്നാകെ ഒരു ചുവരുപോലെ മുന്നോട്ടു, ചീററിക്കൊണ്ടും ഗൎജ്ജിച്ചുകൊണ്ടും, വീടുകളേയും വൃക്ഷങ്ങളെയും മനുഷ്യരേയും ഉണ്ടപ്പാറകളേയും സംഹരിച്ചുവിഴുങ്ങിക്കൊണ്ടും, മുന്നോട്ടു പാഞ്ഞു. ഞാൻ കണ്ണടച്ചുകളഞ്ഞു. ഒരു രണ്ടുമൂന്നുമിനിട്ടുകഴിഞ്ഞു. അതിനിടയ്ക്കു എൻെറ സൎവ്വരോമങ്ങളും നരച്ചു എന്നും രോമകൂപങ്ങളിൽ രക്തം നിറഞ്ഞു എന്നും തോന്നി. രണ്ടുമൂന്നുമിനിട്ടുകഴിഞ്ഞു—ഞാൻ കണ്ണുതുറന്നു; എനിക്ക അസാരം ആശ്വാസമാണ തോന്നിയതു്. അനേകശതം മനുഷ്യർ എവിടെയെന്നറിയാതെ എങ്ങിനെയെന്നറിയാതെ, ഇല്ലെന്നായിപ്പോയിരുന്നു; എങ്കിലും, അനേകായിരങ്ങൾ നിലവിളിച്ചുകൊണ്ടും മാറത്തടിച്ചുകൊണ്ടും അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ ശേഷിച്ചിരുന്നതു് എനിക്ക ഒരു ആശ്വാസമായിരുന്നു. അഹോ! കാലി! മരണദേവ! തലമുറതലമുറകളായി രഹസ്യമായി സൂക്ഷിക്കപ്പെട്ടിരുന്ന നിൻെറ ആരാധനാസ്ഥാനം അന്യകണ്ണുകളിൽ പെടുവാൻ അനുവദിച്ച എട്ടു കിങ്കരന്മാരോടു, നിൻെറ പ്രതികാരം ഇത്ര ഭയങ്കരമോ? എന്നാൽ ഇനി നിൻെറ ശക്തി എവിടെ? നിൻെറ ക്ഷേത്രം അശുദ്ധമായിരിക്കുന്നു; നിൻെറ കിങ്കരന്മാർ നൂറെറാന്നുപേരും മരിച്ചുപോയി, നിൻെറ പ്രതിമ, ഉപയോഗമില്ലാത്ത വിറകുതടിപോലെ പാതാളത്തിൽ ദ്രവിക്കുന്നു. നിൻെറ പൊൻപണ്ടങ്ങൾ ശവത്തിൻെറ അലങ്കാരങ്ങൾപോലെ കുഴിയിൽ മൂടപ്പെട്ടുപോയി. നീ നശിച്ചു. രക്തത്തിൽ കളിച്ചു രക്തത്തിൽ വളൎന്ന നീ, വിനാശത്തിൽ ലക്ഷം ലക്ഷങ്ങളായ സാധുജനങ്ങളെക്കൂടെയും അപഹരിച്ചുകളഞ്ഞത, നിൻെറ നരകലോകത്തിനുമാത്രം യോജിക്കുന്നതായിരിക്കുന്നു. ഇനി ഭൂമിയിൽ ഐശ്വൎയ്യം വൎദ്ധിക്കട്ടെ.

കൎണ്ണൽമക്കാളി—മിസ്റ്റർ സഡ്ലിയും പിറകേ ചന്തുവും അതാ ഇങ്ങോട്ടു ബദ്ധപ്പെട്ടു് ഓടിവരുന്നു. അയ്യോ! ആപത്തു് എന്താണ്ടു പററിയിട്ടുണ്ട്. അദ്ദേഹത്തിൻെറ മുഖം നോക്കുക.

ഞാൻ—ഞെട്ടിയുണൎന്നുകൊണ്ടു് "അവർ ഇരിക്കുന്നിടത്തു വെള്ളം കയറുവാൻ ഇടയില്ലല്ലോ. മേരിയും മിസ് സഡ്ലിയും എവിടെയോ?"

മിസ്റ്റർ സഡ്‌ലി—അടുത്തുവന്നിട്ട്, "ഈശ്വരൻ വലിയവൻ തന്നെ. നിങ്ങൾ രണ്ടാളെയും, മുഴുവനോടെ കാണ്മാൻ എനിക്കു കഴിഞ്ഞല്ലോ. (രണ്ടുപേരുടെയും കൈകൾ പിടിച്ചു അമർത്തി കുലുക്കിക്കൊണ്ട്) എനിക്കു ആശ അസ്തമിച്ചിരുന്നു. എന്നാൽ നിങ്ങളുടെ ദേഹങ്ങൾ എങ്കിലും കണ്ടുകിട്ടുന്നതുവരെ അന്വേഷിക്കുവാനായി ഞാൻ വരികയായിരുന്നു."

കണ്ണൽമക്കാളി—"ഞങ്ങളുടെ കാര്യം പിന്നെ പറയാം. എയിലിനും, മേരിയ്ക്കും വിശേഷമൊന്നുമില്ലല്ലോ."

മിസ്റ്റർ സഡ്‌ലി—സുഖമായിരിക്കുന്നു എന്നാൽ നൂർജിഹാൻപുരത്തിൽ ഇപ്പോൾ നടന്ന ഒരു കലാപത്തെക്കണ്ട് അവർ രണ്ടാളും ഇളകിയിരിക്കുകയാണ്?

കണ്ണൽമക്കാളി—ഞങ്ങൾ, സർവ്വവും അതാ അവിടെനിന്നു കണ്ടു. ഭയങ്കരം തന്നെ; ഭയങ്കരം തന്നെ?

ഞാൻ—കാലന്റെ കൌലടേയന്മാരൊക്കെയും നശിച്ചു നാറാണക്കല്ലുപിടിച്ചു എന്ന് മാത്രം ഒരു ഗുണം സിദ്ധിച്ചിട്ടുണ്ട്?

മിസ്റ്റർ സഡ്‌ലി—"എല്ലാവരും മരിച്ചോ?"

ഞാൻ—"നശിച്ചു, എല്ലാവരും വെള്ളംകുടിച്ചു പള്ളവീർത്തു ചത്തുമലന്നു; ദുഷ്ടന്മാരായ ആ നൂറുപേരും അവരുടെ ദുഷ്ടതയുടെ അടിസ്ഥാനമായ കാലത്തടിയും ഇനി കാണുകയില്ല."

മിസ്റ്റർ സഡ്‌ലി—ദിവാനോ?

ഞാൻ—ഓ ദിവാനോ! അതേ, അയാളും മറ്റുള്ളവരുടെകൂടെ മരിച്ചു. കാലന്റെ പേക്കുള്ള അവനാണ് തലവൻ, അവന്റേതാണ്.

കണ്ണൽ മക്കാളി—അവൻ ജോണിനെ വെള്ളത്തിൽ വലിച്ചിടുവാൻ തുടങ്ങി, ദുഷ്ടൻ! വല്ലപാടും അവനെ രക്ഷിക്കാമോ എന്നു ജോൺ പരിശ്രമിക്കുമ്പോഴാണ്. അപ്പോഴേക്കും വെള്ളം തികച്ചുതുടങ്ങി; ഞങ്ങൾ ഓടി. ചാവട്ടെ; അവൻ പണ്ടെ ചത്തിരുന്നു എങ്കിൽ—

മിസ്റ്റർ സഡ്‌ലി—ഇതു എയിലീന് വളരെ സങ്കടമായിരിക്കും. ദിവാൻ അച്ഛനാണ് എന്നാണ് ഇപ്പോഴും എയിലീന്റെ ബോധം.

കണ്ണൽമക്കാളി—"ഇങ്ങനെയുള്ള സംഗതികൾ പറവാൻ നാം അത്ര ബദ്ധപ്പെടരുത്. അനന്തപുരത്തിൽ ഇരുപതുവർഷം പഴകിയതു അല്ലേ? ഇംഗ്ലണ്ടിൽ ചെന്നു പുതിയ ആളുകളും സമ്പ്രദായങ്ങളും ആ ബുദ്ധിമതി അല്പകാലംകൊണ്ടു പരിചയിക്കും.

ഞാൻ—മേരിയും മിസ് സഡ്‌ലിയും ഹൃദയംഗമമായി അന്യോന്യം ഭാഷമാറുന്നതുകൊണ്ട്, മിസ് സഡ്‌ലി പഠിക്കാനുള്ളതിൽ പാതി പഠിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ വിവാഹം കഴിഞ്ഞാൽ, മിസ്റ്റർ സഡ്‌ലിയും മകളും, ഞങ്ങളുടെ കൂടെ എന്റെ ഗൃഹത്തിൽ താമസിക്കണമെന്നാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നത്.

കണ്ണൽമക്കാളി—ഞാൻ ഇവിടെ കൊച്ചിയിലും തിരുവനന്തപുരത്തുമായി നടക്കുകയും അല്ലേ?

കേവലം നേരംപോക്കല്ലാത്ത ഒരു സ്വരത്തിൽ കല്ലൻ ഇങ്ങനെ പറഞ്ഞതിന്റെ സാരം എനിക്ക് അപ്പോൾ മനസ്സിലായില്ല.

ഞാൻ—ഇല്ല, കല്ലൻ, നിങ്ങൾ അങ്ങനെ നരയ്ക്കണ്ടാ. നിങ്ങൾ ഞങ്ങളുടെ കൂടെ ശിമസ്സു പോഷികതന്നെ.

കർണ്ണൽമക്കാളി—കമ്പംപറയാതെ; പെൻഷൻ ലഭിക്കുവാൻ എനിക്കു ഇനിയും സർവ്വീസു വളരെ കഴിവാനുണ്ട്.

ഞാൻ—മനുഷ്യനായാൽ പെൻഷനെന്നും സർവ്വീസെന്നും രണ്ടുകാര്യമേയുള്ളോ? നിങ്ങൾക്കു പ്രവിലേജ്അവധിയും മററും ഇല്ലേ?

കർണ്ണൽ മക്കാളി—അതൊക്കെപ്പിന്നെപ്പറയാം. ഈശ്വരാനുഗ്രഹംകൊണ്ട് ഇംഗ്ലണ്ടിലെ ഒരു കോടീശ്വരനായി ജനിച്ചിരിക്കുന്ന നിങ്ങൾക്ക്, അന്യന്മാരുടെ ബുദ്ധിമുട്ടുകൾ അറിഞ്ഞുകൂട. അതാ മേരി ഇങ്ങോട്ടുവരുന്നു. ഞാൻ നോക്കി. ആ സുഭദ്ര അടുത്തുവന്നു. ഞങ്ങൾ അന്യന്മാരുടെ സാന്നിധ്യത്തെ ഗണിക്കാതെ അന്യോന്യം ആലിംഗനംചെയ്തു. മേരിപറഞ്ഞു. "ജോൺ ഇനി എന്നെ വിട്ടുപിരിയരുതെ. ഇനി വിട്ടുപിരിയരുതെ. ഇത് അവസാനത്തേത്. മനസ്സിലായോ." ഞാൻ പറഞ്ഞു:—"അങ്ങനെതന്നെ; എന്റെ പ്രിയതമയെ ഇനി ഞാൻ വിട്ടുപിരിയുകയില്ല. കൊച്ചിയിൽ എത്തിയാൽ കല്യാണിയിൽ കയറണം. ബോംബെയിൽ ഒന്നുരണ്ടുദിവസത്തെ താമസം വരാം. അത്രതന്നെ. നേരേ ഇംഗ്ലണ്ടിലു നമുക്കു പോവാം."

മേരി—"എന്ത്. നിങ്ങളുടെ കുപ്പായം ഒക്കെ രക്തം പുരണ്ടുകാണുന്നല്ലോ. അയ്യോ! മിസ്റ്റർ സഡ്‌ലി, ഇതുനോക്കുക!" ഇത്രയുമായപ്പോഴേക്കു ഞങ്ങൾ ക്യാമ്പിന്റെ മുററത്തു എത്തിയിരുന്നു. എന്നെ ഒരു കട്ടിലിൽകിടത്തി; അവർ ആദ്യമായി കോട്ടു അഴിച്ചുനോക്കി. ഷർട്ടുകിഴിഞ്ഞു ഒരു കുത്ത്, കഴുത്തിനു താഴെ കീറപ്പോട്ടേക്കു കിടക്കുന്നു. അതിലേക്കൂടിയാണ് രക്തം അധികമായി വന്നുകൊണ്ടിരുന്നത്. ഷർട്ട് അഴിച്ചു. കുത്ത് അത്ര നിസ്സാരമല്ലായിരുന്നു. തോളിനും മുലയ്ക്കും മദ്ധ്യേ മുമ്പു കെട്ടിയിരുന്നമുറിവും, വലിഞ്ഞു ഇളകിയിരിക്കുന്നു.

കർണ്ണൽമക്കാളി—ജാൺ കമിഴ്ന്നുകിടന്നു ദിവാനെ കരകയററാൻ ശ്രമിച്ച സമയം, ഈ മുറിവ് ഇങ്ങനെ വലിഞ്ഞതായിരിക്കണം.

മിസ്റ്റർ സഡ്‌ലി—ഈ കുത്തംകൊണ്ടുള്ള കുത്തോ? ഇതുമുമ്പേ ഇല്ലായിരുന്നല്ലോ.

കർണ്ണൽമക്കാളി—അത് എപ്പോൾ കിട്ടിയെന്നു എനിക്കു അറിഞ്ഞുകൂടാ. കമിഴ്ന്നുകിടന്നു വലിച്ചസമയം—

മിസ്റ്റർ സഡ്‌ലി—ദിവാൻതന്നെയായിരിക്കാം? നിങ്ങൾ വെള്ളത്തിലേക്കു എറിഞ്ഞു കൊടുത്ത അരക്കച്ചയുടെ അററത്തുനിന്നു ദൂരത്തായിരുന്ന ദിവാൻ എങ്കിൽ, പാറയോടു അടുത്തു ചാകാതെ പററിപ്പിടിച്ചുകിടന്ന രോഗ വല്ലപുരോഹിതനും ചെയ്തതായിരിക്കുവാനുംമതി. ഇതാ നോക്കുക. കാലകിങ്കരന്മാരുടെ കൈവശം സാധാരണ കാണുന്ന കഠാരികൊണ്ടുള്ള 'പട്ടാണ്', ഇത്. സംശയമില്ല. അയ്യോ! ഇനി ഇതിനകത്തു വല്ല വിഷവും പ്രയോഗിച്ചിരിക്കുമോ. ആവോ!

കർണ്ണൽമക്കാളി—"ദിവാനെ കയററാൻ ശ്രമിക്കുന്നതു നിഷ്ഫലമാണെന്നുകണ്ട് എഴീററു ഉടനെ, ജാൺ കോട്ടു ഇട്ടുകളഞ്ഞതിനാൽ, ഇതു കാണ്മാൻ അപ്പോൾ സൌകര്യമുണ്ടായില്ല. ഇത്ര വലിയ ഒരു കുത്തു ഏററസമയം, അതിനെ അറിയാതെയും സ്മരിക്കാതെയും ഇരുന്ന ജാൺ—"പിന്നെ ഞാൻ ഒന്നും അറിഞ്ഞില്ല. ക്രമേണ എന്റെ ബോധം ക്ഷയിച്ചു ദേഹം മുഴുവനും ഒരേ സമയത്തു തണുക്കുകയും ചൂടുപിടിക്കുകയും ചെയ്യുന്നതായി തോന്നി. ജ്വരം എന്നെ കടക്കി എന്നുള്ളതു നിശ്ചയമായി; ക്രമേണ എന്റെ ബോധം നിശ്ശേഷം മറഞ്ഞു.

അതാ ഞാൻ കാലഗൃഹത്തിൽ നിന്നു—പിശാചിന്റെ മുഖവും, പൊൻപണങ്ങളുടെ കൊഴപ്പും, മനുഷ്യരക്തത്തിന്റെ പ്രവാഹവും, എനിക്കു കാണായി. എന്റെ കൈയിൽ ഒരു പട്ടുകെട്ട്. സജീവമായ ആ ഭാരം ഇളകി ബോധം മറയുന്നു. എവിടെയോ വെടിയുടെ ഒരു വലിയ ശബ്ദം; കല്ലുകൾ പൊട്ടി, പാറകൾ പിളന്നു; ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നു; പാതാളദ്വാരങ്ങൾ പൊളിഞ്ഞു, നദികൾ കൂട്ടംകൂട്ടമായി അലറി. അടുത്ത നിമിഷം ദിവാൻ എന്നെ പിടികൂടി, ഞാൻ വിടുവിച്ച് ഓടി. "കാലന്റെ കൈക്കു നീളമുണ്ട്, നീളമുണ്ട്, നീളമുണ്ട്" എന്നശബ്ദം എന്റെ പിന്നാലെ പാഞ്ഞടുത്തു. ഞാൻ ഓടി. സരസ്വതീനദിയുടെ കൂടെ ഞാൻ ബുദ്ധപ്രതിമയുടെ ചുവട്ടിൽ എത്തു; ഞാൻ പാതാളഗർത്തിൽ പ്രവേശിച്ചു. ഞാൻ ഇല്ലാതെയായി—അതാ നിലവിളിക്കുന്ന ലക്ഷം ലക്ഷം മനുഷ്യരുടെ ദയനീയമായ സ്വരങ്ങളോടുകൂടെ ഞാൻ ഉയന്നു. സരസ്വതീനദിയും നൂറായിരം ശവങ്ങളും കടലിൽ എത്തി. അവിടെ ഞാൻ എന്റെ കല്യാണിക്കപ്പലിനെക്കണ്ടു. ഞാൻ അവിടെ ഉറങ്ങിക്കിടക്കുന്നു. "ഇന്ദ്രജാലം, മഹേന്ദ്രജാലം മഹാരാജ!" എന്നു കേട്ടു. അതാ ഒരു പാമ്പു ഒരു കീരിയെ കൊല്ലുകയും അതിനുശേഷം, കീരി പാമ്പിനെ വിഴുങ്ങുകയും ചെയ്യുന്നു. ഒരു ചെണ്ടക്കൊട്ടു കേട്ടു ഞാൻ ഉണന്നു. ഉണന്നപ്പോൾ കണ്ടതു മരിച്ചുകിടക്കുന്ന ലാൽജിയെ ആണ്. ലാൽജിയുടെ മരണത്തിന്റെ സ്മരണനിമിത്തം ഞാൻ ദിവാന്റെപുറകെ ഓടി. ഓടിച്ചെന്നു മുട്ടിയതു ഒരു കാട്ടുപോത്തിനെ ആയിരുന്നു. ഉണ്ടകൊണ്ടു കരണം ഒരു പിടിത്തം; ധിമ്മതെ എന്നു ഞാൻ മറിഞ്ഞു വീണു. മറിഞ്ഞുവീണതു്, കാശിയിൽവച്ചു ഒരിക്കൽ ഞാൻ കണ്ട ഒരു പത്മനാഭക്ഷേത്രത്തിന്റെ ഒരു ഗോപുരത്തിന്മേലായിരുന്നു. ഗോപുരവും ഞാനും താണു; പിന്നെയും താണു; പാതാളംവരെ താണു. അതാ തണുത്ത കാററ് എന്റെ നെററിമേൽ വീശി. ആകാശത്തിൽ ഒരു ദിവ്യകന്യക; ഒരു കനകകളേബരം. ആ സ്ത്രീരത്നത്തിന്റെ നീളമുള്ള കൈയുടെ നീളമുള്ള ചെറുവിരലിൽ പിടിച്ചു ഞാൻ ഉയന്നു; മന്ദംമന്ദം ഉയന്നു. സുഖമായി ഉയന്നു; ഉണന്നു; "ഞാൻ എവിടെ" എന്നു ഞാൻ ചോദിച്ചു.

"ജാൺ, ജാൺ, ഓ ജാൺ, എന്നെ മറന്നുവോ-ഓ ജാൺ."

"മേരി, മേരി ഞാൻ മേരിയല്ലേ."

"അതെ അതെ" എനിക്കു എല്ലാം ഓമ്മവന്നു. മേരി എന്റെ നെററിമേൽ ഏതോ ഒരു ഔഷധം പുരട്ടുകയായിരുന്നു.

ഞാൻ—എനിക്കു എന്തു ഭവിച്ചു? ഞാൻ എവിടെയാണു്?

മേരി—എന്റെ കുഞ്ഞേ സ്വസ്ഥമായിരിക്കണം. എല്ലാം പിന്നെ ഞാൻ വിവരമായി പറഞ്ഞു കേൾപ്പിക്കാം. മേജർ ഫിൻസ്ലിപ്പ് ഇവിടെയുണ്ട്. സൈന്യവും എത്തിയിട്ടുണ്ട്. ഒരാഴ്ചയായി! ഇതു ഒന്നു കുടിക്കണം- ആ! ശരിതന്നെ. ഇനി ഒന്നു ഉറങ്ങുകതന്നെ.

"മേജർഫിൻസ്ലിപ്പ് വന്നു ഒരാഴ്ചയായി. എവിടെ?" എന്നെല്ലാം ഓർത്തുഓർത്തു ഞാൻ ഉറങ്ങി—സുഖമായി ഉറങ്ങി. സ്വപ്നം എനിക്കു നിദ്രാഭംഗംചെയ്തില്ല.

---

## അദ്ധ്യായം ൨൰.

---

### ഒരു അസുഖകാരണം.

ഞാൻ ഉണൎന്നു; ഇരുപത്തുനാലുമണിക്കൂറു നേരത്തേക്കു ഞാൻ ഉറങ്ങി എന്നാണു് മേരി എന്നോടു പറഞ്ഞതു്. ഉണൎന്ന സമയത്തു് എന്റെ മനസ്സിനു തോന്നിയ എന്തെന്നില്ലാത്ത ഉന്മേഷവും ഞരമ്പുകളുടെ മുറുക്കവും നിമിത്തം എന്റെ ജ്വരം എന്നെ വിട്ടുമാറി എന്നു് എനിക്കു ബോധമായി. മേരി, കല്ലൻ; മിസ്റ്റർ സഡ്ലി എന്നിവർ പിന്നെയും ഏതാനും ദിവസങ്ങളേക്കുകൂടെ എന്നെ രോഗിയായി പരിചരിച്ചിരുന്നു. എങ്കിലും എനിക്കു മിനിട്ടിനു മിനിട്ടിനു ദേഹബലം വൎദ്ധിച്ചുവരുന്നതായി ഞാൻ അനുഭവിച്ചു. ക്രമേണ കട്ടിൽവിട്ടെഴുനീല്ക്കുന്നതിനും, കുറേശ്ശ നടക്കുന്നതിനും, മിസ്റ്റർ സഡ്ലി എനിക്കു് അനുവാദംതന്നു.

ക്യാമ്പിൽ നടന്ന വൎത്തമാനങ്ങളും കുറേശ്ശ മേരി എനിക്കു് ഉപദേശിച്ചുതന്നു. ശനിയാഴ്ച അതിരാവിലെ— ഞങ്ങൾ ഉറങ്ങിച്ചതിൽ പന്ത്രണ്ടു മണിക്കൂറുമുമ്പു്, മേജർ ഹിൻസ്ലിപ്പും സൈന്യവും എത്തിയിരുന്നു. അദ്ദേഹം നേരെ ഞങ്ങളുടെ ക്യാമ്പിലേക്കാണു് വന്നതു്. വന്നു് ഒരു രണ്ടുമണിക്കൂറു താമസിച്ച ശേഷം, എനിക്കു ബോധക്ഷയം പെട്ടിരുന്നതു് ഒഴിച്ചു വേറെ വിശേഷം ഒന്നും ഇല്ലെന്നു് അറിഞ്ഞു് നൂർജിഹാൻപുരം കൊട്ടാരത്തിലേക്കു് അദ്ദേഹം പോയിരുന്നു. രണ്ടുദിവസം കഴിഞ്ഞു തിരികെ ഞങ്ങളുടെ ക്യാമ്പിൽ അദ്ദേഹം മടങ്ങിയെത്തി. ആ സന്ദൎഭത്തിൽ മാത്രമാണു് അന്യോന്യം സംഗതികൾ വിസ്തരിച്ചു പറവാൻ മിസ്റ്റർ സഡ്ലിക്കും മേജർ ഹിൻസ്ലിപ്പിനും സൌകൎയ്യം ലഭിച്ചതു്. ഞങ്ങളുടെ ചരിത്രം മിസ്റ്റർ സഡ്ലി വിവരിച്ചു അദ്ദേഹത്തെ കേൾപ്പിച്ചു. എവ്ലീന്റെ ചെറുപ്പത്തിൽ കൈയുടെ മണിബന്ധത്തിന്മേൽ ഉണ്ടായിരുന്ന ഒരു വട്ടു, മോറാഭായിയുടെ കൈ മേലും കണ്ടതു്, ആവശ്യമുണ്ടെങ്കിൽ ഒരു നൂതനതെളിവുകൂടെ ആയിരുന്നു. എന്നാൽ ലാൽജിയുടെ വധം മുതല്ക്കു കാലകിങ്കരവിനാശംവരെയുള്ള കഥ ആരെയും ക്ഷോഭിപ്പിക്കാതെ കണ്ടായിരുന്നതിനാൽ, മേജർഹിൻസ്ലിപ്പു് ലക്ഷ്യം ഒന്നുംതന്നെ ആവശ്യപ്പെട്ടതുമില്ല. മേജർഹിൻസ്ലിപ്പിനും, പല ചരിത്രങ്ങൾ പറയാനുണ്ടായിരുന്നു. ഞങ്ങളുടെ ആവശ്യപ്രകാരം ആണു് അദ്ദേഹം വന്നതെങ്കിലും അദ്ദേഹത്തിന്റെ ആഗമനം ഒരു വലിയ രാജ്യകാൎയ്യമായി പരിണമിച്ചിരുന്നു. പരിശുദ്ധമായ സരസ്സാതീനദി പൊട്ടുന്നതുവേ ഉണങ്ങിയെന്നും, പൊട്ടുന്നനവെ വെള്ളം തികച്ചു ലക്ഷംലക്ഷംജനങ്ങളെ കടലിലേക്കു് അടിച്ചുതള്ളിയെന്നും, കേട്ടവാറു മഹാരാജാവു തിരുമനസ്സുകൊണ്ടു സ്തംഭിച്ചു സ്വല്പനേരം നിന്നു്, പാദം നനഞ്ഞ മൺപ്രതിമപോലെ നിലത്തു ചടഞ്ഞുവീണുപോയി. മറവു ചെയ്യാനുള്ള ശവമാണു പിന്നെ അവിടെ നിന്നു നീങ്ങിയതു്. ദിവാനെ കാണ്മാനില്ലായിരുന്നു. എവിടെയെന്നു് ഒരുവനും അറിഞ്ഞുകൂടായിരുന്നു. ജലപ്രവാഹത്തിൽ പെട്ടു മരിച്ചുപോയി എന്നു തീൎച്ചയായിരുന്നതിനാൽ, അന്വേഷിക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. മേജർ ഹിൻസ്ലിപ്പു നൂർജിഹാൻപുരത്തിൽ പ്രവേശിച്ച സമയം രാജാവും ദിവാനും ഇല്ലാതെ ആ രാജ്യം അനാഥവും പ്രജാസമൂഹം ക്ഷുബ്ധവും ആയിരുന്നു. കാലകിങ്കരന്മാരിൽ ഒരുവനെയെങ്കിലും കാണ്മാനില്ലായിരുന്നു എന്ന വിവരം അറിഞ്ഞു് അവരും നായകനായ ദിവാനും ആറുവകത്തു് ഏതോ മതാനുഷ്ഠാനത്തിൽ ഏൎ

ച്ചിരുന്ന സമയം നദീപ്രവാഹത്തിൽ പെട്ടുപോയി എന്ന് എല്ലാവരും തീർച്ചപ്പെടുത്തി. നാട്ടിൽ പ്രമാണികളായ പലരേയും അദ്ദേഹം ക്ഷണിച്ചുവരുത്തി, ഒരു വലിയ സദസ്സിൽവച്ചുതന്നെ, മേജർഹിൻസ്ലിപ്പ്, ഈസ്റ്റിൻഡ്യാക്കമ്പെനിയാരുടെ നാമത്തിൽ നൂർജിഹാൻപുരത്തിൻെറ രാജ്യഭാരം സ്വാധീനമാക്കി.

നൂർജിഹാൻപുരത്തുള്ള കുടിയാന്മാർ ഒരേമതത്തിൽ പെട്ടവരല്ലായിരുന്നു. എങ്കിലും എല്ലാവരും സരസ്വതീനദിയെ ഒരു സചേതനയായ ദേവതയായി ഗണിച്ചുപോന്നു. ആയതിനാൽ നദിക്കു പെട്ടെന്നുണ്ടായ അവസ്ഥാന്തരങ്ങളെ ദേവതാകോപത്തിൻെറ ലക്ഷ്യങ്ങളായി കരുതിക്കൊണ്ടതിനാൽ, നൂർജിഹാൻപുരനിവാസികളുടെ ദൃഷ്ടിയിൽ അസംഗതമായ യാതൊന്നും അവിടെ നടന്നിരുന്നില്ല.

മിസ്സ് സഡ്ലിയെ ഈ ദിവസങ്ങളിൽ ഞാൻ അധികം കാണുക ഉണ്ടായില്ല. അന്തഃപുരസമ്പ്രദായം നിമിത്തം പുരുഷസഭയിൽ വരുന്നതു ആ സ്ത്രീക്കു അപ്പോഴും അസുഖമായിത്തന്നെ ഇരുന്നു. എന്നെക്കണ്ടാൽ തല കുനിച്ച് ആ അപ്രതിരൂപസച്ചരിത, ആചാരം ചെയ്യുകയാണ് പതിവ്. എന്നാൽ മേരി കൃത്യാന്തരങ്ങളിൽ ഏർപ്പെട്ടിരുന്ന ചില അവസരങ്ങളിൽ കല്ലൻ മിസ്സ് സഡ്ലിയുമായി സംസാരിച്ചുകൊണ്ടിരിക്കും. ഹിന്തുസ്ഥാനി വശമായിരുന്ന അദ്ദേഹത്തിൻെറ സമ്പ്രദായം ആ സ്ത്രീക്കു രുചിച്ചിരുന്നിരിക്കണം. മിസ്റ്റർ സഡ്ലിയുടെ പിതൃത്വം ആ സ്ത്രീക്കു അഭിമതമായി വന്നതു്, ഞങ്ങൾക്കു എല്ലാവർക്കും ഒരു സന്തോഷകാരണമായിരുന്നു. ഒരുകാര്യത്തെക്കുറിച്ചുമാത്രം എൻെറ മനസ്സിനു മുഴുവനായ സമാധാനം ഉണ്ടായില്ല. ഞാനും കല്ലനും പ്രതിഷ്ഠാസ്ഥാനത്തുനിന്നു ഓടി ഇറങ്ങിയ സമയം അവിടെ ജീവനോടുകൂടെ ഉണ്ടായിരുന്നതു് ദിവാൻ മാത്രമാണ്. സന്ദേഹമില്ലാതെ ആയാളും അവിടെ മരിച്ചിരുന്നിരിക്കണം. മേജർ ഹിൻസ്ലിപ്പിൻെറ ആവശ്യപ്രകാരം ദിവാൻെറ താമസസ്ഥലവും നൂർജിഹാൻ പട്ടണം മുഴുവനും നിശ്ശേഷം പരിശോധന കഴിച്ചെങ്കിലും ദിവാൻ ജീവനോട് ഉള്ളതായി യാതൊരുവക തുമ്പുംകിട്ടിയതുമില്ല. അതുവരെ ശരിതന്നെ. എന്നാൽ സരസ്വതികലാപം നടന്നതിൻെറ പിറേറന്നു വെളുപ്പിനു മൂന്നുമണിയോടുകൂടെ അനുചരന്മാർ ആരും ഇല്ലാതെയും, നനഞ്ഞവസ്ത്രം ധരിച്ചും ദേഹം മണ്ണുപിരണ്ടും തലപ്പാവ് ഇല്ലാതെയും, ദിവാൻ ഇരുട്ടിൽ കൊട്ടാരത്തിലേക്കു പ്രവേശിച്ചതായി ഗാട്ടുശിപായിമാർ രണ്ടുപേരും സത്യം ചെയ്തു, സംശയലേശമില്ലാതെ, പറയുന്നു. അതിൻെറ ശേഷം അവരാകട്ടെ, മററു യാതൊരുത്തനും ആകട്ടെ, ദിവാനെ കണ്ടതും ഇല്ല. തലേന്നു പകൽ നടന്ന കലാപങ്ങളും അതിനെ സംബന്ധിച്ച ജനങ്ങളുടെ ക്ഷോഭവും മുറവിളിയും ദേവതാകോപത്തെ സംബന്ധിച്ച വർത്തമാനവും മഹാരാജാവിൻെറ മരണവും എല്ലാം കണ്ടുംകേട്ടും ഉറക്കം ഇളച്ചുംനിന്ന ഗാട്ടുശിപായിമാരുടെ സങ്കല്പസൃഷ്ടിമാത്രമാണ്, അവർ കണ്ട ദിവാൻ എന്നാണ് പ്രബലമായ ജനബോധം. ദിവാൻെറ പ്രത്യാഗമനകഥയെ കല്ലൻ മുതലായവരും അശേഷം ഗണിച്ചില്ല. എന്നാൽ ഗാട്ടുശിപായിമാർ പറഞ്ഞതായ വർത്തമാനം എൻെറ ചെവികളിൽക്കൂടെ എൻെറ മനസ്സിൽ തറഞ്ഞു. ദിവാൻ ബഹദൂർ പ്രണതാർത്തിഹരിഹരസുബ്രഹ്മണ്യരായരുടെ കഥയും എൻെറ ആപത്തും ഇനിയും കഴിഞ്ഞിട്ടില്ല എന്നാണ് എനിക്കു തോന്നിയതു്.

കനകമണ്ഡപത്തിൻെറ ചവുട്ടുകയും കാലൻെറപേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന മിസ് സഡ്ലിയെ പ്രതിഷ്ഠാസ്ഥാനത്തുനിന്നുതന്നെ അപഹരിച്ചുകൊണ്ടു ഓടുകയും ചെയ്തു ഞാൻ, തീർച്ചയായും നീണ്ടകൈയുള്ള കാലനെ ഭയപ്പെടേണ്ടതാണെന്നു ഭയന്ന എന്നെ, ഭയംഭിടാതെ ഭയപ്പെടുത്തിയിരുന്നു. മററുള്ളവർ എൻെറ ആശങ്കയെക്കുറിച്ചുകേ

ട്ടാറെ ചിരിക്കുകയാണുചെയ്തതു്. എന്നാൽ ഇതു ചിരിക്കുവാനുള്ള ഒരു വിഷയമല്ല എന്നു ഏതാനുംദിവസങ്ങൾക്കകം എല്ലാവൎക്കും സമ്മതമായി.

ചൂടുള്ള ഒരു മദ്ധ്യാഹ്നസമയം ഞാൻ എന്റെ കൂടാരത്തിൽ കിടന്നു ഉറങ്ങുകയായിരുന്നു. കൂടാരത്തിനു പുറത്തു ഒരു ഭൃത്യൻ പങ്കാവലിച്ചുകൊണ്ടു ഇരുന്നിരുന്നു. ഒരു മണിക്കൂറു ഞാൻ ഉറങ്ങിയിരിക്കാം. ഏതോ അപകടം സമീപത്തു ഉണ്ടെന്നുള്ള ഒരു ബോധം തോന്നി, ഞാൻ ഞെട്ടി പെട്ടെന്നു കണ്ണുതുറന്നു ഞാൻ കണ്ടു; സംശയമില്ല; രണ്ടുസെക്കൻറുനേരത്തേക്കുമാത്രം; കറുത്ത ഒരു മുഖം; അതു മറഞ്ഞുകഴിഞ്ഞു പിറകെ ഒരു കൈയും; കഠാരിവഹിച്ചിരുന്ന ആ കൈയും മറഞ്ഞു കഴിഞ്ഞു. ഞാൻ എഴുനീറ്റിരുന്നു, എന്റെ ഭൃത്യൻ പങ്കാവലിച്ചുകൊണ്ടിരുന്ന സ്ഥലത്തിന്റെ എതിർവശത്തായിട്ടാണു്; മുഖം എനിക്കു എവിടെയൊ കണ്ടുപരിചയമുള്ളതായിരുന്നു. ഓൎത്തുനോക്കി; കല്യാണിക്കപ്പലിൽ ചെപ്പടികളിക്കുകയും; പുറകെ ലാൽജിയെ അപായപ്പെടുത്തുകയും ചെയ്തവൻതന്നെ. അവന്റെ മുഖം എവിടെക്കണ്ടാലും എനിക്കു് അറിയാം. കട്ടിലിൽനിന്നു താഴെ ഇറങ്ങി അങ്ങട്ടും ഇങ്ങട്ടും ഒരു രണ്ടുനാലുവട്ടം ഞാൻ നടന്നു. സ്വൈരം ശാന്തം ഞാൻ കണ്ടതു ഒരു ദുസ്വപ്നമോ എന്നും ഒരു ശങ്ക കൈയും മുഖവും അപ്രത്യക്ഷമായ സ്ഥാനം ഒന്നു പരിക്ഷിച്ചു. ഒരാൾ അകത്തേക്കു കടക്കുവാൻ തക്കവണ്ണം ഒരു രണ്ടുമുളംനീളത്തിൽ കൂടാരത്തിന്റെ തുണി—ഒന്നാംതരം കൂപ്പായാണ—കുത്തിക്കീറിയിട്ടുണ്ടു്. ഈ സംഭവം ഏതായാലും മേരിയെ തല്ക്കാലം അറിയിക്കേണ്ടെന്നുതന്നെ ഞാൻ തീൎച്ചപ്പെടുത്തി. എന്റെ പ്രിയതമയെ ഗ്രഹിപ്പിക്കരുതെന്നു ഒന്നാമതായി ഞാൻ ഉറച്ചകാൎയ്യം ഇതാണു്. എന്റെ ശിഷ്ടായുസ്സിൽ ഇങ്ങനെയുള്ള സന്ദൎഭങ്ങൾ എനിക്കു് അധികം ഉണ്ടായിട്ടില്ല. അന്നു വൈകിട്ടു അത്താഴത്തിനു പതിവുപോലെ ഞങ്ങൾ പുരുഷന്മാർ മൂവരും ഒരുമിച്ചിരുന്നു. ഞങ്ങളുടെ ഒരുമിച്ചു് ഇരിക്കുവാൻ മിസ് സഡ്ലി മടിച്ചതുകൊണ്ടു മേരിയും മിസ് സഡ്ലിയും വേറെയാണു് ഭക്ഷണം കഴിച്ചുപോന്നതു്. പകൽ നടന്ന കഥ ആ സമയം ഞാൻ അവരെ പറഞ്ഞുകേൾപ്പിച്ചു. കഥ എനിക്കെന്നവണ്ണം അവൎക്കും വളരെ അസ്വാസ്ഥതക്കു കാരണമായി. ഞങ്ങൾ ഇവകാൎയ്യംതന്നെസംസാരിച്ചുകൊണ്ടിരിക്കവെ അത്താഴംകഴിഞ്ഞു മേരി വൎത്തമാനം പറയാനായി ഞങ്ങളുടെ സഭയിൽ എത്തി; അന്നു് അവൾ പറയാനുണ്ടായിരുന്ന ഒരു പ്രധാനവൎത്തമാനം ഒരു ചെപ്പടിക്കാരൻ പകൽ ചെന്നിരുന്നു എന്നും മിസ് സഡ്ലിയും മേരിയും അവന്റെ പല നല്ല കളികളെക്കണ്ടു വളരെനേരം കഴിച്ചുഎന്നും ആയിരുന്നു.

കൎണ്ണൽ മക്കാളി—ഒരു ചെപ്പടിക്കാരനോ? അവൻ എന്തിനു അവിടെ വന്നു. അന്യ ആളുകളെ അങ്ങനെ അനുവദിച്ചുകൂടാ.

മേരി മക്കാളി—അവൻ അത്ര അന്യനെന്നു പറയാനില്ല. എയ്ലിൻ അവനെ ധാരാളമായി അറിയും. അന്തഃപുരത്തിൽ അവൻ പലപ്പോഴും കളിക്കുക പതിവുള്ളവനാണു്. എയിലീനും മററുസ്ത്രീകളും മറഞ്ഞിരുന്നു അവന്റെ കളികൾ പലപ്പോഴും കണ്ടിട്ടുണ്ടെന്നാണ പറഞ്ഞതു്. അന്നു രാത്രിയിൽ മസ്റ്റർ സഡ്ലി എന്റെ അറക്കെത്തുവന്നു. പിറേറന്നു ഉച്ചതിരിഞ്ഞു അവിടെനിന്നു ഞങ്ങൾക്യാമ്പുപൊളിച്ചു പുറപ്പെടണമെന്നും; വിവരം കല്പനെ അദ്ദേഹം തെയ്യപ്പെടുത്തികഴിഞ്ഞു എന്നും; പറഞ്ഞു.

# അദ്ധ്യായം ൨൬.

മടക്കം.

പിറേറന്നു രാവിലെമുതൽ ഞങ്ങൾ പുറപ്പാടിനുള്ള വട്ടമായി. വിവരംഅറിഞ്ഞു മേജർ ഹിൻസ്ലിപ്പു പതിനൊന്നുമണിയോടുകൂടെ ഞങ്ങളുടെ ക്യാമ്പിൽ എത്തി. പല വർത്തമാനങ്ങൾ പറഞ്ഞകൂട്ടത്തിൽ തലേന്നുനടന്ന ചെപ്പടിക്കാരന്റെ കഥ ഞങ്ങൾ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹത്തിന്റെ മുഖഭാവം ആകപ്പാടെ മാറി, ഒരു അത്യാപത്തിനെ സ്മരിച്ചിട്ടെന്നവണ്ണം അദ്ദേഹം അല്പനേരം നിശ്ചലനായി ഇരുന്നു. ഒടുവിൽ ഇങ്ങനെ പറഞ്ഞു: "അയാളുടെ മതഭ്രാന്തിന്നു അവസാനമില്ല എന്നു തോന്നുന്നു. ഉദ്യോഗപ്രഭാവം സമുദായസ്ഥിതി ധനസമ്പാദനമോഹം എന്നിതുകളെല്ലാം മാററിവച്ചു കാലന്റെ ശത്രുക്കളെ സംഹരിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടെ ആയുശ്ശേഷത്തെ കഴിക്കുവാനാണ് അയാളുടെ പുറപ്പാടു എന്നുതോന്നുന്നു."

ഞാൻ—"എന്റെ മനസ്സിന്നു നല്ലസമാധാനം ഉണ്ടാകുന്ന ഒരു ഉപദേശമാണ് ഇതു്!

മേജർ ഹിൻസ്ലിപ്പു—"കൂടാതെയും പ്രത്യക്ഷത്തിൽ നുർജിഹാൻപുരത്തു താമസിച്ചാലും അദ്ദേഹത്തിന്നു വിശേഷമൊന്നും ഉണ്ടാകുവാൻ ഇടയില്ലല്ലോ. കാലഗൃഹത്തിൽ നടന്ന കഥകൾ നിങ്ങളുടെ മുഖത്തുനിന്നു അറിയുവാൻ ഇടയായാൽ കമ്പനിയാർ അദ്ദേഹത്തെ തൂക്കിലിടുമെന്നോ നാടുകടത്തുമെന്നോ ഒക്കെ അദ്ദേഹം ഭയപ്പെടുവാൻ ഇടയുണ്ടു്.

മിസ്റ്റർ സഡ്ലി—കമ്പനിയാരെ ഉള്ള ഭയംകൊണ്ടു ദിവാൻ അപ്രത്യക്ഷനായി എന്നു എനിക്കു വിചാരമില്ല. ഈ ദിവാനെപ്പോലെ മതഭ്രാന്തന്മാൎക്കു മതം ഒഴിച്ചുള്ള എല്ലാകാൎയ്യങ്ങളും നിസ്സാരങ്ങളാണ്. ഒരു പൂജാസാധനമായി ഉപയോഗിപ്പാൻ ആറുവിരലും ഒരുപ്രത്യേകഅളവും ഉള്ള ഒരു കൈയുടെ അസ്ഥി ലഭിപ്പാനായി നാലഞ്ചുവട്ടം ഇൻഡ്യാരാജ്യം മുഴുവൻ നടന്നിട്ടുള്ള ഒരുത്തനെ ഞാനറിയും.

ഞാൻ—ഈ കാൎയ്യം സംബന്ധിച്ചു കമ്പനിയാർ എന്തു പ്രവൎത്തിക്കുവാനാണ് ഇടയുള്ളതു്.

കൎണ്ണൽമക്കാളി—"വിശേഷിച്ചു് ഒന്നും പ്രവൎത്തിക്കുമെന്നു് എനിക്കു തോന്നുന്നില്ല."

ഞങ്ങളെ വൎത്തമാനം പറയാൻ അനുവദിച്ചുകൊണ്ടു മിസ്റ്റർ സഡ്ലി വേലക്കാൎക്കു ഏതോ ഉപദേശങ്ങൾ കൊടുപ്പാനായിപ്പോയി.

കൎണ്ണൽമക്കാളി തുടൎന്നുപറഞ്ഞു. "കമ്പനിയാർ ഒന്നും പ്രവൎത്തിക്കുമെന്നു് എനിക്കു തോന്നുന്നില്ല. മേജർഹിൻസ്ലിപ്പു് ഇവിടെ നടന്ന കാൎയ്യത്തിന്നു വിവരമായി ഒരു റിപ്പോർട്ടു കൊടുക്കുമായിരിക്കാം. പക്ഷേ—"

മേജർഹിൻസ്ലിപ്പു്—ഞാൻ വിവരിച്ചുതന്നെ എഴുതും. പക്ഷെ ഫലം ഒന്നും ഉണ്ടാവുമെന്നു എനിക്കു വിചാരമില്ല. കാലകിംകരവംശം നശിച്ചിരിക്കുന്നതിനാൽ ഇനി മനുഷ്യഹിംസ ഉണ്ടാവുമെന്നുള്ള ഭയം കൊണ്ടു ഒരു അന്വേഷണത്തിന്ന് ആവശ്യമില്ല. പിന്നെ ഒന്നുള്ളതു ദിവാനെ അന്വേഷിച്ചു പിടിച്ചു ശിക്ഷിക്കേണമെന്നുള്ളതാണ്. ഇൻഡ്യയിലുള്ള ഇരുപതുകോടി മനുഷ്യരുടെ ഇടയിൽ ആയാളെ അന്വേഷിച്ചു കണ്ടെത്തുക എന്നതു ദുസ്സാധംതന്നെ. ഫലമില്ലാത്ത ഒരു പ്രസ്ഥാ

നത്തിൽ എടുത്തുചാടി ഒരു നാട്ടുരാജ്യത്തിന്റെ ഭരണകാര്യത്തിൽ പ്രവേശിച്ചു എന്ന അപവാദത്തെ കമ്പനിയാർ സമ്പാദിക്കുമെന്നു ഞാൻ കരുതുന്നില്ല.

കർണ്ണൽമക്കാളി—അങ്ങനെ തന്നെയാണു എന്റെയും പക്ഷം.

മേജർഹിൻസ്‌ലിപ്പ്—കമ്പനിയാർക്കു വഹിക്കാവുന്നതിലധികം ചുമതല ഇപ്പോൾ തന്നെയുള്ള സ്ഥിതിക്കു്, കൂടുതലായി ഒന്നിനും അവർ പുറപ്പെടാത്തതിൽ വിസ്മയിപ്പാനില്ല. എന്നാൽ നൂർജിഹാൻപുരത്തു ഈവക പൈശാചികകർമ്മങ്ങൾ മേൽ നടക്കാതിരിപ്പാൻ ശ്രദ്ധചെയ്യണമെന്നു് എനിക്കു് ഉത്തരവുവരാം എന്നുള്ളതിനു സംശയമില്ല. പിന്നെ ഒന്നു പറഞ്ഞില്ലല്ലോ. അഞ്ചുവയസ്സുള്ള ഇപ്പോഴത്തെ യുവരാജാവിനെ ഉടനെ പട്ടാഭിഷേകം ചെയ്തുകൊള്ളണമെന്നും, എന്നെ ഇവിടെ റസിഡണ്ടാക്കിയിരിക്കുന്നുഎന്നും, എനിക്കു് ഇന്നലെ ഉത്തരവുവന്നിട്ടുണ്ടു്.

ഞാൻ—അതു് ഒരു വലിയ പ്രമോഷനല്ല? ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു.

മേജർ ഹിൻസ്‌ലിപ്പ്—എല്ലാററിലും കൂടുതലായ പ്രമോഷൻ നിങ്ങൾക്കുതന്നെ. ഞാൻ അങ്ങോട്ടു് അഭിനന്ദിക്കേണ്ടതുമായിരിക്കുന്നു. വിജയാവഹമായ ഒരു ദേശാടനവും അതിന്റെ തൊട്ടുകറിയായി ഒരു തരുണീസമ്പാദനവും ഇംഗ്ലണ്ടിലേക്കു മടങ്ങിയാൽ അവിടെ കണക്കില്ലാതെയുള്ള ഭൂസ്വത്തിന്റെ ഉടമസ്ഥതയും. നിങ്ങളാണു ഭാഗ്യവാൻ.

കർണ്ണൽമക്കാളി—അതേ, മിസ്റ്റർ ജാണിന്റെ ഇഹലോകവാസം എത്ര സുഖകരമാണു്! നാമൊക്കെയും നാട്ടും വീട്ടും വെടിഞ്ഞു് ഈ ഉഷ്ണരാജ്യത്തു് എത്രകാലം കഴിഞ്ഞാലാണു, ചെലവിനു മതിയായ ഒരു പെൻഷൻ കിട്ടുന്നതു്! ഒരു പ്രമോഷൻ കിട്ടുന്നതു് ഒരു പന്തീരാണ്ടിൽ ഒരിക്കലാണെന്നു തോന്നിപ്പോകുന്നു.

മേജർ ഹിൻസ്‌ലിപ്പ്—സാധാരണ അങ്ങനെ തന്നെ. (ചിരിച്ചുംകൊണ്ടു) എന്നാൽ ഒന്നു രണ്ടു മാസത്തിനകം ഞാൻ നിങ്ങൾക്കു ഒരു പ്രമോഷൻ ഏർപ്പാടു ചെയ്തു തരാമെന്നു തോന്നുന്നു.

ഞാൻ—അതു് എന്താണാവോ?

മേജർ ഹിൻസ്‌ലിപ്പ്—ഇദ്ദേഹം മി. സഡ്‌ലിയെ ഇംഗ്ലീഷു പഠിപ്പിക്കുന്നതിൽ കാണിക്കുന്ന ഉത്സാഹവും, ആ യുവതി ഇദ്ദേഹത്തിന്റെ ഛായയെക്കുറിച്ചു കൂടെയും കാണിക്കുന്ന ഒരു ബഹുമാനവും കൂടെ ആലോചിച്ചു നോക്കിയതിൽ ഏറെത്താമസിയാതെ ഇവർക്കു രണ്ടുപേർക്കും ഒരു പ്രമോഷൻ കിട്ടുമെന്നാണു് എനിക്കു തോന്നുന്നതു്.

ഞങ്ങൾ എല്ലാവരും ഉറക്കെ പൊട്ടിച്ചിരിച്ചു.

ഈ രീതിക്കു കുറച്ചുനേരംകൂടെ സംഭാഷണം ചെയ്തതിന്റെ ശേഷം മേജർ ഹിൻസ്‌ലിപ്പ് പ്രത്യേകം പ്രത്യേകം യാത്രപറഞ്ഞു നൂർജിഹാൻപുരത്തേക്കുപോയി.

ഉച്ചതിരിഞ്ഞു ഞങ്ങൾ നൂർജിഹാൻപുരത്തെ വിട്ടുപിരിഞ്ഞു. രാജപട്ടണത്തു പത്തുദിവസത്തോളം താമസിക്കേണ്ടിവന്നു. താളിയോലഗ്രന്ഥങ്ങൾ, കടുവാപ്പല്ലു, രുദ്രാക്ഷക്കായ്, ഭസ്മസ്സഞ്ചി, പുസ്തകങ്ങൾ, സാളഗ്രാമം മുതലായി അനേകം അപൂർവസാധനങ്ങളെല്ലാം അടുക്കികെട്ടുന്നതിനു മിസ്റ്റർ സഡ്‌ലിക്കു വളരെ സമയം ചെലവു ചെയ്യേണ്ടിവന്നു. രാജപട്ടണത്തുനിന്നു കായൽതീരത്തിൽ ചെന്നുചേർന്നപ്പോൾ ഞങ്ങളു

ടെ കമ്പി അനുസരിച്ചു കണ്ട സ്വാമിയും ബോട്ടും തണ്ടുകാരും തയ്യാറായിട്ടുണ്ട്. എല്ലാവരും സന്തോഷമായി ബോട്ടിൽ കയറി പടിഞ്ഞാറോട്ടേക്കു വച്ചുപിടിച്ചു.

ഈ ദിവസങ്ങളെല്ലാം എനിക്കു ഒരു സ്വകാര്യം പറയാനുണ്ട്. സർവ്വപ്രകാരേണയും വിജയം നേടിയവരായിരുന്നു, ഞങ്ങളുടെ യാത്രയിൽ ഉണ്ടായിരുന്ന മിസ്റ്റർ സഡ്ലി, മിസ് സഡ്ലി, കർണ്ണൽമക്കാളി, മിസ് മക്കാളി, ഞാൻ, എന്നിവർ. ആയതിനാൽ സന്തോഷം ഞങ്ങളുടെ ഓരോരുത്തരുടേയും വാക്കിലും നോക്കിലും ഒഴുകിക്കൊണ്ടിരുന്നു. ആയതിനാൽ എനിക്കുണ്ടായിരുന്ന ഒരു ഉൾഭയത്തിനും ഹൃദയക്ലേശത്തിനും പങ്കുകൊള്ളുന്നതിന്, ആളില്ലാതെവന്നതു് പ്രത്യേകിച്ചും ഒരു സങ്കടമായി. 'കാലന്റെ കൈയ്ക്കു നീളമുണ്ടു്, നീളമുണ്ട് നീളമുണ്ടു" എന്ന ശബ്ദം ഇപ്പോഴും എന്റെ ചെവികളിൽ തട്ടിക്കൊണ്ടിരിക്കുന്നു. കടുവായെ വെടിവെക്കുകയും ലക്ഷ്യം പിഴക്കുകയും, ചെയ്യുന്ന വെടിക്കാർക്ക്, ഇതുപോലെ ഒരു വക ഭയം പറരുന്നതായികേട്ടിട്ടുണ്ട്. ഒരു നാലഞ്ചു തോക്കുകാർ ഒരുമിച്ചു കാട്ടുകയറുന്നു. ഒരുവൻ ഒരു വെടി; സൂക്ഷ്മമില്ലാതെ വച്ച വെടിമൂലം കടുവായുടെ വാലിനോ ചെവിക്കോ വല്ലതും അല്പം ഒരു മുറിപ്പറ്റിയെന്നുവരാം. അന്നുമുതൽ വെടിക്കാർ നടക്കുന്ന പ്രദേശമെല്ലാം പിറകിൽ അല്ലെങ്കിൽ ഒരുവശത്തു് തട്, തട് എന്നു കടുവായുടെ കാൽപെരുമാററം കേൾക്കാറാകും. വെടിക്കാർ മലകയറിയാലുംശരി, ഇറങ്ങിയാലുംശരി, പകലായാലുംശരി, രാത്രിയായാലുംശരി, തട്, തട് എന്നു് അടുത്തുതന്നെ കേൾക്കും. എത്ര അന്വേഷിച്ചാലും സൂക്ഷിച്ചാലും ആ ദുഷ്ടജന്തുവിനെ കാണ്മാൻ കഴിയുകയുമില്ല. വെടിക്കാർ ഉണ്ണുന്നിടത്തും ഉറങ്ങുന്നിടത്തും നിറച്ചതോക്കുമായി കാവൽ ചെയ്യേണ്ടിവരുന്നു; ഭയംനിമിത്തം ഒരുത്തനും ഉറക്കമില്ലാതെയാവുന്നു. ഞരമ്പുകൾ ഒക്കെ അയഞ്ഞുതുടങ്ങുന്നു, ആകപ്പാടെ ഭീരുത്വം വർദ്ധിച്ചുവരുന്നു. എത്ര ദിവസം കഴിഞ്ഞാലും, അവർ എവിടെത്തന്നെ ചെന്നുചേർന്നാലും 'പിറകിൽ തട്, തട്' ഉണ്ടാകും. ഇങ്ങനെ ഏതാനും ദിവസങ്ങൾ കഴിയുമ്പോഴേക്കു്, മനുഷ്യരല്ലേ? — വല്ലപ്പോഴും ഒരിക്കൽ സൂക്ഷ്മത അസാരം ഒന്നു കുറഞ്ഞുപോയി എന്നുവരാം. ഒരുവിനാഴികനേരത്തേക്കു മാത്രം അടുത്ത കാട്ടിൽ ഒരിളക്കം; ഭൂമി പിളരുമാറു ഒരു ഗർജ്ജനം; മുള്ളൻപന്നിയുടെ മുള്ളുകൾപോലെ കുത്തിനിവർന്ന രോമങ്ങൾ നിറഞ്ഞ ഒരു സത്വം; ഒരു വിനാഴികമാത്രം; അസ്സു; എല്ലാം അവസാനിച്ചു. വെടിക്കാരുടെ സംഖ്യയിൽ ഒന്നിന്റെ കുറവുണ്ട്. അത്രമാത്രം. ഒരുവൻ തോക്കു് എടുപ്പാൻ അസാരം താമസിച്ചുപോയി. മററവന്റെ തോക്കു നിറച്ചിട്ടില്ലായിരുന്നു. മൂന്നാമന്റെ മരുന്നു നനഞ്ഞതായിരുന്നു. നാലാമന്റെ മുമ്പിൽ വേറൊരുവൻ നിന്നിരുന്നതിനാൽ, ലക്ഷ്യം തെററിപ്പോയി. ഇങ്ങനെ അല്പനേരം അന്യോന്യം അസാരം കുററം പറഞ്ഞും സമാധാനം പറഞ്ഞും എല്ലാവരും ഖേദിച്ചശേഷം—വല്ലരെക്കരുതലോടുകൂടെ പിന്നെയും നടക്കുകയായി. ഒരു മൂന്നാലുമണിക്കൂറു കഴിഞ്ഞു; ശിവ, ശിവ, തട് തട് പിന്നെയും പിറകിൽ കേൾക്കാനുണ്ട്. ലക്ഷ്യം തെററിയ വെടിക്കാരുടെ സംഗതിയിലെന്നവണ്ണം, "കാലന്റെ കൈക്കു നീളമുണ്ടു, നീളമുണ്ട്, നീളമുണ്ട്" എന്ന് ഒരു ശബ്ദം ഞാൻ ഇരിക്കുന്നിടത്തും കിടക്കുന്നിടത്തും ചിരിക്കുന്നിടത്തും ഉണ്ണുന്നിടത്തും ഒക്കെ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഭയം മിക്കവാറും നിരർത്ഥകമാണെന്ന് എനിക്കുതന്നെ അഭിപ്രായമുണ്ടായിരുന്നു എങ്കിലും, "നീളമുണ്ട് നീളമുണ്ട് നീളമുണ്ട്" എന്നിങ്ങനെ കടൽ തിരത്തു തിരമാലകൾപോലെ തുടരെത്തുടരെ എന്റെ ചെവികളിൽ അടിച്ചുകൊണ്ടിരുന്നു. ഒരു മനുഷ്യക്കടുവാ എന്നെ തുറിച്ചുനോക്കിക്കൊണ്ടു സമീപിച്ചുതന്നെ ഉണ്ടെന്നുള്ള ഭയം എപ്പോഴും എന്റെ സമീപത്തിൽ മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നു.

* ഞങ്ങൾ കൊച്ചിയിലെത്തി. ഡാക്ടർ ആർബത്ത്നോട്ട് മുതലായവരെക്കണ്ടു പറയാവുന്നിടത്തോളം വൎത്തമാനം ഒക്കെയും പറഞ്ഞ്, ഒരു മൂന്നാലുദിവസം ഞങ്ങൾ അവിടെത്താമസിച്ചു. ഞങ്ങൾ ഉടനെ ഇംഗ്ലണ്ടിലേക്കു പുറപ്പെടുന്നതിനുള്ള ഒരുക്കമായി. ഡാക്ടർ ആർബത്ത്നോട്ടും ഭാൎയ്യയും പണി നിൎത്തി ഇംഗ്ലണ്ടിലേക്കു മടങ്ങുകയാണ്. മിസ്റ്റർ സഡ്ലിക്കു ഇനി ഭാരതഭൂമിയോടു ബന്ധമൊന്നുമില്ലാത്തതിനാൽ അദ്ദേഹവും മകളും ഇംഗ്ലണ്ടിലേക്കു പുറപ്പെടുവാൻ യാതൊരു താമസവുമില്ല. സ്നേഹിതനായ ജാൺനീവ് ശീമയിൽ എത്തിയാലുടനെ വിവാഹം നടത്തുവാൻ നിശ്ചയിച്ചിരുന്നതിനാൽ, സ്വകാൎയ്യകാൎയ്യം പ്രമാണിച്ചു ഒരു വൎഷത്തെ അവധിക്കു കല്പൻ അപേക്ഷിച്ചു കഴിഞ്ഞു. ഞാൻ കല്യാണിക്കപ്പലിൽ ഉടനെ ബോംബായിക്കു പുറപ്പെടണമെന്നും, അവിടെ ഏതാനും കാൎയ്യങ്ങൾ നിൎവ്വഹിക്കാനുണ്ടായിരുന്നവയെ നിൎവ്വഹിച്ച് ഞങ്ങൾ എല്ലാവരും ഒരുമിച്ചു യാത്രചെയ്വാൻ ഒരു കപ്പലിൽ വേണ്ടഏൎപ്പാടുകളെല്ലാം ചെയ്തുകൊള്ളണമെന്നും, ഒരു നാലാഴ്ചയ്ക്കകം മേരി മുതലായവർ അവിടെ വന്നു എന്നെക്കണ്ടുകൊള്ളണമെന്നും, എല്ലാവരും ഒരുമിച്ച് ഇംഗ്ലണ്ടിലേക്കു പുറപ്പെടണമെന്നും, ഞങ്ങൾ ഉറച്ചു.

മേരിയെപ്പിരിഞ്ഞു ഞാൻ ബോംബായിൽ എത്തി. നൂർജിഹാൻപുരകാൎയ്യങ്ങളെക്കുറിച്ചു കമ്പനിക്കാരുടെ അഭിപ്രായങ്ങൾ എന്താണ്, എന്ന് അറിയുന്നതുവരെയ്ക്കു ആരോടും വിശേഷവിധിയായി ഒന്നും സംസാരിക്കരുതെന്നായിരുന്നു, ഞങ്ങൾ തമ്മിൽ ചെയ്തിരുന്ന നിശ്ചയം. എങ്കിലും, ലാൽജിയുടെ വധത്തെക്കുറിച്ചു അന്വേഷിക്കുവാൻ ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ കണ്ടുപിടിച്ച് ഏറ്റവും സ്വകാൎയ്യമായി ഞാൻ അദ്ദേഹത്തെ വിവരം സ്ഥൂലമായി ഗ്രഹിപ്പിച്ചു. ഞാൻ വിചാരിച്ച അളവിൽ അദ്ദേഹം വിസ്മയം പ്രദർശിപ്പിച്ചില്ല. നരഹത്യ ഇൻഡ്യാരാജ്യത്തിൽ, ചീരക്കറിപോലെ, സുലഭമാകുന്നുവെന്നാണ്, അദ്ദേഹത്തിന്റെ മുഖവിക്ഷേപം എന്നെ ഗ്രഹിപ്പിച്ചത്. എന്നാൽ പ്രതിഷ്ഠാവിനാശാനന്തരം ദിവാന്റെ ദുഷ്ടദൃഷ്ടി എന്റെ മേൽ പതിഞ്ഞിട്ടുണ്ടെന്ന് എനിക്കു സംശയിക്കുവാൻഉണ്ടായ കാരണങ്ങളെ ഞാൻ വിവരിച്ചപ്പോൾ, ആ പോലീസിൻസ്പെക്ടർ മട്ടൊന്നുമാറി നല്ലവണ്ണം ശ്രദ്ധിച്ചു. അത് അടിസ്ഥാനമില്ലാത്ത ഭയമല്ലെന്നും, കുറഞ്ഞപക്ഷം ഇൻഡ്യയിൽ താമസിക്കുന്ന കാലമെങ്കിലും ഞാൻ വളരെ സൂക്ഷിക്കണമെന്നും അദ്ദേഹം എന്നെ വളരെ ഗൌരവമായി ഗ്രഹിപ്പിച്ചു. എന്റെ ഗമനാഗമനങ്ങളെയും പ്രത്യേകം സൂക്ഷിച്ചുകൊള്ളുന്നതിനായി, ധീരന്മാരായ രണ്ടു പോലീസുദ്യോഗസ്ഥന്മാരെ, എന്റെ അപേക്ഷകൂടാതെതന്നെ അദ്ദേഹം പറഞ്ഞു ഏൎപ്പെടുത്തി. എന്റെ ചാഞ്ചല്യത്തിന്റെ അവസ്ഥ എന്തായിരുന്നു എന്ന് ഇതു വായിക്കുന്ന ആൾ ചിന്തിച്ചുകൊള്ളാം. ഒരുദിവസം ഒരു ഷാപ്പിൽനിന്നു വാങ്ങിയ ഏതാനും സാമാനങ്ങളും എടുപ്പിച്ചുകൊണ്ട് ഞാൻ താമസിച്ചിരുന്ന ബൈക്കുളാഹോട്ടലിലേക്കു നടന്നുതുടങ്ങിയ സമയം, ഒരു വണ്ടിക്കാരൻ അടുത്തുവന്നു "ധീരരെ, വണ്ടിയിലേ ഏറലാമേ" എന്നു പറകയും, "ഇല്ല ഞാൻ നടക്കുകയാണ്" എന്നു ഞാൻ നിഷേധിക്കുകയുംചെയ്തു. അസാരം കൂടെ അടുത്തുവന്ന് "ക്ഷണം കയറണം ആപത്തുണ്ട്.

---

* റസിഡണ്ടു മക്കാളി ഒരുതവണ നായാട്ടു കഴിഞ്ഞു വന്ന അവസരത്തിൽ ഒരു കാട്ടുമനുഷ്യനേയും മനുഷ്യത്തിയേയും പിടിച്ചുകൊണ്ടു വന്നിരുന്നു എന്നു ഒരു കഥ തിരുവിതാംകൂറിലും കൊച്ചിയിലും ഇന്നും പലരും പറയുന്നതാണ്. മിസ്റ്റർ സഡ്ലിയുടെയും മകളുടെയും പൂൎവ്വചരിത്രം മിസ്റ്റർ നീവാകട്ടെ കൎണ്ണൽമക്കാളിയാവട്ടെ വെളിപ്പെടുത്തിയില്ലെങ്കിലും, നായാട്ടിനു കാടുകളിൽ താമസിച്ച രണ്ടു ധീരന്മാർ, ഒരു കാട്ടുമനുഷ്യനെ (മിസ്റ്റർ സഡ്ലിയെ) കണ്ടുമുട്ടാനിടയായിയെന്നും, ആ കാട്ടുമനുഷ്യനെയും ആയാളുടെ മകളേയും ഒരു ഗുഹയിൽനിന്നു പിടിച്ച്, കൊച്ചിക്കു കൊണ്ടുപോയിട്ടുണ്ടെന്നും മറ്റും; കച്ചവടത്തിനായി മലംപ്രദേശങ്ങളിൽ ചെന്നു താമസിച്ചിരുന്ന ചില ആളുകൾ നാട്ടിൽ വൎത്തമാനം പരത്തിയതാണ്.

ഒ. എം. ചെറിയാൻ.

ഞാൻ പോലീസ്ഇൻസ്പെക്ടരുടെ ആളാണ്" എന്നു വണ്ടിക്കാരൻ പറഞ്ഞപ്പോൾ, നല്ലവണ്ണം അന്ധാളിക്കുകയും പ്രസ്തുത പോലീസുദ്യോഗസ്ഥന്റെ ഏർപ്പാടുകളെക്കുറിച്ചു എനിക്കു വിസ്മയം വർദ്ധിക്കുകയും ചെയ്തു. പിന്നെ ഞാൻ ആ വണ്ടിയിലാണ് മടങ്ങിയത്.

മിസ്റ്റർ സഡ്‌ലി മുതലായവർ വന്നു. മേരി മുതലായവരെ വീണ്ടും കണ്ടതിൽ എനിക്കുണ്ടായ വികാരങ്ങളെ വിവരിച്ചു ഞാൻ വായനക്കാരെ മുഷിപ്പിക്കുന്നില്ല. അവർ വന്നതിന്റെ പിറ്റേന്നു നാലുമണിക്കു ഞങ്ങൾ ഇംഗ്ലണ്ടിലേക്കു കപ്പൽകയറി. ഞങ്ങൾക്കു യാത്രപറയാനായി ഏതാനും സ്നേഹിതന്മാർ കപ്പലിൽവന്നിരുന്നു. ഒടുവിൽ എന്റെ കയ്യിൽപിടിച്ച് അമർത്തിയത്, എന്റെ ഇഷ്ടനായ പോലീസ്ഇൻസ്പെക്ടരായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"മിസ്റ്റർ നീവ്-നിങ്ങൾ ജീവനോടെ ഈ കപ്പലിൽ കയറിക്കാണുന്നതിൽ, എനിക്കു വളരെ സന്തോഷമുണ്ട്. ഇനി ആപത്തൊന്നും ഇല്ല. എന്നാൽ കറുത്ത മുഖം എവിടെയെങ്കിലും കാണ്മാൻ ഇടയായാൽ, നിങ്ങൾ വളരെ സൂക്ഷിച്ചുകൊള്ളണം ആയുഷ്കാലമത്രയും സൂക്ഷിച്ചുകൊള്ളണം. ഗുഡ്ബൈ."

കപ്പൽ നീങ്ങി. കപ്പൽ നീങ്ങുംതോറും എനിക്കു ധൈര്യം വർദ്ധിച്ചുവന്നു, എന്നു നിസ്സംശയം പറയാം: എങ്കിലും പുറപ്പെട്ടതിന്റെ മൂന്നാംദിവസമായപ്പോഴേക്കു കപ്പലിൽ യാത്രക്കാരായും വേലക്കാരായും ഉണ്ടായിരുന്നഎല്ലാ കറുത്ത "മുഖ"ങ്ങളുടെയും ചരിത്രങ്ങൾ ഞാൻ പഠിച്ചുകഴിഞ്ഞിരുന്നു. "നീളമുണ്ട്; നീളമുണ്ട്; നീളമുണ്ട്" എന്ന ശബ്ദം, ഒരു പൊതിഞ്ഞ പെട്ടിയിൽ കല്ലുരുളുന്നതുപോലെ എന്റെ ഹൃദയത്തിൽ ഞാൻ കേട്ടിരുന്നു. എങ്കിലും കപ്പലിൽ എനിക്കു ശത്രുക്കളില്ലെന്നുള്ള അഭിപ്രായമാണ് അധികം തുണയായത്. മേരിയുടെ സഹവാസസുഖവും എന്റെ മനസ്സിനു അധികം ഉന്മേഷത്തെ ജനിപ്പിച്ചു. കല്ലൻ മിക്കവാറും മിസ് സഡ്‌ലിയുടെ കൂടെയാണ്, സമയം പോക്കിയത്. മിസ് സഡ്‌ലിയുടെ മഹമ്മദീയത്വം ഒക്കെ മാറിയിരുന്നു. കപ്പലിൽ ഞങ്ങൾ പരിചയം പിടിച്ചവരിൽ ഒരുത്തനെങ്കിലും ആ സ്ത്രീയുടെ പൂർവ്വചരിത്രത്തെ അശേഷം ഊഹിച്ചിരിക്കുകയില്ല. അവർ ഇംഗ്ലീഷ് സ്വാതന്ത്ര്യമായി സംസാരിച്ചിരുന്നു. മേൽത്തലയ്ക്കൽ മേരിയും മിസ് സഡ്‌ലിയും മാറി മാറി നായികാസ്ഥാനം വഹിച്ചുപോന്നു. കപ്പലിൽ കണ്ട സർവ്വവും നൂതനവും വിസ്മയാവഹവും ആയിരുന്നു എങ്കിലും, അളവിൽ കവിഞ്ഞു യാതൊരുവക സംഭ്രമത്തെയും ആ സ്ത്രീ പ്രദർശിപ്പിച്ചില്ല. വിശേഷവിധിയായി വല്ലതും ചോദിച്ചറിയാനുണ്ടായിരുന്നു എങ്കിൽ പലപ്പോഴും കല്ലനോടും ചിലപ്പോൾ എന്നോടും സൌകര്യം പോലെ ചോദിച്ചുകൊള്ളും. മിസ്റ്റർ സഡ്‌ലിയെ "അച്ഛ" എന്നു വിളിക്കുകയും അച്ഛനെപ്പോലെ ബഹുമാനിക്കുകയും അവർ ഹൃദയപൂർവ്വം ചെയ്തുപോന്നു. നൂർജിഹാൻപുരത്തിന്റെ ദിവാനെക്കുറിച്ചു അവരുടെ വികാരങ്ങൾ എങ്ങനെ ആയിരുന്നു എന്നു ഞങ്ങൾചോദിച്ചതുമില്ല- സർവ്വാംഗസുഷമാമഹിമാവുമൂലം, ആ ഭൂലോകൈകസുന്ദരി ആ കപ്പലിനു ഒരു വിളക്കായി വിളങ്ങി. ഞങ്ങൾ ഏഡൻ പട്ടണത്തിൽ അടുത്തു. അവിടെയുണ്ടായ ഒരു സംഭവം, എന്റെ ധൈര്യത്തെ ആകമാനം കെടുത്തി. കാലന്റെ കൈ നീളമുള്ളതാണെന്നു ഞാൻ ഒരിക്കൽകൂടെ കണ്ടു. ഞാൻ പ്രസ്താവിക്കാൻ തുടങ്ങുന്ന സംഭവം ദിവാന്റെ ദുർബുദ്ധിഫലമോ അല്ലയോ, എന്നു എനിക്കു നിശ്ചയം ഇല്ല; എങ്കിലും ആണെന്നാണു എന്റെ ബോധം. ഏഡനിൽ കപ്പലിന്നു അസാരം താമസം ഉണ്ടായിരുന്നതിനാൽ, പട്ടണം കാണ്മാനായി ഞങ്ങൾ ഇറങ്ങി. കപ്പലിലെ ഡാക്ടരും വേറെ രണ്ടു പേരും ഞാനും ഒരുമിച്ചു ഒരു വണ്ടിയിൽ ആയിരുന്നു സവാരിചെയ്തത്. പട്ടണത്തിൽനിന്നു അഞ്ചാറുമൈ

ൽ ദൂരത്തോളം പോയി കുറെത്താമസിച്ചശേഷം ഞങ്ങൾ മടങ്ങി. ഏകദേശം രാത്രി ഒമ്പതു മണി സമയമായിരുന്നു. ചന്ദ്രപ്രകാശം ഇല്ല. ഒരു തെരുവുകഴിഞ്ഞു വേറൊന്നിലേക്ക വണ്ടി കയറുന്ന അവസരത്തിൽ മറുവശത്തുള്ള ഒരു ഇടവഴിയിൽ നിന്നു രണ്ടു അറബികൾ ചാടിയിറങ്ങി. ഒരുവൻ കുതിരയെ തടഞ്ഞുനിർത്തി. മററവൻ വണ്ടിക്കകത്തേക്ക തലയിട്ടു എത്തിവലിഞ്ഞു് എനിക്ക ഒരു കുത്തു്. ഞാൻ പുറകോട്ടു നീങ്ങിയതി



മററവൻ വണ്ടിക്കകത്തേക്കു് തലയിട്ടു എത്തിവലിഞ്ഞു് എനിക്ക ഒരു കുത്തു്.

നാൽ—ഈശ്വരോരക്ഷ! കുത്തു മുഴുവൻ കൊണ്ടില്ല. എൻെറ ഉടുപ്പു രണ്ടു സ്ഥലത്തു കീറി, അത്രമാത്രം. അവൻെറ കൈ പുറത്തേക്കുമാറിയസമയത്തിൽ വഴിവിളക്കിൻെറപ്രകാശംകൊണ്ടു്, കഠാരിനല്ലവണ്ണം ഞാൻ കണ്ടു. വണ്ടിയുടെ വാതുക്കൽ ഇരുന്ന ഡാക്ടർ ഒരു ഇടി. അറബിനിലത്തു വീണു; എങ്കിലും ഉടനെ എഴീററു് വന്നവഴിയെ ഒരു ഓട്ടം. കുതിരയെ തട്ടുന്ന കൂട്ടുകാരൻ പിറകേയുണ്ടു്.

എല്ലാം ഒരു നിമിഷത്തിനകത്തു കഴിഞ്ഞു. കപ്പൽ നീങ്ങാനുള്ള സമയം അതിക്രമിച്ചിരുന്നതുകൊണ്ടും, രാത്രിയിൽ ആ അറബികളെ തിരക്കി നടന്നാൽ യാതൊരു ഫലവും ഉണ്ടാവാൻ ഇടയാകാത്തതുകൊണ്ടും, ഞങ്ങൾ വണ്ടി മുന്നോട്ടുതന്നെ അടിച്ചു. കപ്പിത്താൻ അക്ഷമനായി ഞങ്ങളെ നോക്കി നില്ക്കുകയായിരുന്നു. "നിങ്ങളെപ്പോലെയുള്ള കോടീശ്വരന്മാർ സ്വന്തം കപ്പലുകളിൽ സഞ്ചരിച്ചു പരിചയിച്ചവർ തന്നെ, എന്നുള്ളതിനെ ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും എൻെറ സങ്കടങ്ങളെ നിങ്ങളും അറിയേണ്ടതല്ലെ? കപ്പൽ നീങ്ങേണ്ട സമയം കഴിഞ്ഞു് ഏഴുമിനിട്ടു് ആയിരിക്കുന്നു" എന്നു്, എന്നെ ഉദ്ദേശിച്ചു് അദ്ദേഹം മയ്യാദയോടു ശാസിച്ചു. ഏതാണ്ടു് ഒരു ക്ഷമാവാചകം പറഞ്ഞു് ഞാൻ കപ്പലിലേക്കു കയറുകയും ചെയ്തു.

എനിക്കു പററാൻ ഇടയുണ്ടായിരുന്ന അപകടമായിരുന്നു, അന്നു് അത്താഴമേശയിൽ, സംഭാഷണവിഷയം. മേരീമുഖം രക്തപ്രസാദമില്ലാതെ വിളറിക്കണ്ടു. മരണം വളരെ സമീപിച്ചിരുന്നു, എന്നു് എല്ലാവരും കുണ്ഠിതത്തോടുകൂടെ സമ്മതിച്ചു; എങ്കിലും പ്രസ്തുത സംഭവം എൻെറ പൂർവ്വകഥകളോടു ബന്ധമുള്ളതായി ആരും അഭിപ്രായം പറഞ്ഞില്ല. പണം ഉണ്ടെങ്കിൽ തട്ടിപ്പറിക്കുവാനോ, അല്ലെങ്കിൽ പറങ്കികളോടു മഹമ്മദീയൎക്കുള്ള കേവലവിരോധം കൊണ്ടോ, രണ്ടു ദുഷ്ടന്മാർ ഇങ്ങനെ ചെയ്യാൻ ഇടയായി എന്നു് ഞങ്ങൾ എല്ലാവരുംകൂടെ അനുമാനിച്ചു.

ആ അനുമാനം എൻെറ മനസ്സിനു് അശേഷം സമ്മതമായിരുന്നില്ല. ഒന്നാമതു് പണം തട്ടിക്കാനെന്നുള്ള അഭിപ്രായം അസാധുവായിരുന്നു. പട്ടണം കാണ്മാൻ ഏതാനും മണിക്കൂറു് ഇറങ്ങിനടന്ന ഞങ്ങളുടെ കൈവശം അധികം പണം ഉണ്ടായിരിക്കുവാൻ ഇടയില്ല എന്നുള്ളതു് അവർ അറിഞ്ഞിരുന്നിരിക്കണം. അല്ല, എൻെറ വാച്ചിൻെറ പൊൻചങ്ങല തട്ടിപ്പറിച്ചു് ഓടാനാണെങ്കിൽ കഠാരിക്കു് അവകാശമില്ല. കൂടാതെയും വണ്ടിയുടെ വാതുക്കൽ ഇരുന്നിരുന്ന ഡാക്ടരെ കവിഞ്ഞു് എൻെറ അടുക്കലേക്കു് എത്തിവലിഞ്ഞു കുത്തിയ അവൻ എന്നെ മാത്രം കൊല്ലണമെന്നു കരുതിയവനാണു്. ഈ അറബികൾ ദിവാൻെറ ആൾക്കാരാണെന്നുള്ള അനുമാനത്തിൻെറ പിറകെ, മററു പല അസുഖവിചാരങ്ങളും എൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചു. എയ്ഡൻവരെ എത്തിയ ദിവാൻ ഇനി പിറകോട്ടോ മുമ്പോട്ടോ, ഈശ്വരനു മാത്രം അറിയാം. കാലൻെറ കൈയുടെ നീളം ആരുകണ്ടു? ഈ മനുഷ്യക്കടുവായുടെ തടു്, തടു് ശബ്ദം കേട്ടു്, ഞാൻ കിടക്കയിൽ അരയാലിലപോലെ വിറച്ചു. ഏതെങ്കിലും എൻെറ സന്ദേഹത്തിൻെറ അടിസ്ഥാനങ്ങൾ മേരിയെയും യാതൊരുത്തരെയും ഗ്രഹിപ്പിക്കരുതെന്നും, കഴിയുന്നതും സൂക്ഷിച്ചു താമസിക്കേണ്ടതാണെന്നും, ഉറച്ചുശേഷമാണു്, ഏകദേശം ഒരു രണ്ടര മണിയോടുകൂടെ ഞാൻ ഉറങ്ങിയതു്.

കപ്പൽ അടുത്ത, പല സ്ഥലങ്ങളിലും ഞാൻ പിന്നെയും ഇറങ്ങി. സൂയസു്, പോർട്ടു് സെഡു് ബ്രിണ്ടിസി, മാൽററാ, ജിബ്രാൽററർ ഇവിടെ ഒക്കെയും എനിക്കു കാണ്മാൻ വിശേഷം ഒന്നും ഇല്ലായിരുന്നു; എങ്കിലും ഉണ്ടെന്നുള്ള നാട്യത്തിലാണു് ഞാൻ അവിടെഒക്കെ ഇറങ്ങിയതും നടന്നതും. എയ്ഡനിൽ ഉണ്ടായ സംഭവം എന്നെ അതിലുക

വിഞ്ഞു ഭയപ്പെടുത്തിയിട്ടില്ലെന്നു് മേരി, കല്ലൻ മുതലായവരേയും പ്രത്യേകിച്ചു് എന്നെത്തന്നെയും സമാശ്വസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആയിട്ടാണു്, ആ പ്രദേശങ്ങളിൽ ഞാൻ ഇറങ്ങി ഭാഗ്യം പരീക്ഷിച്ചതു്. ആ പ്രദേശങ്ങളിൽ കാലന്റെ കൈ എത്തിയിരുന്നോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. എന്നാൽ അവിടെയെങ്ങും ദിവാന്റെ വ്യാപാരഫലങ്ങളെ ഞാൻ കണ്ടില്ല എന്നുള്ളതു നിശ്ചയംതന്നെ.

ഇംഗ്ലണ്ടിന്റെ തീരപ്രദേശങ്ങൾ ദൂരെദൂരെ മൂടൽമഞ്ഞുപോലെ കണ്ടുതുടങ്ങി. ഇംഗ്ലണ്ടിനെ നോക്കിക്കൊണ്ടു് ഒരു സന്ധ്യാസമയം കപ്പലിന്റെ മേൽത്തട്ടിന്റെ ഒരു കോണിൽ ആലോചനാനിമഗ്നനായി ഞാൻ നില്ക്കുകയായിരുന്നു. അനേകമനേകം വിചാരങ്ങൾ എന്റെ ഹൃദയത്തിൽ താണ്ഡവം ചൊങ്ങിയും നൃത്തം വെച്ചുകൊണ്ടിരുന്നു. ഞാൻ മൂന്നുവഷങ്ങൾക്കുമുമ്പേ പിറകിൽ വെടിഞ്ഞ ഇംഗ്ലണ്ടാണു്. എന്റെ മാതാപിതാക്കന്മാരെ ഇനി ഞാൻ കാണുകയില്ല. എന്റെ ഗൃഹത്തെക്കണ്ടാൽ ഞാൻ അറിയുകയില്ല. അതു നൂതനമായി പണിചെയ്യപ്പെട്ടിരുന്നു. ഇൻഡ്യാരാജ്യം എന്റെ പിന്നിൽ കിടക്കുന്നു. ഒരാഴ്ചയോളം എന്റെ താമസസ്ഥലമായിരുന്ന കാലഗൃഹവും അതിന്റെ രാജാവായ കാലനും നശിച്ചിരിക്കുന്നു. ദുഷ്ടനായ ദിവാൻ—ആ സ്മരണയിൽ ഞാൻ ഞെട്ടിപ്പോയി. മന്ദം മന്ദം മന്ദം പിറകിൽ അടുത്തുവന്നു് എന്റെ കയ്യിന്മേൽ തൊട്ടുകൊണ്ടുനിന്നതു്, എന്റെ പ്രിയതമയായ മേരിയാണു്. എന്റെ ആയുസ്സിന്റെ ഭാഗഭാക്കായ മേരി അത്രയും തൂക്കം കനകക്കട്ടയേക്കാൾ ഘനവും ഗുണവും സുഷമയും തികഞ്ഞ ഒരു ദിവ്യമാണിക്യമായിരുന്നു. ഞാൻ അസാധാരണവിചാരങ്ങൾക്കു വശംവദനായിരുന്നു, എന്നു സൂക്ഷ്മജ്ഞയായ അവർ അറിഞ്ഞിരുന്നിരിക്കണം. ഒരു പതിനഞ്ചുമിനിട്ടു് അവർ എന്റെ സമാധിക്കു ഭംഗം ചെയ്തില്ല. അതിന്റെശേഷം.

മേരി—ജാൺ വിശേഷം അറിഞ്ഞില്ലേ?

ഞാൻ—എന്റെ പ്രാണപ്രേയസി! അതു് എന്താണു്?

മേരി—കല്ലൻ അപേക്ഷിക്കുകയും, എയ്ലീൻ ഭാൎയ്യാപദം സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിക്കയും ചെയ്തിരിക്കുന്നു.

ഞാൻ—"ഉണന്നു് ഇളകി ആൎത്തുകൊണ്ടു് ബലേ ഭേഷ്, ബലേ ബലേ; നമ്മുടെ നാടകം ഇനി ഇതിലധികം മംഗളമാവാനില്ല."

മേരി—"ജാൺ, ഞാൻ ഒരു കാൎയ്യം ചോദിക്കുന്നു. ഈ സംഭവം നിങ്ങൾക്കു അത്രവളരെ സന്തോഷംതന്നെയോ?

ഞാൻ—വിസ്മയിച്ചുകൊണ്ടു "സംശയമുണ്ടോ?"

മേരി—ഓ, ജാൺ, ഓ ജാൺ; അങ്ങനെയാണെങ്കിൽ നിങ്ങൾ ഇപ്പോഴും എന്നെ മുമ്പിലത്തെപ്പോലെതന്നെ സ്നേഹിക്കുന്നു എന്നോ?

ഞാൻ—എന്തു്? ഇതു എന്തുകഥ? വിസ്തരിച്ചുപറയണം.

മേരി—(കണ്ണീർവാൎത്തുകൊണ്ടു്) "എയ്ലീൻ എന്നെക്കാൾ സൌന്ദൎയ്യമുള്ള ഒരു യുവതിയാണെന്നുള്ളതിനു സംശയമില്ല. നിങ്ങൾ അവളെ മരണത്തിൽനിന്നു രക്ഷിക്കുകയും അവൾക്കായി മരണംവരത്തക്കവണ്ണം പരിശ്രമിക്കുകയും ചെയ്തു. കൂടാതെയും ഏതാനുംദിവസങ്ങളായി നിങ്ങൾ പലപ്പോഴും വിചാരത്തിൽ മുഴുകി, തടിപോലെ നില്ക്കുന്നതും ദേഹം മെലിഞ്ഞുവരുന്നതും ഞാൻ കാണാതെയിരിക്കുന്നില്ല. ഇതു എല്ലാംകൂടി ആലോചിച്ചു്, ഈ കപ്പലിൽ ഒരുദിവസം എനിക്കു ഒരു നരകം. ഓ! ഓ! ഓ!—"എന്നിങ്ങനെ കണക്കില്ലാതെ കണ്ണീർപൊഴിച്ചുകൊണ്ടു് എന്റെ രണ്ടു കവിൾത്തടങ്ങളിലും ഉമ്മവച്ചു.

മേരിയുടെ ഈ വികാരങ്ങൾ എനിക്ക് ഒരു പുതിയ ലോകമായിരുന്നു. എന്റെ സർവ്വസ്വമായിരുന്ന ഈ യുവതിയും ഒരു മാനുഷകുലോത്ഭവതന്നെ എന്നും ഞാൻ ഇതിനാൽ അനുമാനിച്ചു. 'അസൂയ' എന്ന് മനുഷ്യസാധാരണമായ ഒരു ദോഷമെങ്കിലും കണ്ടതിനാൽ എന്റെ മേരിയെക്കുറിച്ച് എന്റെ വികാരങ്ങൾ അധികമധികം ശക്തിമത്തുകളായിഭവിച്ചു.

മേരിക്കു എന്റെ നേരെയുള്ള പ്രണയത്തിന്റെ അഗാധത ഇങ്ങനെ നൂതനമായി പ്രത്യക്ഷപ്പെട്ടതിനോടുകൂടെ എനിക്കു ഒരു ശങ്കയുണ്ടായി. കാലന്റെ കൈയെ എപ്പോഴും ഭയപ്പെട്ടുകൊണ്ടും കാലന്റെ കത്തിയെ കഴുത്തിനു സമീപം എപ്പോഴും കണ്ടുകൊണ്ടും ഇരിക്കുന്ന ഞാൻ ഈ കഥയൊന്നും അറിയാത്ത ഒരു പെൺകുഞ്ഞിനെ കബളിപ്പിച്ചു കല്യാണം കഴിക്കുന്നതു ശരിയായിരിക്കുമോ, എന്നായിരുന്നു എന്റെ സംശയം. അന്നു രാത്രി ഞങ്ങൾ അത്താഴം കഴിഞ്ഞതു ഇംഗ്ലണ്ടിന്റെ തെക്കെത്തീരത്തുള്ള പ്ലിമത്ത് നഗരത്തിലെ ഒരു വലിയ ഹോട്ടലിൽ ആയിരുന്നു. ഭക്ഷണം കഴിഞ്ഞു മേരിയും മിസ് സഡ്‌ലിയും അവരവരുടെ ശയന മുറികളിലേക്കുപോയശേഷം എന്റെ വിചാരങ്ങളെ ഞാൻ മിസ്റ്റർ സഡ്‌ലി മുതലായവരെ ഗ്രഹിപ്പിച്ചു. എയ്ഡൻ പട്ടണത്തിൽ എനിക്കു സംഭവിച്ച ആപത്തിന്റെ ചില അംശങ്ങളെ പുത്തനായി അവരെ കേൾപ്പിക്കുകയുംചെയ്തു. കാര്യം ഗൌരവമുള്ളതാണെന്നും, ദിവാന്റെ കൈ എന്റെ പിറകെയുണ്ടെന്നുള്ള ഭയം കേവലം അടിസ്ഥാനമില്ലാത്തതല്ലെന്നും എന്റെ രണ്ടുസ്നേഹിതന്മാരും സമ്മതിച്ചു. ഒടുവിൽ കല്ലൻ ഇങ്ങനെ പറഞ്ഞു:—"മേരി അത്ര ബുദ്ധിയില്ലാത്തവളോ, ഒന്നു ഉറപ്പാൻ കെൽപ്പില്ലാത്തവളോ അല്ല. സംഗതിയുടെ സ്വഭാവം മുഴുവൻ അവൾ ഗ്രഹിക്കട്ടെ. വിവാഹകാര്യം പിന്നെ തീർച്ചയാക്കാം. അതുതന്നെയാണ് നല്ലതു്."

മേരിയെ ഉടനെ ബട്ടലർ വിളിച്ചുകൊണ്ടുവന്നു. നൂർജിഹാൻപുരത്തെ ചെപ്പടിക്കാരൻ, ബാംബായിലെ വണ്ടിക്കാരൻ, ഏയ്ഡനിലെ കഠാരിക്കാരൻ ഇവരെ അന്യോന്യം സംബന്ധിപ്പിച്ച് അറിയാവുന്നിടത്തോളം വിവരങ്ങൾ കല്ലൻതന്നെ അവളെ ഗ്രഹിപ്പിച്ചു. ഞാൻ അധോമുഖനായി ഇരുന്നു. കഥയുടെ ഓരോ ഘട്ടവും അവർ നിശ്ചേഷ്ടയായി ഇരുന്നു കേട്ടു. കല്ലൻ സംഭാഷണം നിറുത്തി. ഒരു രണ്ടുനിമിഷത്തേക്കു സദസ്സു നിശ്ശബ്ദമായി, മേരി എഴീറ്റു എന്റെ അടുക്കലേക്കുനടന്നു എന്റെ വലത്തുകൈ അവളുടെ വലത്തുകൈയിൽ പിടിച്ചുകൊണ്ടു "ആയുസ്സുണ്ടായാലും ഇല്ലെങ്കിലും ഗുണമായാലും ദോഷമായാലും സമ്പത്തിലും ആപത്തിലും, ഞാൻ നിങ്ങളുടെ വകതന്നെ." ഞാൻ അവളെ എന്റെ മാറോടുചേർത്തു. "ഈശ്വരൻ അനുഗ്രഹിക്കട്ടെ" എന്നു മാത്രമാണ് എന്റെ മുഖത്തുനിന്നു പുറപ്പെട്ടതു്.

## അദ്ധ്യായം ൨൧.

---

### കാലന്റെ തോലി.

കല്യാണങ്ങൾ രണ്ടും കഴിഞ്ഞു. മേരിയും ഞാനും കല്യാണശേഷം പതിവുള്ള ദേശാടനത്തിനു പോയില്ല. എനിക്കു മേരിയും മേരിക്കു ഞാനും മതിയായിരുന്നതിനാൽ രണ്ടാൾക്കും ദേശാടനമോഹം ഉണ്ടായില്ല. ഡാക്ടർ ആർബത്ത്നോട്ടും ഭാര്യയും ഒരു രണ്ടു നാഴികദൂരെ ഒരു ബംഗ്ലാവിൽ താമസിച്ചിരുന്നു. വൃദ്ധയായ മിസസ്സ് ആർബത്ത്നോട്ട് ഒരു ദിവസം ഒരു പ്രാവശ്യമെങ്കിലും ഞങ്ങളുടെ ഗൃഹത്തിൽ വരാതിരിക്കുന്നില്ല. മിസസ് കല്ലനും മിസ്റ്റർ സഡ്‌ലിയും ഒരുമിച്ച് ഒരു വർഷത്തേക്കായി പാരീസിൽ താമസിച്ച് മകളുടെ വിദ്യാഭ്യാസം പൂർത്തിയാക്കുകയാണ്. ഏതോ ഒരു പ്രാചീനസംസ്കൃതഗ്രന്ഥത്തിനു ഒരു ജർമ്മൻ തർജ്ജമ ഉണ്ടാക്കുന്നതിൽ സഹായിക്കുവാനായി ചെല്ലണമെന്നു വന്നിരുന്ന അപേക്ഷ അനുസരിച്ച്, മിസ്റ്റർ കല്ലൻ ബെർല്ലിൻനഗരത്തിൽ താമസിക്കുന്നു. ക്രിസ്തുമസ്സിനു ഇവരെല്ലാം ഞങ്ങളുടെ ഗൃഹത്തിൽ ഒരുമിച്ചു കൂടാമെന്നു ഏർപ്പാടു ചെയ്തിരിക്കുകയാണ്. ക്രിസ്തുമസ്സ് വെള്ളിയാഴ്ചയുടെ തലേ ചൊവ്വാഴ്ചദിവസമായി. കല്ലൻ രണ്ടു ദിവസത്തിനു മുമ്പെ വന്നിരുന്നു. കല്ലനും, ഡാക്ടർ ആർബത്തുനോട്ടും, ഞാനും ഭക്ഷണം കഴിഞ്ഞു വെടിപറയുകയാണ്. നേരം രാത്രി പത്തുമണിയായിട്ടുണ്ട്. മേരിയും മിസസ് ആർബത്തുനോട്ടും വേറൊരു മുറിയിൽ കണ്ടനാദം കൊണ്ടു യന്ത്രനാദത്തെ തോല്പിച്ചുകൊണ്ടിരിക്കുന്നു. മിസ്റ്റർ സഡ്‌ലി എന്നുവരും, എപ്പോൾവരും എന്നുള്ളതാണു ഞങ്ങളുടെ സംഭാഷണവിഷയം. അതാ ഒരു കമ്പിശ്ലിപായി വരുന്നു. ശരി, മിസ്റ്റർ സഡ്‌ലി ഫ്‌റാൻസിൽ നിന്നു ഈ കരയ്ക്കു കപ്പൽ കയറുന്നു എന്നായിരിക്കാം. കമ്പി വാങ്ങിച്ചു ഞാൻ കൂടുപൊളിച്ചു. ഇങ്ങനെയാണു് കണ്ടതു്.

"The men you have been expecting are in Londan. Come at once."
നിങ്ങൾ ഉദ്ദേശിച്ച ആളുകൾ ലണ്ടനിൽ എത്തിയിരിക്കുന്നു; ക്ഷണം വരിക.

ഞാൻ ഉദ്ദേശിച്ച ആളുകൾ! ശിവ! ശിവ!! കാലകിങ്കരനായ പ്രണതാർത്തിഹരിഹരസുബ്രഹ്മണ്യരായരും എന്റെ ലാൽജിയെക്കൊന്ന ചെപ്പടിക്കാരനും എന്റെ ആയുസ്സിന്റെ പ്രതിബന്ധങ്ങളാണ്. ഈശ്വരാ! ഇത്രവളരെ മാസങ്ങൾ കഴിഞ്ഞിട്ടും, ഈ ദുഷ്ടന്മാരുടെ ദുഷ്ടതയ്ക്കു് ഒരു ശമനമുണ്ടാകുന്നില്ലല്ലോ.

---

ജൂലായിമാസത്തിൽ ഞാൻ ഇംഗ്ലാണ്ടിൽ എത്തിയ ഉടനെ സ്കാട്ട്‌ലണ്ട്‌യാർഡിൽ എത്തി പോലീസുകാരെ ഞാൻ വിവരം തെര്യപ്പെടുത്തിയിരുന്നു. രണ്ടു ഹിന്തുക്കൾ എന്നെക്കൊല്ലണമെന്നു കരുതി ഗൂഢമായി വരുവാനിടയുണ്ടെന്നും, വേണ്ട മുൻകരുതലുകൾ ചെയ്തുകൊള്ളണമെന്നും, സ്കാട്ട്‌ലണ്ട്‌യാർഡിൽ ഗ്രഹിപ്പിച്ചിരുന്നതാണ്. പണത്തിന് എനിക്കു വലിയ പ്രയാസമില്ലായിരുന്നതുകൊണ്ടു്, വേണ്ട ഏർപ്പാടുകളെല്ലാക്കെയും, അവിടെ മുറയ്ക്കു നടത്തിയിരുന്നു. മാസങ്ങൾ കഴിഞ്ഞതിനോടുകൂടെ ഭയം എനിക്കു കുറഞ്ഞുകുറഞ്ഞുവന്നു; എങ്കിലും സഹായം ആവശ്യമില്ല എന്നു ഞാൻ സ്കാട്ട്

ലണ്ടയാർഡിൽ തെരിയപ്പെട്ടതതിയിരുന്നില്ല. പ്രസ്തുത കമ്പി കണ്ട സമയം കാലൻെറ കൈയ്യു നീളമുണ്ട് എന്നു പിന്നെയും ഞാൻ മനസ്സിലാക്കി.

ഡാക്ടർ ആർബെത്ത്നോട്ടാണു്, സംസാരിക്കുവാൻ ഒന്നാമതു ധൈര്യപ്പെട്ടതു്. എന്തൊരു കഥയാണിതു്! കരുണയില്ലാത്ത ദുഷ്ടപ്പിശാചുക്കൾ! ജാൺ, ഒരുവേള ഇവർ അവരല്ലായിരിക്കുമോ! എത്രയോ ഹിന്തുക്കളെ ലണ്ടനിൽ കാണ്മാനുണ്ടു്.

ഇവർ അവരാണെന്നുള്ളതു് എനിക്കു നിശ്ചയമായിരുന്നു; കല്പൻ ഇങ്ങനെ പറഞ്ഞു. പാതിരാവണ്ടിക്കു ലണ്ടനിലേക്കു നമുക്കു്, ഇപ്പോൾതന്നെ പുറപ്പെടാം. ഡാക്ടർ ആർബത്തുനോട്ടും ഭാര്യയും, മേരിയുടെ രക്ഷയെ ഉദ്ദേശിച്ച് ഇവിടെ താമസിക്കട്ടെ. വിവരം ഉള്ളവണ്ണം മേരിയെ ഗ്രഹിപ്പിക്കുകയും, ഇംഗ്ലണ്ടിൽ പോലീസുകാരുടെ ദൃഷ്ടിയിൽ പെട്ട ദിവാനെ അത്ര ഭയപ്പെടേണ്ട ആവശ്യമില്ലെന്നു് അവരെ സമ്മതിപ്പിക്കുകയും ചെയ്തശേഷം, ഞങ്ങൾ തീവണ്ടിആഫീസിൽ എത്തി. ഞങ്ങൾ വന്നു എന്നു്, സ്ക്കാട്ട്ലണ്ടയാർഡിലേക്കും; ലണ്ടനിൽ മിസ്റ്റർ സഡ്ലി എത്തിയിരിക്കുമെന്നു ഞങ്ങൾ അറിഞ്ഞിരുന്ന ഹോട്ടലിലേക്കും; കമ്പികൊടുത്തശേഷം ഞങ്ങൾ വണ്ടികയറി. പിറേറന്നു രാവിലെ ഏഴുമണിക്കു ഞങ്ങൾ ഹോട്ടലിൽ എത്തി; മിസ്റ്റർ സഡ്ലിയെ കണ്ടശേഷം, എട്ടുമണിക്കു ഞങ്ങൾ മൂവരുംകൂടി സ്ക്കാട്ട്ലണ്ടയാർഡിലേക്കു പുറപ്പെട്ടുകഴിഞ്ഞു.

എൻെറ കേസ് പ്രത്യേകം ചുമതലയായി എടുത്തിരുന്ന പോലീസ് ഇൻസ്പെക്ടർ, ഞങ്ങളെ നോക്കി അക്ഷമനായി നിൽക്കുകയായിരുന്നു. വിവരം ഒക്കെയും അദ്ദേഹം ക്ഷണത്തിൽ ഞങ്ങളെ മനസ്സിലാക്കി. ദിവാൻ, ചെപ്പടിക്കാരൻ എന്നിവരുടെ ലക്ഷണങ്ങൾ വിവരിച്ച് അച്ചടിച്ച ലഘുപത്രിക എല്ലാ തുറമുഖങ്ങളിലും, പോലീസുകാരുടെ കൈവശം ജൂലായിമാസത്തിൽതന്നെ കൊടുത്തിരുന്നു. പുള്ളികളെ പിടിക്കുന്നാളുകൾക്കു്, ഒരു വലിയ സംഖ്യ സമ്മാനമായി വാഗ്ദാനം ചെയ്തിരുന്നതുകൊണ്ടു പോലീസു ദൃഷ്ടിക്കു പ്രത്യേകിച്ചു വളരെ ഊർജ്ജിതമുണ്ടായിരുന്നിരിക്കണം. എന്നാൽ പ്രസ്തുത ഹിന്തുക്കൾ ഏതോ ഒരു തുറമുഖത്തിൽ ആളറിയിക്കാതെ ഇറങ്ങിയെന്നും; ലണ്ടനിൽ എത്തിയെന്നും; വളരെ വിസ്മയത്തോടെ ആണു് ആ പോലീസ് ഇൻസ്പെക്ടർ പ്രസ്താവിച്ചതു്. ലണ്ടനിൽ ബ്ലൂംസ്ബറിയിൻ ഒരു ഗൃഹത്തിൽ രണ്ടുഹിന്തുക്കൾ താമസിക്കുന്നുണ്ടെന്നു് ഒന്നുരണ്ടു വഴിക്കാർ സംസാരിച്ചുകൊണ്ടുപോകുന്നതു് യദൃച്ഛയാ കേൾക്കാനിടയായ ഒരു ബുദ്ധിമാനായ പോലീസുദ്യോഗസ്ഥൻ മുഖാന്തിരമാണു്, അവസാനം ഒരു തുമ്പുകിട്ടിയതു്. നിങ്ങൾ ആവശ്യപ്പെട്ട ആളുകൾതന്നെയാണു് അവർ രണ്ടുപേരും; സംശയിപ്പാനില്ല. അവർ ഈ പ്രാവശ്യം തെററി ഒഴിയുമെന്നും ഭയപ്പെടേണ്ടതില്ല. ചട്ടംകെട്ടുകൾ ഒക്കെയും അത്ര ഭദ്രമാണു്.

ഞങ്ങൾകൂടി ആലോചിച്ചു നേരെ അങ്ങോട്ടു ചെല്ലുമെന്നും; ഉടനെ ഇൻഡ്യയ്ക്കു മടങ്ങിക്കൊള്ളാമെങ്കിൽ അനുവദിക്കാമെന്നും, അല്ലാത്തപക്ഷം ബന്ധവസ്സു ചെയ്യേണ്ടതായി വരുമെന്നും, അയാളോടു നേരെ പ്രസ്താവിക്കാമെന്നു് ആലോചിച്ചുറച്ചു്, ഞങ്ങൾ ഒരു വണ്ടിയിൽ ബ്ലൂംസ്ബറിക്കു യാത്രയായി. ഒരു പതിനഞ്ചു മിനിട്ടിനകം ഞങ്ങൾ നിശ്ചിതസ്ഥാനത്തു് എത്തി. ആ വഴിയായി വന്ന ഒരു റിക്ഷാവണ്ടിക്കാരനോടു് പോലീസ് ഉദ്യോഗസ്ഥൻ എന്താണ്ടെല്ലാം ആംഗ്യം കാണിക്കുന്നതുകണ്ടു്, ആ റിക്ഷാക്കാരൻ വേഷംമാറിനടക്കുന്ന പോലീസുകാരൻ ആയിരിക്കാമെന്നു്, ഞാൻ അനുമാനിച്ചു. ഞങ്ങൾ വാതുക്കൽ തട്ടി. ആരോ ഒരുവൻ അകത്തുനിന്നു് അടുത്തുവരുന്ന ശബ്ദം കേൾക്കാറായി- വാതിൽ മെല്ലെ തുറന്നു. വാതിൽ ഒരു ഇഞ്ചു് തുറന്ന ഉടനെ ചെപ്പടിക്കാരനും ഞാനും തമ്മിൽ അന്യോന്യം ആളറിഞ്ഞു. അവൻെറ കറുത്ത മു

ഖം പെട്ടെന്നു വിളറി, കേവലം ചാരംതേച്ച മട്ടായി. വാതിൽ പാതി തുറന്നപ്പോഴേക്കു പോലിസുകാരൻ ചാടി അകത്തുകടന്നു. "നിങ്ങളുടെ യജമാനനെ കണ്ടു് എനിക്കു സംസാരിപ്പാനുണ്ടു്; നിങ്ങളും വരികതന്നെ" എന്നുപറഞ്ഞു പോലീസു് ഇൻസ്പെക്ടർ, ചെപ്പടിക്കാരനെപ്പിടിച്ചുകൊണ്ടു്, അകത്തേക്കു നടന്നുതുടങ്ങി.

ചെപ്പടിക്കാരൻ യാതൊരുവക തടസ്സവും ചെയ്തില്ല. അല്പം നടന്നു വിസ്താരമായ ഒരു മുറിയിലേക്കു—! അതാ അതിന്റെ നടുക്കു്, അടിമുതൽ മുടിയോളം വെള്ളവസ്ത്രം ധരിച്ചും, വലിയ ഒരു വെളുത്ത തലപ്പാവുകൊണ്ടു ശിരസ്സു മറച്ചും, വിടർന്നു വിസ്താരമേറിയ മീശയെ വഹിച്ചും, നിൽക്കുന്നു, റാവുബഹദൂർ പ്രണതാർത്ഥിഹരിഹരസുബ്രഹ്മണ്യരായർ. നൂർജിഹാൻപുരത്തുവച്ചു ഡർബാറിങ്കൽ വച്ചു കണ്ട നിലപാടും ഗാംഭീര്യവും സമ്പ്രദായവും തന്നെ. രത്നം പതിച്ച ഖഡ്ഗം അരയിൽ ഇല്ലെന്നുമാത്രം ഒരു ഭേദം പറയാനുണ്ടു്.

ഒന്നു രണ്ടു നിമിഷത്തേക്കു വാതു് തുറപ്പാൻ ഒരുവനും ധൈര്യമുണ്ടായില്ല. സമാധിയിലെന്നവണ്ണം അദ്ദേഹത്തിന്റെ ഉറച്ച മുഖവും, തീക്കട്ട വർഷിക്കുന്നതുപോലെയുള്ള അദ്ദേഹത്തിന്റെ കണ്ണുകളും, നമസ്കരിക്കുവാൻ തോന്നുന്ന മീശയും, വലിയ തലപ്പാവും—എല്ലാം കണ്ടു്, പോലീസു് ഉദ്യോഗസ്ഥന്മാർക്കൂടെ അസാരം ഒന്നു് അമ്പരന്നുപോയി. ഞാൻ തൊണ്ട ഇടറിക്കൊണ്ടു "പ്രണതാർത്ഥി ഹരിഹരസുബ്രഹ്മണ്യരായരേ! നിങ്ങൾ എന്തിനാണു് എന്നെ തുടന്നു് ഇംഗ്ലണ്ടിലേക്കു വന്നതു്?" ഞാൻ ഇംഗ്ലീഷിലാണു പറഞ്ഞതു്. അദ്ദേഹത്തിനു കാര്യം മനസ്സിലായി എന്നു തോന്നി. ഹിന്തുസ്താനിഭാഷയിൽ മറുപടി വന്നു. ഏതോ ഒരു മന്ത്രം ഉച്ചരിക്കുന്നവണ്ണം ഒരു ശബ്ദം സാവധാനത്തിൽ ഇളകിയാടിയാണു്, അദ്ദേഹത്തിന്റെ മുഖത്തുനിന്നു പുറപ്പെട്ടതു്. "കാലകിങ്കരനല്ലാതെ കപാലഭിത്തിയ്ക്കകത്തുനിന്നു ജീവനോടെ ഒരുവൻ വെളിയിൽ വന്നിട്ടില്ല. കാലകിങ്കരനല്ലാതെ കനകഖണ്ഡപാത്തിന്മേൽ ചവുട്ടി ജീവനോടെ ഒരുവൻ വെളിക്കു വന്നിട്ടില്ല; കത്തുക.

"മരണ" എന്ന പദം ദിവാന്റെ മുഖത്തുനിന്നു പുറപ്പെട്ടുകഴിഞ്ഞു, കഴിഞ്ഞില്ല എന്നായപ്പോഴേക്കു—മിന്നൽപിണറിനെ അതിശയിക്കുന്ന വേഗത്തിൽ ചെപ്പടിക്കാരൻ പോലിസിൻസ്പെക്ടരുടെ കൈയിൽനിന്നു ഠിം എന്നു തെററി; ഒരു കഠാരി വായുവിൽക്കണ്ടു; ഞങ്ങളുടെ യാത്രയിൽ ഉണ്ടായ സംഭാഷണത്തിൽ അധികമൊന്നും സംസാരിക്കാത്ത മൌനിയായിരുന്ന മിസ്റ്റർ സഡ്ലിയുടെ വലത്തുകൈ ചെപ്പടിക്കാരന്റെ കൈമുട്ടിൽ മുറുക്കി; ഛിൺ എന്നു കൈയിൽനിന്നു ആ കഠാരി നിലത്തുവീണു; മിസ്റ്റർ സഡ്ലിയുടെ കൈയിൽ ചെപ്പടിക്കാരൻ ഒന്നു ഇളകി. പോലീസുദ്യോഗസ്ഥൻ അവനെ ആമംവച്ചു കഴിഞ്ഞു. മിസ്റ്റർ സഡ്ലി പിന്നെയും മൌനിയായി.

ഈ ഭയങ്കരവിനാഴികയിൽ ദിവാൻ കേവലം നിശ്ചേഷ്ടനായി നിന്നിരുന്നു. ചെപ്പടിക്കാരൻ വിലങ്ങിന്റെ ബലത്തിൽ സ്ഥിരനായശേഷം ദിവാൻ പിന്നെയും മന്ത്രോച്ചാരണം തുടങ്ങി. "കാലൻ നാലുപ്രാവശ്യം ശ്രമിച്ചു; കാലൻ നാലുപ്രാവശ്യം തോററു. മരണദേവ! അപ്രത്യക്ഷസർവ്വവ്യാപക! രഹസ്യസംപൂജിത! മനുഷ്യാത്മാപഹാരക! കാല! എന്റെ ആത്മാവിനെയും ആവാഹിക്കുക."

ഇത്രയും പറഞ്ഞു കഴിഞ്ഞ ഉടനെ പോക്കററിൽനിന്നു ഒരു കൈ ഉയർത്തി, ആയാൾ രണ്ടു വിരൽ ചിറികളിൽവച്ചു. "ബ്ഢിം" ആയാൾ നിലത്തു വീണു. സകല ഞരമ്പുകളും വടിപോലെ ആയി; അംഗങ്ങൾ വിറകുകമ്പുകൾപോലെ നിൽക്കുന്നു. മുഖം കണ്ണാടിപ്പലകപോലെ രൂപാന്തരപ്പെട്ടിരിക്കുന്നു. ആയാൾ ശബ്ദിച്ചില്ല. ആയാ

ൾ മരിച്ചു കഴിഞ്ഞിരുന്നു. ഓരോരുവരും ഒന്നിനും ശക്തന്മാരല്ലാതെയും വയററിനകത്തു ഭൂകമ്പം അനുഭവിച്ച മാതിരിക്കും കണ്ടതിനെ വിശ്വസിക്കാതെയും, വിശ്വസിക്കാത്തതിനെ കണ്ടും; ഞങ്ങൾ നിന്നിടത്തുനിന്നു വേരുറച്ചുപോയി. ഒരു രണ്ടുമൂന്നു മിനിട്ടുസമയം ഒരു ശതാബ്ദംപോലെ തോന്നി. കൈയാമം വയ്ക്കപ്പെട്ടിരുന്ന ചെപ്പടിക്കാരൻ ഇതിനിടെ വലിഞ്ഞിഴഞ്ഞു ചെന്നു നിലവിളിച്ചുകൊണ്ടു ദിവാൻെറ മുഖത്തും ചിറികളിലും ചുംബി—ഈശ്വരാ! എന്തെല്ലാം ആണു് ഞങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്യേണ്ടതു്? അവൻെറയും ഞരമ്പുകൾ വലിഞ്ഞുകഴിഞ്ഞു; മുഖം രൂപാന്തരപ്പെട്ടു കഴിഞ്ഞു; അവനും മരിച്ചുകഴിഞ്ഞു. എന്തെല്ലാം ഉറച്ച ഒരു ദിവാൻ! എന്തെല്ലാം കരുതലുകൾ ചെയ്ത ഒരു ദിവാൻ!! ആദ്യമായി പിന്നെ മൌനഭംഗം ചെയ്തതു മിസ്റ്റർ സഡ്‌ലി ആണു്.

മിസ്റ്റർ സഡ്‌ലി—റാവുബഹദൂർ പ്രണതാർത്ഥി ഹരിഹരസുബ്രഹ്മണ്യരായരുടെ അവസാനരംഗംതന്നെ ഇതു്. ദുഷ്ടകാലൻെറ നൂററൊന്നാമത്തെ പുരോഹിതൻ മരിച്ച ഈ സമയംമുതൽക്കു മാത്രമാണു്, ജോൺനിവ്വ് നിങ്ങൾക്കും നിങ്ങളെ കാലഗൃഹത്തിലേക്കു നടത്തിയ എനിക്കും സ്വാഭാവികമരണം വരുവാൻ ഇടയുണ്ടായതു്. ഇനി നിങ്ങൾ ഭയപ്പെടേണ്ടതില്ല. തുർജിഹാൻപുരത്തിൻെറ സമീപത്തു നമ്മുടെ ക്യാമ്പിൽ ചെപ്പടിക്കാരൻ വരുന്നതിനു മുമ്പേതന്നെ, ദിവാൻെറ പല പ്രയോഗങ്ങളെയും ഞാൻ ഊഹിച്ചറിയുകയും ഏതാനും ചില പ്രതിവിധികൾ നടത്തുകയും ചെയ്തിരുന്നു. നിവൃത്തിയുള്ളപക്ഷം, ബോംബായിക്കിപ്പുറം അയാളെ വിടാതെ കഴിക്കണമെന്നു ഞാൻ വിചാരിച്ചു; സാധിച്ചില്ല. ആയാൾ ഒരു മഹാദുഷ്ടനെന്നാണു് നാം സങ്കല്പിച്ചുവച്ചിരിക്കുന്നതു്. എന്നാൽ അറിവും ബുദ്ധിയും എത്തിയ രീതിക്കു് ഈശ്വരപ്രസാദം ചെയ്യാനായി പകലും രാവും കരയും കടലും വകവയ്ക്കാതെ പരിശ്രമിച്ച പ്രണതാർത്ഥി ഹരിഹരസുബ്രഹ്മണ്യരായർ അത്ര നിന്ദ്യൻതന്നെയോ എന്നു് ആലോചിച്ചു തീർച്ചയാക്കുവാനുള്ളതാണു്. അഹോ! മനുഷ്യമനസ്സിൻെറ വ്യാപാരവൈചിത്ര്യങ്ങളെ ആൎക്കു് അറിയാം. ഈ കിടക്കുന്ന ശവത്തടി, ശരിയായ ഒരു മതത്തിൽ വളരുകയും ഉത്തമനാഗരികത്വവുമായി ചെറുപ്പംമുതല്ക്കേ ഇടപെടുകയും ചെയ്തിരുന്നു എങ്കിൽ അഗാധബുദ്ധി, ബുദ്ധികൎമ്മത, അമാൎഷമായ സ്ഥിരോത്സാഹം, എന്നിതുകളാൽ ഒരു നെപ്പോളിയനോ മറേറാ ആയി യൂറോപ്പിൻെറ സമ്രാട്ടായി ഒരുവേള വളരുമായിരുന്നു. ദൈവഗതിയെ ആരു തടുക്കും? ഒരു നൂററാണ്ടിൽ ഒന്നുമാത്രം കാണ്മാൻ ഇടയുള്ള ബുദ്ധിമാനായ ഈ മനുഷ്യൻ പതിനായിരം മൈല്സ് ദൂരെ ഇംഗ്ലണ്ടിൽ ജനിച്ചുവളൎന്ന എൻെറ കുഞ്ഞിനെ മോഷ്ടിക്കുവാനും (സഡ്‌ലിക്കു തൊണ്ട ഇടറിത്തുടങ്ങി) എൻെറ ആയുസ്സും ആയാളുടെ സ്വന്തം ആയുസ്സും പാഴാക്കുവാനും ഇടയായതു്—അഹോ! കൃമികളായ നാം എന്തുകണ്ടു? സൎവ്വലോകനിയന്താവായ ഈശ്വരൻെറ വ്യാപാരങ്ങളെ ആരു് അവഗ്രഹനം ചെയ്യും? ബാംബെയിൽനിന്നു തെററി ഒഴിഞ്ഞ ഈ മനുഷ്യൻ, ഇംഗ്ലണ്ടിൽ കയറാതിരിക്കുവാൻ കഴിയുന്ന പ്രയത്നം ചെയ്യാനായിട്ടാണു്, ഈ മാസങ്ങളെല്ലാം ഞാൻ ഫ്രാൻസിൽ താമസിച്ചതു്. ആ ഉദ്ദേശസാദ്ധ്യത്തിലേക്കു് ഉപയോഗപ്പെട്ടുമെന്നു കരുതിയാണു് എൻെറ കുഞ്ഞിനെ, കല്ലനു് ഉണ്ടാവാൻ ഇടയുള്ള മനഃക്ലേശത്തെ വകവയ്ക്കാതെ ഞാൻ താമസിപ്പിച്ചതു്. നിങ്ങൾ അറിയുവാൻ ആവശ്യം ഇല്ലാത്ത പല വഴികളിൽക്കൂടെ റാവുബഹദൂർ പ്രണതാർത്ഥി ഹരിഹരസുബ്രഹ്മണ്യരായർ ഇംഗ്ലണ്ടിലേക്കു വരുകയും, ഒന്നാ

മതായി നിങ്ങളെയും രണ്ടാമതായി എന്നെയും കൊല്ലുകയും ചെയ്യാതെ മടങ്ങുകയില്ലെന്നു് എനിക്കു മനസ്സിലായതിനാൽ ഈ അവസാനരംഗം ഈ ക്രിസ്തുമസ്സിനുതന്നെ നടക്കട്ടെ എന്നു ദൈവാശ്രയത്തോടുകൂടെ ഞാൻ അനുവദിച്ചതാണു്. കുറേ മുമ്പ് സ്കോട്ട്ലണ്ട്യാർഡിൽ നിന്നു നാം തിരിച്ചസമയം, ഒരു മണിക്കൂറിനകം നിങ്ങൾ നിശ്ചയമായും; ഞാനും ദിവാനും സംശയസ്ഥാനമായും, മരിക്കും എന്നായിരുന്നു എന്റെ പ്രബലമായ വിശ്വാസം. ഈശ്വരഹിതം അങ്ങനെയല്ലായിരുന്നു.

അന്നു നടന്ന സംഭവങ്ങൾകൊണ്ടു് എനിക്കു ശ്വാസം നേരെ ആയി; എങ്കിലും ആ ക്രിസ്തുമസ്സ് ഒരു ദുഃഖാചരണാവസരമായിട്ടാണു് ഞങ്ങൾക്കെല്ലാം കഴിഞ്ഞുകൂടിയതു്. മിസസ് കല്ലനെ ഈ വിവരം ഒന്നും ഞങ്ങൾ മുഴുവനായി ഗ്രഹിപ്പിച്ചില്ല. ഏതൊ, രണ്ടു ഹിന്ദുക്കൾ, ഒന്നു് ഒരു വലിയ താടിക്കാരനാണു്, അഫീൻ അധികമായി സേവിച്ചതു നിമിത്തം മരിച്ചു്, ബ്ലൂംസ്ബറിയിൽ ഒരു കെട്ടിടത്തിൽ കിടക്കുന്നതായി കണ്ടവിവരം, ഒരു വൎത്തമാനക്കടലാസ്സിൽ കണ്ടു്, മിസസ് കല്ലൻ സ്വകാൎയ്യമായി എന്റെ അടുത്തുവന്നു് "ഇൻഡ്യയിലെ ജനങ്ങൾ ഇവിടെ സാധാരണ വരാറുണ്ടോ? എന്റെ നൂർജിഹാൻപുരത്തെ അച്ഛന്നു് നല്ല താടിയുണ്ടായിരുന്നു. അദ്ദേഹം ആഫീൻ സേവിക്കാറില്ല" എന്നു പറഞ്ഞു് എന്നെ കാണിക്കുകയുണ്ടായി. ഞാൻ കടലാസ്സു വാങ്ങിച്ചുനോക്കിയതിൽ ആ സ്ത്രീ ഇങ്ങനെ സംസാരിച്ചതിൽ ഒട്ടും അതിശയിപ്പാനില്ലെന്നുതോന്നി. ദിവാനെ കണ്ടിട്ടുള്ളവൎക്കു ഒക്കെയും അദ്ദേഹത്തെ ഓൎമ്മതോന്നത്തക്കവണ്ണം, അദ്ദേഹത്തിന്റെ ദേഹദാൎഢ്യം മുതലായവ അതിൽ വിവരിച്ചിരുന്നു. ഞാൻ ഏതോ സമാധാനം പറഞ്ഞു മിസസ് കല്ലനെ മടക്കി. എന്നാൽ ആ യുവതി എന്റെ ദൃഷ്ടിയിൽ നിന്നുമാറിയ ഉടനെ എന്റെ രണ്ടുകണ്ണുകളിൽ നിന്നും വെള്ളം ധാരയായി ഒഴുകി.

വൎഷം മൂന്നു കഴിഞ്ഞിരിക്കുന്നു. നാളെദിവസം ക്രിസ്തുമസ്സാണു്. ക്രിസ്തുമസ്സിനു നല്ല സമ്മാനം തരേണമെന്നു പറഞ്ഞു് എന്റെ പ്രഥമപുത്രൻ, മിസസ് ആർബത്ത്നോട്ടിനെ അടുത്തമുറിയിൽ ലഹളകൂട്ടുന്ന ഘോഷം ഇവിടെ കേൾക്കാം. മൂന്നുമാസം മാത്രം പ്രായമായ എന്റെ പെൺകുട്ടിയെ, മേരി പാട്ടുപാടി ഉറക്കുന്നു. എന്റെ ചിന്ത, എങ്ങനെയോ കാലഗുഹാഗൎഭത്തിലായി. വളരെക്കാലംമുമ്പു കഴിഞ്ഞ ആ കഥകളെല്ലാം കേവലം സ്വപ്നങ്ങളായിരിക്കാം എന്നു ഞാൻ സംശയിച്ചു. മുഖം ഉയൎത്തിനോക്കിയവാറു കണ്ടതു് "മനുഷ്യസൌഭാഗ്യസംവാഹകനായ ക്ഷീരഗജരാജാവിന്റെ തുമ്പിക്കൈയുടെ അഗ്രമാണു്. രണ്ടടിനീളമുള്ള ആ മാൎബിൾകല്ലു് സരസ്വതിതീരത്തുനിന്നു ഞാൻ കൊണ്ടുവന്നു ഒരു സ്മാരകമായി എന്റെ നേരെ എതിരേയുള്ള ചുവരിന്മേൽസ്ഥാപിച്ചിരിക്കുകയാണു്. മേശമേൽ ഇരുന്ന എഴുത്തുകളിൽ ഒന്നു മിസസ് കല്ലൻ എന്റെ ഭാൎയ്യയ്ക്കു എഴുതിയതായിരുന്നു എന്നു കയ്യടകൊണ്ടു മനസ്സിലായി. ഇൻഡ്യയിലെ ഉദ്യോഗം രാജികൊടുത്തു കണ്ണൽമക്കാളി പുരാണവസ്തുപരിശോധനം പഠിപ്പിക്കുന്ന ഒരു കാളേജിൽ പ്രഫസറായും മിസ്റ്റർ സഡ്‌ലി ഋഗ്വേദത്തിന്റെ പിഴതീൎത്ത ഒരുപതിപ്പു സംസ്കൃതത്തിൽ അച്ചടിക്കുവാൻ ചുമതലയേറ്റ ഒരു വിദ്വൽസംഘത്തിന്റെ പ്രസിഡണ്ടായും, ജൎമ്മനിയിൽ ബർല്ലിൻ പട്ടണത്തിൽ താമസിക്കുകയായിരുന്നു. എന്റെ ഭാൎയ്യയുടെ പേൎക്കുള്ള എഴുത്തു ഞാൻ തുറന്നു. മിസസ് കല്ലൻ മൂന്നുവൎഷം മുമ്പു് എന്നെക്കാണിച്ച വൎത്തമാനക്കടലാസ്സും ഒരു എഴുത്തും ആ കൂട്ടിൽ ഉണ്ടായിരുന്നു. എഴുത്തു ഇങ്ങനെയാണു്.

MUL
066805

എന്റെ പ്രിയസോദരി,

ഈ എഴുത്ത്, ക്രിസ്തുമസ്സിന്റെ തലേന്നു നിങ്ങളുടെ കൈയിൽ കിട്ടുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. കല്ല്യനും ഞാനും കുട്ടികളും നിങ്ങളെയും മിസ്റ്റർ നിവിനെയും നിങ്ങളുടെ രണ്ടുകുട്ടികളേയും വേറെ വേറെ അഭിവാദ്യം ചെയ്യുന്നു.

ഭൂലോകത്തിന്റെ വിസ്താരത്തെയും മനുഷ്യസ്വഭാവത്തിന്റെ സദംശങ്ങളേയും എന്നെ ആദ്യമായി ഗ്രഹിപ്പിച്ച നിങ്ങളിൽനിന്നു എന്റെ ഹൃദയം മറച്ചുവയ്ക്കുവാൻ എനിക്കു ശക്തിയില്ല. ആയതിനാൽ കഴിഞ്ഞ മൂന്നുവർഷങ്ങളായി നിങ്ങളിൽനിന്നു ഞാൻ സ്വകാര്യമായി വച്ചിരുന്ന ഒരു സംഗതി, ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ അടക്കംചെയ്തിരിക്കുന്ന വർത്തമാനകടലാസിൽ "വായിക്കുക" എന്നു് എന്റെ കയ്യടയിൽ എഴുതിയിരിക്കുന്ന ഭാഗം നോക്കുക. മൂന്നുവർഷംമുമ്പെ ക്രിസ്തുമസ്സിനു പാരിസ്സിൽനിന്നു മടങ്ങി അച്ഛനും ഞാനും നിങ്ങളുടെ ഗൃഹത്തിൽ അതിഥികളായി താമസിച്ചസമയം എന്റെ കൈവശം വന്നതാണ് ഇതു്. ഈ വർത്തമാനക്കടലാസിന്റെ തീയതിനോക്കുക. അഫീൻതിന്നു മരിച്ചതായി ഈ കടലാസിൽ പറയപ്പെട്ടിരിക്കുന്ന രണ്ടാളുകളിൽ വൃദ്ധൻ നൂർജിഹാൻപുരത്തിലെ എന്റെ അച്ഛനാണെന്നാണ് എന്റെ വിശ്വാസം. എന്നാൽ ആ അച്ഛൻ ഇംഗ്ലണ്ടിൽ വരുക എന്നതിന്റെ അസംഭാവ്യതനിമിത്തം, അങ്ങനെ ഉറയ്ക്കാനും എനിക്കു ധൈര്യം വരുന്നില്ല. ഈ വർത്തമാനക്കടലാസു കാണിച്ചു ഞാൻ മിസ്റ്റർ നിവിനോട്, അന്നു സംശയം ചോദിച്ചതിൽ അദ്ദേഹം കരയാൻ വട്ടംകൂട്ടുന്നതായി എനിക്കു തോന്നിയതുകൊണ്ടും എന്റെ മംഗളത്തിനു ആവശ്യമായതു് ഒന്നും നിങ്ങളാരും മറച്ചുവയ്ക്കുകയില്ലഎന്നു എനിക്കു നല്ല നിശ്ചയമായിരുന്നതുകൊണ്ടും, നിങ്ങളിൽ ആരെങ്കിലും മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്ന യാതൊരുകാര്യവും അറിവാൻ എനിക്കു അശേഷം കാംക്ഷയില്ലാത്തതുകൊണ്ടും; ഞാൻ അദ്ദേഹത്തെ നിർബന്ധിച്ചില്ല. എന്നാൽ ഈ കടലാസു വായിക്കുന്ന സമയമൊക്കെയും ബ്ലൂംസ്ബറിയിൻ അഫീൻ തിന്നുമരിച്ചവരിൽ ഒരുവൻ നൂർജിഹാൻപുരത്തെ എന്റെ അച്ഛനാണെന്നു് എനിക്കു പ്രബലമായ സംശയം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതു ഞാൻ നിങ്ങൾക്കു അയച്ചുതരുന്നതിന്റെ ഉദ്ദേശം പറയട്ടെ. ഇതു നിങ്ങൾ വായിച്ചുനോക്കി ഇതിൽ പറഞ്ഞിരിക്കുന്ന സംഗതികളിൽ വല്ലതിനെക്കുറിച്ചും അധികമായി എന്നെ ഗ്രഹിപ്പിക്കുവാൻ നിങ്ങൾക്കു അറിവോ, ഗ്രഹിപ്പിക്കേണ്ടതാണെന്നു നിങ്ങൾക്കു അഭിപ്രായമോ, ഉള്ള പക്ഷം, വിവരം മറുപടി അയയ്ക്കുക. ഏതെങ്കിലും ഈ വർത്തമാനക്കടലാസു് ചുട്ടുകളയുകതന്നെ. ഇതു തപാലിൽ ഇടുന്നതിനോടുകൂടെ എന്റെ പൂർവ്വചരിത്രം ഞാൻ അശേഷം വിസ്മരിച്ചിരിക്കുന്നു. ഭൂലോകത്തിൽ സ്വർഗ്ഗംകാണുന്നതിനു കല്ല്യനും എന്റെ കുഞ്ഞുങ്ങളും നിങ്ങളൊക്കെയുംഎനിക്കു ധാരാളം മതിയാകും. നരകതുല്യപ്രകൃതിനോടു ഞാൻ സംബന്ധിച്ചിരുന്ന എന്റെ പൂർവ്വകഥയെ സ്മരിക്കുവാൻ മാത്രം ഉപയോഗപ്പെടുന്നതാണെങ്കിലും, ഈ കടലാസു ചുട്ടുകളയുന്നതിനു എനിക്കു ഏതൊ ഒരു വൈമനസ്യം തോന്നുന്നതിനാൽ ആ ഭാരം അങ്ങോട്ടു ഏൽപ്പിക്കുകയാണ്. എന്റെ സൌഭാഗ്യത്തെ ഉദ്ദേശിച്ച് ആയുസ്സിനെ കൂടെയും പണയം വയ്ക്കുവാൻ തയാറുള്ള എന്റെ പ്രിയസോദരി എന്റെ അപേക്ഷയെ കൈക്കൊള്ളുമെന്നു എനിക്കു സംശയം അശേഷമില്ല.

B 319

21 FEB 1938